N12<526988806 021
LS
ubTÜBINGEN
Wilh. Kapp
Buchbinderei & Papierh.
Tübingen Münzg. 3

Mīnākṣi

# മീനാക്ഷി.

ഇംഗ്ലീഷ നൊവൽ മാതിരിയിൽ

എഴുതപ്പെട്ടിട്ടുള്ള

ഒരു കഥ.

കൊഴിക്കൊട ഗവമ്മെണ്ട കൊളെജ

മലയാള പണ്ഡിതർ

ചെറുവലത്ത ചാത്തു നായരാൽ

ഉണ്ടാക്കപ്പെട്ട

എ- കെ- സുന്ദരയ്യനാൽ

അച്ചടിപ്പിക്കപ്പെട്ടത.

*Copy-right Registered.*

1890.

വില ഉറുപ്പിക ഒന്നര.

CALICUT:

PRINTED AT THE M. & T. SPECTATOR PRESS.

(*From Page 233 to 432.*)

1890.

UNIV BIBL TÜBINGEN

bi XIV 269

# ശുദ്ധപത്രം.

| ഭാഗം | വരി | അപപാഠം. | സ്വപാഠം. |
|---|---|---|---|
| 43 | 16 | ഇരുപത്തരണ്ട വയസ്സും | ഇരുപത്തരണ്ടുംവയസ്സ |
| 54 | 10 | അച്ഛന്മാൎക്ക | അമ്മയച്ഛന്മാൎക്ക |
| 55 | 15 | സ്ത്രീകളുടെ നെരെ | സ്ത്രീകളുടെസ്ഥിതിനെരെ |
| 66 | 2 | ആളുകളാണെന്ന | അളുക്കകളാണെന്ന |
| 66 | 8 | പറവാനും പ്രയാസമാണ | പറവാനും അറിവാനും പ്രയാസമാണ |
| 81 | 13 | എന്താപ്പാ | എന്താണ |
| 96 | 16 | പങ്ങശ്ശമെനൊന | പങ്ങശ്ശമെനൊൻ |
| 100 | 3 | മുലകൊടുത്തുറങ്ങുന്നൊ | മുലകൊടുത്തുറക്കുന്നൊ |
| 102 | 18 | മാറ്റീട്ടില്ല | മാറ്റീട്ടില്ലെ |
| 115 | 2 | പൂൎവ്വാരംഗം | പൂൎവ്വരംഗം |
| 136 | 14 | തൈക്ഷണ്യം | തൈക്ഷ്ണ്യം |
| 136 | 20 | വസ്തിയും | വിസ്തിയും |
| 138 | 26 | സംഗ്ഗീകം | സംഗ്ഗീകം |
| 139 | 23 | നടവടിയും | നടവടിയിലും |
| 140 | 2 | അന്ന | അന്ന്യ |
| 140 | 3 | പാത്ര്യ | പാത്രമാ |
| 146 | 24 | രൊമച്ചാരങ്ങളിൽ | രൊമഭാരങ്ങളിൽ |
| 148 | 5 | പദവിത്യാസവും | പദവിന്യാസവും |
| 156 | 22 | കൃതനാവുക | കൃതാൎത്ഥനാവുക |
| 175 | 4 | എന്തൊരു | എന്തൊ ഒരു |
| 191 | 3 | വളൎത്ത | വളച്ച |
| 202 | 6 | കൂന്നു | കൂന്ന |

| ഭാഗം | വരി | അബദ്ധം. | സുബദ്ധം. |
|---|---|---|---|
| 211 | 23 | പ്പോയിട്ടുള്ളതും | പ്പോന്നതും |
| 214 | 15 | ഈറിട്ടു | ഈററിററു |
| 217 | 1 | നിന്നും സംസ്സാരിച്ചും | നിന്നു സംസാരിച്ചു |
| 256 | 7 | പെകുട്ടികൾക്ക | പെൺകുട്ടികൾക്കു |
| 278 | 11 | മനസ്സു | മനസ്സിൽ |
| 285 | 7 | വളടെ | വളരെ |
| 318 | 19 | അകൃത്യങ്ങളും | അകൃത്യങ്ങളിലും |
| 358 | 10 | സുഖാനുഭൂതിയും | സുഖാനുഭൂതിയിൽ |

# അവതാരികാ.

ഇംഗ്ലീഷിൽ "നൊവൽ" എന്നു നാം പറഞ്ഞു വരുന്ന പ്രബന്ധസമ്പ്രദായത്തെ അനുസരിച്ചു ഇയ്യിടയിൽ നമ്മുടെ മലയാളഭാഷയിൽ ചില മഹാന്മാരാൽ പ്രസിദ്ധം ചെയ്യപ്പെട്ടുകാണുന്ന നൂതനകഥാപുസ്തകങ്ങളെ വായിച്ചും രസിച്ചും കാലയാപനം ചെയ്യുന്നതിൽ പ്രായെണ ജനങ്ങൾക്കു അഭിരുചിയും കൌതുകവും വൎദ്ധിച്ചു വരികയാണു ചെയ്യുന്നതു. ഈ സമയം ആ വക പ്രബന്ധങ്ങളെ വൎദ്ധിപ്പിക്കുന്നതിൽ നാം കഴിയുന്നത്ര പരിശ്രമം ചെയ്യെണ്ടതു അത്യാവശ്യമായിരിക്കകൊണ്ടും എന്റെ സ്നേഹിതരിൽ ഒരാളായ ഏ- കെ. സുന്ദരയ്യരവർകൾ ഈ കാൎയ്യത്തിൽ എന്നെ അത്യന്തം ഉത്സാഹിപ്പിച്ചതുകൊണ്ടും ജനൊപകാരപ്രദമായി തീരുമെന്നുള്ള വിചാരത്തൊടു കൂടി ഒരു കഥാ പുസ്തകം എഴുതുവാൻ ഈ കഴിഞ്ഞ മാൎച്ച മാസത്തിന്റെ ഒടുവിൽ ഞാനും ആരംഭിച്ചു- എങ്കിലും ആരംഭം മുതൽ ക്രമമായെഴുതുവാൻ സംഗതിവശാൽ എനിക്കു സാധിക്കാഞ്ഞതുകൊണ്ടും എഴുതികൊടുക്കുന്ന ഭാഗങ്ങൾ ഉദാസീനത കൂടാതെ അച്ചടിച്ചു കിട്ടുവാൻ അനെകം പ്രതി ബന്ധങ്ങൾ നെരിട്ടതുകൊണ്ടും ഞാൻ വിചാരിച്ചിട്ടുണ്ടായിരുന്നതിനെക്കാൾ അധികം കാലതാമസം വെണ്ടിവന്നുപൊയി. അത്രയുമല്ല- അച്ചുകൂടങ്ങൾ മാറാതെയിരിപ്പാൻ നിവൃത്തിയില്ലാതെ വന്നുപൊയതിനാൽ അച്ചടിയും അക്ഷരങ്ങളും ഈ പുസ്തകത്തിൽ രണ്ടുവിധമായിരിപ്പാനും സംഗതി വന്നിരിക്കുന്നു.

കാലൊചിതമായി പല പരിഷ്കാരങ്ങളും ഏൎപ്പെടുത്തി ജനസമുദായത്തിൽ അറിവും നാഗരീകവും വൎദ്ധിപ്പിക്കെ

ണ്ടതിന്നു അനെകം യൊഗ്യന്മാർ ഒത്തുകൂടി പരിശ്രമം ചെയ്തുവരുന്ന ഈ കാലത്തു ആ വക വിഷയങ്ങളെ കഴിയുന്നതു കഥാരൂപെണ പ്രതിപാദിച്ചു പ്രസ്താവിക്കുന്നത ജനൊപകാരപ്രദമായി തീരുമെന്നുള്ള ഉത്തമവിശ്വാസത്തൊടുകൂടി എന്താൻ ചില സംഗതികളെ ഈ പുസ്തകത്തിൽ ഞാൻ വെളിവായി കാണിച്ചിട്ടുള്ളതിൽ ആൎക്കും അസന്തൊഷം ഉണ്ടാവാൻ ഇടയില്ലാത്തതാണ. യുക്തിക്കും അനുഭവത്തിന്നും വിരൊധമായി വല്ലതും അറിവുകൂടാതെ പ്രസ്താവിച്ചുപൊയിട്ടുണ്ടെങ്കിൽ ആയ്തു നിൎവ്വൈരമാനസന്മാരായ മഹാന്മാർ ക്ഷമിച്ചു കൊള്ളെണ്ടതുമാകുന്നു. ഇതിൽ പ്രസ്താവിക്കപ്പെട്ട സംഗതികൾ കെവലം സങ്കല്പിതങ്ങളാണെന്നു വരികിലും അതുകൾ മുഴുവനും മലയാളരാജ്യത്തെയും മലയാളികളെയും മാത്രം സംബന്ധിക്കുന്നതായി വിവരിച്ചിരിക്കകൊണ്ടു നമ്മുടെ ഇടയിൽ സാധാരണമായി വിളിച്ചു വരുന്ന പെരൊഴികെ കല്പ്യാനന്ദപ്രദമായ മററു വല്ല നാമധെയവും കൊടുക്കുന്നതായാൽ അത ലെശം അനുരൂപമായിരിക്കയില്ലെന്നു മാത്രമല്ല ശങ്കാസ്പദമായിരിക്കുവാനും കൂടെ സംഗതിവരുമെന്നു വിചാരിച്ചു ഈ നവീനകഥാ പുസ്തകത്തിന്നു ഞാൻ മീനാക്ഷി എന്ന സാധാരണനാമംതന്നെ കൊടുത്തിരിക്കുന്നു. മലയാളസ്ത്രീകളുടെ ഇടയിൽ ഇതവരെ കണ്ടും കെട്ടും വരാത്തതായ ഒരു പെർ ഈ പ്രബന്ധത്തിന്ന കെവലം യുക്തമല്ലെന്നാണ എന്റെ വിശ്വാസം.

അച്ചടിയിൽ വരുന്ന തെററുകൾ തീൎത്തുകൊടുപ്പാൻ മിക്ക സമയങ്ങളിലും എനിക്ക ഇടവരാതിരുന്നത കൊണ്ട സാധാരണമായി സംഭവിക്കാവുന്ന ചില തെററുകളും അക്ഷരപ്പിഴകളും ഈ പുസ്തകത്തിൽ ചില ഭാഗങ്ങളിൽ ദുർല്ലഭം വന്നു പൊയിട്ടുള്ളതിന്ന ഒരു ശുദ്ധപത്രം ഇതൊട ഒന്നിച്ചുതന്നെ ചെൎത്തിട്ടുണ്ട- നിസ്സാരങ്ങളായ ചില അബദ്ധങ്ങൾ ശുദ്ധപത്രത്തിൽ കാണാതിരിക്കുന്നുണ്ടെങ്കിൽ ആയ്തു

ബുദ്ധിശാലികളായ മഹാന്മാർ ക്ഷമിച്ചു യുക്ത്യനുസരണം വായിച്ചു കൊള്ളുമെന്നും വിശ്വസിക്കുന്നു.

ഈ പുസ്തകം ജനസമുദായത്തിൽ ആനന്ദപ്രദമായി തീരുന്നപക്ഷം എന്റെ ഈ എല്ലാ പരിശ്രമങ്ങൾക്കും അതില്പരമായ പ്രതിഫലം എനിക്കു യാതൊന്നും ഇല്ല- ബുദ്ധിമാന്മാരും നിർമ്മത്സരികളും പരോപകാരതല്പരന്മാരും ആയ മഹാന്മാർ ഇതിനെപ്പററി യുക്തിയുക്തമായി ചൂണ്ടിക്കാണിച്ചുതരുന്ന എല്ലാ സാരസംഗതികളും ഞാൻ സബഹുമാനം സ്വീകരിച്ചു ശ്ലാഘിക്കുവാൻ എല്ലായ്പോഴും ഒരുക്കമുള്ളവനാകുന്നു.

വിശേഷിച്ചു ഈ പ്രബന്ധം അച്ചടിച്ചു പ്രസിദ്ധം ചെയ്യുന്ന കാൎയ്യത്തിൽ എന്റെ സ്നേഹിതൻ എ- കെ- സുന്ദരയ്യരവർകൾ ചെയ്തു വന്നിട്ടുള്ള അത്യദ്ധ്വാനത്തിന്നും ദ്രവ്യവ്യയത്തിന്നും ഞാൻ എല്ലാ സമയവും അദ്ദേഹത്തിന്നു വന്ദനം പറയുന്നു.

S. Cattunayar

കൊഴിക്കൊട 15—11—90. സി- ചാത്തുനായര·

# മീനാക്ഷി.

## ഒന്നാം അദ്ധ്യായം.

### പ്രാരംഭം.

കുഞ്ഞികൃഷ്ണമെനൊൻ—ഗൊവിന്ദൻ ഇപ്പൊൾ വരുന്നത കനകമംഗലത്തനിന്ന തന്നെയല്ലെ? ഈ മദ്ധ്യാഹ്നസമയം നീയല്ലാതെ മററു വല്ലവരും നടക്കുമൊ? എന്താണ ഗൊവിന്ദാ വെയിലിന്ന നല്ല ചൂടില്ലെന്നുണ്ടൊ?

ഗൊവിന്ദൻ—ഇപ്പൊൾ ഞാൻ വരുന്നത കനകമംഗലത്തനിന്ന തന്നെയാണ. പരാശ്രയംകൊണ്ടു ദിവസവൃത്തി കഴിപ്പാൻ ദൈവം കല്പിച്ചിരിക്കെ വെയിലിന്റെ ചൂടുംമററും സഹിക്കയല്ലാതെ മറെറന്താണ ഒരു നിവൃത്തിയുള്ളത?

കു- കൃ- മെനൊൻ—ഈ സമയം നടക്കുന്നത വലിയ തെററാണ. ഒരു പക്ഷിപൊലും ഇപ്പൊൾ പറക്കുന്നില്ല. എല്ലാം നിശ്ചഞ്ചലമായിരിക്കുന്നു. ഉഷ്ണാധിക്യം സഹിപ്പാൻ പ്രയാസം! കാലിന്റെ അടി നിലത്ത എങ്ങിനെയാണ വെക്കുന്നത- പൂഴി തട്ടിയാൽ ചുട്ടുപൊകാതിരിക്കില്ലല്ലൊ.

ഗൊവിന്ദൻ—അക്കാൎയ്യം ഒന്നും പറയെണ്ടതില്ല. പൊരുന്ന വഴിക്ക ഒരത്ഭുതമുണ്ടായി. കെട്ടാൽ ശുദ്ധമെ പൊളിയാണെന്ന തൊന്നും. പക്ഷെ കാൎയ്യം അത യഥാൎത്ഥമാണ.

കു- കൃ- മെനൊൻ—എന്താണത? കെൾക്കട്ടെ. അത്ഭുതമായ കാൎയ്യമാണെങ്കിൽ കെൾക്കെണ്ടതല്ലെ? പറയു.

ഗൊവിന്ദൻ—ഇവിടുന്ന ഏകദെശം ഒന്നരമയിത്സ തെക്കെഭാഗം പൂഴിനിറഞ്ഞ ആ ഇടവഴിയിൽ കൂടി ഞാൻ കടന്ന പൊരികയായിരുന്നു.

ക. കൃ. മെ—മാളികയുള്ള ഒരു വലിയ പീടികയുടെ വടക്കെഭാഗത്തെ ഇടവഴി കൊണ്ടല്ലെ നീ പറയുന്നത? പത്തമണി കഴിഞ്ഞാൽ അതിലെ നടപ്പാൻ ബഹു പ്രയാസമാണ. എന്നിട്ടൊ ഗൊവിന്ദ?

ഗൊവിന്ദൻ—അതിന്റെ ഇടഭാഗത്ത ഇപ്പൊൾ പുതുതായി കിളച്ച തയിവെച്ച ഒരു പറമ്പുണ്ട - ആ പറമ്പിന്റെ ഏകദെശം അഗ്നികൊണിന്മെൽ വലിയ ഒരു പറങ്കിമാവുണ്ട. അവിടെ കിളച്ചിട്ടും ഇല്ല- കാടു പൊക്കീട്ടും ഇല്ല.

ക- കൃ- മെ—അത മുണ്ടായി അഹമ്മതകുട്ടിയുടെ പറമ്പാണ. ആ മാവിന്മെൽ നിന്ന അണ്ടി പറിക്കുവാൻ കയറിയപ്പൊൾ നാലഞ്ചു ദിവസം മുമ്പെ ഒരു മാപ്പിളക്കുട്ടിയെ അതിന്റെ മുരട്ടനിന്ന ഒരു പാമ്പുകടിച്ചതായി കെട്ടിരിക്കുന്നു.

ഗൊവിന്ദൻ—ആ പാമ്പ എന്നാൽ എനി ആരെയും കടിക്കില്ല. അതിന്റെ കഥ കഴിഞ്ഞുകൂടി.

ക- കൃ- മെ—അത നന്നായി. നീ അതിന്റെ കഥ കഴിച്ചു ഇല്ലെ? വിശെഷമായി- മിടുക്കൻ തന്നെ. ദുഷ്ടജന്തുക്കളെ കണ്ടാൽ വെച്ചെക്കരുത.

ഗൊവിന്ദൻ—അങ്ങിനെയല്ല ഉണ്ടായത- അതിനെ ആരും കൊന്നിട്ടല്ല ചത്തത. അതാണ ഞാൻ ഒരത്യാശ്ചൎയ്യമെന്ന കെൾപ്പിച്ചത.

ക- കൃ- മെനൊൻ—കൊല്ലാതെയാണ ചത്തത ? അത ബഹു രസംതന്നെ. എങ്ങിനെയാണത സംഭവിച്ചത?

ഗോവിന്ദൻ— ആ പറങ്കിമാവിന്റെ മുരട്ടുനിന്ന വലിയ ഒരു ഓന്തും അതിനെ പിടിപ്പാൻ പിന്നാലെതന്നെ ഒരു പാമ്പും പറമ്പിൽനിന്ന ഇടവഴിയിലേക്ക ചാടി. എന്റെ മുമ്പിൽ ഏകദേശം ഒരു രണ്ടുവാര ദൂരത്തിലായിരുന്നു ചാടിവീണത. ഞാൻ അപ്പോൾ അല്പം പിന്നോട്ട മാറിനിന്നു.

ക. കൃ. മേ— അത ഏതായാലും നന്നായി. ഓന്തിനെ കിട്ടാത്ത ദേഷ്യംകൊണ്ട പാമ്പ നിന്നെ കടിച്ചെന്ന വന്നേക്കാം. എന്നിട്ടൊ? ഓന്തു പാമ്പിനെ കൊന്നു എന്ന പറവാനൊ നീ ഭാവിക്കുന്നത? ഇത ആന വലിച്ചാൽ നീങ്ങാത്ത പൊളിതന്നെ.

ഗോവിന്ദൻ— ഓന്തുവിചാരിച്ചാൽ പാമ്പിനെകൊല്ലാൻ കഴിയൊ? എലി പൂച്ചയെ കൊന്നു എന്ന പറഞ്ഞാൽ ആരാണ വിശ്വസിക്കുന്നത? ഓന്തു മുമ്പിലും പാമ്പ പിന്നിലും ആയിട്ടു രണ്ടുനാല വാര ദൂരം ഓടി. അപ്പഴക്ക ഓന്തു പൂഴിയുടെ ചൂടുകൊണ്ട ഒണങ്ങി ചത്തുപോയി. പാമ്പിന്നും ചൂട സഹിച്ചുകൂടാതായി. മടങ്ങി കുറെ ഇഴഞ്ഞുനോക്കി പിന്നെ ഒര രണ്ട മിനുട്ടനേരം ഉരുണ്ടും പിടച്ചും ഉഴഞ്ഞും കളിച്ചു. ഒടുവിൽ വായപിളൎന്നപാട പാമ്പിന്റെയും കഥ കഴിഞ്ഞു. അത രണ്ടും ആ വഴിയിൽതന്നെ ഇപ്പഴും കിടക്കുന്നുണ്ട.

ക. കൃ. മേ— ശിവ! ശിവ! ഇത എന്തൊരാശ്ചൎയ്യമാണ. എന്റെ ഈ നാല്പത്തമൂന്നവയസ്സിന്നിടയിൽ ഞാൻ ഈവക അത്യാശ്ചൎയ്യം കേട്ടിട്ടില്ല. വെയിലിന്റെ ശക്തി ഇത്ര അധികം ഉണ്ടല്ലൊ! നാരായണ! നാരായണ! ഇത വലിയ അത്ഭുതംതന്നെ. നീ എങ്ങിനെയാണ അപ്പാ അതിലെ കടന്നപോന്നത?

ഗോവിന്ദൻ– ഒരു പ്രഴ ചെറിപ്പുണ്ടായിരുന്നതുകൊണ്ട ഒരുവിധേന നിവൃത്തിച്ചു. അല്ലെങ്കിൽ അവിടെ വെച്ചു എന്റെ കഥയും കഴിഞ്ഞുകൂടുമായിരുന്നു.

ക. കൃ. മേ– എന്താണ വല്ല ബുദ്ധിമുട്ടും ഉണ്ടൊ? അവിടെ ആൎക്കും സുഖക്കേട ഒന്നും ഇല്ലല്ലൊ? ഇശ്ശിടെ യാതൊരു വൎത്തമാനവും അറിയാറില്ല.

ഗോവിന്ദൻ– ബുദ്ധിമുട്ടും സുഖക്കേടും വിശേഷിച്ചു യാതൊന്നും ഇല്ല. കണ്ട വിവരം അറിഞ്ഞുപോവാൻ വേണ്ടിമാത്രം ഇങ്ങട്ട പോന്നതാണ. രണ്ടമൂന്ന മാസമായിട്ട അങ്ങുട്ടെങ്ങും ഒന്ന വരാറുംകൂടിയില്ലല്ലൊ.

ക. കൃ. മേ– എന്താണ ചെയ്യേണ്ടത രണ്ടമാസമായിട്ട എനിക്ക ഒരു നാഴികപോലും അവസരമില്ല. പണിത്തിരക്ക വളരെയുണ്ടായിരുന്നു. ഇപ്പോൾ ജമാവന്തിയുടെ കാലവുമായിരിക്കുന്നു. ഊണുതന്നെ ക്രമത്തിൽ കഴിപ്പാൻ ഇടയില്ല. വലിയാളുകൾക്ക വലിയ തിരക്ക ചെറിയാളുകൾക്ക ചെറിയതിരക്ക വലിയ സൈ്വരക്കേടതന്നെ. "പരാന്നം പ്രാണസങ്കടം" എന്ന പറഞ്ഞിട്ടുള്ളത യഥാൎത്ഥമാണ. സൎക്കാരിന്റെ പണംവാങ്ങി അനുഭവിപ്പാൻ തെല്ലു പ്രയാസമുണ്ട. അതിലും ഒരു സ്വയാധികാരിയായാൽ പിന്നെത്തെ കാൎയ്യം പറയേണ്ടതില്ല. ക്രമമായി പ്രവൃത്തി നടത്തിപ്പോരാൻ സാമാന്യത്തിലധികം ബുദ്ധിമുട്ടുണ്ട. അല്പമായ വല്ല വീഴ്ചയും സംഭവിച്ചാൽ മേലധികാരത്തിൽനിന്ന രാമബാണംപോലെയുള്ള കല്പനയും ശിക്ഷയും ആണ വരുന്നതും കിട്ടുന്നതും. തരക്കേടില്ല എന്ന ജനങ്ങളെക്കൊണ്ട പറയിപ്പാൻ നാം ഭഗീരഥപ്രയത്നം ചെയ്യണം. എനി പട്ടയം കൊടുക്കുന്ന വരെക്കും എനിക്ക വളരെ തിടുക്കം

തന്നെയാണ. ഗോപാലമേനവനും മറവും വിശേഷിച്ച സുഖക്കേട ഒന്നും ഇല്ലല്ലൊ.

ഗോവിന്ദൻ– ഇയ്യിടെ നാലഞ്ച ദിവസം അല്പം ജലദോഷത്തിന്റെ ഉപദ്രവമുണ്ടായിരുന്നു. ഒരപ്പീൽനമ്പ്ര വിചാരണയുണ്ടായിരുന്നതകൊണ്ട മദിരാശിയിലോളം പോയിരുന്നു. കുംഭം അഞ്ചാന്തിയ്യതിയാണ മടങ്ങി എത്തിയത. ഇവിടേക്ക തരുവാൻ ഒരു എഴുത്തും കൂടി തന്നയച്ചിട്ടുണ്ട.

കു. കൃ. മേ– മദിരാശിയിൽ പോയ വിവരം ഞാൻ അറിഞ്ഞിരിക്കുന്നു. അപ്പു എനിക്ക എഴുതീട്ടുണ്ടായിരുന്നു അതുകൊണ്ടായിരിക്കണം ജലദോഷവും സുഖക്കേടും ഉണ്ടായത. അപ്പീൽനമ്പ്ര ഗോപാലമെനവൻ ജയിച്ചുവല്ലൊ. എഴുത്ത എവിടുത്തു നോക്കട്ടെ.

ഗോവിന്ദൻ– അപ്പീൽനമ്പ്ര ഗുണമായിതീൎന്നു (എന്നു പറഞ്ഞുംകൊണ്ട കുപ്പായക്കീശയിൽനിന്ന എഴുത്ത എടുത്ത കുഞ്ഞികൃഷ്ണമേനോൻ ഇരുന്നിട്ടുണ്ടായിരുന്ന ചാരുകസേലയുടെ ഇടത്തെത്തണ്ടിന്മേൽ തൊടാതെ വെച്ചു).

കു. കൃ. മേ– (എഴുത്ത എടുത്ത പൊളിച്ചവായിച്ച മെല്ലെ ഒന്ന ചിരിച്ചുംകൊണ്ട) പട്ടയംകൊടുക്കൽ കഴിഞ്ഞിട്ടുവേണം അങ്ങട്ട വരാൻ എന്ന വിചാരിച്ചുംകൊണ്ടിരിക്കയാണ. അത ഒരുസമയം ഈ ബുധനാഴ്ചതന്നെ കഴിയും. ഗോവിന്ദന എന്നിട്ടുപോയാൽ പോരെ! പക്ഷെ നമുക്ക ഒന്നിച്ചുപോകാം.

ഗോവിന്ദൻ– ബുധനാഴ്ച മുൻസീപ്പകോടതിയിൽ ഒരു നമ്പ്ര പ്രഥമവിചാരണയുണ്ട. അതകൊണ്ട നാളേക്ക മടങ്ങി എത്തേണമെന്ന പറഞ്ഞിരിക്കുന്നു. ഇന്ന ഞായറാഴ്ചയായതകൊണ്ട സാവകാശമുണ്ടാകുമെന്ന വിചാരിച്ചാണ എന്നെ അയച്ചത. ഇപ്പോൾ

ജമാവന്തിയുടെ തിരക്കാണെന്ന അവിടുന്നും പറകയുണ്ടായി.

കു. കൃ. മേ— എനിക്ക കുറെ ദിവസമായിട്ട ഞായറാഴ്ചയും മറ്റും വളരെ ചുരുക്കമാണ. ഇന്ന കച്ചേരിക്കപോകേണ്ട എന്നമാത്രമെയുള്ളു. പ്രവൃത്തി പിടിപ്പതുണ്ട. മൂന്നമണിക്കശേഷം അടുത്ത ഒരംശത്തിൽ പോകേണ്ടുന്ന ഒരു തിട്ടക്കംകൂടി ഉണ്ട. ഇന്ന ഏതായാലും നീ പോകേണ്ട. വേഗത്തിൽകുളിച്ച ഊണകഴിക്കാൻനോക്കു. നേരം ഏകദേശം രണ്ടമണിയായി. സാവകാശത്തിൽ ചിലതെല്ലാം സംസാരിക്കേണ്ടതുണ്ട. അതിന്ന ഏഴമണിക്കശേഷമെ തരമുള്ളു. എനിക്കും ഏകദേശം പുറപ്പെടാറായി. ഞാൻ ആറമണിക്ക തന്നെ മടങ്ങിവരാൻ നോക്കാം— എഴുത്തിന്റെ മറുവടിയും മറ്റും മടങ്ങിവന്നിട്ട തരാം— നിണക്ക പുലച്ചെ പോകാം. എടൊ കണ്ടപ്പാ.

(കണ്ടപ്പൻ ഒരു കിണ്ടിയിൽ വെള്ളവുമായിട്ട വന്നു.

കു. കൃ. മേ— ചായയും പലഹാരവും തെയ്യാറായില്ലെ? ഗോവിന്ദനും കൂടി വേണം. അവൻ കുളിച്ച വരുമ്പഴക്ക ഊണും തെയ്യാറാക്കണം.

കണ്ടപ്പൻ— പലാരവും ചായയും ആയിരിക്കുന്നു. ഊണ ക്ഷണത്തിൽ ആക്കാം. (എന്ന പറഞ്ഞ ഗോവിന്ദനെ കണ്ണുകൊണ്ട മാടി വിളിച്ചു).

കു. കൃ. മേ— എന്നാൽ കൊണ്ടുവരു. ഗോവിന്ദനും പോയിട്ട ചായ കഴിച്ചുവരു. (എന്ന പറഞ്ഞ കുപ്പായക്കീശ്ശയിൽനിന്ന തന്റെ ഘടികാരം എടുത്ത നോക്കീട്ട) നേരം രണ്ടടിച്ച പതിനഞ്ച മിനിട്ടായി. എടൊ കൻസ്റ്റേബൾ ശങ്കരമേനോൻ അമാലന്മാരെ വിളിക്കു, മഞ്ചൽ തെയ്യാറാക്കട്ടെ. താൻ മുമ്പിട്ട

പൊയിക്കോള്ളു. അധികാരി മേനവന്മാരോട അംശകച്ചേരിയിൽ ഹാജരാവാൻ പറയു. എന്റെ ഒരുമിച്ച ശിപായി കോമൻ നായരും കൺസ്റ്റേബൾ അഹമ്മതും ഉണ്ടായാൽ മതി. താമസിക്കെണ്ട പൊയ്ക്കോള്ളു.

ശങ്കരമേനവൻ അമാലന്മാരെ വിളിച്ച മഞ്ചൽ തെയ്യാറാക്കാൻപറഞ്ഞു ആ വഴിക്ക തന്നെ അധികാരിയുടെ അടുക്കലേക്ക പോയി. കുഞ്ഞികൃഷ്ണമേനവൻ പലഹാരം കഴിച്ച ഉടുപ്പും കുപ്പായവും ഇട്ട പുറപ്പെടാറായപ്പൊഴക്ക മഞ്ചലും കെട്ടി തെയ്യാറാക്കി അമാലന്മാരും ശിപായി കോമൻ നായരും കൺസ്റ്റേബൾ അഹമ്മതും പടിക്കൽ ഹാജരുണ്ടായിരുന്നു. കോമൻ നായര എഴുത്തുപെട്ടിയും വടിയും എടുത്തു മഞ്ചലിൽ കൊണ്ടുവെച്ചു. ചായയും കഴിച്ച ഗോവിന്ദനും അപ്പൊഴക്ക ഉമ്മറത്തു വന്നു. കണ്ടപ്പനും പുറത്തെ വരാന്തയിൽ വടക്കെ വശം ഇട്ടിട്ടുള്ള അൾമേറയുടെ അടുക്കെ വന്ന നിന്നിരുന്നു.

കുഞ്ഞികൃഷ്ണമേനോൻ— എടൊ കണ്ടപ്പ ഗോവിന്ദന ഊണ ക്ഷണത്തിൽ കൊടുക്കണം. നേരം ഏകദേശം മൂന്നമണിയായി തുടങ്ങി. ഗോവിന്ദൻ താമസിക്കെണ്ട. പോയ്ക്കുളിച്ച ഊണ കഴിപ്പാൻ നോക്കു. ഞാൻ ആറ മണിക്ക തന്നെ മടങ്ങി വരാൻ നോക്കാം. ഊണകഴിഞ്ഞാൽ മുകളിലെ പൂമുഖത്തു പോയി കിടക്കുകയൊ ഇരിക്കുകയൊ വല്ലതും ഹിതം പോലെ ചെയ്യാം. മേശമേൽ നല്ല രസമുള്ള ചില നാടകപുസ്തകങ്ങൾ കിടക്കുന്നതിൽ ഏതെങ്കിലും എടുത്തു വായിച്ച കാലയാപനം ചെയ്യാം.

കുഞ്ഞികൃഷ്ണമേനോൻ ഇപ്രകാരം പറഞ്ഞു പടിക്കൽനിന്ന മഞ്ചൽ കയറി കോമൻ നായര മുമ്പിലും

അഹമ്മത പിന്നിലുമായിട്ട അംശത്തിലേക്കപോയി. അതിൽപിന്നെ ഗോവിന്ദൻ കണ്ടപ്പനോട കുറെ ഉമിക്കരിയും ഭസ്മവും വാങ്ങി കുളപ്പുരയിലേക്കും കണ്ടപ്പൻ നേരെ അടുക്കളയിലേക്കും നടന്നു. ഗോവിന്ദന്റെ വരവ നിമിത്തം താൻ വിചാരിച്ച ചില കാൎയ്യത്തിന്ന കേവലം മുടക്കം വന്നു എന്ന കണ്ടിട്ട കണ്ടപ്പന്ന ഉള്ളിൽ വളരെ കുണ്ഠിതമുണ്ടായി. കുഞ്ഞിക്കൃഷ്ണമേനോൻ ഇന്ന അംശത്തിൽ പോകുമെന്നുള്ള വിവരം കണ്ടപ്പൻ രണ്ടുമൂന്നദിവസം മുമ്പെ അറിഞ്ഞിട്ടുണ്ടായിരുന്നു. അതുകൊണ്ട അവൻ ആ അവസരത്തിൽ ഒരു ദിക്കിൽ പോയി തന്റെ ഇഷ്ടസിദ്ധി വരുത്തിവരുവാൻ ചില ഏൎപ്പാട ചെയ്തിട്ടുണ്ടായിരുന്നു. അതിന്ന ഇപ്പോൾ തരമില്ലാതെ വന്നത അവന്ന ഒരു ഹൃദയശല്യമായി തീൎന്നിരിക്കുന്നു. എനി ഇങ്ങിനെയുള്ള അവസരം കിട്ടാനും വളരെ പ്രയാസമാണ. കണ്ടപ്പൻ ആകപ്പാടെ വിഷണ്ണനായി അടുക്കളയുടെ തെക്കെ ഭാഗത്ത ഇട്ടിട്ടുള്ള അരിപ്പെട്ടിയുടെ പടിഞ്ഞാറെ വശം വടക്കോട്ട നോക്കിയിരുന്ന മനസ്സുകൊണ്ട വിചാരിച്ചുതുടങ്ങി.

“ഇത എന്തൊരു നട്ടംതിരിച്ചിലാണ? എത്ര ദിവസം പാടനടന്നിട്ടാണ ഇന്നേക്ക ഒരു വിധത്തിൽ സമ്മതിച്ചത? അവിടെ ഉണ്ണാകഴിച്ചു താമസിക്കുന്ന ശങ്കരമേനോനും ഇല്ലയായിരുന്നു. ഇന്ന നല്ല തരമായിരുന്നു. ഈ ഗോവിന്ദന ഇന്നലെ വരുത്താഞ്ഞു. ഈ കാലൻ എന്തിന ഇന്ന വന്നു? എനി എന്നാണ സാധിക്കുന്നത. രാത്രി ഇവിടന്ന തെറ്റാനും പാടില്ല. തെറ്റിയാൽ ഒട്ട തരവും ഇല്ല. എന്റെ കാലക്കേട. കിട്ടുണ്ണിനായര വലിയ ജന്മാന്തരക്കാരനാണ. അയാളെ പറ്റിക്കാൻ ഞാൻ എത്ര ദിവസമായി നോക്കുന്നു? ഒരിക്കലും സാധിക്കുന്നില്ലല്ലൊ. എന്താണീശ്വരാ വേണ്ടത. മോര വാങ്ങിക്കൊണ്ട

വരട്ടെ എന്ന പറഞ്ഞ ഇപ്പം തന്നെ ഒന്ന പോയാലൊ? മടങ്ങി വരാൻ ഇത്തിരി താമസിച്ചുപോയെങ്കിൽ ഗോവിന്ദന ചോറകൊടുക്കുന്നത തരക്കേടല്ലെ? ഗോവിന്ദന ചോറ വേഗം കൊടുത്തിട്ട "അങ്ങാടിക്കപോയി വരട്ടെ" എന്ന പറഞ്ഞ മെല്ലെ പോയാലൊ. അതും തരമാകുമെന്ന തോന്നുന്നില്ല. ഇന്ന രാവിലെ എണീററവരുമ്പോൾ ആ വാല്യ മുറിയൻ നായെ കണ്ട ഫലമാണിതൊക്കെ. ഇന്ന എനി ഏതായാലും തരമില്ല. എനി ഒരിക്കലാക്കാം. ഇന്നലെ കൊടുത്തആറണ ഇങ്ങട്ട തന്നെ മടങ്ങി വാങ്ങണം. അത മടങ്ങിത്തരുമെന്ന എന്താണ നിശ്ചയം. രണ്ട വട്ടമായിട്ട ഒന്നെകാലുറുപ്പിക ഞാൻ ഇങ്ങിനെതന്നെ കളഞ്ഞില്ലെ?. എനി ഈ വകപ്രവൃത്തിക്ക പോകാത്തതാണ നല്ലത. യജമാനൻ എങ്ങും പോണില്ലല്ലൊ. പക്ഷെ അത കുറെ വയസ്സായതകൊണ്ടായിരിക്കാം. ഏതായാലും ഗോവിന്ദന ചോറുകൊടുക്കുന്ന കാൎയ്യത്തിൽ ഉപേക്ഷ വരുത്തരുത. യജമാനൻ രണ്ടപ്രാവശ്യം പ്രത്യേകം പറഞ്ഞിരിക്കുന്നു. ചോറും കൂട്ടാനും ഇവിടെയുള്ളത തന്നെ മതി. ഒന്നും എനിയും ചൂട മാറീട്ടില്ല. രണ്ട പപ്പടം കാച്ചണം. അല്പം കൊണ്ടാട്ടവും വറക്കണം. ചുക്കവെള്ളം ലേശം തണുത്തിട്ടില്ല. നല്ല സംഭാരവും ഉണ്ട.

കണ്ടപ്പൻ ഇങ്ങിനെ വിചാരിച്ചും കൊണ്ടിരിക്കുന്ന മദ്ധ്യെ ഗൊവിന്ദൻ കുളി കഴിഞ്ഞ എത്തി. കണ്ടപ്പൻ ക്ഷണത്തിൽ രണ്ട കിണ്ടിയിൽ വെള്ളം കൊണ്ടകൊടുത്തു. ഗൊവിന്ദൻ കാൽ കഴുകുമ്പോഴക്ക കണ്ടപ്പൻ അലക്കിയ ഒരു മലമൽ മുണ്ടും ഒരു ചീന്തലും കൊണ്ടന്നുകൊടുത്തു. ഗൊവിന്ദനെ ഉണ്ണാൻ കൂട്ടിക്കൊണ്ടപൊയി. ഊണിന്റെ വട്ടം ആകപ്പാടെ വളരെ തരക്കേടില്ലയായിരുന്നു. ചൊറ അല്പം തണുത്തിട്ടുണ്ടായിരുന്നു എങ്കിലും

വഴി നടന്ന ക്ഷീണംകൊണ്ടും വിശപ്പുകൊണ്ടും ഗൊവിന്ദന അത അമൃതായിരുന്നു. നേരത്തെ ഒരു കോപ്പ ചായ കുടിച്ചതകൊണ്ട ഗോവിന്ദന ഒന്നും ആയിട്ടില്ലയായിരുന്നു. ഊണ സുഖമായി കഴിച്ചു. ചുക്കവെള്ളവും ധാരാളം കുടിച്ചു. ഗോവിന്ദൻ എഴുനീററ കയികഴുകുമ്പഴക്ക കണ്ടപ്പൻ മുകളിൽ പൊയിചെല്ലത്തിൽ നിന്നഒരിക്കൽ മുറുക്കാൻ എടുത്തുകൊണ്ടുവന്നു. കണ്ടപ്പന്റെ ഔദാൎയ്യവും മൎയ്യാദയും കണ്ടിട്ട ഗോവിന്ദൻ അവനെ മനസ്സുകൊണ്ട മാനിച്ചു. വടക്ക ഭാഗത്തെ വരാന്തയിൽഇട്ടിരുന്ന പുല്ലുപായിൽ ഇരുന്ന ഗോവിന്ദൻ സാവകാശത്തിൽ മുറുക്ക കഴിച്ചു തുപ്പിയതിന്റെ ശേഷം കണ്ടപ്പൻ അവനെ മാളികയുടെ മുകളിലേക്ക കൂട്ടിക്കൊണ്ടപൊയി പൂമുഖത്ത കടപ്പാനുള്ള വാതിൽ തുറന്ന ഒരു വിരാളിപ്പുല്ലുപായ എടുത്ത അവിടെ വിരിച്ചു ഒരു തലെണ്ണയും എടുത്ത വെച്ചു. ഗോവിന്ദൻ ഈ അവസരത്തിൽ കൊണിപ്പൂട്ടിന്റെ ഇടത്ത ഭാഗത്ത വെച്ചിട്ടുള്ളഒരുകണ്ണാടിയുടെ വലിപ്പവും ഭംഗിയും നൊക്കിനിന്നു പൊയതിനാൽ കണ്ടപ്പന്റെ ഒരുമിച്ചു പൂമുഖത്ത കടന്നിട്ടില്ലയായിരുന്നു. കണ്ടപ്പൻ മടങ്ങി വന്ന വിളിച്ചതിൽപിന്നെയാണ ഗോവിന്ദൻ പൂമുഖത്തെക്ക കടന്ന ചെന്നത.

ഈ പൂമുഖം വേനൽകാലത്തിൽ അത്യന്തം ഉപകാരപ്രദമായി തീരേണമെന്നുള്ള മുൻവിചാരത്തോടുകൂടി കുഞ്ഞികൃഷ്ണമെനോൻ തന്റെ സ്വാന്തയുക്തിയാൽ തീൎപ്പിച്ചിട്ടുള്ളതാണെന്നവായനക്കാർ സമ്മതിക്കാതിരിക്കയില്ല. അത ആശാരിക്കൊൽക്ക ഏകദേശം എട്ട കൊൽ ദിൎഘവും ആറ കൊൽ വിസ്താരവും ഉണ്ട. തെക്കും പടിഞ്ഞാറും ചുമരുകളില്ല. ഒരിക്കൊൽ ഉയരത്തിൽ പുഷ്പങ്ങൾകൊണ്ടും ഫലങ്ങൾകൊണ്ടും ശോഭിക്കുന്ന പലവിധ

ലതകളുടെ ആകൃതിയിൽ അയോനിൎമ്മിതമായി ചായമിട്ട ചിത്രജാലകങ്ങൾ മാത്രമെയുള്ളു. അതിന്റെമുകളിൽ ചാരിയിരിപ്പാനും കിടപ്പാനും അതിവിശേഷമായ പടിയിരിപ്പുണ്ട. ഈ ചിത്രജാലകങ്ങളുടെ ചുററും പുറത്ത നിരക്കെ വെച്ചിട്ടുള്ള ചട്ടികളിൽ പനിനീർ. മുല്ല. പിച്ചകം. ചെമന്തി. മുതലായ ചെടികളും ലതകളും പുഷ്പദലാകീൎണ്ണങ്ങളായി അനൎഗ്ഗളമായ വായുപ്രചാരത്തിന്ന ഒരു വിധത്തിലും മുടക്കം ചെയ്യാതെ അതിമനോഹരമായി ശീതളപ്രദമായി ശൊഭിച്ചുനില്ക്കുന്നു. കിഴക്കും വടക്കും ഉള്ള ചുമരുകൾ ഏകദേശം ആറ കോൽ ഉയരമുണ്ട. അതിവിശേഷമായ വെള്ളപ്പട്ടുകൊണ്ട വിതാനിച്ച തുടരത്തുടരെ നാനാവൎണ്ണങ്ങളായ രസകുടുക്കകൾ തൂക്കി നാല ഭാഗത്തും നിരക്കെ ചിത്രക്കണ്ണാടികൾ അതി ഭംഗിയായി വെച്ചിട്ടുണ്ട. അടിയിൽ മുഴുവനുംവിലയേറിയ പരമധാനി വിരിച്ച നടുവിൽ ഒരു വട്ടമേശയിട്ടിട്ടുണ്ട. അതിന്മേൽ വിരിച്ചിട്ടുള്ള ചിത്രപടത്തിന്റെ വൈശിഷ്ട്യം അനിൎവ്വചനീയമാകുന്നു. ആ വട്ടമേശയുടെ നേരെ മുകളിൽവളരെ ഭംഗിയുള്ള ഒരു സ്ഫടികവിളക്കുതൂക്കീട്ടുണ്ട. അതിന്റെ കിഴക്ക ഭാഗത്ത പട്ടമെത്ത വിരിച്ച ഒരു ചാരകസെല തെക്കൊട്ട തിരിച്ച വെച്ചിട്ടുണ്ട. മററുള്ള മൂന്ന ഭാഗത്തും കൂടി അഞ്ചു കസെലകളിട്ടിട്ടുള്ളതിൽ രണ്ട കസെലക്ക കയ്യുളില്ല. വടക്കെ ചുമരിന്റെ അരികെ ഒരു സോഫയും കിഴക്ക ഒരു കോച്ചു കട്ടിലും ഉണ്ട. രണ്ടിന്മേലും ഓരോ വെള്ളപ്പായ വിരിച്ചിരിക്കുന്നു. കോച്ചുകട്ടിലിന്റെ തെക്ക ഭാഗത്ത പടിഞ്ഞാറോട്ട തിരിച്ച രണ്ട അൾമേര വെച്ചിരിക്കുന്നു. രണ്ടിന്നും കണ്ണാടിചില്ലുകൾ പതിച്ചിട്ടുണ്ട. അതിൽ ഒന്നിൽ മുഴുവനും ഇംഗ്ലീഷ പുസ്തകങ്ങളാണ. മറേറതിൽ സംസ്കൃതപുസ്തകങ്ങൾ മാത്രമെ

ഉള്ളു. രണ്ടു മാതിരി പുസ്തകങ്ങളും ഭംഗിയിൽ കെട്ടി പുറമെ സ്വൎണ്ണലിപികളിൽ പേർ പതിച്ചിട്ടുണ്ടു. അറ മേരയുടെ വടക്കെഭാഗം കോച്ചുകട്ടിലിന്റെ ഏകദേശം ന ടുവിൽ നേരെ മുകളിൽ ഭംഗിയുള്ള ഒരു നാഴികമണി വെ ച്ചിട്ടുണ്ടു. പൂമുഖം ആകപ്പാടെ നോക്കികണ്ടപ്പോൾ ഗോ വിന്ദനുണ്ടായ സന്തോഷവും ആശ്ചൎയ്യവും ഇത്രയെന്ന പറവാൻ പ്രയാസം. കുഞ്ഞിക്കൃഷ്ണമേനവന്റെ വലി പ്പവും പ്രഭാവവും ഇപ്പോൾ മാത്രമാണ ഗോവിന്ദന മുഴുവൻ മനസ്സിലായത. പൂമുഖത്ത ഇരിക്കുന്ന കാൎയ്യമൊ നില്ക്കട്ടെ. അവിടെ നില്പാൻ തന്നെ ഇവന്ന ലേശം ധൈൎയ്യം ഉണ്ടായിരുന്നില്ല. പരമധാനിയിൽ തന്റെ കാൽവെക്കുന്നത ഇവന്ന പരമ സങ്കടമായി തോന്നി. ഒടുക്കം ഇവൻ അവിടെ വിരിച്ചുവെച്ചിട്ടുള്ള പുല്ലപായി ൽ പതുക്കെ ചെന്ന ഇരുന്നിട്ട കണ്ടപ്പനെ നോക്കി പറഞ്ഞു.

ഗോവിന്ദൻ- താൻ മഹാ ഭാഗ്യവാൻ തന്നെ. ഇത്ര പരമ യോഗ്യനായ ഒരു മഹാ പുരുഷനെ ആശ്ര യിച്ചു നിത്യവൃത്തി കഴിപ്പാൻ സംഗതി വന്നിട്ടുള്ളു ത മുജ്ജന്മത്തിൽ ചെയ്ത സുകൃതംകൊണ്ടാണ. സംശയമില്ല.

കണ്ടപ്പൻ- (ചിരിച്ചുംകൊണ്ടു) രാപ്പകൽ അടുപ്പു ഊതി ഊതി കണ്ണിലെ വെള്ളം വററി. അടി കൊണ്ടു കൊണ്ടു എന്റെ പുറം വണ്ടി വലിക്കുന്ന കാളയു ടെ ചുമല പോലെ ആയിരിക്കുന്നു. രാപ്പകൽ എ ല്ലു മുറിയ പണി എടുത്താൽ രണ്ടുറുപ്പിക ശമ്പളം കിട്ടും. ഇതൊക്ക തന്നെയല്ലെ എന്റെ മഹാ ഭാഗ്യം?

ഗോവിന്ദൻ- പ്രവൃത്തി എടുക്കുന്നതിനെ പററി അല്ല ഞാൻ പറഞ്ഞത. പണി എടുക്കാതെ ആൎക്കും

കഴികയില്ല. ഗുണവാനായ ഒരു മനുഷ്യന്റെ കീഴിൽ പണി എടുക്കുന്നത രസമുള്ള ഒരു കാൎയ്യമാണ. തെറ്റ കണ്ടാൽ നമ്മെ ശിക്ഷിക്കുന്നത നമുക്ക ചോറ തരുന്നവരുടെ പ്രവൃത്തിയല്ലെ?

കണ്ടപ്പൻ— യജമാനന്റെ ഗുണം കൊണ്ട എനിക്കെന്താണ? കണക്കല്ലാതെ ഒരു കാശു പോലും എനിക്ക കിട്ടാറില്ല. എന്റെ പരാധീനത്തിന്ന ഒരു കുറവും ഇല്ല. സമുദ്രത്തിൽ പോയാലും പാത്രത്തിൽ പിടിപ്പത. എനിക്ക ഒരു കണക്കുണ്ട. അത എവിടെ ചെന്നാലും കിട്ടും. ഞാൻ രണ്ടരക്കൊല്ലമായി ഇവിടെ വന്നിട്ട. അതിന്നിടക്ക കച്ചേരിയിൽ ഒരു പതിനഞ്ച ഒഴിവല്ല ഉണ്ടായത. അതിൽ ഒന്ന എങ്കിലും എനിക്ക തരണമെന്ന യജമാനന തോന്നീട്ടില്ല. എന്നെപ്പോലെയുള്ള എത്ര ആളുകൾക്ക ഇങ്ങിനെയുള്ള യജമാനന്മാർ പണി ഉണ്ടാക്കി കൊടുക്കുന്നു.

ഗോവിന്ദൻ— ഉദ്യോഗസ്ഥന്മാർ രണ്ടമൂന്ന തരക്കാരാണ. ചിലർ താന്താങ്ങളുടെ ചാൎച്ചയിലും സംബന്ധത്തിലും ഉള്ള ആളുകൾക്ക കഴിയുന്ന ഗുണം ചെയ്യാൻ നോക്കും. അന്യന്മാൎക്ക യാതൊരു ഗുണവും ചെയ്യുന്നത ഇവൎക്ക ഇഷ്ടമല്ല. ഭാൎയ്യയുടെയും രഹസ്യക്കാരിയുടെയും വീട്ടിലും സംബന്ധത്തിലും ഉള്ള ആളുകൾക്കവേണ്ടി ഇവർ എന്തും ചെയ്യും. "പണമെ ഗുണം" എന്നു വിചാരിക്കുന്ന മറ്റു ചിലരുണ്ട. അവർ പണംകിട്ടാതെ യാതൊന്നും ചെയ്യില്ല. അവൎക്ക ആരായാലും വേണ്ടില്ല. എന്തു കാൎയ്യമായാലും വേണ്ടില്ല. സകലത്തിന്നും പണം കിട്ടണം. ഇത രണ്ടുംകൂടാതെ വേറെ ഒരുവക ഉദ്യോഗസ്ഥന്മാരുണ്ട. അവർ ന്യായമല്ലാതെ യാതൊന്നും പ്രവൃത്തിക്കില്ല.

അവർ കേവലം അധൎമ്മഭീരുക്കളാണ. ചാൎച്ചയിലും ചേൎച്ചയിലും ഉള്ള ആളുകൾക്ക വല്ല ഗുണവും ചെയ്യുന്നതായാൽ ജനങ്ങൾ അപവാദം പറയുമെന്ന ഭയപ്പെട്ട ഈ തരക്കാർ ആ വക യാതൊന്നും ചെയ്യില്ല. തന്റെ യജമാനൻ ഈ തരക്കാരനായിരിക്കാം. അങ്ങിനെയാണെങ്കിൽ അതിന്ന പരിഭവം വിചാരിപ്പാനില്ല. അല്ലാഞ്ഞാൽ നീതിന്യായം എങ്ങിനെ നടക്കും.

കണ്ടപ്പൻ— ഞാൻ ഇതൊക്കെ പറഞ്ഞത യജമാനന്റെ നേരെയുള്ള പരിഭവം കൊണ്ടല്ല. എന്റെ വ്യസനം നിങ്ങളോട പറഞ്ഞു എന്നെയുള്ളു. നിങ്ങൾ ഇതൊന്നും യജമാനനോട പറയെണ്ട.

ഗോവിന്ദൻ— ഞാൻ ആ വകക്കാരനല്ല. കണ്ടതും കേട്ടതും പറയുന്ന സ്വഭാവം എനിക്കില്ല. താൻ തന്റെ പരാധീനം പറഞ്ഞതല്ലെ?. ഞാൻ ഒരു സ്വകാൎയ്യവൎത്തമാനം ചോദിക്കട്ടെ?. താൻ എന്നോട പരമാൎത്ഥ പറയുമൊ?

കണ്ടപ്പൻ— അമ്മയാണ ഞാൻ നിങ്ങളോട നേര പറയാതിരിക്കില്ല. നിങ്ങളെ എനിക്ക വലിയൊരു സ്നേഹം തോന്നുന്നു. അല്ലെങ്കിൽ ചോറും തന്ന ഞാൻ എന്റെ പാട്ടിൽ പോകുമായിരുന്നു. നിങ്ങളെ വിട്ട പോവാൻ എനിക്ക മനസ്സു വരുന്നില്ല.

ഗോവിന്ദൻ— അതിരിക്കട്ടെ. അത എനിക്കും സന്തോഷം തന്നെ. ഈ കാണുന്ന സാധനങ്ങളെല്ലാം യജമാനൻ വില കൊടുത്ത മേടിച്ചതോ? അതല്ല വല്ലവരോടും സമ്മാനമായി മേടിച്ചതൊ?

കണ്ടപ്പൻ— എല്ലാം പണം കൊടുത്ത വാങ്ങിയതാണ. സമ്മാനം എന്ന ശബ്ദം പടിവാതിൽ കടന്ന ഈ തൊടിക്കുള്ളിൽ വരാറില്ല. അത യജമാനന്ന കേട്ട

കൂടാ. ഒരു വെററില പോലും മുപ്പര വെറുതെ ആരോട്ടും വാങ്ങാറില്ല.

ഗോവിന്ദൻ- (കണ്ടപ്പനെ പരിക്ഷിക്കേണമെന്നുള്ള വിചാരത്തോടുകൂടി) സമ്മാനവും കൈക്കൂലിയും വാങ്ങാത്ത ഉദ്യോഗസ്ഥന്മാർ ഇപ്പോൾ വളരെ ചുരുക്കമെയുള്ളു. തന്റെ യജമാനൻ പണം വാങ്ങുമാറില്ലെന്ന തനിക്ക എന്താണിത്ര നിശ്ചയം?

കണ്ടപ്പൻ– പണം വാങ്ങുന്ന ആളായിരുന്നു എങ്കിൽ ഇന്നാൾ ഒരു പോലീസ്സു കാൎയ്യത്തിൽ ചുരുങ്ങാതെ രണ്ടായിരം കിട്ടുമായിരുന്നു. വലിയ വലിയ ശിപാൎശി എല്ലാം കൊണ്ടുവന്നിട്ടുണ്ടായിരുന്നു. തള്ളിക്കളുവാൻ പാടില്ലാത്ത ഒന്ന രണ്ട ശിപാൎശി പ്രത്യേകിച്ചും ഉണ്ടായിരുന്നു. അന്യായമായി പ്രവൃത്തിചെയ്യേണ്ടുന്നകാലത്ത ഉദ്യോഗം രാജികൊടുത്തുകളകയല്ലാതെ ഉദ്യോഗത്തിൽ ഇരുന്ന അനീത പ്രവൃത്തിക്കയില്ലെന്ന തീൎച്ച പറഞ്ഞു മടക്കി അയക്കയാണ ചെയ്യുത. ചിലപ്പോൾ ചിലവിന്നും മററും പണം പോരാതെ വന്നാൽ സ്വന്തവീട്ടിൽനിന്ന വരുത്തുകയാണ ചെയ്യുന്നത. എജമാനന അച്ഛൻ കൊടുത്ത മുതൽ വേണ്ടതിലധികം ഉണ്ട. തറവാട്ടിലും വേണ്ട മുതലുണ്ട. കുടുംബവും കുറയും.

ഗോവിന്ദൻ- തറവാട്ടിൽ ആസ്ഥിയുള്ള പരാരും കൈക്കൂലിവാങ്ങി വരാറില്ലെ ? എത്ര ആളുകളുണ്ട ? അത്യന്തം യോഗ്യന്മാരായ ഭൎത്താക്കന്മാരുള്ള സ്ത്രീകൾ വ്യഭിചരിക്കുന്നതും വീട്ടിൽ ധാരാളം മുതലുള്ള ഉദ്യോഗസ്ഥന്മാർ കൈക്കൂലി വാങ്ങുന്നതും ഇപ്പോൾ സാധാരണയാണ.

കണ്ടപ്പൻ- ആ വകക്കാരില്ലെന്നല്ല ഞാൻ പറഞ്ഞത. വ്യഭിചരിക്കാത്ത സ്ത്രീകളും പെരുത്തുണ്ട. കാശു പോലും കൈക്കൂലിവാങ്ങാത്ത സൎക്കാരുദ്യോഗസ്ഥന്മാരും ധാരാളം ഉണ്ട. ചിലര അങ്ങിനെ ചെയ്യുന്നതകണ്ടിട്ട എല്ലാവരും അങ്ങിനെയാണെന്ന പറയുന്നത കഷ്ടമാണ.

ഗോവിന്ദൻ- കണ്ടാൽ ഒരകാശിന്ന വിലപിടിക്കാത്ത സ്ത്രീകൾ എങ്ങിനെയാണ വ്യഭിചരിക്കുന്നത ? അവററിന്റെ മുഖത്തനോക്കാൻ ആരും ഇല്ലാത്തതു കൊണ്ട അവർ പതിവ്രതമാരായതാണ. അതുപോലെതന്നെ കാൎയ്യപ്രാപ്തിയും നെഞ്ഞുറപ്പും ഇല്ലാത്ത ചില ഉദ്യോഗസ്ഥന്മാരുണ്ട. അവൎക്ക ആരും ഒന്നും കൊടുക്കില്ല. അതകൊണ്ട വാങ്ങാത്തതാണ.

കണ്ടപ്പൻ- നിങ്ങൾ ഈ പറഞ്ഞത ശുദ്ധമെ അസംബന്ധമാണ. എത്രയൊ പ്രാപ്തിയും യോഗ്യതയും ധൈൎയ്യവും ഉള്ള ഉദ്യോഗസ്ഥന്മാരുണ്ട കൈക്കൂലി എന്നുള്ളശബ്ദം കേട്ടുകൂടാത്തവർ ? അങ്ങിനെതന്നെ വളരെ സൌന്ദൎയ്യമുള്ള സ്ത്രീകളും വ്യഭിചരിക്കാത്തവർ വേണ്ടതുണ്ട. നിങ്ങൾ ആറമാസം ഒരുപോലെ തപസ്സചെയ്തു നോക്കിയാലും യജമാനൻ ഒരു കാൽപയിസ്സപോലും അന്യായമായി വാങ്ങില്ലഎന്ന എനിക്ക നല്ല ഉറപ്പുണ്ട.

ഗോവിന്ദൻ- അങ്ങിനെയാണെങ്കിൽ തന്റെ യജമാനൻ ആ സംഗതിയിൽ ബഹു യോഗ്യൻതന്നെ. സംശയമില്ല. എന്നാൽ "കരിമ്പിന്ന കമ്പുദൂഷ്യം" എന്നൊരു പഴഞ്ചൊല്ലുണ്ട. യജമാനന എത്രാണ്ടുണ്ട നേരംപോക്ക ? അത താനറിയാതിരിക്കില്ല. ഞാൻ ഈക്കാൎയ്യം ഒരു മനുഷ്യനോടും മിണ്ടില്ല. പരമാൎത്ഥം എന്നോട പറയണം.

കണ്ടപ്പൻ— അവിടുത്തേക്ക യാതൊര നേരംപോക്കാട്ടെ യാതൊര അഹങ്കാരമാകട്ടെ ഒരു വസ്തുവും ഇല്ല. സദാദി കാൎയ്യംമാത്രമെയുള്ളു. ആ വക വല്ലതും ഉണ്ടെങ്കിൽ ഞാൻ അറിയാതിരിക്കില്ല.

ഗോവിന്ദൻ— പൊ പ്രാന്താ— നേരംപോക്കും അഹങ്കാരവും ഇല്ലാത്ത പുരുഷന്മാരുണ്ടോ? പക്ഷെ അല്പം എന്നും അധികം എന്നും ഉള്ള വ്യത്യാസം മാത്രം ഉണ്ടാകും? കേവലം ഇല്ലാത്ത മനുഷ്യന്മാരില്ല. അത ഒരു വഷളത്വം ആണെന്നും വിചാരിക്കേണ്ട. നമ്മുടെ അവസ്ഥ നമുക്ക നിശ്ചയമില്ലെ? അങ്ങട്ട പോകയൊ അതല്ല ഇങ്ങട്ട വരുത്തുകയൊ എന്താണ ചെയ്യുവരാറ?

കണ്ടപ്പൻ— (ഇയ്യാളെ ഒന്ന പററിക്കണം എന്ന വിചാരിച്ചുംകൊണ്ട) അല്പാല്പം നേരംപോക്കില്ലാതെ ആരും ഇല്ല. അത അറിഞ്ഞിട്ട നിങ്ങൾക്ക എന്താണ വേണ്ടത? ഈ വക ഒന്നും ചോദിക്കരുത.

ഗോവിന്ദൻ— (ഉള്ളത ഒക്കെ ഞാൻ പറയിക്കാതെ വിടില്ല എന്ന വിചാരിച്ചുംകൊണ്ട) അറിഞ്ഞതകൊണ്ട എനിക്ക വിശേഷിച്ച കാൎയ്യം ഒന്നും ഇല്ല. എന്നാലും ഈ വക വൎത്തമാനം പറയുന്നതും കേൾക്കുന്നതും ചെറുപ്പക്കാരായ നമുക്ക ഒരു രസമല്ലെ? ഈ ദിക്കിൽ നല്ല സ്ത്രീകളുണ്ടോ എന്ന അറിയാമെല്ലൊ?

കണ്ടപ്പൻ— (ചിരിച്ചുംകൊണ്ട) അങ്ങട്ട പോകാറും ഉണ്ട. ചിലസമയം ഇങ്ങട്ട വരുത്താറും ഉണ്ട. രണ്ടും പണ്ണിയുടെ തിരക്കപോലെ ആണ. ആ ഒരു കാൎയ്യത്തിൽ യജമാനൻ കുറച്ച കമ്പക്കാരനാണ. ഉണ്ടെങ്കിൽ അതമാത്രമാണ ഒരു ദൂഷ്യം ഉള്ളത.

ഗോവിന്ദൻ— (ഉത്സാഹഭാവത്തോടെ) അതല്ലെ ഞാൻ ഇത്രനേരവും പറഞ്ഞത? തിരെ നേരംപോക്കില്ലാത്ത മനുഷ്യന്മാരില്ലെന്ന. എങ്ങട്ടാണ കൂടക്കൂടെ പോകുന്നത? ആരെയാണ ഇങ്ങട്ട വരുത്തുന്നത? പതിവായിട്ട ഒന്നുമാത്രമെയുള്ളൂ? അതല്ല മാറി മാറി പലതും ഉണ്ടൊ?

കണ്ടപ്പൻ— (ചിരിച്ചുംകൊണ്ട) അത നിങ്ങൾ എനിയും അറിഞ്ഞിട്ടില്ലെ? നിങ്ങൾ ആളൊരു മന്നനാണ. അറിയാതിരിക്കയില്ല. എന്തിനാണ എന്നെകൊണ്ട പറയിപ്പിക്കുന്നത? മാറിമാറി രസംനോക്കി വിടുന്ന സമ്പ്രദായം യജമാനന ഇല്ല. പതിവായിട്ടൊരു ഒററ മാത്രമെയുള്ളൂ. അതിനെക്കൊള്ളെ അങ്ങട്ടപോകാറുംഉണ്ട. അത ചിലപ്പോൾ ഇങ്ങട്ട വരാറുംഉണ്ട.

ഗോവിന്ദൻ— (കുറെനേരം ആലോചിച്ചുനോക്കീട്ട) എവിടെയാണ? ആരെയാണ? ഞാൻ ഈ വൎത്തമാനം ഇപ്പോൾ മാത്രം നീ പറഞ്ഞതിൽപിന്നെ അറിഞ്ഞതെയുള്ളൂ.

കണ്ടപ്പൻ— (പിന്നയും ചിരിച്ചുംകൊണ്ട) ഇത നിങ്ങൾ അറിഞ്ഞിട്ടില്ലെങ്കിൽ പിന്നെ എന്തിനാണ കിടക്കുന്നത? അറിയാത്തവർ വളരെ ചുരുക്കമെയുള്ളൂ.

ഗോവിന്ദൻ— (പിന്നയും പിന്നയും ആലോചിച്ചുനോക്കീട്ട) എനിക്ക അശേഷം തോന്നുന്നില്ല. താൻ തന്നെ പറയൂ. ഞാൻ ആരോടും പറയില്ല.

കണ്ടപ്പൻ— (മൂന്നാമതും ചിരിച്ചുംകൊണ്ട) യജമാനൻ കൂടക്കൂടെ പോകുന്നതും ചിലപ്പോൾ ഇങ്ങട്ട വരുത്തുന്നതും മററാരെയും അല്ല. അദ്ദേഹത്തിന്റെ സ്വന്തം ഭാൎയ്യ ലക്ഷ്മിഅമ്മയെ മാത്രമാണ. അവരെയല്ലാതെ യജമാനൻ തൊടാറില്ലെന്ന എനിക്ക സത്യംചെയ്യാം. ഇപ്പോൾ നിങ്ങൾക്ക മനസ്സിലാ

യില്ലേ ? അനാവശ്യം എന്തിനു ചോദിക്കുന്നു ? യോഗ്യന്മാർ മൎയ്യാദതെറ്റി ഒരിക്കലും നടക്കില്ല. അന്തിയായാൽ വാലിയക്കാരെയൊ ശിപായിമാരെയൊ പറഞ്ഞയച്ചു വല്ല തെമ്മാടി പെണ്ണുങ്ങളെയും കൊണ്ടുവരിച്ചു പല വഷളത്വവും പ്രവൃത്തിക്കുന്ന ചില ഉദ്യോഗസ്ഥന്മാരുടെ ചട്ടവും നിലയും കണ്ടിട്ടു ആ വകക്കാരനാണെ എന്റെ യജമാനനും എന്നു വിശ്വസിച്ചു ഈ വക എന്നോടു ചോദിച്ചതു നിങ്ങളുടെ അവസ്ഥക്കു പോരാ. "ഇവൻ അട്ടപ്പുതിയല്ലേ. കഥയില്ലാത്തവൻ. ചോദിച്ചാൽ ഉള്ളതും ഇല്ലാത്തതും ആവശ്യംപോലെ എന്തും പറയും" എന്നു വിചാരിച്ചായിരിക്കാം ഇത്രയൊക്കെത്തിരക്കി ചോദിച്ചതു. ഇല്ലാത്തകാൎയ്യം ഞാൻ ഒരിക്കലും പറകയില്ല.

ഇതു കേട്ടിട്ടു ഗോവിന്ദൻ കേവലം ജളനായി ഒരക്ഷരവും പറയാതെ കുറെനേരം കുമ്പിട്ടിരുന്നു കണ്ടപ്പന്റെ വാക്സാമൎത്ഥ്യവും സ്വാമിസ്നേഹവും ഓൎത്തു അതിശയപ്പെട്ടു തന്റെ ആലോചനക്കുറവിനെയും സാഹസത്തെയും കുറിച്ചു വിഷാദിച്ചു ഒടുവിൽ കണ്ടപ്പനെ നോക്കിപ്പറഞ്ഞു– "കണ്ടപ്പൻനായരെ! നിങ്ങളുമായുണ്ടായ സംഭാഷണംകൊണ്ടു ഞാൻ സാമാന്യത്തിലധികം വിഡ്ഢിയായിരിക്കുന്നു. മൂപ്പരുടെ നടവടിയും അവസ്ഥയും എനിക്കു മുമ്പെതന്നെ ധാരാളം കണ്ടും കേട്ടും അറിവുണ്ടു. അദ്ദേഹത്തിന്റെ ഭാഗ്യാതിരേകത്തെപ്പറ്റി ഞാൻ നിങ്ങളോടു സംസാരിക്കാൻ ഭാവിച്ചപ്പോൾ നിങ്ങൾ അല്പം സുഖക്കേടായി സംസാരിക്കയുണ്ടായി. അതു കേട്ടപ്പോൾ നിങ്ങൾക്കു മൂപ്പരുടെ നേരെ ഭക്തിയും ബഹുമാനവും ആന്തരത്തിൽ കുറയുമെന്നു വിചാരിച്ചു അതിന്റെ തീൎച്ചയറിവാൻവേണ്ടി അനാവശ്യമായ ഈ വിഷയത്തെപ്പറ്റി

ചോദിച്ചതാണ. സംസാരത്തിൽ നിങ്ങൾ എന്നെ തോല്പിച്ചു എങ്കിലും എനിക്ക നിങ്ങളുടെ നേരെയുള്ള സന്തോഷം ഇത്രയെന്ന പറഞ്ഞറിയിപ്പാൻ പ്രയാസം. നിങ്ങളെ ഞാൻ വളരെ ബഹുമാനിക്കുന്നു. ഈ വക എല്ലാ ഗുണവും തികഞ്ഞ മനുഷ്യന്മാരെ ഈ തരത്തിൽ ഭാഗ്യവാന്മാക്കുമാത്രമെ കിട്ടുകയുള്ളു. അതുകൊണ്ട താങ്കൾക്ക എന്റെനേരെ ലേശവും സുഖക്കേട തോന്നരുത."

കണ്ടപ്പൻ- ഞാൻ ആദ്യം അല്പം സുഖക്കേട നടിച്ചു സംസാരിച്ചതും നിങ്ങളുടെ ഉള്ളു അറിവാൻവേണ്ടി മാത്രമാണ. ഞാൻ പറഞ്ഞതിന്നൊന്നും നിങ്ങൾക്കും സുഖക്കേടുണ്ടാകരുത. എനിക്ക യജമാനനെ നല്ല ഭക്തിയും സ്നേഹവും ഉണ്ടെന്നുള്ളത യജമാനന തന്നെ നല്ല ബോദ്ധ്യം വന്നിട്ടുണ്ട. യജമാനന വേണ്ടി മരിപ്പാൻകൂടി ഞാൻ ഒരുക്കമാണ. നേരം അഞ്ചുമണി കഴിഞ്ഞു. ഞാൻ എന്റെ പ്രവൃത്തിക്ക നേരെപോട്ടെ. എന്നോട മുഷിച്ചിൽ വിചാരിക്കരുത.

ഗോവിന്ദൻ- കഷ്ടം! എനിക്കെന്താ മുഷിച്ചിൽ? ഞാനും ഒരുമിച്ചു വരാമല്ലൊ. ഇവിടെ തനിയെ കിടന്നാൽ ഉറക്കംവരും.

കണ്ടപ്പൻ- നിങ്ങൾ ഇവിടെതന്നെ അല്പം കിടന്ന തളച്ചു തീക്കുന്നതാണ നല്ലത. ഞാൻ അടുക്കിളയിലെക്കല്ലെ പോകുന്നത? അവിടെ പുകയുടെ ഉപദ്രവംകൊണ്ട ഇരിപ്പാൻ പ്രയാസപ്പെടും. ആറമണിക്ക യജമാനൻ എത്തുമെന്നല്ലെ പറഞ്ഞത.

ഗോവിന്ദൻ അതുപ്രകാരംതന്നെ സമ്മതിച്ചു മേശപ്പുറത്തുനിന്ന ഒരു പുസ്തകം എടുത്ത അതുവായിച്ചുംകൊണ്ട അവിടെ കിടന്നു. കണ്ടപ്പൻ തന്റെ പ്രവൃത്തിക്കുവേണ്ടി ഇറങ്ങി അടുക്കിളയിലേക്കും പോയി.

# രണ്ടാം അദ്ധ്യായം.

## കനകമംഗലം.

ഒന്നാം അദ്ധ്യായത്തിന്റെ ആദ്യത്തിൽ 'കനകമംഗലം' എന്ന കുഞ്ഞിക്കൃഷ്ണമേനോൻ പ്രസ്താവിച്ചുവെച്ചിട്ടുള്ളത ഏതൊ ഒരു താലൂക്കിന്റെയൊ ദിക്കിന്റെയൊ അതല്ലാ വല്ല ഗ്രാമത്തിന്റെയൊ വീട്ടിന്റെയൊ പെരായിരിക്കാമെന്ന വായനക്കാരിൽ പലരും പല വിധേന സംശയിപ്പാൻ സംഗതിയുള്ളതാകുന്നു. എന്നാൽ ആ വക സംശയത്തെ പരിഹരിക്കെണ്ടത കേവലം അത്യാവശ്യമാകകൊണ്ട കുഞ്ഞിക്കൃഷ്ണമേനോനെ അംശത്തിലും ഗോവിന്ദനെ പൂമുഖത്തും കണ്ടപ്പനെ അടുക്കളയിലും തല്ക്കാലം വിട്ടുകളയാതിരിപ്പാൻ നിവൃത്തി കാണുന്നില്ലാ. ഇപ്പോൾ പ്രസ്താവിപ്പാൻ പൊകുന്നത കനകമംഗലത്തെ പറ്റി മാത്രമാകകൊണ്ട വായനക്കാരുടെ മനസ്സിനെയും ശ്രദ്ധയെയും അവിടെക്ക പ്രത്യേകം ക്ഷണിക്കെണ്ടിവന്നിരിക്കുന്നു.

കനകമംഗലം എന്ന പ്രസ്താവിച്ചു വെച്ചിട്ടുള്ളത തെക്കെ മലയാളത്തിൽ ഏറ്റവും ശ്രുതിപ്പെട്ട ഒരു ഉൾപ്രദെശമാകുന്നു, എന്ന വായനക്കാരിൽ ചിലരോട പറയുന്നത കേവലം അനാവശ്യമാണെന്ന വരികിലും അധികപക്ഷക്കാരും ഈ പേർ ഇതിന്ന മുമ്പെ കേട്ടിട്ടുണ്ടായിരിക്കയില്ലെന്ന വിശ്വസിക്കുന്നതകൊണ്ട ഈ ഉപനഗരത്തിന്റെ ചുരുക്കമായ ഒരു വിവരണം ഇവിടെ അത്യാവശ്യമായി വരാതിരിപ്പാൻ പാടുള്ളതല്ലാ. ഇത ഏകദേശം മൂന്ന മൈത്സ നീളവും രണ്ടര മൈത്സ വിസ്താരവും ഇതിന്ന മുമ്പ കഴിഞ്ഞിട്ടുള്ള കാനിഷുമാരി

കണക്ക പ്രകാരം മുന്നൂററി നാല്പത്തെട്ട ഭവനങ്ങളും നാലായിരത്തി നാനൂററരുപത്തേഴ നിവാസികളും ഉള്ള ഒരു ചെറിയ ദേശമാകുന്നു. ആകൃതി നോക്കിയാൽ ഏതാണ്ട ഒരു സമഭൂമിയാണെന്ന തന്നെ പറയാം. എങ്കിലും ഇതിന്റെ കിഴക്കഭാഗത്ത വലിയ ദുഷ്ടമൃഗങ്ങൾക്ക അധികമായി താമസിപ്പാൻ സൌകൎയ്യമില്ലാത്ത ഒരു ചെറിയ കുന്നുണ്ട. ആ കുന്നിന്റെ കിഴക്കഭാഗത്ത നിന്ന ഒരു ചെറിയ പുഴ വടക്കോട്ട ഒഴുകി ക്രമേണ പടിഞ്ഞാറൊട്ട തിരിഞ്ഞ ഇതിന്റെ വടക്കെ അതിരായി നരികുന്നി പുഴയോട ചേരുന്നു. അതി വിശേഷമായ വെള്ളം നിറഞ്ഞ എല്ലാ കാലവും യാതൊരു ദുൎഭിക്ഷവും കൂടാതെ പടിഞ്ഞാറോട്ട ഒഴുകുന്ന ഒരു ചെറുതോട ഇതിന്റെ തെക്കെ അതിരായി നില്ക്കുന്നു. അതിലെ വെള്ളം കൃഷിക്കാൎക്ക ആവശ്യംപോലെ ഉപയോഗിപ്പാൻ യാതൊരു തടസ്ഥവും ഇല്ലാത്തതകൊണ്ട ചുററുമുള്ള വയലുകളിൽ പുഞ്ചകൃഷി ധാരാളം ഉണ്ടാക്കി വരുന്നു. ഇതകൂടാതെ വേനൽകാലത്ത ഇതിലെ വെള്ളം അനേകം പേർ കുളിപ്പാനും കുടിപ്പാനും ഉപയോഗപ്പെടുത്തി വരികയും ചെയ്യുന്നു. ൟ ദേശത്തിന്റെ പടിഞ്ഞാറെ ഭാഗത്ത ഒരു വലിയ നിരത്ത ഉള്ളതകൊണ്ട വണ്ടിവഴിയായി ഇവിടെ ഗതാഗതം ചെയ്യുന്നതിന്നും ദൂര രാജ്യങ്ങളിൽ നിന്ന പല സാധനങ്ങളും ഇവിടെ കൊണ്ടുവരുന്നതിന്നും ഇവിടെനിന്ന പല സാധനങ്ങളും അന്യ ദിക്കിലേക്ക കൊണ്ടുപോകുന്നതിന്നും യാതൊരു അസൌകൎയ്യവും ഇല്ലാത്തതിനാൽ ഇത കേവലം ഒരു ഉൾപ്രദേശമെന്ന പറയത്തക്ക ലക്ഷണം മുഴുവൻ സിദ്ധിച്ചിട്ടില്ലാ. ഭൂമി വളരെ സുഭിക്ഷമായിട്ടുള്ളതും നാനാവിധ ഫലവൃക്ഷങ്ങളെ കൊണ്ട അലംകൃതമായി അത്യന്തംശീതളമായു

ള്ളതും ആകുന്നു. ഇവിടെ തെങ്ങ, കവുങ്ങ, അയനി, പുലാവ, മാവ മുതലായ വൃക്ഷങ്ങൾ വളരെ ഉണ്ടെന്ന വരികിലും മുളകുവള്ളി എത്രയൊ ചുരുക്കം മാത്രമെ കാണ്മാനുള്ളു. പല തരത്തിലും ഉള്ള വാഴകൾ പറമ്പുകളിൽ ധാരാളം ഉണ്ട. നേന്ത്രവാഴ കൃഷിചെയ്തു ഉണ്ടാക്കുവാൻ ഈ പ്രദേശക്കാൎക്ക പ്രത്യേകം ഒരു സാമൎത്ഥ്യവും അത്യുത്സാഹവും കാണുന്നത ജന്മികളായ നമ്പൂരിമാൎക്ക പാട്ടശീട്ടിലെ നിശ്ചയപ്രകാരം കുറവു കൂടാതെ കാലം തോറും ഓണവാഴക്കുല കൊടുപ്പാൻ വേണ്ടിയൊ എന്ന തോന്നും. എല്ലാ മാതിരി സസ്യങ്ങളും ഇവിടെ ധാരാളമായി ഉണ്ടാക്കിവരുന്നു എങ്കിലും വെള്ളരിക്കയും ചേനയും ഇത്ര അധികം തെക്കെ മലയാളത്തിൽ മറെറാരു ദിക്കിലും കിട്ടുകയില്ലെന്ന തന്നെ പറയാം. ഇരുപത്തഞ്ചു മേനിയിൽ കുറഞ്ഞ വിളവുണ്ടാകുന്ന കൃഷിനിലങ്ങൾ ഈ പ്രദേശത്ത കാണ്മാനെ പ്രയാസം. പുഞ്ച കൃഷി മുപ്പതും- നാല്പതും- ചിലപ്പോൾ അയ്മ്പതും മേനി വിളയുന്നു എന്ന പറയുന്നത ലേശം അതിശയൊക്തിയല്ല. മേൽപറഞ്ഞ നിരത്തിന്റെ കിഴക്ക ഭാഗത്ത അതിവിശേഷമായ ഒരു ചെറിയ അങ്ങാടിയുണ്ട. അതിന്റെ സമീപം തെക്കകിഴക്ക ഭാഗത്ത എല്ലാ ബുധനാഴ്ചതോറും ഒരു ചന്തയുണ്ട. ചന്തയുടെ വടക്കും അങ്ങാടിയുടെ കിഴക്കുമായിട്ട ഒരു സബറജിസ്ത്രാപ്പീസ്സും ഒരു പോലീസ്സ സ്റ്റേഷനും അല്ലാതെ ഈ ദേശത്ത പറയത്തക്ക യാതൊരു സൎക്കാര എടുപ്പുകളും ഇല്ല. എന്നാൽ പോലീസ്സ സ്റ്റേഷനോട തൊട്ട ഒരു ചെറിയ തപ്പാലാപ്പീസ്സും ഉണ്ട. ഈ പ്രദേശത്തിന്റെ ഏകദേശം മദ്ധ്യത്തിൽ അത്യുത്തമായി പണിചെയ്യിച്ചിട്ടുള്ള ഒരു ചെറിയ കോവിലകം

കാന്തികൾക്കു നേത്രാനന്ദപ്രദമായി ശോഭിച്ചുനില്ക്കുന്നു. ഈ കോവിലകത്തിന്റെ ചുറ്റും പന്ത്രണ്ടു ഫീറ്റിൽ കുറയാതെ ഉയരമുള്ള കന്മതിലുകൾ കെട്ടി നാലു ഭാഗത്തും ഓരോ ചെറിയ ഗോപുരം തീൎത്തിട്ടുണ്ടു. അതിൽ പടിഞ്ഞാറെ ഗോപുരത്തിന്റെ മുകളിൽ വൃത്താകാരമായി ഒരു നാഴികമണി വെച്ചിരിക്കുന്നു. അതു മണിക്കൂറുതോറും അടിക്കുന്ന ശബ്ദം ഒരു നാഴിക ദൂരെ നല്ലവണ്ണം കേൾക്കാം. ആ ഗോപുരത്തിന്റെ പടിഞ്ഞാറെ ഭാഗത്തു ഉഷ്ണകാലത്തിൽ ജനങ്ങൾക്കു കാറ്റുകൊണ്ടിരിപ്പാൻ തക്കവണ്ണം അതി വിശേഷമായി തറകൾ കെട്ടിയ രണ്ടു വലിയ അരയാൽ വൃക്ഷങ്ങൾ ഉണ്ടു. അവകളുടെ പടിഞ്ഞാറു ഭാഗത്തു ഭംഗിയായും ഉറപ്പായും കല്ലുകൊണ്ടു കെട്ടിപ്പടുത്തിട്ടുള്ള ഒരു ചെറിയ കുളം ഉണ്ടെങ്കിലും അതിലെ വെള്ളം സദാകാലവും പച്ച നിറഞ്ഞു നാറി വഷളായി കിടക്കുന്നതുകൊണ്ടു കുറെ ദേഹവൃത്തിയും സുഖവും കാംക്ഷിക്കുന്ന യാതൊരു ജനവും ഇതിൽ കുളിച്ചുവരുമാറില്ല. കോവിലകത്തു നാനാവിധമായ പരിചാരപ്രവൃത്തിയെടുത്തു ഉപജീവനം കഴിക്കുന്ന സ്ത്രീകൾ ഈ കുളത്തിന്റെ ചുറ്റുമുള്ള കുടിലുകളിലാണു പാൎക്കുന്നതു. അവർ ദിവസംപ്രതി പാത്രവും മറ്റും തേച്ചുകഴുകുന്നതുകൊണ്ടോ ഈ കുളത്തിലെ വെള്ളം ഇത്ര വഷളായിപ്പോയതു എന്നു സംശയിപ്പാൻ ഇടയുണ്ടു. മേൽപറഞ്ഞ കോവിലകത്തിന്റെ തെക്കേഭാഗം ബ്രാഹ്മണരുടെ പത്തിരുപത്തഞ്ചു മഠങ്ങളും വടക്കേഭാഗത്തു പ്രത്യേകം സസ്യാദികൾ നട്ടുണ്ടാക്കുന്ന ഒരു ചെറിയ വയലും ഉണ്ടു. കിഴക്കേഭാഗത്തു ഏകദേശം എഴുപത്തഞ്ചു വാര ദൂരെ അതി മനോഹരമായ ഒരു വിഷ്ണുക്ഷേത്രം ഉണ്ടു. അവിടെ രാധാ കൃഷ്ണപ്രതിഷ്ഠയാണു. ക്ഷേത്രത്തിന്റെ മുൻഭാഗത്തു വിശേഷമായ

ഒരു ദീപസ്തംഭവും വളരെ ഉയരമുള്ള ഒരു കൊടിമരവും നാലു ഭാഗത്തും വിശേഷമായ കന്മതിലും കിഴക്കും വടക്കും ഓരോ ഗോപുരവും ഉണ്ട. ക്ഷേത്രത്തിൽ ദിവസംപ്രതി മൂന്ന നേരവും പൂജയും ശീവേലിയും ഉള്ളതുകൊണ്ടും വടക്കഭാഗത്ത സ്ഫടികംപോലെ അതി നിൎമ്മലമായ വെള്ളം സദാകാലവും നിറഞ്ഞുനില്ക്കുന്ന ഒരു വലിയ ചിറയുള്ളതകൊണ്ടും ഇവിടെയുള്ള ജനബാഹുല്യം ഇത്രയാണെന്ന ഖണ്ഡിച്ചു പറവാൻ പ്രയാസം. ചിറയുടെ പടിഞ്ഞാറെ ഭാഗത്ത പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്ന വേണ്ടി പ്രത്യേകം ഏൎപ്പെടുത്തീട്ടുള്ളതും "കനകമംഗലം ഫീമെൽ മിഡിൽ സ്കൂൾ" എന്ന പേർ വിളിച്ചുവരുന്നതും ആയ ഒരു ഇംഗ്ലീഷ പാഠകശാലയുണ്ട. അതിൽവെച്ച സംഗീതവും സംസ്കൃതവും തുന്നൽ മുതലായ ശില്പപ്രവൃത്തിയും കൂടി അഭ്യസിപ്പിച്ചു വരുന്നതിനാൽ എല്ലാ തരത്തിലും കൂടി ദിവസംപ്രതി അറുപതിൽ അധികം ബാലികമാർ ഹാജരായി പഠിച്ചുവരുന്നു. ൟ ചെറയുടെ വടക്കഭാഗത്താണ കുലീനന്മാരും ധനികന്മാരുമായ അനേകം നായന്മാർ പാൎത്തുവരുന്നത. കിഴക്കഭാഗത്ത കന്മന, കരുവാഴ, കാക്കനൂർ എന്നിങ്ങിനെ അത്യന്തം ശ്രുതിപ്പെട്ട മൂന്ന മനകൾ ഉള്ളതിൽ കന്മന സ്മാൎത്തനും, കരുവാഴ വൈദികനും, കാക്കനൂർ വാദ്ധ്യാനും ആകുന്നു. ഇവർ മൂന്ന പേരും വലിയ ജന്മികളും സമ്പന്നന്മാരും ആകുന്നു. സംക്ഷേപിച്ചു പറയുന്നതായാൽ കനകമംഗലം എന്നുള്ള പേർ ൟ പ്രദേശത്തിന്ന യഥാൎത്ഥമായിട്ടുള്ളതാണ. കോവിലകത്തിന്റെ പേർ കനകമംഗലം എന്നായതുകൊണ്ടായിരിക്കാം ചുറ്റുമുള്ള പ്രദേശത്തിന്നും ആ പേർ തന്നെ വിളിച്ചുവരുന്നത.

മേൽപറഞ്ഞ ചിറയുടെ വടക്കഭാഗത്താണ ധനവാന്മാരായ അനവധി നായന്മാർ പാൎത്ത വരുന്നത എന്ന പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അതിൽ ചിറയുടെ വടക്കെകിഴക്ക ഏകദേശം അൻപത വാര ദൂരെ നാലഭാഗവും അതിമനോഹരമായി കന്മതിലുകൾ കെട്ടി കിഴക്കും പടിഞ്ഞാറും ഓടിട്ട ഓരൊ ചെറിയ പടിപ്പുരയോടുകൂടിയ ഒരു വലിയ മാളിക ഭവനം ഉണ്ട. അതിന്റെ കിഴക്കെ പടിപ്പുരയിലോളം വണ്ടിയും മററും ചെല്ലേണ്ടതിന്ന തക്കവണ്ണം ഇരുഭാഗവും വെട്ടുകല്ലുകൾകൊണ്ട ഒരു ചാൺ പൊക്കത്തിൽ വിശേഷമായി കെട്ടി മഴക്കാലത്ത വെള്ളം പോകേണ്ടതിന്ന ഇടയിടയിൽ ചെറിയ ഓവുകൾ വെച്ച മീതെ ചരലിട്ട നല്ലവണ്ണം അമൎത്തി ഒരു നിരത്ത വളരെ ദൂരത്ത നിന്നതന്നെ ഉണ്ടാക്കീട്ടുണ്ട. കിഴക്കെ പടിപ്പുരയിൽ നിന്ന നടവഴിയിലേക്ക ഇറങ്ങിചെല്ലുവാൻ കല്ലുകൊണ്ട കെട്ടി വിശേഷമായി വെള്ളക്കുമ്മായം ഇട്ട മീതെ ചൂടിപ്പായി വിരിച്ചിട്ടുള്ള പടവുകൾ ഉണ്ട. നടവഴി ഏകദേശം പന്ത്രണ്ട വാര നീളവും രണ്ടര വാര അകലവും ഉണ്ട. അതിന്റെ രണ്ടുഭാഗത്തും ഒന്നരച്ചാൺ പൊക്കത്തിൽ കല്ലുകൊണ്ട മനോഹരമായ ഒരുവിധം മതിലുണ്ടാക്കി മുകളിൽ നിരക്കെ പലവിധം പൂച്ചട്ടികൾ വെച്ചിരിക്കുന്നു. മുററം നടവഴിയേക്കാൾ നാൽ ഇഞ്ച താണിരിക്കുന്നു. കിഴക്കും തെക്കും പടിഞ്ഞാറുമുള്ള മുററങ്ങൾ പത്തുവാരയിൽ കുറയാതെ വിസ്താരം ഉണ്ട. ചുററും ഒന്നരഫീററ ഉയരത്തിൽ മൺമതിലുകൾ ഉണ്ടാക്കി മുകളിൽ ഏകദേശം ഒരുചാൺ അകലെ പനിനീർ, മന്ദാരം, മുല്ല, പിച്ചകം മുതലായ നാട്ടുചെടികളും ലതകളും ഇടക്കിടക്ക ഭംഗിയുള്ള പലമാതിരി ഇംഗ്ലീഷ ചെടികളും വെച്ച പിടിപ്പിച്ചിരിക്കുന്നു. കിഴക്കെ മുററത്ത വളരെ വിശേ

ഷമായി തീൎത്തിട്ടുള്ള ഒരു ലതാഗൃഹം ഉണ്ട. അതിന്റെ മുകളിൽ പടൎന്ന മൂടികിടക്കുന്ന പലവിധം ലതകളുടെയും ഇടയിടെ വികസിച്ച നില്ക്കുന്ന അനേകമാതിരി പുഷ്പങ്ങളുടെയും ഫലങ്ങളുടെയും ഭംഗി ദൂരത്തനിന്ന കണ്ടാൽ അതിവിശേഷമായ ഒരു പരവധാനികൊണ്ട മൂടിയതൊ എന്ന ആരും ശങ്കിച്ചുപോകാതിരിക്കയില്ല. ൟ ലതാഗൃഹത്തിന്റെ അന്തൎഭാഗത്തിൽ ചാരിയിരിപ്പാനും മററും വേണ്ടി ചുററും ഒരുമാതിരി ഭംഗിയുള്ള ബെഞ്ചുകൾ ഇട്ടിരിക്കുന്നു. വേനൽകാലമാകകൊണ്ട മുററം മുഴവനും ചെമ്മണ്ണതേച്ച മിനുക്കി നന്നാക്കി ഏററവും ശുചിയായി വെച്ചിട്ടുള്ളത കണ്ടാൽ അപൂൎവ്വമായ ഒരുവിധം ചെങ്കല്ലുകൾ പതിച്ചതൊ എന്ന തോന്നും. കിഴക്കും പടിഞ്ഞാറുമുള്ള മുററങ്ങളുടെ വടക്കഭാഗത്ത ഏകദേശം എട്ടഫീററ ഉയരമുള്ള ചുമരുകൾ കെട്ടി മുട്ടിച്ചിരിക്കുന്നു എങ്കിലും കിഴക്കെമുററത്തനിന്ന വടക്കെമുററത്ത കടപ്പാൻ ഒരു കട്ടിലവാതിൽ വെച്ചിട്ടുണ്ട. ഭവനത്തിന്റെ നാലഭാഗത്തും രണ്ടവാരയകലത്തിൽ ഏകദേശം ഒരിക്കോൽപൊക്കത്തിൽ തറകെട്ടി ഇടയിടെ ചിത്രത്തൂണുകളോടുകൂടിയ വരാന്തയുണ്ട. കിഴക്കും പടിഞ്ഞാറും ഓരോ പൂമുഖം ഉള്ളതിൽ കിഴക്കെ പൂമുഖത്തെ പടിഞ്ഞാറെ ചുമരിന്മേൽ ഒരു നാഴികമണി വെച്ചിട്ടുള്ളതല്ലാതെ മററ യാതൊരലങ്കാരവും ഇല്ലാ. പടിഞ്ഞാറെ പൂമുഖത്തിന്ന കുറെ അധികം ഭംഗികൂട്ടും. ഇതിന്റെ കിഴക്കെ ചുമരിന്മേൽ ഒരുമാതിരി പച്ചക്കല്ലുകൊണ്ട സഹജമാണെന്ന തോന്നത്തക്ക വിധത്തിൽ അത്യത്ഭുതമായി കണ്ണുകൾവെച്ച തോൽകൊണ്ട പൊതിഞ്ഞ പഞ്ഞിനിറച്ച കൊമ്പുകളോടുകൂടിയ രണ്ട കാട്ടിത്തലയും വടക്കെ ചുമരിന്മേൽ അതപ്രകാരംതന്നെ രണ്ട കലമാൻതലകളും വെച്ചിട്ടുള്ളത കണ്ടാൽ മേൽപറഞ്ഞ മൃഗങ്ങൾ ഗൃഹാന്ത

ഭാഗത്തിൽനിന്ന പുറത്തേക്ക തലകൾ കടത്തി എത്തിനോക്കുന്നതൊ എന്ന നിസ്സംശയം തോന്നിപ്പോകാതിരിക്കയില്ലാ. മനോഹരമായ ഈ ഗൃഹാന്തർഭാഗത്തിന്റെ കിഴക്കവശം വിശാലമായി ഒഴിഞ്ഞുകിടക്കുന്ന ഒരു വലിയ തളമാണ. പൂമുഖത്തനിന്ന ഇതിലേക്ക പ്രവേശിപ്പാൻ ദീൎഘവിസ്താരങ്ങളോടുകൂടി ഒരു വാതിൽ വെച്ചിട്ടുണ്ട. അതിന്റെ രണ്ടുഭാഗത്തും ഓരൊ വലിയ ജനേല ഉണ്ട. ഇതപ്രകാരംതന്നെ തെക്കവടക്ക ഭാഗങ്ങളിലും അംഗുഷ്ഠപ്രമാണം ഇരിമ്പഴികൾ ഇട്ടിട്ടുള്ള ഓരൊ ജനേൽ വെച്ചിരിക്കുന്നതകൊണ്ട വായുപ്രചാരത്തിന്ന വളരെ സൌകൎയ്യം സിദ്ധിച്ചിട്ടുണ്ട. അതിന്റെ പടിഞ്ഞാറെ ചുമരിന്മേൽ വീട്ടികൊണ്ട ചട്ടംകൂട്ടി ഭംഗിയിൽ നിറമിട്ട കണ്ണാടിച്ചില്ല വെച്ചിട്ടുള്ള രണ്ട അൾമെറ പതിച്ചിരിക്കുന്നു. ചുമരുകൾ വിശേഷമായ ചിത്രക്കണ്ണാടികൾകൊണ്ടും അതിയോഗ്യന്മാരായ പലരുടെയും പ്രതിഛായകൊണ്ടും അലങ്കരിച്ചിട്ടുള്ളതിന്നപുറമെ അവയുടെ ഭംഗിയെ സ്ഫുരിപ്പിക്കേണ്ടതിന്നവേണ്ടി പച്ച, വെള്ള, ചുകപ്പ ഈ വണ്ണത്തിലുള്ള മൂന്ന വലിയ ഗ്ലോബുകൾ എത്രയൊ വെളുത്ത വസ്ത്രംകൊണ്ട വിതാനിച്ചിട്ടുള്ള തട്ടിന്റെ നടുപ്പന്തിയിൽ തെക്കവടക്കായി ഏകദേശം നന്നാലവാരയകലെ തൂക്കീട്ടും ഉണ്ട. ഈ തളത്തിൽനിന്ന പടിഞ്ഞാറൊട്ട കടപ്പാൻ മദ്ധ്യത്തിൽ വെച്ചിട്ടുള്ള വാതിലിൽകൂടി ഉള്ളിലേക്ക പ്രവേശിച്ചാൽ നാലഭാഗവും രണ്ട വാരയകലത്തിൽ വിശേഷമായ കോലായോടുകൂടി വൃത്താകാരത്തിൽ ഒരു ചെറിയ നടുമുററം കാണാം. അതിന്റെ അടിയിൽ എട്ടവിരൽ ചതുരശ്രമുള്ള ഒരുവിധം ചുവന്ന ഇഷ്ടികകൾ പതിച്ചിരിക്കുന്നു. അതിന്റെ തെക്കഭാഗം ഉദങ്മുഖമായിട്ട രണ്ട

വിസ്താരമുള്ള അറകളും പടിഞ്ഞാറെഭാഗം തെക്കെവശം ഒരു മുറിയും വടക്കെവശം അതി കൌതുകമായ ഒരറയും ഉണ്ട. അറയുടെ വടക്കെഭാഗം മുഴുവനും വിശാലമായി ഒഴിഞ്ഞു കിഴക്കോട്ടു നീണ്ടുകിടക്കുന്ന ഒരു തളമാകുന്നു. മേൽപറഞ്ഞ അറകളിലും മുറികളിലും അവസ്ഥാനുസരണമായി ഒന്നും രണ്ടും ജനേല്യകളും തളത്തിന്റെ പടിഞ്ഞാറ ഭാഗം ഒരു ചാരുപടികൂട്ടവും വെച്ചിട്ടുണ്ട. ഈ തളത്തിൽ നിന്ന അടുക്കളയിലേക്ക പ്രവേശിപ്പാൻ വടക്കെഭാഗം ഒരു വാതിലും ഉണ്ട. ഇതിന്റെ കിഴക്കെഭാഗത്ത പശ്ചിമാഭിമുഖമായി വിശാലമായ ഒരു കലവറമുറിയാൽ കീഴഭാഗം പണി മുഴുവനും അവസാനിപ്പിച്ചിരിക്കുന്നു. ആദ്യത്തിൽ പ്രസ്താവിച്ച വലിയ തളത്തിലും മേൽപറഞ്ഞ മൂന്ന അറകളിലും ശേഖരിച്ചു വെച്ചിട്ടുള്ള പലവിധ ഉപകരണങ്ങളെ ഓരോന്നോരോന്നായി വിവരിക്കുന്നത വായനക്കാൎക്ക അരുചിയും നിരസവും ജനിപ്പിക്കുമൊ എന്നുള്ള സംശയത്താൽ ഇപ്പോൾ അവയെപറ്റി യാതൊന്നും പ്രസ്താവിക്കാത്തതാകുന്നു. കാലൊചിതമായി മറെറാരടിക്കൽ തരംപോലെ വിവരിച്ചുകൊള്ളാം. കീഴ്ത്തട്ടിന്റെ ഭംഗി ഈവിധം ഇരിക്കുമ്പോൾ മേൽതട്ട ഇതിലും എത്ര മനോഹരമായിരിക്കേണ്ടതാണെന്ന എളുപ്പത്തിൽ ഊഹിപ്പാൻ കഴിയുന്നതാണ. അതിന്റെ ചുരുക്കമായ ഒരു വിവരണവും മറെറാരദ്ധ്യായത്തിലേക്കായി നിൎത്തിവെച്ചിരിക്കുന്നു. പുത്തൻമാളികക്കൽ എന്ന പ്രസിദ്ധപ്പെട്ട ഈ ഭവനം വായനക്കാരുടെ ഹൃദയത്തിങ്കൽ അത്യാനന്ദം ജനിപ്പിപ്പാൻ ഇടയുള്ളതാകകൊണ്ട പ്രത്യേകം ഇതിനെ വൎണ്ണിപ്പാൻ സംഗതിവന്നതാണെന്ന ക്രമേണ മനസ്സിലാവുന്നതാണ.

# മൂന്നാം അദ്ധ്യായം.

## മറുപടി.

നേരം ഏകദേശം ഏഴുമണി കഴിഞ്ഞു. പോകുമ്പോൾ പറഞ്ഞപ്രകാരം കുഞ്ഞികൃഷ്ണമേനോൻ മടങ്ങി എത്താത്തതുകൊണ്ട ഗോവിന്ദന വലിയ പരിഭ്രമമായി. താഴെ പൂമുഖത്ത വന്നുനിന്ന കിഴക്കോട്ട നോക്കിക്കൊണ്ട ഓരോന്ന വിചാരിച്ചുതുടങ്ങി. "എന്താണ മൂപ്പര ഇന്ന വരില്ല എന്നുണ്ടൊ? മടങ്ങിവരുന്നതായിരുന്നു എങ്കിൽ ഇതിന്ന മുമ്പെതന്നെ എത്തെണ്ടതായിരുന്നു. ആറ മണിക്ക നിശ്ചയമായും മടങ്ങിഎത്തും എന്നല്ലെ പറഞ്ഞിട്ടുണ്ടായിരുന്നത? ദുഷ്ടമായ പെരുവഴിയിൽകൂടി ഒരു രാത്രിസമയം കടന്ന പോരുന്നത വലിയ പ്രയാസമാണല്ലൊ? അദ്ദേഹത്തിന്ന എന്താണ പ്രയാസം? മഞ്ചലിൽ കയറികിടന്നാൽ പോരെ? അമാലന്മാരല്ലെ ബുദ്ധിമുട്ടുന്നത? ബുദ്ധിമുട്ടിക്കോട്ടെ? വെറുതെയാണൊ മാസ്സപ്പടികൊടുക്കുന്നത? ഇന്ന മടങ്ങി വന്നിട്ടില്ലെങ്കിൽ കാൎയ്യത്തിന്ന വളരെ തരക്കേടും ഉണ്ട. രാവിലെ പോകുന്നകാൎയ്യം പിന്നെഗോപിതന്നെ. പോരുന്നസമയം താക്കോലെങ്കിലും അവിടെ കൊടുത്ത പോന്നിട്ടുണ്ടായിരുന്നുവെങ്കിൽ അത്ര വിചാരിക്കാനില്ലയായിരുന്നു. എന്താണീശ്വരാ വേണ്ടത? കാൎയ്യം ബുദ്ധിമുട്ടായല്ലൊ? മൂപ്പര മടങ്ങി വരുന്നുണ്ടായിരിക്കണം. ഇപ്പോൾ ഏകദേശം പകുതിവഴിക്ക എത്തിപ്പോയി. മഞ്ചക്കാരുടെ മൂളലല്ലെ കേൾക്കുന്നത? എവിടെ കേൾക്കുന്നു? ഒരു മൂളലും ഇല്ല മുരളലും ഇല്ല. വെറുതെ ഓരോന്നു തോന്നുന്നതാണ. ബുദ്ധിക്ക പരിഭ്രമമായാൽ ഇങ്ങിനെ ഓരോന്ന തോന്നാറുണ്ട. എന്നെ ഇവിടെ നിൎത്തിട്ടല്ലെ

പോയതു. അതുകൊണ്ടെന്താണ? ഇന്നുതന്നെ വരണം എന്നുണ്ടോ? അല്ലെ ഞാൻ ഇവിടെ ഉണ്ടെന്നുള്ള ഓൎമ്മ വിട്ടുപോയൊ? ആര കണ്ടു? ഉദ്യോഗസ്ഥന്മാൎക്ക അങ്ങിനെയെല്ലാം വരാനിടയുണ്ട. മജിസ്ട്രേട്ട ഇന്നാൾ ഒരു ദിവസം എന്നെ കണ്ടിട്ട അറിഞ്ഞില്ലല്ലൊ? മുമ്പ ഞങ്ങൾതങ്ങളിൽ എത്ര വലിയ പരിചയം ആയിരുന്നു? ഉദ്യോഗം എന്ന തിമിരം ബാധിച്ചാൽ ചിലരുടെ കണ്ണിന്നും മനസ്സിന്നും വെളിച്ചം നന്നെക്കുറയും. പണ്ട നടന്നതും കഴിഞ്ഞതും പിന്നെ ഒരു ലേശം ഓൎമ്മയുണ്ടാകില്ല. മുമ്പ കണ്ടിട്ടുള്ള ധാരണകൂടി ചിലൎക്ക ശൂന്യമായിട്ടാണ കാണുന്നത എല്ലാ ഇന്ദ്രിയങ്ങൾക്കും ഉദ്യോഗം കിട്ടുമ്പോഴെക്ക ഒരു ക്ഷീണം തട്ടും ഉദ്യോഗതിമിരം വല്ലാത്ത ഒരു വ്യാധിയാണ. ശരീരം പാങ്ങല്ലാതെ തടിച്ചുവശായവൎക്ക പ്രമേഹരോഗം കിട്ടു പോലെയാണ ഈ തിമിരം ചിലരെ ബാധിക്കുന്നത. കഷ്ടസ്ഥിതിയിൽനിന്ന വലുതായ കൂട്ടരെയാണ ഇത അധികമായി ഉപദ്രവിക്കുന്നത. ഇയ്യിടെ ഒരു ഉദ്യോഗസ്ഥൻതന്റെ ചില സ്നേഹിതന്മാരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സാധുവായ അച്ഛൻ വളരെ താണമട്ടിൽ പടികയറിവരുന്നതകണ്ടിട്ട തന്റെ വീട്ടിൽപാൎക്കുന്ന ഒരുത്തനാണെന്ന അവരോട പറകയുണ്ടായി. എന്നാൽ കുഞ്ഞികൃഷ്ണമേനോൻ ഈ കൂട്ടത്തിലെങ്ങും ചേൎന്ന ഒരു മനുഷ്യനല്ലെന്നാണ സകല ജനങ്ങളും പറയുന്നത. ഉദ്യോഗസ്ഥന്മാരുടെ നിലയും പ്രതാപവും അദ്ദേഹത്തിന്ന ഇതുവരെ ഞാൻ കണ്ടിട്ടില്ല. അതുകൊണ്ട ഞാൻ വന്നകാൎയ്യം മറന്നുപോയിട്ടുണ്ടായിരിക്കില്ല. ഇന്ന അംശത്തിൽ പാൎക്കണ്ടിവരുമെന്നുള്ള സംശയം അദ്ദേഹത്തിനുണ്ടായിരുന്നു എങ്കിൽ ഒരു മറുപടിയും തന്നെ എന്നെ എന്റെപാട്ടിൽ

അയക്കമായിരുന്നു. അദ്ദേഹം കാര്യംവിട്ട കളിക്കുന്ന പുരുഷനല്ല. ആ വകക്കാരെ കണ്ടാൽതന്നെ അറിയാം".

ഗോവിന്ദൻ ഇങ്ങിനെ പലതും വിചാരിച്ച പരിഭ്രമിച്ച കുഞ്ഞികൃഷ്ണമേനോൻ വരുന്നുണ്ടോ എന്ന കൂടക്കൂടെ പടിക്കൽ ചെന്ന നോക്കിയും കുറെ നേരം അവിടെത്തന്നെ നിന്നും വരുന്നതിന്റെ യാതൊരു ചിഹ്നവും കാണാതെ വിഷാദിച്ച തിരികെ കൊലായിൽ വന്ന കുറെ കുത്തിരുന്നും കണ്ടപ്പനെ വിളിച്ച പലതും ചോദിച്ചും പിന്നെയും പടിക്കൽ പോയി നൊക്കിയും ഇങ്ങിനെ 'ഓട്ടുരുകിയമൂശാരിയെപ്പോലെ' കളിക്കുമ്പോൾ ദൂരത്തുനിന്ന ഒരു മുഴക്കവും കോലാഹലവും കേട്ടു. മഞ്ചക്കാരുടെ ശബ്ദമാണെന്ന ഗോവിന്ദന അപ്പോൾ മനസ്സിലായി. ഓടിവന്ന കണ്ടപ്പനെ വിളിച്ച 'മൂപ്പര വരുന്നുണ്ട' എന്ന പറഞ്ഞു. കണ്ടപ്പൻ ബദ്ധപ്പെട്ട ഒരു പാനീസ്സ എടുത്ത തുടച്ച ഒരു മെഴുത്തിരിയും വെച്ച തീക്കൊളുത്തി വെളിച്ചവുംകൊണ്ട പടിക്കൽ ചെന്നുനിന്നു. അപ്പോൾ ശബ്ദം കേൾക്കുന്നതോടുകൂടിതന്നെ ദൂരത്തനിന്ന ഒരു വലിയ വെളിച്ചവും കണ്ടുതുടങ്ങി. മഞ്ചക്കാരുടെ ശബ്ദമാണെ കേൾക്കുന്നത എന്ന ഗോവിന്ദൻ വിചാരിച്ചത ശരിയായിരുന്നു. കിഴക്കെ വയലിലെ ഊടവഴിയിൽകൂടി നേരെ പടിഞ്ഞാറോട്ട ഒരു മഞ്ചൽ എടുത്ത മൂളികൊണ്ടവരുന്നത കണ്ടു. കണ്ടപ്പൻ പാനീസ്സും എടുത്ത പടിയിറങ്ങി മഞ്ചൽ വരുന്നതിന്ന നേരെ ബദ്ധപ്പെട്ട ചെല്ലാൻ ഭാവിച്ചപ്പോൾ ഗോവിന്ദൻ അവനോട 'പാനീസ്സുംകൊണ്ട ഞാൻ പോകാം. താൻ പൊയി മൂപ്പർ വരുമ്പഴക്ക വേണ്ടതെല്ലാം ഒരുക്കാൻ നൊക്കു. നെരത്തെ ഉത്തിരി ചായ കുടിച്ച പോയതല്ലെ? വിശക്ക

ന്നുണ്ടായിരിക്കാം' എന്നു പറഞ്ഞു പാനീസ്സും വാങ്ങി കിഴക്കോട്ടു ഓടിച്ചെന്നു. താൻ തന്നെ പാനീസ്സും കൊണ്ടു ചെല്ലുന്നതു കുഞ്ഞികൃഷ്ണമേനോന്ന അധികം സന്തോഷമായിരിക്കും എന്നു വിചാരിച്ചിട്ടാണ ഗോവിന്ദൻ ഇത്ര തിരക്കിട്ടു പാഞ്ഞതു. നേരെ വരുന്ന മഞ്ചൽ അപ്പോൾ അവിടെനിന്നു തിരിഞ്ഞു തെക്കെ ഇടവഴിയിലേക്കു പോകുന്നതു കണ്ടു. രാത്രിസമയമാകകൊണ്ടു വഴി തെററിപോയതായിരിക്കാമെന്നു വിചാരിച്ചു ഗോവിന്ദൻ ഇടവഴിയിലേക്കു ഓടി. അടുത്തു എത്തുമ്പഴക്കു അതു ഏകദേശം രണ്ടുമൂന്നു ഇടവഴി ദൂരം കഴിഞ്ഞുപോയിരിക്കുന്നു. പാഞ്ഞുചെന്നു നോക്കുമ്പഴക്കു അതു കുഞ്ഞികൃഷ്ണമേനോനല്ല. പൂക്കോട്ടു മനക്കലെ ജയന്തൻ നമ്പൂരിപ്പാടായിരുന്നു. ഗോവിന്ദൻ ഇത്രയെല്ലാം അദ്ധ്വാനിച്ചു പാഞ്ഞിട്ടു ഒരു ഫലവും ഉണ്ടായില്ലെന്നല്ലാ ഉടുത്തു മുണ്ടിന്റെ വക്കും കാലോടു കുടുങ്ങി പൊട്ടി, പോരെങ്കിൽ അമാലന്മാർ മുക്കുവരായിരുന്നതുകൊണ്ടു അനാവശ്യമായി ശുദ്ധംമാറലും കഴിഞ്ഞു. ഗോവിന്ദന്റെ ഇച്ഛാഭംഗവും വ്യസനവും മടങ്ങി പോരുമ്പോഴുള്ള മുഖഭാവവും വിഷണ്ണതയും വായനക്കാൎക്കു എളുപ്പത്തിൽ ഊഹിക്കാവുന്നതാണ.

ഗോവിന്ദൻ പാനീസ്സും വാങ്ങി പടിയിറങ്ങിയ ക്ഷണത്തിൽ കണ്ടപ്പൻ അടുക്കിളയിൽചെന്നു നോക്കുമ്പൊഴക്കു അടുപ്പത്തുണ്ടായിരുന്ന അരി വെന്തു നീറിപ്പോയിരിക്കുന്നു. ഒരുമുറി നാളികേരം നിലത്തു വെച്ചിട്ടുണ്ടായിരുന്നതു ഒരു പൂച്ചയും കടിച്ചുകൊണ്ടുപോയി. എങ്കിലും അതൊന്നും ബഹുമാനിക്കാതെ കുഞ്ഞികൃഷ്ണമേനോന്ന കുറെ ചായ തെയ്യാറാക്കേണ്ടതിന്നു വെള്ളം അടുപ്പത്താക്കി കാൽ

കഴുകുവാൻ ഒരു ചെപ്പുകുടം വെള്ളവും ഒരു വലിയ ചെമ്പുകിണ്ടിയും കൊണ്ടുവന്ന ഇറയത്തു വെച്ചു മാളികയുടെ മുകളിൽപോയി ചെല്ലംതുറന്നു ഒരിക്കൽ മുറുക്കാനും ഉണ്ടാക്കി ബദ്ധപ്പെട്ടു ഉമ്മറത്തെകോലായിൽ വന്നു. മഞ്ചക്കാരെയും കുഞ്ഞികൃഷ്ണമേനോനെയും കാണാഞ്ഞു അന്ധനായി നാലുപാടും നോക്കിക്കൊണ്ടു നില്ക്കുന്നമദ്ധ്യേ ഗോവിന്ദൻ പത്തുക്കു മടങ്ങിഎത്തി ഉണ്ടായ വിവരംഒക്കെയും കണ്ടപ്പനോട പറഞ്ഞു. തങ്ങൾക്കു വന്നിട്ടുള്ള അപകടത്തെയും ഇച്ഛാഭംഗത്തെയും കുറിച്ചു ഓരോന്ന പറഞ്ഞു വ്യസനിച്ചു രണ്ടാളും കുറെനേരം കോലായിൽ ഇരുന്നു. കുഞ്ഞികൃഷ്ണമേനോൻ എനി മടങ്ങിവരില്ല എന്നു ഏകദേശം നിശ്ചയിച്ചു ഗോവിന്ദൻ നിരാശനായിട്ടു പാനിസ്സും എടുത്തു രണ്ടാമത്തും കുളിപ്പാൻവേണ്ടി കുളങ്ങരക്കു പോയി. കണ്ടപ്പൻ അടുക്കിളയിൽചെന്നു തേങ്ങമുറി കൊണ്ടുപോയ പൂച്ചയെപിടിച്ചു ഒരുപടി തല്ലി. പൂച്ച അടികൊണ്ട വേദനയാൽ കണ്ടപ്പനെ മാന്തിക്കീറി ഇടത്തെ കയ്യിന്റെ നടുവിരൽ കടിച്ചു ചീന്തിക്കളഞ്ഞു. കണ്ടപ്പൻ ഇത്തിരി എണ്ണ എടുത്തു പൂച്ചകടിച്ചു വിരൽക്കു പുരട്ടി ഉഴിയുന്നമദ്ധ്യേ കുഞ്ഞികൃഷ്ണമേനോൻ എത്തി. രാത്രിസമയമാകയാൽ മഞ്ചലിൽകയറുന്നത അപകടവും അമാലന്മാൎക്കു ഉപദ്രവവും ആണെന്നു വിചാരിച്ചു അദ്ദേഹം വലിയകുപ്പായവും തലെക്കെട്ടും എടുത്തു മഞ്ചലിൽവെച്ചു ഒരു ഷൊട്ട മാത്രം ഇട്ടു ഒരുമിച്ചുണ്ടായിരുന്ന അഹമ്മതിനെ മഞ്ചലിന്റെ ഒന്നിച്ചു വരുവാൻ ഏല്പിച്ചു ശങ്കരമേനോനൊട്ടും കോമൻനായരോട്ടുംകൂടി പത്തുക്കെ നടക്കയാണ ചെയ്തത. അതകൊണ്ട കോലായിൽ എത്തിവിളിക്കുന്നവരെ കണ്ടപ്പന്റെ മനസ്സിലായില്ല. കാലും മുഖവും കഴുകി തോൎത്തി

കോലായിൽ കാററുകൊണ്ടിരുന്ന ആശ്ചൎയ്യപ്പെട്ടിരിക്കുന്നമദ്ധ്യ ഗോവിന്ദനും കുളി കഴിഞ്ഞു "കുഞ്ഞികൃഷ്ണമേനോൻ എന്നിയും എത്തീലെല്ലൊ" എന്ന മനോവ്യസനത്തോടെ വന്നു-മുററത്തിറങ്ങിയ ക്ഷണത്തിൽ അവന്ന കാൎയ്യം മനസ്സിലായി. കുഞ്ഞികൃഷ്ണമേനവനെ കണ്ടപ്പോൾ അവന്റെ കണ്ണിന്നും മനസ്സിന്നും എന്നുവേണ്ടാ ആപാദചൂഡം സകല അംഗങ്ങൾക്കും അസാമാന്യമായ ഒരു തണുപ്പുണ്ടായി. പരമാനന്ദ സമുദ്രത്തിൽ മുഴകി ഇവൻ മൂന്നാമതും ഒരു കുളികഴിച്ചു. ഉടനെ പോയി ഈറൻമാററി പതുക്കെ കോലായിൽ വന്നുനിന്നു. കുഞ്ഞികൃഷ്ണമേനോൻ ഗോവിന്ദനോട അംശത്തിൽപോയിട്ടുണ്ടായിരുന്ന സംഗതിയെപ്പററി കുറച്ചുമാത്രം സംസാരിച്ചു പിന്നെ കുളിപ്പാൻവേണ്ടി കുളിപ്പുരയിലേക്കു പോയി. വേഗത്തിൽ കുളികഴിഞ്ഞു മടങ്ങിവന്നതിൽപിന്നെ ഗോവിന്ദനും താനും കൂടി ഊണകഴിച്ചു മുകളിലെ പൂമുഖത്തേക്കു പോയി.

ഉഷ്ണാധിക്യമുള്ള കാലങ്ങളിൽ ഏതെങ്കിലും ഒരു രാത്രി അരമണിക്കൂറനേരം ഈ പൂമുഖത്തിരിപ്പാൻ വല്ലവൎക്കും സംഗതി വന്നിട്ടുണ്ടെങ്കിൽ അതിൽപരമായ ആനന്ദം മററ യാതൊന്നും ഇല്ലെന്ന അവർ വിചാരിക്കാതിരിക്കയില്ല. കുഞ്ഞികൃഷ്ണമേനോൻ അവിടെ വെച്ചിട്ടുള്ള ചാരകസേലയിന്മേൽ തെക്കോട്ടുതിരിഞ്ഞു ഇരുന്നിട്ടു ഗോവിന്ദനോട അട്ടുക്കെയുള്ള ഒരു കസേലയിന്മേൽ കുത്തിരിപ്പാൻ വേണ്ടി പറഞ്ഞു. എന്നാൽ അവൻ ഒരു പല്ലുപായ അട്ടത്തിട്ടു അദ്ദേഹത്തിന്റെ ഇടത്തഭാഗത്തു നിലത്തിരുന്നു.

കു. കൃ. മേ— എന്റെ മനസ്സിന്ന ഇന്ന വലിയൊരു സ്വാസ്ഥതയും സന്തോഷവും ഉണ്ട. അപ്പു, ബി. ഏ. പരീക്ഷ ജയിച്ചു എന്ന ഇന്ന അഞ്ചേമണിക്കു

എനിക്ക ഒരു കമ്പികിട്ടി. പക്ഷെ ആഗ്രഹിച്ചിട്ടു ണ്ടായിരുന്നപ്രകാരം തന്നെ വന്നില്ല. ഒന്നാംക്ലാ സ്സിൽ അഞ്ചാമനായതെയുള്ളു. ഏതായാലും വേ ണ്ടില്ല ജയിച്ചുത ഭാഗ്യംതന്നെ. ഈ വിവരത്തിന്ന അപ്പോൾതന്നെ ഒരു കമ്പി ഞാൻ ഗോപാലമേ നോന അയച്ചിട്ടുണ്ട. അതകൊണ്ടാണ മടങ്ങിഎ ത്താൻ അല്പം താമസിച്ചുപോയത.

ഗോവിന്ദൻ— വലിയ സന്തോഷംതന്നെ. അച്ച്യുതമേ നോൻ കൊടുത്ത പരീക്ഷയിൽ ഒന്നിലെങ്കിലും ഇത വരെ തോററിട്ടില്ല. അതതന്നെ ഒരു വലിയ ഭാഗ്യ മാണ. എത്ര ആളുകളാണ രണ്ടും മൂന്നും പ്രാവശ്യം ഒരുപോലെ പൊളിയുന്നത! എന്തായാലും വേണ്ടില്ല. മീനാക്ഷിക്കുട്ടിയുടെ ആഗ്രഹം വിചാരിച്ചവണ്ണം ആയെല്ലൊ?

കു. കൃ. മേ— അപ്പു, പരീക്ഷ ജയിക്കേണമെന്ന നോം എല്ലാരും ഒരുപോലെ ആഗ്രഹിച്ചിട്ടുള്ളതല്ലെ? "മീനാ ക്ഷിക്കുട്ടിയുടെ ആഗ്രഹം സാധിച്ചു" എന്ന നീ ഒരു വിശേഷവിധിയായി പറഞ്ഞത എന്താണ?

ഗോവിന്ദൻ— (ചിരിച്ചുംകൊണ്ട) മീനാക്ഷിക്കുട്ടിയും അപ്പു ക്കുട്ടനും കൂടി തമ്മിൽ ഒരു വലിയ വാദമുണ്ടത്രെ. അച്ച്യുതമേനോൻ ഒന്നാംക്ലാസ്സിൽ ജയിക്കും എന്ന മീനാക്ഷിക്കുട്ടിയും ജയിക്കും പക്ഷെ ഒന്നാംക്ലാ സ്സിൽ ജയിക്കില്ല എന്ന അപ്പുക്കുട്ടനും തങ്ങളിൽ ഒരുദിവസം മുഴുവനും ബഹു തക്കമായിരുന്നു.

കു. കൃ. മേ— (ചിരിച്ചുംകൊണ്ട) കുട്ടികൾക്ക മറെറാരു പ്രവൃത്തി വേണ്ടെ? അപ്പുയുടെ പ്രാപ്തിയും പ്രാ പ്തികേടും തിരിച്ചറിവാനും അതിനെപ്പററി തക്കി പ്പാനും രണ്ടുപേരും ബഹു യോഗ്യന്മാരല്ലെ? ഒട്ടു

വിൽ എങ്ങിനെയാണ ഇവരുടെ വാദം തീച്ചയാക്കി യത ?

ഗോവിന്ദൻ— "കുഞ്ഞിയേട്ടൻ ഒന്നാംക്ലാസ്സിൽ ജയിച്ചി ട്ടില്ലെങ്കിൽ അച്ഛൻ എനി വരുന്നദിവസം ഞാൻ ഒന്നിച്ച ഊണകഴിക്കില്ല" എന്ന മീനാക്ഷിക്കുട്ടിയും "ഒന്നാംക്ലാസ്സിൽ ജയിച്ചെങ്കിൽ നിന്നെഞാൻ കു ഞ്ഞ്യേട്ടത്തി എന്ന വിളിച്ചോളാം" എന്ന അപ്പുക്കു ട്ടനും വാതുവെച്ചിട്ടുണ്ട.

കു. കൃ. മേ— അപ്പുക്കുട്ടൻ ആള സമത്ഥൻതന്നെ. അബ ദ്ധം യാതൊന്നും വന്നിട്ടില്ല. അവന്റെ വാത തര ത്തിൽ പററിയിരിക്കുന്നു. ജ്യേഷ്ഠത്തി എന്ന വിളി ക്കേണ്ടതല്ലെ ? ഞാൻ ചെന്നാൽ പോരുന്നവരെ അപ്പുക്കുട്ടന എന്റെ ഒരുമിച്ച ഉണ്ണാതെയിരിപ്പാൻ പ്രയാസംതന്നെ. ഇരിക്കട്ടെ. മീനാക്ഷിക്കുട്ടിക്കു പഠിപ്പിന്റെ കായ്യത്തിൽ ഉപേക്ഷയില്ലെല്ലൊ.

ഗോവിന്ദൻ— ഉത്സാഹം ബഹു കലശലായുണ്ട. ഒരിക്ക ലെങ്കിലും അരനാഴിക വെറുതെ യിരിപ്പാനൊ അഹ ങ്കരിപ്പാനൊ മനസ്സില്ല. അപ്പുക്കുട്ടന രണ്ടും ഉണ്ട. വൈനേരം രണ്ട നാഴിക അവൻ കളിക്കാതെ ഇരി ക്കാറില്ല. എന്നാൽ പഠിപ്പിന്റെ കായ്യത്തിൽ ഉ പേക്ഷ ചെയ്യുവരുന്നു എന്ന പറഞ്ഞൂടാ. ഒന്നൊ രണ്ടൊ പ്രാവശ്യം വായിച്ചാൽ അവന അത പി ന്നെ മനഃപാഠമാണ.

കു. കൃ. മേ— അപ്പുക്കുട്ടന മീനാക്ഷിക്കുട്ടിയേക്കാട്ടിലും അ പ്പയെക്കാട്ടിലും സാമത്ഥ്യം കൂടും. പിന്നെപിന്നെ ജനിക്കുന്ന കുട്ടികൾക്കാണ സാധാരണമായിട്ട ബു ദ്ധി അധികം കാണുന്നത. ആ ഭേദം അപ്പുക്കുട്ട നിലും കാണാനുണ്ട.

ഗോവിന്ദൻ— അങ്ങിനെയാണെങ്കിൽ അച്ശുതമേനോനെക്കാൾ സാമൎത്ഥ്യം മീനാക്ഷിക്കുട്ടിക്കല്ലെ വേണ്ടത? അപ്പുക്കുട്ടന മീനാക്ഷിക്കുട്ടിയേക്കാൾ സാമൎത്ഥ്യം കൂടും അത നിശ്ചയംതന്നെ.

കു. കൃ. മേ— അതിന സംശയം ഇല്ല. മീനാക്ഷിക്കുട്ടിക്ക അപ്പുയേക്കാട്ടിൽ സാമൎത്ഥ്യം ഉണ്ട. അത ഇരിക്കട്ടെ. ശാസ്ത്രികൾ അവിടെത്തന്നെ ഇല്ലെ?

ഗോവിന്ദൻ— അദ്ദേഹം കഴിഞ്ഞബുധനാഴ്ച ഗ്രാമത്തിലേക്ക പോയിരിക്കുന്നു. മുപ്പതാംതിയ്യതിക്കുള്ളിൽ മടങ്ങിവരും എന്നാണ പറഞ്ഞത.

കു. കൃ. മേ— രാമക്കുട്ടിമേനോന്റെ മകൾക്ക എന്തൊ അല്പം സുഖക്കേടാണെന്ന കേട്ടു അത ഭേദായില്ലെ?

ഗോവിന്ദൻ— ഇപ്പോൾ അല്പം സുഖം ഉണ്ട. എനിയും നല്ല ഭേദം വന്നിട്ടില്ല. കാൎത്ത്യായിനിയുടെ ദേഹം ഒരു രോഗപ്രകൃതിയാണ. കുറെ ദിവസമായിട്ട സ്കൂളിൽ പോകാറും മററും ഇല്ല.

കു. കൃ. മേ— രാമക്കുട്ടിമേനോന്റെ ദേഹപ്രകൃതി വിചാരിച്ചാൽ അതൊന്നും അത്ഭുതം അല്ല. ആ പെൺകിടാവ അത്രയെങ്കിലും എണീററ നടക്കുന്നതല്ലെ ഭാഗ്യം? അദ്ദേഹം സദാരോഗിയാണ. പിന്നെ എങ്ങിനെയാണ മക്കൾക്ക ശക്തിയുണ്ടാകുന്നത?

ഗോവിന്ദൻ— ശരി— അതതന്നെയായിരിക്കാം കാൎത്ത്യായിനിയുടെ സുഖക്കേടിനുള്ള കാരണം. അച്ശുതമേനോൻ ഇതുവരെ താമസിച്ച ദിക്കിൽനിന്ന പാൎപ്പ മാററാൻ വിചാരിക്കുന്നു എന്ന ഇതിന്നുമുമ്പെ എഴുതീട്ടുണ്ടായിരുന്നു. അതിനെപ്പററി ഇവിടേക്കവല്ല എഴുത്തും ഉണ്ടൊ എന്ന അറിഞ്ഞില്ല. മടങ്ങിചെ

ല്ലുമ്പോൾ ആ വിവരംകൊണ്ട അമ്മ ചോദിക്കാനും മതി.

ക. കൃ. മേ– അപ്പ താമസം മാററീട്ട ഇപ്പോൾ ഒരാഴ്ച യായി. അവൻ മല്ലിക്കാട്ട കുഞ്ഞിശങ്കരമേനോ ന്റെ ഒരുമിച്ചാണ പാൎക്കുന്നത. അദ്ദേഹത്തിന്റെ സ്നേഹംകൊണ്ടും സഹവാസംകൊണ്ടും അപ്പുക്ക എനി മേൽ വളരെ ഗുണം ഉണ്ടാവാൻ ഇടയുണ്ട.

ഗോവിന്ദൻ– കുഞ്ഞിശങ്കരമേനോൻ ഹൈക്കോട്ടിൽ വ ക്കീൽ ആയിരിക്കാം. അച്ച്യുതമേനോന എന്നാൽ അത സഹായംതന്നെ.

ക. കൃ. മേ– അദ്ദേഹം ബി. എൽ. ജയിച്ചത കഴിഞ്ഞ സംവത്സരം ആണ. വക്കീലായിട്ടില്ല. ഉടനെ സ ന്നദ വാങ്ങും. ആൾ നല്ല യോഗ്യനും വലിയ തറ വാട്ടുകാരനും ആണെന്ന കേട്ടു. കുട്ടിയാണ. പത്തി രുപത വയസ്സു പ്രായമെ ആയിട്ടുള്ളൂ.

ഗോവിന്ദൻ– ഒന്നിച്ചതന്നെ കൂട്ടിക്കൊണ്ട ചെല്ലണം എന്ന മീനാക്ഷിക്കുട്ടിയും മററും പ്രത്യേകം പറഞ്ഞി ട്ടുണ്ടായിരുന്നു. ഇവിടെക്ക ജമാവന്തി കഴിയുന്ന വരെ അവസരം ഇല്ലെന്നല്ലെ പറയുന്നു ?

ക. കൃ. മേ– (ചിരിച്ചുംകൊണ്ട) മീനാക്ഷിക്കുട്ടിയും മററും ഏല്പിച്ചിട്ടുണ്ടൊ ? പത്തദിവസം കഴിഞ്ഞാൽ ഞാൻ വരും എന്ന മീനാക്ഷിക്കുട്ടിയോടും മററും പറയു. ജമാവന്തി കഴിഞ്ഞ ഉടനെ ഞാൻ പതിനഞ്ച ദിവ സത്തെ അവകാശകല്പന എടുപ്പാൻ നിശ്ചയിച്ചി ട്ടുണ്ട. അപ്പോൾ കനകമംഗലത്തേക്കുണ്ടാകും. മീ നാക്ഷിക്കുട്ടിക്കും മററും അപ്പോൾ നാലഞ്ചദിവസം നല്ലപെണ്ണും കാണാം. (കിഴക്കെ ചുമരിന്മേൽനോ ക്കീട്ട) നേരം പത്തമണിയായി. നിണക്ക നേരത്തെ

പോകേണ്ടതല്ലെ? എനി നമുക്ക ഉറങ്ങാൻ നോക്കം. നീ കണ്ടപ്പനെവിളിച്ച വിരിക്കാൻ പറയൂ. ഞാൻ അപ്പുഴക്ക ഗോപാലമേനോന്റെ എഴുത്തിന മറുപടിഎഴുതിക്കളയാം.

കണ്ടപ്പൻ കിടക്കവിരിച്ച കഴിയുമ്പോഴെക്ക കുഞ്ഞികൃഷ്ണമേനോൻ മറുപടി എഴുതിപൂട്ടി ഗോവിന്ദനെ വിളിച്ച കയ്യിൽകൊടുത്തു. എഴുത്തുപെട്ടി തുറന്ന ഇരുപതുറുപ്പികയുടെ ഒരു ബാങ്കനോട്ടെടുത്ത വഴിക്കൽ ചിലവിന്നും ഒരു കുത്ത മുണ്ടിന്നും ആണെന്ന പറഞ്ഞ ഗോവിന്ദന കൊടുത്തു. ഗോവിന്ദൻ അത വാങ്ങുവാൻ അല്പം മടിച്ചു. എങ്കിലും കുഞ്ഞികൃഷ്ണമേനോന്റെ നിർബ്ബന്ധത്താൽ ഒടുവിൽ അതു മേടിച്ചു. “മീനമാസം പത്താംതിയ്യതിക്കുള്ളിൽ ഞാൻ വരും എന്ന മീനാക്ഷിക്കുട്ടിയോടും അപ്പുക്കുട്ടനോടും പറക. ഗോപാലമേനവന്റെ എഴുത്തിൽ സൂചിപ്പിച്ച സംഗതി ഞാൻ വന്നിട്ട ആലോചിച്ച തീർച്ചയാക്കാം. മറെറല്ലാം എനി നിന്റെ യുക്തംപോലെ പറഞ്ഞോളൂ. നിണക്ക പുലച്ചെ്ചതന്നെ പോകാം. ഞാൻ ഉണരുന്നവരെ താമസിക്കേണ്ടതില്ല. എന്നാൽ അങ്ങിനെയാട്ടെ. പോയി ഉറങ്ങാൻനോക്കൂ. മറെറല്ലാം ഞാൻ വന്നിട്ടാവാം” എന്ന പറഞ്ഞ കുഞ്ഞികൃഷ്ണമേനോൻ തന്റെ അറയിലേക്കും ഗോവിന്ദൻ കണ്ടപ്പന്റെ ഒരുമിച്ച താഴെക്കും പോയി.

# നാലാം അദ്ധ്യായം.

## മൂന്ന സഹോദരിമാർ തമ്മിലു ണ്ടായ സംഭാഷണം.

"പുത്തൻമാളികക്കൽ" എന്ന ഭവനത്തിന്റെ ഉടമസ്ഥനും ഇപ്പോഴത്തെ കാരണവനുമായ ഗോപാലമേനവൻ ഒരുദിവസം എന്തോ സംഗതിവശാൽ അവിടെയില്ലാതിരുന്നസമയം അദ്ദേഹത്തിന്റെ സഹോദരിമാരായ മൂന്നസ്ത്രീകൾ ഏകദേശം മദ്ധ്യാഹ്നത്തിന്നശേഷം ഊണുകഴിഞ്ഞ പടിഞ്ഞാറെഭാഗമുള്ള തളത്തിൽ ഇരിക്കയായിരുന്നു. അവരിൽ ജ്യേഷ്ഠത്തിയായ ലക്ഷ്മിഅമ്മ ചാരുപടിയിന്മേൽ ഒരുകോസടി വിരിച്ചുവെച്ചിട്ടുള്ളതിൽ തെക്കോട്ടു തലയുംവെച്ചു കിഴക്കോട്ടുതിരിഞ്ഞു കിടക്കുകയും നാണിഅമ്മ വടക്കെ ചുമരിന്നരികെ ഇട്ട ഒരു കോച്ചുകട്ടിലിന്മേൽ തെക്കോട്ടു തിരിഞ്ഞിരിക്കുകയും പാറുക്കുട്ടിഅമ്മ ചാരുപടിയുടെ കിഴക്കു, കോച്ചുകട്ടിലിന്റെ തെക്കു, ഒരു പുല്ലുപായ വിരിച്ചു പടിഞ്ഞാറോട്ടു നോക്കിക്കൊണ്ടു നിലത്തിരിക്കുകയുംചെയ്കയായിരുന്നു. ലക്ഷ്മിഅമ്മക്കു ഏകദേശം മുപ്പത്തരണ്ടും നാണിഅമ്മക്കു ഇരുപത്തഞ്ചും പാറുക്കുട്ടിഅമ്മക്കു ഇരുപത്തരണ്ടു വയസ്സും പ്രായമുണ്ടു. ലക്ഷ്മിഅമ്മ മൂന്ന പ്രസവിച്ചു. ഇപ്പോൾ രണ്ടു സംവത്സരമായിട്ടു പ്രൌഢദശയിൽ പ്രവേശിച്ചിരിക്കുന്നു എങ്കിലും ദേഹകാന്തിക്കും മുഖപ്രസാദത്തിന്നും യാതൊരു ക്ഷീണവും എനിയും ബാധിച്ചിട്ടില്ല. ദേഹം മിനുമിനുത്ത മാംസളമായി ചമ്പകപ്പൂവിന്റെ വർണ്ണത്തിലിരിക്കുന്നു. നീളത്തിന്നടുത്ത ശരീരപുഷ്ടിയും എല്ലാ അവയവങ്ങൾക്കും

നല്ല സൌഷ്ഠവവും ഉണ്ട. നാണിഅമ്മ അല്പം കൃശയാണെന്ന എങ്കിലും ശരീരശക്തിക്കും സൌന്ദൎയ്യത്തിന്നും യാതൊരു കുറവും ഇല്ല. മുഖം ശൃംഗാര രസം നിറച്ചുവെച്ചിട്ടുള്ള ഒരു പാത്രമാണെന്നുതന്നെ പറയണം. പാറുക്കുട്ടിഅമ്മക്ക രൂപലാവണ്യം ഇവർ രണ്ടുപേരിലും കുറെ അധികം കൂടും. അത താരുണ്യത്തിന്റെ മദ്ധ്യദശകൊണ്ടാണെന്ന വായനക്കാർ വിചാരിച്ചുപോകരുത. കണ്ണിന്റെ ഭംഗിയും മുഖസൌന്ദൎയ്യവും കണ്ടാൽ അഞ്ചിപ്പോകാത്ത വല്ല പുരുഷന്മാരും ഉണ്ടൊ എന്ന എനിക്കവളരെ സംശയമാണ. രണ്ട പ്രസവം കഴിഞ്ഞിരിക്കുന്നു എങ്കിലും കണ്ടാലത ലേശം തോന്നുകയില്ല. ബഹുസുന്ദരിയാണെന്ന സ്ത്രീഗുണം അറിയുന്ന എല്ലാ രസികന്മാരും ഒരുപോലെ അഭിപ്രായപ്പെട്ടും. മേൽപറഞ്ഞ സഹോദരിമാർ ഗുരുലഘുത്വഭങ്ങൾക്ക യാതൊരു കുറവുംകൂടാതെ ഓരൊ നാട്ടുവൎത്തമാനം പറഞ്ഞു രസിച്ചുകൊണ്ടിരിക്കയായിരുന്നു. അപ്പോൾ ലക്ഷ്മിഅമ്മയുടെ മുഖത്തനോക്കി അല്പം വ്യസനഭാവത്തോടെ.

നാണിഅമ്മ- ഞാൻ ഇന്ന ചിറയിൽ കുളിപ്പാൻപോയ സമയം ഒരു പുതിയവൎത്തമാനം പറഞ്ഞ ചിലർ പരിഹസിക്കുന്നതകേട്ടു. ഇങ്ങിനെ ആയാൽ വലിയ ചീത്തത്വംതന്നെ. നോം എല്ലാം എങ്ങിനെയാണ ജനങ്ങളുടെ മുഖത്ത നോക്കുന്നത ?

ലക്ഷ്മിഅമ്മ- എന്താണ, വല്ലവരും വല്ല തെമ്മാടിത്തരവും പ്രവൃത്തിച്ചോ ? ഉണ്ടെങ്കിൽതന്നെ നമുക്കെന്താണ? നാട്ടുകാരെ എല്ലാം നന്നാക്കിവെപ്പാൻ നാം വിചാരിച്ചാൽ കഴിയൊ ? ഉപ്പു തിന്നുന്നവർതന്നെ വെള്ളവും കുടിച്ചോട്ടെ.

നാണിഅമ്മ— അത ശരിതന്നെ— നമുക്ക വിശേഷിച്ച ഒന്നും ഉണ്ടായിട്ടില്ല. എന്നാലും പക്ഷഭേദമല്ലെ ? “സ്ത്രീകൾ തുമ്പില്ലാത്ത കൂട്ടരാണ. വിശ്വസിപ്പാൻ പാടില്ല. വിശ്വസിച്ചാലവറ്റ ചതിക്കാതിരിക്കില്ല” എന്നല്ലെ ജനങ്ങൾ പറയുന്നത ? കടവത്തെ ആ പെൺകിടാവിന്റെ കാൎയ്യം ബഹു തകരാറതന്നെ. പത്ത പതിനെട്ട വയസ്സ പ്രായമെ ആയിട്ടുള്ളു. എന്തെല്ലാംമാതിരി നാടകങ്ങളാണ അവൾ ഉണ്ടാക്കി ആടുന്നത ?

പാറുക്കുട്ടിഅമ്മ— കൊച്ചമ്മാളുനെക്കൊണ്ടാണൊ നാണിഏട്ടത്തി പറയുന്നത ? അവളെ കാൎയ്യം എടുക്കാനും തൊടാനും ഇല്ല. ബഹു മോശംതന്നെ. അഞ്ചെട്ട ദിവസംമുമ്പെ ഒരു രാത്രി നട്ടപ്പാതിരക്ക അവിടെവെച്ച രണ്ട രഹസ്യക്കാരതമ്മിൽ തല്ലും പിടിയും ബഹുകലശലായിരുന്നു എന്ന കേട്ടു. നാണിഏട്ടത്തി അത തന്നെ അല്ലെ പറവാൻ ഭാവിക്കുന്നത ?

നാണിഅമ്മ— അങ്ങിനെയും ഒന്നുണ്ടായിട്ടുണ്ടൊ ? അത ഞാൻ കേട്ടിട്ടില്ല. ഇത അങ്ങിനെ ഉള്ളതൊന്നുമല്ല. ഒരു പുതിയമാതിരിപ്പുറപ്പാടാണ.

ലക്ഷ്മിഅമ്മ— ശങ്കരൻഎമ്പ്രാന്തിരി ഇതൊന്നും അറിയാറില്ലെ ?

പാറുക്കുട്ടി— അയാളറിഞ്ഞിട്ടെന്താണ ? അറിയാഞ്ഞിട്ടെന്താണ ? അവൾക്ക ശങ്കരനെമ്പ്രാന്തിരിയെ ഒരു പുല്ലോളം ബഹുമാനമില്ല. ചിലപ്പോൾ പുറത്തിട്ട വാതിലടെക്കാറും കൂടി ഉണ്ടെന്നകേട്ടു. എന്നാൽ അയാൾക്കങ്ങിനെയല്ല. കൊച്ചമ്മാളു എന്നപറഞ്ഞാൽ എമ്പ്രാന്തിരീടെ പ്രാണനാണ. “അമ്പലത്തിലിന്ന

ശാന്തിക്ക പോണ്ട" എന്ന കൊച്ചമ്മാളു പറയുന്ന തായാൽ അയാൾക്കപിന്നെ ആക്കാൎയ്യത്തിൽ അപ്പീലില്ല. കൊച്ചമ്മാളുന്നെ എമ്പ്രാന്തിരിക്ക അത്ര ഉണ്ട ഭ്രമം.

ലക്ഷ്മിഅമ്മ- അതതന്നെയാണ ഇത്ര തോന്ന്യാസം. വല്ല അടിച്ചുതളിക്കാരത്തികളെയൊ ദാസികളെയൊ രഹസ്യം പിടിച്ച നടക്കുന്ന കണ്ട ശാന്തിക്കാരെയൊ പട്ടന്മാരെയൊ പിടിച്ച സംബന്ധാക്കിച്ചാലുള്ള ഫലമാണിതൊക്ക. വീട്ടിലുള്ള പുരുഷന്മാരെ ഇത്തിരി ഭയം വേണം. അല്ലെങ്കിൽ ഭൎത്താവ അല്പം ഉളുപ്പും മാനവും ഉള്ളവനായിരിക്കണം. ഇതരണ്ടുമില്ലാത്തടിക്കിൽ സ്ത്രീകളുടെ നായാട്ടതന്നെയാണ. എന്തല്ലാണ കൊച്ചമ്മാളു കാട്ടിക്കൂട്ടിയത?

നാണിഅമ്മ- എനിക്ക ഇത പറവാൻതന്നെ നാണായിരിക്കുന്നു. ഇവളെന്തൊരു തെവിടിശ്ശിപ്പെണ്ണാണ? എങ്ങിനെയാണ ഇതിനൊക്ക ധൈൎയ്യം വരുന്നത?

പാറുക്കുട്ടി- നാണിഏട്ടത്തിക്ക അത പറവാൻതന്നെ നാണമായിരിക്കുന്നു. എന്നാൽ കൊച്ചമ്മാളുന്ന അതചെയ്യാനെന്ത്ര നാണം വേണം? ഉണ്ടായ കഥയല്ലെ? നാണിഏട്ടത്തി പിന്നമടിച്ചിട്ടെന്താണ?

നാണിഅമ്മ- ഇന്നലെ ശങ്കരനെമ്പ്രാന്തിരിക്ക ഏകാദശിനോമ്പായിരുന്നു. അത കൊച്ചമ്മാളുന്ന നല്ലതരായി.

ലക്ഷ്മിഅമ്മ- കൊച്ചമ്മാളുന്ന ഏകാദശിനോമ്പില്ലയായിരുന്നൊ? കൊച്ചമ്മാളുനെ ഏകാദശിനോൽക്കാതെ എമ്പ്രാന്തിരി വിടാറില്ലല്ലൊ?

പാറുക്കുട്ടി- കൊച്ചമ്മാളുപക്ഷെ വിളക്കവെച്ചു ഉടനെതന്നെ പാരണ കഴിച്ചായിരിക്കും. അല്ലാഞ്ഞാലിതിനൊക്കെ എങ്ങിനെയാണ തരം. പന്നിഎറച്ചി

കണ്ടിട്ട പണ്ടൊരു സന്ന്യാസിപ്രദോഷവ്രതം ഉപേക്ഷിച്ച കഥ നാണിക്കുട്ടത്തി കേട്ടിട്ടില്ലയായിരിക്കും.

നാണിഅമ്മ - നോമ്പുണ്ടായിരുന്നൊ എന്തൊ- അതൊന്നും എനിക്ക നിശ്ചയമില്ല. ഉണ്ടെങ്കിൽതന്നെ അത എമ്പ്രാന്തിരിയെ ബോദ്ധ്യം വരുത്താനെ ഉണ്ടായിരുന്നുള്ളു. എമ്പ്രാന്തിരിക്ക ഇന്നല നോമ്പാണെന്നുള്ള വിവരം അയ്യാപ്പട്ടര നേരത്തെതന്നെ അറിഞ്ഞിട്ടുണ്ടായിരുന്നു.

ലക്ഷ്മിഅമ്മ- അയ്യാപ്പട്ടര അവിടെയും ചെന്ന വശായൊ നാലയ്യായിരം ഉറപ്പികയുടെ സ്വത്ത അപ്പാത്തരപട്ടര അതി പ്രയത്നംചെയ്ത സമ്പാദിച്ചിട്ടുള്ളത മുഴവനും അയ്യാപ്പട്ടര കണ്ട പെണ്ണുങ്ങൾക്ക ഒന്നരയും പട്ടക്കരയും വാങ്ങിക്കൊടുത്ത കൊടുത്ത തീൎത്തു. ഇപ്പോൾ ഒരു കാശിനും ഗതിയില്ലാതായി. മഠവും പറമ്പും ഇവിടുത്തെ ഗോപാലന ഈയ്യിടെ എഴുനൂററമ്പത ഉറപ്പികക്ക പണയമാണ. അതുകൂടാതെ ഓരോരുത്തൎക്ക പത്തും അമ്പതും ആയിട്ട ഒന്നരണ്ടായിരത്തിന്റെ സുമാറ വേറെയും കടംഉണ്ട.

പാറുക്കുട്ടി- കൊച്ചമ്മാള ഈയ്യിടെ ഒരുകൂട്ടം നാഗപടത്താലിയും രണ്ട മൊഴവളയും പണിചെയ്യിച്ചിട്ടുണ്ട. ഇന്നാളൊരുദിവസം അമ്പലത്തിൽ തൊഴാൻ വന്നപ്പോൾ കെട്ടിയ്യുകണ്ടു. പണി തരക്കേടില്ല. നാഗപടത്താലി അയ്യാപ്പട്ടര പണിചെയ്യിച്ച കൊടുത്തതാണെന്ന കേട്ടു. മൊഴവള വേറെ ആരൊ ഒന്നരണ്ടാളുകൂടി ഓഹരി ഇട്ട എടുത്ത ഉണ്ടാക്കിച്ചതാണെപോൽ. ഇതുകൂടാതെ അവൾ അയ്യഞ്ചുറപ്പിക ഒരു കുറിക്കും വെക്കുന്നുണ്ട. ഈയ്യിടെ കൊച്ചമ്മാളുന നല്ല സമ്പാദ്യം ഉണ്ട. പത്ത ആയിരം ഉറപ്പികെടെസ്വത്ത സമ്പാദിച്ചു.

ലക്ഷ്മിഅമ്മ— പാറുക്കുട്ടിക്കു ഈയ്യിടെ ഒരുവക അന്വേഷിച്ചു മനസ്സിലാക്കുന്ന പണിതന്നെയാണു. ഇല്ലെ? നാട്ടിലെത്ര പെണ്ണുങ്ങൾ രഹസ്യം പിടിക്കുന്നുണ്ടു? ആരെല്ലാം ആഭരണം ഉണ്ടാക്കുന്നുണ്ടു? രാത്രികാലത്തു എവിടുന്നെല്ലാണു ആളുകൾ തല്ലും പിടിയും കൂടുന്നതു? നിണക്കിതെല്ലാം അന്വേഷിച്ചിട്ടു എന്താ വേണ്ടതു? കുളിക്കാൻ പോയാൽ ഇതാണില്ലെ മടങ്ങിവരാനിത്ര താമസം?

പാറുക്കുട്ടി— ഞാനിതൊന്നും ആരോടും അന്വേഷിക്കാറില്ല. ചിറക്കടവത്തു വെച്ചു ചിലസമയം കുളിക്കാൻ വരുന്ന സ്ത്രീകൾ അന്യോന്യം പറയുന്നതു കേൾക്കാറുണ്ടു. എനിക്കു അതു കേൾക്കാനും പാടില്ലെന്നുണ്ടൊ? അപ്പോൾ ഞാനെന്താ ചെവിയും പൊത്തി ഓടിക്കളയാനൊ?

ലക്ഷ്മിഅമ്മ— അതല്ല ഞാൻ പറഞ്ഞതു. താന്താങ്ങൾക്കു ആവശ്യമില്ലാത്ത കാൎയ്യത്തിൽ പ്രവേശിക്കരുതു. ഓരോരുത്തരുടെ നടപ്പും അവസ്ഥയും കണ്ടും കേട്ടും അറിഞ്ഞാണു ആളുകൾ നന്നാവുന്നതും ചീത്തയാവുന്നതും. നി ചെറുപ്പക്കാരത്തിയാണു. അതുകൊണ്ടു ഞങ്ങൾ രണ്ടാളെക്കാട്ടിലും നീയാണു വളരെ സൂക്ഷിക്കേണ്ടതു.

പാറുക്കുട്ടി— വലിയ ഏട്ടത്തി ഇങ്ങിനെ ഒക്കെയാണു പറയുന്നെങ്കിൽ ഞാൻ എനി ചിറയിൽതന്നെ കുളിക്കാൻ പോന്നില്ല. അല്ലെങ്കിൽ വലിയേട്ടത്തിയുടെ ഒന്നിച്ചുപൊരാം.

ലക്ഷ്മിഅമ്മ— അതൊന്നും വേണ്ട. അനാവശ്യമായി അവരോടും ഇവരോടും യാതൊന്നും സംസാരിപ്പാൻ പോകണ്ട. കുളിക്കാൻ പോയാൽ കുളികഴിച്ചു ഇങ്ങട്ടു പോന്നോളണം.

പാറുക്കുട്ടി— അതൊക്കെ ചെയ്യുവരാറുള്ളു. പക്ഷേ കേട്ട വിവരമാണ ഞാൻ പറഞ്ഞത. കാൎയ്യം അത ശരിയാണ. നാഗപടത്താലി ഉണ്ടാക്കിച്ചത നാട്ടോടെ പ്രസിദ്ധമാണ.

ലക്ഷ്മിഅമ്മ— അത എനിക്കും ഇല്ല സംശയം. ശങ്കരൻ എമ്പ്രാന്തിരി വിചാരിച്ചാൽ രാത്രി അമ്പലത്തിൽനിന്ന വല്ലപലഹാരവും കംസികൊണ്ട കൊടുപ്പാനല്ലാതെ മററ യാതൊര ഗതിയും ഇല്ല. വീട്ടിലെ സ്വത്തിന്റെ വലുപ്പമൊ നമുക്ക നിശ്ചയമുള്ളതാണെല്ലൊ. ആ സ്ഥിതിക്ക ഇതെല്ലാം വല്ലവരും കൊടുത്തതതന്നെ ആയിരിക്കണം. കൊച്ചമ്മാളുന മററ എവിടുന്നാണ പണം? ഉണ്ണിയുടെ ഉൗര കണ്ടാലറിഞ്ഞുകൂടെ ഇല്ലത്തെപുഷ്ടി?

നാണിഅമ്മ— "വല്ലവരും" എന്നുപറയെണ്ടുന്ന ആവശ്യമില്ല. എല്ലാം അയ്യാപ്പട്ടര തന്നെയാണ കൊടുത്തത. അയ്യാപ്പട്ടൎക്ക കൊച്ചമ്മാളുനിമിത്തം യാതൊരു കടവും വന്നിട്ടില്ല— അതുമുഴുവനും ഇന്നലെ രാത്രി അയാൾക്ക പലിശയോടുകൂടി കൊച്ചമ്മാളു മടക്കികൊടുപ്പിച്ചുപോൽ.

പാറുക്കുട്ടി— അത നാണിഏട്ടത്തി പറഞ്ഞത ശുദ്ധപോഴിയാണ. കൊച്ചമ്മാളുന എവിടുന്നാണ പണം. ഉണ്ടെങ്കിൽ തന്നെ ഒരു കാശുപോലും അവൾ മടക്കി കൊടുക്കുകയില്ല. ഇരിമ്പുകുടിച്ച വെള്ളം കാലാറില്ലല്ലൊ.

ലക്ഷ്മിഅമ്മ—പാറുക്കുട്ടിക്ക പറഞ്ഞാലും മനസ്സിലാകില്ലെ? കൊച്ചമ്മാളു അവസാനം അയ്യാപ്പട്ടരെ ആട്ടിപ്പറത്താക്കിയൊ? എനി അയാൾ വിചാരിച്ചാൽ ഒന്നും കൊടുപ്പാൻ നിവൃത്തി ഇല്ലെന്ന കണ്ടിട്ടായിരിക്കാം

നാണിഅമ്മ- പുറത്തപോവാൻ മാത്രമെ പറഞ്ഞിട്ടുണ്ടായിരുന്നുള്ളുവെങ്കിൽ കുറെ ഭേദമായിരുന്നുവെല്ലോ. അതും അതിന്റെ അങ്ങേപ്പുറം മററചിലതും കൂടി കഴിച്ചിട്ടാണ പറഞ്ഞയച്ചത.

പാറുക്കുട്ടി- കൊച്ചമ്മാളു പണവും പലിശയും കൊടുത്തു എന്നപറഞ്ഞപ്പോൾ ഞാനത നേരായിരിക്കുമെന്ന വിശ്വസിച്ചു. ഇങ്ങിനത്തെ മറിമായം ആൎക്കറിയാം വലിയേട്ടത്തിക്ക എത്രവേഗം മനസ്സിലായി !

നാണിഅമ്മ- അയ്യാപട്ടര കുറെ ദിവസമായിട്ട കൊച്ചമ്മാളുവിന്റെ വലിയ ഒരു രഹസ്യക്കാരനാണ. ചാക്കാട്ട കോമൻനായരും മെലെക്കാട്ട കുഞ്ചുണ്ണിമെനൊനും പണ്ടെയുള്ള രഹസ്യക്കാരനാണത്രെ. മററു പലരും ഉണ്ടെന്നാണ കേൾവി.

പാറുക്കുട്ടി- എനിക്ക കേട്ടത മതി. സംബന്ധത്തിന എമ്പ്രാന്തിരി. രഹസ്യത്തിന്ന ഒരു നായര. പിന്നെ ഒരു മേനോൻ. പോരെങ്കിലൊരു പട്ടരും. പെണ്ണു ചില്ലറക്കാരി അല്ല. ഇതൊന്നും പോരാഞ്ഞിട്ട മററ ചിലരും കൂടി ഉണ്ടു പോൽ.

നാണിഅമ്മ- ഇത കേട്ടിട്ട നിണക്ക ഇത്രൊക്കെ ഉണ്ടൊ? ഒരു ദിക്കിൽ ചിലേടത്തെ കഥ വിചാരിച്ചാൽ ഇതെന്തെങ്കിലും സാരമുണ്ടൊ? രണ്ടും നാലും സംബന്ധക്കാരും അഞ്ചും പത്തും രഹസ്യക്കാരും ഉള്ള സ്ത്രീകൾ എത്ര ഉണ്ടു? അങ്ങെക്കുടിലിലെ കുഞ്ഞിക്കാവിന്ന സംബന്ധക്കാരായിട്ട അഞ്ചു നായന്മാരുണ്ടു. അവർ തങ്ങളിൽ യോജിച്ചിട്ടാണത്രെ. ഇതു കൂടാതെ സ്ഥിരമായി ആറൊ ഏഴൊ പേർ രഹസ്യത്തിനും ഉണ്ടെന്ന കെട്ടു.

പാറുക്കുട്ടി- ഇതൊക്കെന്റെ ചെവിക്ക പുത്തരിയായിരിക്കുന്നു. ഒരു സ്ത്രീയോട രണ്ടു നാല പേർ കൂടി യോജിച്ച സംബന്ധം നടത്തി വരുന്നതാണ ഇതിലെല്ലാററിലും വെച്ച രസികത്വം. നായ്ക്കളാണെങ്കിൽ കൂടി തമ്മിൽ കടിപിടി കൂട്ടും. അത്രയും കൂടി ഉളുപ്പും മാനവും ഇല്ലാത്ത ഈ വക ചേട്ടകളാണ സ്ത്രീകളെ ഇത്ര താന്തോന്നികളാക്കി തീൎക്കുന്നത. ഇവിടെ നിന്ന വല്ല ദിക്കിലും മാറിപ്പാൎക്കുന്നതാണ കുറെ ഭേദം. എന്നാൽ ഒരു അവമാനമായ നടവടികളൊന്നും കേൾക്കാതേയും കാണാതേയും എങ്കിലും കഴിക്കാമായിരുന്നു.

ലക്ഷ്മിഅമ്മ- എന്നിട്ടൊ? എന്തെല്ലാണ ഇന്നലെ രാത്രി ഉണ്ടായത? എല്ലാരും കൂടി എച്ചിലില കണ്ട നായ്ക്കളെപ്പോലെ കടി പിണെഞ്ഞുവൊ? കഷ്ടം! ഇമ്പില്ലാത്തരം ദിവസം പ്രതി വൎദ്ധിച്ചാണ കാണുന്നത!.

നാണിഅമ്മ- എമ്പ്രാന്തിരി ഇന്നലെ വരില്ലെന്ന കണ്ടിട്ട അയ്യാപ്പട്ടര നേരത്തെ തന്നെ പറഞ്ഞ ശട്ടം കെട്ടിയിരുന്നു. അയാളുടെ പോക്കും വരവും കോമൻ നായൎക്കും കുണ്ടുണ്ണി മേനോനും കുറെ നാളായിട്ട വെഹു നീരസമാണത്രെ. പട്ടരെ വല്ല വിധത്തിലും പ്രഹരം കഴിച്ച വിടാൻ ഇവര തരം നോക്കി ഇരിക്കയായിരുന്നു. രണ്ടാളും പുറമെ അതിസ്നേഹമായിരുന്നതകൊണ്ട അദ്ദേഹത്തിന്ന ഒരു ഒരു ശങ്ക തന്നെ ഉണ്ടായിരുന്നില്ല. അയ്യാപ്പട്ടര ശട്ടം കെട്ടിപ്പോയ വിവരം കോമൻ നായര എങ്ങിനെയൊ മനസ്സിലാക്കീട്ട കുണ്ടുണ്ണി മേനോനെ ആളെ അയച്ച വരുത്തി വിവരം ഒക്കെ പറഞ്ഞു. പട്ടരെ ചതിക്കാൻ വേണ്ടി പലതും ആലോചിച്ചു.

ഒടുവിൽ കൊച്ചമ്മാളുനെ പറഞ്ഞു സ്വാധീനപ്പെടുത്തി.

പാറുക്കുട്ടി.— കഷ്ടം തന്നെ! കൊച്ചമ്മാളു ഇവരെക്കൊണ്ടു പട്ടരെ പ്രഹരവും കഴിപ്പിച്ചൊ? ഇവൾ എന്തൊര രാക്ഷസിയാണെ! നാഗപടത്താലി ഉണ്ടാക്കിച്ചു കൊടുത്തിട്ടു എനിയും ഒരു മാസം തികഞ്ഞിട്ടില്ലല്ലൊ.

നാണിഅമ്മ.— കോമൻ നായരും കുഞ്ഞുണ്ണി മേനോനും കൂടി അയ്യാപ്പട്ടര വരുന്നതിന്ന മുമ്പായിട്ടു തന്നെ അവിടെ എത്തി. ഓരോന്ന പറഞ്ഞു രസിച്ചും കൊണ്ടിരിക്കുന്ന മദ്ധ്യെ നിശ്ചയപ്രകാരം ഏകദേശം പത്തുമണിക്കു അയ്യാപ്പട്ടരും എത്തി. പതിവ പോലെ പുറത്തെ വാതിലിന്ന പതുക്കെ മുട്ടി. കൊച്ചമ്മാളു മററവര രണ്ടാളേയും അടുക്കിളിയിൽ ആക്കീട്ടു മെല്ലെ വാതിൽ തുറന്ന കൊടുത്തു. അയ്യാപ്പട്ടര അകത്തു കടന്നതിന്റെ ശേഷം വാതിലും അടച്ചു തഴുതിട്ടു. അയാൾ കൊണ്ടുവന്നിട്ടുണ്ടായിരുന്ന ദോശയും വടയും കൊച്ചമ്മാളുവിന്റെ കയ്യിൽ കൊടുത്തു അറയിൽ കടന്നു തോർത്തു മുണ്ടും വിരിച്ചു നിലത്തിരുന്നു. കൊച്ചമ്മാളു നേരം വയികിയതിന്ന പട്ടരെ കുറെ ശകാരിച്ചു. അയ്യാപ്പട്ടൎക്കു അത കൎണ്ണാമൃതമായിരുന്നു. കൊച്ചമ്മാളു പിന്നെ ചിരിച്ചുംകൊണ്ടു വെററിലത്തട്ടെടുത്തു അയ്യാപ്പട്ടരുടെ മുമ്പിൽ വെച്ചു അടക്ക മുറിക്കാനാണെന്നുള്ള ഭാവത്തിന്മേൽ "പിശ്ശാങ്കത്തി ഇല്ലെ" എന്നു ചോദിച്ചു. നടക്കുന്ന ദിക്കിലൊക്കെയും ഒരു മടക്കുകത്തിയും കൊണ്ടു നടക്കുന്ന ംരം ശനിപ്പിഴക്കാരൻ സ്വാമി ഇന്നലെ കഷ്ടകാലം കൊണ്ടു അത എടുത്തിട്ടുണ്ടായിരുന്നില്ല.

പാറുക്കുട്ടി- കണ്ടോട്ടെ കൊച്ചമ്മാളുവിന്റെ സാമൎത്ഥ്യം. പിശ്ശാങ്കത്തിയുണ്ടെങ്കിൽ അതു മെല്ലെ വാങ്ങി സൂക്ഷിക്കണം എന്നു വിചാരിച്ചിട്ടാണു. അടക്ക മുറിക്കാനാണെന്നു പറഞ്ഞതു ശുദ്ധ നുണയാണു- മൊരച്ചിക്കുള്ളത്തി തന്നെ.

നാണിഅമ്മ- പിശ്ശാങ്കത്തിയില്ലെന്നു പറഞ്ഞപ്പോൾ അവൾ അയ്യാപ്പട്ടരെ പിന്നെയും ഒരുപടി ശകാരിച്ചു- "വല്ല ദിക്കിലും പോകുമ്പോൾ എന്തെങ്കിലും ഒരായുധം കൂടി കയ്യിൽ വെണ്ടതല്ലെ?" എന്നു പറഞ്ഞു കുറെ കളിയടക്ക എടുത്തു വെററിലത്തട്ടിലിട്ടു കൊടുത്തു. "സ്വാമി മുറുക്ക കഴിക്കുമ്പോഴെക്ക ഞാൻ അടുക്കിളയിൽനിന്നു കുറെ വെള്ളം കൂട കൊണ്ടുവരട്ടെ" എന്നു പറഞ്ഞു വിളക്കം എടുത്തു അടുക്കിളയിലെക്ക പോയി- അയ്യാപ്പട്ടര കൊച്ചമ്മാളുനേയും നോക്കിക്കൊണ്ടു അറയുടെ ഉമ്മറപ്പടിയിന്മേലും കുത്തിരുന്നു. അടുക്കിളയിലെത്തിയ ഉടനെ വിളക്ക കെട്ടുപോയി എന്ന ഭാവത്തിൽ കൊച്ചമ്മാളു അതു ഊതിക്കളഞ്ഞു. പട്ടക്ക അതു വലിയ പരിഭ്രമമായി. കൊച്ചമ്മാളു ഇരുട്ടത്തു വല്ലതും തടഞ്ഞു വീഴുകയൊ വല്ലതിന്നോടും തല തട്ടിപ്പോകയൊ ചെയ്യും എന്നു ഭയപ്പെട്ടു അയ്യാപ്പട്ടരും ക്ഷണനത്തിൽ അടുക്കിളയിൽ എത്തി—കൊച്ചമ്മാളുനെ തപ്പിത്തുടങ്ങി. അവളപ്പോൾ ഒരു വാതിലിന്റെ മറവിൽ പതുങ്ങിനിന്നുകളഞ്ഞു- അയ്യാപ്പട്ടര തപ്പിതപ്പി ഒടുവിൽ ചെന്നു പിടിച്ചതു കോമൻ നായരെയാണു. കോമൻ നായര അയ്യാപ്പട്ടരുടെ കുടുമ ചുററിപ്പിടിച്ചു പിരടിക്ക രണ്ടു മൂന്നു തല്ലുമ്പഴക്ക സഹായത്തിന്നു കുഞ്ഞുണ്ണിമേനോനും വന്നു കൂടി. രണ്ടാളും കൂടി പട്ടരെ

ഒരു പടി തല്ലി. ഉടുത്ത സോമനും പറിച്ചു ചീന്തി യാതൊരു വസ്ത്രബന്ധവും കൂടാതെ ഒടുവിൽ തൂക്കി യെടുത്തു വടക്കെ മുററത്തെ എച്ചിൽ കുഴിയിൽ വലി ച്ചിട്ടു. വാതിലും അടച്ചു കൊച്ചമ്മാളുവിന്റെ കയ്യും പിടിച്ചു അറയിലേക്കു ചെന്നു. വിളക്കും കൊളു ത്തി ദോശയും വടയും എടുത്തു മൂന്നു പേരും കൂടി ഓരോന്നു പറഞ്ഞു ചിരിച്ചു തിന്നാൻ തുടങ്ങി. അയ്യാപ്പട്ടര എച്ചിൽ കുഴിയിൽ കുറെ നേരം കിടന്ന തിന്റെ ശേഷം ഒരു വിധെന ഉരുണ്ടു പിരണ്ടു എഴുനീററു അടികൊണ്ടു വേദനയോടും വല്ലവരും കാണുമെന്നുള്ള നാണത്തോടും മരണ ഭയത്തോടും കേവലം നഗ്നനായിട്ടു ഓട്ടം തുടങ്ങി. ഇടവഴി യിൽ ചാടുമ്പഴക്കു അവിടെ ൟ സാധുവിനു ഇതി ലധികം പൊറുതിമുട്ടായി. കോമൻ നായരുടെ ഉപ ദേശപ്രകാരം ഇദ്ദേഹത്തിന്റെ വരവും കാത്തു വച്ചു ച്ചാണകം ഉരുട്ടി കയ്യിൽ പിടിച്ചുംകൊണ്ടു ഒളിച്ചു നിന്നിട്ടുണ്ടായിരുന്നു ചില പോക്കിരിപ്പിള്ളര പി ന്നാലെ ഓടി ചാണകം കൊണ്ടു കാക്കേക്കാടകനെ എറിയും പോലെ എറിഞ്ഞു ആർപ്പും വിളിയും കൂട്ടി. ചിറയുടെ നാലു ഭാഗത്തും കിടന്നിട്ടുണ്ടായിരുന്നു കാളകളും പശുക്കളും ൟത്തിരക്കും കോലാഹലവും കേട്ടു പേടിച്ചു അങ്ങട്ടും ഇങ്ങട്ടും പാച്ചിലായി. നാലു പുറത്തും ഉള്ള ആളുകൾ ൟ നിലവിളിയും ആർപ്പും കേട്ടു മണ്ടി വന്നപ്പോൾ മുമ്പിൽ നഗ്നരൂപനായ അയ്യാപ്പട്ടരും പിന്നാലെ പത്തു പതിനഞ്ചു കുട്ടികളും കൂടി ഓടുന്നതു കണ്ടു ഇതൊരു കള്ളനാണെന്നു വിചാരിച്ചു "കള്ളനിതാ-കള്ളനിതാ-പിടിച്ചോ-പിടി

ച്ചോ" എന്നു വിളിച്ചു പറഞ്ഞുംകൊണ്ടു അവരും ഇവരുടെ പിന്നാലെ തിരക്കിട്ടു പാഞ്ഞു. ആകപ്പാടെ സകലരും അറിഞ്ഞു വശായി. അയ്യാപ്പട്ടര അന്യായം കൊടുപ്പാൻ ഇന്നു രാവിലെ മജിസ്ത്രേട്ടു കോടതിക്കു പോയിരിക്കുന്നു പോൽ. ചിറയുടെ ചുററും ഇന്നു ഠരം ഒരു വൎത്തമാനം കൊണ്ടു പറഞ്ഞു രസിക്കുന്നവരെ അല്ലാതെ മററാരേയും കണ്ടില്ല.

പാറുക്കുട്ടി– എന്റെ അമ്മെ– എനിക്കു കേട്ടതെ മതി– കൊച്ചമ്മാളു സാമാന്യക്കാരത്തിയല്ല– രാജ്യം വഷളാക്കാൻ പെരുത്ത വേണ്ണൊ? ഇങ്ങിനെത്തതൊന്ന പോരെ?.

ലക്ഷ്മിഅമ്മ– കഷ്ടം തന്നെ– ആ സാധു പട്ടൎക്കു എത്ര തല്ലും കുത്തും കിട്ടീട്ടുണ്ടായിരിക്കണം. ഠരം വക തേവിടിശ്ശികളെ നാട്ടിൽ വെച്ചേക്കരുത. അറത്തു ബലി കഴിച്ചു കളയാണു വേണ്ടത.

നാണിഅമ്മ– എന്താണെന്നുട്ടത്തി കാലം എല്ലാം പിഴച്ചാണു കാണുന്നത. വീട്ടിലുള്ള പുരുഷന്മാരുടെ ആണല്ലാത്തരം കൊണ്ടാണു ഇപ്രകാരമെല്ലാം ഉണ്ടാവാനിടവരുന്നത. പുരുഷന്മാരെ അല്പം ശങ്കയുണ്ടെങ്കിൽ സ്ത്രീകൾക്കു ഒരിക്കലും ഈ വിധം ചെയ്യാൻ ധൈൎയ്യമുണ്ടാകുന്നതല്ല. എന്നാൽ ചിലേടത്തു പുരുഷന്മാര തന്നെയാണു പോൽ ഠരം വിധം നടവടികൾക്കു സഹായം നിന്നു വരുന്നത. "മോന്തായം വളഞ്ഞാൽ അരുപത്തനാലും വളയും" എന്നു കാരണവന്മാർ പറഞ്ഞത ശരിയായിട്ടുള്ളതാണു.

പാറുക്കുട്ടി– എനിക്കു ഇതെല്ലാം കേട്ടിട്ടു പേടിയാകുന്നു. കൊച്ചമ്മാളു എനി എങ്ങിനെയാണു മനുഷ്യന്മാരുടെ മുമ്പിൽ കൂടി നടക്കുന്നത. കഷ്ടം! ഒരു നല്ല

പെൺകിടാവു ഇങ്ങിനെ വഷളായിപ്പോയല്ലൊ! ഈ ജ്യേഷ്ഠക്ക എനി ദുഃഖിച്ചുതകളയുന്നതാണ നല്ലത. ഇതിനെല്ലാം ധൈൎയ്യം വരുന്നത വലിയ ആശ്ചൎയ്യം തന്നെ. പെറുക്കി നടന്നാലും വേണ്ടില്ല. വല്ലവരുടെ മുററം അടിച്ചാലും വേണ്ടില്ല. ഈവക ക്കൊന്നും മനസ്സു വരാതിരിക്കട്ടെ ഈശ്വരാ!.

ലക്ഷ്മിഅമ്മ- പെൺകുട്ടികളായാൽ ആദ്യം തന്നെ നല്ല അടക്കവും മൎയ്യാദയും പഠിപ്പിക്കണം. കണ്ടവരുടെ കഴുത്തിൽ കയറി കളിക്കാൻ വിടരുത അതിന ഒന്നാമത അച്ഛൻമാരക്ക തെല്ല വക തിരിവാണ കാൎയ്യമായിട്ട വേണ്ടത. രണ്ടാമത വീട്ടിലുള്ള പുരുഷന്മാരുടെ കണ്ണും ചെവിയും കുറെ നന്നായിരിക്കണം. കണ്ട തെമ്മാടികളെ പിടിച്ച സംബന്ധം വെപ്പിക്കരുത. തോന്ന്യാസം വല്ലതും കണ്ടാൽ അന്നേരം തന്നെ നല്ല അമച്ച് കൊടുക്കണം. എന്നാൽ ഈവക യാതൊന്നും കാണ്മാനൊ കേൾപ്പാനൊ സംഗതി വരുന്നതല്ല.

പാറുക്കുട്ടി- അതൊക്ക ശരി തന്നെ. എന്നാൽ ഇതെല്ലാം ആകപ്പാടെ വിചാരിച്ച നോക്കുമ്പോൾ എനിക്ക വലിയോര സംശയമായിരിക്കുന്നു. വലിയേട്ടത്തി നേരത്തെപ്പോലെ ദ്വേഷ്യപ്പെട്ടില്ലെങ്കിൽ ഞാൻ അത എന്താണെന്ന പറയാം.

ലക്ഷ്മിഅമ്മ- എന്താണ നിണക്ക ഒരു വലിയ സംശയം വന്നത? കാൎയ്യം പറയുന്നതിന ദ്വേഷ്യപ്പെടാനുണ്ടോ? പറഞ്ഞോളു.

പാറുക്കുട്ടി- ഈ വകക്കാൎയ്യത്തിൽ സ്ത്രീ പുരുഷന്മാര ഒരു പോലെ തെററുകാരാണ. എന്നാൽ സ്ത്രീകളെ മാത്രമാണ നിഷ്കൎഷിച്ചും ദുഷിച്ചും പരിഹസിച്ചും കാണു

ന്നത. സൂക്ഷ്മം വിചാരിച്ചാൽ പുരുഷന്മാരെയാണ അധികം കുററം പറയേണ്ടുത. അത ചെയ്യു കാണു ന്നില്ല. ഇത കേവലം അന്യായവും അനീതിയും അല്ലെ.

ലക്ഷ്മിഅമ്മ— കാൎയ്യത്തിൻെറ പരമാൎത്ഥം വിചാരിച്ചാൽ രണ്ടു കൂട്ടരും അപരാധികൾ തന്നെ. എങ്കിലും സ്ത്രീകളുടെ തുമ്പില്ലാത്തരം കൊണ്ടു അവർ മാത്ര മല്ല അവരുടെ വംശം മുഴുവനും കൂടി ചീത്തയായി പ്പോവാൻ ഇടയുണ്ടെന്ന കണ്ടിട്ടു പണ്ടുള്ള മഹാ യോഗ്യന്മാർ സ്ത്രീകളെയാണ അധികമായി നിഷ്കൎഷിച്ചിട്ടുള്ളത. പുരുഷൻ ആ വക യാതോരശുദ്ധിയും ഇങ്ങട്ടു സ്വീകരിക്കത്തക്ക ഒരു പാത്രമല്ല. അഥവാ ഉണ്ടെങ്കിൽ തന്നെ പ്രായശ്ചിത്തം മുതലായത കൊണ്ടു ശുദ്ധി വരുത്താവുന്നതുമാണ. എന്നാൽ സ്ത്രീകളുടെ നേരെ വിപരീതമായിട്ടാണ. അവർ സ്വീകാര പാത്രമായ്ക്കൊണ്ടു അത ഒരു വിധത്തിലും ശുദ്ധീകരിപ്പാൻ പ്രയാസമായിട്ടുള്ളതാണെന്ന മാത്രമല്ല അത നിമിത്തം ദുഷ്പ്രജകൾ വൎദ്ധിച്ചു വംശം മുടിഞ്ഞു പോവാനും കൂടെ ഇടയുണ്ടു. ഇതെല്ലാം വിചാരിച്ചിട്ടാണ സ്ത്രീകളെ പ്രത്യേകിച്ചു നിബ്ബന്ധിച്ചിട്ടുള്ളത.

പാറുക്കുട്ടി— ൟ സംഗതി ഒരു മതിയായ സമാധാനമാണെന്ന എനിക്ക തോന്നുന്നില്ല. സ്ത്രീകളായിരുന്നു പണ്ടെത്തെ സ്മൃതികൎത്താക്കന്മാരെങ്കിൽ അവർ നിശ്ചയമായിട്ടും പുരുഷന്മാരെ ആയിരുന്നു അധികം നിബ്ബന്ധിക്കുന്നത. എല്ലാ പക്ഷഭേദവും പുരുഷന്മാരാണ ഉണ്ടാക്കി തീൎക്കുന്നത. പുരുഷന്മാൎക്ക സ്ത്രീകളെക്കാൾ എല്ലാ സംഗതികൊണ്ടും അധികം വക

തിരിവുണ്ടെന്നല്ലെ വെച്ചിട്ടുള്ളത. ഗുണദോഷ
ജ്ഞാനം, വേണ്ടുന്നതക്ക വിദ്യാഭ്യാസം, കൌശലം,
വാക്സാമൎത്ഥ്യം ഇതെല്ലാം അവൎക്കാണ വളരെ
അധികം ഉള്ളത. പല രാജ്യങ്ങളിലും സഞ്ചരിച്ചും
പല യോഗ്യന്മാരുമായി സഹവാസം ചെയ്തും
പല അനീതികളും അക്രമങ്ങളും കണ്ടും കേട്ടും അറി
ഞ്ഞു വേണ്ടുന്നതക്ക അറിവ സമ്പാദിക്കുവാനും അത
മൂലം വേണ്ടാത്ത അഴിമതികളെ അകററി നേർ
വഴിയിൽ കടന്ന മൎയ്യാദപ്രകാരം പ്രവൃത്തിപ്പാനും
പുരുഷന്മാൎക്ക എല്ലാംകൊണ്ടും നല്ല തരമുണ്ട. സ്ത്രീക
ൾക്ക ആ വക യാതൊരു പരിചയത്തിന്നാകട്ടെ
സഹവാസത്തിന്നാകട്ടെ അശേഷം അവസരവും
സ്വാതന്ത്ര്യവും പുരുഷന്മാർ കല്പിച്ചിട്ടില്ല. അതുകൊ
ണ്ട മിക്ക സ്ത്രീകളും മൂഢന്മാരാണെന്നും തീൎച്ചതന്നെ
യാണ. ബുദ്ധിയും സാമൎത്ഥ്യവും ഉള്ള ആളുകൾ
യുക്തിയുക്തമായി സംസാരിക്കുന്നത കേൾക്കുമ്പോ
ൾ ബുദ്ധി കുറഞ്ഞ ജനം അത ശരിയാണെന്ന
വിശ്വസിച്ച അനുസരിച്ച പോകുന്നതും സാധാര
ണയാണ. എന്നാൽ പുരുഷന്മാർ ഈ വക തോ
ന്ന്യാസത്തിന്നും പക്ഷഭേദത്തിന്നും പോകരുതെന്ന
തീൎച്ചപ്പെടുത്തിക്കളയുന്ന പക്ഷം രാജ്യത്തിൽ പി
ന്നെ എങ്ങിനെയാണ വ്യഭിചാരം ഉണ്ടാകുന്നത?
സ്ത്രീകളെ വഷളാക്കിത്തീൎത്ത വ്യഭിചാരം വൎദ്ധി
പ്പിച്ച നാട പൊട്ടാക്കി തീൎക്കുന്നത മുഴുവനും പുരുഷ
ന്മാരാണ. സ്ത്രീകൾ സ്വതെ യാതൊരു പരിച
യവും ഇല്ലാതെ പുരുഷന്മാരുടെ വാക്ക കേട്ട മലച്ച
പോകുന്നതക്ക മഹാ സാധുക്കളല്ലെ? പല തക്കിടിയും
പറഞ്ഞ വിശ്വസിപ്പിച്ച അറിവില്ലാത്ത ഇവ

ററയെ വഞ്ചിച്ച അനൎത്ഥക്കുഴിയിൽ ചാടിക്കുന്ന പുരുഷന്മാരാണ അറ വഷളന്മാർ. ഒന്നും അറിയാത്ത ൟ സാധുക്കളെപ്പിടിച്ച ചക്രം തിരിക്കുന്ന ൟ വകക്കാൎക്ക കുററമില്ല. സ്ത്രീകൾക്കാണ സകല ദൂഷ്യവും. ഇത മഹാ അന്യായം തന്നെ. അറിവും യോഗ്യതയും എത്രത്തോളം ഒരു പുരുഷന വൎദ്ധിക്കുന്നുവൊ അത്രത്തോളം അവന്ന വ്യഭിചാരവും അധികമായിട്ടാണ കാണുന്നത. എന്നാൽ ൟവക യാതൊരു ദൂഷ്യവും ഇല്ലാത്ത യോഗ്യരായ പുരുഷന്മാർ ദുല്ലഭം ഇല്ലെന്ന ഞാൻ പറയുന്നില്ല. ആ വകക്കാർ സ്ത്രീകളുടെ കൂട്ടത്തിലും ധാരാളമുണ്ട. പക്ഷെ അധിക പുരുഷന്മാരും ശുദ്ധമെ വികൃതികളാണ. ചിലർ ചെയ്യുന്ന വഷളത്വം അവരുടെ സാമൎത്ഥ്യം കൊണ്ടത്രെ പ്രകാശിക്കുന്നില്ലയായിരിക്കാം. അത സാരമില്ല. വഷളത്വം ചെയ്യുന്നുണ്ടൊ എന്ന മാത്രമെ നോക്കേണ്ടതുള്ളു. അറിവുണ്ടായിട്ട ൟ വക തോന്ന്യാസം ചെയ്യുന്നതല്ലെ അധികമായ കുററം? സ്ത്രീകൾ വ്യഭിചരിക്കുന്നു. അത നേര തന്നെ. ആരാണ വ്യഭിചരിപ്പിക്കുന്നത? അറിവും യോഗ്യതയും തികഞ്ഞ മഹാനുഭാവന്മാരാണെന്ന നടിക്കുന്ന പുരുഷന്മാരല്ലെ?. പുരുഷന്മാർകൂടാതെ സ്ത്രീകൾക്ക വ്യഭിചരിപ്പാൻ കഴികയില്ലെന്നുള്ളത തീൎച്ചയാണ. എന്നാൽ ചില പുരുഷന്മാൎക്ക അതും ആവശ്യമില്ലല്ലൊ. അവര ഏൎട്ടുക്കുന്നത തൊഴിലല്ലെ? എന്തെല്ലാം മാതിരി തോന്ന്യാസങ്ങളാണ ചില പരമയോഗ്യന്മാർ ചെയ്തു വരുന്നത. യോഗ്യത കൂടുംതോറും ആഭാസത്വം വൎദ്ധിച്ചാണ കാണുന്നത. ഇനിയും ഒരു ഭേദമുണ്ട. സ്ത്രീ എത്ര തന്നെ കുലടയാ

യാലും രാത്രി കാലത്ത പുരുഷനെ അന്വേഷിച്ചും കൊണ്ട അങ്ങ ചെന്ന കാണുന്നില്ല. പുരുഷൻ ഇങ്ങട്ട വന്ന പല വിദ്യയും പ്രയോഗിച്ച പാട നടക്കയല്ലെ ചെയ്യുന്നത. തെല്ലൊരടക്കവും മൎയ്യാദയും ഗുണദോഷജ്ഞാനവും സമജീവികളിൽ സ്നേഹവും പുരുഷന്മാൎക്കുണ്ടെങ്കിൽ വ്യഭിചാരം എന്ന ശബ്ദം രാജ്യത്തിൽനിന്ന ഓടിപ്പോയ്ക്കൊള്ളും. അത കൊണ്ട സ്ത്രീകളെ ദുഷിച്ച പറയുന്ന പുരുഷന്മാർ തന്നെയാണ അവരെ വഷളാക്കി തീൎക്കുന്നത. വലിയേട്ടത്തിക്കഎന്ത തോന്നുന്നു.

ലക്ഷ്മിഅമ്മ— നീ പറഞ്ഞത ഏതാണ്ട ശരി തന്നെയാണ എന്നാൽ ഇത പോലെ തന്നെ മറെറ ഭാഗവും പറയുമ്പോൾ സകല ദൂഷ്യവും സ്ത്രീകളിലാണെന്ന കാണാം. ഏതായാലും നോം പറയുന്നതിന്ന വിലയില്ല. പുരുഷന്മാരെ ദൂഷ്യം പറഞ്ഞുംകൊണ്ട നാം വഷളത്വം ചെയ്യേണമെന്നുണ്ടോ? അവരവരുടെ നിലക്ക നിന്ന കളഞ്ഞാൽ ഒരു വക യാതൊരാക്ഷേപത്തിന്നും പിന്നെ ഇട വരുന്നതല്ല. സ്ത്രീകളായ നോം ആണെ പ്രത്യേകിച്ചും സൂക്ഷിക്കേണ്ടത.

ഇവർ ഇങ്ങിനെ അന്യോന്യം സംസാരിച്ച കൊണ്ടിരിക്കുന്ന മദ്ധ്യെ ഗോപാലമേനവൻ എത്തി പടിപ്പുരയിൽനിന്ന ആരെയൊ വിളിക്കുന്നത കേട്ടു. മൂന്നു പേരും അപ്പോൾ തന്നെ സംസാരം നിൎത്തി ബദ്ധപ്പെട്ട എഴുനീററ അവരവരുടെ ഓരൊ പ്രവൃത്തിക്ക വേണ്ടി ഓരൊ വഴിക്ക പോയി.

# അഞ്ചാം അദ്ധ്യായം.

### രണ്ടു നമ്പൂരിമാരും മീനാക്ഷി കുട്ടിയുടെ വരവും.

സ്ഫടികസങ്കാശമായ ജലംകൊണ്ട പരിപൂൎണ്ണമായിനി
ല്ക്കുന്ന കനകമംഗലം ചിറയുടെ വടക്കഭാഗത്ത അതി
വിശേഷമായ തറയോടുകൂടി അത്യന്തം ശോഭായമാന
മായ ഒരു വലിയ അശോകമരം ഉണ്ട. നാം ഇപ്പോൾ
പ്രസ്താവിപ്പാൻ പോകുന്ന സംഗതികൾ സംഭവിച്ച കാ
ലത്ത ഈ അശോകം ശോണവൎണ്ണങ്ങളായ അനവധി
പുഷ്പങ്ങളെക്കൊണ്ടും രക്തവൎണ്ണമായ കിസലയങ്ങളെക്കൊ
ണ്ടും പരിവൃതമായി മധുപാനമത്തന്മാരായി മുരളുന്ന അ
നേകായിരം വണ്ടുകളെക്കൊണ്ട പരിശോഭിതമായിരുന്നു.
അതിസുഖമായി കാററുകൊണ്ട സന്തോഷിച്ചിരിക്കത്തക്ക
വണ്ണം ഭംഗിയിൽ അതിന്ന തറകെട്ടിയിരിക്കുന്നത
കൊണ്ട ഉഷ്ണകാലത്തിൽ അതിന്റെ ചുവട്ടിൽ വന്ന കൂടു
വാൻ ജനങ്ങൾക്ക ബഹുകൌതുകവും ആഹ്ലാദവും ഉണ്ട.
സമീപത്ത അതി മനോഹരമായ ഒരു ചിറകൂടി ഉള്ളതു
കൊണ്ട ഇവിടെ വന്നുനില്ക്കുന്ന രസികന്മാൎക്ക അളവി
ല്ലാത്ത മനഃപ്രീതിക്കും അത്യത്ഭുതകരമായ അനേകം കാഴ്ച
ക്കും നേരംപോക്കിന്നും ഇത നല്ലൊരു താവളമായി തീ
ൎന്നിരിക്കുന്നു. വിശേഷിച്ച യാതൊരു പ്രവൃത്തിയും ഇ
ല്ലാത്ത സരസന്മാരായ ചെറുപ്പക്കാർ നേരം നാലമണി
യായാൽ ഇവിടെ എത്താതെ ഇരിക്കമാറില്ല. ചക്ഷുഃപ്രീ
തിക്ക ഇത്ര തരമുള്ള മറെറാരു സ്ഥലം ഈ ദിക്കിൽ കാണ്മാ
ൻപ്രയാസം. ചിറക്കടവുകളിൽ നീളെ അതിമനോഹര
മായ കാർമേഘവും അനവധി മത്സ്യങ്ങളും വികസിച്ച

നില്ക്കുന്ന താമരപ്പൂക്കളും വിലമതിപ്പാൻ പാടില്ലാത്ത കനകച്ചെപ്പുകളും അതിശീതളങ്ങളായ കദളിവാഴകളും മറ്റും നിരവധി വിശിഷ്ടസാധനങ്ങൾ കണ്ടും രസിച്ചും കാലയാപനംചെയ്യാൻ ഭാഗ്യശാലികളായ പുരുഷന്മാർ ഇവിടെ വന്നു കാത്തുനില്ക്കുക പതിവാകുന്നു. ഇത്ര മനോഹരമായ ഒരു അശോകത്തിന്റെ കീഴിൽ ഒരുദിവസം ഏകദേശം നാലുമണി സമയത്ത പരമശൃംഗാരികളായ രണ്ടു തരുണപുരുഷന്മാർ നില്ക്കുകയായിരുന്നു. അവരിൽ ഒരാൾക്ക സുമാർ ഇരിപത്തഞ്ചു വയസ്സും മറ്റെ ആൾക്ക ഇരിപത്തിരണ്ടു വയസ്സും പ്രായമുണ്ട. കണ്ടാൽ ബഹു കോമളന്മാരും തങ്ങളുടെ സൌന്ദൎയ്യം ലേശം അഴുക്കും ചേറും പുരളാതെ നല്ലവണ്ണം തുടച്ചു മിനുക്കിക്കൊണ്ടു നടപ്പാൻ വേണ്ടതിലധികം പ്രാപ്തന്മാരുമാണ. രസികന്മാരാണെന്ന ഇവരുടെ ഇപ്പോഴത്തെ പുറപ്പാടകണ്ടാൽ തന്നെ ആരും ഒരു സൎട്ടിഫിക്കേറ്റ കൊടുക്കാതിരിക്കയില്ല. വിലയേറിയ ഓരോ പട്ടുകരപ്പാവതന്നെയാണ രണ്ടുപേരും ചുറ്റീട്ടുള്ളത. അലക്കിന്റെ ഗുണവും വെണ്മയും പറയേണ്ടതില്ല. ബഹു വിശേഷമായിരിക്കുന്നു. ചുറ്റിയ പാവുമുണ്ടിന്റെ നൈൎമ്മല്യംകൊണ്ടും രൂപസൌന്ദൎയ്യത്തിന്റെ അനുപമമായ പ്രകാശാധിക്യംകൊണ്ടും ഇവരുടെ കീഴെയുള്ള എല്ലാ അവയവങ്ങളും വളരെ നല്ലവണ്ണം ദൂരത്തുനിന്നുതന്നെ കാണ്മാൻകഴിയും. അമ്പലപ്പുഴെനിന്ന പ്രത്യേകം പറഞ്ഞുണ്ടാക്കി വരുത്തീട്ടുള്ളതും മുട്ടിന്റെ പിൻഭാഗം നാലുവിരൽ താഴത്തോളം എത്തിനില്ക്കത്തക്ക നീളമുള്ളതും ആയ കൌപീനത്തിന്റെ പലമാതിരിക്കുറികളും കരകളും കണ്ണാടിയിൽ വെച്ചിട്ടുള്ള നല്ല ചിത്രംപോലെ പുറമെ പ്രകാശിച്ചു നില്ക്കുന്നതുകണ്ടാൽ ഇവരുടെ

യോഗ്യതയെപ്പററി പിന്നെ യാതൊന്നും പറയേണ്ടതില്ല. നെററിയുടെ മദ്ധ്യത്തിൽ ചന്ദനംകൊണ്ട അതി ഭംഗിയിൽ വൃത്താകാരമായ ഒരു ചെറിയ തറയുണ്ടാക്കി നടുവിൽ കൃഷ്ണവർണ്ണത്തിലുള്ള ഓരോ പൊട്ട തൊട്ടിരിക്കുന്നു. അത്യന്തം പുഷ്ടിയും നീളവുമുള്ള കുടുമ പകുതി മദ്ധ്യത്തിൽ വാലിട്ട പവിത്രക്കെട്ടകെട്ടി പിൻഭാഗത്തോട്ട മറിച്ചിട്ടിരിക്കുന്നു. ചുററിയതരത്തിൽതന്നെയുള്ള ഓരോ പട്ടക്കര നിവൃനീളത്തിൽ ഞെറിഞ്ഞ വലത്തെച്ചുമലിൽ ഇരുഭാഗവും തൂക്കിയിടുകയും ചെയ്തിരിക്കുന്നു. ഇഷ്ടാനുസാരണം മടക്കുവാനൊ നിവൃത്തുവാനൊ സാമാന്യത്തിലധികം ബുദ്ധിമുട്ടത്തക്കവണ്ണം വിരലിന്മേൽ നിറച്ചും പലമാതിരി സ്വർണ്ണമോതിരങ്ങൾ ഇട്ടിരിക്കുന്നു. അതിമനോഹരമായി ചായമിട്ട ഓരോവടി രണ്ടുപേരും കയ്യിൽപിടിച്ചു കൂടക്കൂടെ വീശിക്കൊണ്ടിരിക്കയും ചെയ്യുന്നു. കോമാളിവേഷംകെട്ടി ഞെളിഞ്ഞുനിൽക്കുന്ന ഠരം വിദ്വാന്മാർ ആരാണിരിക്കാം എന്ന വായനക്കാർ വൃഥാ പരിഭ്രമിച്ചു പോകരുത. ഠരം വകലക്ഷണം ഏതാണ്ട കേൾക്കുമ്പോഴെക്കുതന്നെ മിക്കപേക്കും മനസ്സിലാക്കാവുന്നതാണ. പൂരം മുതലായ ഉത്സവംകണ്ടിട്ടുള്ള എന്റെ വായനക്കാക്ക വളരെ ക്ഷണനേരംകൊണ്ട അറിവാൻ പ്രയാസമില്ല. ഠരം അച്ചിലുള്ള അനേകം രസികന്മാരെ ആ വക സ്ഥലത്ത ധാരാളം കാണ്മാൻ കഴിയുന്നതാണ. ഇതുകൊണ്ട ഒന്നും പോരെങ്കിൽ ഇവരുടെ കഴുത്തിൽ ബ്രാഹ്മീയമായ തേജഃപുഞ്ജത്തെ പ്രകാശിപ്പിക്കുന്ന യജ്ഞസൂത്രവും കൂടെ ഉണ്ടെന്ന ഞാൻ തന്നെ പറഞ്ഞുകളയാം.

ഇതിൽ ഒന്നാമത്തെ സുന്ദരൻ കന്മനമനക്കൽ കുബേരൻ എന്ന തിരുനാമമായ ചെറിയ നമ്പൂതിരിപ്പാട്ടം രണ്ടാ

മത്തെ അഴകരാവണൻ കരുവാഴമനക്കൽ പുരുഷോത്തമൻ എന്ന രണ്ടാംകൂറ നമ്പൂതിരിപ്പാട്ടും ആകുന്നു. മലയാള രാജ്യത്തിൽ പണ്ടുപണ്ടെ ശ്രുതിപ്പെട്ട മേൽപറഞ്ഞ രണ്ടു മനകളിലുമുള്ള നമ്പൂതിരിപ്പാടന്മാരുടെ യോഗ്യതയെപ്പററി വിശേഷിച്ചൊന്നും പറയേണമെന്നില്ല. ധനത്തിന്റെ അവസ്ഥ വിചാരിച്ചു നോക്കിയാൽ ഇവർ രണ്ടുപേൎക്കും കുബേരൻ എന്ന പേരതന്നെയാണ ഉചിതമായിട്ടുള്ളത. യൌവനം- ധനസമ്പത്തി- പ്രഭുത്വം- അവിവേകത. ഇങ്ങിനെ പഞ്ചതന്ത്രത്തിൽ പറഞ്ഞിട്ടുള്ള എല്ലാ ഗുണങ്ങളും ഇവൎക്ക പൂൎണ്ണമായി ഉണ്ട. രണ്ടുപേരും സ്ത്രീവിഷയം വളരെ ഭ്രമവും സക്തിയും ഉള്ളവരാകകൊണ്ട തങ്ങളുടെ ജീവകാലം മുഴുവനും അതിലേക്കവേണ്ടി ചിലവചെയ്യാൻ ഒരുക്കമുള്ളവരാകുന്നു. ഇവരുടെ ഇപ്പോഴത്തെ വരവും നിലയും അന്യോന്യമുള്ള മുഖഭാവവും പാങ്ങല്ലാത്ത ചില നോട്ടവും മന്ദസ്മിതവും കണ്ടാൽ ബഹുരസംതോന്നും. ഇവർ കാററുകൊണ്ട നില്പാൻ വന്നവരാണെന്ന പറഞ്ഞാൽ അൎത്ഥം നല്ലവണ്ണം വെളിവാകയില്ലെന്ന തോന്നുന്നു. അതകൊണ്ട കാററുകൊണ്ടു വന്നു നില്ക്കുന്നവരാണെന്ന പറയുന്നതാണ കുറെ ഭേദം. ഇവരുടെ ആഗമവും മററുള്ള ബ്രാഹ്മണരുടെ ആഗമവും തമ്മിൽ വളരെ വ്യത്യാസം ഉള്ളതാകകൊണ്ട ഇവരുടേതിനേപ്പററി അല്പം പ്രസ്ഥാപിക്കേണ്ടത അത്യാവശ്യമാകുന്നു.

ഠരം നേരത്ത കുളിപ്പാനും മേൽകെഴുകുവാനും മററും വേണ്ടി അനവധി സ്ത്രീകൾ അടുത്ത പ്രദേശങ്ങളിലെല്ലാംനിന്ന ഠരം ചിറയിലേക്ക വരുന്നത പതിവാണ. അവരുടെ രൂപസൌന്ദൎയ്യം ഉള്ളവണ്ണം കാണ്മാൻ ഇങ്ങിനെ ഒരു തരം മററുകിട്ടാനും പ്രയാസമാണ. അശോകത്തിന്റെ കീഴിൽ പുരുഷന്മാർ നില്ക്കുന്നുണ്ടൊ എന്ന

നോക്കി അറിഞ്ഞല്ലാതെ യാതൊരു സ്ത്രീകളും ഈ ചിറയുടെ വടക്കഭാഗമുള്ള കടവുകളിൽ വന്നിറങ്ങുമാറില്ല. അല്പം മാനവും മൎയ്യാദയും ഉള്ള സ്ത്രീകൾ അവിടെ പുരുഷന്മാർ നില്ക്കുന്നുണ്ടെന്ന കണ്ടാൽ അടുത്ത കടവുകളിൽ എങ്ങും വന്നിറങ്ങാതെ ജനബാഹുല്യം ഇല്ലാത്ത ചില മറക്കടവുകളിലേക്ക പോയിക്കളകയാണ ചെയ്യുന്നത. നില്ലജ്ജമാരും ദുർവൃത്തമാരും ആയ മറ്റുചില സ്ത്രീകൾ പുരുഷന്മാരുണ്ടെന്നുകണ്ടാൽ മേൽപറഞ്ഞ അശോകത്തിന്റെ അടുക്കെ ഉള്ള രണ്ടു കടവുകളിൽ അല്ലാതെ മറ്റെങ്ങും വന്നിറങ്ങുകയില്ല. ഈ തരത്തിലുള്ള സ്ത്രീകളുടെ അവസ്ഥയെപറ്റി തെല്ലൊന്ന പ്രസ്ഥാപിക്കാതിരിപ്പാൻ മനസ്സ വരുന്നില്ല. എണ്ണയും തേച്ച രണ്ടേമുക്കാൽ മുഴം കഷ്ടിച്ച നീളമുള്ള ഓരൊ നേരിയ തോൎത്തമുണ്ടും ചുറ്റിയാണ ഇവരുടെ വരവ. കടവുകളിൽ വന്നിറങ്ങിയാലുള്ള കഥ പറയാതിരിക്കുന്നതാണ കുറെ നല്ലത. ലേശം ലജ്ജയൊ ശങ്കയൊ കൂടാതെ ഇവർ മേലെ പടവിന്മേൽ കാലും ഉയൎത്തിവെച്ചു വാകപ്പൊടി അത്ത മുതലായ സാധനങ്ങൾ എടുത്ത ചില അവയവങ്ങളിൽ തേച്ച ചേറും മെഴുക്കും കളയുന്നതും നാലുഭാഗത്തും നില്ക്കുന്ന പുരുഷന്മാരെ കൂടക്കൂടെ കടാക്ഷിക്കുന്നതും ഉള്ളപോലെ വിവരിച്ചെഴുതുവാൻ എന്റെമനസ്സ എന്നെ അനുവദിക്കുന്നില്ല. ഞാൻ എന്തചെയ്യട്ടെ. നാഗരികതയുള്ള യാതൊരു മനുഷ്യന്മാരുടെ ഇടയിലും ഈ വക സമ്പ്രദായം ഇല്ലെന്ന എനിക്ക നല്ല നിശ്ചയമുണ്ട. ശുദ്ധമെ മൃഗപ്രായം എന്ന മാത്രം പറഞ്ഞാൽ മതി. ഇങ്ങിനെയുള്ള കാഴ്ചയും വേലയും കണ്ടുകൊണ്ടാടാൻ വേണ്ടിയാണ നമ്മുടെ ഈ സരസന്മാർ നേരത്തെതന്നെ വന്ന ഞെളിഞ്ഞ നില്ക്കുന്നത.

ഇവർ അന്യോന്യം ഓരോ നേരംപോക്കും പറഞ്ഞു രസിച്ചു നേത്രാനന്ദപ്രദമായ പല കാഴ്ചയും നോക്കിക്കൊണ്ടു നില്ക്കുമ്പോൾ ചിറയുടെ പടിഞ്ഞാറെഭാഗത്തുനിന്നു മണി അടിക്കുന്ന ഒരു ശബ്ദം കേട്ടു. അല്പം താമസിച്ചപ്പോൾ സ്കൂൾ പിരിഞ്ഞു അനവധി പെൺകുട്ടികൾ പുറത്തിറങ്ങി കൂട്ടംകൂട്ടമായി അങ്ങട്ടും ഇങ്ങട്ടും പോകുന്നതു കണ്ടു. ഈ കാഴ്ച നമ്മുടെ നമ്പൂരിമാൎക്കു ബഹുരസം തോന്നി. എങ്കിലും ചിറക്കടവുകളിൽ ഉലാവിക്കൊണ്ടു നില്ക്കുന്ന തങ്ങളുടെ കണ്ണുകളെ ഇങ്ങിട്ടു വിളിക്കുന്ന കാൎയ്യം അത്ര വെടിപ്പുണ്ടോ എന്നുള്ള ശങ്ക കലശലായി. ഇതിനിടയിൽ പുസ്തകംമുതലായതു എടുത്തുകൊണ്ടു മുമ്പിൽ ഒരു ഭൃത്യനും പിന്നാലെ ഒരു പെൺകിടാവും ചിറയുടെ വടക്കഭാഗത്തുകൂടി നേരെ കിഴക്കോട്ടു വരികയായിരുന്നു. ഇവളുടെ ചുരുക്കമായ ഒരു വിവരണം വായനക്കാൎക്കു രുചികരമായിരിക്കുമെന്നു തോന്നുന്നു.

ഇവൾ കരിമരംകൊണ്ടു അതിവിശേഷമായി കടഞ്ഞു കാലിട്ടിട്ടുള്ള ഒരു ചെറിയ ഓലക്കുട ചൂടിയിരിക്കുന്നു. പ്രായം ഏകദേശം പന്ത്രണ്ടു വയസ്സുണ്ടു. എങ്കിലും പ്രായത്തെ കവിഞ്ഞുനില്ക്കുന്ന വളൎച്ചയും ബാലദശയുടെ മീതെ വഴിയുന്ന രൂപസൌന്ദൎയ്യവും കണ്ടാൽ ഏതാണ്ടു ഒരു പതിനഞ്ചു വയസ്സു പ്രായമുണ്ടെന്നു തോന്നാതിരിക്കില്ല. ഇവളെ ഒരുകപ്പാടെ കണ്ടാൽ തലകുലുക്കിപ്പോകാത്ത പുരുഷന്മാർ ഇല്ലെന്നുതന്നെയാണു ഞാൻ വിചാരിക്കുന്നതു. സ്ത്രീകളുടെ രൂപസൌന്ദൎയ്യവും വിലയും കണ്ടറിവാൻ തക്ക സാമൎത്ഥ്യവും വേണ്ടത്തക്ക പരിചയവും ഉള്ള പരമരസികന്മാരായ പുരുഷന്മാരെ ഭ്രമിപ്പിക്കുവാൻ ഇവളുടെ ഇപ്പോഴത്തെ മുഖശോഭയിൽ ഏതാണ്ടൊരംശം പോലും ചിലവചെയ്യേണ്ടിവരുമെന്നു തോന്നുന്നില്ല. ദേഹപ്രകാശം ഒരുമാടയുടെ വൎണ്ണത്തിൽ അല്പംകൂടെ ഏറും

മെന്നാണ പറയെണ്ടത. വണ്ടോടപോലെ കറുത്ത അത്യന്തം സ്നിഗ്ദ്ധമായി എല്ലാരോമവും ഒരുപോലെ സമദീൎഘമായിരിക്കുന്ന തലമുടിയുടെ പുഷ്ടിയും വളൎച്ചയും ചുരുണ്ടിയ ൟ അവസാനംകൊണ്ട അത അരയോളം എത്തി അഗ്രം ചുരുണ്ടനില്ക്കുന്ന സ്ഥിതിയുംകൂടെ കണ്ടാൽ ആലോചനകൂടാതെ എനിയും വളരുന്നപക്ഷം കാലതാമസം അധികംകൂടാതെ നിലത്തോളം എത്തി അവിടെ നിന്ന പിന്നെയും കിഴ്പെട്ട പോകുന്ന കാൎയ്യം കേവലം അസാദ്ധ്യമാകകൊണ്ട അഗ്രോടംചെന്ന വഷളായി മടങ്ങി പോരുന്നതിനെക്കാൾ ഇപ്പോൾതന്നെ ഇവിടെ നിന്ന പിൻവാങ്ങികളയുന്നതല്ലെ വളരെ നല്ലത എന്ന വിചാരിച്ച മടങ്ങിപോരുവാനുള്ളഭാവമൊ എന്നതോന്നും. നെററിത്തടത്തിന്റെ സുവിസ്താരവും അതിന്നടുത്ത ഉയൎച്ചയും കണ്ടാൽ ഇവൾ അത്യന്തം ബുദ്ധിശാലിനിയും ഭാഗ്യവതിയും ആണെന്ന സാമുദ്രികാശാസ്ത്രത്തിൽ പരിചയമുള്ള യാതൊരുത്തനും നിസ്സംശയം അഭിപ്രായപ്പെടാതിരിക്കയില്ല. നീണ്ടുതടിച്ച പുരികങ്ങൾ രണ്ടും മഷിപോലെ കറുത്ത വളഞ്ഞ അന്യോന്യ സ്പൎശം കൂടാതെ അകന്ന നില്ക്കുന്നതകണ്ടാൽ തലമുടിയുടെയും നെററിത്തടത്തിന്റെയും അളവില്ലാത്ത സൌന്ദൎയ്യം മതിമറന്ന മദിച്ച തങ്ങളിൽ പുളച്ച കണ്ണുകളായ കുഴികളിൽ മറിഞ്ഞു വീണുപോകാതെ ഇരിപ്പാൻ വേണ്ടി ഭംഗിയിൽ ഒരു വിധം വെയിലികെട്ടി മുഖലാവണ്യവുമായുള്ള സഹവാസത്തിന്ന മുടക്കംവരാതിരിക്കത്തക്കവണ്ണം നടുവിൽ ഒരു പെരുവഴി വെച്ചുകൊടുത്തിട്ടുള്ളതൊ എന്നതോന്നും. അന്തസ്ഥരിതകളായ അനേകം ശൃംഗാരചേഷ്ടകൾക്ക ഇരിപ്പിടമായ ഇവളുടെ കണ്ണുകൾ അതിധീരന്മാരായ പുരുഷന്മാരുടെ മനസ്സിനെ ആകൎഷിക്കുവാനും വശീകരിക്കു

വാനും വേണ്ടി അതി രഹസ്യമായ പല ഔഷധവും നിറച്ചുവെച്ചിട്ടുള്ളു രണ്ടു ആളുകളാണെന്ന തന്നെ പറയണം. മുഖം യാതൊരു കോട്ടമൊ ചരിവൊ കൂടാതെ ക്രമദീഘ്ലമായി പരന്ന മാംസളമായി മിനുമിനുത്ത ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന അനേകം ഭാവവികാരങ്ങളെ അല്പാല്പമായി പുറമെ പ്രകാശിപ്പിച്ചുംകൊണ്ടു അത്യന്തം പ്രസന്നമായിരിക്കുന്നു. അധരോഷ്ഠങ്ങളുടെ അഴകും ഭംഗിയും അനുഭവരസികന്മാൎക്കല്ലാതെ പറവാനും പ്രയാസമാണ. സൌന്ദൎയ്യവതികളായ ചില യുവതികളും ദുല്ലഭം ചില പ്രൌഢമാരും തങ്ങളുടെ ചുണ്ടിന്ന സഹജമായ വൎണ്ണം മതിയായിട്ടില്ലെന്നും പുരുഷന്മാരുടെ മനസ്സിനെ വശീകരിപ്പാൻ ഇത്ര നന്നായിട്ടുള്ള ഒരു ഔഷധം മററ യാതൊന്നും ഇല്ലെന്നും അന്ധാളിച്ചു അധികം ജനം കൂടുവാനവകാശമുള്ള വല്ല അടിയന്തരസ്ഥലങ്ങളിലും പോകെണ്ടിവരുന്ന സമയം ചുകന്ന മഷിപ്പൊടികൊണ്ടു നിറം പിടിപ്പിക്കുന്നതും കൂടക്കൂടെ ഉപയോഗിപ്പാൻ വേണ്ടി ആവക സാധനം കടലാസ്സിലൊ മററൊ ചുരുട്ടി മടിക്കുത്തിൽ വെച്ചു കൊണ്ടുപോകുന്നതും ചിലര അതുകണ്ടു പരിഹസിക്കുന്നതും ഇവിടെ ചിലെടങ്ങളിൽ ഈയ്യിടെ ഒരു സാധാരണ സമ്പ്രദായമായിരിക്കുന്നു. സ്ത്രീകളുടെ ചാഞ്ചല്യമൊ ഇരിക്കട്ടെ ഈ ആഭാസപ്രവൃത്തിക്ക അനുവദിച്ചു അങ്ങാടിയിൽ പോയി മഷിപ്പൊടി വാങ്ങിക്കൊണ്ടുവന്ന തങ്ങളുടെ ഭാൎയ്യമാൎക്ക കൊടുക്കുന്ന വങ്കന്മാരായ ചില ഭൎത്താക്കന്മാരുടെ ഇളിഭ്യത്വം വിചാരിച്ചാൽ അവസാനമില്ല. അരവഷളന്മാരായ ഇരപ്പാളികൾ എന്നമാത്രമെ ഞാൻ പറവാൻ കാണുന്നുള്ളു. എന്നാൽ ആവക അന്ധാളിപ്പിന്നാകട്ടെ ജാള്യപ്രവൃത്തിക്കാകട്ടെ ഇവൾക്ക യാതൊരവകാശവും കൊടുക്കരുതെന്ന വിചാ

ശിച്ച കരുണാസാഗരമായ ദൈവം ഇവളെ സൃഷ്ടിച്ച പ്പോൾ തന്നെ അധരോഷ്ടങ്ങൾ ബഹു മോടിയോടെ തീൎത്ത അന്തൎഭാഗത്തിങ്കൽ അമൃത നിറച്ച അതിമനോഹ രമായി നിറമിട്ട മിനുക്കി നന്നാക്കിയിരിക്കുന്നു. ഇത്ര അധികം വിശേഷമായ ഈ ഓഷ്ഠപുടത്തോട ഒരുമിച്ചി രുന്ന സുകൃതികൾക്കപോലും അതിദുൎല്ലഭമായ അനന്ത ഭാഗ്യം സദാ അനുഭവിച്ചുകൊണ്ടിരിപ്പാൻ ഇവളുടെ മൂക്കുത്തിയുടെ നാത്ത് പൂൎവ്വജന്മത്തിങ്കൽ എന്തൊരു മഹാ പുണ്യമാണ ചെയ്തിട്ടുള്ളത എന്ന ഞാൻ അറിയുന്നില്ല. പല്ലുകളുടെ ഗുണത്തെയും നിറത്തെയും പററി വൎണ്ണി പ്പാൻ പണ്ടുള്ള കവികൾക്ക രണ്ടൊ നാലൊ മുല്ലമൊട്ട കിട്ടിയാൽ മതി. എന്നാൽ ഈ കാലത്ത അത ഭംഗിയി ല്ലെന്ന ചിലർ പറയുന്നതകൊണ്ട ഞാൻ വളരെ ബുദ്ധി മുട്ടിൽ ആയിരിക്കുന്നു. അതുകൊണ്ട ഇവളുടെ പല്ലു കൾ നിരയൊത്ത അതിധവളമായി ആനക്കൊമ്പകൊണ്ട അതിവിശേഷമായി പണിചെയ്തു വെച്ചിട്ടുള്ളതപോലെ ഇരിക്കുന്നു എന്ന പറവാൻ മാത്രമെ എന്നാൽ സാധി ക്കയുള്ളൂ. നടുവിളുന്ന കോവപ്പഴത്തിൻെറ ഉള്ളിൽ കൂടി പ്രകാശിച്ചു കാണുന്ന വിത്തുകളൊ എന്ന തോന്നിപ്പോ കാമെന്ന ചിലർ പറയുമെങ്കിലും അത നിൎദ്ദോഷമായ ഒരു വൎണ്ണനയൊ എന്ന എനിക്ക വളരെ സംശയം ഉണ്ട. മലയാള സ്ത്രീകളുടെ ഇടയിൽ മൂഢപരമ്പരയാ നാം അനു ഭവിച്ചു വന്നിട്ടുള്ള അജ്ഞനതനിമിത്തം ചില അംഗ സൌന്ദൎയ്യത്തെ വൎണ്ണിപ്പാൻ കവികൾക്ക വേണ്ടതില ധികം സ്വാതന്ത്ര്യവും സൌകൎയ്യവും സിദ്ധിച്ചിട്ടുണ്ടെന്ന വരികിലും ജനസമുദായത്തിൽ ക്രമേണ നാഗരികം വ ൎദ്ധിച്ചുവരുന്ന ഈ കാലത്ത ആവക വിവരണം അശേ ഷം ഭംഗിയായി വരികയില്ലെന്ന വിചാരിച്ചു പണ്ടു

പണ്ടെ ഉള്ള ഈ ഒരു സ്വാതന്ത്ര്യത്തെ ഞാൻ തീരെ വിട്ടുകളയുന്നു. അത്രയുമല്ല ഇവൾ ആധുനികവിദ്വാന്മാരിൽ ചിലരുടെ അഭിപ്രായത്തെ അനുസരിച്ച അതിമനോഹരമായ ഒരു റവുക്കയിട്ട മീതെ നേരിയ ഒരു വസ്ത്രം പുതച്ചതിനാൽ അവൎണ്ണ്യമായ ഈ അവയവം തീരെ മറഞ്ഞു കിടക്കുന്നതുകൊണ്ടും ഉള്ളിൽനിന്നു മീതെ നിഴലിച്ചുകാണുന്നതു യൌവനദശയിൽ എത്തുവാൻ എനിയും രണ്ടു നാലു സംവത്സരം എങ്കിലും കുറയാതെ വേണ്ടിവരുന്നതു കൊണ്ടും ആവക സൌന്ദൎയ്യത്തെപ്പററി ഇപ്പോൾ യാതൊന്നു പറവാനും എനിക്കു തരമില്ല. ഈ കാലത്തിലുള്ള ബാലികമാരെങ്കിലും ഇവളെപിന്തുടൎന്ന എനിമേൽ സ്തനാവരണം ചെയ്യുന്നതായാൽ കാലക്രമേണ മലയാളത്തിലെ സ്ത്രീകളുടെ അൎദ്ധനഗ്നത തീൎന്ന ഉൽകൃഷ്ടസ്ഥിതിയിൽ എത്തിക്കാണ്മാൻ സംഗതി വരുമായിരുന്നു. മുൻപുള്ള കവികൾ സാധാരണമായി വൎണ്ണിച്ചുകാണുന്ന മററും ചില അവയവങ്ങളെപ്പററി അല്പം ചിലതെല്ലാം പറവാൻ എനിക്കു കഴിയുമെന്നവരികിലും ഇപ്പൊഴത്തെകാലത്തിനും അവസ്ഥക്കും അതു ലേശം യുക്തമായി വരികയില്ലെന്നു വിശ്വസിച്ച കേവലം വിട്ടുകളയുന്നു.

ഇവൾ വിശേഷമായ പല മാതിരിക്കുറിയും കരയുമുള്ള ഒരു നേരിയ ഒന്നരയുടുത്തു മീതെ ഒരു വിലയേറിയ കസവു കരപ്പാവു ചുററിയിരിക്കുന്നു. ഈ നിലയിൽ ഇവളെ പിന്നിൽ നിന്നു വല്ല കാമികളും കണ്ടിട്ടുണ്ടെങ്കിൽ അവരുടെ മനസ്സിൽ പല വികാരങ്ങളും ചാഞ്ചല്യവും തോന്നിപ്പോകാതിരിക്കയില്ല. ആഭരണപുഷ്ടി ഈ കാലത്തിൽ അത്ര ആവശ്യമുള്ളതല്ലെന്നു വിചാരിച്ചിട്ടൊ താരുണ്യത്തിൽ വേണ്ടു പോലെ പ്രവൃത്തിക്കാമെന്നു നിശ്ചയിച്ചിട്ടൊ എന്തൊ ഇവൾ ആഭരണങ്ങൾ വളരെകുറച്ച

മാത്രമെ ധരിച്ചിട്ടുള്ളു. കാതുകളുടെ വളൎച്ചക്കു വേണ്ടി ഒരു മാതിരി പൊന്നോല തിരച്ചു കാതിലിട്ടിട്ടുണ്ടു. മൂക്കുത്തിയുണ്ടെന്നു മുൻപെ തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. നടുവിൽ ഒരു പത്താക്കു കോൎത്തു ഇടയിടെ സ്വൎണ്ണമണികൾ ഉള്ള ഒരു ചുററ് ആമാടക്കൂട്ടം കഴുത്തിൽ കെട്ടിയിരിക്കുന്നു. പരദേശ സമ്പ്രദായത്തിൽ മദിരാശിയിൽനിന്നു പണി ചെയ്തു വരുത്തീട്ടുള്ള ഓരോ കടകം രണ്ടു കയിക്കും ഉണ്ടു. ഇടത്തു ചെറു വിരലിന്മേൽ ഒരു മുദ്ര മോതിരവും വലത്തു അനാമികയിന്മേൽ ചെറിയൊരു തമ്പാക്കു മോതിരവും കാൽമേൽ അതി വിശേഷമായ പാദസരയും അല്ലാതെ ഇവളുടെ ദേഹത്തിന്മേൽ ഇപ്പോൾ യാതൊരു ആഭരണവും ഇല്ല. ശരീരം അതിസ്ഥൂലമെന്നൊ അതികൃശമെന്നൊ പറവാൻ പാടില്ല. ഒരു ഒത്ത ദേഹമാണു എല്ലുകളൊ ഞരമ്പുകളൊ ഒന്നെങ്കിലും പുറത്തു കാണുകയില്ല. വളരെ നീണ്ടു വഷളാകുന്ന സ്ഥിതിയിലും അല്ല. കുറുതായി തടിച്ചു ഉരുണ്ടു ആഭാസമാകുന്ന മട്ടിലും അല്ല. ആകപ്പാടെ കാണുന്നവൎക്കു ബഹു കൌതുകവും ഭ്രമവും പ്രേമവും തോന്നത്തക്ക എല്ലാ ഗുണവും ധാരാളമായുണ്ടു.

ഈ കന്യക ആരാണെന്നും എവിടെയാണെന്നും വായനക്കാരിൽ ചിലർ ഇപ്പോൾ തന്നെ മനസ്സു കൊണ്ടു അന്വേഷണം തുടങ്ങീട്ടുണ്ടായിരിക്കാം. ഈ വൾ ഇതിന്നു മുമ്പെ നാം പ്രസ്താവിച്ചിട്ടുള്ള ലക്ഷ്മിഅമ്മയുടെ രണ്ടാമത്തെ സന്താനമായ മീനാക്ഷിക്കുട്ടിയാണു. ഇവളുടെ അച്ഛൻ തഹസ്സിൽദാർ കുഞ്ഞികൃഷ്ണമേനോൻ ആണെന്നു മുമ്പെ ഒരിക്കൽ അല്പം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. മാതാപിതാക്കന്മാരും മാതുലനായ ഗോപാലമേനവനും ബാലപരിചരണത്തിൽ വിശേഷിച്ചു ബാലികാ പരിചരണത്തിൽ

അത്യന്തം സൂക്ഷ്മ ദൃഷ്ടിയും പരിചയവും ഉള്ളവരാക കൊണ്ടു ചിലേടങ്ങളിൽ ചില പെൺകുട്ടികൾക്കു അസാധാരണമായി അനുവദിക്കപ്പെട്ടു കാണുന്ന യാതൊരു വിനോദത്തിന്നാകട്ടെ സഹവാസത്തിന്നാകട്ടെ ലേശം ഇട കൊടുക്കാതെ ശൈശവം മുതൽ ഇവളെ ലാളിച്ചു വളൎത്തി വേണ്ടുത്തക്ക വിദ്യാഭ്യാസത്തിൽ പ്രവേശിപ്പിക്കയാണു ചെയ്തിട്ടുള്ളതു. തെമ്മാടികളായ ചെറുപ്പകാരുടെ കഴുത്തിൽ കയറി കളിപ്പാനൊ പിൻ കാലങ്ങളിലേക്കു വേണ്ടി വരുന്ന പല അപൂൎവ്വ വിദ്യകളും അവരിൽനിന്നു ശീലിപ്പാനൊ ഒരം പെണ്ണിനെ കാണ്മാൻ പോലും കൊടുത്തിട്ടില്ല. വിദ്യയിലും വയസ്സിലും അത്യന്തം വൃദ്ധനായി മനസ്സിന്നും ബുദ്ധിക്കും നല്ല പക്വത വന്നിട്ടുള്ള ഒരു ശാസ്ത്രികളെ സംസ്കൃതം പഠിപ്പിക്കുവാനും അതു പ്രകാരം തന്നെ എല്ലാ ഗുണങ്ങളും തികഞ്ഞിട്ടുള്ള ഒരു ഭാഗവതരെ സംഗീതം ശീലിപ്പിക്കുവാനും കുഞ്ഞികൃഷ്ണമേനോൻ മാസപ്പടി കൊടുത്തു പ്രത്യേകം നിശ്ചയിച്ചിട്ടുണ്ടു. മേല്പറഞ്ഞ രണ്ടു വിഷയങ്ങളിലും ഇവൾക്കു സാമാന്യം പരിചയവും വാസനയും നല്ല ഉത്സാഹവുമുണ്ടു. ഇപ്പോൾ നാലു സംവത്സരമായിട്ടു സ്കൂളിൽ ചേൎന്നു ഇംഗ്ലീഷും പഠിച്ചു വരുന്നു. ഇന്നലിൽ അതി വിദഗ്ദ്ധയായതു കൊണ്ടു പാഠകശാലയിൽ നിന്നു രണ്ടു മൂന്നു പ്രാവശ്യം പല സമ്മാനങ്ങളും കിട്ടീട്ടുമുണ്ടു. ഇവളെപ്പററി ഇപ്പോൾ ഇതിലധികം എനിക്കു യാതൊന്നും പ്രസ്താവിക്കാനില്ല. മാതാപിതാക്കന്മാൎക്കു തെല്ലു വക തിരിവു ഉണ്ടായാൽ തങ്ങളുടെ പൈതങ്ങൾ ഒരിക്കലും വഷളായി പോകയില്ലെന്നു പറയുന്നതിന്നു മീനാക്ഷിക്കുട്ടി ഒരു നല്ല ദൃഷ്ടാന്തമാകുന്നു. ആ ഭാഗം നിൎത്തി എനിയും കഥാപ്രസംഗത്തിലേക്കുതന്നെ പ്രവേശിപ്പാനാണു ഭാവിക്കുന്നതു. നമ്മുടെ

സുന്ദര ബ്രാഹ്മണന്മാർ രണ്ടും ഇപ്പോൾ എന്തു ചെയ്യുന്നു?. ചിറക്കൽ തന്നെ നില്ക്കുന്നുണ്ടോ? അതല്ല വല്ല ദിക്കിലേക്കും പോയൊ?. എന്ന വായനക്കാർ വിചാരിപ്പാൻ കാരണമില്ലാത്തതാണ. ഇവർ അങ്ങിനെ ഒന്നും ചെയ്യാൻ വേണ്ടി വന്നിട്ടുള്ളവരല്ല. ഇതാ ഇവിടെത്തന്നെ ഉണ്ട. പോയിട്ടില്ല. ഇവരുടെ ഇപ്പോഴത്തെ സ്ഥിതി ഒന്ന കാണെണ്ടുന്നതു തന്നെയാണ.

മീനാക്ഷിക്കുട്ടി ദൂരത്തുനിന്ന വരുന്നതു കണ്ടപ്പോൾ ഇവർ അവളെത്തന്നെ നോക്കിത്തുടങ്ങി. അടുത്തുവരുന്തോറും മനസ്സിൽ അതി കൌതുകം വൎദ്ധിച്ചു. ആകപ്പാടെ ഒന്ന നല്ലവണ്ണം കണ്ടപ്പോൾ നമ്പൂരിമാർ രണ്ടും വല്ലാതെ ഭ്രമിച്ചു വശായി. പഞ്ചസാരപ്പാത്തിയിൽ കടന്ന കൂട്ടുവാൻ കളിക്കുന്ന കൂറകളെപ്പോലെ ഇവരുടെ കണ്ണുകൾ മീനാക്ഷിക്കുട്ടി പുതച്ച വസ്ത്രത്തിൽ കൂടി റവുക്കയിലേക്ക പ്രവേശിപ്പാൻ വേണ്ടതിലധികം ഉന്തിത്തിരക്കി നോക്കി. ഒരു വിധത്തിലും ഉള്ളിൽ കടപ്പാൻ കഴിവില്ലെന്ന കണ്ടിട്ട ഒടുവിൽ ഇവളുടെ നഖശിഖാന്തം ദേഹത്തിന്മേൽ കൂടി അങ്ങട്ടും ഇങ്ങട്ടും പാച്ചിലായി. മോതിരം ഇവളെ കാണിപ്പാൻ വേണ്ടി പുരുഹൂതൻ നമ്പൂരി സമൎത്ഥനായത കൊണ്ട പതുക്കെ ഒരു കൌശലം പ്രവൃത്തിച്ചു. അദ്ദേഹത്തിന്റെ ഇടത്തെക്കയി വലത്തെ മുലയുടെ മീതെ തന്റെ മാറത്ത വെച്ച താളം പിടിച്ച മൂക്കു കൊണ്ട ഒരു രാഗം ആലാപിച്ച തല കുലുക്കിത്തുടങ്ങി. ഇടക്കിടക്ക ഇവളുടെ മുഖത്ത നോക്കി കണ്ണുകൊണ്ട പലേ ഭാവരസങ്ങൾ നടിക്കുന്നതും പുരികങ്ങൾ കൊട്ടുന്നതും അധരോഷ്ഠങ്ങൾ ജിഹ്വാഗ്രം കൊണ്ട അല്പാല്പമായി നനക്കുന്നതും മറ്റും കണ്ടാൽ ഒരു ചോര കുടിയൻ ഓന്തിന്റെ ഏതാണ്ട ലക്ഷണങ്ങളെല്ലാം ഇദ്ദേഹത്തിന്നും ഉണ്ടെന്ന

തന്നെ പറയാം. ചെറുപ്പത്തിൽ മോഹിനിയാട്ടം നല്ല വണ്ണം അഭ്യസിച്ച ഒരു മനുഷ്യനൊ എന്നും തോന്നിപ്പോകാം. കുബേരൻ നമ്പൂരി സ്വതെ തന്നെ അല്പം അന്ധാളിയായതകൊണ്ട അദ്ദേഹത്തിന്റെ പരിഭ്രമം കാണികൾക്ക ബഹു രസമായിരുന്നു. എന്തൊ ചില മനോരാജ്യം മനസ്സിലാക്കീട്ട പട്ടക്കരപ്പാവ അഴിച്ച നിവൃത്തി രണ്ടാമതൊന്ന നല്ലവണ്ണം കുടഞ്ഞുടുത്തു. പിന്നെ അല്പനേരം മീനാക്ഷിക്കുട്ടിയുടെ മുഖത്തും മാറത്തും ചാഞ്ഞും ചരിഞ്ഞും സൂക്ഷിച്ച നോക്കി ഇടത്തെക്കയി കൊണ്ട തന്റെ നെഞ്ഞത്ത ഒന്ന തടവി. പുരുഹൂതൻ നമ്പൂരിയുടെ മുഖത്ത നോക്കി കണ്ണുകൊണ്ട ചില വികൃതി വേഷം കാട്ടി. എന്നാൽ അദ്ദേഹം ഇത യാതൊന്നും കണ്ടതെ ഇല്ല. ഈ വക ജളത്വം കാട്ടുന്ന ഇദ്ദേഹത്തെ ആശ്രയിച്ച നില്ക്കുന്നത തനിക്കും കൂടി വഷളത്വമാണെന്ന വിചാരിച്ചിട്ടായിരിക്കാം ചുമലിൽ ഇട്ട പട്ടക്കരപ്പാവ ഈ അവസരത്തിൽ പിൻ ഭാഗത്തുടെ ഇറങ്ങി പോയ്ക്കളവാൻ ഭാവിച്ചത. ആ വിചാരം ഈ മഹാൻ അറിഞ്ഞിട്ടെ ഇല്ലയായിരുന്നു. മീനാക്ഷിക്കുട്ടിയുടെ മുൻപിൽ നടക്കുന്ന കിട്ടുണ്ണിയെ വിളിച്ച ചിലത സ്വകാര്യം ചോദിപ്പാൻ രണ്ടു മൂന്ന പ്രാവശ്യം ഭാവിച്ചു. പക്ഷെ അതിന്ന മാത്രം ധൈര്യം ഇല്ലാഞ്ഞത്തു കൊണ്ടൊ അതല്ല അവൻ കുറെ മുൻപിൽ കടന്ന പോയ്യൂകൊണ്ടൊ എന്തൊ- അത തരത്തിലായില്ല. ഇതിനിടയിൽ മീനാക്ഷിക്കുട്ടിയും അതിലെ കടന്ന പോക കഴിഞ്ഞു. ഈ കാര്യം ഇവക്ക പരമസങ്കടമായി തോന്നി. കുറെ നേരം ഇവളുടെ പൃഷ്ഠവും നിതംബവും നോക്കിക്കൊണ്ട തന്നെ നിന്നു. ഇവൾ നേത്ര ഗൊചരയല്ലെന്നു കണ്ടാറെ അശൊകത്തറയിന്മേൽ നിന്നു രണ്ട പേരും താഴത്തിറങ്ങി എന്താണെ വെണ്ടു

എന്ന മനസ്സുകൊണ്ടു ആലോചിക്കയായി. ഇവൾ ആരാണെന്നും എവിടെയാണെന്നും അറിയാഞ്ഞിട്ടു കുബെരൻ നമ്പൂരിക്കുണ്ടായ പരിഭ്രമം എന്നാൽ പറവാൻ പ്രയാസം. ചോദിച്ചറിവാൻ തരത്തിൽ ഒരാളെയും കാണുന്നില്ല. അനവധി സ്ത്രീകൾ കുളിക്കയും മേൽ കഴുകുകെയും മററും ചെയ്യുന്നുണ്ടെങ്കിലും ഇവളെപ്പററി അവരോട ചോദിച്ചാൽ അവർ മുഷിയുമെന്ന വിചാരിച്ചു ഇദ്ദേഹത്തിന്ന നല്ല ധൈൎയ്യം ഉണ്ടായിരുന്നില്ല. അങ്ങിനെ കിടന്ന പരുങ്ങുമ്പോൾ അത്യന്തം പരിചയക്കാരത്തിയായ ഒരു സ്ത്രീ അതിലെ കുളി കഴിഞ്ഞു പോകുന്നതു കണ്ടു. ക്ഷണത്തിൽ ഈ മനുഷ്യൻ അവളുടെ അടുക്കെച്ചെന്നു എന്തെങ്കിലും വരുന്നതു വരട്ടെ എന്ന വിചാരിച്ചു നിൎല്ലജ്ജം സംഭാഷണം തുടങ്ങി.

കുബേരൻ നമ്പൂരി— അമ്മേ. ഇത്തിരി അവിടെ നില്ക്കു. ഒരുവസ്തുത അന്വേഷിക്കട്ടെ. ക്ഷണം വിട്ടുകളയാം. ഒരു ഒററ അന്വേഷിക്കണ്ടതേയുള്ളു. നിമിഷം വിട്ടുളയാം.

അമ്മ— (തെല്ലു വെറുപ്പോടെ) എന്താണു— തിരുമനസ്സിലേക്കും പിടിച്ചോ കമ്പം. ഇവിടുന്നാണ സ്വകാൎയ്യം ചോദിക്ക— നല്ല മട്ട— ഞാൻ പോണു— എനിക്ക നേരെല്ല.

കു. നമ്പൂരി— ശിക്ഷ— അതിനൊന്നുമല്ല. അമ്മ മുഷിയണ്ട. അത ഇവിടുന്ന ചോദിക്കാൻ നോം അത്ര വിഡ്ഢിയാണ. അമ്മ എനിയും മനസ്സിലാക്കീട്ടില്ലെ. അമ്മ അറിയാതിരിക്കില്ല. അങ്ങട്ടു പോയ്ക്കു എവിടെയാണ.

അമ്മ— അങ്ങിട്ടു പോയ്ക്കു എവിടെയാണെന്നൊ? അടിയന്റെ കുപ്പാട്ടിലേക്ക തന്നെ.

ക. നമ്പൂരി— അമ്മുവിന്റെ മകളാണെത. നല്ല ശിക്ഷണോം ഇതവരെ അറിഞ്ഞിട്ടില്ല.

അമ്മു— എന്താണ തിരുമനസ്സിലേക്ക ഭ്രാന്തുണ്ടോ. ഏതു; അടിയന പെൺ കിടാവ ഇല്ലെന്ന തിരുമനസ്സിലെക്ക നല്ല നിശ്ചയം ഉണ്ടെല്ലൊ. ഞാൻ പോണു. പിന്നെയൊരിക്കലാട്ടെ. എത്ര ആളുണ്ട കുളിക്കുന്നു ചോദിപ്പാൻ ഒരുതരം കണ്ടുത. തിരുമനസ്സിലേക്ക ഇതിനോന്നും ഏതും ഇല്ലെങ്കിലും അടിയന ഇത്തിരിയെല്ലാമുണ്ട.

ഇതും പറഞ്ഞു അമ്മു അമ്മുവിന്റെ പാട്ടിൽ കടന്നു പോയി. നമ്പൂരിക്ക പരിഭ്രമം ഇതവരെ ഉള്ളതിലും ഒന്നു അധികമായി. അമ്മു മുഷിഞ്ഞു എന്നുള്ള ശങ്ക വലിയ കലശലായി. ചോദിക്കണ്ടായിരുന്നു— കഷ്ടായി— അവൾ മുഷിഞ്ഞു. കാൎയ്യം അത്തും തറക്കേടായി. ഇങ്ങിനെ അന്ധാളിച്ചു വിഷണ്ണനായി അങ്ങട്ടും ഇങ്ങട്ടും നോക്കിക്കൊണ്ടു നിന്നു. പൂരുഹൂതൻ നമ്പൂരി ഈ അവസരത്തിൽ മൂത്ര ശങ്കക്ക ഇരിക്കയായിരുന്നത കൊണ്ട ഈ ഗോഷ്ഠിയിൽ കൂടാൻ അദ്ദേഹത്തിന്ന സാധിച്ചില്ല. എല്ലാം കൊണ്ടും തെല്ലു ഭേദമുള്ള വല്ല സ്ത്രീകളും കുളക്കടവിൽ ഉണ്ടെന്ന കണ്ടാൽ ചില നമ്പൂരിമാൎക്ക വേണ്ടെങ്കിലും മൂത്ര ശങ്കക്ക ഒന്നിരിക്കാതെ നിവൃത്തി ഇല്ല. ഇത അക്രമമാണെന്നൊ മൎയ്യാദകേടാണെന്നൊ എനിയും ഇവൎക്ക മനസ്സിലായിട്ടില്ല. ഏതായാലും പൂരുഹൂതൻ നമ്പൂരി ഇത നല്ല കണക്കിൽ പററിച്ചു. അദ്ദേഹം സമൎത്ഥനായ്ക്കൊണ്ടു വേണ്ട ദിക്കിൽ വേണ്ടതു പോലെ തന്നെ പ്രവൃത്തിച്ചിരിക്കുന്നു. മൂത്ര ശങ്ക കഴിഞ്ഞു നല്ലവണ്ണം ഒരു പിടി മണ്ണും വാരി ദിഗംബര മൂൎത്തിയെപ്പോലെ വരുന്നതു കണ്ടാൽ തൽക്കാലം വെറുപ്പും നീരസവും തോന്നാത്ത മനുഷ്യന്മാരില്ലെന്നാണ എന്റെ

പൂൎണ്ണമായ വിശ്വാസം. സ്ത്രീകളുടെ ഇടയിൽ ഇറങ്ങി ഇരുന്ന ഈ വിധം ഗോഷ്ഠി തെല്ലു മാനവും ഉളുപ്പുമുള്ള യാതോരു മനുഷ്യനും ചെയ്യുന്നതല്ല. ഇവർ മനുഷ്യന്മാര ല്ലെന്ന മുൻപ ചില യോഗ്യന്മാർ പറഞ്ഞിട്ടുള്ളത യഥാൎത്ഥ മാണെന്ന എനി എങ്കിലും എല്ലാവരും വിശ്വസിക്കേണ്ട താണ. മനുഷ്യന്മാർ വിവേകമുള്ള ജീവികളാകകൊണ്ട ഈ വക തോന്ന്യാസം ഒരിക്കലും ചെയ്യുന്നതല്ല. ആ കഥ നില്ക്കട്ടെ. കുബേരൻ നമ്പൂരി കരമേൽ നിന്ന പരിഭ്രമി ക്കുന്ന മദ്ധ്യെ ശൌചവും കഴിഞ്ഞു കടവിൽനിന്ന പുരു ഹൂതൻ നമ്പൂരിയും പതുക്കെ കയറി വന്നു. രണ്ടാളും അന്യോന്യം നോക്കി ഒന്ന ചിരിച്ചു. അല്പം അകലെ പ്പോയി നിന്ന സംസാരിപ്പാൻ തുടങ്ങി.

പുരുഹൂതൻ— എന്താണ കന്മന അത്ര സൂക്ഷിച്ചില എന്നുണ്ടോ? ആ പെണ്ണു ബഹു രസികത്തി മിടുമി ടുക്കത്തി. കണ്ണും മുകറും കണ്ടില്ലെ. രണ്ടു സംവ ത്സരം കൂടി കഴിഞ്ഞാൽ പമ്പരം പറപ്പിക്കും. എന്താ ണ കന്മനയുടെ അഭിപ്രായം.

കുബേരൻ— പെണ്ണു ബഹു വൻപത്തി തന്നെ. തരക്കേട അശേഷമില്ല. ചുണ്ടു ബഹു ജാതിയായിരിക്കുന്നു. അസ്സൽ തന്നെ. അവൾ ഒന്നാന്തരക്കാരത്തി. പക്ഷെ മറെറാ നോക്ക വിചാരിച്ചോണ്ണും കാണാ ൻ കഴിഞ്ഞില്ല.

പുരുഹൂതൻ— ഞാം അത ഇശ്ശി സൂക്ഷിച്ചു നോക്കി ആ ദശ്ലടം പിടിച്ച കുപ്പായവും പോരെങ്കിൽ ഒരു പുത പ്പും ഉള്ളത കൊണ്ട അശേഷം കണ്ടില്ല.

കുബേരൻ— ശിക്ഷ— എന്നാൽ ഞാം തന്നെയാണ സമ ൎത്ഥൻ. ഞാം തെല്ലു പററിച്ചു. കരുവാഴക്ക അത്രയു മായില്ലായിരിക്കും. മാതിരി നന്നു. തരക്കേടില്ല.

പുരുഹൂതൻ– ഞാം അശേഷം കണ്ടില്ല എങ്കിലും കഴ ത്തിന്റെ തുടിപ്പും കയ്യിത്തണ്ടയുടെ പുഷ്ടിയും കണ്ടെ ടത്ത അത ചീത്തയാവാൻ തരമില്ല.

കുബേരൻ– ഞാം അത അത്ര സൂക്ഷിച്ചില്ല. കരുവാഴ ആള ബഹു സമൎത്ഥൻ തന്നെ കാമശാസ്ത്രം പഠി ച്ചിട്ടുണ്ട ഉല്ലെ? ഞാക്ക അത ഇത്തിരി ശീലിക്കേ ണ്ടിരുന്നു. അത നല്ല ശിക്ഷയാണ. അത പഠി ച്ചാൽ സ്ത്രീകളെ ഒന്ന നോക്കിയാൽ മതി. അവര അപ്പോൾ മോഹിച്ചു പോകും. ഇങ്ങിട്ടതന്നെ വന്ന പറയും പോൽ.

പുരുഹൂതൻ– ഞാം നോക്കീട്ടുണ്ട. പക്ഷെ അത്രെ ഒന്നും ശീലിച്ചിട്ടില്ല. കന്മനക്ക ശീലിക്കണമെങ്കിൽ ഞാം തരാക്കിത്തരാം. ഞാം അറിയുന്ന ഒരാൾ ഉണ്ട. ബഹു സാമൎത്ഥനാണ. വിചാരിച്ചു ദിക്കിൽ വരു ത്തിത്തരും. അത ശീലിച്ചാൽ കാൎയ്യത്തിന്ന ഒരു പ്ര യാസമില്ല.

കുബേരൻ– എന്നാൽ ഞാക്ക അത പഠിക്കണം. എന്ത ചെലവായാലും വേണ്ടില്ല. ഇങ്ങിനെത്ത ഒരു വിദ്യ ഉണ്ടെങ്കിൽ ഞാക്കെന്താണ പിന്നെയൊരു രു ബുദ്ധിമുട്ട. കരുവാഴ ആളെ വരുത്തു ചിലവ എന്റെ വക. ഞാക്ക ഒന്നിച്ചു ശീലിച്ചുളയാം.

പുരുഹൂതൻ– അത ഞാം ഏററു. നാളത്തന്നെ വരുത്തി ക്കളയാം.

കുബേരൻ– ശൂദ്ര സ്ത്രീകൾ കുപ്പായമിടാൻ എന്നാണ വിധി ഉണ്ടായതു. ഇതൊക്കെ ഠരംഗ്ലിടെ ഉണ്ടായ തോന്ന്യാസമാണ. വല്ലതും നാല കാശിന്ന മുതലു ണ്ടാകുമ്പോഴക്ക മുമ്പെത്തെ ചട്ടവും സമ്പ്രദായവും

ഒക്കെ മറക്കയായി. തോന്ന്യാസം മൂത്തു കലിയുഗം നല്ലോണം കാണുന്നുണ്ട.

പുരുഹൂതൻ— മലയാളത്തിലെ ആചാരം വിചാരിച്ചാൽ നമ്മുടെ അന്തൎജ്ജനങ്ങൾക്കല്ലാതെ ആവരണവസ്ത്രം പാടില്ല. അത പോയിട്ട ഇപ്പോളൊരു പുതപ്പും അതിന്റെ ഉള്ളിൽ ഒരു കുപ്പായവുമായി. തൊപ്പിക്കാരൻ രാജാവായാൽ ഇതൊക്കെ തന്നെയാണ ഫലം.

കുബേരൻ— പുരുഷന്മാർ തൊപ്പി ഇടുമ്പോൾ സ്ത്രീകൾക്ക കുപ്പായവുമാവാം. ഇങ്ങിനെ എനിയും കാണാം പലതും.

പുരുഹൂതൻ— എന്താണ കന്മന ആ പെണ്ണിനെക്കണ്ടിട്ട നന്ന ഭ്രമിച്ച വശായിട്ടുണ്ടു. ഇല്ലെ. കുട്ടിയാണെങ്കിലും കിട്ടിപ്പോയാൽ കന്മനയുടെ ഭാഗ്യം. ഇപ്പത്തന്നെ ഉത്സാഹിച്ച കൂടിക്കൊള്ളു. അല്ലാഞ്ഞാൽ വല്ലോരും കയ്യിലാക്കിക്കളയും പിന്നെ വിചാരിച്ചിട്ട ഫലമില്ല.

കുബേരൻ— ഞാൻ ഭ്രമിച്ചതൊ ആശ്ചൎയ്യം. ദേവേന്ദ്രനും കൂടി ഭ്രമിക്കും. സാക്ഷാൽ മഹാ വിഷ്ണു കൂടി ഭ്രമിച്ചുപോകാതിരിക്കില്ല. പെണ്ണു ബഹു ജാതി തന്നെ. കാമദേവന്റെ ഭാൎയ്യയെക്കാട്ടിലും നന്നെന്നാണ നോക്ക തോന്നുന്നത. ഇപ്പത്തന്നെ ഇത്ര ഒന്നാന്തരമായ അവസ്ഥക്ക ഒരു നാലു കൊല്ലം കൂടി കഴിഞ്ഞാലത്തെ അവസ്ഥ ചോദിക്കണൊ വിശേഷം ഒന്നാന്തരം— കട്ട കട്ടി. പക്ഷെ ഒരു വൈഷമ്യം കാണുന്നു. അതെ ഇത്തിരി സംശ്യുള്ളു.

പുരുഹൂതൻ— കന്മനക്ക എടുക്കുന്നേയും തൊടുന്നേയും

കാൎയ്യത്തിലെക്ക സംശയമെ ഉള്ളു. സംശയിച്ച സംശയിച്ച ആ പെണ്ണിനെ ആരെങ്കിലും കയ്ക്കലാക്കും. അത വരെ സംശയിക്കും. പിന്നെ നെഞ്ഞത്ത കയി വെച്ചിട്ട എരട്ട ഗോപി. വേണെങ്കിൽ ഇപ്പ ത്തന്നെ നോക്കിക്കൊള്ളൂ.

കുബേരൻ– അത ശരിയാണ കരുവാഴ പറഞ്ഞത. നോക്ക സംശയം കുറെ ഒന്ന അങ്ങിനെ തന്നെയാണ. അഛന്റെ ശീലാണ. അഛനും വലിയ സംശ്യാണ. അത ഇരിക്കട്ടെ ആ പെണ്ണ ഏതാണ. ഞാം അമ്മനെ വിളിച്ച ചോദിക്കാൻ വിചാരിച്ചു. പക്ഷെ അവൾക്ക അത്ര രസമായിക്കണ്ടില്ല

പുരുഹൂതൻ– നല്ല ശിക്ഷ. അമ്മന അത രസിക്കും എന്ന വിചാരിച്ച ചോദിച്ച താനല്ലെ വിട്ട വിഡ്ഢി. വേണ്ടാത്ത വിഡ്ഢിത്വം എഴുന്നള്ളിക്കാൻ കന്മനക്ക ബഹു വാസനയാണ. അവൾക്ക അറിഞ്ഞൂടെ ഞാം പിന്നെ ഒരു കാശ അമ്മന കൊടുക്കില്ലെന്ന.

കുബേരൻ– അത തെല്ലു തെററിപ്പോയെന്ന നോക്ക പിന്നെ മനസ്സിലായി. അത ഇരിക്കട്ടെ അമ്മന്റെ മുഷിച്ചൽ ഞാം തീൎത്തോളാം. അവൾ ഇപ്പൊ ദിവസമായി നമ്മെ ഒരു മോതിരത്തിന്ന ബുദ്ധിമുട്ടിക്കുന്നു. ചെന്നപാട അത അങ്ങട്ട കയ്യിൽ കൊടുത്താൽ മുഷിച്ചൽ തീൎന്നു. അത നാളത്തന്നെ ആയിക്കളയാം താൻ ആ പെണ്ണിനെ മുമ്പ കണ്ടിട്ടുണ്ടൊ? മിട്ടമിടുക്കത്തിപ്പെണ്ണ.

പുരുഹൂതൻ– ഞാം ഇപ്പത്തന്നെ കണ്ടുള്ളു. എങ്കിലും ഗോപാലന്റെ ഉടപ്പിറന്നൊളെ മുഖഛായ ഉണ്ട. പോയതും പുത്തൻ മാളികക്കലേക്ക തന്നെയാണ. ലക്ഷ്മിയുടെ മകളാണെന്ന ഒരു ശങ്ക.

കുബേരൻ- എന്നാൽ കാൎയ്യം ബഹു തകരാറ തന്നെ. ഗോപാലൻ ആള ബഹു വികൃതിയാണ. നോം അവിടെ ചെല്ലുന്നതും മററും അവന്ന ലേശം രസമാവില്ല. ബ്രാഹ്മണരെ ബഹുമാനവും ഭക്തിയും അവന്ന തീരെ ഇല്ല. പാറുക്കുട്ടിയുടെ അടുക്കെ ഒന്ന പോണം എന്ന ഇശ്ശി ദിവസമായി വിചാരിക്കുന്നു. എനിയും തരമാവുക കഴിഞ്ഞില്ല.

പുരുഹൂതൻ- ഷ്യന്താ പാറുക്കുട്ടി നമ്മെ രഹസ്യം പിടിക്കില്ലെ. ഗോപാലനോട സമ്മതം ചോദിച്ചിട്ട വേണൊ പാറുക്കുട്ടിയുടെ അടുക്കെ പോവാൻ. മാനാഞ്ചിറയിലെ വെള്ളം കുടിപ്പാൻ സാമൂതിരിയുടെ കല്പന വേണൊ.

കുബേരൻ- അവൾ ബഹു കുറുമ്പുകാരത്തിയാണ. ആരേയും രഹസ്യം പിടിക്കില്ലത്രെ. അവിടെ ബന്തോവസ്തും അതി കേമാണ.

പുരുഹൂതൻ- ബന്തോവസ്ത ഇരിക്കട്ടെ അത സാരമില്ല. പാറുക്കുട്ടിയോട താൻ ചോദിക്ക ഉണ്ടായൊ.

കുബേരൻ- ചോദിച്ചുംനോക്കി. ഒരു ദിവസം രണ്ടുറുൾ മോതിരം വെച്ചുകാട്ടി നോക്കുകയും ചെയ്തു. ഇവിടെ ഇതൊന്നും നടക്കയില്ലെന്ന പറഞ്ഞു അവൾ വാങ്ങീല.

പുരുഹൂതൻ- അമ്പാ വിരുതത്തി. കന്മന അവസാനം ഇളിച്ചുവായനായിട്ട മടങ്ങിപോന്നു ഇല്ലെ. നോം പോയൊന്ന പഠിക്കട്ടെ.

കുബേരൻ- കുരുവായൂര എന്നാൽ ആൾ ബഹു സമൎത്ഥൻ തന്നെ. തനിക്ക അത സാധിച്ചെങ്കിൽ നോക്കപിന്നെ തന്നെ പിടിച്ചാൽ മതിയെല്ലൊ.

പുരുഹൂതൻ— നോം അതിനൊന്ന ചെയ്യേണ്ടതുണ്ട. അവിടെ ചെല്ലാനും പോരാനും ഒരു വഴി ഉണ്ടാക്കണം. ആ പെണ്ണിന്ന സംബന്ധം ആലോചിച്ചാൽ എല്ലാം നേരെയാകും. പിന്നെയെല്ലാം കരസ്ഥംതന്നെ.

കുബേരൻ— കരുവാഴ ആള സമൎത്ഥനാണ. നോക്ക ആ യുക്തി ഇതവരെ തോന്നീല. ആ പെണ്ണിന്ന സംബന്ധം നോം ആയിക്കളയാം. കരുവാഴെക്ക അതകൊണ്ട തരക്കേട ഒന്നും വരില്ല. തനിക്ക പാറുക്കുട്ടിപോരെ.

പുരുഹൂതൻ— പാറുക്കുട്ടിയുടെ കാൎയ്യത്തിൽ നോക്ക കന്മനയുടെ സമ്മതം അത്ര വേണൊ. കന്മനക്ക സംബന്ധം. നോക്ക രഹസ്യം. അല്ലെങ്കിൽ നോക്ക സംബന്ധം. കന്മനക്ക രഹസ്യം. പാറുക്കുട്ടിക്ക നോം രണ്ടാളും രഹസ്യം. കന്മനക്ക എന്താണ മനസ്സ.

കുബേരൻ— സംബന്ധം ഏതായാലും നോക്കതന്നെ ഇരിക്കട്ടെ. കരുവാഴപ്പറഞ്ഞോണം ആയിക്കോളു. സംബന്ധം നോക്കതന്നെവേണം.

പുരുഹൂതൻ— ശിക്ഷ നല്ലകാൎയ്യം. നോക്ക രഹസ്യം മതി. എന്നാൽ നോക്ക ഒന്ന പോയ്ക്കളയാം. പാറുക്കുട്ടിയേയും കാണാലൊ.

ഇങ്ങിനെ പറയുന്ന മദ്ധ്യെ ദൈവഗത്യാ കിട്ടുണ്ണി എന്തൊ സംഗതിവശാൽ അതിലെ വരുന്നതുകണ്ടു. കുബേരൻനമ്പൂരിക്ക ഇപ്പോഴുണ്ടായ പരമാനന്ദം പറയേണ്ടതില്ല. കിട്ടുണ്ണി അടുത്ത എത്തിയപ്പോൾ അവനെ കൈകൊണ്ട മാടിവിളിച്ചു. അവൻ ആൾ ബഹു രസികനും സമൎത്ഥനുമാണ. പഞ്ചപുച്ഛം അടക്കികൊണ്ട അടുക്കെ വന്ന ഓച്ഛാനിച്ചുനിന്നു.

കുബേരൻ— തന്നെക്കണ്ടിട്ടൊരു ശങ്ക. തെല്ലുന്നേരത്ത ഇതിലെ ഒരു പെൺകിടാവിന്റെ കൂട അങ്ങട്ട കടന്ന പോയത താൻതന്നെ അല്ലെ.

കിട്ടുണ്ണി— ഞാൻ അത അടിയൻതന്നെയാണ.

കുബേരൻ— തന്നെക്കണ്ടത ഭാഗ്യംതന്നെ. ആ പെണ്ണ ഏതാണ. കണ്ടപ്പോൾതന്നെ ചോദിപ്പാൻ ഭാവിച്ചു. പക്ഷെ തരമായില്ല. നോക്ക ഏതായാലും നല്ല ഭാഗ്യകാലന്തന്നെ.

കിട്ടുണ്ണി— അത ഗോപാലമേനോനെജമാനന്റെ മരുമകളാണ.

കുബേരൻ— പുത്തൻമാളികക്കൽ ഗോപാലന്റെ മരുമകളാണല്ലെ.

നല്ലശിക്ഷ— എന്താപ്പാ ആ പെണ്ണിന്റെ പേര.

കിട്ടുണ്ണി— മീനാക്ഷിക്കുട്ടി എന്നാണ വിളിക്കുന്നത.

കുബേരൻ— പേര ഒന്നാന്തരം— ശരിയായ പേര— മീനാക്ഷിക്കുട്ടിതന്നെ. ഞാം അതതന്നെ ഊഹിച്ചു.

പുരുഹൂതൻ— ആ പെണ്ണിന്ന വല്ല സംബന്ധക്കാരും ഉണ്ടോ. ഇക്ക്ലോള പഠിപ്പിച്ച എനിയും മതിയാക്കാറായിട്ടില്ലെ. ഒരം നല്ല പെൺകിടാങ്ങളെ ഇങ്കിരിയസ്സും പരിന്തിരിയസ്സും പഠിപ്പിച്ച വഷളാക്കുന്നത വലിയ കഷ്ടംതന്നെ.

കിട്ടുണ്ണി— അടിയന്ന കുറച്ച തിരക്കുണ്ട. വിടകൊള്ളാൻ കല്പനയാകണം. തിരുമുമ്പാകെ അടിയൻ പിന്നെ ഒരിക്കൽ വിടകൊണ്ട എല്ലാം തിരുമനസ്സിലുണൎത്തിക്കാം.

കുബേരൻ— അത ശിക്ഷയായി— അതമതി— താൻ നാളെ തന്നെ ഒന്ന ഇങ്ങട്ട വരണം. നോക്ക തന്നോട

ചിലതെല്ലാം അന്വേഷിക്കാനും പറയാനുമുണ്ട. തനിക്ക പോകാം.

കിട്ടുണ്ണി അവന്റെ വഴിക്ക പോയതിന്റെശേഷം ഇവർ രണ്ടുപേരും പിന്നെയും തങ്ങളിൽ ഓരോന്ന പറഞ്ഞ നിശ്ചയിച്ച ചിറയുടെ പടിഞ്ഞാറെ ഭാഗത്തുകൂടി പത്തുക്കെ തെക്കോട്ടുപോയിട്ട അവിടെനിന്ന തിരിഞ്ഞ ഒരു ചെറിയ ഇടവഴിയിൽകൂടി കനകമംഗലം കോവിലകത്തിന്റെ പടിഞ്ഞാറെ ഭാഗത്തു വന്നു. കൊളുത്തിന്റെ പടിഞ്ഞാറെ പശമുള്ള കുഞ്ഞിക്കാവിന്റെ കുടിലിലേക്ക കയറിപ്പോയി.

# ആറാം അദ്ധ്യായം.

## പൊലീസ്സന്ന്യായവും പഞ്ചുമേനോന്റെ വരവും.

കോമൻനായരും കുണ്ടുണ്ണിമേനോനും കൂടി കടവത്തു കൊച്ചമ്മാളുവിന്റെ അടുക്കളയിൽ ഇട്ടു അയ്യാപ്പട്ടരെ ഞെരിവട്ടം പ്രഹരം കഴിച്ചു പറഞ്ഞയച്ചിട്ടുള്ള വിവരം വായനക്കാർ മറന്നുകളവാൻ ഇടയില്ലാത്തതാണെല്ലൊ. ശങ്കരൻഎമ്പ്രാന്തിരി തന്റെ പ്രത്യക്ഷവിരോധിയായതുകൊണ്ടു അദ്ദേഹമാണു തന്നെ തല്ലിച്ചതും അപമാനിച്ചതും എന്നായിരുന്നു അയ്യാപ്പട്ടരുടെ പൂൎണ്ണമായ വിശ്വാസം. കുണ്ടുണ്ണിമേനോനും കോമൻനായരും തന്റെ പ്രാണസ്നേഹിതന്മാരായതുകൊണ്ടും കൊച്ചമ്മാളുവിന്റെ ജാരന്മാരാണെന്നുള്ള ധാരണ ലേശംപോലും തനിക്കില്ലാതിരുന്നതുകൊണ്ടും ഈ രാക്ഷസപ്രവൃത്തി ചെയ്യിട്ടുള്ളതു അവരാണെന്നു സ്വപ്നേപി ഈ സാധുബ്രാഹ്മണൻ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. മേൽപറഞ്ഞ രണ്ടുപേരെയും പററിയുള്ള പ്രസ്താവം നാടെങ്ങും പരന്നിരിക്കുന്നുവെങ്കിലും അതു ശങ്കരൻ എമ്പ്രാന്തിരിയുടെ ഉപദേശപ്രകാരം ചില വിരോധികൾ വൃഥാ പറഞ്ഞുണ്ടാക്കിയതാണെന്നു തന്നെ ആയിരുന്നു അയ്യാപ്പട്ടരുടെ പരമാൎത്ഥമായ വിചാരം. അടികൊണ്ടതിന്റെ പിറെറന്നാൾ രാവിലെ ഇദ്ദേഹം അന്യായം കൊടുപ്പാൻവേണ്ടി മജിസ്ത്രേട്ടുകോടതിയിലേക്കു പോകുന്നവഴിക്കു കുണ്ടുണ്ണിമേനോൻ പിന്നാലെ ഓടികൊണ്ടു വരുന്നതുകണ്ടു. ഇയ്യാൾ അയ്യാപ്പട്ടരുടെ മേലുള്ള പരുക്കും അയാളുടെ മനോവ്യസനവും കുണ്ഠിതവും കണ്ടി

ട്ടു വളരെ വിഷാദിച്ചു. കണ്ണിൽ നിറഞ്ഞൊലിക്കുന്ന വെള്ളം തോൎത്തമുണ്ടുകൊണ്ടു തുടച്ചു അച്ഛാപ്പട്ടരുടെ മുഖത്തു നോക്കി പറഞ്ഞു— ശങ്കരൻ എമ്പ്രാന്തിരി ഇയ്യിടെ വലിയ ധിക്കാരി ആയിരിക്കുന്നു. അഞ്ചെട്ടു പോക്കിരിപ്പിള്ളരെ വിളിച്ചു സ്വാധീനത്തിൽവെച്ചു അവരെകൊണ്ടു ഈ വക ഓരോ തോന്ന്യാസം ചെയ്യിച്ചു തുടങ്ങിയിരിക്കുന്നു. ഇങ്ങിനത്തെ അധികപ്രസംഗം മുളയിൽതന്നെ നുള്ളികളയാഞ്ഞാൽ ക്രമേണ എല്ലാവരുടെയും നേരെ കൊണ്ടുവരാൻ മടിക്കില്ല. സ്വാമി ഒരു സമ്മതം മാത്രം തന്നാൽ മതി. എന്നാൽ അടിക്കു അടിഞാൻ ഇന്നു കഴിച്ചുകളയാം. ഒരു എല്ലുപോലും ഞാൻ വെച്ചേക്കില്ല. ശിക്ഷിക്കുന്നുണ്ടെങ്കിൽ എന്നെ ശിക്ഷിച്ചോട്ടെ. കൊച്ചമ്മാളു ആണ ചതിച്ചതു എന്നു ഒരിക്കലും സ്വാമി വിചാരിക്കേണ്ട. അവൾ വിചാരിച്ചിട്ടു ഒരു നിവൃത്തിയും ഉണ്ടായില്ല. എമ്പ്രാന്തിരിയും രണ്ടുമൂന്നു തടിയന്മാരും അടുക്കിളയിൽവന്നു ഒളിച്ചുനിന്നതു കൊച്ചമ്മാളു വെള്ളത്തിന്നുവേണ്ടി അടുക്കിളയിൽ കടന്നപ്പോൾ മാത്രമെ അറിഞ്ഞിട്ടുള്ളു. എമ്പ്രാന്തിരിയാണു വിളക്കൂതിക്കളഞ്ഞതു. കൊച്ചമ്മാളു നിലവിളിപ്പാൻ ഭാവിച്ചപ്പോൾ ആ കഴുവേറി അവളെ പിടിച്ചു വെച്ചു വായപൊത്തികളകയാണു ചെയ്തതു. ഈ വിവരം മുഴുവനും കൊച്ചമ്മാളു ആണു എന്നോടുപറഞ്ഞതു. സ്വാമിയെ അപമാനിച്ചതു വിചാരിച്ചിട്ടു അവൾ കണ്ണീരുംകുടിച്ചു കിടക്കയാണു ചെയ്യുന്നതു. എമ്പ്രാന്തിരിയുടെ സംബന്ധം നിത്യതു ആയിരം ആമാട കിട്ടുന്നതായാലും അവൾക്കു എനി ആവശ്യം ഇല്ലപോൽ. ഇന്നുതന്നെ അന്ന്യായം കൊടുക്കേണം എന്നു സ്വാമിയോടു പറയാനാണു എന്നെ അയച്ചതു. അന്ന്യായച്ചിലവിന്നു തല്ക്കാലം പണമില്ലെങ്കിൽ നാഗപടത്താലിയൊ വളയൊ എടുത്തു തരാം.

എന്ന പറഞ്ഞിരിക്കുന്നു. ആ കള്ളനെ ശിക്ഷിപ്പിച്ച ജാതീന്ന പുറത്താക്കിക്കണം. എനി എന്തായാലും വേണ്ടില്ല സംബന്ധത്തിന്ന സ്വാമിതന്നെ മതി എന്നാണ കൊച്ചമ്മാളു എന്നോട തീൎച്ച്പറഞ്ഞത. അത സ്വാമിക്ക സമ്മതമല്ലെങ്കിൽ എനി അവൾക്ക സംബന്ധക്കാരനെ വേണ്ട പോൽ. അതുകൊണ്ട അന്ന്യായം ഇന്നതന്നെ കൊടുക്കണം. സാക്ഷി ഞാനും കോമൻനായരും വെടിപ്പായി പറയും. അന്ന്യായത്തിൽ കൊച്ചമ്മാളുനെ കൂടി പ്രതി ചേക്കേണ്ടിവരും അതെ ഉള്ളു ഒരു ദുഘടം. എന്നാൽ അതിന്നും ഒരു വഴിയുണ്ട. കച്ചീത്തകൊണ്ട അവൾ കുററക്കാരി അല്ലെന്നാക്കിയാൽ മതി. പിന്നെ സാക്ഷിക്കാരും അത ബലപ്പെടുത്തി പറയുന്നതായാൽ കൊച്ചമ്മാളുന കുററം ഒന്നും വരില്ല.

ഇതെല്ലാം കേട്ടപ്പോൾ അച്ഛാപ്പട്ടര പരമാൎത്ഥമാണെന്ന ക്ഷണത്തിൽ വിശ്വസിച്ചുപോയി. എമ്പ്രാന്തിരിയെ പുറത്താക്കി തന്നെ സംബന്ധക്കാരനാക്കാനാണ കൊച്ചമ്മാളു തീൎച്ച്പ്പെടുത്തിയു എന്ന കേട്ടപ്പോൾ തല്ലുകൊണ്ട വേദനയും വ്യസനവും മുഴുവൻ തീൎന്നുപോയി. അന്ന്യായം കൊടുക്കേണമെന്നുള്ള വിചാരംതന്നെ ഇദ്ദേഹത്തിന്റെ മനസ്സിൽനിന്ന പോയ്ക്കളഞ്ഞു. എങ്കിലും കുണ്ടുണ്ണിമേനോന്റെ നിൎബ്ബന്ധം കൊണ്ടും കൊച്ചമ്മാളു പറഞ്ഞയച്ചതുകൊണ്ടും അന്ന്യായം കൊടുക്കാമെന്നതന്നെ അവസാനം നിശ്ചയിച്ചു. കൊച്ചമ്മാളുവിനെ പ്രതി ചേൎക്കുന്ന കാൎയ്യം ഇദ്ദേഹത്തിന്ന പരമസങ്കടമായിതോന്നി. എമ്പ്രാന്തിരിയെ ശിക്ഷിക്കേണ്ടതിന്ന അന്ന്യായം കൊടുക്കാതെ കഴികയില്ലെന്നും കൊച്ചമ്മാളുവിനെ പ്രതി ചേൎക്കാത്തപക്ഷം അന്ന്യായത്തിന്ന ബലമില്ലെന്നും കുണ്ടുണ്ണിമേനോൻ പറഞ്ഞതനിമിത്തം അങ്ങിനെ ആവാമെന്ന

അയ്യാപട്ടരും സമ്മതിച്ചു. സഹായത്തിന്ന കുഞ്ഞുണ്ണിമേനോനും കൂടെ ഒന്നിച്ചു പോയി. കുഞ്ഞുണ്ണിമേനോന സമനായ ചതിയനും കള്ളനും ഒരം മലയാളരാജ്യത്തിൽ കുഞ്ഞുണ്ണിമേനോനെ ഉള്ളു എന്ന വായനക്കാരോട പ്രത്യേകം പറയേണ്ടതില്ലല്ലൊ. അന്യായ ഹരജിയും അയ്യാപ്പട്ടരുടെകയ്യീത്തും അന്യോന്യവിരുദ്ധമായി കണ്ടപ്പോൾ മജിസ്ത്രേട്ട കോന്തിമേനോൻ അവർകൾക്ക വളരെ സംശയമായി. ഹരജി വലിച്ചെറിവാൻ രണ്ടമൂന്നപ്രാവശ്യം ഭാവിച്ചു എങ്കിലും അന്യായക്കാരന്റെ ദേഹത്തിന്മേൽ ധാരാളം അടികൊണ്ട പാരക്ക കണ്ടതിനാലും അദ്ദേഹം കാൎയ്യശീലം ലേശം ഇല്ലാത്ത ഒരു സാധുബ്രാഹ്മണനാണെന്നുള്ള ദയ മജിസ്ത്രേട്ടിന്റെ മനസ്സിൽ ഉണ്ടായതിനാലും കുററം നടന്നു എന്ന പറയുന്ന സ്ഥലത്തുപോയി വേണ്ടതാക്ക അന്വേഷണം കഴിച്ചു പരമാൎത്ഥമായി റിപ്പോട്ടചെയ്യാൻ വേണ്ടി കോന്തിമേനോൻ അവർകൾ കനകമംഗലം സ്റ്റേഷൻ ഹെഡകൻസ്റ്റേബൾ പങ്ങശ്ശമേനോന കല്പന കൊടുത്തു. മാൎച്ചിമാസം പത്താന്തിയ്യതി വെള്ളിയാഴ്ച പകൽ പത്തമണിക്ക ഹാജരാകുവാൻ അയ്യാപ്പട്ടരോടും കല്പിച്ചു. കഴിയുന്ന വേഗത്തിൽപോയി അന്വേഷിച്ചു പരമാൎത്ഥം അറിഞ്ഞ ശരിയായ റിപ്പോട്ട ചെയ്യേണമെന്ന മജിസ്ത്രേട്ട പങ്ങശ്ശമേനോനോട പ്രത്യേകം താക്കീതും ചെയ്തു.

പങ്ങശ്ശമേനോൻ നല്ല പരിചയവും കാൎയ്യപ്രാപ്തിയും തന്റേടവും നെഞ്ഞുറപ്പും ഉള്ള ഒരു പോലീസ്സുദ്യോഗസ്ഥനാണ. കളവുകാൎയ്യം തുമ്പുണ്ടാക്കുവാൻ ഇദ്ദേഹത്തെപോലെ സമൎത്ഥനായ ഒരു മനുഷ്യൻ ഇല്ലെന്നു തന്നെ പറയാം. ഇയ്യാൾ ചാൎജ്ജുവെക്കുന്ന കാൎയ്യം ശിക്ഷിക്കാതെ വിടുന്നത എത്രയൊ ദുല്ലഭമാണ. ഹെഡ്

കൻസ്റ്റെബളുടെ ഉദ്യോഗം കിട്ടീട്ട ഇപ്പോൾ ഏഴ സംവത്സരമെ ആയിട്ടുള്ളു. അതിനിടയിൽ നാലയ്യായിരം ഉറുപ്പികയുടെ സ്വത്ത ഇദ്ദേഹം സ്വന്ത പ്രയത്നംകൊണ്ട സമ്പാദിച്ചിട്ടുണ്ട. ആൾ അശേഷം ലുബ്ധനല്ല. മാസ്സുടി ഇരുപതുറുപ്പിക മാത്രമെയുള്ളു. എങ്കിലും ബഹു ധാരാളിയാണ. അത്യാവശ്യമായ ചിലവിന്ന തന്നെ ദിവസംപ്രതി രണ്ടുറുപ്പികയിൽകുറയാതെ വേണ്ടിവരും. പാൎക്കുംദിക്കിൽ താനും രണ്ട വാലിയക്കാരും മാത്രമെയുള്ളു. ആൾ ഒരു വേദാന്തിയാണ. വയസ്സ ഏകദേശം ഇരുപത്തഞ്ച ഇരുപത്താറ പോരും. കണ്ടാൽ ഒരു വലിയ സുന്ദരനല്ല. എങ്കിലും തരക്കേട ഒട്ടും ഇല്ല. ആൾ ബഹു ദീൎഘനാണ. കുട്ടമയും ധാരാളം ഉണ്ട. എന്തൊ ഒരു ഔഷധം പതിവായി സേവിച്ചവരുന്നതുകൊണ്ട കണ്ണ രണ്ടും നല്ല ചെക്കീരിയുടെ കണ്ണക്കാൾ ചുകന്നിട്ടാണ. പങ്ങശ്ശുമേനോൻ എനിയും ഒരു ദിക്കിൽ സംബന്ധം വെച്ചിട്ടില്ല. വേദാന്തിയായതകൊണ്ടായിരിക്കാം ഭാൎയ്യാസക്തി ഇദ്ദേഹത്തിന്ന തീരെ കുറഞ്ഞുകാണുന്നത. കൊച്ചമ്മാളുനെ പററി പങ്ങശ്ശുമേനോൻ പല പ്രാവശ്യവും കേട്ടിട്ടുണ്ടെങ്കിലും അവളെ കണ്ട സംസാരിപ്പാൻ ഇതുവരെ ഇടവന്നിട്ടില്ല. അവളെ കാണണമെന്നുള്ള താല്പൎയ്യം ൟ മനുഷ്യന്ന ബഹു കലശലായുണ്ട. അതകൊണ്ട സ്ഥലത്തപോയി അന്വേഷണം കഴിപ്പാൻ കല്പന കിട്ടിയത ഇദ്ദേഹത്തിന്ന വലിയൊരു സന്തോഷമായി. തനിക്കിപ്പോൾ നല്ല ശുക്രദശയാണ. മാൎച്ചി മാസം ഏഴാന്തിയ്യതി ചൊവ്വാഴ്ച പകൽ നാലമണിക്ക ശേഷം പങ്ങശ്ശുമേനോൻ കൻസ്റ്റെബൾ ഏരെമ്മൻനായരോട കൂടെ സ്ഥലാന്വേഷണത്തിന്നുള്ള പുറപ്പാടായി. കുളിയും ഊണുംകഴിച്ച നല്ലതായിട്ട രണ്ട പാവമുണ്ടും

ചുററി ഒരു ഫ്ലാനൽ ഷൎട്ട് ഇട്ടു വലത്തെ ചുമലിൽ ഒരു കസവുവേഷ്ടിയും തൂക്കിയിട്ടു കയ്യിൽ ഒരു പല്യനമുള്ള വടിയും വീശിക്കൊണ്ടു കസവു വെച്ച ഒരു തൊപ്പിയും തലയിൽ ഇട്ടു ഒരുകൂട്ടം പുതിയ ജോടും ചവിട്ടി മെല്ലെ കടവത്തുവീട്ടിലേക്കു യാത്രയായി. ഇദ്ദേഹം ഇന്നു അന്വേഷണത്തിന്നു വരുമെന്നറിഞ്ഞിട്ടു അയ്യാപ്പട്ടരും കുണ്ടുണ്ണിമേനോനും വഴിക്കൽ ഒരു സ്ഥലത്തു കാത്തുംകൊണ്ടു നില്ക്കുയായിരുന്നു. പഞ്ചുമേനോന്റെ ഒരുമിച്ചു അയ്യാപ്പട്ടര പോകരുതെന്നായിരുന്നു കുണ്ടുണ്ണിമേനോന്റെ താല്പൎയ്യം. ഹേഡകൺസ്ടേബൾ ദൂരത്തുനിന്നു വരുന്നതു കണ്ടിട്ടു കുണ്ടുണ്ണിമേനോൻ പറഞ്ഞു. സ്വാമി ഇപ്പോൾ ഒന്നിച്ചു പോകുന്നതു വെടിപ്പില്ല. വല്ലവരും കണ്ടാൽ കാൎയ്യത്തിന്നു തരക്കേട ഉണ്ടു. ഹെഡ്കൺസ്ടേബളെ നാം സ്വാധീനപ്പെടുത്തി കൂട്ടിക്കൊണ്ടു ചെന്നതാണെന്നു വ്യഥാവിൽ ഒരു അപവാദം ഉണ്ടാകും. ശങ്കരൻ എമ്പ്രാന്തിരിക്കു അതു കേട്ടാൽ മതി. അയാൾ ഇന്നു തന്നെ നിലവിളിക്കാൻ തുടങ്ങും. ഇങ്ങിനെ ആയാൽ മജിസ്ത്രേട്ടു ഹെഡ്കൺസ്ടേബളുടെ റിപ്പോൎട്ട വിശ്വസിക്കില്ല. അതു നമ്മുടെ കേസ്സിന്നു ദൂഷ്യമാണു. എന്നെ ആൎക്കും ഇല്ല സംശയം. എമ്പ്രാന്തിരിയും ഞാനുമായിട്ടു പുറമെ ബഹു സ്നേഹമാണു. എമ്പ്രാന്തിരിക്കു എന്നെ വലിയ വിശ്വാസമാണത്രെ. അല്ലാഞ്ഞാൽ ആ കള്ളനെ ചതിക്കാൻ പ്രയാസമാണ. ഞാനുംകൂടി ഒന്നിച്ചു പത്തുക്കു പോയ്ക്കൂടയാം. കൊച്ചമ്മാളുവിനെ കണ്ടു ചിലതെല്ലാം പറഞ്ഞു ഏല്പിക്കേണ്ടതുണ്ടു. സ്ത്രീകൾക്കു കാൎയ്യശീലം വളരെ കുറയും. അതിലും വിശേഷിച്ചു കൊച്ചമ്മാളുന്നു ഒരു വക ഒന്നും ശീലമില്ല. എല്ലാം ശങ്കരൻ എമ്പ്രാന്തിരി ചെയ്യിച്ചതാണെന്നു സ്വാമിയുടെ കല്പിത്തിന്നനുസരിച്ചു

അവളുംകൂടി പറയുന്നതായാൽ പിന്നെ സംശയിക്കേണ്ട. എമ്പ്രാന്തിരിയുടെ കാൎയ്യം തീൎന്നു. നാളെ രാവിലെ പിടിച്ച തടവമുറിയിൽ വെക്കാതിരിക്കില്ല. കൊച്ചമ്മാളുനെ കൊണ്ട വേണ്ടപോലെ ഞാൻ പ്രവൃത്തിപ്പിച്ചോളാം. ഹെഡ്കൻസ്റ്റേബളെ ഇന്ന പൊടിപാററി സൽക്കരിക്കണം. വല്ലതും ഒരു രണ്ടുറുപ്പിക ഇന്ന ചിലവിട്ടകളഞ്ഞാൽ അദ്ദേഹം പിന്നെ നൊം പറയുമ്പോലെ എല്ലാം ചെയ്യും. തെല്ലൊന്ന കൊച്ചമ്മാളുനെകൊണ്ടും ചിലവാക്കാം. ഇതല്ലെ നല്ലത? സ്വാമിക്ക എന്ത തോന്നുന്നു?

കുണ്ടുണ്ണിമേനോൻ പറഞ്ഞിട്ടുള്ളത ശരിയാണെന്ന അയ്യാപ്പട്ടൎക്ക ബോദ്ധ്യമായി. എങ്കിലും കൊച്ചമ്മാളുനെ കൊണ്ട ഒരുകാൎയ്യം ചിലവചെയ്യിക്കരുത എന്നായിരുന്നു ഒരം പരമ പിശുക്കിയുടെ താല്പൎയ്യം. വേഗം കോന്തലയഴിച്ച നാല ഉറുപ്പിക എടുത്ത കുണ്ടുണ്ണിമേനോൻെറ കയ്യിൽ കൊടുത്തിട്ട പറഞ്ഞു. കൊച്ചമ്മാളു വിചാരിച്ചാൽ പണത്തിന്ന വളരെ പ്രയാസമായിരിക്കും. അവൾക്ക എവിടുന്നാണ പണം. ആ കള്ളകഴവേറി ഒരു കാശും കൊടുക്കില്ല. അതുവുംകൂടി ഞാൻതന്നെ ചിലവചെയ്യുകളയാം. അവളെകൊണ്ട പറഞ്ഞപോലെ എല്ലാം ചെയ്യിപ്പിച്ചാൽ മതി. കുണ്ടുണ്ണിമേനോൻ വിചാരിച്ചാൽ അതിനൊന്നും പ്രയാസം ഉണ്ടാകില്ല. അത നമുക്ക നല്ല ഉറപ്പുണ്ട. കുണ്ടുണ്ണിമേനോൻ അയ്യാപ്പട്ടരോട അങ്ങിനെതന്നെ എന്ന വാഗ്ദത്തം ചെയ്യു ഹെഡകൻസ്റ്റേബളുടെ പിന്നാലെ അദ്ദേഹം കാണാതെ പതുക്കെ പോയി. പങ്ങശ്ശമേനോന കുണ്ടുണ്ണിമേനോനെ അശേഷം പരിചയമില്ലയായിരുന്നു. അദ്ദേഹം ഏകദേശം നാലരമണിക്ക കൊച്ചമ്മാളു പാൎക്കുന്നേടത്ത എത്തി. അയ്യാപ്പട്ടര തൻെറമേൽ അനാവശ്യമായി ഒരു പോലീസ്സ കൊടുത്തിരിക്കുന്നു

എന്ന ശങ്കരൻ എമ്പ്രാന്തിരി ഇന്നലമാത്രമാണ അറി ഞ്ഞത. അതമുതൽക്ക എമ്പ്രാന്തിരിക്ക അസാമാന്യമായ ഒരു ഭയവും പാങ്ങല്ലാത്ത ഒരു മനോവ്യസനവും പരിഭ്ര മവും കൊച്ചമ്മാളുവിന്റെ മേൽ അല്പം ചില ശങ്കയും ജ നിച്ചു. രാത്രി ഒരു ലേശം ഉറക്കം ഉണ്ടായില്ല. വിവരം കൊച്ചമ്മാളുവിനോട ചോദിപ്പാൻ അദ്ദേഹത്തിന്ന ധൈ ൎയ്യവും ഇല്ല. ആകപ്പാടെ കുഴങ്ങിവശായി. ഹെഡകൻ സ്റ്റേബൾ വന്ന സമയം എമ്പ്രാന്തിരി കൊച്ചമ്മാളു വിന്റെ അറയിൽ ഇരുന്ന മുറുക്ക കഴിക്കയായിരുന്നു. "ഒരു ചുകന്ന തലേക്കെട്ടുകാരനും വേറെഒരാളും കൂടിഉണ്ട ഇങ്ങട്ട വരുന്നു" എന്ന ഉണ്ണിച്ചിരാമ്മ പാഞ്ഞുചെന്ന എമ്പ്രാന്തിരിയോട പറഞ്ഞു. ഈ വൎത്തമാനം കേട്ടപ്പോൾ അദ്ദേഹത്തിന്ന കിടുകിട ഒരു വിറയല വന്നു. അടക്ക കയ്യിൽനിന്ന നിലത്ത വീണുപോയ്ത അറിഞ്ഞില്ല. ത ന്നെ പിടിച്ച കൊണ്ടുപോവാനാണ തലേക്കെട്ടുകാരൻ വരുന്നത എന്ന വിചാരിച്ച അറയിൽനിന്ന ഓവറയിൽ പോയി ഒളിപ്പാൻ നോക്കി. അങ്ങിനെ ചെയ്യാൽ കു ളിയും ഊണും അമ്പലത്തിലെ ശാന്തിയും മുടങ്ങിപ്പോകും എന്നുള്ള ഭയമായി. എന്തിനുപറയുന്നു ഒരുവിധേന പേ ടിച്ച വിറച്ചുംകൊണ്ട അറയിൽനിന്ന പടിഞ്ഞാററയുടെ കോലായിൽ കടന്നു അതിലെതന്നെ വടക്കഭാഗത്തെ വാതിൽ കടന്ന മുററത്തിറങ്ങി കൂടക്കൂടെ മടങ്ങിനോക്കി കൊണ്ട ഓടി പടിഞ്ഞാറഭാഗത്തെ വെയിലിയുടെമീതെ ഉരുണ്ടുപിരണ്ട ഇടവഴിയിൽ മറഞ്ഞുവീണു. ഉടുത്ത മുണ്ടിൽ പകുതിപോര വെയിലിക്ക കൊടുത്തു. മുണ്ട മുള്ളി ന്മെൽ കുടുങ്ങിയപ്പോൾ പോലീസ്സുകാരൻ പിന്നിൽനിന്ന പിടിച്ചതാണെന്ന ഭയപ്പെട്ട ഒന്ന ഉറക്കെ നിലവിളിച്ച

പോയി. എങ്കിലും അത വിഷ്ഫലമായി എന്ന അദ്ദേഹത്തിന്ന പിന്നെ ക്ഷണനേരംകൊണ്ട മനസ്സിലായി. 'കൊച്ചമ്മാളുനെ ൟ നിട്ടയന്മാർ എന്തി എന്തെല്ലാമാണ ചെയ്യാൻ പോകുന്നത്' എന്നുള്ള ഒരു വലിയ ശങ്ക മനസ്സിൽ തോന്നിയുംകൊണ്ട കുറെനേരം കിഴക്കോട്ടതന്നെ വേയിലിയുടെ ഉള്ളിൽകൂടെ പതുങ്ങി എത്തിനോക്കിക്കൊണ്ടുനിന്നു. അപ്പോൾ പോലീസ്സുകാരന്റെ ചുകന്ന തലേക്കെട്ടും ഗദയും ഇദ്ദേഹത്തിന്റെ കണ്ണിൽ കാണുന്നതുപോലെ മനസ്സിൽ തോന്നിതുടങ്ങി. ഭയം ബഹു കലശലായി. കാലിന്റെ തുടകൾ രണ്ടും കിടുകിട വിറച്ചുതുടങ്ങി. ഒരു നിമിഷംപോലും അവിടെ ഉറച്ചുനില്ക്കുന്നത കേവലം അസാദ്ധ്യമാണെന്നു കണ്ടു ഒടുവിൽ പ്രാണരക്ഷ വലിയതെന്നു നിശ്ചയിച്ചു ബദ്ധപ്പെട്ടു അമ്പലത്തിലേക്ക പോയി. എന്നാൽ ൟ അവസരത്തിൽ കൊച്ചമ്മാളു എന്തുചെയ്യുന്നു എന്നവായനക്കാർവിചാരിക്കുന്നുണ്ടായിരിക്കാം. പോലീസ്സുകാർ വരുന്നുഎന്ന കേട്ടപ്പോൾ അവൾക്കും അല്പമായ ധൈൎയ്യക്ഷയവും ലജ്ജയും കുണ്ഠിതവും ഉണ്ടായി. എങ്കിലും അവൾ തന്റെടം ധാരാളമുള്ള ഒരു യുവതിയായുംകൊണ്ട തല്ക്കാലം സംഭവിച്ച മനശ്ചാഞ്ചല്യത്തെ നിൎത്തി ഏകദേശം അസ്തമാനത്തോട അടുത്തെത്തിയ തന്റെ മാനത്തെ രക്ഷിപ്പാൻവേണ്ടി ഒരു കൌശലം പ്രയോഗിച്ചു. പെട്ടിതുറന്ന വിശേഷമായ ഒരു ഒന്നര പാവെട്ടുത്ത ബഹുമോടിയിൽ ഉടുത്ത മീതെ മേത്തരം ഒരു നല്ല പട്ടക്കരപ്പാവെട്ടുത്ത ചുററി തലമുടി ഭംഗിയായി വാൎന്നകെട്ടി രണ്ട പനിനീർപുഷ്പം എമ്പ്രാന്തിരി കൊണ്ടുവന്നകൊടുത്തിട്ടുള്ളത എടുത്ത അതിൽചൂടി. അതിവിശേഷമായ ഒരു പൊൻപൊട്ടെടുത്ത ഭ്രൂമദ്ധ്യത്തിൽ നെററിയിന്മേൽ പററിച്ചു. സാമാന്യന്മാരായ

പുരുഷന്മാരെ പററിക്കുവാൻ ഇത ഒന്നതന്നെ മതി. ഒരു
പല്ലിമുട്ടയെക്കാൾ അല്പം വലുപ്പമുള്ള ഒരു മുക്താഫലം
കൊണ്ട ശോഭിക്കുന്ന നാസാരത്നം എടുത്ത മൂക്കുത്തിയി
ന്മേൽ ചേൎത്തു കാതിൽ മനോഹരമായ തോടയും കഴു
ത്തിൽ സ്വൎണ്ണനൂലോടുകൂടിയ ഒരു പതക്കവും എടുത്ത
അനാമിക വിരലിന്മേൽ ഒരു വിലയേറിയ പച്ചക്കൽ
വെച്ച മോതിരവും ധരിച്ചു. വിശേഷമായി അലക്കിമു
ള്ളിട്ട ഒരു ബ്രൂക്കമസലിൻ മുണ്ടെടുത്ത വലത്തെചുമലിലും
എടത്തെ കക്ഷത്തുമായിട്ട മക്കനയിട്ടപനിനീൎതളിച്ച ഒരു
വെള്ളിത്താലത്തിൽ വെച്ചിട്ടുണ്ടായിരുന്ന മുല്ലപ്പൂവെടുത്ത
തന്റെ അറയിൽ പടിഞ്ഞാറെ അരുവിൽജനെലിന്ന
രികെയിട്ടിട്ടുള്ള കോച്ചുകട്ടിലിന്മേൽ കുത്തിരുന്ന ഉണ്ടമാ
ലകെട്ടുവാൻ തുടങ്ങി. കൊച്ചമ്മാളുവിന്റെ ഇപ്പോഴത്തെ
നിലയും ഭാവവും കണ്ടാൽ ഇളകിപ്പോകാത്ത പുരുഷന്മാർ
ഭൂലോകത്തിൽ ഇല്ലെന്നതന്നെയാണ എന്റെ അഭി
പ്രായം. അഥവാ ഉണ്ടെന്ന ആരെങ്കിലും വാദിപ്പാൻ ഭാ
വമുണ്ടെങ്കിൽ അത ബാലന്മാരോ വൃദ്ധന്മാരോ ഭ്രാന്തന്മാ
രോ കഠിനമായ രോഗംകൊണ്ട വലഞ്ഞു കിടക്കുന്നവരോ
മാത്രമാണെന്ന അവർ മനസ്സിലാക്കി കൊള്ളേണ്ടതാണ.
കഥയുടെ മദ്ധ്യത്തിൽ അത്യാവശ്യമായ മററു ചില സം
ഗതികളെ കൂടി പ്രസ്താവിക്കേണ്ടി വന്നതിനാൽ തൽ
ക്കാലം വേണ്ടതാക്ക ഉപചാരാദികൾ ഒന്നും ചെയ്യാതെ
പഞ്ചുമേനോനെ കുറെ നേരത്തേക്ക മുററത്ത തന്നെ
നിൎത്തേണ്ടി വന്ന പോയ നിമിത്തം വായനക്കാരുടെ
മനസ്സിൽ യാതൊരു നീരസവും ജനിക്കയില്ലെന്ന വിശ്വ
സിക്കുന്നു. പഞ്ചുമേനോൻ ചെന്നപാട കോലായിൽ
ആരേയും കാണാഞ്ഞിട്ട അല്പം മുററത്ത തന്നെ നിന്നു.
പിന്നെ രണ്ട മൂന്ന പ്രാവശ്യം മെല്ലെ ഒച്ച ചിനച്ചു

നോക്കി. എന്നിട്ടും പുറത്തേക്ക ആരും വരുന്നത കണ്ടില്ല. ഉമ്മറത്തെ വാതിൽ മലക്കെ തുറന്നിട്ടത കൊണ്ടും അടുക്കിളയിൽനിന്ന അല്പാല്പം പുക പുറത്തേക്ക വരുന്നതകൊണ്ടും ഗൃഹാന്തൎഭാഗത്തിങ്കൽ വല്ലവരും ഉണ്ടായിരിക്കുമെന്ന തന്നെ ഇദ്ദേഹം വിചാരിച്ചു. തെക്കെ ഭാഗം രണ്ട മൂന്ന ജനെല്വകൾ തുറന്ന വെച്ചു കണ്ടതിനാൽ മുറികളിൽ വല്ലവരും ഉണ്ടായിരിക്കാമെന്ന ശങ്കിച്ചു പങ്ങശ്ശമേനോൻ കിഴക്ക പടിഞ്ഞാറായി തെക്കെ മുററത്ത കൂടി ജോട്ടും ചവിട്ടികൊണ്ട ഒന്ന രണ്ട വട്ടം ഉറക്കെ നടന്നു. ഉള്ളിൽ നിന്ന യാതോരു ഒച്ചയും വിളിയും കേൾക്കാഞ്ഞാറെ വേണ്ടെങ്കിലും വെറുതെ ഒന്ന രണ്ട ഉറക്കെ കുരച്ചു നോക്കി. എന്നിട്ടും യാതോരാളും പുറത്തേക്ക വരികയൊ ആരാണന്ത എന്ന ചോദിക്കുകയോ ചെയ്യാഞ്ഞതിനാൽ ഒടുവിൽ അദ്ദേഹം കോലായിൽ കയറി തെക്കെ ഭാഗത്ത കാററ കൊള്ളാൻ വേണ്ടി ഉണ്ടാക്കി വെച്ചിട്ടുള്ള പടിയിന്മേൽ ചെന്ന വടക്കോട്ട തിരിഞ്ഞ കുത്തിരുന്നു. ഇവിടെ ആരും ഇല്ലെ എന്ന വിളിച്ചു ചോദിപ്പാൻ ഏരേമൻ നായരോട കല്പിച്ചു. ഏരേമൻ നായര മെല്ലെ തെക്കിനിയുടെ തളത്തിൽ കടന്ന നിന്നിട്ട ഹെ-ഹെ- ഇവിടെ ആരും ഇല്ലെ എന്ന ഉറക്കെ വിളിച്ചു ചോദിച്ചു. ഉണ്ട- ഉണ്ട. ഞാൻ അരി വാക്കണ- കോലായിൽ ഇരിക്കിൻ. കൊച്ചമ്മാളു- ആരാണ കോലായിൽ വന്നതെന്ന നോക്കു ഞാൻ അരി വാക്കട്ടെ. നീ ഒരു പായ എടുത്ത കൊടുക്കു. എന്നിങ്ങിനെ ഒരു വൃദ്ധയായ സ്ത്രീ പറയുന്നത പോലെ അടുക്കിളയിൽ നിന്ന ഒരു ശബ്ദം കേട്ടു.

ഇതിനിടയിൽ പിന്നാലെ ഒരു കള്ളനെപ്പോലെ പതുക്കെ വന്ന മുററത്തെ മുല്ല വള്ളിയുടെ അരികെ മറഞ്ഞ നിന്നിട്ടുണ്ടായിരുന്ന കുണ്ടുണ്ണിമേനോൻ വടക്കെ മുററ

ത്തോട്ടു പോകുവാൻ വേണ്ടി ഹേഡകൻസ്റ്റേബിളെ നോക്കി നോക്കി കള്ളച്ചുമട വെച്ചു കളിക്കുന്നത എങ്ങിനേയൊ പഞ്ചുമേനോൻ കണ്ടു. ഇയ്യാളുടെ മുഖവും ഭാവവും കണ്ടപ്പോൾ പഞ്ചുമേനോന ഒരു പരമ വികൃതിയുടെ മേൽ എന്തൊ ഒരു ചീത്ത അഭിപ്രായമാണ ആദ്യം തന്നെ ഉണ്ടായതു. ആളുകളുടെ മുഖം നോക്കി നിശ്ചയിപ്പാൻ ഇദ്ദേഹം ബഹു സമൎത്ഥനാണ. ഇവനെ കണ്ടാൽ ഒരു ദുൎമ്മാൎഗ്ഗിയും പോക്കിരിയും ആണെന്ന തോന്നും എന്ന മനസ്സിൽ വിചാരിച്ചു അല്പം ദ്വേഷ്യഭാവത്തോടെ അടുക്കെ വിളിച്ചിട്ടു.

പഞ്ചുമേനോൻ— താൻ ആരാണ? എവിടെയാണ? തന്റെ പേര എന്താണ?.

കുണ്ടുണ്ണിമേനോൻ— ഞാൻ ഈ സമീപസ്ഥനാണ. എന്റെ പേര കുണ്ടുണ്ണി എന്നാണ.

പ. മേ— താൻ മേനോനോ? നായരോ? നമ്പ്യാരോ? ആരാണ?.

കു. മേ— ഞാൻ മേനോനാണ. മേലേക്കാട്ടു കുണ്ടുണ്ണി മേനോൻ എന്ന പറയും.

പ. മേ— കുണ്ടുണ്ണിമേനോൻ ഒരു സമീപസ്ഥനാണ. അല്ലെ? ഇങ്ങട്ടു അടുത്തു വരൂ. ഒന്ന ചോദിക്കട്ടെ. എന്തായിരുന്നു ഇവിടെ വെച്ചു ഇയ്യിടെ ഒരു പോലീസ്സുണ്ടായത? താൻ അറിയോ?.

കു. മേ— ഇവിടെ വെച്ചല്ല ഉണ്ടായത ഒരു ഇടവഴിയിന്നാണ. ശങ്കരൻ എമ്പ്രാന്തിരിയും അയ്യാപ്പട്ടരും തമ്മിലായിരുന്നു.

പ. മേ— താനല്ലെ ഞാനിങ്ങട്ടു കടന്ന പോരുമ്പോൾ ഒരു പട്ടരോട സംസാരിച്ചു കൊണ്ടു നിന്നത? അയ്യാപ്പട്ടരാണില്ലെ തന്നെ ഇങ്ങട്ടു പറഞ്ഞയച്ചത? കളവ പറവാൻ വേണ്ടി വന്നതാണ ഇല്ലെ?

ക. മേ— ഭഗവാനാണ അത ഞാനല്ല. ശിവ! ശിവ! ഞാൻ അയ്യാപ്പട്ടരെ കണ്ടിട്ട രണ്ടു മൂന്ന ദിവസമായി. എനിക്ക ആ വക പിറത്തരോന്നും ഇല്ല. ഞാൻ ഒരു നല്ല തറവാട്ടുകാരനാണ.

പ. മേ— അത ശരിയായിരിക്കാം. പക്ഷെ ഒരു നല്ല തറവാട്ടുകാരനാണെന്ന മുഖത്ത എഴുതി പററിക്കണം. മുഖം കണ്ടാൽ ഒരു ശുദ്ധ കള്ളനെന്നല്ലാതെ ആരും വിചാരിക്കില്ല. അതിരിക്കട്ടെ. ഏതാണ ശങ്കരൻ എമ്പ്രാന്തിരി? എന്തിനായിരുന്നു അയ്യാപ്പട്ടരെ തല്ലിയത? ഇടവഴിയിന്ന തന്നെയാണൊ തല്ലിയത?.

ക. മേ— തല്ലിയത എടവഴിയിന്ന തന്നെ അതിന്ന സംശയം ഇല്ല. എമ്പ്രാന്തിരി ഇവിടുത്തെ കൊച്ചമ്മാളു അമ്മേടെ സംബന്ധക്കാരനാണത്രെ. അന്തിയായാൽ ഠരം വഴിക്ക ആരും പോന്നതും വരുന്നതും അയാൾക്ക ബെഹു രസക്കേടാണ.

പ. മേ— എമ്പ്രാന്തിരി താനാണല്ലെ അയ്യാപ്പട്ടരെ തല്ലിയത?.

എമ്പ്രാന്തിരി എന്ന വാക്ക കുണ്ടുണ്ണി മേനോൻ എന്തൊ ബദ്ധപ്പാടിൽ കേട്ടില്ല. താനാണ അല്ലെ?. അയ്യാപ്പട്ടരെ തല്ലിയത? എന്ന കേട്ടപ്പോൾ ഇയ്യാള ഒന്നറിയാതെ ഞെട്ടി പോയി. ഹേഡകൻസ്റ്റേബൾ കാൎയ്യത്തിന്റെ പരമാൎത്ഥമെല്ലാം അറിഞ്ഞിരിക്കുന്നു എന്ന വിചാരിച്ച പേടിച്ച പണ്ടു തന്നെ കറുത്തിട്ടുള്ള ഇയ്യാളുടെ മുഖം ഇത കേട്ടപ്പോൾ അധികം ഒന്നു കറുത്തു പോയി ഉണങ്ങി വരണ്ടു പോയ ചുണ്ട നാവ കൊണ്ട മെല്ലെ നനക്കുകയും കൈ കൊണ്ട തലയിൽ ചൊറികയും കൂടക്കൂടെ മൂക്ക തുടക്കയും ഇങ്ങിനെ ചില ദുൎല്ലക്ഷണങ്ങൾ കാട്ടി തുടങ്ങി. ഒടുവിൽ;

കു. മേ- കഷ്ടം ഞാനോ അയ്യാപ്പട്ടരെ തല്ലിയത? ഞാനതൊറക്കത്തും കൂടി വിചാരിച്ചിട്ടില്ല. ആ എമ്പ്രാന്തിരി ചിലരെ സ്വാധീനം പിടിച്ച വെറുതെ പറയിക്കുകയാണ. അയാളും വേറെ രണ്ടാളും കൂടി തല്ലിയത ഞാൻ എന്റെ കണ്ണ കൊണ്ട കണ്ടിരിക്കുന്നു. എന്നെ വെറുതെ പറയുന്നതാണ. ഞാൻ തല്ലിട്ടില്ല.

പ. മേ- (ഇവനെന്താണ അസംബന്ധം പറയുന്നു. ഇവൻ തല്ലി എന്ന ആരാൻ പറഞ്ഞൊ ഇവന്റെ മാതിരിയും മട്ടും കൂടി കണ്ടാൽ ഇവനും തല്ലാൻ കൂടിട്ടുണ്ടായിരിക്കണം പുറപ്പെടിക്കുന്നത മുഴുവൻ കള്ളസ്വഭാവമാണ.) എന്ന വിചാരിച്ചിട്ട കുണ്ടുണ്ണിമേനോൻ പരമാൎത്ഥം പറയുന്നത വളരെ നല്ലതാണ. നേര പറഞ്ഞോളൂ. വേറെ ആരെല്ലാം ഉണ്ടായിരുന്നു? സത്യം മുഴുവനും ഞാൻ പോരുന്ന വഴിക്കതന്നെ അറിഞ്ഞിരിക്കുന്നു. പങ്ങശ്ശമേനോന പെട്ടന്ന കാൎയ്യത്തിന്റെ പരമാൎത്ഥം അറിയാതിരിക്കാറില്ല.

കു. മേ- ഞാൻ നേരാണ പറഞ്ഞത. ഞാനന്ന ഈ ദിക്കിൽ തന്നെ ഇല്ല. ബേപ്പൂര ഒരാളെ കാണാൻ പോയിട്ട് പിറേറന്ന രാവിലെയാണ മടങ്ങി വന്നത. മടങ്ങി എത്തിയതിൽ പിന്നെയാണ ഞാൻ ഈ വിവരം കേട്ടത. എന്നെക്കൊണ്ട ആ കള്ളനെമ്പ്രാന്തിരി വെറുതെ പറയുന്നതാണ.

പ. മേ- (ദ്വേഷ്യത്തോടെ) എട കള്ള! ചുമര മുറിക്കുന്ന കള്ള! എടാ പോക്കിരി! നീയല്ലെ പറഞ്ഞത അയ്യാപ്പട്ടരെ എമ്പ്രാന്തിരി തല്ലുന്നത നിന്റെ കണ്ണ കൊണ്ട കണ്ടിരിക്കുന്നു എന്ന? ധിക്കാരി എടാ! താൻ

ആ ബ്രാഹ്മണനെ എന്തിന്ന വെറുതെ കള്ളൻ എന്ന വിളിക്കുന്നു. താൻ തന്നെയാണ തല്ലുണ്ടാക്കിയത. എനിക്ക ആ സംശയം ഇല്ല. പൊ! ആ മതിലിന്റെ അടുക്കെ പോയി കിഴക്കോട്ട തിരിഞ്ഞു നിൽക്കു. ഞാൻ വിളിച്ചല്ലാതെ ഇങ്ങട്ട നോക്കണ്ട. താനല്ലാത്തത ഞാൻ ഇപ്പോൾ കാണിച്ചുതരാം. എടൊ കൺസ്റ്റേബൾ ആ സ്ത്രീയെ ഇങ്ങട്ട വിളിക്കു. ആരി പിന്നെ വാക്കാം എന്ന പറയു. നേരം അഞ്ചു മണിയായി തുടങ്ങി. നൊക്ക വേഗം പോണ്ടതാണ.

കൺസ്റ്റേബൾ രണ്ടാമതും അകത്തേക്ക കടക്കാൻ ഭാവിക്കുമ്പോഴക്ക ഉണ്ണിച്ചിരാമ്മ ഒരു പുല്ലുപായുമായിട്ട ഇങ്ങട്ട വരുന്നതു കണ്ടു. പതുക്കെ തെക്കിനിയുടെ ഉമ്മറത്തെ വാതുക്കൽ വന്ന പഞ്ചുമേനോന്റെ മുഖത്ത ഒന്ന നല്ലവണ്ണം നോക്കി പുല്ലുപായ അവിടെ നില്ക്കുന്ന എരെമ്മൻനായരുടെ കയ്യിൽ തൊടാതെ ഇട്ടുകൊടുത്ത കട്ടിളയുടെ വടക്കെ വാതിലും പിടിച്ചുകൊണ്ട അകത്ത നിന്നു. ഈ ഉണ്ണിച്ചിരാമ്മക്ക ഇപ്പോൾ ഏകദേശം അമ്പത്തഞ്ചു വയസ്സു പ്രായമുണ്ട. ചെറുപ്പത്തിൽ നല്ല തേജോഗുണമുള്ള ഒരു സ്ത്രീയായിരുന്നു എന്നൂഹിപ്പാൻ മാത്രം നഷ്ടശിഷ്ടമായ സൌന്ദൎയ്യാതിശയത്തിന്റെ ചില കഷണവും നുറുക്കും ഇപ്പഴും ദേഹത്തിൽ അവിടവിടെ ദുല്ലഭം ചിതറിക്കിടക്കുന്നുണ്ട. ഓജസ്സു മുഴുവനും എനിയും ക്ഷയിച്ചിട്ടില്ല. കൊച്ചമ്മാളു ഇവരുടെ മുപ്പത്തേഴാം വയസ്സിൽ ജനിച്ച ഒട്ടവിലത്തെ മകളാണ. പഞ്ചുമേനോൻ ഈ സ്ത്രീയെ കണ്ടപ്പോൾ ഒരു വിനയവും ഭക്തിയും നടിച്ചു മുഖത്ത നോക്കി ചിരിച്ചുംകൊണ്ട പറഞ്ഞു.

പ. മേ— അമ്മെ ഞങ്ങൾ നിങ്ങളെ ഉപദ്രവിക്കാൻ വന്നവരാണെന്ന വിചാരിക്കരുതെ? പോലീസ്സുകാരെ

നാട്ടപുറങ്ങളിൽ സാധാരണ ബഹു ഭയമാണ. അതിലും വിശേഷിച്ച ഒരു കുററം അന്വേഷിപ്പാൻ വന്നവരാണെന്ന കേൾക്കുമ്പോഴെക്ക ആ വീട്ടിലുള്ളവൎക്കുള്ള പേടി പറെണ്ട. ഞങ്ങളുടെ ഉടുപ്പും തലെക്കെട്ടും കാണുമ്പോഴെക്ക ആളുകൾക്ക വല്ലാത്ത ഒരു ശങ്കയാണ. സ്ത്രീകളാണെങ്കിൽ അകത്ത പോയി വാതിലടച്ചുകളയും. ഞങ്ങൾ മനുഷ്യന്മാരെ തിന്നുന്ന രാക്ഷസന്മാരാണെന്നാണ ചിലര വിചാരിച്ചുവരുന്നത. ഞാനെന്റെ ഉടുപ്പും മററും ഇടാഞ്ഞത തന്നെ ഇത വിചാരിച്ചിട്ടാണ. അതും കൂടി ഉണ്ടായിരുന്നുവെങ്കിൽ നിങ്ങളെ കാണാൻ പോലും സാധിക്കില്ലയായിരുന്നു. ഞാനും നിങ്ങളെപ്പോലെ ഒരു അമ്മ പെററ മകനാണ. ഒരു കാൎയ്യം അന്വേഷിപ്പാൻ വേണ്ടി വന്നതാണ. നിങ്ങളിവിട ഇരിക്കിൻ. നിന്ന ബുദ്ധിമുട്ടെണ്ട. പുല്ലുപായിട്ടിരിക്കിൻ. ഇരിക്കുന്നതകൊണ്ട ഒരു ദൂഷ്യവുമില്ല. സാവകാശത്തിൽ ചിലതെല്ലാം ചോദിക്കാനുണ്ട.

പങ്ങശ്ശമേനോൻ വന്നിട്ടുള്ളത അയ്യാപ്പട്ടരെ തല്ലിയ കാൎയ്യത്തെപ്പററി അന്വേഷിക്കാനല്ലെന്നായിരുന്നു ഉണ്ണിച്ചിരാമ്മയുടെ ആകപ്പാടെ ഉള്ള വിശ്വാസം. ഃരം വഴി നേരം വന്നത വേറെ എന്തൊ സംഗതിക്ക വേണ്ടിയാണെന്നാണ ഃരം കിഴവി ഓൎത്തത. അതാണ പുല്ലുപായും എടുത്ത മെല്ലെ കോലായിലേക്ക വന്നത. പങ്ങശ്ശമേനോന്റെ പഞ്ചാരവാക്ക കേട്ടപ്പോൾ അത നല്ലവണ്ണം ഉറപ്പിച്ചു. പതുക്കെക്കോലായിൽ കടന്ന പുല്ലുപായിൽ ഇരുന്നിട്ട പറഞ്ഞു—

ഉണ്ണിച്ചിരാമ്മ– എന്താ? മുറുക്കുണ്ടോ? ഉദ്യോഗസ്ഥന്മാര ചിലര മുറുക്കില്ല. പൊകേല കത്തിച്ച പൊകവലിക്കയാണ. എന്റെ അപ്പൂക്കും പൊകവലി ഉണ്ടൊ? പൊക വലിച്ചാൽ തൊള്ള നാറില്ലെ? എന്തിനാഠം ദുസ്സാമത്ഥ്യത്തിന്ന പോണെത? പൊകവലി വലിയ ചീത്തയാണ. കൊച്ചമ്മാളുന പൊകേടെ മണം കേട്ടൂട. കേട്ടാൽ ആ നിമിഷം ഛർദ്ദിക്കും. മുറുക്ക അവൾക്കും രസാണ. മുറുക്കാണ നല്ലത.

പ. മേ– (ചിരിച്ചുംകൊണ്ട) അമ്മെ ഞാൻ ചുരുട്ട വലിക്ക പതിവില്ല. ദുല്ലഭം മുറുക്കാറുണ്ട. മുറുക്കും ചുരുട്ടും പൊടിയും ഇതൊക്കെ ചീത്ത തന്നെയാണ. എങ്കിലും എനിക്ക കുറേശ്ശ മുറുക്കാതെ കഴികയില്ല. പക്ഷെ ഇപ്പൊഴ വേണ്ടൊന്നില്ല. അമ്മ പോയി ബുദ്ധിമുട്ടേണ്ട. ഇത്തിരിയൂടി കഴിയട്ടെ. എന്നിട്ട മതി.

ഉണ്ണിച്ചിരാമ്മ– എന്താണ അപ്പനെ എനിക്ക ബുദ്ധിമുട്ട. മുറുക്കാനിവിടെ ധാരാളം ഉണ്ട. കൊച്ചമ്മാളു? ആ വെററിലത്തട്ട എടുത്ത ഇങ്ങട്ടവരു? നിണക്ക ഇങ്ങട്ട വരാം. വിരോധമില്ല. പോലീസ്സുകാരനാണെന്ന വിചാരിച്ച പേടിക്കേണ്ട. നിന്നേതും ചെയ്യില്ല. ഇങ്ങട്ടവരു.

കൊച്ചമ്മാളു– (അറയിൽനിന്ന) അമ്മതന്നെ വന്നെടത്തോണ്ട പൊയ്ക്കോളിൻ എനിക്ക ഇപ്പൊഴ അങ്ങട്ട വരാൻ അവസരം ഇല്ല. ഞാനൊരു പണിയെട്ടക്കയല്ലെ ചെയ്യുന്നത.

ഉ. അ– കൊച്ചമ്മാളുന കോലായിൽ ആരെങ്കിലും ഉണ്ടെങ്കിൽ വരാൻ വലിയ നാണാണ. ഞാൻതന്നെ പോയി എടുത്തോണ്ടരട്ടെ.

പ. മെ– അമ്മപോണ്ട. ഇരിക്കിൻ. എനിക്കിത്തിരി കഴിഞ്ഞിട്ടമതി. എന്താ ഒരു പ്രവൃത്തിഎടുക്കുന്നത. കുട്ടിക്ക മുലകൊടുത്തുറങ്ങുന്നൊ.

ഉ. അ– കൊച്ചമ്മാളു എനിയും പെററിട്ടില്ല. പതിനെട്ട വയസ്സ ആയിട്ടുള്ളു. അറയിൽഇരുന്ന മുല്ലമാല കെട്ടയാണ ചെയ്യുന്നത. മുല്ലമാല എന്നപറഞ്ഞാൽ കൊച്ചമ്മാളുന്റെ ജീവനാണ.

പ. മെ– ഓഹൊ– അതൊ ഇത്ര തിരക്കായ പ്രവൃത്തി. വിളിക്കിൻ വിളിക്കിൻ. ഇങ്ങോട്ടൊന്ന വരട്ടെ. ഞാനൊന്ന സ്വകാൎയ്യം ചോദിക്കട്ടെ. എന്നിട്ടവേണം എനിക്ക പോവാൻ.

ഉ. അമ്മ– അതൊക്ക എന്നോട പറഞ്ഞാൽ മതി. കൊച്ചമ്മാളുവോട ഒന്നും ചോദിക്കേണ്ട. എന്റെ അപ്പുക്ക ഇന്നതന്നെ പോണൊ. പോണെങ്കിൽ കുറെ താമസിച്ചിട്ട പോയാൽപോരെ. പതുക്കെ പറഞ്ഞോളിൻ. ആ കുണ്ടുണ്ണികേൾക്കണ്ട. കുരുത്തംകെട്ടോനാണ. വികൃതിയാണ.

പ. മേ– എടൊ കൻസ്റ്റേബൾ ആ കുണ്ടുണ്ണിമേനോനെ വിളിച്ച ആ കിഴക്കെ എടവഴിയിൽകൊണ്ട നിൎത്തു. ആരോടും സംസാരിപ്പാൻ സമ്മതിക്കേണ്ട. ആരെയും ഇങ്ങട്ട കടന്നവരാനും അയക്കണ്ട. സാവധാനത്തിൽ ആയ്യാളോട നേരെല്ലാം ചോദിച്ച മനസ്സിലാക്കു.

എരേമൻനായര കുണ്ടുണ്ണിമേനോനെയും കൊണ്ട ഇടവഴിയിലേക്ക പോയ്യു കണ്ടപ്പോൾ

ഉ. അ– എന്തിനാ കുണ്ടുണ്ണിയെ പിടിച്ചുവെച്ചത.

പ. മേ– അയാളെകൊണ്ട രാത്രി അല്പം കാൎയ്യം ഉണ്ട. ഞങ്ങൾക്ക ഒന്നിച്ച ഒരുദിക്കിൽ പോകേണ്ടതുണ്ട.

എന്താണ മെമ്മ നിങ്ങൾ കുണ്ടുണ്ണിമേനോൻ കേൾക്ക നതെന്ന പറഞ്ഞതിന്റെ താല്പൎയ്യം. അയാള ആളൊരു കുരുത്തംകെട്ട പോക്കിരിതന്നെയാണ. ഇന്നാളൊരുദിവസം ആ പട്ടരത്തല്ലി മുതുകുപൊട്ടിച്ചില്ലെ. എന്നാലും എനിക്ക അയാളോട ബഹു സ്നേഹാണ. എന്തിനും മതി. നല്ല നെഞ്ഞുറപ്പുള്ള കുട്ടിയാണ.

ഉ. അ— അമ്മാപ്പട്ടരെ കുണ്ടുണ്ണിയാണ തല്ലിയത എന്ന എന്റെ മകൻ എങ്ങിനെയാണറിഞ്ഞത. അതല്ല ഞാൻ കുണ്ടുണ്ണി കുരുത്തകെട്ടോനാണെന്ന പറഞ്ഞത ഇവിടെ കണക്കല്ലാതെ ആരെങ്കിലും വരുന്നത കുണ്ടുണ്ണിക്ക നല്ലിഷ്ടല്ല.

പ. മേ— അത ഞാൻ പണ്ടെ അറിഞ്ഞിരിക്കുന്നു. അത എന്നോട കുണ്ടുണ്ണി മേനോൻ തന്നെ ഒന്ന രണ്ട പ്രാവശ്യം പറഞ്ഞിട്ടുണ്ട. ഞാൻ വന്നതിന്ന അയാൾക്ക യാതൊരു സുഖക്കേടും ഇല്ല. ഞങ്ങൾ ഒന്നിച്ചല്ലെ വന്നത— കുണ്ടുണ്ണിമേനോനാണ പട്ടരെത്തല്ലിയത— എന്ന ആരാണറിയാത്തത— അത നാടോടെ അറിഞ്ഞ ഒരു കാൎയ്യാല്ലെ— അത സാരല്ല്യാ— നിങ്ങൾ കൊച്ചമ്മാളു അമ്മെനെ ഒന്ന ഇങ്ങട്ട വിളിക്കിൻ— ഞാനൊന്ന ചോദിച്ചോട്ടെ.

ഉ. അ— കൊച്ചമ്മാളുവോട പറയാനുള്ളതൊക്കെയും എന്നോട പറയാം. കാണുന്നത അവസാനം ആക്കാം. നേരം ഇത്തിരി സാന്ധ്യാങ്ങ കഴിഞ്ഞോട്ടെ എന്തിനാ കാണുന്നത— കാണേണ്ട— തരക്കേട വിശേഷിച്ച ഒന്നും കാണില്ല.

പ. മേ— അതിരിക്കട്ടെ നിങ്ങളിങ്ങോട്ട വിളിക്കിൻ എനിക്കൊന്നു കാണനുതെ— വിളിക്കിൻ— എനിക്കിത്തിരി തിരക്കുണ്ട.

ഉ. അ– അവൾ മുല്ലമാല കെട്ടുന്നു എന്നല്ലെ പറഞ്ഞത. കെട്ടി കഴിഞ്ഞാൽ ഇങ്ങട്ട വരും. തിരക്കിയാലും മററും കൊച്ചമ്മാളൂനെ കാണില്ല. അവൾ കുറെ തന്റേടക്കാരത്തിയാണ.

പ. മേ– തന്റേടക്കാരത്തിയാണെന്ന എനിക്കും നല്ല നിശ്ചയം ഉണ്ട. അതാണ ഞാനിവിടെ വന്നത തന്നെ. മുല്ല മാല കുറെ താമസിച്ചിട്ട കെട്ടാം. ഇങ്ങട്ട വരാൻ ചെന്ന പറയുവിൻ. നേരംപോക്ക പോരട്ടെ.

ഉ. അ– അന്നന്നേരം വേണ്ടത അന്നന്നേരം തന്നെ വേണം. പിന്നേക്ക വെച്ചാൽ ഒന്നും നന്നല്ല. ഒന്ന പകുതിയാക്കീട്ട പോരാൻ പാടില്ല. വേണ്ടെങ്കിൽ മുമ്പെ തന്നെ വേണ്ടെന്ന വെച്ചുകളെന്നതാണ നല്ലത. എന്റെ അപ്പുക്ക എന്താണ ഇത്ര ദ്രുമം. കുറെ ക്ഷമിച്ചിരിക്കു എന്നാൽ കാണാം.

പ. മേ– (അല്പം വെറുപ്പോടെ) എന്താണമ്മെ നിങ്ങളിപ്പറയുന്നതിന്റെ താല്പൎയ്യം. നിങ്ങൾക്ക വയസ്സായില്ലെ. എനിയും കളി മാറീട്ടില്ല. മകളെ ഇങ്ങട്ട വിളിക്കുന്നുണ്ടൊ ഇല്ലയൊ. അല്ലെങ്കിൽ ഞാൻ അങ്ങട്ട തന്നെ പോയ്ക്കൊളൂയാം. ചെന്ന വിളിച്ചോണ്ടുവരിൻ.

ഉ. അ– (പ്രേഷ്യഭാവത്തോടെ) അത്ര തിരക്കുണ്ടെങ്കിൽ ഇപ്പൊക്കാണേണ്ട. തിരക്കില്ലാത്ത സമയം നോക്കീട്ട പിന്നൊരിക്കൽ ഇങ്ങട്ട വരിൻ. കാണാണ്ട പാടില്ലെങ്കിൽ വേറെ ആരേക്കിലും അന്വേഷിച്ചോളിൻ ഇവിടെ തരാവില്ല. ഇന്ന ഏതായാലും തരാവില്ല. ഓ ഹോ– പോലീസ്സുകാര ഞാൻ അറിയും ഞാൻ കേട്ടിട്ടുണ്ട. അന്തിയായാൽ ഒരു എരട്ട മുക്കാ

ല്ലും എടുത്ത കോന്തലക്കൽ കെട്ടി കള്ളും കുടിച്ചു കണ്ട ചെററപ്പാട്ടിലും കുടിലിന്നും ചെന്ന വിളിച്ചു ശകാരിച്ചു നടക്കുന്ന കൂട്ടരാണു. ആ വകത്തക്കിടിയും കരുത്തും ഇവിടെ കൂടില്ല. ഇവിടെ എല്ലാം മൎയ്യാദ പോലെ വേണം. കയ്യിൽ നല്ല പണം ഉണ്ടെങ്കിലെ ഇങ്ങിനെത്തെ ദിക്കിലെല്ലാം വരണ്ടു. ഉരുട്ടും തക്കിടയും ഇവടെ കൊണ്ടുവരണ്ട. ഒരു മാതിരിക്കാരെ തൊടിക്കകത്ത തന്നെ കടത്തരുത. ശുദ്ധ കള്ള കൂട്ടര. അങ്ങിനെയാട്ടെ പോയ്ക്കോളിൻ. താമസിക്കേണ്ട ഹോ-ഹോ- ഇത പറയാനാണില്ലെ തിരക്കിട്ട വിളിച്ചു വരുത്തിയത. ആ കുളത്തിന്റെ പടിഞ്ഞാറെ പുറത്ത കുടിൽ എങ്ങാൻപോയ്ക്കോളൂ.

ഉണ്ണിച്ചിരാമ്മയുടെ ഭാവവും പോലീസ്സുകാരെ കൂട്ടത്തോടെ അധിക്ഷേപിച്ചു പറഞ്ഞ വാക്കും ഇതെല്ലാംകണ്ടിട്ടും കേട്ടിട്ടും പഞ്ചുമേനോന സഹിച്ചുകൂടാത്ത ദേഷ്യം വന്നു. തന്റെ ചുകന്ന കണ്ണു ഉരുട്ടി മിഴിച്ചു ശരീരം ആസകലം വിറച്ചു കൊണ്ടു ഇരുന്ന ദിക്കിൽനിന്ന എഴനീററ വലത്തെ കാൽകൊണ്ടു നിലത്ത രണ്ടുനാല ഉറക്കെച്ചവിട്ടി. കാല്ക്കിട്ടിരുന്ന ജോഡ കീറിതെറിച്ചുപോയതു കോപാതിരേകം കൊണ്ടു ഒരു മനുഷ്യൻ അറിഞ്ഞില്ല. ഉണ്ണിച്ചിരാമ്മ ഒരു ദുൎവ്വാസാവിന്റെ കോപഭാവം കണ്ടു പേടിച്ചു ഇരുന്നദിക്കിൽനിന്ന എഴനീററ ഓടാൻ ധൈൎയ്യവും ശക്തിയും ഇല്ലാതെ കിടുകിട വിറച്ചു. പഞ്ചുമേനോൻ രണ്ടുനാല പ്രാവശ്യം ഒരു വൃദ്ധയുടെ മുഖത്ത ചവിട്ടാൻ ഭാവിച്ചുഎങ്കിലും എന്തൊ ഭാഗ്യവശാൽ അത ചെയ്തില്ല. ഒടുവിൽ കോപം സഹിക്കരുതാഞ്ഞിട്ട മുഖത്ത നോക്കിക്കൊണ്ടു ഉച്ചത്തിൽ പറഞ്ഞു.

പ. മേ— എന്താണ മൂത്തനരച്ചു കിഴവി നീ പറഞ്ഞത. പോലീസ്സുകാരെ നീ അറിയും ഇല്ലെ. നീ എന്നെ എന്തിനാണ വിചാരിച്ചത. നിന്റെ കുണ്ടുണ്ണിയും അയ്യാപ്പട്ടരും ആ കൊശവൻ എമ്പ്രാന്തിരിയും അല്ല ഞാൻ. നിന്റെ മകളെക്കണ്ടു സന്തോഷിപ്പാൻ വന്നവനാണെന്നൊ പിശാചീ നീ എന്നെ വിചാരിച്ചത. നോക്കു— നിന്നെക്കൊണ്ടും മകളെക്കൊണ്ടും ഞാൻ പോലീസ്സുകാരൻ ചെറപ്പാട്ടിലും കുടിലിലും കള്ളുകുടിച്ചു ചെന്നുവിളിക്കുന്ന തെമ്മാടി എടുക്കുന്ന പണി നോക്കു. അമ്മെക്കും മകൾക്കും ഞാൻ ആറുമാസത്തെ ചോറെങ്കിലും ജേലിൽ ഉണ്ടാക്കിത്തരാതെ ഇരിക്കില്ല. ഒരു എരട്ടമുക്കാലല്ല തരാൻ വിചാരിച്ചത. വൃദ്ധ— നരച്ചി— കുലട— കെട്ടവൾ— ചണ്ഡാലി— ജ്യേഷ്ഠ— നിന്നെക്കണ്ടു പാപം തീരണമെങ്കിൽ എനി ഗംഗാസ്നാനം ചെയ്യേണം. നിന്റെ മകൾ പുറത്തവരുമൊ എന്ന ഞാൻ നോക്കട്ടെ. മകളെ എന്തിനാണ കുററം പറയുന്നത. ഒരു ജ്യേഷ്ഠയുടെ വയററിൽ ജനിച്ചു. ഒരു കുലടയുടെ മുലപ്പാൽ കുടിച്ചു, ഒരു രാക്ഷസിയുടെ ഒന്നിച്ചു പാൎത്തു, ഒരു പിശാചിയുടെ ശീലവും നടപ്പും പഠിച്ചിട്ടുള്ള ഒരു വാനരിയുടെ മകൾക്കു എങ്ങിനെയാണ മൎയ്യാദ ഉണ്ടാകുന്നത. രണ്ടിനെയും ഞാൻ ഒരു കുറി പഠിപ്പിക്കാതെ വിടില്ല. ഇത ചെയ്യല്ലാതെ ഒരു പഞ്ചശ്ശന്റെ ദേഷ്യം അടങ്ങില്ല. അടങ്ങില്ല. നീ നോക്കു. പോലീസ്സുകാരുടെ തോന്ന്യാസം നിന്നെ മനസ്സിലാക്കാതെ ഞാൻ വിടില്ല. പനങ്ങാട്ട പഞ്ചശ്ശൻ ജീവുള്ളന്നും വിടില്ല.

കോലായിൽവെച്ചുള്ള തിരക്കും അസഭ്യമായ വാക്കും ആണയും നിലം പൊടിപൊടിയാക്കുന്ന ചവിട്ടും ഇതെല്ലാം കേട്ട കൊച്ചമ്മാളു വല്ലാതെ പേടിച്ചു അരണ്ടുപോയി. കുറെ നേരത്തേക്ക ഒന്നും ചെയ്യാൻ തോന്നാതെ നിശ്ചേഷ്ടയായിരുന്നതിന്റെ ശേഷം കയ്യിൽനിന്ന കിടക്കയിൽ വീണുപോയിട്ടുള്ള മുല്ലമാല ധൈൎയ്യത്തോടെ രണ്ടാമതും എടുത്ത എടുത്ത കയിത്തണ്ടമെലിട്ടുംകൊണ്ട ഇതുവരെ ഉണ്ടായിരുന്ന എല്ലാ വിചാരവും പരിഭ്രമവും ഉള്ളിൽ അടക്കി ജയലക്ഷ്മിയെപ്പോലെ അറയിൽനിന്ന പുറത്ത കടന്ന യാതൊരു കുലുക്കവും കൂടാതെ മന്ദസ്മിതാൎദ്രമായ മുഖത്തോടും അതി ഗംഭീരമായ ഭാവത്തോടും നേരെ ചെന്ന ഉമ്മറത്തെ കോലായിൽ നിന്നു. അനവധി മഹാധീരന്മാരെ ഒരു നിമിഷംകൊണ്ട ജയിച്ചു കീഴടക്കുവാൻ അതി സാമൎത്ഥ്യമുള്ള തന്റെ കറുത്ത നീണ്ട മിഴികൊണ്ട അത്യന്തം ക്രുദ്ധനായി നില്ക്കുന്ന പങ്ങശ്ശമേനോനെ ആപാദചൂഡം ഒന്ന കടാക്ഷിച്ചു. കറുത്ത തടിച്ച പുരികക്കൊടിയുടെ മുനകൊണ്ട അദ്ദേഹത്തെ തിരിച്ചും മറിച്ചും രണ്ടടി കൊടുത്തു. അമ്മയെ അസഭ്യമായ വാക്ക പറഞ്ഞാൽ ഉളുപ്പുള്ള മക്കൾ മുഖത്തടിക്കാതെ വിടുകയില്ലെന്നുറുത പങ്ങശ്ശമേനോന ഇപ്പോൾ നല്ലവണ്ണം മനസ്സിലായി. അവഗ്രഹം ചൂളികാ മുതലായ മൎമ്മസ്ഥാനങ്ങളിൽ അങ്കുശം ഏല്പിക്കപ്പെട്ട ആന പെട്ടന്ന മുട്ട കുത്തിപോകുമ്പോലെ ഇദ്ദേഹം ഇവളുടെ ചില്ലികൊണ്ടുള്ള രണ്ട തല്ലും ഹൃദയഭേദകമായ കടാക്ഷവും ഏററ വല്ലാതെ പരവശനായി ക്ഷണേന പടിയിന്മേൽ കുത്തിരുന്നുപോയി. ഇതുവരെ തകൃതിപാററിയ കോപം എവിടെ പോയ്യൊളിച്ചു എന്ന ആരും അറിഞ്ഞില്ല. (പറഞ്ഞതൊ

ക്കെയും അബദ്ധമായിപ്പോയി. കുറെ കവിഞ്ഞുപോയി ഞാൻ എന്തൊരു കഥയില്ലാത്ത ചണ്ഡാലനാണ. വലിയ കഷ്ടമായിപ്പോയി) എന്നിങ്ങിനെയുള്ള മനോവിഷാദം ഇദ്ദേഹത്തിന്റെ ഉള്ളിൽ മുഴുവൻ നിറഞ്ഞുനിന്നതു കൊണ്ടു ക്ഷമിക്കണം എന്നുള്ള നാലക്ഷരം പോലും നാവെടുത്തു പറവാൻ ഇദ്ദേഹം ശക്തനല്ലാതെ ആയി. കൊച്ചമ്മാളു പൂച്ചയുടെ മുൻപിൽ കിടന്നു പിറക്കുന്ന ഒരു വൃദ്ധമൂഷികനെപ്പോലെ പരിഭ്രമിച്ചുംകൊണ്ടിരിക്കുന്ന തന്റെ അമ്മയെ കയ്യികൊണ്ടു മെല്ലെ പിടിച്ചെഴുനീല്പിച്ചു. നിങ്ങൾ പേടിക്കേണ്ടമ്മെ. ഇതൊന്നും സാരമില്ല. ഇദ്ദേഹം ബഹു ശുദ്ധനാണ. നല്ല ദയയുള്ള ആളാണ. നിങ്ങൾ പോയിട്ടു വെററിലത്തട്ടു എടുത്തു കൊണ്ടുവരിൻ എന്നു പറഞ്ഞു അമ്മയെ ഒന്നു കയ്യികൊണ്ടു തടവി അകായിലേക്കു പറഞ്ഞയച്ചു. പിന്നെ പഞ്ചുമേനോന്റെ മുഖത്തു പ്രേമരസം നിറഞ്ഞു വഴിയുന്ന കണ്ണുകൊണ്ടു നോക്കി. മധുരമായ മന്ദസ്മിതംകൊണ്ടു അദ്ദേഹത്തെ മുഴുവനും ഒന്നു തണുപ്പിച്ചു പറഞ്ഞു. എന്താണ ഹെ! ഇത്ര ദ്വേഷ്യം. അമ്മക്കു വയസ്സുകാലമല്ലെ. തുമ്പില്ലാതെ അമ്മ വല്ലതും പറഞ്ഞിട്ടുണ്ടെങ്കിൽ നിങ്ങൾ മഹാ ബുദ്ധിശാലികൾ വലിയ ഭാഗ്യവാന്മാർ ക്ഷമിക്കേണ്ടതല്ലെ. നിങ്ങൾ ഇങ്ങിനെ കോപിച്ചാൽ സാധുക്കളായ ഞങ്ങൾക്കു പിന്നെയാരാണൊരാശ്രയം. ഞാൻ നിങ്ങൾക്കു തരുവാനായി ഒരു മുല്ലമാല കെട്ടിയിരുന്നതുകൊണ്ടാണ ഇങ്ങട്ടു വരാൻ ഇത്തിരി താമസിച്ചുപൊയതു. എനി ഇതു നിങ്ങൾക്കു തന്നെ ഇരിക്കട്ടെ എന്നു പറഞ്ഞു മുല്ലമാല എടുത്തു അയാളുടെ കയ്യിൽ കൊടുത്തു. പഞ്ചുമെനോൻ തന്റെ ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന മനോവിഷാദത്തെ കണ്ണീർവഴിയായും ദീഘനിശ്വാസമായും കുറെ

അധികം പുറത്ത കളഞ്ഞ ശേഷം അല്പം ആശ്വസിച്ചു ലജ്ജയോടുംകൂടെ കൊച്ചുമ്മാളുവിന്റെ മുഖത്ത ഒന്ന നോക്കി. മുല്ലമാല എടുത്ത തന്റെ കണ്ണീർകൊണ്ട കഴുകി കുറെനേരം അതിനെ ചുംബിച്ചു ഒടുവിൽ തന്റെ കയ്യിൽ പിടിച്ചു. വെററിലത്തട്ട എടുക്കാൻ വേണ്ടി പറഞ്ഞയച്ചിട്ടുള്ള ഉണ്ണിച്ചിരാമ്മ വരുന്നത കാണാഞ്ഞിട്ട കൊച്ചുമ്മാളു തന്നെ അന്ത അറയിൽ പോയി ക്ഷണത്തിൽ എടുത്തുകൊണ്ടുവന്നു. ജാതിക്ക, ജാതിപത്രി, വാൽമുളക, ഏലത്തരി മുതലായ പല ഉപകരണങ്ങളോടുകൂടിയ ഒരു വെള്ളിത്തട്ട പഞ്ചുമേനോന്റെ മുമ്പിൽ പടിയിന്മേൽ വെച്ചുകൊടുത്തു. ഇവിടെ ഇരുന്ന മുറുക്ക കഴിക്കുമ്പൊഴക്ക ഞാൻ ഇതാ ക്ഷണത്തിൽ മടങ്ങി വരാം എന്ന പറഞ്ഞ അകത്തെക്ക കടന്നുപോയി. പഞ്ചുമേനോൻ വെള്ളിത്തട്ട തന്റെ അരികത്തെടുത്തുവെച്ചു പടിയിന്മേൽ തെക്കോട്ട പൃഷ്ഠവും ഇട്ട ചാരിയിരുന്ന ബഹു ഭംഗിയിൽ ഒരു മുറുക്ക കഴിച്ചു.

# ഏഴാം അദ്ധ്യായം.

## ഗോവിന്ദന്റെ മടങ്ങിവരവും വഴിയിൽ വെച്ചു കണ്ട മോഹിനിയാട്ടവും.

നേരം സന്ധ്യയായി പലക്കും പലവിധേന വലിയ തിരക്കായി. നിത്യകൎമ്മത്തിൽ നല്ല നിഷ്ഠയും ബുദ്ധിഗുണവും ഉള്ള ബ്രാഹ്മണർ ഉൗക്കകഴിപ്പാൻവേണ്ടി ബദ്ധപ്പെട്ടു കുളങ്ങളിലേക്ക പോയി. ശൃംഗാരികളും സ്ത്രീജിതന്മാരുമായ മററുചില നമ്പൂരിമാർ സംബന്ധക്കാരികളുടെയും രഹസ്യക്കാരികളുടെയും കുട്ടികളെ എടുത്തുംകൊണ്ടു അവരുടെ മുററത്തകൂടി തങ്ങടെ പ്രിയജനം കുളികഴിഞ്ഞു വരുന്നതും നോക്കി അങ്ങട്ടും ഇങ്ങട്ടും അഞ്ചും മൂന്നുമായി നടന്നുതുടങ്ങി. സത്രംതോറും നടന്ന സാപ്പാടകഴിച്ചു ശീട്ടും കളിച്ചു മാസം പിണ്ഡം മുതലായ അടിയന്തരവും അന്വേഷിച്ചു നാട്ടനീളെ അലഞ്ഞുനടക്കുന്ന മററു ചില കൂട്ടർ രാത്രിയിലെ ഭക്ഷണത്തിന്നവേണ്ടി ഊട്ടുപുരകളിലേക്ക തിരക്കിട്ടു പാച്ചിലായി. ഉദ്യോഗസ്ഥന്മാർ കച്ചേരി കോടതി മുതലായതു പിരിഞ്ഞു വണ്ടിവഴിയായും കാൽനടയായും സ്വഗൃഹങ്ങളിലേക്ക പോയിത്തുടങ്ങി. കാററുകൊണ്ടു സുഖിപ്പാൻവേണ്ടി യോഗ്യന്മാരായ ചില ധനികന്മാർ വെളിയിൽ ഇറങ്ങി നടന്നുതുടങ്ങി. മദ്യപന്മാർ തങ്ങടെ കക്ഷത്തു ഓരോ ചെറിയ പൊതിയുമായിട്ടു തോൎത്തമുണ്ടുകൊണ്ടുമറച്ചു കള്ളുവില്ക്കുന്ന ഷാപ്പുകളിലേക്ക കടന്നുകൂടി. ചിലർ മദ്യപാനം ചെയ്തു മതിമറന്നു തങ്ങളിൽ ശകാരിച്ചു ചാഞ്ചാടികൊണ്ടു കണ്ടമെന്നും വരമ്പെന്നുമുള്ള ഭേദംകൂടാതെ വീണും പിരണ്ടും വീട്ടുകളിലേക്ക യാത്രയായി സര

സന്മാരായ വിടന്മാർ തങ്ങളുടെ പ്രിയജനത്തെ സന്തോഷിപ്പിക്കുവാൻവേണ്ടി അങ്ങാടിയിലും തോട്ടങ്ങളിലും ചെന്ന മല്ലപ്പൂവിന്ന വിലപറകയായി. കുട്ടികൾ കാലും മുഖവും കഴുകി കോലായിൽ ഇരുന്ന ഭസ്മം തൊട്ട ജപത്തിന്നുള്ള വട്ടമായി. തങ്ങളുടെ യൌവ്വനകാലത്ത ദിവസം പ്രതി രാവു പകൽ കൂടി പത്തും പതിനഞ്ചും നമ്പ്ര നിഷ്പ്രയാസേന വിചാരണചെയ്ത വിധികൊടുത്തിട്ടുണ്ടായിരുന്ന ചില വൃദ്ധമാർ മുൻപ കഴിഞ്ഞ സംഗതികളെ എണ്ണിക്കണക്കാക്കുന്നതൊ എന്ന തോന്നുമാറ രുദ്രാക്ഷമാലയും കയ്യിൽപിടിച്ച ജപിച്ചുതുടങ്ങി. വേശ്യമാർ ദന്തശോധനയും കുളിയും കഴിച്ച നല്ല വസ്ത്രവും ചുററി അറകളിൽ ചന്ദനത്തിരിയും കത്തിച്ചുവെച്ച കണ്ണാടിയിൽനോക്കി കോലായിൽ ഇരുന്ന കണ്ണെഴുതി കുറിയിടുകയായി. സൌശില്യാദി ഗുണസമ്പന്നമാരായി സതികളായ മാതാക്കന്മാർ തങ്ങളുടെ പയ്യങ്ങളെ കുളിപ്പിച്ച സന്ധ്യക്കമുമ്പെ ചോറുകൊടുക്കേണ്ടതിന്നുള്ള ബദ്ധപ്പാടായി. ചിലർ പശുക്കളെ കറപ്പാൻവേണ്ടി പാൽകിഴയിൽ വെള്ളവും എടുത്ത തൊഴുത്തിന്നരികെ പോകയായി. ശയനഗൃഹം അടിച്ചുവാരുക. ശയ്യാതലം മട്ടിവിരിക്കുക. മുറുക്കാനുള്ള സാധനം ഒരുക്കിവെക്കുക. കുട്ടിയെ നേരത്തെതന്നെ മുല കൊടുത്തുറക്കുക. സംബന്ധവീട്ടിൽ പോകേണ്ടുന്ന പുരുഷന്മാൎക്ക ചോറുകൊടുക്കുക. ഇങ്ങിനെ പല തിരക്കുകളും ആയി. മേൽകഴുകുവാനും കുളിപ്പാനും വേണ്ടി പോയിട്ടുള്ള സൌന്ദൎയ്യവതികളായ തരുണിമാർ ജലാശയങ്ങളിൽ നിന്ന മടങ്ങി നനഞ്ഞ തോൎത്തമുണ്ട മടക്കി ഭംഗിയിൽ സ്തനാവരണം ചെയ്തുംകൊണ്ട തങ്ങളുടെ വീടുകളിലേക്ക വന്നുതുടങ്ങി. അകലെയുള്ള ഭാൎയ്യമാരുടെ ഭവനങ്ങളിലേക്ക പകലെ ഊണുംകഴിച്ച മണ്ടുന്ന ചില പുരുഷന്മാരെ

പ്പോഴെ കാക്കമുതലായ പക്ഷികൾ തങ്ങളുടെ കൂടുകളിലേ ക്ക ബദ്ധപ്പെട്ടു പറന്നുപോയിത്തുടങ്ങി. പകൽ മുഴവനും ഇരതേടിനടന്നു ഒന്നുംകിട്ടാതെ വിശന്നു ക്ഷീണിച്ചു പ ൎവ്വതഗൈരികങ്ങളിൽ ഉള്ള ജലാശയത്തിന്നരികെ മറ്റത്ത ണലിൽ കിടന്നുറങ്ങിയിരുന്ന വ്യാഘ്രങ്ങൾ ക്ഷുധിതരായി ഉണൎന്നു നാലുപുറവും നോക്കിയപ്പോൾ അസ്താഭിമുഖനാ യ സൂൎയ്യന്റെയും അതിശോണമായ ആകാശത്തിന്റെയും അളവില്ലാത്ത പ്രഭാമണ്ഡലം ജലാശയത്തിൽ പ്രതിബിം ബിച്ചുകണ്ടിട്ടു അതുമുഴവനും രക്തംനിറഞ്ഞു കിടക്കുന്നതാ ണെന്നു ഭ്രമിച്ചു വിപാസാൎത്തന്മാരായി അന്യോന്യം മുര ണ്ടും ചീറിയുംകൊണ്ടു വയറ നിറയുവോളം ജലപാനം ചെയ്യുതുടങ്ങി. കരുണകൂടാതെ ജനോപദ്രവം അധികം ചെയ്യുന്നവൎക്ക അതിദുസ്സഹമായ അനൎത്ഥം സംഭവിക്കാ തെ ഇരിക്കയില്ലെന്നുള്ള പരമാൎത്ഥജ്ഞാനം ജനങ്ങളെ ഗ്ര ഹിപ്പിക്കുവാനൊ അതല്ല പകൽ മുഴവനും പ്രവൃത്തി എടു ത്തു ക്ഷീണിച്ചതിനാൽ കുളികഴിഞ്ഞു വിശ്രമിപ്പാൻവേ ണ്ടിയൊ എന്തൊ സൂൎയ്യനുംപതുക്കെ കടലിൽ അസ്തമിച്ചു. ഭൎത്താവിന്നു വ്യസനവും കഷ്ടതയും നേരിടുമ്പോൾ സതി കളായ ദയിതമാരുടെ അവസ്ഥയും ഇതുപ്രകാരമാണ വേ ണ്ടതെന്നു ഉപദേശിച്ചുംകൊണ്ടു പത്മങ്ങൾ മ്ലാനശോഭ ങ്ങളായി കൂമ്പിത്തുടങ്ങി. പ്രിയവിയോഗഖിന്നമാരായ ചക്രവാകികളുടെ സന്താപാഗ്നിധൂമമൊ എന്നു തോന്നു മാറ ദിക്കെങ്ങും അല്പമായ അന്ധകാരം പരന്നു. സ്ത്രീക ൾക്ക സന്തോഷവും സൌഭാഗ്യവുമുള്ള കാലങ്ങളിൽ അ തിപ്രിയന്മാരാണെന്നു വിശ്വസിപ്പിച്ചുംകൊണ്ടു അവരു ടെ അരികെ ചുററിപ്പററിക്കൂടി പല പല സുഖാനുഭൂതി യും ചെയ്തു സഹവസിച്ചവരുന്ന അതി ധൂൎത്തന്മാരായ വിടന്മാർ തങ്ങളുടെ പ്രിയമാൎക്ക സംഭവിക്കുന്ന വ്യസന

കാലത്തിൽ അവരെ തിരിഞ്ഞുനോക്കാതെ നിൎദ്ദയം ഉപേക്ഷിച്ച ദയിതാന്തരംനോക്കി ഇറങ്ങിപ്പോകുന്നതുപോലെ ഇതുവരെ എങ്ങും പോകാതെ ഒന്നിച്ചിരുന്നു മധുപാനം ചെയ്തിട്ടുള്ള വണ്ടുകൾ മുകുളിതങ്ങളായ താമരപ്പൂക്കളെ ഉപേക്ഷിച്ച ഇതരപുഷ്പങ്ങളെ തിരഞ്ഞുംകൊണ്ട അങ്ങുമിങ്ങും പാറുതുടങ്ങി. തന്നെപ്പോലെയുള്ള ഒരുത്തിയെ തന്റെ മുൻപാകെതന്നെ അവളുടെ വ്യസനകാലത്തിൽ അകാരണമായി നിൎദ്ദയം വെടിഞ്ഞു അതി സരസനാണെന്ന നടിച്ചുംകൊണ്ടു അരികെ സേവക്ക വന്നിട്ടുള്ള കൃതഘ്നനായ ഒരു വല്ലഭനെ ഒരിക്കലും തന്നോടുകൂടി രമിപ്പാൻ അനുവദിക്കരുതെന്നുള്ള വിചാരവും മൎയ്യാദയുംവിട്ട പ്രവൃത്തിക്കുന്ന ഒരു കുലടയെപ്പോലെ കുമുദം അപരാധിയായ വണ്ടിനെ അത്യന്തം ആദരവോടെ സ്വീകരിച്ചുതുടങ്ങി. ദിക്കെങ്ങും ഗൃഹംതോറും ദീപപ്രഭ ശോഭിച്ചു. വിശേഷമായ വെള്ളമേലാപ്പുകൊണ്ട അതിഭംഗിയിൽ വിതാനിച്ചിട്ടുള്ള വലിയൊരു കല്യാണപ്പന്തലിൽ തുടരത്തുടരെ അനേകായിരം ചെറിയചെറിയ രസമണികൾ തൂക്കിയതുപോലെ കൎപ്പൂരശുഭ്രമായ ആകാശത്തിൽ അനവധി നക്ഷത്രങ്ങൾ പ്രകാശിച്ചു. ഇങ്ങിനെ ഏകദേശം രണ്ടുനാഴിക കഴിഞ്ഞതിന്റെ ശേഷം തിരശ്ശീലയുടെ മുകളിൽകൂടി ഒരു വേഷക്കാരന്റെ കിരീടം കാണുന്നതുപോലെ കിഴക്കഭാഗത്തനിന്ന പതുക്കെ ഉദിച്ചുവരുന്ന ചന്ദ്രബിംബം കണ്ടുതുടങ്ങി. ശീതളയായി സൎവ്വാനന്ദ സന്ദായിനിയായ ചന്ദ്രിക പതുക്കപ്പതുക്കെ പ്രസരിച്ചു. കൂരിരുട്ട ക്രമേണ പിൻവാങ്ങി മരത്തണലുകളിലും ചില ഇടവഴികളിലും പാഞ്ഞുപോയി ഒളിച്ചുതുടങ്ങി. കാമികളായ ജനങ്ങളുടെ മനസ്സും സമുദ്രവും ഒരുപോലെ ക്ഷോഭിച്ചു. ചോലപ്പാടം

എന്ന വയലിന്റെ നടുപ്പകുതിയിൽ നമ്മുടെ ഗോവിന്ദനും എത്തി. അവിടെനിന്ന കനകമംഗലത്തേക്ക എനിയും പതിനഞ്ചു മയിത്സു ദൂരമുണ്ടു.

ഇവൻ കുഞ്ഞികൃഷ്ണമേനോന്റെ വീട്ടിൽനിന്ന തിങ്കളാഴ്ച രാവിലെ അഞ്ചു മണിക്ക തന്നെ പുറപ്പെട്ടവഴിക്ക അനാവശ്യമായി ഒരു ദിക്കിലും താമസിക്കാതെ വണ്ടി ഇറങ്ങിയപാടെ ഒരു മഠത്തിൽ കയറി ഊണും കഴിച്ചു ബദ്ധപ്പെട്ടു പോരികയാണ ചെയ്തത. ഇന്നു തന്നെ മടങ്ങി വീട്ടിലെത്തേണമെന്നുള്ള വിചാരം ഇവന്റെ മനസ്സിൽ ആദ്യം കലശലായുണ്ടായിരുന്നു എങ്കിലും വഴിക്ക കള്ളന്മാരുടെ ഉപദ്രവവും ദുഘടവും ഉള്ളതുകൊണ്ടു രാത്രിസമയം ഏകാകിയായി സഞ്ചരിക്കുന്നത വെടിപ്പില്ലെന്ന നിശ്ചയിച്ചു വല്ല ദിക്കിലും കയറി താമസിച്ചിട്ടു രാവിലെ എഴുനീററ പോകാമെന്നാണ ഇപ്പോൾ തീൎച്ചപ്പെടുത്തിയത. ഇവനെപ്പററി അല്പം ഇവിടെ പ്രസ്താവിക്കാതെ ഇരിക്കുന്നത അഭംഗിയാണെന്ന തോന്നുന്നു. ൟ ഗോവിന്ദൻ നമ്മുടെ പുത്തൻമാളികക്കൽ ഗോപാലമേനോന്റെ പരമാപ്തനായ വ്യവഹാരകാൎയ്യസ്ഥനാണ. സ്വരാജ്യം ഒററപ്പാലം തീവണ്ടിസ്റ്റേഷനിൽനിന്ന ഏകദേശം പത്തു മയിത്സ കിഴക്കുവടക്കാണ. ഏതാണ്ടു ഇരിപത്തഞ്ചു വയസ്സു പ്രായമുണ്ടു. വ്യവഹാരം നടത്താൻ ഇവനെപ്പോലെ പ്രാപ്തിയുള്ള ഒരു പുരുഷനെക്കാണ്മാൻ വളരെ പ്രയാസം. ഗോവിന്ദൻ സ്വന്ത ബുദ്ധികൊണ്ടു ആലോചിച്ചു തെയ്യാറാക്കി കൊണ്ടുചെല്ലുന്ന കടലാസ്സിൽ യാതൊരു വക്കീലും ഇതുവരെ ഒരക്ഷരമെങ്കിലും തുടയുകയൊ തിരുത്തുകയൊ ചെയ്തിട്ടില്ല. ആൾ വളരെ വിശ്വസ്ഥനും മൎയ്യാദസ്ഥനുമാണ. ഏതെങ്കിലും ഒരു വഷളത്വമാകട്ടെ അധികപ്രസംഗമാകട്ടെ ഇവന്റെ അടുക്കെ

ണ്ടതവരെ വന്നിട്ടില്ല. അന്യ സ്ത്രീകളെ ഇവൻ തൻെറ സോദരിമാരെ പോലെയാണ വിചാരിച്ചു വരുന്നത. ഗോപാലമേനോന ഇവനെ തൻെറ സഹോദരനെ പോലെയുള്ള സ്നേഹമുണ്ട. എല്ലാ ചിലവും കഴിച്ചു മാസത്തിൽ പതിനഞ്ചുറുപ്പിക ശമ്പളം കൊടുത്തുവരുന്നു. ന്യായമായ അനുഭവം ഒരു മാസത്തിൽ ശരാശരി വേറെയും ഒരു പത്തുറുപ്പികയിൽ കുറയാതെ കിട്ടും. ഇംഗ്ലീഷ സ്കൂളിൽ ചേൎന്ന പഠിച്ചിട്ടില്ലെങ്കിലും കോടതികളിലും അനേകം ഉദ്യോഗസ്ഥന്മാരുടെ ഇടയിലും പലപ്പോഴും ഉള്ള പ്രവേശനംകൊണ്ട സംസാരിച്ചാൽ കഷ്ടിച്ചു മനസ്സിലാക്കാനും അത്യാവശ്യം ചില കത്തുകൾ എഴുതാനും ഒരുവിധം ശീലമുണ്ട. സംസ്കൃതത്തിൽ കാവ്യവ്യുല്പത്തി കടുകട്ടിയാണ. ശാസ്ത്രപരിജ്ഞാനം വിശേഷിച്ചു യാതൊന്നുമില്ല. ഹിന്തുസ്ഥാനിയും തമിഴും തെററകൂടാതെ എഴുതുവാനും സംസാരിപ്പാനും നല്ല വശമുണ്ട. കയ്യക്ഷരം കണ്ടാൽ അച്ചടിയൊ എന്ന സംശയിച്ചുപോകും. സംഗീതത്തിലുള്ള വാസനയും അത്ര തരക്കേടില്ല. മൎയ്യാദകൊണ്ടും കാൎയ്യപ്രാപ്തികൊണ്ടും നാട്ടുകാൎക്കും വീട്ടുകാൎക്കും ഇവനെ വളരെ സ്നേഹമാണ.

ഇവൻ ചോലപ്പാടം വയലിൻെറ പടിഞ്ഞാറെ അറത്ത എത്തിയപ്പോൾ നേരം ഏകദേശം അഞ്ചുനാഴിക രാവചെന്നു. ഈ വയൽ കിഴക്ക പടിഞ്ഞാറ കുറയാതെ അഞ്ചുമയിത്സ ദൂരമുണ്ട. നിരത്തിൻെറ തെക്കഭാഗം മുഴുവനും ഇപ്പോൾ പുഞ്ചകൃഷിചെയ്തിട്ടുള്ളതുകൊണ്ട വെള്ളം ആവശ്യംപോലെ നിറപ്പാനും അധികമുള്ള ദിക്കിൽനിന്ന മറിച്ചുവാപ്പാനും അനവധി ജനം ഈ സമയത്ത അവിടെ കൂടീട്ടുണ്ട. അവിടെ നിന്ന പിന്നെ ഒരു നാഴിക തെക്കോട്ട ഇടവഴിയിൽകൂടി പോയാൽ സൎക്കാര

നിരത്തിന്മേലാണ ചെന്ന കൂടുന്നത. നിരത്തിന്റെ സമീപം എവിടെയെങ്കിലും താമസിക്കാമെന്ന വിചാരിച്ച ഗോവിന്ദൻ ബദ്ധപ്പെട്ട പോകുമ്പോൾ തന്റെ വലത്തഭാഗം കുറെ അകലെ നിന്ന ഒരു മൃദംഗത്തിന്റെ ശബ്ദം കേൾക്കയുണ്ടായി. ഇത എന്തായിരിക്കാമെന്ന വിചാരിച്ച പിന്നെയും നടന്നുകൊണ്ടിരിക്കെ, ചന്ദനത്തൈലം, ലവണ്ഡർ, പനിനീർ, ഇതുകളുടെ സൌരഭ്യം ഇടകലൎന്ന ഇവന്റെ ഘ്രാണേന്ദ്രിയത്തെ വല്ലാതെ ബുദ്ധിമുട്ടിച്ചുതുടങ്ങി. ഒരടി മുമ്പോട്ട വെക്കുംതോറും മേല്പറഞ്ഞ വാസന പൊങ്ങിത്തുടങ്ങി. അങ്ങിനെ ഒരു അഞ്ചമിനിട്ട കഴിഞ്ഞപ്പോൾ തെക്കനിന്ന ചിലർ ഇങ്ങട്ട അടുത്ത വരുന്നത കണ്ടു. നല്ല ഷൎട്ടും, ഗഡിയാൾചങ്ങലയും, ലെസ്സതൊപ്പിയും, ശൃംഗാരിപ്പൊട്ടും, ചുമലിൽതൂക്കിയിട്ട പാവമുണ്ടും കയ്യിൽ വടിയുമായിട്ട അടുത്തെത്തിയ ൧൦ കൂട്ടരെ കണ്ടപ്പോൾ ഗോവിന്ദന കാൎയ്യം മുഴുവനും മനസ്സിലായി. എവിടെയാണ മോഹിനിയാട്ടം ഉള്ളതെന്ന പതുക്കെ ചോദിച്ചു. എന്താണ താൻ ഒന്നും അറിയില്ലെ. ഇൻസ്പെക്ടർ എരെശ്ശമേനോന്റെ വീട്ടിലാണ ഇന്നെത്തെ ആട്ടം. ഞങ്ങൾ കളിക്ക പോകുന്നവരാണ. കളി കാണേണമെങ്കിൽ ഒന്നിച്ചുവരാം. വിരോധമില്ല. ഇന്ന പൊടിപാറിയ പൊലിയുണ്ട. ആട്ടുന്ന കുട്ടികളും ബഹുസുന്ദരികളാണ എന്ന ഒരാൾ ഇവനോട പറഞ്ഞു. എന്നാൽ ഞാനും ഒന്നിച്ച വരാം. കളിയും പൊലിയും കാണാമെല്ലൊ എന്നു പറഞ്ഞു ഗോവിന്ദനും ഇവരുടെ കൂട്ടത്തിൽ ചേൎന്നു. ഗോപാലമേനോനെ ആ ദിക്കുകാർ എല്ലാം നല്ലവണ്ണം അറിയുന്നതുകൊണ്ട അന്യോന്യമുണ്ടായ സംഭാഷണത്തിൽനിന്ന ഗോവിന്ദനെ ഇവൎക്ക നല്ലവണ്ണം മനസ്സിലായി. ഓരോ ലൌകിക വൎത്തമാനവും

പറഞ്ഞുംകൊണ്ടു ഇവർ ഏരെശ്ശുമേനോന്റെ വീട്ടിൽ എത്തി. അപ്പൊഴ് കളിയുടെ പൂൎവ്വാരംഗം കലാശിച്ചിട്ട മാത്രമെ ഉണ്ടായിരുന്നുള്ളു. അവിടെ പലതരത്തിലും കൂടിയുള്ള ജനം ഏകദേശം മുന്നൂറപേരാരും. ഭവനം മാളികയുള്ള ഒരു പടിഞ്ഞാറപ്പുരയാണ. കിഴക്കെ മുററത്ത വിശേഷമായ ഒരു നിട്ടമ്പുരയുള്ളതിൽ വെച്ചാണ കളി. അരങ്ങത്ത ഏകദേശം പത്തനാല്പത ബ്രാഹ്മണരും പത്തറുപത പ്രമാണികളും ഇരിക്കുന്നുണ്ട. നിട്ടമ്പുരയുടെ വടക്കെ ഭാഗത്ത തെക്കോട്ട തിരിഞ്ഞിട്ടാണ ആട്ടുന്നത. ഗോവിന്ദന്റെ ഒന്നിച്ചുണ്ടായിരുന്നസരസന്മാർ വിളക്കിന്റെ ഇടഭാഗം വിരിച്ചിട്ടുള്ള വീരാളിപ്പുല്ലുപായിൽഇരിക്കുന്ന ചില ഒന്നൊമുക്കാൽശൃംഗാരികളുടെ ഇടയിൽകടന്ന കുത്തിരുന്നു. ഗോവിന്ദനൊ വഴിനടന്ന ക്ഷീണിച്ചതുകൊണ്ടും അടുക്കെ ഇരിക്കത്തക്ക വേഷപുഷ്ടി ലേശം ഇല്ലാത്തതുകൊണ്ടും കുറെ അകലെ ഒരു തൂണിന്റെ അടുക്കെ ചെന്നിരുന്നു. ഏരേശ്ശുമേനോനും താലൂക്ക ശിരസ്തമാർ ശാമുകുട്ടിമേനോനും വക്കീൽ ശങ്കരപ്പണിക്കരുംകൂടി വിളക്കിന്റെ കിഴക്കഭാഗത്ത ഒരു വെള്ളപായിൽ വിശേഷമായ പരമധാനി വിരിച്ച അതിൽ വടക്കോട്ട തിരിഞ്ഞിരിക്കുന്നു. ഇവരുടെമുമ്പിൽ മുറുക്കാനുള്ള സകല സാധനങ്ങളോടുകൂടി ഒരു വെള്ളിത്തട്ടം അതിമനോഹരമായ മൂന്ന പനിനീർ വീശിയും എട്ടു പത്ത ലമനേഡ കുപ്പിയും രണ്ടു മൂന്ന സ്ഫടികപാത്രവും വെച്ചിട്ടുണ്ട. ഇൻസ്പെക്ടരുടെ ഭാൎയ്യ കല്യാണിഅമ്മ എട്ടും പത്തും വയസ്സു പ്രായമുള്ള തന്റെ സുമുഖികളായ രണ്ടു പെണ്മക്കളോടു കൂടി കോലായുടെ വടക്കുഭാഗത്ത കിഴക്കോട്ട തിരിഞ്ഞു ഒരു പുല്ലുപായിൽ ഇരിക്കുന്നു. അടുക്കെ ചെറുപ്പക്കാരിയായ ഒരു ദാസിയും നിൽക്കുന്നുണ്ട. കല്യാണി അമ്മയുടെ ഇപ്പോഴത്തെ സ്ഥിതിയും മുഖവൈ

വൎണ്യവും കണ്ടാൽ എന്തൊരു ദുസ്സഹമായ ഒരു വ്യസനവും കഠിനമായ മനോവിചാരവും ഉള്ള പ്രകാരം ശങ്കിക്കാം. ആട്ടം കാണ്മാനൊ അര നാഴിക നേരം അവിടെ ഇരിപ്പാനൊ ഈ സ്ത്രീക്ക ലേശം പോലും മനസ്സാസ്ഥതയൊ സന്തോഷമൊ ഉണ്ടെന്ന തോന്നുന്നില്ല. കളിച്ചു നടക്കുന്ന ഒരു കുട്ടിയെ പിടിച്ചുകൊണ്ടന്ന നിൎദ്ദയനായ ഒരു എഴുത്തച്ഛന്റെ മുമ്പിൽ ഇരുത്തിയതുപോലെയാണ ഇപ്പഴത്തെ ഇരിപ്പ. കൂടക്കൂടെ എടരശ്ശമേനോന്റെ മുഖത്ത നോക്കുകയും ദീൎഘശ്വാസമിടുകയും കയ്യിൽ ഇരിക്കുന്ന നനഞ്ഞ തോൎത്തമുണ്ടുകൊണ്ട മുഖം തുടക്കുകയും ചെയ്യുന്നതെ കാണ്മാനുള്ളു. എന്നാൽ എടരശ്ശമേനോന ആവക യാതൊരു ധാരണയും ഇല്ല. അദ്ദേഹവും തന്റെ രണ്ട സ്നേഹിതന്മാരും ഇപ്പോൾ സുരേശ്വരന്മാരായിട്ടിരിക്കയാണ ചെയ്യുന്നത. അവർ ഇഹത്തിലുമല്ല പരത്തിലുമല്ല എന്ന പറയത്തക്ക ദിക്കിൽ എത്തിയിരിക്കുന്നു. ഇടത്തും വലത്തും നിന്ന രണ്ട കൻസ്റ്റേബൾമാർ വീശുകയും ഒരു കൻസ്റ്റേബൾ കൂടക്കൂടെ ഇവൎക്ക മുറുക്കാനുണ്ടാക്കി കയ്യിൽ കൊടുക്കുകയും ചെയ്യുന്നു. എല്ലാം കൊണ്ടും ഇതിൽ പരമായ ഒരു പരമാനന്ദം ഇവൎക്ക ഉണ്ടാവാൻ പാടില്ല.

ആടുവാനുള്ള മൂന്നു കുട്ടികളിൽ ഒന്നാമത്തേതിന്ന ഇരിപത്തരണ്ട വയസ്സിൽ ഏറ്റം കുറകയില്ല. ഒന്നൊ രണ്ടൊ പ്രാവശ്യം മാതാവാകേണ്ടുന്ന വഴിയിൽ പ്രവേശിച്ചപ്പോൾ പകുതി വഴിയിൽവെച്ച ഇങ്ങട്ടതന്നെ പിടിച്ചുകൊണ്ടു പോന്നതിനാൽ മേൽപറഞ്ഞ സ്ഥാനം ഇവൾക്ക പ്രത്യക്ഷത്തിൽ കിട്ടാനിടവന്നിട്ടില്ല. മുഖം മിനുക്കിച്ചുണ്ടിന്ന വൎണ്ണപ്പൊടിയും കണ്ണിൽ മഷിയും ഇട്ട കെട്ടിച്ചമഞ്ഞു നില്ക്കുന്നതു കണ്ടാൽ വങ്കന്മാരായ ചില വൃദ്ധ

ഷന്മാരെ വല്ലാതെ അസ്വാളിപ്പിക്കുവാൻ ഇവൾക്കു നല്ല സാമൎത്ഥ്യമുണ്ട. രണ്ടാമത്തെ പെൺകിടാവിന്ന ഏകദേശം ഇരിപത വയസ്സു പ്രായമുണ്ട. ശരീരംകുറെ തടിച്ചു കുറുതായി നെററിത്തടം ചുരുങ്ങി പുരികങ്ങൾ തമ്മിൽകൂടി മുഖം വൃത്താകാരമായി ഇടഭാഗം അല്പംകോടി അധരോഷ്ഠങ്ങൾ വല്ലാതെ തടിച്ചു മലൎന്ന കഴുത്ത നീളം കുറഞ്ഞ കവിൾത്തടം തെല്ല കുഴിഞ്ഞ ഇങ്ങിനെ വേണ്ടത്തക്ക എല്ലാ ലക്ഷണവും തികഞ്ഞിട്ടുള്ള ഒരു യുവതിയാണ. മൂന്നാമത്തെപ്പെണ്ണു ആകപ്പാടെ തരക്കേടില്ല. താരുണ്യ ദശയിൽ കടപ്പാൻവേണ്ടി ഒരു കാൽ മുൻപോട്ടു എടുത്ത വെച്ചുംകൊണ്ട നില്ക്കുന്ന പ്രായമാണ. രംഗശ്രീ നല്ലവണ്ണം ഉണ്ട എങ്കിലും ഈ ശ്മശാന കുസുമത്തെപ്പററി എഴുതി തുവൽ ചീത്തയാക്കുവാൻ എനിക്ക ഇഷ്ടമില്ല. കടവത്തിട്ട തോണി പോലെയുള്ളവററയുടെ സൌഭാഗ്യത്തെപ്പററി വിവേകികളായ വായനക്കാൎക്ക യാതൊരു ഭ്രമവും ജനിക്കയില്ലെന്ന എനിക്ക നല്ല നിശ്ചയമുണ്ട. ഇതിൽ ഒന്നും രണ്ടും കുട്ടികളുടെ അച്ഛനാണ ഈ കളിയുടെ ഉടമസ്ഥൻ. രണ്ടാമത്തെപ്പെണ്ണിന്ന ഒഴിവുള്ള സമയം ഒക്കെയും സംബന്ധം ഇതിലെ ഭാഗവതരാണ. മൃദംഗക്കാരനാണ ആ ചെറിയ പെണ്ണിന്റെ ഭൎത്താവ. രസികശിരോരത്നമായ പണിക്കൎക്ക കളി കഴിയുന്നവരെ സംബന്ധം ഒന്നാമത്തേതിനോട്ടുകൂടെയാണ. യജമാനന്മാരെ സന്തോഷിപ്പിക്കുവാനും വേണ്ടത്തക്ക ഉപചാരം ചെയ്തു അവരുടെ സ്നേഹം സമ്പാദിക്കുവാനും ഉടമസ്ഥനായ ഇട്ടീരി നായൎക്ക വളരെ കൌശലവും സാമൎത്ഥ്യവും കൂട്ടും. ഈ രണ്ട പെൺകിടാങ്ങളെക്കൊണ്ട ഈ വൃദ്ധന നല്ല കാലാനുഭവമുണ്ട. ആൾ മഹാ ഭാഗ്യവാനാണ. ഭഗവൽഭക്തനാണ. നല്ല

സൌമ്യനാണ. സരസക്കേടായ വാക്ക ഒരിക്കലെങ്കിലും ഒരു മനുഷ്യനോടു മിണ്ടില്ല. രാവുണ്ടെങ്കിൽ ഇട്ടീരിനായൎക്ക രണ്ടും മൂന്നും ഉറുപ്പിക, ഓണപ്പുട കിട്ടാതിരിക്കില്ല. അദ്ദേഹത്തിന്റെ മുഴുവൻ സമ്പാദ്യം ഇത്ര മാത്രമെയുള്ളു. ആ കഥ ഇപ്പോൾ അങ്ങിനെ നില്ക്കട്ടെ. കളിയുടെ വട്ടവും കലാശവും എന്റെ വായനക്കാൎക്ക അറിവാൻ താല്പൎയ്യമുണ്ടായിരിക്കാം.

ആട്ടം ഏകദേശം എട്ടുമണിക്കതന്നെ ആരംഭിച്ചിരിക്കുന്നു. പതിനൊന്നുമണിക്ക തീൎച്ചയായി കളി കഴിയേണമെന്നാണ എരേശ്ശമേനോന്റെ കല്പന. ഈ വക വിനോദങ്ങളിൽ അധികം ഉറക്കിളപ്പാൻ അദ്ദേഹത്തിന്ന വളരെ നീരസമാണ. അതുകൊണ്ട ചില്ലറ ആട്ടങ്ങൾ വിശേഷിച്ച യാതൊന്നുമുണ്ടായില്ല. ആദ്യംമുതല്ക്കെ ബഹു രസകരമായ മട്ടിലാണ ആരംഭിച്ചത. യോഗ്യന്മാരായ അനവധി ആളുകൾ അരങ്ങത്ത ഇരിക്കുന്നത കണ്ടിട്ട മോഹിനിമാൎക്ക ഉത്സാഹം വൎദ്ധിച്ചു. ഇവരുടെ പാട്ടും അതിമനോഹരമായ ആട്ടവും പുരുഷന്മാരുടെ മനോധൈൎയ്യത്തെ ഇടിപൊടിയാക്കി പാററിക്കളയുന്ന ഹാവം ഭാവം മുതലായ ശൃംഗാരചേഷ്ടകളും കാമാസ്ത്രങ്ങളെ കോരിച്ചൊരിയുന്ന കടാക്ഷവീക്ഷണവും മററും കണ്ട കാണികൾ മുഴുവനും കാമികളായിത്തീൎന്നു. ആടുന്ന കുട്ടികളുടെ ശിരസ്സിലും മുഖത്തും കഴുത്തിലും മാറത്തും പുറത്തും എന്നു വേണ്ട മററും പലദിക്കിലും ശിരസ്തദാരും എരേശ്ശമേനോനും നാഴികയിൽ എട്ടുപ്രാവശ്യം പനിനീർ വീശുന്ന തിരക്കായി. ലമനേഡ് കുപ്പിയുടെ ബുച്ചട്ടക്കുമ്പൊഴുള്ള ഒച്ചയും "ബലേഭേഷ് ബലേഭേഷ്" എന്ന ആശ്ചൎയ്യസൂചകശബ്ദവും രംഗസ്ഥലത്തിൽ കൊള്ളാതെ പുറമെ പ്രവഹിച്ചു. മൂന്നാംകിട ആട്ടക്കാരിയായ കുഞ്ഞിക്കുട്ടി

യുടെ മുഖത്ത ലാസ്യമദ്ധ്യത്തിൽ ഒരിക്കൽ രണ്ടൊ നാലൊ തുള്ളി വിയപ്പുകണ്ടിട്ട ശങ്കരപ്പണിക്കര കൻസ്റ്റെബളുടെ കയ്യിൽനിന്ന വിശറി പിടിച്ചുപറിച്ച ഇവളുടെ പിൻഭാഗത്ത ചെന്നുനിന്ന ഉറക്കെ ഒരു നാലഞ്ചു മിനുട്ടനേരം വീശി. "ബലെ ബലെ" എന്നു പറഞ്ഞുതന്നെ ശാമുക്കുട്ടിമേനോന്റെ ഒച്ച അടച്ചുപോയി. രംഗവാസികളായ എല്ലാ രസികന്മാരും വല്ലാതെ ഭ്രമിച്ചു തന്നേത്താൻ മറന്ന പല ആഭാസത്വവും ഗോഷ്ഠിയും പ്രവൃത്തിച്ചു. കല്യാണിഅമ്മയുടെ കണ്ണീർ മുഴുവനും അവസാനിച്ചു കണ്ണുകൾ കലങ്ങി. അങ്ങിനെ ഇരിക്കെ പണം പൊലിക്കുന്ന തിരക്കായി. ശാമുക്കുട്ടിമേനോനും ശങ്കരപ്പണിക്കരും തമ്മിൽ മത്സരിച്ചു എട്ടും പത്തും അരക്കാൽ ഓരോ പ്രാവശ്യം വാരി വിളിവിളിച്ചു പൊലിച്ചു തുടങ്ങി. ഏരേശ്ശമേനോനും വഴതിനിത്തോട്ടത്തിൽ വേലുക്കുട്ടിമേനോനും തങ്ങളിലായി മത്സരം. കട്ടിളപ്പടിക്കൽ കേശവനുണ്ണിനായരും ചിരങ്ങാട്ട കുട്ടികൃഷ്ണമേനോക്കിയും തമ്മിലേറ്റു. ശിരസ്തദാരുടെ കയ്യിലുണ്ടായിരുന്ന ഉറുപ്പിക മുഴുവനും കലാശിച്ചു ഒടുവിൽ ഏരേശ്ശമേനോനോട എട്ടുറുപ്പിക കടംവാങ്ങീട്ടും പൊലിച്ചു. ശങ്കരപ്പണിക്കർക്ക ഒരു ലേശം കുലുക്കമില്ല. മത്സരിച്ചാൽ ഒരു നൂറുറുപ്പിക പൊലിപ്പാൻ താനൊരുങ്ങി വന്നിട്ടുണ്ടെന്ന വീരവാദംപറഞ്ഞ പണസ്സഞ്ചി എടുത്ത തന്റെ മുൻപിൽ വെച്ചു ശാമുക്കുട്ടിമേനോനെ പോക്കവിളിച്ചു. ശിരസ്തദാക്ക കയ്യിൽ പണമില്ലെങ്കിലും കൂടക്കൂടെ ശുണ്ഠി ഏറിത്തുടങ്ങി. തന്റെ കയ്യിൽ ഉണ്ടായിരുന്ന മുദ്രമോതിരം ഊരി കളിഉടമസ്ഥൻ ഇട്ടിരിനായരെ വിളിച്ചു പതിനഞ്ചുറുപ്പികക്ക പണയം വെപ്പാൻ നോക്കി. ഏരേശ്ശമേനോനും മറ്റെ രണ്ടുമൂന്നുപേരും അതിന്ന സമ്മതിക്കാതെ

മദ്ധ്യസ്ഥംപറഞ്ഞ ഒരു ഒരുവിധത്തിൽ പൊലി അവസാനിപ്പിച്ചു. ശിരസ്സുകാർ മുപ്പത്തമൂന്നും ശങ്കരപ്പണിക്കർ മുപ്പത്തനാലരയും എരെശ്ശമേനോൻ ഇരുപത്തെഞ്ചെമുക്കാലും വേലുക്കുട്ടിമേനോൻ ഇരുപത്താറെകാലും ഉറുപ്പിക പൊലിച്ചു. ഈ കൂട്ടത്തിൽ നാലണ നമ്മുടെ ഗോവിന്ദനും പൊലിച്ചിട്ടുണ്ട. എല്ലാംകൂടി കൺസ്റ്റേബൾമാരുടെ പട്ടികപ്രകാരമുള്ള സംഖ്യയടക്കം നൂററെഴുപത്തുനുറുപ്പിക പതിനാലണ മോഹിനിപ്പണം കൂടാതെ പിരിഞ്ഞുകിട്ടി. ഒരുറുപ്പിക രണ്ടണകൂടി കേശവനുണ്ണിനായര തട്ടിൽ ഇട്ട ആകെ സംഖ്യ നൂററെഴുപത്തഞ്ചുറുപ്പികയാക്കി. എരേശ്ശമേനോൻ ഉറുപ്പിക മുഴുവനുംഎടുത്ത തട്ടോടെ ഇട്ടീരിനായരുടെ കയ്യിൽ കൊടുത്തു. വൃദ്ധന പരമാനന്ദമായി. പന്ത്രണ്ടടിപ്പാൻ പതിനഞ്ചുമിനുട്ട മുമ്പെ കളിയും സമപ്പിച്ചു.

കാണികൾ മുഴുവനും യാത്രപറഞ്ഞും പറയാതെയും മോഹിനിമാരുടെ കയ്യശം തങ്ങളുടെ മനസ്സും ഏല്പിച്ച അഞ്ചു മിനുട്ടിന്നുള്ളിൽ ഇറങ്ങിപ്പോയ്യുകൊണ്ട ശാമുക്കുട്ടിമേനോൻ മുതലായ കാമകിങ്കരന്മാക്ക തങ്ങളുടെ മനൊരഥപ്രാപ്തിക്ക യാതൊരു മുടക്കമാകട്ടെ അസ്വാധീനമാകട്ടെ സംഭവിപ്പാൻ പാടില്ലാത്ത സ്വാതന്ത്ര്യവും സാവകാശവും സിദ്ധിച്ചു. കാൎയ്യത്തിന്റെ യാഥാൎത്ഥ്യം മുഴുവനും നേരത്തെ തന്നെ നല്ലവണ്ണം മനസ്സിലായിരുന്നതകൊണ്ട കളി കഴിഞ്ഞ ഉടനെ ഗോവിന്ദൻ മെല്ലെ ഒരു പുല്പായും കയ്ക്കലാക്കി തെക്കെ ഭാഗമുള്ള അപ്പീസ്സു മുറിയുടെ കോലായിൽ പോയി കിടന്നു കളഞ്ഞതിനാൽ അവനെക്കൊണ്ട യാതോരുപദ്രവും യാതൊരാൾക്കും സിദ്ധിച്ചില്ല. ആട്ടം കഴിഞ്ഞ ഉടനെ എരേശ്ശമേനോൻ രണ്ട കൺസ്റ്റേബൾമാരെ വിളിച്ച കുളിപ്പുരയിൽ കിടപ്പുള്ള

രണ്ടു വലിയ ചെമ്പുകുട്ടകങ്ങളിൽ വെള്ളം കോരി നിറെപ്പാൻ കല്പന കൊടുത്തു. തങ്ങളെക്കൊണ്ടു ഓരോ ഉദ്യോഗസ്ഥന്മാരുടെ സന്തോഷ സമ്പാദനത്തിന്നുവേണ്ടി ല ജ്ജാവഹമായ പല ദാസ്യ പ്രവൃത്തിയും ചെയ്തു വരുന്നത തങ്ങളുടെ മുറയാണെന്ന സാധുക്കളായ ചില കീഴുദ്യോഗസ്ഥന്മാരും അങ്ങിനെ ചെയ്യിപ്പിക്കുന്നത ഒരു ബഹുമാനമാണെന്ന ദുരഭിമാനികളായ ചില മേലുദ്യോഗസ്ഥന്മാരും വിചാരിച്ചു വരുന്നുണ്ടു. വീട്ടിലേക്ക ആവശ്യമുള്ള വിറക കീറിക്കൊടുക്കുക. യജമാനന്മാരുടെ ഭാൎയ്യമാൎക്ക കുളിപ്പാനും മററും വേണ്ടുന്ന വെള്ളം കോരി നിറക്കുക. കുട്ടികളെ എടുത്തുകൊണ്ടു നടക്കുക. ക്ഷൌരക്കാരനെ വിളിച്ചുകൊണ്ടു വരിക. അലക്കകാരന്റെ അടുക്കെ വിഴുവസ്ത്രം കെട്ടികൊണ്ടു കൊടുക്കുക. അടിച്ചു വാരുക. എച്ചിൽ എടുത്തു തള്ളിക്കുക. വാഴത്തോട്ടം കൊത്തുക. പൂച്ചെടി നനെക്കുക. പൂന്തോട്ടം വളൎത്തുക. സസ്യാദികൾ നട്ടുണ്ടാക്കുക. എണ്ണ തേപ്പിക്കുക. കാൽ തടവുക. മററും പല വേലയും എടുക്കുക. ഇതെല്ലാം കീഴുദ്യോഗസ്ഥന്മാരുടെ ന്യായാനുസരണമായ പ്രവൃത്തിയാണെന്ന അവിവേകികളായ ചില ഉദ്യോഗസ്ഥന്മാർ തെററായി ധരിച്ചുവശായിട്ടുണ്ടു. കീഴുദ്യോഗസ്ഥന്മാരെ അടിമകളെപ്പോലെ വിചാരിച്ചു വീടുത്തരം പലതും അവരേക്കൊണ്ടു ചെയ്യിക്കുന്നതു കേവലം അനീതിയും അയുക്തവുമാണെന്ന എരേശ്ശമേനോൻ മുതലായ ധീരന്മാർ വിചാരിക്കാതിരിക്കുന്നത വലിയ കഷ്ടംതന്നെ. "യജമാന പ്രീതിശാസ്ത്രം" എന്നുള്ള പ്രമാണത്തെ അനുസരിച്ചു കൻസ്റ്റേബൾന്മാ

ർ വെള്ളം കോരി നിറക്കുന്നമദ്ധ്യെ തങ്ങളിൽ ഓരോന്ന പതുക്കെ പറകയായിരുന്നു.

ഒന്നാമത്തെ കൻസ്റ്റേബൾ— കഷ്ടമെ കഷ്ടം! മൂപ്പര ഇത്ര ഇളിഭ്യരാശിയാണെന്ന ഞാൻ ഇതവരെ വിചാരിച്ചിരുന്നില്ല. പീറകളായ ഈ സ്ത്രീകളെ എന്തിനാണ ഇത്ര അധികം ആദരിക്കുന്നത? പെരുവഴിയിൽ തൂക്കിയ ചെണ്ടപോലേയുള്ള ഇവററയുടെ മേൽ ഈവക യോഗ്യന്മാൎക്ക ഇത്ര ഭ്രമമുണ്ടാകുന്നത വലിയ ആശ്ചൎയ്യംതന്നെ. ഇവരുടെ അവസ്ഥക്ക ഇത എത്ര ആഭാസത്വമാണ?

രണ്ടാമൻ— വലിയ ആളുകൾക്ക എന്തും ചെയ്യാമെന്നല്ലെ വെച്ചിട്ടുള്ളത? നോം വഷളത്വമാണെന്നു വിചാരിച്ചു വരുന്ന എന്തെല്ലാം പ്രവൃത്തികളാണ ഇങ്ങിനത്തെ മഹാ യോഗ്യന്മാർ അതി ജാഗ്രതയോടെ ചെയ്തു വരുന്നത? പ്രപഞ്ചതന്ത്രത്തിന്ന കേവലം വിപരീതമായ അനേകം പ്രവൃത്തികൾ ഇവർ ചെയ്യും ചെയ്യിച്ചും വരുന്നത നമുക്ക നിശ്ചയമുള്ള കാൎയ്യമല്ലെ? തന്റെ ഭാൎയ്യ നോക്കിയിരിക്കെ ആരെങ്കിലും ഈവക വഷളത്വം ചെയ്തു കണ്ടിട്ടുണ്ടൊ? പോകുന്നവൎക്കും വരുന്നവൎക്കും എന്നുവേണ്ട സകലൎക്കും യാതോരു ഭേദാഭേദവും കൂടാതെ ഉപയോഗിപ്പാൻവേണ്ടി പീടികയുടെ മുററത്തു വെച്ചിട്ടുള്ള കോളാമ്പി എടുത്ത ആരെങ്കിലും ഒരു മനുഷ്യൻ ചുംബിച്ചു നോക്കാറുണ്ടൊ?

ഒന്നാമൻ— ആ കഥ എന്തിനാണ പറയുന്നത? ശിരസ്തദാരെജമാനൻ ഇന്ന അരങ്ങത്തവെച്ചു എന്തെല്ലാം കോപ്രാട്ടിയാണ കാട്ടിക്കൂട്ടിയത? കണ്ണിന്റെ മുമ്പിൽ കാണുന്ന സകല സാധനങ്ങളേയും

കടിച്ചു തിന്നുന്ന ആട്ടിൻ കൂട്ടംപോലെ യാതോരു വ്യത്യാസവും കൂടാതെ "പെണ്ണമെ ഗ്ണം" എന്ന ദൃഢീകരിച്ചു കണ്ടവരുടെ മടിയിൽ കയറി പലതും മടിവിട്ടു പ്രവൃത്തിക്കുന്ന ഇവററയെ കണ്ടിട്ടു ഇത്രയൊക്കെ ഭ്രമിക്കുന്ന ഈ യജമാനന്മാര കുറെ ഭേദവും നിലയും ഉള്ള മററുവല്ല പെണ്ണുങ്ങളേയും കണ്ടാൽ തലകുത്തി മറിഞ്ഞു പൂച്ചക്കരണം കളിച്ചു കാലു പിടിക്കാതേയിരിക്കുമെന്ന എനിക്ക തോന്നുന്നില്ല. ചെള്ളുപോലെയുള്ള ആ ചെറിയ പെണ്ണിന്റെ പിന്നിൽപോയി ഞെളിഞ്ഞു നിന്നിട്ടു ശങ്കരപ്പണിക്കര യാതോരു ശങ്കയും ഉളുപ്പും കൂടാതെ വീശിക്കൊട്ടുത്തത കണ്ടില്ലെ? മൂന്നാംക്കും ഇന്ന ഒരുപോലെ ഭ്രാന്തു പിടിച്ചുപോയി.

രണ്ടാമൻ— ആ ചുട്ടകാട എന്തെങ്കിലും ആയ്ക്കോട്ടെ— എന്നെക്കൊണ്ട ഒരുറുപ്പിക കൊട്ടപ്പിച്ചു. അഞ്ചുരാപ്പുകൾ ഒരുപോലെ എല്ലുമറിഞ്ഞു പണിയെടുത്തെങ്കിലെ ഒരുറുപ്പിക കിട്ടുള്ളു. അത യാതൊരുപകാരവുമില്ലാത്ത ഈ തെചിടിശ്ശിക്കുളിക്ക കൊട്ടുത്തത വിചാരിച്ചു എനിക്കുവലിയ വ്യസനമായിരിക്കുന്നു. കൊട്ടത്തിട്ടില്ലെങ്കിൽ നാളെ പയനാട്ടിലേക്കാണെ മാററുന്നത. ചുട്ടുപോട്ടെ എന്ന വിചാരിച്ചു പേടിച്ചു കൊടുത്തതാണെ.

ഒന്നാമൻ— തന്റെ ഉപകാരത്തിനാണ് കളി കളിപ്പിച്ചുത? കളിപ്പിച്ചു ആൾക്ക നല്ല ഉപകാരമുണ്ടാകും. ഉപകരിപ്പിക്കാതെ അവർ ഇന്ന വിടുകയില്ല. വെള്ളം കോരി നിറച്ചോളു വെറുതെ ഓരോന്ന പറയണ്ട.

രണ്ടാമൻ— അരച്ചുററും പുണ്ണു പിടിച്ചു ഈ ജ്യേഷ്ഠകളെ കണ്ട ഭ്രമിച്ചു തന്നെത്താൻ മറന്നു പണം വാരിപ്പൊ

ലിച്ചത കണ്ടില്ലേ? തെല്ലു ഭേദമുണ്ടെങ്കിൽ വേണ്ടില്ല. ശുദ്ധ ആഭാസം. ഇപ്പോൾ പണം മേൽ കടിക്കുന്നുണ്ടോ. കഷ്ടം! കഷ്ടം!

ഒന്നാമൻ– കണ്ട സാധുക്കളെ പിടിച്ച വട്ടത്തിലാക്കി ഞെക്കിപ്പിഴിഞ്ഞുണ്ടാക്കുന്ന പണമല്ലേ? പൊലിക്കുന്നതിന്ന ഇവൎക്കെന്താണ ചേതം? ഒരു കേസ്സ കിട്ടിയാൽ പോരെ? കൺസ്റ്റേബൾമാർ തങ്ങളിൽ ഇങ്ങിനെ പലതും പറഞ്ഞു വെള്ളം കോരി നിറച്ച കഴിയുമ്പോഴക്ക ഇട്ടിരിനായരും മൂന്ന സ്ത്രീകളും കുളിപ്പുരയിൽ വന്നു. കൺസ്റ്റേബൾമാർ ഉമ്മറത്തെക്കും പോന്നു. കുളി കഴിഞ്ഞു വരുമ്പഴക്ക ഇൻസ്പെക്ടർ കുറെ ചായയും പലഹാരവും തെയ്യാറാക്കി വെപ്പിച്ചിട്ടുണ്ടായിരുന്നു. ശിരസ്തദാൎക്കും ശങ്കരപ്പണിക്കൎക്കും കിടപ്പാൻ വേണ്ടി താഴെ രണ്ടു മുറികളിൽ വേണ്ടതൊക്ക ചട്ടം ചെയ്യിച്ചു. അതിൽപിന്നെ ഇട്ടിരിനായരെ വിളിച്ച എന്തൊ ചിലതെല്ലാം സ്വകാൎയ്യം മന്ത്രിച്ചു. "കല്പിക്കും പ്രകാരം എല്ലാം നേരെയാക്കാം." എന്ന ആ വൃദ്ധനും സമ്മതിച്ചു. ശാമുക്കുട്ടിമേനോനും ശങ്കരപ്പണിക്കരും എരേശ്ശമേനോന്റെ മുഖത്ത നോക്കി ചിരിച്ചുംകൊണ്ട തങ്ങൾക്ക വേണ്ടി വിവരിച്ച തെയ്യാറാക്കി വെച്ചിട്ടുള്ള മുറികളിലേക്ക പോയി കണ്ണും മിഴിച്ചുറങ്ങാതെ കിടന്നു. ഇവരുടെ ഇപ്പോഴത്തെ മനോരാജ്യം എന്തെല്ലാമായിരുന്നു എന്ന ഇവരെപ്പോലെയുള്ള രസികന്മാൎക്ക ക്ഷണത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാണ. അല്ലാത്തവൎക്ക പറഞ്ഞാലും മനസ്സിലാവില്ല. അതുകൊണ്ട അതിനെപ്പററി ഞാൻ ഇവിടെ യാതൊന്നും പ്രസ്താവിക്കുന്നില്ല. കല്യാണി അമ്മയെ ഇന്ന

കലവറ മുറിയിൽ ആക്കേണമെന്നുള്ള വിചാര ത്തോടുകൂടി എരേശ്ശമേനോൻ മുകളിലേക്ക ബദ്ധപ്പെ ട്ടചെന്നു. ഭത്തൃസ്നേഹവും വിനയവും സൌശീ ല്യാദി ഗുണസമ്പത്തിയും നല്ല സാമത്ഥ്യവും ഉള്ള ൾ അമ്മ തന്റെ ഭത്താവു വരുന്ന സമയം മുകളി ലെ അറയിൽ ചിന്താഗ്രസ്തയായി മുഖവും താഴ്ത്തി ഇരിക്കയായിരുന്നു. കുട്ടികൾ രണ്ടും വടക്ക ഭാഗ ത്ത വിരിച്ചിട്ടുള്ള ഓരോ കോസടിയിൽ കിടന്ന ഉറ ങ്ങുകയും ചെയ്യുന്നു. ഭത്താവിനെ കണ്ട ക്ഷണ ത്തിൽ കല്യാണി അമ്മ അവിടെ നിന്നെഴുനീററ അടുക്കേയുള്ള കട്ടിലിന്റെ പടിഞ്ഞാറെ വശം വട ക്കോട്ട നോക്കിക്കൊണ്ടുനിന്നു. എരേശ്ശമേനോൻ അറയിൽ കടന്നപാട കട്ടിലിന്മേൽ ചെന്ന കുത്തി രിന്നിട്ട കല്യാണി അമ്മയെ അടുക്കെ വിളിച്ച ചിരിച്ചുംകൊണ്ട മുഖത്ത നോക്കി പറഞ്ഞു.

എരേശ്ശമേനോൻ— ആട്ടം അവസാനിക്കുന്നതിന്ന മുമ്പാ യിട്ട തന്നെ കല്യാണി എന്താണ മുകളിലേക്ക പോ ന്നുകളഞ്ഞത— കളി അത്ര രസിച്ചില്ല എന്നുണ്ടൊ— ശാമുക്കുട്ടിമേനോന ഇന്നത്തെ ആട്ടം വളരെ ബോ ധിച്ചു— ആകപ്പാടെ ഇന്ന ബഹുരസായി.

കല്യാണിഅമ്മ— കുട്ടികൾക്ക ഉറക്കം തൂക്കുന്നത കണ്ടിട്ട അവരേയും കൊണ്ട മുകളിലേക്ക പോന്നു എന്നല്ലാ തെ കളി രസിക്കാഞ്ഞതുകൊണ്ടും മററും പോന്നുക ളഞ്ഞതല്ല— ശിരസ്സുമാക്ക മാത്രമല്ല കളി എല്ലാവക്കും വളരെ രസമായിരിക്കുന്നു എന്നാണ എനിക്ക തോ ന്നിയ്യ— എല്ലാംകൂടി എത്ര ഉറുപ്പിക പൊലിച്ചുകിട്ടി. ?

എരേശ്ശമേനോൻ— എല്ലാംകൂടി നൂറെറഴുപത്തഞ്ചുറുപ്പിക പിരിഞ്ഞു. പൊലി അതിശായി. ബഹുരസമാ

യി. ഇയ്യിടയിൽ ഒന്നും ഇങ്ങിനെ ഒരു പൊലിയു
ണ്ടായിട്ടില്ലെന്നു കളിക്കാർ തങ്ങളിൽ തന്നെ പറയു
ന്നത കേട്ടു.

കല്യാണിഅമ്മ— പൊലിമാത്രമല്ല കളിയും ഇത്ര രസം
പിടിച്ചിട്ടുണ്ടായിരിക്കില്ല. നിങ്ങൾ മൂന്നാളും ഉണ്ടാ
യിരിക്കുമ്പോൾ ഇങ്ങിനെയല്ലാതെ വരാൻപാടില്ല.

എ—മേ— നേരം പന്ത്രണ്ടുമണി കഴിഞ്ഞു. എനിക്കു ഉറക്ക
കലശലായി വന്നുതുടങ്ങി.

ക—അ— എന്നാൽ എനി ഉറങ്ങരുതെ? എന്തിനാണ വെ
റുതെ ഉറക്ക ഒഴിക്കുന്നത. കിടക്ക മുട്ടിവിരിച്ചിരി
ക്കുന്നു.

എ—മേ— (മുഖം അല്പം വെളിപ്പിച്ചുംകൊണ്ട) കല്യാണി
മുഷിയരുതെ. ഇത്തിരികൂടി ഇങ്ങട്ട അടുത്ത നിൽ
ക്കു. ഞാൻ ഒന്ന സ്വകാൎയ്യം പറഞ്ഞോട്ടെ

ക—അ— മുഷിയാൻതക്കതാണെങ്കിൽ പറയാത്തതല്ലെ ന
ല്ലത? ഇപ്പോൾ പറയുന്നത തന്നെ സ്വകാൎയ്യമാ
ണെല്ലൊ. എന്താണെന്നുവെച്ചാൽ പറയാം. എനി
ക്ക യാതൊരുമുഷിച്ചിലും ഇല്ല.

എ—മേ— ഞാൻ അങ്ങിനെ തീൎച്ചപ്പെടുത്തിപ്പോയി. നീ
വിരോധം ഒന്നും പറയരുത.

ക—അ— കാൎയ്യം ഇന്നതാണെന്ന പ്രസ്താവിക്കുന്നതിന്ന
മുമ്പായിട്ട "ഞാൻ അങ്ങിനെ തീൎച്ചപ്പെടുത്തിപ്പോ
യി" എന്നുമറ്റും പറഞ്ഞാൽ എന്താണ ഉത്തരം
പറയേണ്ടത? ഇവിടുന്ന എന്താണ തീൎച്ചപ്പെടു
ത്തിയ്യൊ?

എ—മേ— ഒരു രാത്രിയല്ലെ? ഇന്ന ഇങ്ങിനെ ആയ്ക്കൊട്ടെ.

ക—അ— അങ്ങിനെയാണെങ്കിൽ എനിക്ക യാതൊരു വി
രോധവും ഇല്ല. ഉറക്ക ഒഴിച്ചാൽ സുഖക്കേട യാ

തൊന്നും ഉണ്ടായിരിക്കില്ലെന്നാണ വിചാരിക്കുന്ന തെങ്കിൽ ഞാൻ ഒന്നും മുടക്കം പറയുന്നില്ല.

എ-മേ- ഞാൻ പറഞ്ഞത നിണക്ക മനസ്സിലായിട്ടില്ലെന്നാണ തോന്നുന്നത. മനുഷ്യാവസ്ഥയല്ലെ? ദുഃഖം അങ്ങിനെ എല്ലാം ഉണ്ടാകുന്നതാണ.

ക-അ- അങ്ങിനെ എല്ലാം ഉണ്ടാകുന്നതാണ ഇങ്ങിനെ എല്ലാമുണ്ടാകുന്നതാണ എന്ന പറഞ്ഞാൽ എങ്ങിനെയാണ കാൎയ്യം മനസ്സിലാകുന്നത. പരമാൎത്ഥം ഇന്നതാണെന്ന പറയരുതെ?

എ-മേ- കല്യാണി കിടത്തം ഇന്ന കലവറയിൽ ആക്കണം- കുട്ടികളും നിന്റെ ഒരുമിച്ചു തന്നെ ഇരിക്കട്ടെ. എനിക്ക അങ്ങിനെ ഒരു താല്പൎയ്യം വന്നുപോയി.

ക-അ- ഇതാണൊ സ്വകാൎയ്യം പറവാനുണ്ടായിരുന്നത? ഇതിന്ന ഇത്രയൊക്ക വളച്ചു പിടിച്ചു പറയേണ്ടിയിരുന്നൊ? കലവറയിലല്ല കളിക്കാരുടെ ഇടയിൽ പോയ്ക്കിടക്കണം എന്ന ഇവിടുന്നു പറഞ്ഞാൽ ഞാൻ അതിന്നും ഒരുക്കമാണെല്ലൊ.

എ-മേ- കല്യാണി യാതോരു വിരോധവും പറകയില്ലെന്ന എനിക്ക മുമ്പെതന്നെ നല്ല വിശ്വാസമുണ്ട. അല്ലെങ്കിൽ ഞാനുണ്ടൊ മോഹിനിയാട്ടം കളിപ്പിക്കാൻ പോകുന്നു.

ക-അ- അത ശരിതന്നെ. ൟ വിശ്വാസം ഇവിടേക്ക ഉണ്ടായതു എന്റെ ഭാഗ്യം.

എ-മേ- ഭൎത്താക്കന്മാരിൽ ഭക്തിയും സ്നേഹവുമുള്ള ഭാൎയ്യമാൎക്ക ഇതിനൊന്നും അശേഷം രസക്കേട ഉണ്ടാകില്ല. അതാണ പാതിവ്രത്യം എന്ന പറയുന്നത. കല്യാണി ശീലാവതി വായിച്ചിട്ടില്ലെ. കുഷ്ഠരോഗം പിടിച്ച ആ മുനിയെ ശീലാവതി ഒരു വേശ്യയുടെ

ഭവനത്തിങ്കലേക്ക എടുത്ത കൊണ്ടുപോയ കഥ ഓൎമ്മയില്ലെ. ഭൎത്താവിനുവേണ്ടി അത്രമേൽ ചെയ്യേണ്ടതാണ.

ക-അ- കഥ ഓൎമ്മ ഉണ്ടായിരുന്നു. പക്ഷെ ഠരം ഒരു പരമാൎത്ഥജ്ഞാനം ഇപ്പോൾ മാത്രമെ ഉണ്ടായിട്ടുള്ളു. ആ കഥ ഇവിടേക്ക പറവമൊ എന്ന സംശയമായിരിക്കുന്നു.

എ-മേ- (ഗഡിയാൾ എടുത്ത നോക്കീട്ട) നേരം പന്ത്രണ്ടടിച്ച പതിനേഴ മിനുട്ടായി. ഞാൻ താഴത്ത ചെന്നിട്ടുവേണം ശിരസ്ത്യദാൎക്കും ശങ്കരപണിക്കൎക്കും ഉറങ്ങുവാൻ, ഇപ്പോൾ എനി ഒന്നും സംസാരിപ്പാൻ ഇടയില്ല. എല്ലാം നമുക്ക നാളെ സാവകാശത്തിലാക്കാം.

ക-അ- ചങ്ങാതിമാർ രണ്ടും ഇവിടുത്തന്നെ ഉ ണ്ടാ എന്താണ അവൎക്ക ഉറങ്ങരുതെ. ഒരിക്കൽകൂടി ഉറക്കിന്റെ മരുന്ന സേവിപ്പാൻ ഭാവമുണ്ടൊ? എനിക്ക ഒരു രണ്ട മിനുട്ടനേരം സംസാരിപ്പാനുണ്ട. അത കഴിഞ്ഞിട്ട ഞാൻ എന്റെ പാട്ടിൽ പോയ്ക്കൊളാം. എന്നെക്കൊണ്ട യാതോരു ഉപദ്രവവും വേണ്ടാ.

എ-മേ- വ്യസനിമുട്ടായി. എന്താണ ചെയ്യേണ്ടത. എന്റെ മനസ്സിന്ന അശേഷം സ്വാസ്ഥതയില്ല. നേരം പറകയാണ ചെയ്യുന്നത. എന്നാൽ വേഗം പറഞ്ഞോളൂ.

ക-അ- നിങ്ങൾ മൂന്ന പേരും ഇന്ന അരങ്ങത്തവെച്ച എന്തെല്ലാം മാതിരി ആഭാസത്വമാണ കാട്ടിക്കൂട്ടിയത! എത്ര ആളുകൾ നിങ്ങളെ പരിഹസിച്ചിട്ടുണ്ട! എനിയും എത്ര പരിഹസിക്കും?

എ-മേ- എന്താണ ഞങ്ങൾ ഉടുത്തത അഴിച്ചിട്ട അരങ്ങത്തനിന്ന തുള്ളീട്ടുണ്ടായിരുന്നൊ.

ക-അ- പരിഹാസകരമായ പ്രവൃത്തി ഇത്രമാത്രമെ ഉള്ളു എന്ന വിചാരിക്കുന്നത ആശ്ചൎയ്യംതന്നെ. ഏറിയകാലം അത്യദ്ധ്വാനംചെയ്തു സമ്പാദിക്കപ്പെട്ട മാനം, മൎയ്യാദ, യോഗ്യത, മുതലായ പുരുഷഗുണങ്ങളെ നിസ്സാരമായ ഒരാവക വിഷയങ്ങൾക്കവേണ്ടി നിസ്സംശയം ബലികൊടുപ്പാൻ ഒരുങ്ങീട്ടുള്ള നിങ്ങളുടെ ബുദ്ധിവിശേഷതയെപ്പററി ഞാൻ യാതൊന്നും പറവാൻ കാണുന്നില്ല. കാൎയ്യാകാൎയ്യം തിരിച്ചറിവാൻ സാമൎത്ഥ്യം ഇല്ലാത്ത ചില പട്ടവക്കന്മാരുണ്ട. ആവകക്കാരാണെങ്കിൽ ഇതെല്ലാമിരിക്കട്ടെ എന്നവെക്കാം. നിങ്ങളുടെ സ്ഥിതിയൊ അങ്ങിനെയല്ല. നിങ്ങൾ ഒരു ഒന്നാംക്ലാസ്സ പോലിസ്സ ഇൻസ്പെക്ടർ. ശാമുക്കുട്ടിമേനോൻ രണ്ടാംക്ലാസ്സ മജിസ്ത്രേട്ടധികാരമുള്ള ഒരു താലൂക്കശിരസ്തദാർ. ശങ്കരപ്പണിക്കർ അസാമാന്യമായ കാൎയ്യപരിചയവും ജനരഞ്ജനയും നല്ലസമ്പാദ്യവും ഉള്ള ഒരു വക്കീൽ മൂന്നുപേൎക്കും വേണ്ടുന്നത്ര വിദ്യാഭ്യാസവും ലൌകികതന്ത്രങ്ങളിൽ വേണ്ടതിലധികം അറിവും ബുദ്ധിഗാംഭീൎയ്യവും ഉണ്ടെന്നുള്ളതും നിശ്ചയമാണ. അറിവില്ലാത്ത ജനങ്ങൾക്ക താന്താങ്ങളുടെ പ്രവൃത്തികൊണ്ടും നടവടികൊണ്ടും അറിവ ഉണ്ടാക്കികൊടുക്കേണ്ടുന്ന ലോകത്തിൽ മാനമൎയ്യാദയെ രക്ഷിച്ച അക്രമങ്ങളെയും അകൃത്യങ്ങളെയും അകററി രാജ്യത്തിൽ ക്ഷേമവും പുഷ്ടിയും വൎദ്ധിപ്പിക്കേണ്ടുന്ന എല്ലാഭാരവും വഹിച്ചിട്ടുള്ള നിങ്ങൾക്ക നിങ്ങളുടെ സ്വന്തമനസ്സിനെ അനീതിക്കും ദുരാചാരത്തിന്നും ഏല്പിച്ചുകൊടുക്കാതെ പാട്ടിൽവെച്ച നല്ലവണ്ണം നടത്തിപ്പാൻ പ്രാപ്തിഇല്ലാത്തത വിചാരിക്കുമ്പോൾ നിങ്ങ

ളുടെ വിദ്യാഭ്യാസംകൊണ്ടും ബുദ്ധിവികാസംകൊണ്ടും എന്തപ്രയോജനമാണ സിദ്ധിച്ചിട്ടുള്ളത? നിങ്ങൾതന്നെ നിങ്ങൾക്ക ശത്രുക്കളായിത്തീൎന്നിരിക്കുന്നു എന്നല്ലെ പറയേണ്ടത. കൃത്യാകൃത്യം അറിഞ്ഞു പ്രവൃത്തിക്കാത്ത മനുഷ്യരും പശുക്കളും തങ്ങളിൽ എന്താണ വ്യത്യാസം? ആവകക്കാർ പുല്ലു തിന്നാതെ ഇരിക്കുന്നത പശുക്കളുടെ ഭാഗ്യം. നേരംപോക്കും അഹങ്കാരവും ഏറക്കുറയ എല്ലാമനുഷ്യരിലും ഇല്ലെന്നല്ല ഞാൻ പറയുന്നത. ആയ്തു അവസ്ഥാനുസരണം പ്രവൃത്തിച്ചാൽമാത്രമെ ഭംഗിയായിരിക്കയുള്ളു—അവനവന്റെ സ്ഥിതിക്കും യോഗ്യതക്കും വിപരീതമായ യാതോരുപ്രവൃത്തിയും അറിവുള്ളജനം യാതൊരിക്കലും ചെയ്യരുതാത്തതാണ—ലേശംമാത്രം ഗുണദോഷവിചാരംകൂടാതെ നിങ്ങൾ ഇങ്ങിനെ മൂക്കോളം ബ്രാണ്ടിയുംകുടിച്ച അസതികളായ ഒരു മോഹിനിയാട്ടക്കാരത്തികളെകണ്ടു ഭ്രമിച്ച തന്നെത്താൻ മറന്ന ശുദ്ധമെ മൃഗസ്വഭാവികളായി ചപലന്മാരായി അനേകം ആളുകൾകൂടിയ സഭയിൽവെച്ച അവയുടെമേൽ പനിനീർതളിച്ചും വിശറിഎടുത്ത വീശിയും ലമനേഡ് സ്വന്തകൈകൊണ്ടുപകൎന്നകൊടുത്ത കുടിപ്പിച്ചുംമററും ചില ദാസ്യപ്രവൃത്തികൾ ചെയ്തും ഒച്ചയടക്കമാറ നിലവിളിച്ചും ചിരിച്ചും ന്യായാനുസരണമായി ചിലവചെയ്യേണ്ടുന്ന പണം യാതോരുകണക്കുംവരയുംകൂടാതെ അന്യോന്യം മത്സരിച്ച വാരിപൊലിച്ചും പോരാതെവന്നപ്പോൾ കടംമേടിച്ചു, കിട്ടിയ്തു മുഴുവനും തട്ടോടെ എടുത്ത അവററിന്ന ദക്ഷിണ കൊടുത്തും കളി കഴിഞ്ഞുഉടനെ അവററയെ കുളികഴിപ്പിച്ചും ഇങ്ങിനെ

പലതും പ്രവൃത്തിച്ചുവെല്ലൊ ഇതെല്ലാം എത്രൊണ്ടു ഭംഗിയായി എന്നാണ വിചാരിക്കുന്നത-കാണ്മാനുള്ള ആവശ്യത്തിന്മേലല്ല കളിപ്പിച്ചതെന്ന ഇവിടത്തെ വാക്കുകൊണ്ടു എനിക്ക മനസ്സിലായി-അങ്ങിനെ വേണമെന്നുണ്ടെങ്കിൽതന്നെയും അതിലേക്ക എത്രയൊ എളുപ്പമായും ഗോപ്യമായും ഉള്ള അനേകം മാൎഗ്ഗങ്ങൾ ഉണ്ടായിരിക്കെ അവയിൽ ഒന്നും മനസ്സുവെക്കാതെ ഇങ്ങിനെ അത്യന്തം അനുചിതമായി പ്രവൃത്തിച്ചിട്ടുള്ളതും ആപ്രവൃത്തിയെ പൂൎത്തിയാക്കുവാൻ നിശ്ചയിച്ചിട്ടുള്ളതും അവിവേകത്തിന്റെ ആധിക്യംകൊണ്ടൊ അതല്ല അറവഷ്ഷളത്വം തലയിൽ കേറികൂടിയതുകൊണ്ടൊ എന്താണെന്ന മനസ്സിലാകുന്നില്ല- എന്നാൽ നിസ്സാരമായി ലോകഗൎഹിതമായ യാതൊരുകാൎയ്യവും ലേശമാത്രം അറിവുള്ള യാതൊരുമനുഷ്യന്മാരും രഹസ്യമായൊ പരസ്യമായൊ ചെയ്യാൻ ഒരിക്കലും മനസ്സു വെക്കരുതെന്നാണ ഞാൻ ധരിച്ചിട്ടുള്ളത- ഏകദേശം ഇരുനൂറിൽ അധികം ഉറുപ്പിക ചിലവചെയ്തു ഇന്നേത്തെ രാത്രിയിൽ പുരുഷാൎത്ഥസിദ്ധിക്കായ്ക്കൊണ്ടു പ്രയത്നം ചെയ്യപ്പെട്ടു വരുന്ന പരമാനന്ദസാധകമായ ഈ വസ്തുവിന്റെ വിശിഷ്ടതയെപ്പറ്റി അല്പം ആലോചിക്കുന്നതായാൽ ഞാൻ പറയുന്നത യുക്തമൊ അയുക്തമൊ എന്ന എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ.

ഈ മോഹിനിയാട്ടം സൎവ്വജനങ്ങളാലും ആദരണീയമായി സ്തുത്യമായിരിക്കുന്ന ഒരു വിനോദമാണെങ്കിൽ ഇതു മലയാളികളായ നാനാജാതിക്കാരുടെ ഇടയിലും ഒരുപോലെ അഭ്യസിപ്പിച്ചു നടത്തി വരുന്നതായിരുന്നു. ആദാ

യമുള്ള കാൎയ്യങ്ങളിൽ അപമാനമില്ലെങ്കിൽ ആരും വൈമുഖ്യം വിചാരിക്കുന്നതല്ല. എന്നാൽ അതൊ കാണപ്പെട്ടുന്നില്ല. ഇവിടെ ചില പ്രദേശങ്ങളിൽ ഉള്ള ശൂദ്രസ്ത്രീകളുടെ ഇടയിൽ മാത്രമെ സമ്പാദ്യസാധകമായ ഈ വിശിഷ്ടവസ്തു വളൎത്തിവരുന്നുള്ളു. ആയിരം പട്ടിണി ഒന്നായി കിടന്നാലും അങ്ങുമിങ്ങും അലഞ്ഞു നടന്നാലും അന്യന്മാരുടെ ദാസ്യപ്രവൃത്തിയൊ കൂലിപ്പണിയൊ എടുത്ത അഹോവൃത്തി കഴിപ്പാനിടവന്നാലും മലയാളത്തിൽ ശൂദ്രരൊഴികെയുള്ള യാതൊരു ജാതിയും തങ്ങടെ പെൺകുട്ടികളെ മോഹിനിയാട്ടത്തിന്ന കൊടുത്തു വരുമാറില്ലെന്നുള്ളത നമുക്ക ഏറ്റവും ശ്ലാഘാന്തപ്പെട്ട ഒരു കാൎയ്യമാണ. കഥകളി മുതലായ വിനോദങ്ങളിൽ നീചോന്നത വൎണ്ണങ്ങളിലുള്ള എല്ലാവൎക്കും ആദരവും ആനന്ദവും ഉള്ളതകൊണ്ട അത അഭ്യസിക്കുന്നതിന്നും തന്മൂലം മുതൽ സമ്പാദിക്കുന്നതിന്നും ആഭിജാത്യം യാതൊരാൾക്കും ബാധകമായി കാണപ്പെടുന്നില്ല. പെണ്ണുങ്ങളെക്കൊണ്ടു നടന്ന ജാത്യാചാരവിരുദ്ധമായി ദ്രവ്യം സമ്പാദിപ്പാൻ മലയാളത്തിൽ നായന്മാരായ നാം ഒരു ജാതിക്കാരൊഴികെ ആരും ഒരുങ്ങിവരുന്നില്ല. ഇതനിമിത്തം നാം ആബാലവൃദ്ധം അന്യന്മാരുടെ പരിഹാസത്തിന്നും അധിക്ഷേപത്തിന്നും പാത്രമായിത്തീരുകയാണ ചെയ്തിട്ടുള്ളത. അതകൊണ്ട അറിവും മാനവും ഉള്ള എല്ലാ നായന്മാരും കഴിയുമെങ്കിൽ ഒന്നൊത്തുകൂടി എനി എങ്കിലും ഇതിനെ നിൎത്തൽ ചെയ്വാൻ രാപ്പകൽ അതിപ്രയത്നം ചെയ്കയാണ വേണ്ടത. അതല്ലാതെ ഇതിലേക്ക ഉത്സാഹം വൎദ്ധിക്കത്തക്ക ഈവക ദുൎമ്മാൎഗ്ഗങ്ങളിൽ യോഗ്യന്മാരായ നിങ്ങളാൽ ചിലർ വേഷംകെട്ടി പുറപ്പെടുന്നത കേവലം അനീതിയാണെന്ന ഞാൻ വ്യസനത്തോടെ പറയേണ്ടിവന്നി

രിക്കുന്നു- അന്യസ്ത്രീവിഷയം അസാധാരണമായ അനുരാഗവും തന്നിമിത്തമുള്ള ഭ്രമവും ഈ വകക്കാരുടെ നേരെ വിവേകികളായ പുരുഷന്മാർ ഉണ്ടാവുന്നതാണ് അത്യാശ്ചര്യം- മധുപാനലോലുപന്മാരായ ഭ്രമരങ്ങൾ അഭിനവങ്ങളായ കുസുമങ്ങളെ അന്വേഷിച്ചു നടക്കുന്നതല്ലാതെ നിർമ്മാല്യമായുപേക്ഷിക്കപ്പെട്ട പുഷ്പങ്ങളുടെ അരികത്തുപോലും പ്രവേശിച്ചു കാണുന്നില്ല- അഹോ വൃത്തിക്ക യാതൊരു നിവൃത്തിയും ഇല്ലാഞ്ഞിട്ടു ചില മാതാപിതാക്കന്മാർ തങ്ങളുടെ പെൺകുട്ടികളെ രണ്ടും നാലും സംവത്സരത്തേക്ക അന്യന്മാരെ മേല്പാട്ടത്തിന്നു ഏല്പിച്ചു മുക്കൂറായി വില വാങ്ങി ഈ വക ദുരഭ്യാസത്തിന്നു വിട്ടുകൊടുക്കയാണ് ചെയ്യുന്നത. മാനാപമാനം വിചാരിക്കാതെ ധനസമ്പാദ്യത്തിൽമാത്രം മനസ്സുവെച്ചു ദാരിദ്ര്യമെന്ന പിശാചിനാൽ ബാധിക്കപ്പെട്ട ചില സ്ത്രീപുരുഷന്മാർ ചുരുങ്ങിയ വില കൊടുത്തു കയ്യശം പണയം മേടിച്ചു ആദായത്തിന്റെ അവസ്ഥക്കതക്കവണ്ണം പലവിധ വിക്രയം ചെയ്യുവരുന്നു ചില വക്കന്മാർ അഗതികളായ ഈ പെൺകുട്ടികളെ തങ്ങളുടെ ശാസനക്കീഴിൽ വെച്ചു പലദിക്കിലും കൊണ്ടുനടന്നു ഏതെല്ലാം വിധത്തിൽ എന്തെല്ലാം പ്രവൃത്തികളാണ ചെയ്യിച്ചുവരുന്നത- കഷ്ടമെ കഷ്ടം- എറുമ്പ തൊട്ടാനയോളം എന്നു പറഞ്ഞു വരുന്ന പ്രകാരം പെട്ടകംപേറി മുതൽ ഉടമസ്ഥൻവരേയുള്ള കളിയോഗക്കാരുടെ കല്പനയും ചൊല്ലുംകേട്ട അവരെ പലവിധത്തിലും ശുശ്രൂഷിച്ചു അവരുടെ ഹിതത്തിന്നു യാതൊരു വൈമുഖ്യവും കാട്ടാതെ കീഴടങ്ങി നില്ക്കുവാൻ ഇവറ്റ എല്ലായ്പോഴും ബാദ്ധ്യതപ്പെട്ടിരിക്കുന്നു- അതൊ ഇരിക്കട്ടെ- ഏതെല്ലാം ദിക്കിൽ പോകുന്നുവൊ എവിടെയെല്ലാം കളിയുണ്ടാകുന്നുവൊ അവിടങ്ങളിലുള്ള യജമാനന്മാ

രെയും അവരുടെ കാൎയ്യസ്ഥന്മാരെയും സന്തോഷിപ്പിച്ചു സ്വാധീനമാക്കുവാൻ കളിയുടമസ്ഥനുള്ള സകല സാമൎത്ഥ്യവും ഈ പെൺകുട്ടികൾ മാത്രമാകുന്നു. ഒരു കളിക്കു ആയിരമൊ പതിനായിരമൊ കിട്ടിയാലും വേണ്ടില്ല- ഇവൎക്കു മുമ്പു നിശ്ചയിച്ചു ചുരുങ്ങിയ വിലയിൽ ഒരു തുട്ടു പോലും അധികം കൊടുക്കുന്ന ചട്ടമില്ല. അഞ്ചുറുപ്പികയിൽ വല്ലതും അധിക സമ്പാദ്യം വേണമെങ്കിലും യോഗ്യന്മാരുടെ ശിപാൎശികത്തു ആവശ്യമാണെങ്കിലും ഈ പെൺകുട്ടികൾ തങ്ങളെ ബലി കൊടുക്കയാണു ചെയ്യുവരുന്നതു- കളി കഴിഞ്ഞു സ്വരാജ്യത്തിൽ എത്തിയാൽ പിന്നെ ചുരുങ്ങിയപക്ഷം നാലു മാസമെങ്കിലും ചികിത്സിച്ചല്ലാതെ ഇവറ്റിന്നു നേരെ നടപ്പാൻ വളരെ പ്രയാസമാണു- മാസപ്പടി പകപ്പണം മാതാപിതാക്കന്മാരുടെ കണക്കിൽ പെട്ടതും അവരെ ബോദ്ധ്യപ്പെടുത്തേണ്ടതും ആകകൊണ്ടു ചികിത്സ ചിലവിന്നവേണ്ടിവരുന്ന സംഖ്യ അന്ന്യായമായ പ്രവൃത്തിയിൽനിന്നു ഇവറ്റ സ്വന്തം സമ്പാദിക്കേണ്ടതാണു- കുറവന്റെ ശാസനക്കീഴിൽ നടക്കുന്ന കുരങ്ങിനെപ്പോലെ ഇങ്ങിനെ കഷ്ടപ്പെട്ടു സ്വേച്ഛാനുസരണം യാതൊന്നും ചെയ്യാൻ സ്വാതന്ത്ര്യമില്ലാതെ പാത്രാപാത്രവിവേക ശൂന്യമാരായി പരഭൃതമാരായി നടക്കുന്ന ഈ സ്ത്രീകളുടെമേൽ കൃത്യാകൃത്യ വിചാരം കൂടാതെ പാങ്ങല്ലാതെ ഭ്രമിച്ചു എന്തും പ്രവൃത്തിക്കാമെന്നു ഉറപ്പിച്ചു പോയിട്ടുള്ളതു വളരെ കഷ്ടമായിട്ടുള്ളതാണെന്നു മാത്രമെ എനിക്കു പറവാനുള്ളു- ഞാൻ പറഞ്ഞിട്ടുള്ളതിൽ വല്ല അബദ്ധമൊ അധികപ്രസംഗമൊ ഉണ്ടെങ്കിൽ ആയ്യു സൎവ്വവും ക്ഷമിച്ചുകൊള്ളണം.

കല്യാണി അമ്മ ഇപ്രകാരം പറഞ്ഞു കണ്ണുനീർവാൎത്തു കരഞ്ഞു ഏരേശ്ശമേനോന്റെ മുഖത്തുനോക്കി മിഴിച്ചി

ശ്വാസംപൂണ്ട കുട്ടികളെ എടുത്ത താഴത്തകൊണ്ടുപോയി കിടത്തുവാൻവേണ്ടി തന്റെ ദാസിയെ മുകളിലേക്ക വിളിച്ചു. ഏരശ്ശമേനോൻ ഇതെല്ലാംകേട്ട കുറെ നേരത്തേക്ക ഇടിവെട്ടിയ മരംപോലെ നിശ്ചേഷ്ടനായി ഇരുന്നുപോയി. അവമാനംകൊണ്ടും ലജ്ജകൊണ്ടും മുഖം മേല്പട്ടയർത്തുവാൻ ഇദ്ദേഹം വളരെ പണിപ്പെട്ടു. ഇതിനിടയിൽ ദാസി മുകളിലേക്ക എത്തി- കലപറമുറി അടിച്ചുപാററി ക്ഷണനേരത്തിൽ മടങ്ങിവന്ന കുട്ടികളെകൊണ്ടുപോയി അവിടെ കിടത്തേണമെന്ന കല്യാണിഅമ്മ ദാസിയോട പറഞ്ഞപ്പോൾ ഏരശ്ശമേനോൻ പതുക്കെ തല ഉയർത്തികൊണ്ട പറഞ്ഞു. "ഇപ്പോൾ കൊണ്ടുപോകേണ്ട അവർ താഴെക്ക പൊയ്ക്കോട്ടെ- നീ പ്രസ്താവിച്ചിട്ടുള്ള സംഗതികൾ ഒക്കെയും പരമാൎത്ഥമാണെന്ന എനിക്ക നല്ലവണ്ണം ബോദ്ധ്യമായിരിക്കുന്നു. എന്റെ ആലോചനക്കുറവനിമിത്തം ഞാൻ ചെയ്യപോയിട്ടുള്ളത മുഴുവനും അബദ്ധമാണെന്ന സമ്മതിക്കുന്നതിൽ എനിക്ക യാതൊരു ലഘുത്വവുമില്ല. കഴിഞ്ഞസംഗതിയെപ്പററി പറഞ്ഞിട്ടും വ്യസനിച്ചിട്ടും യാതൊരുഫലവും ഇല്ലല്ലൊ. ദൈവം ഇന്നുമുതൽ എന്നെ അധൎമ്മഭീരുവാക്കി ചെയ്യേണ്ടതിന്ന ഞാൻ പ്രാൎത്ഥിക്കുന്നു". എന്നപറഞ്ഞു അവിടെനിന്ന പതുക്കെ എഴനീററ താഴെ നില്ക്കുന്ന കൺസ്റ്റേബൾമാരിൽ ഒരുത്തനെ മുകളിലേക്ക വിളിച്ചു- അവനോട പറഞ്ഞു. "ഇട്ടീരിനായരോട ചെന്ന പറക ഞാൻ പറഞ്ഞിരിക്കുന്നു എന്ന അരനാഴികപോലും എനി ഇവിടെ താമസിക്കേണമെന്നില്ല- പെട്ടിയും എടുത്ത ഇപ്പോൾതന്നെ ഇവിടെനിന്ന പടിയിറങ്ങി വേറെ വല്ലദിക്കിലും പോയി ഉറങ്ങിക്കോട്ടെ. ശിരസ്തദാരും ശങ്കരപ്പണിക്കരും ഉറങ്ങീട്ടില്ലെങ്കിൽ മെല്ലെവിളിച്ച മുകളിലേക്കകൊണ്ടുവരു!!.

കൺസ്റ്റേബൾ, "ഇത എന്തൊരത്യാശ്ചൎയ്യമാണ. കൃതയുഗം പിറന്നുവോ.' എന്നിങ്ങിനെ വിചാരിച്ചുകൊണ്ട താഴത്തിറങ്ങിച്ചെന്ന ഇട്ടീരിനായരെ വിളിച്ച "പെട്ടിയും എടുത്ത ക്ഷണത്തിൽ പടിയിറങ്ങി പോകേണമെന്ന യജമാനൻ കല്പിച്ചിരിക്കുന്നു എന്ന പറഞ്ഞു. ഇട്ടീരിനായൎക്ക ഇത കേട്ടപ്പോൾ താൻ സ്വപ്നം കാണുന്നതൊ അതല്ല തന്റെ ബുദ്ധി ഭ്രമിച്ചു പോയതുകൊണ്ട തോന്നുന്നതൊ പോലീസ്സുകാരന്റെ തോന്ന്യാസമൊ എന്നുള്ള പല സംശയവും മനസ്സിൽ തോന്നിത്തുടങ്ങി. പടിയിറങ്ങി ക്ഷണത്തിൽ പോകേണം എന്ന കൺസ്റ്റേബൾ പിന്നേയും ശാസിച്ചതുകൊണ്ട മൃതഗൃഹത്തിൽനിന്ന ഇറങ്ങിപ്പോകുന്നതുപോലെ ൧൦ വൃദ്ധനും മക്കളും പെട്ടിയും മട്ടുവും കളിയോഗക്കാരും നട്ടപ്പാതിരക്ക ഇറങ്ങിപ്പോയി. മദ്യത്തിന്റെ തൈക്ഷ്ണ്യം നിമിത്തം ശിരസ്സുളാരും നമ്മുടെ വക്കീലും ബോധം വിട്ട ഉറങ്ങിപ്പോയതിനാൽ കൺസ്റ്റേബൾ അവരെ വിളിച്ചുണൎത്താതെ ക്ഷണത്തിൽ മുകളിൽ ചെന്ന വിവരം ഇൻസ്പെക്ടരെ അറിയിച്ചു കല്പനപ്രകാരം താഴെക്ക പോയി. ഏരശ്ശമേനോൻ അറയിൽ ഉണ്ടായിരുന്ന ആൾമെര തുറന്ന അതിൽ താൻ സൂക്ഷിച്ചിട്ടുണ്ടായിരുന്ന വിസ്കിയും ബ്രാണ്ടിയും എടുത്ത അറയുടെ പടിഞ്ഞാറ ഭാഗമുള്ള ഒരു വലിയ ജനേൽ തുറന്ന കുപ്പിയുടെ കഴുത്ത ഓരോന്നോരോന്നായി മുട്ടിപ്പൊട്ടിച്ച കീഴ്പെട്ട നിലത്ത പകൎന്ന കളഞ്ഞു. താൻ ചെയ്തിട്ടുള്ള അനീതിയേയും ആഭാസ പ്രവൃത്തിയേയും വിചാരിച്ച വ്യസനിച്ചുംകൊണ്ട കട്ടിലിന്മേൽ തെക്കോട്ട തിരിഞ്ഞ കിടന്നു. കല്യാണിഅമ്മ, അനേകം സാന്ത്വനവാക്കുകൾ പറഞ്ഞ അദ്ദേഹത്തെ ശാന്തപ്പെടുത്തി. വീശറി എടുത്ത വീശികൊണ്ട അടുക്കെ നിന്നു. ഒടുവിൽ ഉറ

ങ്ങിയെന്നു കണ്ടാറെ കുതകും അടച്ചുതാനും കുട്ടികളുടെ അടുക്കെപ്പോയി കിടന്നുറങ്ങി.

നേരം പുലരുവാൻ ഏകദേശം നാലഞ്ചു നാഴിക ഉള്ളപ്പോൾ ഗോവിന്ദൻ കോഴികളുടെ ശബ്ദം കേട്ടു ഞെട്ടിയുണൎന്നു ബദ്ധപ്പെട്ടു കനകമംഗലത്തേക്കു പുറപ്പെട്ടു. താൻ കണ്ടിട്ടുണ്ടായിരുന്ന സ്ഥലത്തു കളിയോഗം കാണായ്കയാൽ പലതും ശങ്കിച്ചു പടിയിറങ്ങി ആ വഴിക്കു കിഴക്കോട്ടു വന്നു തെക്കോട്ടുള്ള ഇടവഴിയിൽക്കൂടി സൎക്കാർ നിരത്തിന്മേൽ എത്തിച്ചേൎന്നു നേരെ പടിഞ്ഞാറോട്ടു നടന്നു. രാവിലെ പത്തു മണിക്കു മുമ്പായിട്ടു തന്നെ പുത്തൻമാളികക്കൽ എത്തി. ഗോപാലമേനോനെ കണ്ടു വിവരം അറിയിച്ചു മറുവടി കൊടുത്തു. പത്തു ദിവസത്തിന്നുള്ളിൽ കുഞ്ഞികൃഷ്ണമേനോൻ വരുമെന്നുള്ള വൎത്തമാനം കേട്ടിട്ടു അവിടെയുള്ള എല്ലാ സ്ത്രീ പുരുഷന്മാരും വിശേഷിച്ചു ലക്ഷ്മിഅമ്മയും സന്താനങ്ങളും വൎഷാഗമത്തിൽ മെഘശബ്ദം കെട്ട ചാതങ്ങകളെപ്പോലെ അത്യന്തം സന്തുഷ്ടചിത്തന്മാരായി ഭവിച്ചു.

# ഏട്ടാം അദ്ധ്യായം.

"അപൂൎവ്വമായ ഒരു സമ്മാനം".

മല്ലിക്കാട്ടു കുഞ്ഞിശ്ശങ്കരമേനോൻ എന്ന ഒരാൾ ബി-എൽ- പരീക്ഷ ജയിച്ചു ഈ കാലത്തു ഹൈക്കോൎട്ടിൽ അപ്രെന്റീസ്സായി മലിരാശിയിൽ പാൎത്തുവരുന്ന വിവരം മൂന്നാം അദ്ധ്യായത്തിന്റെ ഒടുവിൽ അല്പം പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇദ്ദേഹം അത്യന്തം ബുദ്ധിശാലിയും നീതിജ്ഞനും വളരെ വിവേകിയും ഇംഗ്ലീഷുഭാഷയിൽ മാത്രമല്ല, സംസ്കൃതത്തിലും സാമാന്യം നല്ല പാണ്ഡിത്യവും പരിചയവും സിദ്ധിച്ചിട്ടുള്ള ഒരു ചെറുപ്പക്കാരനാണ. അനാവശ്യമായ വല്ല അഹങ്കാരമൊ അധിക പ്രസംഗമായ ഏതെങ്കിലും നടപടിയൊ അന്ധാളികളായ പല ചെറുപ്പക്കാരിലും പലപ്പോഴും നാം കണ്ടും കേട്ടും ആക്ഷേപിച്ചും വരുന്ന എന്തെങ്കിലും ഒരു തോന്ന്യാസമൊ നമ്മുടെ സൌഭാഗ്യശാലിയായ ഈ തരുണപുരുഷനെ ഇതുവരെ ബാധിച്ചിട്ടില്ല. ആളുകളുടെ തരാതരം ക്ഷണനേരംകൊണ്ടു കണ്ടറിയത്തക്ക സാമൎത്ഥ്യവും ലൌകികകാൎയ്യങ്ങളിൽ പ്രായത്തെ കവിഞ്ഞുനില്ക്കുന്ന പരിചയവും നിസ്സാര വിഷയങ്ങളിൽ അണുമാത്രം ഭ്രമമുണ്ടാവാനിട കൊടുക്കാത്ത മനോധൈൎയ്യവും അകൃത്യം ചെയ്യുന്നതിലുള്ള ഭയാധിക്യവും ഇദ്ദേഹത്തിന്റെ നൈസൎഗ്ഗീക ഗുണങ്ങളിൽ പ്രധാന ഭാഗങ്ങളാകുന്നു. വിലയേറിയ വിശിഷ്ടസാധനങ്ങൾ സൂക്ഷിച്ചു വെക്കുന്ന പാത്രത്തിന്നും തദനുരൂപമായ ഭംഗിയും ഉറപ്പും ആത്യാ

വശ്യമാണെന്നു വിചാരിച്ചു പരമകാരുണികനായ ദൈവം ഇദ്ദേഹത്തിന്റെ സൃഷ്ടികാലത്തിൽ പല കൌശലങ്ങളും പ്രവൃത്തിച്ചിട്ടുണ്ടെന്നു അറിവുള്ള ജനം ഒരുപോലെ അഭിപ്രായപ്പെടാതെയിരിക്കയില്ല. പുരുഷഗുണങ്ങൾ ഏതാണ്ടു മുഴുവനും പരിപൂൎണ്ണമായി നില്ക്കുന്ന ഈ യുവാവിനെ കണ്ടാൽ സ്ത്രീ പുരുഷന്മാൎക്കു ഒരുപോലെ കൌതുകവും മനഃപ്രീതിയും ജനിക്കുമെന്നുള്ളതിന്നു ലേശം സംശയമില്ല. രൂപസൌന്ദൎയ്യവും മുഖപ്രകാശവും സ്ത്രീകളുടെ ഹൃദയാകൎഷണത്തിങ്കൽ അതി സമൎത്ഥങ്ങളാകുന്നു. പ്രായവും ഇപ്പോൾ ഇരിപത്തരണ്ടു വയസ്സിൽ ഒട്ടും അധികമായിട്ടില്ല. ദുഷ്ടമായ ഈ ദശാസന്ധിലാണ അനേകം പുരുഷന്മാർ വഷളായി പോകുന്നതു. കണ്ടാൽ നല്ല സൌന്ദൎയ്യവും കയ്യിൽ ധാരാളം പണവും ദൂര രാജ്യങ്ങളിലെ അധിവാസവും രക്ഷിതാക്കന്മാരുടെ മേലന്വേഷണക്കുറവും യൌവനത്തിന്റെ പ്രാദുൎഭാവവും ആരോഗ്യപ്രാപ്തിയും അവിവേകികളുമായുള്ള സഹവാസവും ഒന്നിച്ചു കൂടുന്നു എങ്കിൽ അല്പം ചില തരക്കേടുകൾ ഉണ്ടാകാതെയിരിപ്പാൻ വളരെ പ്രയാസമാണ. വിദ്യാഭ്യാസംകൊണ്ടും സജ്ജനസമ്പൎക്കംകൊണ്ടും സിദ്ധിക്കാവുന്ന മനഃപാകതകൊണ്ടു മാത്രമെ മേൽപറഞ്ഞ കാലത്ത എളുപ്പത്തിൽ ബാധിക്കുന്ന ചാപല്യത്തെ തടുത്തുനിൎത്തുവാൻ കഴികയുള്ളൂ. ചിലൎക്കു വിദ്യാഭ്യാസമുണ്ടായിട്ടും ഫലമില്ല. നിസ്സാരമായ ഓരൊ നടവടിയും അവസ്ഥയിലും ഗുണദോഷവിചാരം കൂടാതെ വൃഥാ അന്ധാളിച്ചു ഇപ്പഴത്തെ നാഗരികമാണെന്നും മറവും പറഞ്ഞുതൎക്കിച്ചു അനാവശ്യമായ പല ഭേദഗതികളും മാററങ്ങളും ഉണ്ടാക്കിത്തീൎത്തു "അതാണ വേണ്ടതു. ഇതാണ നല്ലത" എന്നിങ്ങിനെ ഭ്രമിച്ചു വശായി അവസാനം "അതും ഇല്ല

ഇത്രം ഇല്ല അമ്മെടെ ശിക്ഷയും ഇല്ല" എന്ന പറഞ്ഞ മാതിരി യാതൊരു കാൎയ്യത്തിലും സ്ഥൈൎയ്യം ഇല്ലാതെ അന്യന്മാരുടെ പരിഹാസത്തിന്നും പരിവാദത്തിന്നും പാത്രമായിത്തീരുകയാണ ചെയ്യുകാണുന്നത. ഇതെല്ലാം ഇംഗ്ലീഷ പഠിക്കുന്നതിനാൽ വരുന്ന ദോഷങ്ങളാണെന്നും മറ്റും അറിവില്ലാത്ത ചില വയോധികന്മാൎക്കും വങ്കന്മാരായ മററു ചിലൎക്കും പറവാൻ മേല്പറഞ്ഞ നവീന വിദ്വാന്മാരുടെ തോന്ന്യാസം ഒരു പ്രത്യേകകാരണമായി തീരുകയാണ ചെയ്യുന്നത. അതിനെ ഓരോന്നോരോന്നായി എടുത്തു ഉദാഹരിച്ചു പറയുന്നതായാൽ പലൎക്കും പലവിധേന നീരസം ജനിക്കുമെന്ന ഭയപ്പെടുന്നു. അസാധാരണമായ ഗുണം ഉണ്ടെന്ന തീൎച്ചയായും അറിഞ്ഞല്ലാതെ അപൂൎവ്വങ്ങളായ നടപടികളെ കൈക്കൊള്ളരുതെന്നാണ എന്റെ അഭിപ്രായം.

"ത്ധംബദ്ധകൃത്രിമസടാ ജടിലാംസഭിത്തി
രാരോപിതോമൃഗപതേഃ പദവീംയദിശ്വാ
മത്തേഭകുംഭ തടപാടനലമ്പടസ്യ
നാദംകരിഷ്യതികഥം ഹരിണാധിപസ്യ" എന്ന

ശ്ലോകത്തിന്റെ താല്പൎയ്യം മേൽപറഞ്ഞ തരക്കാർ അത്യധ്യാനം ചെയ്തു മനസ്സിലാക്കേണ്ടതാണെന്ന ഞാൻ പറയുന്നുള്ളു.

എന്നാൽ നമ്മുടെ കുഞ്ഞിശ്ശങ്കരമേനോൻ ഈവക യാതോരന്ധാളിപ്പും ഇല്ലാത്ത അതി ധീരനായ പുരുഷനാണ- ഇദ്ദേഹവുമായുള്ള സംസൎഗ്ഗത്തിന്നും സഹവാസത്തിന്നും സ്നേഹത്തിന്നും നമ്മുടെ മീനാക്ഷിക്കുട്ടിയുടെ ഭ്രാതാവായ അച്യുതമേനോന സംഗതി വന്നിട്ടുള്ളത അദ്ദേഹത്തിന്റെ സുകൃതപരിപാകമെന്ന മാത്രമെ പറയേണ്ടതുള്ളു- വേണ്ടതാകുന്ന എല്ലാ ഗുണവും തികഞ്ഞിട്ടുള്ള ഒരു

സ്നേഹിതനെ കണ്ടെത്തി കയ്യിലാക്കുവാൻ ഈ കാലത്ത
അത്യന്തം പ്രയാസമുണ്ട- സ്നേഹമെന്നൊ സ്നേഹിതൻ
എന്നൊ നാം പറഞ്ഞുവരുന്ന സാധനം തെററുകൂടാതെ
എഴുതുവാനും സംസാരിപ്പാനും എളുപ്പത്തിൽ കഴിയുമെങ്കി
ലും വാസ്തവത്തിൽ അത ജനഹൃദയത്തിലൊ ജനസമുദാ
യത്തിലൊ ഉണ്ടായിരിക്കുമെന്ന അത്ര വേഗത്തിൽ തീ
ൎച്ചപ്പെടുത്തിക്കൂടാവുന്നതല്ല. ഇഷ്ടന്മാരെന്ന പുറമെനടി
ച്ചുമുഖസ്തുതിപറഞ്ഞ ഒന്നിച്ചുകൂടി വല്ലതും തെല്ലൊന്നു ഹി
തമായി പ്രവൃത്തിച്ചു നമ്മെപ്പാട്ടിലാക്കി വേണ്ടത്തക്ക കാ
ൎയ്യം അനായാസേന സാധിപ്പിക്കുവാൻവേണ്ടി അതി സ
മൎത്ഥന്മാരായ ചില സിദ്ധാൎത്ഥകന്മാരുണ്ട- ആവകക്കാരെ
ക്കൊണ്ട സൂക്ഷ്മത്തിൽ ഉപദ്രവമല്ലാതെ യാതൊരുപകാര
വും സിദ്ധിക്കുന്നതല്ല- ആപൽകാലത്ത അകത്തും പുറ
ത്തുംനിന്ന ഹിതാഹിതംനോക്കി പ്രവൃത്തിക്കുന്ന ചന്ദന
ദാസന്മാർ വളരെ ദുൎല്ലഭമെയുള്ളു. ഒന്നിച്ചുപാൎക്കുക- ഒ
രുമിച്ചുണ്ണുക- ഒരെ കിടക്കയിൽതന്നെ കിടന്നുറങ്ങുക.
ഇതുകൊണ്ടൊന്നും ഒരുത്തനെ സ്നേഹിതനെന്ന വിശ്വ
സിച്ചുകൂടാ- ഓരോരുത്തരുടെ മനസ്സും സ്വഭാവവും ഓ
രൊ പ്രകാരമായിരിക്കും- ശീലവും പ്രകൃതിയും നല്ലവ
ണ്ണം ഗ്രഹിക്കാതെ ആളുകളെ വിശ്വസിക്കുന്നതുകൊണ്ട
അനേകംപേർ അത്യാപത്തിൽപെട്ടു നശിച്ചു പോകുമാറു
ണ്ട- ഒന്നൊ രണ്ടൊ പ്രാവശ്യം കണ്ടതുകൊണ്ടൊ കാണു
മ്പോഴൊക്കെയും രസകരമായി സംസാരിക്കുന്നതുകൊ
ണ്ടൊ അല്പാല്പം ചില സഹായം ചില സമയങ്ങളിൽ
ചെയ്തിട്ടുള്ളതുകൊണ്ടൊ മനുഷ്യരുടെ തരാതരം അറിവാ
ൻ പാടുള്ളതല്ല- സ്നേഹിതന്മാരുടെ ഉത്ഭവവും വളൎച്ചയും
ഈ കാലത്ത രണ്ടു നാലു പ്രകാരത്തിലാണ- അത്യാവ
ശ്യമായ വല്ല കാൎയ്യവും എളുപ്പത്തിൽ സാധിക്കേണ്ടതി

ന്ന നമ്മുടെ സേവകൂടാതെ കഴികയില്ലെന്നു കാണുമ്പോ
ൾ ചില സമൎത്ഥന്മാർ രാവും പകലും ഇടവിടാതെ നമ്മു
ടെ പിന്നാലെ ഒന്നിച്ചുകൂടി പലതും പ്രവൃത്തിക്കും. മ
നോഹിതം സാധിച്ചു എന്ന കണ്ടാൽ ഇവരെ പിന്നെ ഒ
രുവട്ടം കാണ്മാനെ പ്രയാസമായിരിക്കും- ചിലർ നമ്മുടെ
അന്തൎഗ്ഗതമൊ ശ്രദ്ധകാൎയ്യമൊ മനസ്സിലാക്കേണ്ടതിന്നും
ചിലപ്പോൾ നമ്മെ ചക്രം തിരിപ്പിക്കേണ്ടതിന്നും മററു
ചിലരുമായി ആലോചിച്ചുറച്ചു നമ്മെ ചുററിപ്പററിക്കൂടി
അത്യന്തം വിശ്വസ്തന്മാരാണെന്ന വിശ്വസിപ്പിക്കും-
തരം കിട്ടുമ്പോൾ പിടിച്ചു കുണ്ടിൽ തള്ളുകയും ചെയ്യും-
ഠരം വകക്കാരെയാണ ഠരം കാലത്ത അധികം കാണ്മാനുള്ള
ത- വേറെ ചിലവകക്കാരുണ്ട- നമ്മുടെ കയ്യിൽ പണമു
ണ്ടെന്നൊ നമുക്ക യാതൊന്നിന്നും പരാധീനമില്ലെന്നൊ
കാണുമ്പോൾ ഈവകക്കാർ നമ്മുടെ സേവക്കുവന്നുകൂ
ടും. ഈത്തപ്പഴം വെച്ച ദിക്കിൽ ഈച്ചകൾ വന്നു നി
റയുംപോലെയാണ ഈക്കൂട്ടരുടെ എല്ലാ അവസ്ഥയും. വ
ല്ല അത്യാപത്തൊ വ്യസനമൊ നേരിടുന്ന കാലത്ത ലേ
ശംപോലും പൂൎവ്വസ്മരണകൂടാതെ ഇവർ നമ്മെ ഉപേക്ഷി
ച്ചു പോയ്ക്കളയുമെന്നമാത്രമല്ല തരമുണ്ടെങ്കിൽ നമ്മുടെ വി
രോധികളെ സഹായിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള
മനുഷ്യന്മാരെ വിശ്വസിച്ചു തകരാറിൽ ചെന്ന വീഴുന്ന
തിനെക്കാൾ കഴിയുമെങ്കിൽ ഇവരുടെ സ്നേഹവും സഹ
വാസവും കൂടാതെ കഴിപ്പാൻ യത്നിക്കുന്നതാണ വളരെ
നല്ലത- ഉള്ളിൽ യാതൊരു കപടമൊ ചതിയൊ ഇല്ലാതെ
നിൎമ്മലാത്മാവായിരിക്കുന്ന സ്നേഹിതനെക്കാൾ മഹത്ത
രമായ യാതൊരു പദാൎത്ഥവും ഇഹലോകത്തിൽ ഇല്ലെന്നു
അനേകം യോഗ്യന്മാർ ഒരുപോലെ അഭിപ്രായപ്പെട്ടിട്ടു
ള്ളത വിചാരിച്ചാൽ തത്സമ്പാദനത്തിൽ നാം അത്യന്തം

ജാഗ്രൂകന്മാരായിരിക്കേണ്ടത മുഖ്യാവശ്യമാകുന്നു. ആളുകളുടെ സ്ഥിതിയും സ്വഭാവവും നല്ലവണ്ണം സൂക്ഷിച്ചറിഞ്ഞു പല കാൎയ്യത്തിലും പരീക്ഷിച്ചുനോക്കി വേണ്ടുവണ്ണം മനസ്തൃപ്തി വന്നതിൽപിന്നെയാണ ജനങ്ങളെ വിശ്വസിക്കേണ്ടത. അതല്ലാതെ "മിന്നുന്നതൊക്കെയും പൊന്നല്ല" എന്ന പ്രമാണത്തെ അനുസരിച്ചു കാണുന്നവരെ എല്ലാം ചങ്ങാതികളാണെന്ന വിചാരിച്ചു വിശ്വസിച്ചു പോകരുത.

മേൽപ്രസ്താവിച്ച സംഗതികൾ നമ്മുടെ കുഞ്ഞിശ്ശങ്കരമേനോനും അച്യുതമേനോനും നല്ലവണ്ണം നിശ്ചയമുണ്ടായിരുന്നതുകൊണ്ടും രണ്ടുപേരും നല്ല വിവേകികളും സൂക്ഷ്മഗ്രാഹികളും ആയിരുന്നതുകൊണ്ടും ഇവരുടെ സൌഹാൎദ്ദവും സഹവാസവും നല്ലതരത്തിലാണ വന്നുകൂടീട്ടുള്ളത. രണ്ടു ദേഹം ഉണ്ടെന്നുള്ള ഏകസംഗതിയിൽ മാത്രമെ ഇവരുടെ കാൎയ്യത്തിൽ ഒരു ഭേദമുണ്ടെന്ന പറയാവൂ- അന്യോന്യം അറിയരുതാത്ത വല്ല സ്വകാൎയ്യമൊ തങ്ങളിൽ ആലോചിക്കാത്ത ഏതെങ്കിലും ഒരു വിഷയമൊ എന്നുവേണ്ട ആവക യാതൊന്നും ഇവരിൽ കാണുന്നതല്ല. ഈ നിലയിൽ എത്തിയ മനുഷ്യന്മാരെയാണ സുകൃതികളെന്ന എല്ലാവരും പറയേണ്ടുന്നത. കങ്കണംകൊണ്ടു കരവും കരംകൊണ്ടു കങ്കണവും ഏതുപ്രകാരം ശോഭിക്കുന്നുവൊ അതുപ്രകാരം അച്യുതമേനോൻെറ സഹവാസംകൊണ്ടു കുഞ്ഞിശ്ശങ്കരമേനോനും കുഞ്ഞിശ്ശങ്കരമേനോൻെറ സഹവാസംകൊണ്ടു അച്യുതമേനോനും ഒരുപോലെ പരമസന്തുഷ്ടന്മാരായി തീരുകയാണ ചെയ്തിട്ടുള്ളത. കഥാമദ്ധ്യത്തിൽ ൟവക വിഷയത്തെപ്പറ്റി ഇതിലധികം പ്രസ്താവിക്കുന്നതായാൽ ആയ്യ വായനക്കാൎക്ക അരുചിയായി വന്നേക്കുമൊ

എന്ന ഭയപ്പെട്ട തല്ക്കാലം ആ ഭാഗത്തിൽനിന്ന മടങ്ങി വീണ്ടും കഥാപ്രസംഗത്തിലേക്കതന്നെ പ്രവേശിക്കാമെന്ന വിചാരിക്കുന്നു.

പ്രാണസ്നേഹിതന്മാരായ നമ്മുടെ ചെറുപ്പക്കാർ രണ്ടപേരും ഒരു ദിവസം രാവിലെ പതിവപ്രകാരം നടപ്പാൻ പോയിട്ട ഏകദേശം ഏഴരമണി സമയം മടങ്ങി വീട്ടിൽ വന്നു പുറത്തെ പൂമുഖത്തിരുന്ന അന്യോന്യം ഓരൊ വിഷയത്തെപ്പററി സംസാരിക്കുകയായിരുന്നു. അപ്പോൾ ഒരു തപ്പാൽ ശിപായി പടികയറി അരികത്തവന്ന രണ്ടു പേരേയും യഥായോഗ്യം വന്ദിച്ച കയ്യിൽ ഉണ്ടായിരുന്ന ഒരു ചെറിയകെട്ടും അതോട ഒന്നിച്ച ഒരു എഴുത്തും അച്യുതമേനോന്റെ കയ്യിൽ കൊടുത്തു. അദ്ദേഹം മേൽപറഞ്ഞ കെട്ടിന്റെ മീതേയുണ്ടായിരുന്ന കടലാസ്സ നീക്കി നോക്കിയ ക്ഷണത്തിൽ അത ഒരു ചെറിയ തകരപ്പെട്ടിയാണെന്നും അതിൽ എന്തൊ ഘനമില്ലാത്ത ഒരു സാധനമുണ്ടെന്നും അദ്ദേഹത്തിന്ന മനസ്സിലാവുക കഴിഞ്ഞു. മേൽവിലാസം എഴുതിയ കയ്യക്ഷരംകൊണ്ടതന്നെ ലേഖകൻ ഇന്നാളാണെന്ന എളുപ്പത്തിൽ മനസ്സിലായതിനാൽ അച്യുതമേനോൻ പെട്ടി തുറക്കുന്നതിന്ന മുമ്പായിട്ട കത്ത പൊളിച്ച വായിക്കയാണ ചെയ്തിട്ടുള്ളത. ഓരോ വരി വായിക്കുംതോറും ഇദ്ദേഹത്തിന്റെ മുഖത്തനിന്ന മന്ദസ്മിതം ക്രമോല്ക്കർഷേണ പൊഴിയുന്നതും ആനന്ദം അങ്കുരിച്ചുവരുന്നതും മററും കണ്ടിട്ട കുഞ്ഞിശ്ശങ്കരമേനോന്റെ മനസ്സ സ്വാസ്ഥതയെ പ്രാപിച്ചില്ല. പല വിചാരവും ശങ്കയും ഒന്നിച്ച വളരുവാൻ തുടങ്ങിയതിനാൽ കുഞ്ഞിശ്ശങ്കരമേനോൻ ഒടുവിൽ ചിരിച്ചുംകൊണ്ട ഇപ്രകാരം പറഞ്ഞു. "എന്താണ താങ്കൾക്ക പാങ്ങില്ലാത്ത മനസ്സന്തോഷവും മുഖപ്രകാശവും

കാണുന്നത? പരീക്ഷയിൽ ജയിച്ചിട്ടുള്ള വൎത്തമാനം കേട്ടിട്ട വല്ലസ്നേഹിതനും എഴുതി അയച്ചതായിരിക്കുമൊ? വായിച്ചിട്ടും വായിച്ചിട്ടും താങ്കൾക്ക യാതൊരു അലംഭാവവും ഉണ്ടായപ്രകാരം തോന്നുന്നില്ല. ഈ ചെറിയ കത്ത താങ്കൾ എത്ര പ്രാവശ്യമായി വായിച്ചുനോക്കുന്നു? ഞാൻ അറിയരുതാത്ത വല്ല സ്വകാൎയ്യകത്തും അല്ലയായിരിക്കാം." കുഞ്ഞിശ്ശങ്കരമേനോന്റെ അന്തൎഗ്ഗതം മനസ്സിലായിട്ട അച്യുതമേനോൻ സൌമുഖ്യത്തോടെ അദ്ദേഹത്തോട്ട പറഞ്ഞു- താങ്കളുടെ ഊഹം ഏതാണ്ട അരികത്തു കൂടിപോയതല്ലാതെ കുറിക്കുകൊണ്ടിട്ടില്ല- താങ്കളെ ഗ്രഹിപ്പിക്കരുതാത്ത യാതൊരു സ്വകാൎയ്യവും ഇനിക്ക ഇല്ലെന്ന ഞാൻ പലെപ്രാവശ്യവും പറഞ്ഞിട്ടുള്ളത മറന്നുപോയതിനാലായിരിക്കാം ഇങ്ങിനെ ചോദിപ്പാനിടവന്നത" എന്നപറഞ്ഞു ചിരിച്ചുംകൊണ്ട ആ കത്തവായിച്ചപാടകുഞ്ഞിശ്ശങ്കരമേനോന്റെ കയ്യിൽ കൊടുത്തു- അദ്ദേഹം ഒന്നാമതായി സൂക്ഷിച്ചുനോക്കിയത കത്തയച്ച ആളുടെ പേരായിരുന്നു.

"താങ്കളുടെ പ്രിയസോദരി മീനാക്ഷിക്കുട്ടി" എന്ന ഇംഗ്ലീഷിൽ അത്യന്തം വ്യക്തമായും മനോഹരമായും എഴുതീട്ടുള്ളത കണ്ടപ്പോൾതന്നെ കുഞ്ഞിശ്ശങ്കരമേനോന്റെ മനസ്സിൽ അത്യാനന്ദം ഉണ്ടായി. പെൺകുട്ടികളെ ഇംഗ്ലീഷ പഠിപ്പിക്കാമെന്നും പഠിപ്പിക്കേണ്ടതാണെന്നും ഉള്ള വിചാരം ഒല്ലൂർ ചിലനാട്ടുകാരുടെ ഇടയിലും കടന്നുകൂടീട്ടില്ലെന്നല്ല- നല്ലതതന്നെ- അതോ ഇരിക്കട്ടെ. സ്ത്രീകളുടെ കയ്യക്ഷരം ഇത്രയെല്ലാം നന്നായിരിക്കുന്നതാണെ വലിയ ആശ്ചൎയ്യം-" എന്നിങ്ങിനെ വിചാരിച്ച മന്ദസ്മിതം തൂകികൊണ്ട ആ എഴുത്ത അല്പം ഉച്ചത്തിൽ വായിച്ചു. അതു താഴെകാണിച്ചിട്ടുള്ളപ്രകാരമായിരുന്നു.

ഉന്നിദ്രമോദഭരമെന്നുടെ ഭാഗധേയ
മൊന്നിച്ചുമന്നിലിഹവന്നുപിറന്നപോലെ
മുന്നിൽജ്ജനിച്ചൊരു ഭവന്തമനന്തശായി
നന്ദാത്മജൻകരുണയാവതുസൎവ്വകാലം
പാട്ടുംപെടിഞ്ഞൊരുപരീക്ഷയിലെൻറകുഞ്ഞി
ജ്യേഷ്ഠൻസുഖേനജയലക്ഷ്മിയെ വേട്ടവാൎത്താം
കേട്ടെൻറചേതസിവളൎന്നൊരുമോദഭാരം
കാട്ടാനപോലെ മദമാൎന്നു പുളച്ചിടുന്നു.
മഞ്ജാതകീൎത്തിളവനങ്ങളിലെങ്ങുമേററം
വിങ്ങിച്ചുസംഗതസുഖാബ്ധിയിലങ്ങുമുങ്ങി
എങ്ങൾക്കുമംഗലമഹന്നിശമിങ്ങുഭംഗ്യാ
പൊങ്ങിച്ചുവാഴ്ക്കഭവിനീയൊരുനൂറുവൎഷം.

മേൽ എഴുതിയ ശ്ലോകങ്ങൾ ഒരുപ്രാവശ്യമല്ല രണ്ടു പ്രാവശ്യമല്ല മൂന്നുനാലുപ്രാവശ്യം പിന്നേയും പിന്നേയും വായിച്ചുനോക്കീട്ടും കുഞ്ഞിശ്ശങ്കരമേനോനു അശേഷം അലംഭാവം ഉണ്ടായില്ല- ഭാഷാശ്ലോകമാണെങ്കിലും കവിതാവാസനയും സാമൎത്ഥ്യവും ഈ ചെറുപ്പകാലത്തു ഇത്ര അധികമുണ്ടല്ലൊ എന്നുവിചാരിച്ചു ഇദ്ദേഹം അളവില്ലാതെ സന്തോഷിക്കുകയും വിസ്മയിക്കുകയും ചെയ്തു- ഇതവരെ ഉണ്ടാകാത്ത പലവിചാരവും ഭാവവികാരവും ഇദ്ദേഹത്തെകടന്നു പിടിച്ചു നട്ടംതിരിക്കുവാൻ ഇപ്പോൾ നല്ലതരമാണെന്നു നിശ്ചയിച്ചു പതുക്കെ അടുത്തുകൂടിത്തുടങ്ങി- ഉള്ളിൽ നിറഞ്ഞുനില്ക്കുന്ന സന്തോഷവും പ്രേമവും ക്രമേണ രോമദ്വാരങ്ങളിൽകൂടി പുറത്തേക്കു പ്രവേശിച്ചതിനാൽ ശരീരം ആസകലം രോമാഞ്ചംകൊണ്ടു- അച്യുതമേനോൻ അറിയാതെ കഴിച്ചുകൂട്ടുവാൻ താരുണ്യശാലിയായ ഈ മനുഷ്യൻ സാമാന്യത്തിലധികം ധൈൎയ്യം നടിച്ചുനോക്കി. എത്രതന്നെ ഉറപ്പിച്ചിട്ടും പ്രേമരസം

ഇടക്കിടക്ക തുളുമ്പിപ്പോകാതിരുന്നില്ല- അച്യുതമേനോ
നുമായി അന്യോന്യം സ്നേഹമായ മുതല്ക്ക ഈ ദിവസം
വരെ യാതൊരുസ്വകാൎയ്യവും സൂക്ഷിച്ചുവരാത്ത ഈ ധീ
രന്ന ഇന്നുമുതൽ അദ്ദേഹത്തെ അറിയിപ്പാൻ തരമില്ലാ
ത്ത ചിലസംഗതികളെ ഗോപ്യമായിവെക്കേണ്ടിവരുമെ
ല്ലൊ എന്നുള്ള വിചാരവും തന്മൂലം അന്തസ്താപവും ക
ലശലായിതീൎന്നു. അത്യാശ്ചൎയ്യകരമായ കയ്യക്ഷരവും ക
വിതാവാസനയും ഇംഗ്ലീഷുപഠിപ്പും വിചാരിച്ചു വിചാരി
ച്ചു ഇദ്ദേഹത്തിന്നുണ്ടായിരുന്ന മനസ്സന്തോഷം മെല്ലമെ
ല്ലെ അനുരാഗമായിതീരുവാനുള്ള വട്ടമായി. എന്നാൽ അ
ച്യുതമേനോൻ ഈ അവസരത്തിങ്കൽ തകരപ്പെട്ടി തു
റക്കുന്നതിൽ ഉദ്യുക്തനായിരുന്നതകൊണ്ടു ഇദ്ദേഹത്തി
ന്റെ യാതൊരുഭാവഭേദവും ആ മനുഷ്യന്ന അറിവാൻ
സംഗതിവന്നില്ല. പെട്ടിയിൽ എന്തൊരു സാധനമാ
ണെന്നനോക്കേണ്ടതിന്ന അച്യുതമേനോനെക്കാൾ അ
ധികം തിരക്കുണ്ടായിരുന്നത കുഞ്ഞികൃഷ്ണമേനോനായിരു
ന്നു- മൂടിയെടുപ്പാൻ അച്യുതമേനോൻ കിടന്നു ബുദ്ധി
മുട്ടുന്നതകണ്ടിട്ടു കുഞ്ഞികൃഷ്ണമേനോൻ അദ്ദേഹത്തിന്റെ
കയ്യിൽനിന്നു തകരപ്പെട്ടിപിടിച്ചുപറി അക്ഷമനായിചെ
യ്ത പരിശ്രമത്താൽ ഒരു പേനക്കത്തിയുള്ളത നടുവെ
പൊട്ടിച്ചു എന്നപറഞ്ഞാൽ മതിയെല്ലൊ- ഏതെങ്കിലും ഒ
രുവിധേന പെട്ടിയുടെ മൂടിയെടുക്കുന്നതിന്നു പകരം അ
തിന്റെ മൂട കുത്തിത്തകൎത്ത ഉള്ളിൽ ഉണ്ടായിരുന്ന സാ
ധനങ്ങൾ പുറത്തേക്ക വലിച്ചെടുത്തു- രണ്ടു തൊപ്പിയും ഒ
രു ഗഡിയാൾ സഞ്ചിയും മെശമേൽ എടുത്തുവെച്ചു-തൊ
പ്പിയുടെ ഭംഗിയും അത്യത്ഭുതകരമായ പ്രവൃത്തിവൈദഗ്ദ്ധ്യ
വും അവയിൽ ഒന്നിന്മേൽ "പി- അച്യുതമേനോൻ"
എന്നുള്ള ഇംഗ്ലിഷക്ഷരങ്ങൾ അതിമനോഹരമായി

ത്തുന്നിപ്പിടിപ്പിച്ചിട്ടുള്ളതും ഗഡിയാൾസഞ്ചിയുടെ നിൎമ്മാണത്തിൽ പ്രയോഗിച്ചിട്ടുള്ള അതിസാമൎത്ഥ്യവും ഇതെല്ലാംകണ്ടിട്ട കുഞ്ഞിശ്ശങ്കരമേനോൻെറമനസ്സിൽ ഇതുവരെ ഉണ്ടായിരുന്ന എല്ലാവിധവിചാരവും ഇപ്പോൾ പത്തിരട്ടിച്ചു. ശ്ലോകത്തിൻെറ സരളതയും പദവിന്ന്യാസവും കയ്യക്ഷരത്തിൻെറ മാധുൎയ്യവും തുന്നപ്പണിയിലുള്ള കൌശലവും അച്യുതമേനോൻെറ പ്രിയസോദരീത്വവും അദ്ദേഹവും താനുമായുള്ള അതിസ്നേഹവും വിചാരിച്ചു ഇദ്ദേഹത്തിൻെറ മനസ്സിൽ അത്യാനന്ദം അനുരാഗമായിമുളച്ചുവളരുവാൻ തുടങ്ങി- തൊപ്പിയുടെ അഴകും ഭംഗിയും നോക്കി വിസ്മയിക്കുകയാണെന്ന അച്യുതമേനോനെ ബോധിപ്പിക്കേണ്ടതിന്ന കുറേനേരം അതുതന്നെ നോക്കിക്കൊണ്ട ഒന്നുംമിണ്ടാതെയിരുന്നു. സോദരിയുടെ ഭ്രാതൃസ്നേഹവും ബഹുമാനവും അതിശയിച്ചു നില്ക്കുന്ന ബുദ്ധിസാമൎത്ഥ്യവും എല്ലാംപാടെ വിചാരിച്ചു അച്യുതമേനോൻെറ ഹൃദയത്തിലും അത്യാനന്ദവും വാത്സല്യവുംവൎദ്ധിച്ചു കണ്ണുകളിൽ ഹൎഷാശ്രുക്കൾ നിറഞ്ഞു. തൻെറ പേരോടുകൂടിയ തൊപ്പി താൻ എടുക്കുന്നതിന്നുമുമ്പായിട്ടതന്നെ മറെറതൊപ്പിയും ഗഡിയാൾസഞ്ചിയും എടുത്തു കുഞ്ഞിശ്ശങ്കരമേനോൻെറ മുമ്പാകെ മേശപ്പുറത്തുവെച്ചു ചിരിച്ചുംകൊണ്ട പറഞ്ഞു- "മീനാക്ഷിക്കുട്ടി അയച്ചിട്ടുള്ള സമ്മാനം താങ്കളുംകൂടി അനുഭവിക്കുന്നതായാൽ ഞാൻ അത്യന്തം കൃതാൎത്ഥനായിരിക്കുന്നതാണ- ഇതരണ്ടും താങ്കൾക്കിരിക്കട്ടെ. തൊപ്പിരണ്ടെണ്ണം അയച്ചിട്ടുള്ളത വിചാരിച്ചാൽ ഈവിചാരം അവൾക്കുംകൂടെയുണ്ടായിരുന്നു എന്ന വിശ്വസിക്കാവുന്നതാണ- എന്നുമാത്രവുമല്ല രണ്ടും എനിക്ക വേണ്ടി അയച്ചിട്ടുള്ളതല്ലെന്നു നിശ്ചയിപ്പാൻ വേറെയുംസംഗതിയുണ്ട- അതുകൊണ്ട ഏതുവിധമായാ

ല്പം ഈതൊപ്പിയും ഗഡിയാൾസഞ്ചിയും താങ്കൾ സ്വീക രിക്കുമെന്നു വിശ്വസിക്കുന്നു” കുഞ്ഞിശ്ശങ്കരമേനോന്ന ഇതകേട്ടപ്പോൾ ഉണ്ടായ സന്തോഷം അതിനിർവ്വാച്യമാ കുന്നു “താങ്കളെ കൃതാൎത്ഥനാക്കുന്നകാൎയ്യത്തിൽ എനിക്ക യാ തൊരുവൈമുഖ്യവും ഉണ്ടാവാനിടയില്ലാത്തതാണെല്ലൊ- ഞാൻ അത്യാദരവോടുകൂടി ഇതാ സ്വീകരിക്കുന്നു” എന്ന പറഞ്ഞു കുഞ്ഞിശ്ശങ്കരമേനോൻ ഗഡിയാൾ സഞ്ചിയും തൊപ്പിയും എടുത്ത തന്റെകയ്യിൽപിടിച്ചു കുറെനേരം അ തുകളെതന്നെ നോക്കിചിരിച്ചുംകൊണ്ട പിന്നേയും പതു ക്കെപ്പറഞ്ഞു.

കു. ശ. മെ- ഞാൻ മുഖസ്തുതി പറകയാണെന്ന താങ്കൾ വിചാരിക്കരുതെ. താങ്കൾ അത്യന്തം ഭാഗ്യശാലി യാണെന്നുള്ളതിലേക്ക അശേഷം സംശയമില്ല. വേണ്ടത്തക്ക എല്ലാ ഗുണവും തികഞ്ഞിട്ടുള്ള ഒരു സോദരി താങ്കൾക്കുള്ളതിനെപ്പററി ഞാൻ അളവി ല്ലാതെ സന്തോഷിക്കുന്നു. താങ്കളുടെ പ്രിയ സോ ദരിവാത്സല്യപൂൎവ്വം അയച്ചു തന്നിട്ടുള്ള സമ്മാനം താങ്കളോട വാങ്ങി അനുഭവിപ്പാൻ എനിക്ക ഭാഗ്യ മുണ്ടായെല്ലൊ. ശ്ലോകങ്ങൾ വളരെ തരക്കേടില്ല. വാസനാവൈഭവം ശ്ലാഘനീയം തന്നെ. നമ്മുടെ നാട്ടുകാർ സ്ത്രീവിദ്യാഭ്യാസത്തിൽ ഇങ്ങിനെയുള്ള ഏ ൎപ്പാടുകൾ ചെയ്യുവന്നിട്ടുണ്ടായിരുന്നുവെങ്കിൽ മല യാളരാജ്യം ഇതിന്നു എത്രയൊ മുമ്പായിട്ട തന്നെ ഉന്നതസ്ഥിതിയെ പ്രാപിക്കുമായിരുന്നു. ഇതിൽ നിന്നുണ്ടാവാനിരിക്കുന്ന ഗുണോൽകൎഷം എനിയും നമ്മുടെ രാജ്യക്കാർ അറിയാതിരിക്കുന്നത വലിയ വ്യസനം തന്നെ.

അ. മെ. ശ്ലോകം അത്ര വളരെ നന്നായിട്ടില്ലെങ്കിലും അ വളുടെ പ്രായവും പഠിപ്പും വിചാരിച്ചാൽ എല്ലാവ

ത്വം സന്തോഷിക്കേണ്ടത തന്നെ. കുറെ ദിവസമായിട്ട കവിതയിൽ അല്പം വാസന കാണുന്നുണ്ട. ഏതായാലും അഭ്യസിച്ചാൽ ഫലപ്രാപ്തിയുണ്ടാകുമെന്ന വിശ്വസിക്കാവുന്നതാണ.

കു. ശ. മെ. സംസ്കൃതം എന്തെല്ലാം വായിച്ചിട്ടുണ്ട? ഇപ്പോഴും പഠിക്ക തന്നെയല്ലെ ചെയ്യുന്നത? ഇംഗ്ലീഷ എത്രൊണ്ടായി? പഠിപ്പ നിൎത്തേണ്ടതിന്നും മററും തിരക്കായിട്ടില്ലയായിരിക്കാം. നമ്മുടെ ഇടയിൽ പെൺകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നത വളരെ ദുൎല്ലഭമാണ. വല്ലതും എഴുതുവാനും വായിപ്പാനും കഷ്ടിച്ചുവശായി എന്നു കണ്ടാൽ പഠിപ്പ നിൎത്തി പിന്നെ സംബന്ധത്തിന്നാളെ അന്വേഷിച്ചു നടക്കുന്ന തിരക്കായി. കണക്കിലും കയ്യക്ഷരത്തിലും സ്ത്രീകൾക്ക പണ്ടെ തന്നെ വലിയപിണക്കമാണ. അനുഭവത്തിലും അവസ്ഥയിലും അരുവഷളായ കണ്ട ശൃംഗാരശ്ലോകങ്ങളും തെമ്മാടിപ്പാട്ടുകളും ചൊല്ലിപ്പഠിപ്പിച്ചു ത്രപില്ലാത്തരത്തിൽ ബഹുവാസനയുണ്ടാക്കും. "ഗൌതമന്റെ ഭാൎയ്യയായ അഹല്യയെ ദെവേന്ദ്രൻ പണ്ട വ്യഭിചരിച്ചില്ലെ? ചന്ദ്രൻ തന്റെ ഗുരുനാഥന്റെ ഭാൎയ്യയുമായി രമിച്ചില്ലെ? പരാശരമുനി ഒരു മുക്കുവത്തിയെ പിടിച്ചില്ലേ? വിശ്വാമിത്രൻ മേനകയെ പരിഗ്രഹിച്ചില്ലെ? വേദവ്യാസൻ തന്റെ സഹോദരഭാൎയ്യമാരിൽ സന്തത്യുല്പാദനം ചെയ്തില്ലെ? അന്യായമായ കാൎയ്യങ്ങളിൽ പ്രവേശിപ്പാൻ പൂൎവ്വന്മാർ നമ്മെ അനുവദിച്ചിട്ടില്ലെങ്കിൽ പ്രായശ്ചിത്തം എന്തിനാണ അവർ കല്പിച്ചുവെച്ചിട്ടുള്ളത?" എന്നിങ്ങിനെ അനേകം വഷളത്വങ്ങൾ അടങ്ങിയ പച്ചപ്പാട്ടുകളും രഹസ്യക്കാരെയും സം

ബന്ധക്കാരെയും വശീകരിച്ചു പാട്ടിലാക്കി പണം തട്ടിപ്പറിപ്പാനുള്ള കൌശലങ്ങളെ ഉപദേശിക്കുന്ന തായ ചില ശ്ലോകങ്ങളും പെൺകുട്ടികളെ ചെറുപ്പത്തിൽ പഠിപ്പിച്ചു വരുന്നതിനാണ നമ്മുടെ നാട്ടുകാരിൽ മിക്കപേരും സ്ത്രീവിദ്ര്യാഭ്യാസമെന്നുള്ള പേർ കൊടുത്തിട്ടുള്ളത. അത്യാവശ്യം ചില രഹസ്യക്കത്തുകൾ വായിച്ചു മനസ്സിലാക്കാനും എഴുതുവാനും മാത്രമെ ഇങ്ങിനെയുള്ള വിദ്ര്യാഭ്യാസം സഹായിക്കുന്നുള്ളു. അതുകൊണ്ടാണ പെൺകുട്ടികൾ എഴുത്തു പഠിച്ചാൽ വ്യഭിചാരിണിമാരായി പോകുമെന്നും അവരെ എഴുത്തു പഠിപ്പിക്കരുതെന്നും മറ്റും ഇപ്പോഴും ചില വൃദ്ധന്മാർ പറഞ്ഞുവരുന്നത.

അ-മെ- മീനാക്ഷിക്കുട്ടി വിശേഷിച്ചു യാതൊന്നും പഠിച്ചിട്ടില്ലെന്ന തന്നേയാണ പറയേണ്ടത. ഹിതൊപദേശത്തിൽ അവിടവിടെ അച്ശൻ അടയാളംവെച്ചു കൊടുത്തിട്ടുള്ള ചില ഭാഗങ്ങളും ആറൊ ഏഴൊ സൎഗ്ഗം രഘുവംശവും കുറെ പഞ്ചതന്ത്രവും പഠിച്ചതെയുള്ളു. ഇപ്പഴും രാവിലെ ഈരണ്ടു മണിക്കൂറ നേരം പഠിക്കുന്നുണ്ട. ഈ ഡിസേമ്പ്ര മാസത്തിൽ മിഡിൽ സ്കൂൾ പരീക്ഷക്ക പോവാനും ഭാവമുണ്ടത്രെ- എനിയും മൂന്നു നാലു സംവത്സരംകൂടി വിദ്ര്യാഭ്യാസം ചെയ്യിക്കേണമെന്നാണ അച്ശനും അമ്മാമനുംകൂടി ഇയ്യിടയിൽ തീൎച്ചയാക്കീട്ടുള്ളത. വിട്ടുകളവാൻ ഇപ്പോൾ ഒന്നുകൊണ്ടും ഭാവമില്ല.

കു-ശ-മെ- (ചിരിച്ചുംകൊണ്ടു) അത വളരെ നല്ലതതന്നെ. ഉത്സാഹവും സാമൎത്ഥ്യവുമുള്ള കുട്ടികളെ കഴിയുന്നത്ര പഠിപ്പിക്കേണ്ടതതന്നേയാണ. വയസ്സഎത്രയുണ്ടായി? പഠിക്കാൻതക്കപ്രായം കഴിഞ്ഞിട്ടില്ലെല്ലൊ?

അ-മെ- ഇപ്പോൾ പന്ത്രണ്ട കഴിഞ്ഞു. പതിമൂന്ന നടപ്പാണ- എന്റെ നേരെ അടുത്തതാണ. എനിക്ക പതിനാറാം വയസ്സ ഇയ്യിടയിലല്ലെ കഴിഞ്ഞത?

കു-ശ-മെ- ശരി- ശരി- എന്നാൽ അശേഷം സംശയിപ്പാനില്ല. നല്ലപ്രായമാണ. എനിയും ഒരു നാലസംവത്സരം ചുരുങ്ങാതെ അവസരമുണ്ട. എന്നിട്ടാവാം മറെറല്ലാ കാൎയ്യം ആലോചിക്കുന്നത. അല്ലാഞ്ഞാൽ ഇതുവരെ ചെയ്യുവന്നിട്ടുള്ളേയും ഇപ്പോൾ ചെയ്യുവരുന്നേയും അദ്ധ്വാനത്തിന്നതക്കതായ ഫലം സിദ്ധിപ്പാൻ പ്രയാസമായിരിക്കും. അതിനിടയിൽ തെല്ല സംഗീതവും അഭ്യസിക്കുന്നതായാൽ വളരെ നന്നായിരിക്കും.

കുഞ്ഞിശ്ശങ്കരമേനോന്റെ എല്ലാ അന്തൎഗ്ഗതങ്ങളും ഇപ്പോൾ പറഞ്ഞിട്ടുള്ളതിൽ അദ്ദേഹം അറിയാതെ ദൈവഗത്യാ വന്നുകൂടീട്ടുണ്ട- ആയത വായനക്കാർ മനസ്സുവെച്ച വായിക്കുന്നതായാൽ എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ. എന്നാൽ കുഞ്ഞിശ്ശങ്കരമേനോന ഇങ്ങിനെ ഒരു വിചാരം ഉണ്ടെന്നുള്ളത അച്യുതമേനോൻ സൂക്ഷിക്കാഞ്ഞതകൊണ്ടും ലൌകീക തന്ത്രങ്ങളിൽ ഇതുവരെ താൻ പ്രവേശിക്കുകയൊ പരിചയിക്കുകയൊ ചെയ്യീട്ടില്ലാത്തതകൊണ്ടും മേൽപറഞ്ഞ സംഭാഷണത്തിന്ന അദ്ദേഹം യാതൊരു ശ്രദ്ധാൎത്ഥവും ധരിച്ചിട്ടുണ്ടായിരുന്നില്ല.

അച്യുതമേനോൻ- സംഗീതം പഠിപ്പിക്കുവാനും അച്ഛൻ പ്രത്യേകം ഒരാളെ നിശ്ചയിച്ചിട്ടുണ്ട- അവൾക്ക കുറേശ്ശ പാടാൻ വയിക്കും- വാസനയും സാധകവും വളരെ തരക്കേടില്ല.

കു-ശ-മേ- ആരംഭവും ഏൎപ്പാടും അതിശയമായിരിക്കുന്നു. കുഞ്ഞികൃഷ്ണമേനോനെ ഞാൻ കണ്ടിട്ടില്ലെ

എന്ന മാത്രമെയുള്ളു. അദ്ദേഹത്തെ കണ്ടപോലെയുള്ള പരിചയം എനിക്ക നല്ലവണ്ണം ഉണ്ട. ആൾ വളരെ യോഗ്യനും കാൎയ്യപ്രാപ്തനും മൎയ്യാദസ്ഥനും ആണെന്ന ഞാൻ പല യോഗ്യന്മാർമുഖേനയും കേട്ടിട്ടുണ്ട. അദ്ദേഹത്തെ ഒരിക്കൽ കാണേണമെന്നുള്ള താല്പൎയ്യവും എനിക്ക കലശലായുണ്ട. ഗോപാലമേനോന്റെ എല്ലാ അവസ്ഥയും എനിക്ക തന്നെ നല്ല പരിചയമുള്ളതാണെല്ലൊ. അവർ രണ്ടുപേരും താങ്കളും ഉള്ളപ്പോൾ എല്ലാം ഇങ്ങിനെയല്ലാതെ വരാൻ തരമില്ല.

അ— മേ— ഈസ്റ്റർ കല്പനയിൽ താങ്കൾകൂടി വരുന്നതായാൽ അച്ഛനെ കാണ്മാനും മററും നല്ല അവസരമാണെല്ലൊ. അച്ഛൻ ആ സമയം കനകമംഗലത്തതന്നെ ആയിരിക്കും. ഞങ്ങളുടെ എല്ലാ അവസ്ഥയും താങ്കൾകൂടി അറിഞ്ഞിരിക്കേണ്ടതാണെല്ലൊ.

കുഞ്ഞിശ്ശങ്കരമേനോൻ ആലോചിക്കയായി. "എന്താണ അച്യുതമേനോൻ "അച്ഛനെ കാണ്മാനും മററും നല്ല അവസരമാണെല്ലൊ" എന്ന പറഞ്ഞിട്ടുള്ളതിന്റെ താല്പൎയ്യം? എന്റെ അന്തൎഗ്ഗതം ഇത്ര ക്ഷണത്തിൽ അച്യുതമേനോന മനസ്സിലായൊ? അത വേണ്ടില്ലയായിരുന്നു. ഞാൻ എന്തൊ വിഡ്ഢിത്വമെല്ലാം പറഞ്ഞിട്ടുണ്ടായിരിക്കണം. ച്ഛീ! കഷ്ടമായിപോയി. എനിക്ക ഇത്ര ഭ്രമവും പാരവശ്യവും ഉണ്ടെന്ന എന്റെ സ്നേഹിതനെ അറിയിക്കേണ്ടതില്ലയായിരുന്നു. ഇല്ല അദ്ദേഹം മനസ്സിലാക്കീട്ടുണ്ടായിരിക്കില്ല. ഞാൻ അങ്ങിനെയൊന്നും പറഞ്ഞിട്ടില്ലല്ലൊ. ഉണ്ടെങ്കിൽതന്നെ എനി എന്താണ നിവൃത്തി? കനകമംഗലത്തേക്ക പോകാതെയിരിപ്പാൻ

എന്റെ മനസ്സു അനുവദിക്കുമെന്ന തോന്നുന്നില്ല. മീനാക്ഷിക്കുട്ടിയെ കാണേണമെന്ന തന്നെയാണ എന്റെ മോഹം. രൂപലാവണ്യംകൂടിയുണ്ടെങ്കിൽ ഞാൻ ഭാഗ്യവാൻ തന്നെ സംശയമില്ല. സൌന്ദൎയ്യം ഇല്ലാതിരിക്കില്ല. അച്യുതമേനോനെ കണ്ടാൽതന്നെ നിശ്ചയിക്കാവുന്നതാണ. അദ്ദേഹം പരമസുന്ദരൻ. അതിസുമുഖൻ. മീനാക്ഷിക്കുട്ടിയും ഇതപ്രകാരമല്ലാതെ വരാൻ പാടില്ല. സൌശീല്യാദി ഗുണസമ്പന്നമാരായ സ്ത്രീകൾക്ക സൌന്ദൎയ്യം കൂടി അത്യാവശ്യമാണ. ഏതായാലും ഒന്ന കാണാതെ കഴികയില്ല. സൌന്ദൎയ്യദൎശനം കൂടാതെയുള്ള അനുരാഗത്തിന്ന യാതൊരുറപ്പും ഇല്ല. കണ്ടതിൽപിന്നെ വേണ്ട പോലെ നിശ്ചയിക്കാം" എന്നിങ്ങിനെ വിചാരിച്ച അല്പം ലജ്ജാഭാവത്തോടെ കുഞ്ഞിശ്ശങ്കരമേനോൻ പറഞ്ഞു. "ഒരു സമയം അങ്ങിനെ തന്നെ ചെയ്യാം. ഏതെങ്കിലും ആ കാൎയ്യത്തെപററി ആലോചിപ്പാൻ എനിയും അവസരമുണ്ടല്ലൊ. തടസ്ഥങ്ങൾ ഒന്നും നേരിടാത്തപക്ഷം ഞാനും ഒന്നിച്ച വരാം. എന്നാൽ നോം എനി കുളിച്ച ഊണകഴിപ്പാൻ നോക്ക. നേരം ഒമ്പത മണിയായി. എനിക്ക ഇന്ന അല്പം നേരത്തെ പോകേണ്ടുന്ന ഒരു കാൎയ്യം കൂടിയുണ്ട."

അപ്രകാരം ആവാമെന്ന നിശ്ചയിച്ച രണ്ടു പേരും സംസാരം നിൎത്തി എഴനീററു ഉടുപ്പുമാററി നിത്യത കുളിക്കും പ്രകാരം തന്നെ ഒന്നിച്ച കുളിയും ഊണും കഴിച്ച അച്യുതമേനോൻ തന്റെ ഒരു സ്നേഹിതനെ കാണ്മാൻ വേണ്ടി മൈലാപ്പൂരിലേക്കും കുഞ്ഞിശ്ശങ്കരമേനോൻ ഹൈക്കോട്ടിലേക്കും ഒരുമിച്ച വണ്ടികയറി പോകയും ചെയ്തു.

———:0:———

# ഒമ്പതാം അദ്ധ്യായം.

"പഞ്ചുമേനോൻെറ പരിഭ്രമം"

ആറാം അദ്ധ്യായത്തിൻെറ ഒടുവിൽ പ്രസ്താവിച്ചിട്ടുള്ളപ്രകാരം ഹേഡ്കൻസ്റ്റേബൾ കോലായിൽ ഇരുന്നു സുഖമായി ഒരുവട്ടം മുറുക്കു കഴിച്ചു കൊച്ചമ്മാളുവിൻെറ അളവില്ലാത്ത രൂപസൌന്ദൎയ്യവും നിശ്ചഞ്ചലമായ മനോഗാംഭീൎയ്യവും വിചാരിച്ചു വിചാരിച്ചു ആനന്ദ സമുദ്രത്തിൽ തലകീഴായി വീണു മുങ്ങി കരകാണാതെ വലഞ്ഞു വിവശനായിരിക്കുന്നമദ്ധ്യെ അവൾ രണ്ടാമതും അകത്തുനിന്നു പുറത്തേക്കു കടന്നുവന്നു. ലാവണ്യാതിശയത്തിൻെറ അധിഷ്ഠാനദേവതയായ ഇവളുടെ മുഖപ്രകാശത്തിന്നും ഭാവത്തിന്നും മുമ്പേത്തേതിലും അധികമായ ഒരു മാധുൎയ്യം ഇപ്പൊൾ നിശ്ചയമായും കൂടിട്ടുണ്ട- അവൾ കടന്നു വരുന്ന സമയം ശൃംഗാരരസം പരിവാരങ്ങളോടുകൂടി മുഖരംഗത്തിൽനിന്നു കൂത്താടുകയും അതുകണ്ടിട്ടു മന്ദാക്ഷംപോയി പതുക്കെ അവളുടെ കണ്ണിൽ ഒളിക്കുകയും ചെയ്തിട്ടുള്ളപ്രകാരം പഞ്ചുമേനൊന തോന്നിത്തുടങ്ങി- വാസ്തവം പറയുന്നതായാൽ ഇതൊന്നുമല്ല ഉണ്ടായിരുന്നത. വലത്തെ കയ്യിൽ ഒരുകിണ്ടി വെള്ളവും ഇടത്തേതിൽ ഒരു സ്ഫടികപാത്രം നിറച്ചു ചായയും കണ്ണുകളിൽ പ്രേമരസവും മുഖത്തു മന്ദാക്ഷംകൊണ്ടു അതിമനോഹരമായ മന്ദഹാസവും ആയിട്ടാണ ഇപ്പോൾ പുറത്തേക്കു വന്നിട്ടുള്ളത- കോലായിൽ കടന്നു ഉടനെ കിണ്ടിയും വെള്ളവും പഞ്ചുമേനോൻെറ അരികത്തു പടിയി

ന്മേൽ കൊണ്ടന്നുവെച്ചിട്ട അദ്ദേഹത്തിന്റെ മുഖത്തനോക്കി ചിരിച്ചുംകൊണ്ട പതുക്കെ പറഞ്ഞു. "ഒരുമയുണ്ടെങ്കിൽ ഉലക്കമെലും കിടക്കാം" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലൊ– ഞാൻ തെല്ലുചായ തെയ്യാറാക്കി കൊണ്ടന്നിട്ടുണ്ട– വിരോധമില്ലെങ്കിൽ ഇത വാങ്ങികഴിക്കാം. എന്നിട്ട വന്ന കാൎയ്യത്തെപ്പററി വേണ്ടപൊലെ പ്രവൃത്തിക്കുന്നതാണെ നല്ലത– എനിക്ക ചില സംഗതികൾ ഇവിടെ സവധാനത്തിൽ കേൾപ്പിപ്പാനും ഉണ്ടായിരുന്നു– അരനാഴികനെരം സംസാരിപ്പാൻ എനിക്ക അനുവാദം തരുന്നതായാൽ പരമാൎത്ഥം മുഴുവനും ഇവിടേക്ക മനസ്സിലാവാനും എന്റെ മനൊവ്യസനത്തിന്ന തല്ക്കാലം അല്പം ശാന്തിയുണ്ടാവാനും ഇടവരുന്നതായിരുന്നു. എനി എല്ലാം ഇവിട്ടത്തെഹിതം പോലെ ചെയ്യാം എന്ന മാത്രമെ എനിക്ക പറവാനുള്ളു." കൊച്ചമ്മാളുവിന്റെ മേൽ പങ്ങശ്ശമേനോന ഇപ്പോൾ എത്രൊണ്ട ഭ്രമവും ആസക്തിയും ഉണ്ടെന്ന പ്രസ്താവിക്കുന്നതിനെക്കാൾ ഇദ്ദേഹം കൊച്ചമ്മാളുവിന്റെ വിനോദത്തിന്ന വേണ്ടികൊണ്ടന്നുവെച്ചിട്ടുള്ള ഒരു യന്ത്രപ്പാവയാണെന്ന പറയുന്നതാണെ വളരെ എളുപ്പമായിട്ടുള്ളത. ഇവൾ കല്പിക്കും പ്രകാരം കേട്ട നടപ്പാൻ നോററംകൊണ്ട കാത്തിരിക്കുന്ന ഈ മഹാനുഭാവൻ ഇവളുടെ അവസാനത്തെ വാചകം കേട്ടപ്പോൾതന്നെ കൃതൎത്ഥാവക കഴിഞ്ഞു. ഈ ഭൂലോക മേനകയുടെ കയികൊണ്ട കാളകൂടവിഷം തന്നെ കൊട്ടക്കുന്നതായാലും യാതൊരുവൈമുഖ്യമൊ മടിയൊ കൂടാതെ വാങ്ങികഴിപ്പാൻ ഒരുക്കമുള്ള ഒരു മനുഷ്യന്ന ചായകുടിക്കുന്നതിൽ എന്തൊരു വിരൊധമാണെ ഉണ്ടാവാനിരിക്കുന്നത; പങ്ങശ്ശമെനോൻ മനസ്സുകൊണ്ട വിചാരിക്കയായി–,, വന്ന കാൎയ്യത്തെപ്പററി എന്താണിനി അന്വേഷിപ്പാനുള്ളത;

കേസ്സുമുഴുവനും ശുദ്ധമെ വ്യാജമാണെന്നും ചില വിരോധികളുടെ ദുർബ്ബോധനയിന്മേൽ ആ തെമ്മാടിപ്പട്ടര കൃത്രിമമായി ചില പത്രക്കെളുണ്ടാക്കി നല്ല തറവാട്ടുകാരിയും ചെറുപ്പക്കാരിയുമായ ഒരു സ്ത്രീയെ അപമാനിപ്പാൻ വേണ്ടി മനഃപൂർവ്വം ഇങ്ങിനെ ഒരുകേസ്സു കെട്ടിയുണ്ടാക്കി ഒരു ഹരജി കൊണ്ടുവന്നിട്ടുള്ളതാണെന്ന നാളത്തന്നെ വെടിപ്പായി റിപ്പോട്ടു ചെയ്യുകളയാം. ആ കള്ളക്കണ്ടുണ്ണിയെ കുറെ ഒന്ന പഠിപ്പിക്കേണമെന്ന വിചാരിച്ചിട്ടുണ്ടായിരുന്നു. ഈ കാൎയ്യത്തിൽ അതിനും അശേഷം തരമില്ലാതെയാണ വന്നിട്ടുള്ളത. ഇരിക്കട്ടെ— അത പിന്നെ ഒരിക്കലാക്കാം. പന്നി പടലിൽ തന്നെയല്ലെ? ഈ ശൃംഗാരലക്ഷ്മി— എന്റെ പ്രാണപ്രിയാ— ഈ മഹാസുന്ദരി കുററക്കാരിയാണെന്ന ജന്മനാ ഞാൻ റിപ്പോൎട്ടചെയ്യില്ല. "എല്ലാം എനി ഹിതംപോലെ ചെയ്യാം." എന്ന പറഞ്ഞതിന്റെ താല്പൎയ്യം എവിടെ കിടക്കുന്നു! ഹിതം പോലെ ചെയ്യാൽ മതി. മററു യാതൊന്നും വേണ്ട. വല്ലതും നാലൊ അഞ്ചൊ അങ്ങട്ടു കൊടുത്തു, കളയാം. അമ്പത പൌണ്ട കയ്യിൽ നിരത്തിവെച്ചു കൊടുത്താൽ പോലും ഈ ഒരു സമ്മതം ഇത്ര വേഗത്തിൽ കിട്ടുന്നതല്ല. എന്റെ മഹാ ഭാഗ്യം. ഇന്നാൾ പണിക്കര എന്റെ ജാതകം നോക്കിയപ്പോൾ പറഞ്ഞിട്ടുള്ളത യഥാൎത്ഥമായ ഫലമാണ. ഞാൻ വിചാരിക്കുന്ന കാൎയ്യം സാധിക്കാതിരിക്കില്ല. ഒത്ത ജാതകമാണ. ഇത എന്തൊരു സൌഭാഗ്യമാണ! ആളുകൾ തമ്മിൽ തല്ലും പിടിയും കൂടുന്നത കുററമല്ല. ഞാൻ ഈ സമീപമെങ്ങാനായിരുന്നു പാൎക്കുന്നത എങ്കിൽ ഒരു ഈച്ച പോലും ഈത്തൊടിക്കകത്ത കടക്കുന്നതല്ലായിരുന്നു. ഇത കണ്ടാൽ ആൎക്കാണ ഇളകിപ്പോകാത്തത? വിശ്വാമിത്രനും പരാശരനും മററും പണ്ടു

ഭ്രമിച്ചു എന്നു പറയുന്നത ആശ്ചൎയ്യമല്ല. ഇങ്ങിനത്തെ സൌന്ദൎയ്യം കണ്ടാൽ സാക്ഷാൽ ജഗദീശ്വരനും കൂടി ഭ്രമിച്ചു പോകും. എന്റെ സുകൃതപരിപാകം തന്നെ. ഏതായാലും കോന്തിമേനോനവൎകൾക്ക ഗുണം വരട്ടേ. അദ്ദേഹത്തിന്റെ കൃപകൊണ്ടാണ എനിക്ക ഇത്രോടം സാദ്ധ്യമായത" എന്നിങ്ങിനെ വിചാരിച്ച ചിരിച്ചുംകൊണ്ട പഞ്ചുമേനോൻ കസാലപ്പെട്ടിയെടുത്ത പടിയിന്മേൽ വെച്ച കിണ്ടിയിലെ വെള്ളം എടുത്തു മുഖം കഴുകി തീൎത്ഥവും പ്രസാദവും വാങ്ങുവാൻ ഭാവിക്കുന്നതൊ എന്ന കാണികൾ ശങ്കിക്കുമാറു അത്യാദരവോടെ കയി കാട്ടി. "അല്പംകൂടി താമസിക്കണെ. ഞാൻ അകത്ത പോയി മറ്റൊരു പാത്രംകൂടി എടുത്തുകൊണ്ട വന്നോട്ടെ" എന്നു പറഞ്ഞു ചായയും പിടിയിന്മേൽ വെച്ച വേഗത്തിൽ തന്റെ അറയിൽ പോയി ഒരു പാനപാത്രം എടുത്തുകൊണ്ടവന്നു. അതൊ മണിരാശിയിൽനിന്ന അതിമനോഹരമായി പണി ചെയ്യിച്ച വരുത്തീട്ടുള്ള ഒരു വെള്ളിപ്പാത്രമായിരുന്നു. ഏകദേശം നൂററമ്പതുറുപ്പിക വിലക്ക പോരും. പഞ്ചുമേനോന്റെ മുഖാന്തരം അത കിണ്ടിയിലെ വെള്ളംകൊണ്ട ഒന്നു രണ്ട പ്രാവശ്യം നല്ലവണ്ണം കഴുകിത്തോൎത്തിയതിൽ പിന്നെ ചായയിൽ മുക്കാലംശം എടുത്ത അതിൽ പകൎന്ന ഹേഡകൻസ്റ്റേബെളുടെ കയ്യിൽ കൊടുത്തു ബാക്കിയുള്ളത മുഴുവനും അവൾ കുടിക്കയും ചെയ്തു. പഞ്ചുമേനോനെ വശീകരിപ്പാൻ വേണ്ടി യാതൊരൌഷധവും ചായയിൽ ചേൎത്തിട്ടില്ലെന്നു അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി മാത്രമാണ ഇവൾ ഇങ്ങിനെ ഒരു സൂത്രം പ്രയോഗിച്ചിട്ടുണ്ടായിരുന്നത. എന്നാൽ അദ്ദേഹം ആളൊരു സമൎത്ഥനായിരുന്നതകൊണ്ട ഇതിന്ന വേറെ ഒരു ശ്രദ്ധാൎത്ഥമാണ മനസ്സിലാക്കീട്ടുണ്ടാ

യിരുന്നത. "അട്ടയുടെ കണ്ണു ദൃഷ്ടിലെചെല്ലു" എന്നൊരു പഴഞ്ചൊല്ലുണ്ടല്ലൊ.

കൊച്ചമ്മാളുവിൻെറ യുക്തിയുക്തമായ പ്രവൃത്തിയും ഔദാൎയ്യവും വിചാരിച്ച പങ്ങശ്ശമേനോൻ വൃഥാ അന്ധാളിച്ച അനേകമായിരം മനോരാജ്യങ്ങളുടെ അധീനത്തിൽ തൻെറ മനസ്സിനെ ഏല്പിച്ചുവെച്ചും കൊണ്ട അവൾ തൻെറ കയ്യിൽ വെച്ചുകൊടുത്തിട്ടുള്ള ചായതാനും കഴിച്ചു പരമസന്തുഷ്ടനായി അവളുടെ മുഖത്തനോക്കി ഒരു പച്ചപ്പുഞ്ചിരിതൂകി ഇപ്രകാരം പറഞ്ഞു.

പ. മേ. ഞാൻ ഈ വയസ്സിൻ കീഴിൽ അനേകം സ്ത്രീകളെ കണ്ടിട്ടും അവരോട സംസാരിച്ചിട്ടും ഉണ്ട- എല്ലാ ഗുണവും തികഞ്ഞിട്ട ഇങ്ങിനെ ഒരു യുവതിയെ ഞാൻ ഇതവരെ കണ്ടിട്ടില്ല. നിങ്ങൾ ഇപ്പോൾ ചെയ്തിട്ടുള്ളേയും ചെയ്യാൻ പോകുന്നെയും ഉപചാരങ്ങൾക്ക ഞാൻ ആജീവനാന്തം നന്ദിയുള്ളവനായിരിക്കും.

കൊച്ചമ്മാളു— അത ശരിയാണ- എല്ലാ ദുൎഗ്ഗുണവും തികഞ്ഞിട്ട ഇങ്ങിനെ ഒരുത്തിയെ കണ്ടിട്ടില്ല എന്നായിരുന്നു പറയേണ്ടത. കാണ്മാനും പ്രയാസംതന്നെയാണ.

പ— മെ— കഷ്ടം! ദുൎഗ്ഗുണം തികഞ്ഞിട്ടൊ! ശിവ ശിവ! കണ്ണുമുഖത്തുള്ള യാതൊരുമനുഷ്യനും അത ഒരിക്കലും പറയുന്നതല്ല. സ്ത്രീകളുടെ ഗുണദോഷത്തെപ്പററി തെല്ലൊരു പരിചയം എനിക്കും ഉണ്ടെ? കേവലം വങ്കന്മാരുടെ പട്ടികയിൽ എന്നേയും ചേക്കരുതെ.

കൊച്ചമ്മാളു— ഈ ദിക്കിൽ എന്നെപ്പോലെയുള്ള മററ യാതൊരു പെണ്ണും ഇല്ലെന്ന നിങ്ങൾക്ക മാത്രമല്ല ഈ നാട്ടിലുള്ള എല്ലാവക്കും നല്ലനിശ്ചയമുണ്ട. അ

തകൊണ്ടല്ലെ നിങ്ങൾ ഇവിടെ വന്ന ഇങ്ങിനെ ബുദ്ധിമുട്ടുവാൻ സംഗതിവന്നത? എന്റെ ഗ്രന്ഥം നിമിത്തമല്ലെ ഈ കൊലായി ഇങ്ങിനെ പൊടി പൊടിയായ്ത? എനിയും എന്തെല്ലാമാണ നിങ്ങൾ ചെയ്യാൻ വിചാരിച്ചിട്ടുള്ളത എന്ന ആര കണ്ടു?

പങ്ങശ്ശമേനോന ഇവളുടെ ഇപ്പഴത്തെ വാക്ക വലിയ വ്യസനകരമായിട്ടാണ തോന്നിയ്ത. തന്റെ മൗഢ്യത്തെപ്പററി വല്ലാതെ വിഷാദിച്ച പിന്നെയും ധൈര്യത്തോടെ പറഞ്ഞു.

പ— മെ— ഛി! ഛി! അതൊന്നും സാരമില്ല— കേവലം നിസ്സാരം— സൌന്ദൎയ്യവും മൎയ്യാദയും ഒന്നിച്ച കാണുമ്പോൾ ഇങ്ങിനെയുള്ള സ്ത്രീകളൊട പലക്കും അസൂയയും നീരസവും ഉണ്ടാകുന്നത സാധാരണമാണ. ചില പോക്കിരികൾ— ധിക്കാരികൾ— ശുദ്ധമെ പെരുക്കികൾ— ധൂൎത്തന്മാർ— ഇവററയുടെ മനോരഥം സാധിക്കാത്ത വെറുപ്പകൊണ്ട വല്ല തോന്ന്യാസവും കാട്ടുന്നത ആര കണക്കാക്കും. ഇതുകൊണ്ടൊന്നും നിങ്ങൾ ഒരു തൃണത്തോളം കൂട്ടാക്കേണ്ട. നിങ്ങളുടെ മാനം ഞാൻ രക്ഷിച്ചുതരും. നിങ്ങൾ എന്തു പറയുന്നുവൊ അത പ്രകാരം ഞാൻ ചെയ്യാതിരിക്കില്ല. കൊടുങ്ങല്ലൂർ ഭഗവതിതന്നാണെ പഴനിവേലായുധനാണെ ഞാൻചെയ്യാതിരിക്കില്ല. ഞാൻ സാധാരണ ചില ദിക്കുകളിൽ ചെന്നാൽ പ്രവൃത്തിച്ചു വരുന്നത പോലെ ചില കോപ്പിരാട്ടം കാട്ടീപ്പോയതിന്മേൽ നിങ്ങൾ മുഷിയരുതെ— അബദ്ധം എല്ലാവൎക്കും വരുന്നതല്ലെ വിശേഷിച്ച ഞാൻ ഒരു മുൻകോപിയാണ. ചില സ്ഥലത്ത അത കൂടാതെയും കഴികയില്ല. ഞാനിവിടെ വന്നസമയം

നിങ്ങൾ പുറത്തുണ്ടായിരുന്നുവെങ്കിൽ ഇതിനൊന്നും അവശേഷം ഇടവരുന്നതല്ലയായിരുന്നു.

കൊച്ചമ്മാളു- നിങ്ങൾ അധികാരം വിട്ട യാതൊന്നും പ്രവൃത്തിച്ചിട്ടില്ലല്ലൊ? ഞാൻ എന്തിനാണ പിന്നെ മുഷിയുന്നത? എനിക്ക ഒരു ലേശംമുഷിച്ചിലില്ല.

പ-മേ- എന്നാൽ ഞാൻ കൃതാൎത്ഥനായി- നിങ്ങൾക്ക എന്താണ എന്നോട പറവാനുള്ളത? ഞാൻ അത കേൾപ്പാനും അതപ്രകാരം ചെയ്യാനും ഒരുക്കമാണല്ലൊ.

കൊച്ചമ്മാളു- എനിക്ക മറ്റൊന്നുമല്ല പറവാൻ- അന്വേഷിപ്പാൻവേണ്ടി നിങ്ങൾ വന്നിട്ടുള്ള കാൎയ്യത്തെപ്പറ്റി മാത്രമാണ.

പ-മേ- കഷ്ടം! ഇതാണെനിക്ക നിങ്ങളോടുള്ള സുഖക്കേട- എനിയും സംശയം തീൎന്നിട്ടില്ലെ? എന്താണ- ഹെ- എന്നെ വിശ്വാസമില്ലാത്തത? നിങ്ങളുടെ മാനം ഞാൻ രക്ഷിച്ചുതരും എന്ന മുമ്പെതന്നെ ശപഥംചെയ്തു തന്നിട്ടില്ലെ?

കൊച്ചമ്മാളു- നിങ്ങൾ അങ്ങിനെ ഉറപ്പിച്ചിരിക്കുന്നുവെങ്കിൽ ഇന്ന ഇവിടെനിന്ന പോകരുത. ഊണ ഇവിടെ തെയ്യാറാക്കുന്നുണ്ട.

പ-മേ- ആശ്ചൎയ്യം- ഇന്ന ഇവിടെ താമസിപ്പാൻ നിങ്ങൾ എന്നെ അനുവദിക്കേണമെന്ന ഞാൻ അങ്ങട്ടപേക്ഷിക്കേണമെന്ന ഭാവിച്ചുംകൊണ്ടിരിക്കയാണ- ഊണില്ലെങ്കിലും വേണ്ടില്ല നാല ദിവസം ഒരുപോലെ പാൎപ്പാൻ ഞാൻ ഒരുക്കമാണ- നിങ്ങളുടെ ഈ ഒരു സമ്മതംതന്നെയാണ എനിക്ക ഊണ.

കൊച്ചമ്മാളു- ഇപ്പോൾ എന്റെ വ്യസനം പകുതി തീൎന്നു- ഞാൻ നിശ്ചയിച്ചപ്രകാരംതന്നെ കാൎയ്യംകലാ

ശിക്കുമെന്നു തോന്നുന്നു. എനി പറവാനുള്ളത മുഴുവനും ഊണു കഴിഞ്ഞതിൽപിന്നെ പറഞ്ഞോളാം.

പ-മേ- എന്നാൽ ഞാൻ ആ കൻസ്റ്റേബ്ളെ ഇങ്ങട്ട വിളിക്കട്ടെ- ആ കള്ളുക്കുണ്ടുണ്ണിമേനോനും പോയ്ക്കോട്ടെ- രാവിലെതന്നെ ചെടിപ്പ്രായി റിപ്പോട്ട ചെയ്യുകളയാം. അച്ചാപ്പട്ടർക്ക തല്ലുകൊണ്ട വേദനയുണ്ടെങ്കിൽ രണ്ട നാല ദിവസം നല്ലവണ്ണം എണ്ണ പുരട്ടി ഉഴിഞ്ഞു കുളിച്ചു കളയട്ടെ.

കൊച്ചമ്മാളു- ഓ- ഹൊ- കുണ്ടുണ്ണിമേനോൻ ഇവിടെയുണ്ടോ? നന്നായി- അയാളെ അയക്കാൻ വരട്ടെ- ഇങ്ങട്ട വിളിച്ചാൽവേണ്ടില്ല- എനിക്ക അയാളെക്കൊണ്ട തെല്ല ആവശ്യമുണ്ടായിരുന്നു- അയാളെ വിളിച്ചുകൊണ്ടരാൻ ഒരാളെ അയക്കാനാണ ഞാൻ വിചാരിച്ചിരുന്നത.

പ-മേ- നിങ്ങൾ അനാവശ്യമായി യാതോരു വട്ടവും കൂട്ടേണ്ട. എനിക്ക ഊണുതന്നെ വേണമെന്നില്ല- അത നിങ്ങൾ സമ്മതിക്കില്ലെങ്കിൽ ഒരു കാളനും ഇത്തിരിസ്സംഭാരവും രണ്ട കപ്പൽ മുളകുംമാത്രം മതി- വെറുതെ പണം എറിഞ്ഞുകളയണ്ട- ഭക്ഷണകാൎയ്യത്തിൽ എനിക്ക യാതോരു പ്രതിപത്തിയും ഇല്ല. വൃഥാ ഓരോന്ന തെയ്യാറാക്കി നേരം കളയരുത. വേഗത്തിൽ ഉറങ്ങാനാണ ശട്ടംകെട്ടേണ്ടത.

കൊച്ചമ്മാളുവിന്ന ഇതെല്ലാം കേട്ടപ്പോൾ വല്ലാതെ ചിരിവന്നു. ഇദ്ദേഹത്തിന്റെ പുറപ്പാടും തിരനോക്കും ഇപ്പോഴത്തെ പതിഞ്ഞാട്ടവും മററും വിചാരിച്ചു ഇവൾ വല്ലാതെ ആശ്ചൎയ്യപ്പെട്ടു. എങ്കിലും അതൊന്നും ലേശം പുറത്ത കാട്ടാതെ മന്ദസ്മിതം തൂകിക്കൊണ്ട പിന്നെയും പറഞ്ഞു.

കൊച്ചമ്മാളു— ഉറക്കിന്റെ കാൎയ്യത്തിൽ തരക്കേടില്ലാതാക്കിയാൽ പോരെ? എട്ട മണിക്കതന്നെ ഉറക്കത്തിന്ന വേണ്ടത്തക്ക ചട്ടംചെയ്യു കളയാം. അതുകൊണ്ട സുഖക്കേടവേണ്ട— എല്ലാം ക്ഷണനേരത്തിൽ നിവൃത്തിക്കാം. കുളിക്കണ്ടെ? വഴി നടന്നതിനാൽ വിയൎത്തിട്ടുണ്ടായിരിക്കാം.

പ-മേ— കുളിക്കാതെ ഏതായാലും പാടില്ല— അല്ലാഞ്ഞാൽ ഉറക്കിന്ന ലേശം സുഖമുണ്ടാകയില്ല. കുളിക്കുന്നത ഏത സംഗതികൊണ്ടും നല്ലതാണെല്ലൊ— ചിറയിലെ വെള്ളവും നന്ന- പിന്നെ എന്തിനാണ മടിക്കുന്നത?

കൊച്ചമ്മാളു— എന്നാൽ ഒരുമിച്ച വന്നാളെ ഇങ്ങട്ട വിളിക്കരുതെ? കുണ്ടുണ്ണിമേനോനും ഇരിക്കട്ടെ— അയാളോട ഇത്തിരി ഒന്ന നല്ലോണം പറഞ്ഞേക്കണം.

പ-മേ— എരേമ്മൻ നായരെ! ഇങ്ങട്ട വരൂ. കുണ്ടുണ്ണിമേനോനും വരട്ടെ— നേരം സന്ധ്യയായിത്തുടങ്ങി.

എരേമ്മൻനായരും കുണ്ടുണ്ണിമേനോനും ഈ അവസരത്തിൽ ഉള്ളുക്കിനജ്ഞപിച്ച കയ്യിൽപിടിച്ചുംകൊണ്ട ഇരിക്കയില്ലയായിരുന്നു. ഇടവഴിയിൽ ഇറങ്ങിയ മുതല്ക്കു കാൎയ്യത്തിന്റെ പരമാൎത്ഥം അറിവാൻവേണ്ടി എരേമ്മൻ നായര പല സൂത്രങ്ങളും പല വിദ്യകളും എടുത്ത പ്രയോഗിച്ചുനോക്കി. എന്നാൽ അതൊന്നും കുണ്ടുണ്ണിമേനോന്റെ അടുക്കെ ഒരു അണുവോളും ഫലിച്ചില്ല. അയാൾ രാജ്യംമുടിക്കുന്ന കള്ളനാണെത്രെ. ഒന്നൊ രണ്ടൊ പ്രാവശ്യം ജേൽശിക്ഷയുംകൂടി അനുഭവിച്ചിട്ടുണ്ട. ആൾ ബഹു പോക്കിരിയും നിൎദ്ദയനും ദേവേന്ദ്രനെപ്പോലും ബഹുമാനമില്ലാത്തവനും ആണ. പങ്ങശ്ശമേനോനല്ല പറങ്ങോടശ്ശമേനോൻ താൻതന്നെ ചോദിച്ചാലും ഇയ്യാൾ

നേരപറയുമെന്ന ആരും വിചാരിക്കേണ്ട. ഈ വികൃതിയെ ഈ നാട്ടുകാൎക്ക മുഴുവനും ബഹു ഭയമുണ്ട. എന്തു ചെയ്യുന്നതിന്നും ഒരു ലേശം ധൈൎയ്യക്ഷയമൊ ലജ്ജയൊ ഇല്ലാത്ത ഒരു രാക്ഷസനാണ. കൊച്ചമ്മാളുവിനെ ഇത്ര വഷളാക്കിത്തീൎത്തത ഈ ദുഷ്ടജന്തുവാണ. ഈയാൾ പറയുന്നതിനെ നിരസിച്ചു നടപ്പാൻ ഇവൾക്ക അശേഷം ധൈൎയ്യമില്ല. ശങ്കരനെമ്പ്രാന്തിരി ഇവനെ തന്റെ പാട്ടിൽവെച്ചുകൊണ്ട നടക്കയാണ ചെയ്യുന്നത. കുണ്ടുണ്ണിമേനോന്റെ സമ്മതം മുൻകൂട്ടി വാങ്ങിയല്ലാതെ അസ്തമിച്ചാൽപിന്നെ കടവത്തെ തൊടിക്കകത്ത കടപ്പാൻ യാതൊരാൾക്കും ഉറക്കയില്ല. ഇങ്ങിനെയെല്ലാം ഇരിക്കുന്ന ഇയ്യാളെ ഏരേമ്മൻനായര ഒട്ടുവിൽ ഒന്ന ചെണ്ട കൊട്ടിച്ചു. സാമദാനങ്ങൾകൊണ്ട ഒരു പ്രയോജനവും ഇല്ലെന്ന കണ്ടാറെ ഏരേമ്മൻനായര പിന്നെയും ഒരു വിദ്യയെടുത്തു. അതു പററുമെങ്കിൽ പററട്ടെ- അല്ലെങ്കിൽ പോട്ടെ എന്നുമാത്രം വിചാരിച്ച പ്രയോഗിച്ചതാണ. ഏരേമ്മൻനായര ചോദിക്കയായി. "അല്ലെ- കുണ്ടുണ്ണിമേനോനെ- നിങ്ങളെ എത്രവട്ടം ശിക്ഷിച്ചിട്ടുണ്ട? ഏതെല്ലാം കാൎയ്യത്തിലാണ നിങ്ങൾ ജേലിൽ കിടന്നിട്ടുണ്ടായിരുന്നത? അതും ഇല്ലെന്നു പറഞ്ഞോളിൻ- സൎക്കാർരേഖയിൽപെട്ട കാൎയ്യം മറച്ചുവെപ്പാൻ ഭാവമുണ്ടെങ്കിൽ അതുതന്നെ ഒരു കുററമായിരിക്കും. ഹേഡകൻസ്റ്റേബൾക്ക നിങ്ങളെ നല്ലവണ്ണം അറിയാം. വല്ലതും തെല്ലൊന്നു ചിലവുചെയ്തു നിങ്ങൾ നിങ്ങടെ പാട്ടിൽ പൊയ്ക്കോളിൻ. വേണ്ടാത്ത വെട്ടിക്കൂട്ടത്തിൽപ്പെട്ട നട്ടംതിരിയണ്ട. കപ്പുകിളുക്കുംതോറും ഓട്ടിന്റെ കണ്ടം കാണാതിരിക്കില്ല. ഉറപ്പികപോയാൽ പിന്നെയും പ്രയത്നംചെയ്തു സമ്പാദിക്കാം. മാനം കെട്ടുപോയാൽ നാം പിന്നെ ഇരുന്നിട്ടു

എന്താണ? പത്തുറുപ്പിക ചിലവചെയ്യുമെങ്കിൽ ഞാൻ എല്ലാം നേരെയാക്കിത്തരാം. നിങ്ങൾക്ക നല്ല പുതിയ മനസ്സുണ്ടെങ്കിൽ മാത്രം ചിലവചെയ്യുാൽമതി. ഈ കാൎയ്യത്തിൽ നിങ്ങൾ ഇത്തിരി ബുദ്ധിമുട്ടാനാണ ഇടയുള്ളത. ഏപ്പുര നിങ്ങളെ ചാൎജ്ജിവെക്കാനാണ ഭാവം– ചാൎജ്ജ് വെക്കുന്ന പക്ഷം വെടിമരുന്നിന തീ കൊടുത്ത പോലെ ശിക്ഷ കൂടങ്ങിയത തന്നെ–കഴിയുമെങ്കിൽ ഒഴിഞ്ഞു പോവാൻ നോക്കിക്കോളിൻ" എരമ്മൻനായര പറഞ്ഞത കേട്ടപ്പോൾ കുണ്ടുണ്ണിമേനോൻ മനസ്സുകൊണ്ട വിചാരിച്ചുതുടങ്ങി– "കൊച്ചമ്മാളു ഒരു സമയം നേരെല്ലാം ആക്കരിപ്പിനോട പറയാനും മതി–ആ കണ്ടമാല വലിയ ശുണ്ഠിക്കാരനാണ– എന്നെപ്പിടിച്ച വട്ടത്തിലാക്കാൻ മടിക്കില്ല. വല്ലതും നാലഞ്ചുറുപ്പിക ഈ കഴുവിന കൊടുത്തുകളയാം. ഒരുവിധത്തിൽ തെററിപ്പോകുന്നതതന്നെയാണ നല്ലത. ഇവനച്ചുട്ടുപോട്ടെ– അഞ്ചുറുപ്പിക ഇവന്റെ പിണ്ഡച്ചിലവിലേക്കവേണ്ടി കൊടുത്തുകളയാം" എന്നിങ്ങിനെ വിചാരിച്ച വേഗം തന്റെ കോന്തലകഴിച്ചു നേരത്തെ അയ്യാപ്പട്ടര കൊടുത്തിട്ടുണ്ടായിരുന്ന നാലുറുപ്പികയും വിരലിന്മേലുണ്ടായിരുന്ന തമ്പാക്കമോതിരവും കൂടി എരമ്മൻനായരുടെ കയ്യിൽ വെച്ചുകൊടുത്തിട്ട പറഞ്ഞു– "ഇത്രമാത്രമെ തൽക്കാലം ഞാൻ വിചാരിച്ചാൽ നിവൃത്തിയുള്ളു– പോരാത്തത ഒക്കെയും ഞാൻ പിന്നെയൊരിക്കൽ തരാതെയിരിക്കില്ല. ഇത നിങ്ങൾ സ്വന്തം എടുത്തോളിൻ– ഹേഡകൺസ്റ്റേബളോട ഒന്നും പറയണ്ട– ഞാൻ എന്റെപാട്ടിൽ പോയ്ക്കോട്ടെ– എന്നെ എന്തിനാണ വെറുതെ ഉപദ്രവിക്കുന്നത? നിങ്ങളാണ ഞാൻ ഈ കാൎയ്യം ഒറക്കത്തകൂടി അറിയില്ല– നിങ്ങൾക്ക താല്പൎയ്യമുണ്ടെങ്കിൽ ഞാൻ ഒരുകാൎയ്യംകൂടി ചെയ്യുതരാം– അത വേ

റെ വിധത്തിൽ നിങ്ങൾക്ക ഈ ജന്മം സാധിക്കയില്ല- നിങ്ങൾ ഒരുകാൽപയിസ്സ ചിലവചെയ്യണ്ട" എന്നുപറഞ്ഞ എന്തോ ചിലത ചെവിട്ടിൽ മന്ത്രിച്ചു- എരേമൻനായൎക്ക ആകപ്പാടെ ബഹുസന്തോഷമായി- കുണ്ടുണ്ണിമേനോന്റെ മന്ത്രം നല്ലകണക്കിൽപററി- എരേമൻനായരുടെ ഇതുവരെയുള്ള എല്ലാമാതിരിയും ഒന്നുമാറി അദ്ദേഹം കുണ്ടുണ്ണിമേനോന്റെ കയിപിടിച്ചു ചിരിച്ചുംകൊണ്ട മോതിരം ആയാളുടെ വിരലിന്മേൽതന്നെയിട്ട ഇപ്രകാരം പറഞ്ഞു. "ഇരിക്കട്ടെ നിങ്ങൾ ഭ്രമിക്കാതിരിക്കിൻ ഹേഡ് കൺസ്റ്റേബൾക്ക ഈ കാൎയ്യത്തിൽ നിങ്ങളുടെ ഒരു പുല്ലുപോലും മുറിക്കാൻ കഴികയില്ല- നിങ്ങളോട എന്തുതന്നെ ചോദിച്ചാലും എത്രതന്നെ കുഴക്കുത്തിയാലും നിങ്ങൾ ഒരുത്തരത്തോളം കൂട്ടാക്കണ്ട- അന്വേഷിച്ച വിവരത്തിന്ന റിപ്പോൎട്ടചെയ്യുകയല്ലാതെ മൂപ്പൎക്ക ഈ കാൎയ്യത്തിൽ മററയാതൊരധികാരവുമില്ല- കുററം വിസ്തരിക്കേണ്ടതും തീൎച്ചചെയ്യേണ്ടതും മജിസ്ത്രേട്ട എജമാനന്റെ പ്രവൃത്തിയാണ- ഇദ്ദേഹത്തിന്റെ തൊള്ളപ്പിട്ടിനൊന്നും നിങ്ങൾ കുഴങ്ങണ്ട. ഹേഡ്കൺസ്റ്റേബൾമാരുടെ റിപ്പോൎട്ടിന്ന ആരാണവിലവെച്ചിട്ടുള്ളത ? അതിലുംവിശേഷിച്ച ഇദ്ദേഹം രണ്ടുകയികൊണ്ടും വാങ്ങുന്ന ഒരാളാണെന്ന മജിസ്ത്രേട്ടെജമാനന്നതന്നെ നല്ല വിശ്വാസമുണ്ടത്രെ- എന്തുതന്നെ കിട്ടിയാലും ഒരു ഹേഡ്കൺസ്റ്റേബൾ ഒരുകാശപോലും ഞങ്ങൾക്കാൎക്കും തരുന്നചട്ടമില്ല- "അടികൊള്ളാൻ ചെണ്ടയും പണംകെട്ടാൻ മാരാരും" എന്നമാതിരി അങ്ങട്ടും ഇങ്ങട്ടുംമണ്ടിച്ചുബുദ്ധിമുട്ടാൻ ഞങ്ങളും കിട്ടുന്നത മുഴുവനും കയ്ക്കലാക്കാൻ മൂപ്പരും ആണ. നിങ്ങളെ തകരാറാക്കാനാണ പുറപ്പാടെങ്കിൽ ഞാൻ ഒരു കൌശലംപറഞ്ഞുതരാം- എമ്പ്രാന്തിരിയോട എഴുപത്തഞ്ചുറുപ്പികകയിക്കൂലി വാങ്ങി

യിരിക്കുന്നു എന്ന നാലഞ്ചാളെ സ്വാധിനംപിടിച്ച നിങ്ങ ങ്ങളും ഒരന്യായംകൊണ്ടചെല്ലിൻ കാണട്ടെ കളി- നിങ്ങ ൾ മിണ്ടാതിരിക്കിൻ- മൂപ്പര തലകുത്തിമറിയുന്നത ഞാൻ കാണിച്ചുതരാം- ഈ ചാട്ടന്നതൊന്നും നിങ്ങൾ കാൎയ്യമാ ക്കെണ്ട. കൊച്ചമ്മാളുകണ്ടാൽ ഒട്ടുഭേദമല്ലൊ. അദ്ദേഹം ഇ പ്പോൾ പട്ടിപോലെയാവും- കണ്ടില്ലേ മൂപ്പരുടെ ശൃംഗാ രിപ്പുറപ്പാടും അന്വേഷിപ്പാൻവന്ന സമയവും- ഇവി ടെ കടന്നവീഴാൻ ഒരു ഹേതു കിട്ടാഞ്ഞിട്ട കിടന്ന പിടക്ക യായിരുന്നു- എനിക്കുറെനാളത്തേക്ക ഇവിട്ടന്ന പോ കുമെന്നുംമററും വിചാരിക്കേണ്ട. അട്ടപ്പചുഴററിയിട്ട പൂ ച്ചയെപ്പോലെ എനി ഇവിട്ടന്ന വിടില്ല- പത്തോ പതി നഞ്ചൊ ഉരുൾ വിശേഷമോതിരമുണ്ടായിരുന്നു- ആ വിര ലിന്മെൽ കണ്ട രണ്ടുരുൾമാത്രമെ എനി ബാക്കിയുള്ളു- അ ത ഇന്ന കൊച്ചമ്മാളുനും കൊട്ടക്കും. അവൾക്ക എല്ലാം കൊണ്ടും നല്ലകാലംതന്നെ"

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോളാണെ പങ്ങശ്ശ മേനോൻ വിളിച്ചിട്ടുണ്ടായിരുന്നത- എരേമൻനായര ഉ റപ്പിക ഒരുകണ്ടം കടലാസ്സിൽചുരുട്ടി അടിക്കുപ്പായത്തി ന്റെ കീശ്ശയിലിട്ടു കുണ്ടുണ്ണിമേനോനെ മുമ്പിൽനടത്തി ക്കൊണ്ട പങ്ങശ്ശമേനോന്റെ അരികെചെന്നു ഓഛാനി ച്ചുനിന്നു- അപ്പോൾ പങ്ങശ്ശമേനോൻ കുണ്ടുണ്ണിമേനോ നെ അരികത്തവിളിച്ചു അല്പം സന്തോഷഭാവത്തോടെ ചിരിച്ചുംകൊണ്ട പറഞ്ഞു.

പ-മെ- കുണ്ടുണ്ണിമേനോൻ യാതൊന്നും പരിഭ്രമിക്കണ്ട. കാൎയ്യം എന്തെങ്കിലും ആട്ടെ അതെല്ലാം നമുക്ക വെ ടിപ്പാക്കാം- ഞാൻ ഇന്ന പോണില്ലെന്നാണെ വി ചാരിക്കുന്നത. നേരം അസമയമായി- കൊച്ചമ്മാ ളുഅമ്മ ഉണ്ണാനും ക്ഷണിച്ചിട്ടുണ്ട. അതുകൊണ്ട

ഇന്ന ഇവിടെതന്നെ പാൎത്തുകളയാം— എന്താണ കുഞ്ഞുണ്ണിമേനോൻ ഒന്നും മിണ്ടാത്തത? ഞാൻ ഇന്ന പോണില്ലെന്ന വെച്ചതകൊണ്ട കുഞ്ഞുണ്ണിമേനോന വല്ലവിരോധവും ഉണ്ടൊ?

കു-മെ— നാരായണ! നാരായണ!! എന്താണ ഇങ്ങിനെ കല്പിക്കുന്നത? എനിക്ക വിരോധമൊ? എനിക്കുള്ള സന്തോഷം പറഞ്ഞാലൊട്ടങ്ങില്ല— ഇന്ന പോവാനയക്കരുതെന്ന ഞാൻ ആദ്യംതന്നെ വിചാരിച്ച കാൎയ്യമായിരുന്നു— അതിലേക്ക ഭാവിച്ചപ്പോൾ യജമാനൻ എന്തൊ ശങ്കിച്ച വെറുതെ കലശൽകൂട്ടിയുകൊണ്ട ഞാൻ ഭയപ്പെട്ടു പിന്നെ ഒന്നും മിണ്ടാതിരുന്നതാണ.

പ-മെ— കഷ്ടം തന്നെ. ഞാൻ കുഞ്ഞുണ്ണിമേനോനോടും ഇവിടുത്തെ അമ്മയോടും വെറുതെ ഇത്തിരി ശണ്ഠയിട്ടുപോയി. ആളെ അറിയാഞ്ഞാൽ അങ്ങിനെയെല്ലാം വരുന്നതാണ. കുഞ്ഞുണ്ണിമേനോന അതുകൊണ്ട എന്റെ നേരെ വല്ല സുഖക്കേടും ഉണ്ടൊ?

കു-മെ— ശിവശിവ! എനിക്ക സുഖക്കേടൊ? ആരൊട? ഇന്ന പോണില്ലെന്ന വെച്ചത എനിക്ക വലിയ സന്തോഷായി. എല്ലാ വിവരവും യജമാനനെ അറിയിക്കാലൊ

പ-മെ— എരെന്മൻനായരെ, നമുക്ക ഒന്നിച്ച നാളെ രാവിലെ പോകാം വന്നകാൎയ്യം എല്ലാം ഇന്ന രാത്രികൊണ്ട തന്നെ നമുക്ക വെടിപ്പാക്കിക്കളയാം. ഭക്ഷണം ഓരോന്ന തിന്ന് പോയ്ക്കോട്ടെ

എരെന്മൻനായര ഇതെല്ലാം കെട്ടമനസ്സുകൊണ്ട വിചാരിച്ചു തുടങ്ങി. "കഷ്ടം! മൂപ്പര കൊച്ചന്മാളുവിന്റെ വലയിൽ കുടുങ്ങിപ്പോയി! മറ്റെല്ലാം എത്രവേഗം കൊണ്ട

മാറിപ്പോയി? ഞാനെന്തിനാണ വെറുതെ താമസിക്കു ന്നത? വന്ന കാൎയ്യം ഇന്നേത്തെ രാത്രികൊണ്ട വെടിപ്പാ ക്കുന്നത തന്നെ. സംശയിക്കണ്ട. അതിനുള്ള പുറപ്പാ ടല്ലെ കാണുന്നത? ഇത എന്തോരു ഗിളിച്ചബായനാണ? പ ണം വാങ്ങുന്നതായിരുന്നെങ്കിൽ ഒരു നിമിഷം കൊണ്ട വ ല്ലതും ഇരുന്നൂറുറുപ്പികയിൽ കുറയാതെ കിട്ടുമായിരുന്നു. അതു മുമ്പിനാൽ വാങ്ങിക്കീശയിൽ ഇട്ടിട്ടല്ലെ ഉതെല്ലാം ആലോചിക്കേണ്ടത? മനുഷ്യന്മാൎക്ക ഉളുപ്പില്ലാഞ്ഞാൽ എ ന്തൊരു നിവൃത്തിയാണ? ആയ്ക്കോട്ടെ. എനിക്കെന്താണ ചേതം? ഞാൻ ഏതായാലും വെറുതെ ആയിട്ടില്ല. നാലുറു പ്പിക കിട്ടീട്ടുണ്ട. അത്രയെങ്കിലും ആയി. മൂപ്പര ഇന്ന ആരെ എപ്പോഴാണ തൊഴുതു കമ്പിടാൻ പോകുന്നത എന്ന എനിക്ക മനസ്സിലാകുന്നില്ല, എന്നിങ്ങിനെ വിചാരിച്ച എരെമ്മൻ നായര പറഞ്ഞു.

എരെമ്മൻനായര– എനിക്ക സ്റ്റേഷനിൽ ഇന്ന പാറാവു ണ്ടല്ലൊ. നാളു രാവിലെക്ക ഞാൻ ഇവിട എത്തി യാൽ പോരെ? പാറാവുമുടക്കം ചെയ്തുകൊണ്ട വ ല്ല ആക്ഷേപവും വന്നാൽ അത തരക്കേടല്ലെ?

പ–മെ– ആരാണ ആക്ഷേപിക്കാൻ പോണത? ആ ക്ഷേപിക്കേണ്ടവൻ ഞാനല്ലെ? താനിന്ന പാറാ വിന്ന പോകണ്ട. നമുക്ക ഒന്നിച്ച പോകാം. താ നില്ലാഞ്ഞാൽ ഒന്നും തരമാവില്ല.

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്നമദ്ധ്യെ കൊച്ചമ്മാളു കുട്ടുണ്ണി മെനോനെ അകത്തേക്ക വിളിച്ച ചിലതെല്ലാം സംസാരിപ്പാൻ തുടങ്ങി. "അത തന്നെയാണ വേണ്ട ത ഞാൻ തന്നെ പോയ്ക്കൊള്ളയാം. ക്ഷണത്തിൽ ഞാൻ മടങ്ങി വരാം" ഇങ്ങിനെ കുട്ടുണ്ണിമേനോൻ ഇടക്കിട ക്ക പറഞ്ഞിട്ടുള്ള മറുപടി എങ്ങിനെയൊ പഞ്ചുമേനോൻ

കേട്ടു. തന്നെ സല്ക്കരിപ്പാൻ വേണ്ടി വല്ലതിനും പറഞ്ഞയക്കയാണെന്നു വിചാരിച്ചു ഈ വിഡ്ഢി ഇരുന്ന ദിക്കിൽ നിന്നു വിളിച്ചു പറഞ്ഞു തുടങ്ങി. "ഹേ കുണ്ടുണ്ണി മേനോൻ. എനിക്ക യാതൊന്നും ആവശ്യമില്ല. വെറുതെ പണം ചെലവു ചെയ്യണ്ട. നിങ്ങൾ ഇങ്ങട്ട വരിൻ. ഞാൻ ഒന്നുപറഞ്ഞോട്ടെ- എനിക്ക ഒരുസാധനവും വേണ്ട നിങ്ങളാണെ വേണ്ട" ഇങ്ങിനെ തിരക്കകൂട്ടിത്തുടങ്ങി. അങ്ങിനെയിരിക്കെ കുണ്ടുണ്ണിമേനോനും അയാളുടെ വഴിയെ കൊച്ചമ്മാളുവും കോലായിലേക്ക കടന്നുവന്നു. ഹേഡ്കൺസ്റ്റേബൾ രണ്ടാമതും നൊടിഞ്ഞുതുടങ്ങി. "ഛി! ഛി!! ഇതൊന്നും ആവശ്യമില്ല-നിങ്ങളെ ഉപദ്രവിക്കാനല്ല ഞാനിവിടെ വന്നിട്ടുള്ളത. എനിക്ക കൊച്ചമ്മാളു അമ്മേടെ കയികൊണ്ട ഒരുപിടിച്ചോറ കിട്ടിയാൽ മാത്രംമതി- അത എനിക്ക അമൃതിനെക്കാൾ അതിരസമുള്ളതായിരിക്കും- ഹെ- കുണ്ടുണ്ണിമേനോൻ, താങ്കൾ വൃഥാ അങ്ങുമിങ്ങും മണ്ടി നട്ടംതിരിച്ചിലുണ്ടാക്കേണ്ട" പഞ്ചുമേനോൻ ഒരാപറഞ്ഞതൊന്നും എരമൻനായക്ക അശേഷം രസമായില്ല. അയാൾ മനസ്സുകൊണ്ട ശകാരിച്ചുതുടങ്ങി. "തനിക്കവെണെങ്കിൽ വേണ്ടുന്ന ആളുകൾ ആയ്ക്കോളും. ഓ ഹൊ, വെണ്ടാത്തമനുഷ്യൻ എനിക്കറിയാം- എന്തിനാണെ വമ്പുപറയുന്നത. ഞാൻ അറിഞ്ഞുവമ്പല്ലെ? എനിക്ക അതെങ്കിലും ഇത്തിരി കഴിക്കരുതെ? മറ്റുള്ള എല്ലാസുഖവും ഇന്നതാനായ്ക്കോളൂ" എരമൻനായര ഇങ്ങിനെ ഓരോന്ന വിചാരിച്ചു പഞ്ചുമേനോനെ മനസ്സിൽ ശപിച്ചുംകൊണ്ട നില്ക്കുമ്പോൾ കുണ്ടുണ്ണിമേനോൻ അയാളെവിളിച്ചു അകത്തേക്ക കൊണ്ടുപോയിട്ട സ്വകാര്യം പറഞ്ഞു.

കു-മെ- ഞാൻ നേരെത്തന്നത ഇങ്ങട്ടുതന്നെ കാണട്ടെ- ചിലതെല്ലാം മേടിച്ചുകൊണ്ടുവരേണ്ടതുണ്ട. തല്ക്കാ

ലം ഇവിടെ മററുപണം ഇല്ല. നാളെപോകുമ്പോൾ ഞാൻതന്നെ അത തിരികെ തരാം- വേഗം തരിൻ- ഞാൻ പോയ്ക്കോട്ടെ.

എരേമൻനായര- "യാതൊന്നുംവേണ്ട" എന്നല്ലെ മൂപ്പര പറഞ്ഞിട്ടുള്ളത? അതകേൾക്കാതെ നിങ്ങൾ പോയിട്ട വല്ലതും കൊണ്ടുവന്നുവെച്ചാൽ മൂപ്പരമുഷിയാതിരിക്കയില്ല- പിടിച്ചതിലെ മുറിക്കുന്ന ഒരു മനുഷ്യനാണ അദ്ദേഹം. വെറുതെ പണംചിലവിട്ട സുഖക്കേട ഉണ്ടാക്കുന്നത എന്തിനാണ? അദ്ദേഹത്തിന്ന ഇന്ന ഇനവകക്കൊന്നും ആവശ്യമില്ല്യ? നിങ്ങൾ ഒരുദിക്കിലും പോകണ്ടെ?

കു-മെ- കൊച്ചമ്മാളുഅമ്മ അതകൂടാതെ കഴികയില്ലെന്നു പറഞ്ഞു ബുദ്ധിമുട്ടിക്കുന്നു. വേകുന്നപുരയിന്നവാരുന്നത ലാഭം. ഇത്തിരിയെല്ലാം നമുക്കും ആവരുതൊ? ഞാൻപോട്ടെ. പറഞ്ഞ താമസിപ്പാൻ തരമില്ല. പണംകാണട്ടെ.

എ-ന- കൊച്ചമ്മാളുഅമ്മയുടെ ആവശ്യമാണെങ്കിൽ പണം ആയമ്മ തരില്ലെ? നിങ്ങളുടെ പണം എന്തിനാണ ചിലവചെയ്യുന്നത? നാളരാവിലെ തിരികെത്തരാനും വാങ്ങാനും എല്ലാം പ്രയാസമായിരിക്കും- അത ഒരുസമയം മൂപ്പര അറിഞ്ഞെന്നും വന്നേക്കാം- വേറെവല്ലവിധത്തിലും, നിവൃത്തിച്ചോളിൻ.

കു-മെ- (അല്പം വെറുപ്പോടെ) കളിപോട്ടെ- എന്റെ ഉറുപ്പിക തരിൻ- മടങ്ങിത്തന്നിട്ടില്ലെങ്കിൽ അത്ര കണക്കവെച്ചാൽമതി- എന്റെ പണവുംവാങ്ങിക്കൊണ്ടു മിണ്ടാതെ പോയ്ക്കളയാമെന്ന നിങ്ങൾക്ക തോന്നിയെല്ലൊ? കുണ്ടുണ്ണിയെ നിങ്ങളാരും അറിയില്ല-ഞാനൊരുകാശും തരില്ല്യ- പണം മടക്കിത്തന്നിട്ടില്ലെ

ങ്കിൽ നിങ്ങൾപറഞ്ഞ എല്ലാവിവരവും ഞാൻ ഇപ്പോൾ ഹേഡ് കൻസ്റ്റേബാളോടചെന്നു പറയും- തരുന്നുണ്ടോ ഇല്ലയൊ?

എരേമൻനായര പ്രയോഗിച്ചിട്ടുണ്ടായിരുന്ന കൌശലം മുളച്ചുവന്നപാടതന്നെ ഉണങ്ങിപ്പോയി- അയാൾക്ക ആകപ്പാടെ പരിഭ്രമമായി. "ഇവൻ എന്നെ പററിച്ചു- കിട്ടിയത അങ്ങട്ടതന്നെ കൊടുക്കേണ്ടിവന്നെല്ലൊ? ഇത മുപ്പതുണ്ടാക്കിത്തീൎത്ത സ്വല്പയല്ലെ? ഈ ശനിയെ അടുക്കെ വിളിച്ചു താളുംപറയേണ്ടുന്ന ആവശ്യം ഉണ്ടായിരുന്നൊ? അതല്ലെ ഇവൻ ഇപ്പോൾ ഇത്രമുമ്പോട്ട വെച്ചത? ഈ ഗുരുത്വംകെട്ടോനെ വിശ്വസിച്ചു ചിലതെല്ലാം പറഞ്ഞുപോയല്ലൊ? ഞാനല്ലെ എല്ലാംകൊണ്ടും ഇപ്പോൾ അറവഷളനായത? ഇവനെ നായപറിച്ചുപോട്ടെ- ഇടിവെട്ടിപ്പോട്ടെ- ഒടുക്കത്തിലെ കുരുപ്പ എന്നെതോല്പിച്ചുവെല്ലൊ? നിന്നെച്ചുട്ടുപോട്ടെ" എന്നിങ്ങിനെ ശപിച്ചുംകൊണ്ട എരേമ്മൻനായര തൻെറ കുപ്പായക്കീശ്ശയിൽനിന്ന പണംഎടുത്തു കുണ്ടുണ്ണിമേനോന കൊടുത്തു- കുണ്ടുണ്ണിമേനോൻ അതുവാങ്ങിച്ചിരിച്ചുംകൊണ്ട രണ്ടാമതും കോലായിൽ കടന്നുവന്നു. "വേഗംമടങ്ങിവരാം" എന്നുപറഞ്ഞു മുററത്തിറങ്ങിപ്പോയി-എരേമ്മൻനായര കുട്ടിചത്തകുരങ്ങിനെപ്പോലെ വിഷണ്ണനായിട്ട കോലായിലും വന്നിന്നു- അപ്പോൾ കൊച്ചമ്മാളു പങ്ങശ്ശമേനോൻെറ മുഖത്ത നോക്കി പതുക്കെ പറഞ്ഞു.

കൊച്ചമ്മാളു- ഊൺ എമ്പ്രാന്തിരിപാകുന്ന മഠത്തിലാക്കുന്നതിന്ന വിരോധമില്ലല്ലൊ? അല്ലാത്തപക്ഷം ഞാൻതന്നെ അടുക്കളയിലേക്ക പോകേണ്ടിവരും- അമ്മക്ക പ്രായമായതകൊണ്ട രാത്രിസമയം വെക്കുന്നതിന്നുംമററും പ്രയാസമാണ. കുളിയും ഊണും കഴി

ഞ്ഞു എട്ടമണിക്കമുമ്പായി ഇങ്ങട്ട എത്തിക്കളയുന്നതാണ നല്ലത- അത മനസ്സല്ലെങ്കിൽ ഇവിടെത്തന്നെ തെയ്യാറാക്കാം-എമ്പ്രാന്തിരിയുടെ അടുക്കേ ഞാൻ നേരെത്തതന്നെ ആളെഅയച്ച ഊണ തെയ്യാറാക്കിച്ചിട്ടുണ്ട.

പ—മെ— ഞാൻ പത്തദിവസം ഒരുപോലെ പട്ടിണികിടന്നാലും വേണ്ടില്ല. ഈ രാത്രിസമയം അടുക്കളയിൽപോയി ബുദ്ധിമുട്ടാൻ ഞാൻ നിങ്ങളെ ഒരിക്കലും സമ്മതിക്കില്ല- ഊണ എമ്പ്രാന്തിരിയുടെ അടുക്കെത്തന്നെ ആയ്ക്കൊളയാം- അതകൊണ്ട ഇനിക്ക യാതോരുസുഖക്കേടും ഇല്ല- ഉറങ്ങാനിങ്ങട്ടല്ലെ വരുന്നത? അതിൽ ഉപേക്ഷവന്നുപോകരുത. എന്നാൽമതി- എമ്പ്രാന്തിരിയെക്കൊണ്ട ഉപദ്രവം ഉണ്ടാകയില്ലല്ലൊ ?

കൊ—അ- അദ്ദേഹത്തെക്കൊണ്ട യാതൊരു തരക്കേടുംവരില്ല. അദ്ദേഹവും ഇങ്ങട്ടഒരുമിച്ചുപോന്നോട്ടെ. ഇവിടെഎത്തിയാൽ എല്ലാം ഞാൻ വേണ്ടപോലെ പ്രവൃത്തിച്ചോളാം. അയാൾപരമശുദ്ധനാണഎന്റെ ഹിതത്തിന്ന യാതോരുവിപരീതവും ആ മനുഷ്യൻ കാണിക്കില്ല- ഇങ്ങോത്തെ അങ്ങിഷ്ടം എന്ന ഇവിടേക്ക മനസ്സിലായാൽപോരെ ? എന്നാൽ എനിക്കുട്ടന്നവേഗത്തിൽ കുളികഴിക്കുന്നതാണെനല്ലത—ഉറക്കിന്ന തരക്കേടാക്കരുതെന്ന നേരെത്തതന്നെ പറഞ്ഞിട്ടുണ്ടല്ലൊ?

കൊച്ചമ്മാളു ഇപ്രകാരം പറഞ്ഞു തന്റെ ഒരു ചെറിയ ഭൃത്യനെ വിളിച്ച പങ്ങശ്ശമേനോന്ന ചുററുവാൻ ആവശ്യമുള്ള അലക്കമുണ്ടുംമററും എടുത്തു അവന്റെ കയ്യിൽ കൊടുത്ത ഏല്പിച്ചു ഒരു പാനാസ്സിൽ തിരികൊളുത്ത അ

രോടുകൂടെ അവനെ പഞ്ചുമേനോന്റെ ഒരുമിച്ചയച്ചു. കൊച്ചമ്മാളുവിനെ പിരിഞ്ഞു എട്ടുമണിവരെയിരിക്കേണ്ടിവരുമെല്ലൊ എന്നുള്ള വിചാരം പഞ്ചുമേനോന്റെ മനസ്സിൽ വലിയ സുഖക്കേടിനെ ജനിപ്പിച്ചു എങ്കിലും കഴിയുന്നവേഗത്തിൽ മടങ്ങി എത്തിക്കളയാമെന്നു ഒരുവിധേന ധൈൎയ്യപ്പെട്ടു എരേമൻനായരോടും മേൽപറഞ്ഞ ഭൃത്യനോടും ഒരുമിച്ചുകളിപ്പാൻവേണ്ടി കനകമംഗലംചിറയിലേക്കു പോയി.

# പത്താം അദ്ധ്യായം.

പുരുഹൂതൻനമ്പൂതിരിപ്പാട്ടും ഗോപാലമേനോനും തമ്മിലുണ്ടായ സംഭാഷണവും ശണ്ഠയും

ഒരുദിവസം പകൽ മൂന്നുമണിക്കശേഷം നമ്മുടെ ഗോപാലമേനോൻ മുകളിൽ തെക്കുഭാഗമുള്ള തളത്തിൽ ഒരു ചാരകസേലയിന്മേൽകിടന്നു തന്റെ അടുക്കെ നില്ക്കുന്ന ഗോവിന്ദനുമായി എന്തോ ഒരു വ്യവഹാരസംഗതിയെപ്പററി സംസാരിക്കയായിരുന്നു. ഇദ്ദേഹത്തിന്റെ അവസ്ഥയെപ്പററി അല്പമെങ്കിലും എന്റെ വായനക്കാരെ അറിയിക്കേണ്ടത അത്യന്തം ആവശ്യമായിരിക്കുമെന്നു വിശ്വസിക്കുന്നു. ഗോപാലമേനോൻ ലക്ഷ്മിഅമ്മയുടെ അടുത്ത സഹോദരനും തറവാട്ടിലെ കാരണവനും ആണെന്നു വായനക്കാർ ധരിച്ചിട്ടുണ്ടായിരിക്കുമെല്ലൊ. ആൾ ബഹു ദീഘനും സ്ഥൂലനും സൌഭാഗ്യശാലിയും ആണ. ഇപ്പോൾ ഇരുപത്തെട്ട വയസ്സുമാത്രമെ പ്രായമായിട്ടുള്ളു. കാൎയ്യപ്രാപ്തിയും പകതിരിവും ബുദ്ധിഗാംഭീൎയ്യവും മനോധൈൎയ്യവും ഇദ്ദേഹത്തിന്ന ധാരാളം ഉണ്ട. കണക്കല്ലാതെ ഒരു മനുഷ്യനേയും ലേശംപോലും ഭയപ്പെടുകയില്ല. എല്ലാ കാൎയ്യങ്ങൾക്കും നല്ല തന്റേടവും നിലയും യോഗ്യന്മാരിൽ ബഹുമാനവും ഭക്തിയും സമജീവികളിൽ കാരുണ്യവും കലശലായുണ്ട. ചെറുപ്പമാണെങ്കിലും നല്ല അടക്കവും മൎയ്യാദയും വേണ്ടത്തക്ക ഒതുക്കവും പാകതയും ഉണ്ടായിട്ട ഇങ്ങിനെ ഒരു മനുഷ്യനെ കാണുവാൻ ബഹുപ്രയാസമാണ— ഗൃഹസ്ഥനാണെന്നവരികിലും ഇതവരെ ഭാൎയ്യ

വെച്ചിട്ടില്ല. പലപ്പോഴും പലരും ഇതിനെപ്പററി ആലോ
ചിച്ചിട്ടും മുപ്പതവയസ്സു കഴിഞ്ഞല്ലാതെ സംബന്ധം ചെ
ക്കുന്നതല്ലെന്ന മുടക്കംപറഞ്ഞു താമസിച്ചു വരികയാണ
ചെയ്യുന്നത. കുടുംബസ്നേഹം മരുമക്കത്തായ തറവാട്ടു
കാർ ഇദ്ദേഹത്തോട കണ്ടു പഠിക്കേണ്ടതാണ. ഭൂരിദ്രവ്യ
സ്ഥനും അനാവശ്യമായി ഒരു കാശുപോലും ചിലവചെ
യ്യാത്തവനും വേണ്ടുന്നദിക്കിൽ ബഹു ധാരാളിയും ആ
കുന്നു. ഇദ്ദേഹത്തിനെ എത്രോണ്ടു സ്നേഹവും ബഹുമാ
നവും ഉണ്ടോ അത്രോണ്ടു ഭയവും ഈ വീട്ടുകാൎക്കുണ്ടു.
ഗോപാലമേനവന്റെ ശബ്ദം കേട്ടാൽ പൂച്ചയുടെ കര
ച്ചിൽകേട്ട എലികളെപ്പോലെ ഈ വീട്ടിലുള്ള യാതൊരു
മനുഷ്യന്മാരും ശബ്ദിക്കുകയൊ പുറത്തേക്കു വരികയൊ
ഇല്ല. ദ്വേഷ്യം വരുവാൻ ബഹുപ്രയാസമാണ. അഥ
വാ വന്നുപോയാൽ പിന്നെ നരസിംഹമൂൎത്തിയെപ്പോ
ലെയാണ. ജ്യേഷ്ഠത്തിയായ ലക്ഷ്മിഅമ്മക്കുപോലും ഇ
ദ്ദേഹത്തിന്റെ മുമ്പാകെ വരാനൊ സംസാരിപ്പാനൊ ബ
ഹു ശങ്കയാണ. എല്ലാവരിലും ഒരുപോലെ സ്നേഹവും
വാത്സല്യവും ഉണ്ടെങ്കിലും മീനാക്ഷിക്കുട്ടിയെ ഇദ്ദേഹം ത
ന്റെ പ്രാണനെപ്പോലെയാണ വിചാരിച്ചു വരുന്നത. അ
വളെ പലപ്പോഴും അടുക്കെ വിളിച്ചു വല്ലതും സംസാരിക്കാ
ഞ്ഞാൽ ഇദ്ദേഹത്തിന്ന ലേശം സുഖമില്ല—അവളുടെ ശരീ
രസുഖത്തെപ്പററിയും വിദ്യാഭ്യാസത്തെപ്പററിയും രാപ്പക
ൽബഹു ശുഷ്കാന്തിയുണ്ട. അനാവശ്യമൊ അയുക്തമൊ
ആയുള്ള യാതൊരു വിഷയങ്ങളിലും ഈ മനുഷ്യന്റെ
മനസ്സു അശേഷം പ്രവേശിക്കുകയില്ല. സദാ കാൎയ്യപു
രുഷൻ— സദാഗംഭീരസ്വഭാവൻ— സംസ്കൃതം— തമിഴ— ഹി
ന്തുസ്ഥാനി ഈ മൂന്ന ഭാഷകൾ ഇദ്ദേഹത്തിന്ന നല്ല
വണ്ണം ശീലമുള്ളതുകൊണ്ടു അനേകം പുസ്തകങ്ങൾ വാ

യിച്ച ബുദ്ധിക്ക നല്ല വികാസവും മനസ്സിന്ന വേണ്ടതക്ക സമാധാനവും വന്നിട്ടുണ്ട. ഇംഗ്ലീഷ അറിഞ്ഞുകൂടായെന്ന സാമാന്യം യാതൊരാൾക്കും ഇദ്ദേഹത്തിന്റെ നടവടികൊണ്ടൊ കാൎയ്യബോധംകൊണ്ടൊ ഒരിക്കലും മനസ്സിലാക്കാൻ കഴികയില്ല.

ഗോപാലമേനോൻ ഗോവിന്ദനുമായി സംസാരിച്ചുകൊണ്ടിരിക്കുന്നമദ്ധ്യെ അദ്ദേഹത്തിന്റെ ഭൃത്യരിൽ ഒരുവനും വായനക്കാൎക്ക മുമ്പെ തന്നെ പരിചയമുള്ളവനും ആയ കിട്ടുണ്ണിമുകളിലേക്ക കയറിവന്നു ഗോവിന്ദനെ കയ്യികൊണ്ട മാടിവിളിച്ചു കുറെ അകലത്ത കൊണ്ടുപോയിട്ട ഇപ്രകാരം പതുക്കെപ്പറഞ്ഞു. കരുവാഴമനക്കലെ രണ്ടാംകൂറനമ്പൂതിരിപ്പാട്ടുണ്ട താഴെ പൂമുഖത്തു എഴുന്നെള്ളിപാൎക്കുന്നു– എജമാനനെക്കണ്ട എന്തോ ചിലത സംസാരിപ്പാനുണ്ടപോൽ. പുറത്ത ആരെയും കാണാഞ്ഞിട്ട കോലായിൽകൂടി അങ്ങട്ടും ഇങ്ങട്ടും നടന്നുകൊണ്ടുകളിക്കുന്നു– മീനാക്ഷിക്കുട്ടി അമ്മേടെ കാൎയ്യംകൊണ്ട വല്ലതും ആലോചിപ്പാൻവേണ്ടി എഴുന്നെള്ളിയതാണെന്നാണ എനിക്ക തൊന്നുന്നത– പൂമുഖത്തവന്ന കയറിയപാട എജമാനനെക്കൊണ്ട ചോദിക്കുന്നതിന്നുമുമ്പായിട്ട “ മീനാക്ഷിക്കുട്ടി ഇവിടെയില്ലെ ? ഇസ്കോളപഠിക്കാൻ പോയിട്ടുണ്ടൊ ? ” എന്നൊക്കെയാണ അന്വേഷിച്ചത– ഇതിന്നുമുമ്പ ഒരുപ്രാവശ്യം എന്നെ ചിറക്കൽകണ്ടപ്പോഴും ഈ ഒരു സംഗതിയെപ്പറ്റിത്തന്നെയാണ എന്നോട ചോദിച്ചിട്ടുണ്ടായിരുന്നത– ഇന്ന നല്ല ഒരുങ്ങിയമട്ടിലാണ എഴുന്നെള്ളിട്ടുള്ളത. യാതൊരു ഗോഷ്ഠിപ്പുറപ്പാടും ഇല്ല– ഈ വിവരം എജമാനനെ ഒന്നു കേൾപ്പിച്ചേക്കിൻ– വന്നത എന്തിനെങ്കിലും ആയ്ക്കോട്ടെ– നോക്കതറിഞ്ഞിട്ടെന്താണ” നമ്പൂരിപ്പാട വന്നിട്ടുള്ള വിവരം ഗോവിന്ദൻ വേഗത്തിൽ ചെന്ന

ഗോപാലമേനോനോട പറഞ്ഞു. അദ്ദേഹം അപ്പോൾതന്നെ അവിടെനിന്ന എഴനീററു മെതിയടി കസേലയുടെ അരികത്തതന്നെ ഇട്ട വായിൽ ഉണ്ടായിരുന്ന വെററില തുപ്പി മുഖംകഴകിത്തുടച്ച വേഗത്തിൽ താഴത്തിറങ്ങി വളരെ ആദരവോടും വിനയത്തോടും കിഴക്കെ പൂമുഖത്തേക്ക കടന്നുചെന്നു. നമ്പൂരിപ്പാട അപ്പോൾ അവിടെ ഉണ്ടായിരുന്ന ഒരു കസേലമേൽ ഇരുന്നിട്ട കിഴക്കെ മുററത്തെ ലതാഗൃഹത്തിൻെറയും പൂച്ചെടികളുടെയും അഴകും സൌന്ദൎയ്യവും നോക്കി വിസ്മയിക്കയായിരുന്നു. ഗോപാലമേനോൻ കടന്നുചെന്നപാട നമ്പൂരിപ്പാടിനെ യഥായോഗ്യം തൊഴുത ഉപചാരംചെയ്തു ഭക്തിയോടും ബഹുമാനത്തോടും കുറെ അകലെ വാങ്ങിനിന്നു. വെററിലത്തട്ടും എടുത്തുകൊണ്ട ഗോവിന്ദനും ഗോപാലമേനവൻെറ പിന്നാലെതന്നെ പൂമുഖത്തേക്ക വന്നു. മുറുക്കാനുള്ള സാധനം നമ്പൂരിപ്പാട്ടിൻെറ അടുക്കെ കൊണ്ടവെച്ച തൊഴുതു അവനും വിനയപൂൎവ്വം അവിടെ നിന്നു. ലക്ഷ്മിഅമ്മയും തൻെറ രണ്ട സഹോദരിമാരോടുകൂടി മെല്ലെ വന്നു കിഴക്കെത്തളത്തിലെ ഒരു ജനേലിന്നരികെ നിന്നു. പുരുഹൂതൻനമ്പൂരി ചിരിച്ചുംകൊണ്ട തൻെറ അരികത്തുള്ള ഒരു കസേലയിന്മേൽ ഇരിപ്പാൻവേണ്ടി ഗോപാലമേനോനോട രണ്ടുമൂന്നപ്രാവശ്യം ഒരുപോലെ ആവശ്യപ്പെട്ടിട്ടും അദ്ദേഹം ഇരിക്കാഞ്ഞതകൊണ്ട ഒടുവിൽ ഇങ്ങിനെ പറഞ്ഞു. "ഗോപാലനഅശേഷം നിന്നുശീലമുണ്ടായിരിക്കില്ല-നൊ വന്നതകൊണ്ട ബുദ്ധിമുട്ടേണമെന്ന യാതൊരാവശ്യവും ഇല്ല- ഇവിടെയിരിക്കാം യാതൊരുതരക്കേടും ഇല്ല. ബഹുമാനവും ഭക്തിയും ഈവക ആളുകളെ കണ്ടാൽ വേണ്ടതതന്നെ- അതെല്ലാം മനസ്സിലും വാക്കിലും ആണ മുഖ്യമായി വേണ്ടത- മനസ്സിൽ ബ്രാഹ്മണഭക്തി നല്ല

വണ്ണം ഉണ്ടായാൽതന്നെ ഭേദമായി. ആന്തരത്തിൽ മനസ്സുകൊണ്ട നിന്ദിക്കുന്ന ചില കൂട്ടരുണ്ട— അവർ പുറമെ പാണനെപ്പോലെ അടിയൻ, ഇറാൻ, എന്നിങ്ങിനെ പറഞ്ഞു തൊഴുതു പുറമെ ബഹു ഭക്തികാട്ടുന്നതകൊണ്ട എന്താണ പ്രയോജനം ? ഗോപാലന്റെ സ്ഥിതി അങ്ങിനെയല്ലെന്നു നോക്കു നല്ല വിശ്വാസമായിരിക്കുന്നു. അതകൊണ്ട ഗോപാലന നമ്മുടെ ഒന്നിച്ചുതന്നെയിരിക്കാം ഒരുവിരോധവും ഇല്ല— ഗോപാലൻ ഇരിപ്പാൻ ഭാവമില്ലെങ്കിൽ നോമും ഇരിക്കാൻ വിചാരിക്കുന്നില്ല— ഗോപാലൻ ഇരുന്നല്ലാതെ നോം ഇരിക്കില്ല" എന്നപറഞ്ഞു അവിടെ എഴുനീററുനിന്നു. "തിരുമനസ്സുകൊണ്ട അവിടെ എഴുന്നെള്ളിയിരിക്കു— അടിയൻ ഇരുന്നോളാം, എന്ന പറഞ്ഞു ഗോവിന്ദനെ അയച്ചു ഒരു പുല്ലുപായ എടുപ്പിച്ചുകൊണ്ടുവരീച്ചു നിലത്തിട്ട നമ്പൂരിപ്പാട്ടിനെ തൊഴുതുംകൊണ്ട അതിൽ ഇരുന്നു— ഗോപാലമേനോൻ ഇരുന്നു എന്നകണ്ടാറെ നമ്പൂരിപ്പാട്ടും കസേലമേൽ ഇരുന്നു ചിരിച്ചുകൊണ്ട സംസാരിപ്പാൻ തുടങ്ങി.

പുരുഹൂതൻനമ്പൂരി— ഗോപാലനെ കാണേണമെന്ന ഇ ശ്ശിദിവസായി വിചാരിക്കുന്നു— അത ഇന്ന സാധിച്ചു. നോം ഇതവരെ ഇവിടെ വരികയൊ ഗോപാലനെകണ്ട സംസാരിക്കയൊ ചെയ്കയുണ്ടായിട്ടില്ല. ഗോപാലന്റെഭവനം നല്ല ശിക്ഷയായിരിക്കുന്നു. ഈ വള്ളി പടന്നുകിടക്കുന്നത നോക്കു നന്ന ബോധിച്ചു. അതിശായിരിക്കുന്നു— അതിന്റെ ഉള്ളിൽപോയി അരനാഴിക ഇരിക്കണം എന്നൊരുമോഹം. നോക്കു ഇതപോലെ ഒന്ന ഇല്ലത്തെ കിഴക്കെ മുററത്ത ഉണ്ടാക്കാൻ കഴിയൊ എന്ന ഒന്ന പരീക്ഷിക്കണം.

ഗോ-മേ- തിരുമനസ്സിലേക്ക അടിയന്റെ കുപ്പാട്ടിലേക്ക എഴുന്നെള്ളാൻ തോന്നിയത അടിയന്റ വലിയ സുകൃതംതന്നെ.

പൂ-ന- നമ്മുടെ സുകൃതം എന്നതന്നെ പറയാം. ഒരു വിരോധവും ഇല്ല- കെട്ടൊ? ൟവക സ്ഥലം കാണ്മാൻതന്നെ സുകൃതംവേണം- അസ്സൽ സ്ഥലം. ഒന്നാന്തരായിരിക്കുന്നു- നോക്ക ഇല്ലത്തും ചില ഭേദഗതികൾ വരുത്തേണമെന്ന തോന്നിപ്പോകുന്നു ഇത കണ്ടിട്ട.

ഗോ-മേ- തിരുമനസ്സിൽ വിശേഷിച്ച്വല്ലകാൎയ്യവും ഉണ്ടായിട്ടൊ ഇങ്ങട്ട എഴുന്നെള്ളിയതെന്ന അറിഞ്ഞില്ല.

പൂ-ന- നല്ല ശിക്ഷ! വിശേഷിച്ച വല്ല കാൎയ്യവുംവേണൊ ഇവിടെയെല്ലാം വരാൻ? വരുന്നതതന്നെ വിശേഷവിധി! വന്നാലും വിശേഷവിധിതന്നെ- എങ്കിലും നോം ഇപ്പോൾ വന്നത ഗോപാലന്റെ ഭവനം കണ്ട പോ൯യ്ക്കളയാം എന്ന വിചാരിച്ചിട്ടാണ- ഒരു കാൎയ്യംകൊണ്ട അന്വേഷിപ്പാൻ വേറെ ഒരാൾ ഏല്പിച്ചിട്ടും ഉണ്ട. ഇത രണ്ടും അല്ലാതെ വിശേഷിച്ച മറ്റ ഒന്നും ഇല്ല- കെട്ടൊ? നോം ൟ വീട്ടിന്റെ ഉള്ളിൽ കടന്ന എല്ലാം ഒന്ന നോക്കുന്നത ഗോപാലന്നും സമ്മതം തന്നെയല്ലെ?

ഗോ-മേ- ഉള്ളിൽ കടന്ന വീട്ടുപണി നോക്കുന്നതിന്ന അടിയന്ന യാതോരു വിരോധവും ഇല്ല. തിരുമനസ്സിൽ അങ്ങിനെ ഒരു താല്പൎയ്യമുണ്ടെങ്കിൽ വീട്ടുപണി കടന്നുകാണാം.

പൂ-ന- ഗോപാലൻ നല്ല ശിക്ഷയാണ- നോം ഗോപാലനെ ഇത്രയൊന്നും കരുതിട്ടില്ല- എന്നാൽ നോം ഒന്നാമതായി അത കഴിച്ചുവന്നളയാം. എന്നിട്ടാവാം

മററെക്കാൎയ്യംകൊണ്ട പറയുന്നത- ഈ നില്ക്കുന്ന ഇവൻ ഗോപാലന്റെ അനുജനൊ എന്നൊരുശങ്ക.

ഗോ.മേ- അടിയന്റെ അനുജനല്ല- വല്ല വ്യവഹാരവും മററും ഉള്ളസമയം കോടതിക്ക പറഞ്ഞയപ്പാൻ വേണ്ടീയും മററും താമസിപ്പിച്ച വരുന്നവനാണ.

പു-ന- അതുവ്വൊ? കാൎയ്യസ്ഥനാണില്ലെ? മിടുക്കൻതന്നെ- ഇങ്ങിനെയുള്ള രസികന്മാരെത്തന്നെയാണ കാൎയ്യസ്ഥന്മാരാക്കേണ്ടത. നോക്ക ഇല്ലത്ത ഒരു കാൎയ്യസ്ഥനുണ്ട- പറഞ്ഞോടനെ ഗോപാലൻ അറിയില്ലെ? ശുദ്ധഭോഷൻ- വിട്ടവിഡ്ഢി- ഒരുകെട്ട താക്കോൽ മടിക്കുത്തിൽ തൂക്കിയിട്ട മുറുക്കിക്കൊണ്ട നടക്കാനല്ലാതെ ഒരു വസ്തുന അ വങ്കൻ കൊള്ളില്ല. ഇവൻ രസികൻതന്നെ- ഇങ്ങിനത്തെ ഒരു കാൎയ്യസ്ഥനെ നോക്ക വരുത്തിത്തരാൻ കഴിയൊ ഗോപാലന? എന്തു കൊടുക്കണെന്നുവെച്ചാൽ നോം കൊടുത്തോളുയാം. എടൊ രസികൻ! തന്റെ പേരെന്താണ? "കണ്ടു" എന്നാണില്ലെ?

ഗോവിന്ദൻ- (നമ്പൂരിയുടെ വിഡ്ഢിത്വത്തെപ്പററി മനസ്സുകൊണ്ട ചിരിച്ചുംകൊണ്ടു) അടിയന്റെ പേര ഗോവിന്ദൻ എന്നാണ.

പു-ന- അതുവ്വൊ? പേരനല്ല ശിക്ഷതന്നെ- ഗോപാലനതക്ക കാൎയ്യസ്ഥനാണ ഗോവിന്ദൻ- നീ ഇങ്ങിട്ടവസായില്ലെ ഗോപാലന്റെ കാൎയ്യസ്ഥനായിട്ട? നിണക്ക എന്തുണ്ട ശമ്പളം?

ഗോവിന്ദൻ- അടിയൻ അഞ്ചാറ സംവത്സരമായിട്ട ഇവിടത്തന്നെയാണ താമസം- എല്ലാംകൂടി അടിയന പത്തിരുപത്തഞ്ചുറുപ്പികയിൽ കുറയാതെ അനുഭവമുണ്ട.

പ-ന- ആ ഇളിഭ്യൻ പറഞ്ഞോടന ഇല്ലത്തനിന്ന പ
ത്ത നാല്പതുറുപ്പികയിൽ കുറയാതെയുണ്ട അനുഭം-
ഗോവിന്ദനഇരുപത്തഞ്ചുറുപ്പികെയുള്ളൂഇല്ലെ ? ഗോ
വിന്ദൻ നോക്കിരിക്കട്ടെ- ഗോപാലൻ വേറെ ഒരു
കാൎയ്യസ്ഥനെ വരുത്തിക്കോളൂ- ഗോവിന്ദന നോം
അമ്പതുറുപ്പിക ഉണ്ടാക്കിത്തരും കെട്ടൊ ? അല്ലെ
ങ്കിൽ ഗോവിന്ദൻ നോം രണ്ടാളുടെയും കാൎയ്യസ്ഥനാ
യിരിക്കട്ടെ- എടയുള്ളപ്പോൾ എല്ലാം അങ്ങട്ട വന്നാ
ൽ മതി- ഗോവിന്ദനെ കാൎയ്യസ്ഥനാക്കിയാൽ വേ
ണ്ടില്ല എന്നൊരു മോഹം.

ഗോവിന്ദനെ കാൎയ്യസ്ഥനാക്കി സേവപിടിച്ചാൽ കാൎയ്യ
ത്തിന്നെല്ലാം എളുപ്പമുണ്ടാകുമെന്ന വിചാരിച്ചിട്ടാണ ന
മ്പൂരിപ്പാട ഇങ്ങിനെ ഒരു കൌശലം പ്രയോഗിച്ചു നോ
ക്കിയത- അതല്ലാതെ അവന്റെ യാതോരു ഗുണവും
അറിഞ്ഞിട്ടല്ല ഇദ്ദേഹം ഇങ്ങിനെ സംസാരിച്ചത- ഗോ
പാലമേനോന ഇദ്ദേഹത്തിന്റെ വിഡ്ഢിത്വം നല്ലവണ്ണം
മനസ്സിലായി- എങ്കിലും നമ്പൂരിപ്പാടിനെ കഴിയുന്നേട
ത്തോളം സുഖക്കേട കൂടാതെതന്നെ പറഞ്ഞയക്കേണമെ
ന്ന വിചാരിച്ച പതുക്കെ ചിരിച്ചുംകൊണ്ട പറഞ്ഞു.

ഗോ-മേ- തിരുമനസ്സിലെ കാൎയ്യസ്ഥന പത്തുനാല്പതുറു
പ്പിക കിട്ടുന്നത ഒരു കൊല്ലം കൊണ്ടാണെന്നാണ
അടിയൻ കേട്ടിട്ടുള്ളത- ഗോവിന്ദൻ ഉണൎത്തിച്ച
ത അവന്ന മാസംതോറും കിട്ടുന്ന ശമ്പളമാണ-
കൊല്ലത്തിൽ അവന്ന എല്ലാ ചിലവും കഴിച്ച മു
ന്നൂറുറുപ്പികയിൽ കുറയാതെ സമ്പാദ്യമുണ്ട.

പ-ന- (ആശ്ചൎയ്യത്തോടുകൂടി) അതുവ്വൊ ! ഒരു മാസ
ത്തിലെ അനുഭമാണില്ലെ ഇരുപത്തഞ്ചുറുപ്പിക ?
ഒന്നാന്തരം ശമ്പളം ! നോം വിചാരിച്ചാൽ അത്ര

യൊന്നും കൊടുക്കാൻ സാധിക്കില്ല. ഗോവിന്ദൻ ഗോപാലനതന്നെയിരിക്കട്ടെ. കാൎയ്യസ്ഥന ഇരുപത്തഞ്ചുറപ്പിക മാസംപ്രതി കൊടുക്കാനൊ? നല്ലശിക്ഷ! ആക്ക സാധിക്കും. നോക്ക പറഞ്ഞോടൻതന്നെ മതി– പറഞ്ഞു കൊടുത്താൽ അവൻ എല്ലാം അതാതിൻെറ തരംപോലെതന്നെ പ്രവൃത്തിച്ചു വരാറുണ്ട.

ഗൊ– മെ– തിരുമനസ്സിലേക്ക തല്ക്കാലം പറഞ്ഞോടൻ തന്നെ മതി. ഗോവിന്ദൻ ഇല്ലാഞ്ഞാൽ അടിയനും കുറെ തരക്കേടുണ്ട. പുതുതായി ഒരുത്തനെ അന്വേഷിച്ചു കൊണ്ടെന്നാലും മററും പന്തിയാവില്ല.

പ– ന– അത ഗോപാലൻ പറഞ്ഞത ശരിയാണെ. അങ്ങിനെ തന്നെ ആയ്ക്കൂളയാം. എന്നാൽ ഗോവിന്ദനുംകൂടി ഒരുമിച്ചു വരു. നോം അകത്തെല്ലാം ഒന്നു നോയ്ക്കൂളായാം. ഗോപാലൻ ഇവിടത്തന്നെ ഇരിക്കു. നോം ക്ഷണെത്തിൽ മടങ്ങിവരാം. ഗോവിന്ദനുംകൂടി ഉണ്ടായാൽ എല്ലാം നല്ലോണം കാണാം.

ഗോവിന്ദൻ– അടിയന തിടുക്കമായി ഒരു ദിക്കിൽ പോകേണ്ടതുണ്ടായിരുന്നു. വീട്ടുവണി കാണുന്നതിലേക്ക അടിയൻ വേണമെന്നില്ലല്ലൊ.

പ– ന– നോം എല്ലാം ഒന്നു നോക്കിക്കണ്ടിട്ടു പോയാൽ പോരെ ഗോവിന്ദന? ക്ഷണെത്തിൽ ആയ്ക്കൂളയാം. കാണേണ്ടുന്ന ആവശ്യം മാത്രമെയുള്ളു.

ഗൊ– മെ– അടിയനുംകൂടി ഒന്നിച്ചു വന്ന കളയാം. ഗോവിന്ദന അശേഷവും താമസിപ്പാൻ തരമില്ല. ഇപ്പോൾ തന്നെ പോകേണ്ടതുണ്ട.

പ– ന– എന്നാൽ ഗോവിന്ദൻ മടങ്ങി വന്നിട്ടാവാം നോക്ക വീട്ടുപണി കാണുന്നത. വേഗം മടങ്ങി

വരില്ലേ ഗോവിന്ദൻ ? നോം അതവരെ താമസിച്ചു കളയാം. ഗോവിന്ദനും കൂടിയില്ലാഞ്ഞാൽ നോക്ക വീട്ടിന്റെ ഉള്ളിൽ കടപ്പാനും എല്ലാം ഹിതം പോലെ കാണ്മാനും മററും അത്ര തരമില്ല. ഗുണമാകട്ടെ ദോഷമാകട്ടെ ഉടമസ്ഥൻ കെൾക്കെ പറയുന്നത വെടിപ്പില്ലെന്നാണ നോം വിചാരിക്കുന്നത. അങ്ങിനെ തന്നെയല്ലെ ? എന്നാൽ ഗോവിന്ദനെ പറഞ്ഞയക്കാൻ താമസിക്കേണ്ട. അവൻ മടങ്ങി വന്നിട്ട വേണം നോക്ക അകത്ത കടന്ന നോക്കാൻ.

നമ്പൂതിരിപ്പാട്ടിന്റെ അന്തൎഗ്ഗതം ഇന്നതാണെന്ന ഗോപാലമേനൊന നല്ലവണ്ണം മനസ്സിലായി. "ഒരു വിധത്തിൽ ഈ ധൂൎത്തനെ ഇവിടെ നിന്നു പറഞ്ഞയച്ചാൽ മതി" എന്നുള്ള വിചാരം കലശലായി. ഇതവരെ ഉണ്ടായിരുന്ന ആദരവും, ബഹുമാനവും ഇദ്ദേഹത്തിന്റെ മനസ്സിൽ ദീരെ അസ്തമിച്ചു. ദ്വെഷ്യവും വെറുപ്പും ഉള്ളിൽ കിടന്നു കുതറു തുടങ്ങി. എങ്കിലും അദ്ദേഹത്തെ മുഷിപ്പിക്കുന്നത വെടിപ്പില്ലെന്നു വിചാരിച്ചു യാതൊരു നീരസഭാവവും പുറത്തേക്ക കാണിച്ചില്ല. ഗോവിന്ദൻ പോവാനുള്ള ഭാവത്തിൽ കുടയെടുപ്പാൻ വേണ്ടി എന്നു പറഞ്ഞു അകത്ത കടന്നു ഗോപാലമേനോൻ കാണത്തക്ക സ്ഥിതിയിൽ കിഴക്ക വടക്ക വശമുള്ള ജനേലിന്നരികെ അകായിൽനിന്നു. ഗോവിന്ദൻ പടിഞ്ഞാറെ പടിയിറങ്ങിപ്പോയിഎന്നു വിചാരിച്ചു നമ്പൂതിരിപ്പാടപിന്നെയും സംസാരിപ്പാൻ തുടങ്ങി.

പ- ന- ഗോവിന്ദൻ വരുന്നതിന്നിടയിൽ നോം മററെ കാൎയ്യം പറഞ്ഞ കളയാം. മററൊരാളുടെ ആവശ്യമാണ. നോം അദ്ദേഹം പറഞ്ഞയച്ചിട്ട വന്നു എന്നമാത്രമെയുള്ളു. ഗോപാലനും ഈ തറവാട്ടിന്നും

ഗുണകരമായ ഒരു കാൎയ്യം അന്വേഷിച്ച തീൎച്ചയാ
ക്കാൻ മാത്രമാണ വന്നിട്ടുള്ളത.

ഗോ- മേ- വല്ല ഉഭയവും ചാൎത്തിത്തരാമെന്ന വല്ലവ
രും കേൾപ്പിച്ചിട്ടുണ്ടായിരിക്കാം. അനാവശ്യമായ
ദ്രവ്യച്ചിലവ കൂടാതെ കഴിയുമെങ്കിൽ നല്ലത തന്നെ.

പ- ന- (ചിരിച്ചുംകൊണ്ട) ഉഭയത്തിന്റെ കാൎയ്യം ത
ന്നെയാണ. പക്ഷെ അങ്ങട്ട ചാൎത്തിത്തരാനല്ല
ഭാവിക്കുന്നത. ഗോപാലനോട ചാൎത്തി വാങ്ങിക്ക
ഉയാമെന്നാണ വിചാരിക്കുന്നത. ഒരു കാൎയ്യംഗോ
പാലൻ ചിലവു ചെയ്യുണ്ട. ഗോപാലൻ പറയു
ന്ന സംഖ്യ മുൻകൂറായി തന്നുകളയാം.

ഗോ- മേ- (നമ്പൂതിരിയുടെ കുയുക്തി ലേശം ഓൎമ്മിക്കാ
തെ) ഏതുഭയം ചാൎത്തികിട്ടേണമെന്നാണ വിചാ
രിക്കുന്നത? ആൎക്കാണ അവശ്യം? ചാൎത്താനുള്ള
കാലം ആയിട്ടില്ലല്ലൊ. മുൻകുടിയാനെഒഴിപ്പിക്കു
ന്നത അടിയന അശേഷം രസമില്ലാത്തകാൎയ്യമാണ

പ- ന- നോം ആവശ്യപ്പെടുവാൻ പോകുന്ന ഉഭയം
ഇതവരെ കുടിയാനെ ഏല്പിച്ചിട്ടില്ലെന്നാണ നോം
കേട്ടത. അഥവാ ഉണ്ടെങ്കിൽ തന്നെ ഒഴിപ്പിച്ച
കൊടുക്കാതിരിക്കാൻ പാടില്ല. ആവശ്യപ്പെടുന്ന
ആൾ അത്ര യോഗ്യനും ഭൂരിദ്രവ്യസ്ഥനും ആയ ഒ
രു വലിയ ജന്മിയാണ.

ഗോ- മേ- (കാൎയ്യം ലേശം മനസ്സിലാക്കാതെ) വിവരം
മുഴുവനും അറിഞ്ഞല്ലാതെ അടിയന മറുവടി പറ
വാൻ തരമില്ല. ഏതുഭയമാണ? ആരാണ ആവ
ശ്യപ്പെടുന്നത? എന്ന വെളിവായി അരുളിച്ചെയ്യു
കെട്ടെ അടിയനു മറുവടി പറവാൻ പാടുള്ളു.

പു- ന- നല്ലശിക്ഷ. ഗോപാലനോട ഇത്രയൊക്കെ പറഞ്ഞാൽ മതിയെന്നു വിചാരിച്ചാണ നോം ഇങ്ങിനെ സംസാരിച്ചത- നമ്പൂരാരുടെ സഹവാസം ഗോപാലനകുറയും. അതകൊണ്ടാണ നോം സംസാരിച്ച ക്ഷണത്തിൽ മനസ്സിലാകാഞ്ഞത- എനി നോം വെളിവായി തന്നെ പറഞ്ഞുകളയാം- ഗോപാലൻ കന്മനെ കുബേരൻനമ്പൂരിയെ അറിയില്ലെ? ആൾ നല്ലശിക്ഷയാണ- മിട്ടുക്കനാണ- കെട്ടൊ?

ഗോ-മേ- (മനസ്സിൽ പലതും ശങ്കിച്ചുംകൊണ്ട)കുബേരൻ എഴുന്നെള്ളിയടത്തെ അടിയൻ പലപ്പോഴും കണ്ടിട്ടുണ്ടെങ്കിലും നല്ലപരിചയമില്ല- അവിടത്തെ സ്വന്താവശ്യമായിരിക്കാം ഇപ്പോൾ അരുളിച്ചെയ്യുത- അവിടേക്ക എന്തിനാണ ഇതെല്ലാം? മററുവല്ലവരുടെയും ആവശ്യമായിരിക്കാം.

പു-ന-ഗോപാലൻ അങ്ങിനെയൊന്നുംസംശയിക്കേണ്ട. കന്മനേടെ സ്വന്തം ആവശ്യത്തിന്ന തന്നെയാണ- കന്മന താൻതന്നെ ഗോപാലൻെറ അടുക്കലേക്ക പുറപ്പെട്ടിട്ടുണ്ടായിരുന്നു- നോംഎല്ലാം ഗോപാലനെകണ്ട ശരിയാക്കിവരാം എന്നുപറഞ്ഞു കന്മനയെ നോംആണ താമസിപ്പിച്ചത.

ഗോ-മേ- എനി ഇന്നതാണെന്നുംകൂടി അരുളിച്ചെയ്യുകേട്ടാൽ വേണ്ടില്ല. വസ്തുവിൻെറ വിവരം അറിഞ്ഞല്ലാതെ തീൎച്ചപറവാൻ തരമില്ല.

പു-ന- ഇത്രോടം ഗോപാലനു മനസ്സിലായെല്ലൊ? എനി നോം വിവരം പറയാം. ഗോപാലൻെറ ഉടപ്പിറന്നോളുടെ മകളായിട്ട ഒരു പെൺകിടാവില്ലെ ഇഷ്ക്കോളപഠിക്കുന്നു? ഒരു മുറിക്കുപ്പായം ഇട്ട മീതെ മാടിപ്പുതച്ചുംകൊണ്ട നടക്കുന്ന ഒരു വെളുത്ത പെണ്ണു

നല്ല പുരികവും മുഖവുമായിട്ട — ആ പെൺകിടാവ ഇയ്യിടയിൽ ഒരു ദിവസം ഇഷ്ക്കോളിൽ പഠിച്ചു പോരുന്ന സമയം കന്മനയും ഞാനുംകൂടി ചിറക്കൽ നില്ക്കയായിരുന്നു. ഞങ്ങൾ രണ്ടു പേരും ആ പെണ്ണിനെ കണ്ടിട്ട അമ്പരന്നു പോയി. എങ്കിലും കന്മനക്ക ആ പെണ്ണിന്റെ മേലുള്ള ഭ്രമം വലിയ കലശലായിരിക്കുന്നു. പോരെങ്കിൽ ഞാൻ പറഞ്ഞു പോക്ക കടത്തീട്ടും ഉണ്ട. സംബന്ധം കന്മന ആയ്ക്കൂളയാമെന്നു തന്നെയാണ അവസാനം തീൎച്ചയാക്കീട്ടുള്ളത — കന്മനെടെ സംബന്ധം ഒട്ടും തരക്കേടില്ല. കേട്ടോ? ആൾ കട്ടുകട്ടിയാണ. വേണ്ടുവണ്ണവും ഉണ്ട. ഒന്നിനും അശേഷം ഞെരുക്കം കാണില്ല. ഈ ഒരു സംബന്ധംകൊണ്ട ഇവിടെ എത്രയൊ സുകൃതം വൎദ്ധിക്കും. ഇപ്പോൾ തന്നെ സംബന്ധം നടത്തുന്നതാണെങ്കിൽ പത്തൊ അഞ്ഞൂറൊ കന്മന ഒന്നായിട്ട ചിലവ ചെയ്യാനൊരുക്കമുണ്ട — അത്ര അധികം ഭ്രമം ഉണ്ട കന്മനക്ക — കന്മനയുടെ സംബന്ധം ആ പെണ്ണിന്ന നല്ല ചേൎച്ചയുണ്ട. പെണ്ണും നല്ല ശിക്ഷയാണ — സംബന്ധക്കാരനും അശേഷം തരക്കേടില്ല. കണ്ടാലും നല്ല കോമളനാണ — പണവും ധാരാളമുണ്ട — ബഹുധാരാളിയും ആണ — ഇതു മൂന്നും ഉണ്ടായാൽ മറെറല്ലാം തന്നാലെ തന്നെ വന്നുകൂടിക്കൊള്ളും — ഗോപാലന സമ്മതമുണ്ടെങ്കിൽ ഇന്ന തന്നെ ഞാൻ കന്മനയെക്കൊണ്ടുവന്നു കാൎയ്യം നടത്തിത്തരാം. ഗോപാലന്റെ തറവാട്ടിൽ നമ്പൂരാരുടെ സംബന്ധം ഇല്ലാത്തതിനാലുള്ള കുറവും ഇതുകൊണ്ടു തീരും — ഇന്നുമുതൽ അത്യന്തം ശ്രേയസ്സും സുകൃതവും വൎദ്ധിക്കയും

ചെയ്യും. എന്താണ ഗോപാലൻ മനസ്സുകൊണ്ട ആലോചിക്കുന്നത ? പൂൎണ്ണസമ്മതം തന്നെയല്ലെ ?

നമ്പൂരിപ്പാട്ടിലെന്റെ തുമ്പില്ലാത്ത സംസാരം കേട്ടിട്ട ഗോപാലമേനോന സഹിക്കരുതാത്ത ദ്വേഷ്യംവന്നു-"ഇദ്ദേഹത്തോട ഒന്നുംപറയാതെ എഴുനീററുപോയ്ക്കളയുകയൊ അതല്ല പടിയിറങ്ങിപോയ്ക്കൊളാൻ പറകയൊ എന്താണ വേണ്ടു" എന്നിങ്ങിനെ കുമ്പിട്ടിരുന്ന മനസ്സുകൊണ്ട ആലോചിച്ചുതുടങ്ങി. പാറുക്കുട്ടി അകത്തുനിന്ന ലക്ഷ്മിയമ്മയോടും നാണിയമ്മയോടും പതുക്കെ പിറുപിറക്കയായി. "മീനാക്ഷിക്കുട്ടിക്ക കൊണ്ടുവന്നിട്ടുള്ള സംബന്ധം കേട്ടില്ലെ? ആ നമ്പൂരിയെ നമുക്ക ഒരിക്കലും വേണ്ട- ശുദ്ധമെ കോമാളിയാണ- നമ്പൂരിയുടെ സംബന്ധവുംമററും നോക്ക പററില്ല- കേട്ടില്ലെ ? ജ്യേഷ്ഠന്റെ മുഖത്തനോക്കി ഇനയിരപ്പാളിനമ്പൂരി പെണ്ണിനെക്കൊണ്ട പറഞ്ഞത ? എന്നോടായിരുന്നു ഈവിധം പറഞ്ഞതെങ്കിൽ ഞാൻ മുഖത്തൊരു തുപ്പുകൊടുക്കും. തുമ്പില്ലാതെ എന്തെങ്കിലും പറയാമൊ ? ജ്യേഷ്ഠൻ ക്ഷമിച്ചുകളഞ്ഞത ആശ്ചൎയ്യംതന്നെ- വലിയേട്ടത്തി ജ്യേഷ്ഠനെ ഇങ്ങട്ട വിളിക്കിൻ. ആ നമ്പൂരിയോട്ട ഒന്നും പറയാത്തതാണ നല്ലത- പോയ്ക്കൊട്ടെ ദുഷ്ടം. വീട്ടപണിക്കാനെന്നും എന്നു പറഞ്ഞത മനസ്സിലായില്ലെ ? ഇങ്ങനത്തെ ധൂൎത്തന്മാരോട സംസാരിക്കാനെ പോകരുത" പാറുക്കുട്ടി ഇങ്ങിനെ അകത്തുനിന്ന തിരക്കുകൂട്ടിക്കൊണ്ടിരിക്കുന്നമദ്ധ്യെ ഗോപാലമേനോൻ തന്റെ കോപത്തെ മുഴുവനുംസംഹരിച്ച നീളമുള്ളതന്റെ കുടുമയഴിച്ചു രണ്ടാമതും കുടഞ്ഞുകെട്ടി ഇടത്തെ കയികൊണ്ട അതിവിശാലമായ നെററിത്തടം തുടച്ചു പുരുഷുതൻ നമ്പൂരിയുടെ മുഖത്തനോക്കി താഴ്മയോടെ പിന്നെയും പറഞ്ഞു.

ഗൊ-മെ- അങ്ങുന്ന ഇപ്പോൾ ആലോചിച്ച കാൎയ്യത്തെ
പ്പററി ക്ഷണത്തിൽ യാതോരുമറുവടിയും പറവാ
ൻ അടിയന്ന തരമില്ലാതെ വന്നിരിക്കുന്നു. മററു
ചിലരുമായി ആലൊചിക്കേണ്ടതുംകൂടിയുണ്ട- നാല
ഞ്ചു ദിവസങ്ങൾക്കുള്ളിൽ വേണ്ടതത്തക്കവരുമായി
കണ്ടാലോചിച്ചു വിവരം അറിയിക്കാം.

പൃ-ന- ഇതിനെപ്പററി എന്താണ ഇത്രയെല്ലാം ആലോ
ചിപ്പാനുള്ളത? എല്ലാസംഗതികൊണ്ടും ഇത്ര തരമാ
യ ഒരു സംബന്ധം ഈ ജന്മനാമറെറാരു വിധ
ത്തിലും സാധിക്കുന്നതല്ല- അന്യോന്യം ചേൎച്ചയൊ
തരമൊ ഇല്ലാത്ത കാൎയ്യത്തിൽ മാത്രമെ ആലോചി
ച്ചു നിശ്ചയിക്കേണ്ടതുള്ളു

ഗൊ-മെ- അനേകം ദുൎഘടങ്ങളും മുടക്കങ്ങളും ഉള്ള ഈ
കാൎയ്യം ഒരിക്കലുംനടക്കുന്നതല്ലെന്നാണ അടിയന്റെ
തീൎച്ചയായ അഭിപ്രായം. നടക്കാത്ത ഒരു വിഷയ
ത്തെപ്പററി അധികം ഉത്സാഹിക്കാത്തതും പ്രസ്താ
വിക്കാത്തതുമാണ നല്ലത എന്നു തോന്നുന്നു.

പൃ-ന- (ചിരിച്ചുംകൊണ്ട) നല്ല ശിക്ഷ. ഇത നടന്നി
ല്ലെങ്കിൽ പിന്നെ ഏത കാൎയ്യമാണ നടക്കാൻ പോ
കുന്നത? ഗോപാലന മനസ്സുണ്ടെങ്കിൽ ഇന്ന രാത്രി
കൊണ്ട ഞാം നടത്തിച്ചു തരാം- നടക്കില്ലെന്ന വി
ചാരിച്ചു ഗോപാലൻ ലേശം വ്യസനിക്കണ്ട- ആ
ഭാരം ഞാം ഏററു- മററു വല്ല പ്രതിബന്ധങ്ങളും
ഉണ്ടൊ? ഉണ്ടെങ്കിൽ അത കേൾക്കട്ടെ. അതും
ഞാം നിൎവ്വഹിച്ചു തരും. ഇന്ന തന്നെ ആയ്ക്കോട്ടെ.
അതാണ വളരെ നല്ലത. ഞാം മദ്ധ്യസ്ഥനായ
അവസ്ഥക്ക അങ്ങിനെ ആയെങ്കിലെ ഞാക്ക മാന
മുള്ളു.

ഗോ-മെ- (നമ്പൂരിയുടെ ജാഡ്യത്തെയും ദുരാഗ്രഹത്തെയും പററി മനസ്സിൽ അല്പം നിന്ദാഭാവത്തോടെ) തിരുമനസ്സുകൊണ്ട ആലോചിക്കുന്ന പ്രകാരമുള്ള യാതൊരു മുടക്കത്തെപ്പററിയുമല്ല അടിയൻ പ്രസ്ഥാപിച്ചിട്ടുള്ളത- ആ കാൎയ്യത്തിൽ അശേഷം കുണ്ഠിതവും ഇല്ല- നടക്കില്ല എന്ന അടിയൻ ഉണൎത്തിയത വേറെ സംഗതി കൊണ്ടാണ- ഒന്നാമത ആ പെണ്ണിന്ന സംബന്ധം ആലോചിക്കേണ്ടുന്ന കാലം തന്നെ ആയിട്ടില്ല- ഇപ്പോൾ പത്തോ പന്ത്രണ്ടോ വയസ്സു പ്രായമെ ആയിട്ടുള്ളു-എനിയും നാലു സംവത്സരം കഴിഞ്ഞല്ലാതെ സംബന്ധത്തിന്ന ഭാവം തന്നെയില്ല.

പൂ-ന- ഗോപാലൻ ഈ പറഞ്ഞത നോക്ക അശേഷം ബോധിച്ചില്ല. ആ പെൺ കിടാവിന്ന സംബന്ധക്കാരനെ ആക്കേണ്ടുന്ന കാലം അതിക്രമിക്കയാണെ ചെയ്തിട്ടുള്ളത. സ്ത്രീകൾക്ക യൌവനം ആരംഭിക്കുന്നതിന്ന മുമ്പായിട്ട സംബന്ധക്കാരനെ ഉണ്ടാക്കരുതെന്ന പറയുന്നത കേവലം അബദ്ധവും ഭോഷത്വവുമാണ. വേണ്ടത്തക്ക അടക്കവും മൎയ്യാദയും ഭൎത്താവിൽ സ്നേഹവും വിശ്വാസവും ഒരുത്തിക്ക വേണമെന്നുണ്ടെങ്കിൽ ചെറുപ്പകാലത്തിൽ തന്നെ ഒരു ഭൎത്താവിന്റെ രക്ഷയിലും കല്പനക്കീഴിലും ഇരുന്ന ശീലിക്കേണ്ടതാകുന്നു. അല്ലാഞ്ഞാൽ ഒരു വിധത്തിലും നേരെയാകുന്നതല്ല. പ്രായം തികഞ്ഞതിൽ പിന്നെ സംബന്ധം വെക്കുന്നതായാൽ അവൾ ഭൎത്താവിന്റെ ഹിതത്തിനും കല്പനക്കും ഒതുങ്ങി വിശ്വാസവും ബഹുമാനവും ഉള്ളവളായി തീരുന്നത വളരെ ദുൎല്ലഭമാണ- ചെറുപ്പകാലത്തിൽ

എടുത്ത വളൎത്തപ്പെടുന്ന സിംഹം, പുലി, മുതലായ ദുഷ്ടമൃഗങ്ങളെപ്പോലും മെരുക്കി ഹിതപ്രകാരം നമുക്ക കൊണ്ട നടപ്പാൻ കഴിയുന്നതാണ. വളൎന്നുവന്ന ഒരു തത്തയെപ്പോലും നമുക്ക ഇണക്കമുള്ളതായി വെപ്പാൻ എത്ര പ്രയാസമുണ്ട. കാണുന്ന വല്ല വള്ളികളും മുളച്ചു പടരുവാൻ ഭാവിക്കുന്ന സമയം തന്നെ ഒരു മരത്തോട ചേൎത്തു വെക്കുന്നതായാൽ അത എത്ര വേഗത്തിൽ അതിന്മേൽ ചുററിപ്പററി കയറി കെട്ടി കൂട്ടി പൂത്ത തളിൎത്ത ശോഭിക്കുവാൻ സംഗതിവരുന്നു? നിലത്തൊമറെറാ പടരുവാൻ വിട്ടിട്ടുള്ള ലതകളെ ഫലപുഷ്പങ്ങൾ ഉണ്ടാകേണ്ടുന്ന സമയം പിടിച്ചു വലിച്ചെടുത്ത അതി വിശേഷമായ മരത്തോട തന്നെ ചേൎത്തു കെട്ടുന്നതായാൽ പോലും ഒരിക്കലെങ്കിലും അത ആദ്യം പ്രസ്താവിച്ച വള്ളിയെപ്പോലെ വെച്ചു കെട്ടപ്പെടുന്ന മരത്തോട ചേൎന്നു വരുമെന്നു ആരും വിചാരിക്കേണ്ട. ഇത പ്രകാരം തന്നെയാണ സ്ത്രീകളുടെ അവസ്ഥയും. ചെറുപ്പത്തിൽ ഉണ്ടാകുന്ന സംബന്ധത്തിന്നു മാത്രമെ വേണ്ടത്തക്ക എല്ലാ ഗുണവും സിദ്ധിക്കയുള്ളു. അത കൊണ്ട സംബന്ധം ഇപ്പോൾ തന്നെ നടത്തേണമെന്നാണ ഞാം തീൎച്ചയായും അഭിപ്രായപ്പെടുന്നത.

ഗൊ-മെ- ഈ ഒരഭിപ്രായത്തോട അടിയൻ ഒരിക്കലും യോജിക്കുന്നതല്ല. കുട്ടിപ്രായത്തിൽ സംബന്ധക്കാരനെ ഉണ്ടാക്കുന്നത കൊണ്ട ഭാൎയ്യാഭൎത്താക്കന്മാൎക്കപല വിധമായ ദോഷങ്ങൾ സംഭവിക്കയാണ ചെയ്യു കാണുന്നത. സ്ത്രീയുടെ തറവാട്ടുള്ളന്നും ഈ ദോഷം വിട്ടുപോകുന്നതും പ്രയാസമാണ

പൃ-ന- (പരിഹാസമായിട്ട) അതുവ്വൊ? അതൊന്നു കേ ൾക്കേണ്ടത തന്നെയാണ. എന്തെല്ലാം ദോഷങ്ങ ളാണ ഉണ്ടാവാനിരിക്കുന്നത?

ഗോ-മേ- ഒന്നാമത- സ്ത്രീക്ക സ്വാഭാവികമായ വളൎച്ച ക്കു ഹാനിയും ശക്തിക്ഷയവും ക്ഷീണവും ബുദ്ധി ക്കുമന്ദതയും നാനാവിധമായ രോഗവും അകാലവാ ൎദ്ധക്യവും ചിലപ്പോൾ അപമൃത്യുവും സംഭവിക്കയാ ണ ചെയ്യുകാണുന്നത- എത്രതന്നെ ദേഹപുഷ്ടിയും ശക്തിയും ഉള്ളതാണെന്നവരികിലും കുട്ടിപ്രായത്തി ൽ പിടിച്ചു വണ്ടിക്കു കെട്ടുകയൊ കണ്ടങ്ങളിൽ പൂട്ടു കയൊ ചെയ്യുവരുന്ന മൂരിക്കുട്ടന്മാരുടെ പിൻകാല ത്തെ അവസ്ഥയും ബലക്ഷയവും എല്ലാവൎക്കും നി ശ്ചയമുള്ളതാണെല്ലൊ- കാലാനുസരണമായി വള ൎന്ന പ്രായേണവികസിക്കേണ്ടതായ ഏതെങ്കിലും ഒരു വൃക്ഷം ക്ഷമകൂടാതെ ബലമായി പിടിച്ചു വിട ൎത്തുന്നതായാൽ അതിന്ന പലവിധമായ കേട്ടുകൾ സംഭവിപ്പാനും നൈസൎഗ്ഗികമായ അഴകും വാസ നയും തീരെ നശിച്ചുപോവാനും ഇടയുള്ളതാണ- രണ്ടാമത- ബലഹീനയായി രക്തപുഷ്ടി കുറഞ്ഞു ക്ഷീണിച്ചു സദാ രോഗങ്ങൾക്കു അധീനയായി വ്യാ കുലചിത്തയായിരിക്കുന്ന സ്ത്രീയുടെ സന്താനങ്ങളും മാതാവിനെപ്പോലെതന്നെ ക്ഷീണിച്ചു തളൎന്ന ഉ ത്സാഹമൊ ബുദ്ധിസാമൎത്ഥ്യമൊ കൂടാതെ നിത്യോപ ദ്രവകാരികളായി തീരുകയാണ ചെയ്യുന്നത- ഈ ദോഷം തറവാട്ടുള്ളന്നും പ്രബലമായിത്തന്നെയിരി ക്കും. ശരീരം മെലിഞ്ഞു ശക്തിക്ഷയം വന്നിട്ടുള്ള പശുക്കളുടെ കുട്ടികളെ ദിവസംപ്രതി നാം കണ്ടുവ രുമാറില്ലെ? മൂന്നാമത- അന്യോന്യാനുരാഗം ബല

പ്പെട്ടുനിന്നെങ്കിൽ മാത്രമെ ഭാൎയ്യാഭൎത്താക്കന്മാൎക്ക സന്തോഷവും മനസ്സ്വാസ്ഥതയും ഉണ്ടാവാൻ ഇടയുള്ളു— ചെറുപ്പകാലത്തിൽ സംബന്ധക്കാരനെ ഉണ്ടാക്കുന്നതുകൊണ്ടു അന്യോന്യമുള്ള അനുരാഗത്തിന്നും പ്രേമത്തിന്നും വളരെ കുറവു വന്നുകൂടുന്നു— സ്ത്രീകൾ പിന്നീടം യൌവനം ആരംഭിക്കുമ്പോഴക്ക അവൾ തന്റെ ഭൎത്താവിന്ന അനുരൂപയല്ലെന്നൊ അവൾക്ക ഭൎത്താവ അനുരൂപനല്ലെന്നൊ വരുവാനാണ സംഗതിയുള്ളത— അതുനിമിത്തം മനോരഞ്ജനയൊ മനസ്തൃപ്തിയൊ മനസ്സന്തോഷമൊ കൂടാതെ ദമ്പതിമാൎക്ക അന്യോന്യം വൈരക്കേട വൎദ്ധിക്കുവാനും ദുൎമ്മാൎഗ്ഗങ്ങളിൽ മനസ്സു പ്രവേശിച്ചു വ്യഭിചാരം ഉണ്ടാവാനും ദുഷ്പ്രജകൾ ജനിച്ചു വംശം നശിപ്പിക്കുവാനും മറ്റും പ്രത്യേകം സംഗതിവന്നുകൂടുന്നു. നാലാമത— ശൈശവത്തിൽ സംബന്ധം ഉണ്ടാക്കുന്നതിനാൽ സ്ത്രീകൾ വേണ്ടത്തക്ക യാതൊരു വിദ്യാഭ്യാസത്തിന്നും നിവൃത്തിയില്ലാതെ വരുന്നു— വിദ്യാഭ്യാസമില്ലാത്ത സ്ത്രീകളും പശുക്കളും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലെന്നാണ എന്റെ അഭിപ്രായം.

പു-ന- ഗോപാലൻ പറഞ്ഞിട്ടുള്ളത ചിലതെല്ലാം ശരിതന്നെയാണെന്നവരികിലും ചിലത ശുദ്ധമെ അസംബന്ധമാണ— പെണ്ണുങ്ങളെ എഴുത്ത പഠിപ്പിച്ചിട്ട എന്തൊരു പ്രയോജനമാണുള്ളത. ശുദ്ധമെ തോന്ന്യാസികളായി ഭൎത്താക്കന്മാൎക്കും വീട്ടിലുള്ള പുരുഷന്മാൎക്കും അടങ്ങാതെ ഇഷ്ടാനുസരണം വ്യഭിചരിച്ചു നാട്ടു പൊട്ടാക്കാനല്ലാതെ മറ്റെന്തൊരു കാൎയ്യമാണുള്ളത— വിദ്യാഭ്യാസം എത്രൊണ്ടു ഒരുത്തി

ക്കണ്ടോ അത്രോണ്ട അവൾക്ക വ്യഭിചാരം വൎദ്ധിച്ചൂന്ന കാണുന്നത. സംബന്ധക്കാരനെ ഒരു പുല്ലോളം കൂട്ടാക്കില്ല— വീണയും തംബുരുവും എടുത്ത പാട്ടുംപാടി കണ്ടവരുടെ കഴുത്തിൽ കേറി കളിപ്പാനല്ലാതെ അവൾക്ക യാതൊരു കാൎയ്യത്തിലും ശ്രദ്ധയുണ്ടാകില്ല- വേണ്ടാത്ത ഇങ്കിരിയസ്സും പരിന്തിരിയസ്സും പഠിപ്പിച്ചിട്ട എന്തൊരു ഗുണമാണുള്ളത— കലെക്കട്ടർ സായ്വിന്റെ പണി കിട്ടുമൊ? കുപ്പായവും ഇട്ട മാടിപ്പുതച്ച നടപ്പാനും രഹസ്യക്കത്ത വായിച്ച മനസ്സിലാക്കാനും അവസരം നോക്കി തന്റെ ജാരന്മാൎക്ക എഴുതിഅയപ്പാനും മററുമല്ലാതെ യാതൊരു കാൎയ്യവും ഇല്ല. ഇവററയെ എഴുത്തു ശീലിപ്പിക്കുന്നതകൊണ്ട നാട്ടിൽ വ്യഭിചാരത്തിന്റെ വിത്തുവിതക്കയാണ ചെയ്യുവരുന്നത.

ഗോ-മേ- ഈ അഭിപ്രായത്തോട അടിയൻ കേവലം വിരോധിയാണ— വേണ്ടത്തക്ക അറിവും ബുദ്ധിക്ക വികാസവും കൃത്യാകൃത്യങ്ങളെ വേർതിരിച്ച കാണിപ്പാനുള്ള വിവേകവും മനസ്സിന്ന പാകതയും വിദ്യാഭ്യാസംകൊണ്ട മാത്രമെ സിദ്ധിപ്പാൻ കഴികയുള്ളു എന്നും വിദ്യാഭ്യാസമില്ലാത്തവർ ശുദ്ധമെ മൃഗപ്രായന്മാരാണെന്നും വിദ്യാധനത്തിന്ന തുല്യമായി യാതൊരു ധനവും ഇല്ലെന്നും അനേകം യോഗ്യന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതിനോട യോജിച്ച പുരുഷന്മാർ വിദ്യാഭ്യാസം ചെയ്തു മേൽപറഞ്ഞ ഗുണങ്ങളെ അനുഭവിച്ച വരുന്നത വിചാരിച്ചാൽ തജ്ജന്യമായ സകല ഗുണങ്ങളും സ്ത്രീകൾക്കും ഉണ്ടാവുമെന്ന വിചാരിക്കാതെ ഇങ്ങിനെ ദൂഷണം പറയുന്നത കേവലം അബദ്ധമാകുന്നു- സ്ത്രീകൾ സം

ഭോഗസാധകമായ ഒരു യന്ത്രം മാത്രമാണെന്നു വി
ചാരിച്ചു ഈ പ്രകാരം പറയുന്നത അജ്ഞാനത്തിന്റെ
യും അസൂയയുടെയും ആധിക്യംകൊണ്ടു മാത്രമാണ-
പ്രപഞ്ചത്തിന്റെ അധിഷ്ഠാനം സ്ത്രീകളാകുന്നത
കൊണ്ടു പുരുഷന്മാരെക്കാൾ വേണ്ടുന്നതക്ക വകതി
രിവും മൎയ്യാദയും അറിവും ഇവക്കാന്ന വേണ്ടത–
സന്തതികളെ ഉല്പാദിപ്പാനും സംഭോഗസുഖം അനു
ഭവിപ്പാനും മാത്രമെ ഇവരെക്കൊണ്ടു ഉപയോഗമു
ള്ളു എന്ന വിചാരിക്കുന്നതായാൽ തന്നെയും സ്ത്രീക
ൾക്കു വിദ്യാഭ്യാസം എത്രയോ ആവശ്യമായിട്ടുള്ളതാ
കുന്നു. മൂഢമാരായ സ്ത്രീകളുടെ സന്താനങ്ങളും കേ
വലം മൂഢബുദ്ധികളായി വിവേകശൂന്യങ്ങളായി
തീരുവാനെ തരമുള്ളു- കുട്ടികൾ ചുരുങ്ങാതെ ഏഴെട്ടു
സംവത്സരം മാതാവിന്റെ രക്ഷയിലും ലാളനയി
ലും മാത്രം ഇരുന്നുവരുന്നതാകകൊണ്ടു അവളുടെ
ഗുണദോഷങ്ങളെ അവററയും അനുഭവിക്കാതെ
യിരിപ്പാൻ നിവൃത്തിയില്ല. മൎയ്യാദയും വകതിരി
വും അമ്മക്കുണ്ടെങ്കിൽ അവളുടെ മക്കളും മൎയ്യാദയും
വകതിരിവും ഉള്ളവരായി തീരുമെന്നുള്ളതിന്നു സം
ശയമില്ല. മൎയ്യാദയില്ലാത്തവളുടെ സന്താനങ്ങളെ
അതുപ്രകാരം തന്നെ മൎയ്യാദയില്ലാതെ കാണുകയും
ചെയ്യുന്നതാണ. അത്രയുമല്ല കാൎയ്യാകാൎയ്യ പരി
ജ്ഞാനവും വിദ്യാഭ്യാസവും ആലോചനാശക്തിയും
മററും ഉള്ള ഒരു പുരുഷന്ന ഇഹലോകത്തിൽ ഭാൎയ്യാ
സംബന്ധമായ വല്ല സുഖവും വേണമെങ്കിൽ അ
വൾക്കു വേണ്ടത്തക്ക എല്ലായോഗ്യതയും വകതി
രിവും മുഖ്യാവശ്യമാകുന്നു. ശുദ്ധമെ പരമമൂഢയാ
യി പശുപ്രായയായ ഭാൎയ്യയിൽനിന്ന ഗുണസമ്പ

ന്നായ ഭൎത്താവിന്ന എന്തൊരു സൌഖ്യവും സ ന്തോഷവുമാണ ഉണ്ടാവാനിരിക്കുന്നത? നാഴിക യിൽ നാല്പതപ്രാവശ്യം സ്വൈരക്കേടും സഹിപ്പാൻ പാടില്ലാത്ത വ്യസനവും അല്ലെ അനുഭവം? ഒരു രാജ്യത്തിൽ ക്ഷേമവും പുഷ്ടിയും വൎദ്ധിക്കുന്നതും ക്ഷയിക്കുന്നതും സ്ത്രീകളുടെ വകതിരിവിന്റെ ഉൽ കൃഷ്ടതപോലെയും നികൃഷ്ടതപോലെയും ആകുന്നു. വിദ്യാഭ്യാസംകൊണ്ട സ്ത്രീകൾ താന്തോന്നികളായി വ്യഭിചാരിണികളായി തീരുമെന്ന പറയുന്നത കേ വലം അന്യായമാകുന്നു. ശീലാവതി- സീതാ- ച ന്ദ്രമതി- ദമയന്തിമുതലായ സ്ത്രീകൾക്ക വേണ്ടുന്ന ക്ക വിദ്യാഭ്യാസം പരിപൂൎണ്ണമായിട്ടും അവർ പാതി വ്രത്യം- ഭൎത്തൃവിശ്വാസം- വിനയം- മുതലായ സ ൽഗുണങ്ങളെ അണുമാത്രം വിട്ടുകളഞ്ഞപ്രകാരം ആരും പറഞ്ഞു കേൾക്കുന്നില്ല. ഇപ്പോൾ നാം കണ്ടുവരുന്ന സാധാരണ പട്ടുവേശ്യമാർ യാതൊ രു വിദ്യാഭ്യാസമൊ വിവേകമൊ ഇല്ലാതെ കേവലം മൃഗസ്വഭാവത്തിൽ കാലക്ഷേപം ചെയ്തുവരുന്ന മൂ ഢസ്ത്രീകളാണ. ഈ സംഗതികൊണ്ടുതന്നെ വ്യ ഭിചാരത്തിന്റെ ഉത്ഭവം വിദ്യാഭ്യാസത്തിൽ നിന്ന ല്ലെന്ന എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ. എ ന്നാൽ വിദ്യാഭ്യാസം എന്ന പറയപ്പെടുന്നത എ ന്താണെന്നതന്നെ മിക്കപേൎക്കും മനസ്സിലായിട്ടി ല്ലെന്നാണ തോന്നുന്നത. വല്ലതും ഒന്നൊ രണ്ടൊ ഭാഷ എഴുതുവാനും വായിപ്പാനും കഷ്ടിച്ച ശീലിക്കു ന്നതിന്നൊ തെല്ലുപാടുവാൻമാത്രം വശമുള്ളതിന്നൊ പുരുഷന്മാരുടെ മുമ്പിൽനിന്നു അൎദ്ധനഗ്നമാരായി യാതൊരു ലജ്ജയൊ ശങ്കയൊ കൂടാതെ കണ്ണുകൊ

ണ്ടും മുഖംകൊണ്ടും ഓരൊ വികൃതിവേഷം കാട്ടി ചു
മട്ടവെച്ചു ചാടിക്കളിച്ചു അന്ധാളികളായി പട്ടവങ്ക
ന്മാരായ ചില പുരുഷന്മാരെ ഭ്രമിപ്പിച്ചു വശീകരി
ക്കുന്നതിന്നൊ ഇതിനൊന്നിനുമല്ല ഞാൻ സ്ത്രീ വി
ദ്യാഭ്യാസമെന്ന പേർ പറഞ്ഞുവരുന്നത. ഇവ
യിൽ മിക്കതും സ്ത്രീകളെ വഷളാക്കിത്തീൎക്കുന്ന സാ
ധനങ്ങളാണെന്ന എനിക്കും അഭിപ്രായമുണ്ട. കൃ
ത്യാകൃത്യങ്ങളെയും ധൎമ്മാധൎമ്മങ്ങളെയും ഉപദേശിച്ചു
ഭൎത്തൃപരിചരണം, ബാലരക്ഷണം, ഗൃഹകൃത്യം
ഇതുകളിൽ വേണ്ടതക്ക പരിചയം ഉണ്ടാക്കി
ലൌകികവിഷയങ്ങളിലും രാജ്യതന്ത്രങ്ങളിലും സാ
മാന്യമായ അറിവു സമ്പാദിച്ചു ബുദ്ധിവികാസ
വും മനഃപാകതയും ഉണ്ടാക്കി ആജീവനാന്തം ഒരു
സ്ത്രീയെ മഹാഭാഗ്യശാലിനിയായി ചെയ്യുന്നതിനാ
ണ ഞാൻ സ്ത്രീ വിദ്യാഭ്യാസമെന്നു പേർവിളിച്ചു
വരുന്നത. എന്നാൽ മേൽപറഞ്ഞ എല്ലാ ഗുണങ്ങ
ളും എളുപ്പത്തിൽ സിദ്ധിക്കുവാൻ മറ്റുള്ള ഭാഷക
ളെക്കാൾ ഇംഗ്ലീഷഭാഷ വളരെ സൌകൎയ്യമുള്ളതാക
കൊണ്ടും വിദ്യാഭ്യാസത്തിൽ പുരുഷന്മാരെപ്പോലെ
അധികം സമയവും തരവും സ്ത്രീകൾക്ക സിദ്ധി
പ്പാൻ പ്രയാസമായതുകൊണ്ടും ഇംഗ്ലീഷവിദ്യാഭ്യാ
സം സ്ത്രീകൾക്ക അത്യാവശ്യമായിട്ടുള്ളതാണെന്ന
വിശ്വസിച്ചു അതിലേക്ക പരിശ്രമം ചെയ്യിച്ചുവരു
ന്നതല്ലാതെ കല്ലക്ടരുടെയൊ സെഷ്യൻജഡ്ജിയുടെ
യൊ ഉദ്യോഗം കിട്ടേണ്ടതിന്നല്ല ആ പെണ്ണിനെ
ഞങ്ങൾ ഇംഗ്ലീഷുപഠിപ്പിച്ചുവരുന്നത. ഏതായാ
ലും നാല സംവത്സരം കൂടി വിദ്യാഭ്യാസം ചെയ്യിച്ച
തിൽപിന്നെ യൌവനദശയിൽ എല്ലാ സംഗതി

കൊണ്ടും അവൾക്കു അനുരൂപനായ ഒരു ഭൎത്താവിനെ ഉണ്ടാക്കി കൊടുക്കുന്നതമാത്രമല്ലാതെ അതിനിടയിൽ ദേവേന്ദ്രൻ താൻതന്നെ വന്നു ചോദിക്കുന്നതായാലും ഞാനൊ അവളുടെ അഛനൊ ജീവനോടെയുണ്ടെങ്കിൽ ഒരിക്കലും സമ്മതിക്കുന്നതല്ല.

പൂ-ന- എന്നാൽ കന്മനയെ അതവരെ നോം പറഞ്ഞ താമസിപ്പിച്ചോളാം. ഇപ്പോൾതന്നെ കന്മന ഓരൊ ദിവസം ഓരൊ സംവത്സരംപോലെയാണ കഴിച്ചുകൂട്ടുന്നത- ആ പെണ്ണിന കന്മനതന്നെ മതി- ആൾ ബഹു രസികനാണ. സമൎത്ഥനാണ- അതവരെ എല്ലാം ഉപായത്തിലായ്ക്കോട്ടെ- നാലു സംവത്സരം കഴിഞ്ഞിട്ടു മതി സംബന്ധം.

ഗോ-മേ- (സഹിച്ചുകൂടാത്ത വെറുപ്പോടെ) "ഉപായത്തിൽ" എന്ന പറഞ്ഞത ഗോപാലന്റെ വീട്ടിൽ നടക്കുകയില്ല- ആലോചിക്കാതെ അസംബന്ധം സംസാരിക്കുന്നത സുഖക്കേടിന്ന കാരണമായിരിക്കും. സംബന്ധക്കാരന്റെ കാൎയ്യത്തിലും കുറെ ആലോചിക്കേണ്ടതുണ്ട. ധനികനായതുകൊണ്ടൊ ധാരാളിയായതുകൊണ്ടൊ സുഭഗനായതുകൊണ്ടൊ മാത്രം മതിയായി വരുന്നതല്ല- അവളുടെ എല്ലാ അവസ്ഥക്കുംപററിത്തരമുള്ള ഒരു ഭൎത്താവിനെ കിട്ടേണമെന്നാണ ഞങ്ങളുടെ അത്യാഗ്രഹം- വകതിരിവില്ലാത്ത മനുഷ്യനിൽനിന്ന ഇവളെക്കൊണ്ട ധനം സമ്പാദിക്കേണമെന്ന ഞാൻ വിചാരിക്കുന്നില്ല. അതുപ്രകാരം ചെയ്യേണ്ടുന്ന ആവശ്യവും ഇല്ല.

പൂ-ന- ഗോപാലന മുഷിച്ചിൽവേണ്ട- കെട്ടൊ? നോം പറഞ്ഞത ഗോപാലന മനസ്സിലാവാഞ്ഞിട്ടാണ-

"ഉപായത്തിലായ്ക്കോട്ടെ" എന്ന നോം പ്രസ്താവിച്ചത സംബന്ധം വേറെ എങ്ങും ഉണ്ടാകാതെ അങ്ങിനെയിങ്ങിനെ എവിടുന്നെങ്കിലും കഴിച്ചോട്ടെ എന്ന മാത്രമാണ— അസംബന്ധം പറവാൻ നോം അത്ര വിഡ്ഢിയാണൊ? കന്മനയും ആ പെണ്ണും തമ്മിൽ തരവും ചേൎച്ചയും ഉണ്ടൊ എന്ന ഗോപാലൻ കന്മനയുമായിട്ട രണ്ട നാഴികനേരം സംസാരിച്ചാൽ മനസ്സിലാകും. കന്മന മിടുമിടുക്കനാണ— കന്മനക്ക ഇങ്ങിനെ തോന്നിയത ഗോപാലന്റെ മഹാഭാഗ്യം എന്നെ നോം പറയുന്നുള്ളു.

ഗോ—മേ— സംബന്ധകാൎയ്യത്തിൽ എനിയും ഒരു വലിയ വൈഷമ്യം ഇരിക്കുന്നുണ്ട— ഉയൎന്ന ജാതിക്കാരുമായുള്ള സംബന്ധം സ്വജാതിയിൽ യാതോരാളെയും കിട്ടില്ലെന്ന രീച്ച് വന്നതിൽപിന്നെ ആലോചിക്കാമെന്നാണ അടിയൻ രീച്ചപ്പെടുത്തീട്ടുള്ളത— നമ്പൂരിമാൎക്കൊ പട്ടന്മാൎക്കൊ ഈ ജന്മം ആ പെണ്ണിനെ സംബന്ധത്തിന്ന കൊടുക്കരുതെന്നാണ അടിയൻ വിചാരിച്ചു വരുന്നത— ആവക സംബന്ധം ഈ തറവാട്ടിൽ ഇതുവരെയുണ്ടായിട്ടില്ലെന്ന മാത്രമല്ല, എനി ഉണ്ടാവാനും പ്രയാസമാണ.

പു—ന— ഗോപാലന്റെ ബുദ്ധിയും ആലോചനയും തലകീഴുട്ടാണില്ലേ? ബ്രാഹ്മണ സംബന്ധം ഇല്ലാത്ത തറവാട്ടിൽ എന്തൊരു ഗുണമാണുള്ളത? ബ്രാഹ്മണരുടെയും നമ്പൂരാരുടെയും നേരെ ഗോപാലന എന്താണിത്ര വിരോധം വന്നിട്ടുള്ളത— ബ്രാഹ്മണദ്വേഷം കുലക്ഷയകരമാണെന്ന ഗോപാലൻ എനിയും മനസ്സിലാക്കീട്ടില്ലേ?

ഗോ—മേ— അടിയൻ ഒരം പറഞ്ഞിട്ടുള്ളതൊന്നും ബ്രാഹ

ണ ദ്വേഷംകൊണ്ടൊ ബ്രാഹ്മണനിന്ദ മനസ്സിൽ ഉള്ളതകൊണ്ടൊ അല്ല. ബ്രാഹ്മണഭക്തിയും ബഹുമാനവും കുറെ അധികമായതകൊണ്ട മാത്രമാണ- ഇപ്പോൾ ആചരിച്ചുവരുന്ന പ്രകാരമുള്ള സംബന്ധം കേവലം അശാസ്ത്രീയവും പാപകരവുമാണെന്നാണ അടിയൻ മനസ്സിലാക്കീട്ടുള്ളത- അതുകൊണ്ടാണ ഇങ്ങിനെ മുടക്കം പറയുന്നത.

പു-ന- നല്ല ശിക്ഷ- അശാസ്ത്രീയമൊ? ഇങ്ങിനെയാണില്ലെ മനസ്സിലാക്കിയത? ശാസ്ത്രീയം തന്നെയാണ കെട്ടൊ? അശാസ്ത്രീയമായ കാൎയ്യത്തിൽ നമ്പൂരാര പ്രവേശിക്കുമെന്ന വിചാരിക്കുന്നത ശുദ്ധമെ വിഡ്ഢിത്വമാണ.

ഗോ—മേ- കാൎയ്യം പറയുന്നതിന്ന ഇവിടേക്കു മുഷിച്ചിലില്ലെല്ലൊ? പക്ഷെ അടിയൻ യാതൊന്നും കേൾപ്പിക്കുന്നില്ല.

പു-ന- യാതോരു മുഷിച്ചിലും ഇല്ല. ഗോപാലന പറയാനുള്ളത മുഴുവനും പറയാം.

ഗോ—മേ- ആചരിച്ചു വരുന്ന ഗംഭക സംബന്ധമൊ സംഭോഗമൊ മന്വാദി സ്മൃതികൾക്കു തിരെ വിരുദ്ധമായിട്ടുള്ളതാണ. അങ്ങിനെ ചെയ്യുവരുന്ന ബ്രാഹ്മണൻ പാതിത്യവും നരകവും ഭുജിക്കേണ്ടിവരുമെന്നും പറഞ്ഞു കേൾക്കുന്നുണ്ട. കാമാതുരൻ എങ്കിലും ഒരു ബ്രാഹ്മണനെ പതിതനാക്കിത്തീൎപ്പാൻ മനഃപൂൎവ്വം ഇടവരുത്തുന്നത കഠിനമായ പാപമാണെന്നും ആ പാപം തറവാട്ടിലെ പൂൎവ്വസുകൃതത്തെപോലും നശിപ്പിച്ചു കളയുമെന്നും ഞാൻ അടിയൻ വിശ്വസിച്ചിട്ടുള്ളത. ബ്രാഹ്മണനെ നശിപ്പിക്കുന്നതിന്ന അതി ദാരുണമായ ബ്രഹ്മഹത്യാപാപം

ഉണ്ടെന്ന പറയുന്നത പരമാൎത്ഥമാണെങ്കിൽ ബ്രാഹ്മണ്യം നശിപ്പിക്കുന്നതിന്നപാപം ഇല്ലെന്ന വരാൻ പാടില്ലാത്തതല്ലെ ? ഇങ്ങിനെയുള്ളതിനെ അറിഞ്ഞുംകൊണ്ടെ തല കാട്ടിക്കൊടുക്കുന്നത കേവലം അക്രമവും ദുരാഗ്രഹവുമാകുന്നു- ഇതിന്ന യാതോരു പാപവും ഇല്ലെങ്കിൽ ഒരു ബ്രാഹ്മണനെ പിടിച്ചു കുടുമ്മചെത്തി പൂണൂൽ അറുത്ത ഗോമാംസം ഭക്ഷിപ്പിക്കുന്നതിന്നും പാപമുണ്ടാവാൻ പാടില്ല.

പു-ന- ഗോപാലന്റെ സ്മൃതിയും ശാസ്ത്രവും നമുക്ക കേൾക്കെ വേണ്ട. വേദവ്യാസൻ മുതലായ ചില തപസ്വീശ്വരന്മാർ ശൂദ്ര സ്ത്രീ സംഗം ചെയ്തിട്ടുണ്ടെന്നും അതുമൂലം അവൎക്ക യാതോരു പാതിത്യമൊ പാപമൊ സിദ്ധിച്ചിട്ടില്ലെന്നും മറ്റുമുള്ള കഥ ഗോപാലന്റെ സ്മൃതിയിൽ ഇതുവരെ കണ്ടിട്ടും കേട്ടിട്ടുമില്ലയായിരിക്കാം. ശൂദ്രരുടെ സ്മൃതിപരിചയം ഇത്രയൊക്കെയുണ്ടാവാൻ പാടുള്ളു.

ഗോ-മേ- ശൂദ്ര സ്ത്രീ സംഭോഗത്തിൽ അതി ഭ്രാന്തന്മാരായ ചില ബ്രാഹ്മണരും ബ്രാഹ്മണസംഭോഗം ശ്രേയസ്കരമാണെന്നും സുകൃതമാണെന്നും തെറ്റായി ധരിച്ചുവശായിട്ടുള്ള ചില ശൂദ്രരും ഇങ്ങിനെ പ്രതിവാദിച്ചു എന്നെ സൎവ്വാപരാധിയാക്കി തീൎപ്പാൻ ശ്രമിക്കാതിരിക്കയില്ലെന്ന ഞാൻ മുമ്പെതന്നെ ആലോചിച്ചിട്ടുള്ളതാണ. യോഗാഭ്യാസം ശീലിച്ചിട്ടുള്ള ചില മഹാത്മാക്കൾ പാഷാണം ഗന്ധകം ഹരിതാലം മുതലായവയെ ഭക്ഷിക്കുന്നത കണ്ടിട്ട സാധാരണ ജനങ്ങളും അതപ്രകാരം ചെയ്വാൻ ഒരുങ്ങുന്നതായാൽ അനുഭവിപ്പാനിരിക്കുന്ന ഫലം പറയേണമെന്നില്ലല്ലൊ- അനേകായിരം സംവത്സരം

നിരാഹാരന്മാരായി പഞ്ചാഗ്നിമദ്ധ്യസ്ഥന്മാരായി തപസ്സുചെയ്തു അഷ്ടൈശ്വൎയ്യസിദ്ധിയും നിഷ്കല്മഷത്വവും നിഗ്രഹാനുഗ്രഹശക്തിയും ലഭിച്ച അത്യന്തം ദിവ്യന്മാരായ യതീശ്വരന്മാരുടെ ഓരോ അവസ്ഥയെ ഉദാഹരണമായെടുത്ത ലജ്ജകൂടാതെ വ്യവഹരിക്കുന്നു- ഇപ്പഴത്തെ മനുഷ്യന്മാരോട ആവക സംഗതിയെപ്പററി യാതൊരുത്തരവും പറയാതിരിക്കുന്നതാണ വളരെ നല്ലത.

പൂ-ന- ഗോപാലൻ എന്തതന്നെ പറഞ്ഞാലും വെണ്ടില്ല. യോഗ്യന്മാർ പണ്ടുപണ്ടെ നടന്നും നടത്തിച്ചും വരുന്ന കാൎയ്യങ്ങൾ അബദ്ധമാണെന്നപറയുന്നത ശുദ്ധമെ അധിക പ്രസംഗമാണ.

ഗോ-മേ- അകൃത്യം ആരതന്നെ ചെയ്താലും കൃത്യമായിരിക്കുമെന്ന എനിക്ക തോന്നുന്നില്ല. ശാസ്ത്രനിഷിദ്ധമായ മദ്യപാനം, കളവ, വ്യഭിചാരം, മുതലായ കൎമ്മങ്ങൾ എട്ടൊ പത്തൊ മഹായോഗ്യന്മാർ ചെയ്തിട്ടുള്ളതകൊണ്ടൊ പത്തൊ അമ്പതൊപേർ ഇപ്പോഴും ചെയ്തുവരുന്നതകൊണ്ടൊ ആവക നീചകൎമ്മങ്ങൾ സ്വീകാരയോഗ്യങ്ങളെന്നൊ പ്രശസ്തങ്ങളെന്നൊ ഒരിക്കലും പറഞ്ഞുകൂടാ. പരശുരാമൻ മാതാവിനെവധിച്ചില്ലെ? പരാശരമുനി ഒരു മുക്കുവത്തിയെ പരിഗ്രഹിച്ചില്ലെ? വേദവ്യാസൻ തന്റെ സഹോദരഭാൎയ്യമാരിൽ പുത്രോല്പാദനം ചെയ്തില്ലെ? പാണ്ഡവന്മാരഞ്ചുപേരും കൂടി ഒരു ഭാൎയ്യയെവെച്ചില്ലെ? എന്നിങ്ങിനെ പറഞ്ഞുംകൊണ്ട ഒരു കാലത്തും മാതൃവധം നീചസ്ത്രീ സംഭോഗം മുതലായത ചെയ്തു തുടങ്ങിയാൽ പിന്നെത്തെ കഥ പറയേണ്ടതില്ലെല്ലൊ.

പൂ-ന- ശൂദ്രസ്ത്രീ സംഭോഗം നമ്പൂരാക്ക ആവാമെന്നും അതകൊണ്ട യാതോരു ദോഷവും ഇല്ലെന്നും ശ്രീ

പരശുരാമൻ വിധിച്ചിട്ടുള്ളതാണെന്ന ഗോപാലൻ കേട്ടിട്ടില്ലേ? നമ്പൂരാരുടെ ആവശ്യാൎത്ഥം പരശുരാമസ്വാമി ദേവലോകത്തിൽനിന്ന ദേവസ്ത്രീകളെ കൊണ്ടുവന്ന കേരളത്തിൽ പാൎപ്പിച്ചുവെന്നും അവരുടെ സന്താനങ്ങളാണ കേരളത്തിൽ ഇപ്പോൾ കാണുന്ന മിക്ക ശൂദ്രന്മാരെന്നും അവൎക്ക പരദേശശൂദ്രരെക്കാൾ വളരെ ആഭിജാത്യവും ഉൽകൃഷ്ടതയും ഉണ്ടെന്നും അതകൊണ്ട കേരള ബ്രാഹ്മണൎക്ക ശൂദ്ര സ്ത്രീ സംഭോഗം ആവാമെന്നും എന്നി എങ്കിലും ഗോപാലൻ മനസ്സിലാക്കേണ്ടതാണ.

ഗോ-മേ- ഈ പ്രസ്താവം യുക്തിക്കും അനുഭവത്തിന്നും കേവലം വിരുദ്ധമായിട്ടുള്ളതാണെന്ന മൂക്ക കീഴ്പ്പെട്ടുള്ള സകല മനുഷ്യന്മാരും സമ്മതിക്കുന്നതാണ. ബ്രാഹ്മണരുടെ സംഭോഗ സുഖത്തിന്നുവേണ്ടി പരശുരാമൻ ദേവസ്ത്രീകളെ കൊണ്ടുവന്ന കേരളത്തിൽ പാൎപ്പിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അവൎക്കും അവരുടെ സന്താനങ്ങളായ ഞങ്ങൾക്കും അന്ന മുതൽ ഇന്നവരെ നീചത്വവും അശുദ്ധവും ഉണ്ടായിരിപ്പാൻ ഒരിക്കലും പാട്ടുള്ളതല്ല- ദേവസ്ത്രീകളെയൊ അവരിൽ തങ്ങൾക്കുണ്ടായ സന്താനങ്ങളെയൊ തൊട്ടാൽ കേരള ബ്രാഹ്മണൎക്ക മറ്റുള്ള ബ്രാഹ്മണരെക്കാൾ വിശേഷവിധിയായി സ്നാനം വേണമെന്ന പറയുന്നത തീരെ അസംബന്ധവും അബദ്ധവുമല്ലെ?

പു-ന- ആദ്യകാലത്തിൽ യാതോരു ശുദ്ധവും വഴിച്ചുവന്നിട്ടുണ്ടായിരുന്നില്ല. കാലക്രമേണ മറ്റുള്ള താണ ജാതിക്കാരുമായി ഇടചേൎന്ന ഭക്ഷ്യാഭക്ഷ്യങ്ങളിൽ യാതോരു വ്യവസ്ഥയും ഇല്ലാതെ കേവലം ശൂ

ദ്രവൃത്തിയെ അനുസരിച്ചതുകൊണ്ടു മാത്രം പിന്നീട നീചത്വം സംഭവിച്ചതാണെന്നും അതുകൊണ്ടത്രെ തീണ്ടൽ വൎജ്ജിച്ചു വരുവാൻ സംഗതി വന്നിട്ടുള്ളതെന്നും മനസ്സിലാക്കേണ്ടതാണ്.

ഗോ-മേ- ഇങ്ങിനെയാണെങ്കിൽ ഇതു സൎവ്വഥാ അബദ്ധമാകുന്നു- നീചജാതിക്കാരുമായുള്ള മേളനംകൊണ്ടോ നിഷിദ്ധാന്നം ഭക്ഷിച്ചുപോയതുകൊണ്ടോ നീചവൃത്തിയെ അനുസരിച്ചതുകൊണ്ടോ ജാതിഭ്രംശം വന്നിട്ടുള്ള ഏതെങ്കിലും ഒരു കുലീന സ്ത്രീയെയൊ അവളുടെ സന്താനങ്ങളെയൊ ഉന്നത ജാതിക്കാരൊ സമജാതിക്കാരൊ ഒരിക്കലും സ്വീകരിച്ചുവരുന്നപ്രകാരം കാണുന്നില്ല- അങ്ങിനെ സ്വീകരിക്കാമെന്നുണ്ടെങ്കിൽ സ്മാൎത്തന്മാർ മുതലായവർ ഒന്നിച്ചുകൂടി വിചാരണചെയ്തു പുറത്തു നീക്കീട്ടുള്ള സ്വസ്ത്രീകളിൽ കേരള ബ്രാഹ്മണർ ലേശംപോലും വൈമുഖ്യം വിചാരിച്ചു വരേണ്ടതില്ല. ഹിതാനുസരണം സ്വീകരിക്കാവുന്നതാണ- അത്രയുമല്ല, സംഭോഗത്തിന്നു ആവശ്യം വരുന്ന സമയങ്ങളിൽ മാത്രം ദേവസ്ത്രീകളാണെന്നു വിചാരിച്ചു വരുന്നതല്ലാതെ മററുള്ള എല്ലാ സമയങ്ങളിലും കേവലം ശൂദ്രസ്ത്രീയായിട്ടു തന്നെയാണ ഭാവിച്ചും പ്രവൃത്തിച്ചും കാണുന്നതു- രതികാലങ്ങളിൽ ദേവസ്ത്രീകളാണെന്നു ഭാവിച്ചു വരുന്നതുകൊണ്ടായിരിക്കാം ശൂദ്രസ്ത്രീകളുടെ അധരപാനത്തിലും മററും കേരള ബ്രാഹ്മണൎക്കു അശുദ്ധി ബാധിക്കാത്തതു- മേല്പറഞ്ഞ ഭാവനാശക്തികൊണ്ടു ശൂദ്രസ്ത്രീ ഗമനം ഉൽകൃഷ്ടമായിത്തീരുമെങ്കിൽ ഒരു കാലത്തു ഇത്രയൊന്നും ബുദ്ധിമുട്ടേണ്ടുന്ന ആവശ്യമെ ഇല്ല. ബോദ്ധ്യമുള്ള

മിക്കിൽ പോകാവുന്നതും സ്വേഛാനുസരണം ചെയ്യാവുന്നതും പ്രവൃത്തി കാലത്തിൽ ദേവസ്ത്രീയെന്നൊ വേളികഴിച്ച അന്തൎജ്ജനമെന്നൊ ഭാവിച്ച പരിശുദ്ധന്മാരായി തീരാവുന്നതും ആണ. ഇങ്ങിനെയുള്ള പരമോപദേശവും ഭാവനാശക്തിയും ഉള്ളതകൊണ്ടായിരിക്കാം ചില യോഗ്യന്മാർ ൟ കാലത്തു നിഷിദ്ധസ്ത്രീ സംഭോഗത്തിൽ അത്യന്തം ശ്രദ്ധാലുക്കളായി ഭ്രമിച്ചുവശായിട്ടുള്ളത. എന്നാൽ കേരള രാജ്യത്തിന്റെ രക്ഷക്കുവേണ്ടി പരദേശത്തനിന്ന അനേകായിരം ശൂദ്രരെ കൊണ്ടുവന്ന പല സ്ഥാനമാനങ്ങളും കൊടുത്ത കേരളത്തിൽ പാൎപ്പിച്ചു എന്നും മററും കേരളോല്പത്തി മുതലായ ചില ഗ്രന്ഥങ്ങളിൽ സ്പഷ്ടമായി പ്രസ്താവിച്ചു കാണുന്നുണ്ട- അവരും ക്രമേണ ദേവകളായി തീൎന്നിട്ടുണ്ടായിരിക്കാം. കേരളം സ്വൎഗ്ഗസദൃശം എന്ന ചിലർ പറഞ്ഞു വന്നിട്ടുള്ളത ൟ ഒരു സംഗതികൊണ്ടൊ എന്ന സംശയമായിരിക്കുന്നു- ൟ എല്ലാ സംഗതികൊണ്ടും ദേവസ്ത്രീ എന്ന വാക്കിന്ന ഇവിടെ യാതൊരു വിലയും കൊടുപ്പാൻ പാടില്ലെന്നാണ എനിക്ക തോന്നുന്നത. അക്രമവും അനുചിതവുമായുള്ള ഒരു കാൎയ്യത്തിന്ന എത്രതന്നെ പഴക്കം സിദ്ധിച്ചാലും അത യുക്തമെന്നൊ ഉചിതമെന്നൊ വരുത്തിക്കൂടാവുന്നതല്ല. ശാസ്ത്രനിഷിദ്ധമായ ശൂദ്രസ്ത്രീഗമനംകൊണ്ട ബ്രാഹ്മണന്ന ഏതപ്രകാരം നീചത്വവും നരകവും സിദ്ധിക്കുന്നുവൊ അതപ്രകാരം തന്നെ അതിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്കും ആ ദോഷം ബാധിക്കുമെന്നാണ വിശ്വസിക്കേണ്ടത.

പു- ന- അത നല്ല ശിക്ഷ! ശൂദ്രസ്ത്രീകളിൽ രേതസ്സുള്ളോരു കൾ പ്രവേശിക്കുന്നതകൊണ്ട നോക്കല്ലാതെ നി ങ്ങൾക്കും പാപമുണ്ട. ഇല്ലെ? എനി എന്തെല്ലാണ ഗോപാലന പറവാനുള്ളത? എല്ലാം പറഞ്ഞ തീൎത്ത കളയു.

ഗോ- മേ- പ്രസ്താവിപ്പാൻ ഭാവിച്ച അവസ്ഥക്ക എ നിമുഴവനും പ്രസ്താവിച്ച കളയാമെന്നതന്നെയാ ണ വിചാരിക്കുന്നത. ശൂദ്രസ്ത്രീ സ്വശം ഇരിക്ക ട്ടെ, ശൂദ്രഗൃഹത്തിൽ പ്രവേശിക്കുന്നതകൊണ്ടത ന്നെ അത്യുൽകൃഷ്ടന്മാരായ കേരളബ്രാഹ്മണൎക്ക അശുദ്ധി വരുമെന്നല്ലെ വെച്ചിട്ടുള്ളത. അശുദ്ധ നായ ബ്രാഹ്മണന്റെ ബീജത്തിന്നും അപ്പോളശു ദ്ധി ബാധിക്കാതിരിപ്പാൻ പാടില്ലാത്തതല്ലെ. അ ശുദ്ധബീജത്തിൽ നിന്നുണ്ടാകുന്ന സന്താനങ്ങളു ടെ ശുദ്ധത്തെപ്പററി പ്രസ്താവിക്കേണ്ടുന്ന ആവ ശ്യമെയില്ല. ഇങ്ങിനെയുള്ള സന്താനങ്ങൾ നീച സന്താനങ്ങൾ എന്നാണ പൂൎവ്വികന്മാർ വിധിച്ച കാണുന്നത. അതും ഇരിക്കട്ടെ പാത്രദൂഷ്യംകൊണ്ട അത്യന്തം വിശിഷ്ടങ്ങളായ സാധനങ്ങൾ സ്വാഭാ വികസ്ഥിതിയെ വിട്ട കേവലം വഷളായ്പ്പോകുമാറു ണ്ടെന്ന എല്ലാവൎക്കും വിശ്വാസം വന്നിട്ടുള്ള അവ സ്ഥയാണെല്ലൊ. ഓട്ടുപാത്രത്തിൽ ഒഴിക്കുന്ന ത യിർ കിളൎത്ത ചീത്തയായ്പ്പോകുന്നതപോലെ നീച യോനിയിൽ പതിക്കുന്ന ഉത്തമബീജവും അത്യന്തം നീചമായി ദുഷിച്ചുപോകയാണ ചെയ്യുന്നത. അ ല്ലാത്തപക്ഷം ശൂദ്രസ്ത്രീയിൽ ബ്രാഹ്മണനൊല്പന്നങ്ങ ളായ സന്താനങ്ങൾ ശൂദ്രരേക്കാൾ താണവരാ ണെന്ന മനവാദി സ്മൃതികളിൽ വിധിച്ച കാണ്മാൻ

ഇടയില്ലാത്തതാണ. ഇതുകൂടാതെ ലൌകികവിരുദ്ധമായ ഒരു വലിയ ദോഷംകൂടിയുണ്ട.

പൂ- ന- സ്മൃതി എല്ലാം ഒരു സ്ഥലത്തവെച്ച ഗോപാലൻ ലൌകികത്തിലേക്കാണില്ലെ കടപ്പാൻ വിചാരിക്കുന്നത? ബ്രാഹ്മണസംബന്ധം ലൌകികത്തിന്നും വിരുദ്ധമാണൊ? ഈ ഒരു കാൎയ്യം ഇതുവരെ ആരും പറഞ്ഞുകേട്ടില്ല. ശാസ്ത്രത്തിന്നും നാട്ടനടപ്പിന്നും എല്ലാം വിരോധമാണില്ലെ നമ്പൂരാരുടെ പ്രവേശന?

ഗോ- മേ- അതിന്ന യാതൊരു സംശയവും ഇല്ല. മേൽപറഞ്ഞ സംഭോഗത്തിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്ക പിതൃക്രിയക്ക യാതൊരു അൎഹതയും ഇല്ലെന്ന തീൎച്ചപ്പെടുത്തിവെച്ചിട്ടുള്ളതുകൊണ്ട അവരെ സന്താനങ്ങൾ എന്ന വിചാരിപ്പാൻ പാടില്ലാത്തതാണ. പിതാവിന്റെ ശേഷക്രിയക്ക അൎഹതയില്ലാത്ത മക്കളെ അദ്ദേഹത്തിന്റെ മലമൂത്രാദികളിൽ ഒന്നാണെന്ന മാത്രമല്ലാതെ പുത്രന്മാരെന്ന ശബ്ദിക്കാനെ പാടില്ലെന്നാണ ഞാൻ കേട്ടിട്ടുള്ളത. സ്വന്തസന്താനങ്ങളെ കൈകൊണ്ട തൊട്ടുപോയാൽ മൂക്ക പിടിച്ച മുന്നൂറ മുങ്ങി സഹസ്രാവൃത്തി ജപിച്ചല്ലാതെ പരിശുദ്ധന്മാരാകയില്ലെന്ന പറഞ്ഞു അതപ്രകാരം അനുഷ്ഠിച്ചു വരുന്ന നിങ്ങളെ സംബന്ധകാൎയ്യത്തിൽ വേറെ വല്ല നിവൃത്തിയും ഉണ്ടെങ്കിൽ ഈ തൊടീക്കകത്ത കടത്താതിരിക്കേണമെന്നാണ ഞാൻ നിശ്ചയിച്ചിട്ടുള്ളത. തുമ്പില്ലാത്ത ഈ വിധം രഹസ്യവും പരസ്യവുമല്ലാത്ത സംബന്ധംകൊണ്ട എനിയും അനേകം ദോഷങ്ങൾ സംഭവിപ്പാനിടയുള്ളതാകകൊണ്ട ശാസ്ത്രനിഷിദ്ധമായ ഈ മാതിരി ബ്രാഹ്മണ സംബന്ധം ഒരിക്കലും വിഹിത

മായിട്ടുള്ളതല്ലെന്നാണ ഞാൻ വിചാരിക്കുന്നത. ഈ സംഗതിക്കവേണ്ടി എനിമേൽ ഇവിടെ കടക്കാതിരിക്കേണമെന്ന മാത്രമെ ഞാൻ അപേക്ഷിക്കുന്നുള്ളൂ. മുറിക്കുപ്പായം ഇട്ട മുടിപ്പുതച്ച നടക്കുന്ന ആ വെളുത്ത പെൺകിടാവിനെ ഈ ജന്മം ഞാൻ കാണാൻപോലും കൊട്ടക്കില്ലെന്ന കുബേരൻ നമ്പൂരിപ്പാടിനെ അറിയിക്കാം. പരമാൎത്ഥസംഗതികളെ പ്രസ്താവിച്ചതുകൊണ്ട എന്റെ നേരെ യാതൊരു മുഷിച്ചിലും കൂടാതെ ഇരിക്കേണ്ടത ഇവിട്ടത്തെ ഭാരമാകുന്നു എന്ന പ്രത്യേകം താഴ്മയോടെ അറിയിക്കുന്നു.

ഗോപാലമേനോൻ ഇപ്രകാരം പറഞ്ഞ ഇരുന്നദിക്കിൽനിന്നെഴുനീററ നമ്പൂരിപ്പാടിനെ തൊഴുതുംകൊണ്ട അവിടെ നിന്നു- ഗോവിന്ദനുണ്ടായ സന്തോഷം എത്രയാണെന്ന പറവാൻ പ്രയാസം. ഈ സംസാരം അകത്തനിന്നിരുന്ന സ്ത്രീകളിൽ പാറുക്കുട്ടിക്കാണ വളരെ രസം പിടിച്ചത. ഇവൾക്ക സാധാരണമായി നമ്പൂതിരിമാരെ മനസ്സുകൊണ്ട കുറെ പുഛമാണ. അത ചെറുപ്പകാലത്തിന്റെ തിളപ്പുകൊണ്ട തൊന്നീട്ടുള്ളതും അല്ല. ഇവരുടെ ലജ്ജാകരമായ നടവടിയും തോന്ന്യാസവും കണ്ടിട്ട മനസ്സിൽ ഒരു വെറുപ്പ തോന്നിപ്പോയതിനാൽമാത്രം ഉണ്ടായിട്ടുള്ളതാണ. "മീനാക്ഷിക്കുട്ടി ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ജ്യേഷ്ഠൻ ഈ പറഞ്ഞിട്ടുള്ളതെല്ലാം അവൾക്കും കേൾക്കായിരുന്നുവെല്ലൊ. ഇതെല്ലാം സ്ത്രീകൾ കേൾക്കേണ്ടതും മനസ്സിലാക്കേണ്ടതും ആണ. ജ്യേഷ്ഠൻ ഇത്രയൊക്കെ പറയുമെന്ന ഞാൻ വിചാരിച്ചിരുന്നില്ല". എന്നിങ്ങിനെ പാറുക്കുട്ടി അകത്തനിന്ന പതുക്കെ മന്ത്രിച്ചുതുടങ്ങി. "നമ്പൂരിയെ മുഷിച്ചിലാക്കേണ്ടതില്ല

യായിരുന്നു. പ്രഥാ ബ്രാഹ്മണകോപം സമ്പാദിക്കേണ്ടു ന്ന ആവശ്യമുണ്ടായിരുന്നില്ല. ഇതുകൊണ്ടു മേലിൽ എ ന്തെല്ലാമാണ വരുന്നത എന്ന ആൎക്കറിയാം" ലക്ഷ്മി അമ്മ യുടെ മനസ്സിൽ ഇങ്ങിനെയുള്ള വിഷാദമുണ്ടായി. "ജ്യേ ഷ്ഠന ദ്വേഷ്യം വന്നാൽ നിവൃത്തിയില്ല. എന്നാലും ഇ ത്ര അധികം പറയേണ്ടതില്ലയായിരുന്നു. നമ്പൂരിപ്പാ ടിന്റെ മുഖം വല്ലാതെ കറുത്തവശായ്ക്കനോക്ക. കഷ്ടായി പോയി. അദ്ദേഹം ജ്യേഷ്ഠനെ ശപിച്ചേച്ച പോകുമൊ എന്ന ഭയമായിരിക്കുന്നു. എന്തൊരു ജ്യേഷ്ഠനാണ, ബ്രാ ഹ്മണരോട ഇങ്ങിനെ എല്ലാം പറയാമൊ?" എന്നിപ്രകാ രം നാണി അമ്മയും പതുക്കെ പിറുപിറുത്തു തുടങ്ങി.

ഗോപാലമേനോന്റെ സംസാരവും മുഖഭാവവും ക ണ്ടിട്ട പുരുഷോത്തമൻ നമ്പൂരിക്ക ആകപ്പാടെ സഹിച്ചുകൂടാ ത്ത ദ്വേഷ്യം വന്നു. താൻ വിചാരിച്ചു വന്ന കാൎയ്യം ഈ സ്ഥിതിയിൽകലാശിക്കുമെന്ന അദ്ദേഹം ഒരിക്കലും വിചാ രിച്ചിട്ടുണ്ടായിരുന്നില്ല. ആശാഭംഗം കൊണ്ടു ക്രോധപ രവശനായി അദ്ദേഹം അവിടെ നിന്നെഴുനീററ ഗോപാ ല മേനോന്റെ മുഖത്ത നോക്കി കുറെ ഉച്ചത്തിൽ പറ ഞ്ഞു. "തന്നെപ്പോലെ കാൎയ്യബോധവും സ്മൃതിസിദ്ധാ ന്തവും ശീലമുള്ളശൂദ്രർ ഈ മലയാളത്തിൽ എനിയും നാല ഞ്ചു പേരു കൂടി ഉണ്ടാകുന്നതായാൽ നമ്പൂരാരുടെ കാൎയ്യം വ ലിയ മോശം തന്നെ. സന്യാസിക്കാനെ പിന്നെ നിവൃ ത്തിയുള്ളു. എന്ത സ്മൃതിസിദ്ധാന്തമാണ തനിക്ക നിശ്ച യമുള്ളത. നീ സ്മൃതി കണ്ടിട്ടുണ്ടൊ? മനുവാദിസ്മൃതിയിൽ അ ങ്ങിനെ പറഞ്ഞിരിക്കുന്നു ഇങ്ങിനെ പറഞ്ഞിരിക്കുന്നു എന്നൊക്കെ അധിക പ്രസംഗം പറഞ്ഞതല്ലാതെ നിണ ക്ക ഒരൊററ സ്മൃതി ചൊല്ലാൻ കഴിഞ്ഞൊ? ഗോകൎണ്ണം മുതൽ കന്യാകുമാരി വരെയുള്ള ഈ കേരള രാജ്യത്തിൽ പ

രശുരാമനും ശങ്കരാചാൎയ്യരും കൂടി പണ്ടേക്കു പണ്ടെ നടത്തിച്ചു വന്നിട്ടുള്ള ഈ സമ്പ്രദായം ഇതു വരെ ആരെങ്കിലും അബദ്ധമാണെന്ന പറഞ്ഞുവൊ? യോഗ്യന്മാർ നടന്നു വരുന്ന നടവടി തെററാണെന്നു പറവാൻ നിണക്കു ലജ്ജയില്ലല്ലൊ. നിന്റെ മരുമകളെ നമ്പൂരാൎക്ക കൊടുപ്പാൻ മനസ്സില്ലെങ്കിൽ കൊടുക്കേണ്ട. കണ്ട ചട്ടക്കൊ വെള്ളക്കൊ ആൎക്കെങ്കിലും കൊടുത്തൊ. നോക്കു വേണ്ട. ഈ വക തോന്ന്യാസവും അധികപ്രസംഗവും പറവാൻ നിണക്ക അധികാരവും ആവശ്യവും ഇല്ലെന്ന നീ നല്ല വണ്ണം സൂക്ഷിച്ചോ. ഇരിക്കട്ടെ. നോം ഒരു നമ്പൂരി ഗോപാലൻ ഒരു ശൂദ്രൻ. അതു നിശ്ചയം തന്നെ അല്ലേ. നോം രണ്ടു പേരും തമ്മിലൊന്ന വാദിപ്പാൻ പോകുന്നതു. കന്മനക്ക ആ പെണ്ണിനെ ആവശ്യമുണ്ടായിട്ടല്ല എങ്കിലും ആ അധികപ്രസംഗിപ്പെണ്ണിനെ ഒരു ദിവസമെങ്കിലും ഇല്ലത്തു കൊണ്ടു പോയിപാൎപ്പിപ്പാൻ കഴിയുമോ എന്ന നോം ശ്രമിച്ചു നോക്കട്ടെ. ഇല്ലം വക സ്വത്തു മുഴുവൻ വിററിട്ടെങ്കിലും ഇതിന്റെ ശേഷം നിന്നോട നോം ചോദിക്കാതെ ഇരിക്കില്ല" എന്ന പറഞ്ഞു മുററത്തിറങ്ങി. ഗോവിന്ദൻ അപ്പോൾ പുറത്തു കടന്നുവന്നിട്ടില്ലയായിരുന്നു വെങ്കിൽ ഗോപാലമേനോൻ ഇദ്ദേഹത്തെ വെറുതെ അയക്ക ഇല്ലയായിരുന്നു. വല്ലതും രണ്ടു നാലെങ്കിലും ദക്ഷിണ കൊടുക്കേണമെന്നായിരുന്നു ആ മനുഷ്യന്റെ താല്പൎയ്യം. ദ്വേഷ്യം സഹിക്കരുതാഞ്ഞിട്ടു ഗോപാലമേനോൻ ഇരച്ചുതിയ നരിയെപ്പോലെ കുറെ എല്ലാം കുതറിനോക്കി- എങ്കിലും ഗോവിന്ദൻ പിടിച്ചു വെച്ചുകളഞ്ഞു. നമ്പൂരിപ്പാട വായിൽതോന്നിയതു പറഞ്ഞുംകൊണ്ട പടിയും ഇറങ്ങിപ്പോയി- സ്കൂൾ വിരിഞ്ഞുപടിഞ്ഞാറെ പടികയറി അപ്പഴക്ക മീനാക്ഷിക്കുട്ടിയും വന്നു.

തന്റെ വാത്സല്യത്തിന്നും അതിപ്രിയത്തിന്നും ഇരിപ്പിടമായ ഇവളെ കണ്ടപ്പോൾ ഗോപാലമേനോന്റെ കണ്ണുകളിൽ വെള്ളംനിറഞ്ഞു. എങ്കിലും മനശ്ചാഞ്ചല്യം യാതൊന്നും പുറത്തുകാണിക്കാതെ ധൈൎയ്യം കലൎന്ന വേഗത്തിൽ മാളികയുടെ മുകളിലേക്കു കയറിപ്പോയി.

പുരുഹൂതൻ നമ്പൂരി നന്ദരാജാക്കന്മാരുടെ ഭോജനശാലയിൽനിന്നു പുറത്താക്കിയ ചാണക്യനെപ്പോലെ കോപാന്ധനായി അവിടെനിന്നു പടിയിറങ്ങി ചിറയുടെ കിഴക്കു ഭാഗത്തു എത്തിയപ്പോഴെക്കു കുബേരൻ നമ്പൂരിയും ക്ഷേത്രത്തിന്റെ വടക്കെ ഗോപുരവും ഇറങ്ങിബദ്ധപ്പെട്ടു അരികത്തു വന്നു. പുരുഹൂതൻ നമ്പൂരിയുടെ മുഖഭാവം കൊണ്ടു തന്നെ കാൎയ്യം അപകടമായിട്ടാണെ കലാശിച്ചതു എന്നു കുബേരൻ നമ്പൂരിക്കു മനസ്സിലായി. എങ്കിലും രണ്ടു പേരും കൂടി കുറെ അകലെ പോയി നിന്നു അന്യോന്യം സംസാരിപ്പാൻ തുടങ്ങി. പുത്തൻ മാളികക്കൽ പോയതും അകത്തു കടപ്പാൻ അനുവദിക്കാതെ ഗോപാലമേനോൻ തന്നെ അപമാനിച്ചതും യാതൊരു ബഹുമാനവും കൂടാതെ ഒരുമിച്ചിരുന്നു സാധാരണ നടവടിയും വിനയവും വിട്ടു അധികപ്രസംഗമായി സംസാരിച്ചതും നമ്പൂരിമാരെ കൂട്ടത്തോടെ ശകാരിച്ചതും മീനാക്ഷിക്കുട്ടിയെ കാണ്മാൻ പോലും കൊടുക്കില്ലെന്നു ധിക്കാരം പറഞ്ഞതും തന്നെ അടിപ്പാൻ ഭാവിച്ചതും താൻ തക്കതായ മറുപടി പറഞ്ഞു ശപഥം ചെയ്തു ഇറങ്ങിപ്പോന്നിട്ടുള്ളതും ഇങ്ങിനെ ഉള്ളതും ഇല്ലാത്തതും ഒരു പോലെ കൂട്ടിച്ചേൎത്തു കുബേരൻ നമ്പൂരിയെ പറഞ്ഞു ധരിപ്പിച്ചു. അദ്ദേഹത്തിന്നു ഇതെല്ലാം കേട്ടപ്പോൾ അസാമാന്യമായ വ്യസനവും ഇച്ഛാഭംഗവും ഈറയും അരിശവും കണ്ണീരും തൊണ്ടവിറക്കലും എല്ലാം പാടെ ഒന്നിച്ചുണ്ടായി. ഗോപാലമേനോനെ ച

തിച്ചിട്ടോ വശീകരിച്ചിട്ടോ മാരണക്രിയ ചെയ്തു നശിപ്പിച്ചിട്ടോ ഏത വിധമെങ്കിലും മീനാക്ഷിക്കുട്ടിയെ കയ്യിലാക്കണമെന്ന തന്നെ രണ്ടു പേരും കൂടി നിശ്ചയിച്ചു. പണം കൊണ്ടു സാധിപ്പിക്കാമെങ്കിൽ പതിനായിരം ഉറപ്പിക ചിലവു ചെയ്വാൻ താൻ ഒരുക്കമുണ്ടെന്ന കുബേരൻ നമ്പൂരി തന്റെ സ്നേഹിതനോട വാഗ്ദത്തം ചെയ്തു. രണ്ടാളും കൂടി ഇതിലേക്ക വേണ്ടുന്ന പല വിദ്യകളും അന്നുമുതൽക്ക പലരുടെയും സഹായത്തോടു കൂടി ആലോചിച്ചു തുടങ്ങി.

# പതിനൊന്നാം അദ്ധ്യായം

"കുഞ്ഞികൃഷ്ണമേനോൻമുതലായവരുടെ വരവു"

:o:

കഴിഞ്ഞ അദ്ധ്യായത്തിൽ പ്രസ്താവിച്ച സംഗതികൾ സംഭവിച്ചിട്ടുണ്ടായിരുന്നതിന്റെ പിറെറ ദിവസം രാവിലെ കുഞ്ഞികൃഷ്ണമേനോന ഒരു ടെലിഗ്രാം അയപ്പാൻ വേണ്ടി ഗോവിന്ദൻ കമ്പി ആപ്പീസ്സിലേക്കു പോവാനുള്ള ഒരുക്കത്തോടുകൂടി ഗോപാലമേനോന്റെ അരികത്തു ചെന്നു. അദ്ദേഹം അപ്പോൾ ചായയും കഴിച്ചു മാളികമുകളിൽ ഇരിക്കയായിരുന്നു. ഗോവിന്ദനെ കണ്ടു ഉടനെ അവിടെനിന്നു എഴുനീററു താഴത്തിറങ്ങി കിഴക്കെ പൂമുഖത്തു വന്നിരുന്നിട്ടു മീനാക്ഷിക്കുട്ടിയെ വിളിച്ചുകൊണ്ടുവരുവാൻവേണ്ടി പറഞ്ഞു. ആ സമയം അവൾ പടിഞ്ഞാറെ ഭാഗത്തുള്ള ചാരുപടിയിന്മേൽ ഇരുന്നു ക്ഷേത്രഗണിതം വായിക്കുകയായിരുന്നു. ഗോപാലമേനോൻ വിളിക്കുന്നു എന്നു കേട്ടക്ഷണത്തിൽ അവൾ പുസ്തകം അവിടെ വെച്ചു എഴുനീററു ബദ്ധപ്പെട്ടു പൂമുഖത്തേക്കു ചെന്നു. ഗോപാലമേനോൻ തന്റെ അതിപ്രിയയായ മരുമകളെ അരികത്തു വിളിച്ചു പുറത്തു തലോടിക്കൊണ്ടു പറഞ്ഞു— "പെണ്ണെ! നിന്റെ അച്ഛൻ വരാമെന്നു പറഞ്ഞിട്ടുണ്ടായിരുന്ന ദിവസങ്ങളൊക്കെയും കഴിഞ്ഞു. നിശ്ചയിച്ച പ്രകാരം വരാതെയിരിപ്പാൻ പ്രത്യേകിച്ചു വല്ല മുടക്കവും സംഭവിച്ചിട്ടുണ്ടൊ എന്നു സംശയമായിരിക്കുന്നു. അല്ലാത്ത പക്ഷം അദ്ദേഹം വരാതിരിക്കയില്ലയായിരുന്നു. അതുകൊണ്ടു ഗോവിന്ദനെ ഇപ്പോൾ കമ്പി

അപ്പീസ്സിലയച്ചു ഒരു ടെലിഗ്രാം അടിപ്പിക്കാമെന്നു വിചാരിക്കുന്നു. എനിക്കു ഇംഗ്ലീഷുഭാഷ അറിഞ്ഞുകൂടാത്തതുകൊണ്ടു അതു അയക്കേണ്ടുന്ന മാതിരി നല്ല നിശ്ചയമില്ല. ഗോവിന്ദനും എനിക്കു പററിയ കാൎയ്യസ്ഥൻ തന്നെ. നീ ഇംഗ്ലീഷു രണ്ടു നാലു സംവത്സരമായെല്ലൊ പഠിച്ചുവരുന്നു? ടെലിഗ്രാം അയപ്പാൻ ശീലമുണ്ടെങ്കിൽ വേണ്ടത്തക്ക പ്രകാരം ഒന്നു എഴുതി ഇപ്പോൾ തന്നെ ഗോവിന്ദന്റെ വശം അയക്കൂ. മറെറാന്നും വിചാരിച്ചു മുഖം ചീത്തയാക്കേണ്ട” ഇതു കേട്ടപ്പോൾ മീനാക്ഷിക്കുട്ടിയുടെ മനസ്സിൽ പാങ്ങല്ലാത്ത ഒരു പരിഭ്രമവും വിചാരവും ഉണ്ടായി. തന്റെ അച്ഛന്നു വല്ല ശരീര സുഖക്കേടും ബാധിച്ചിട്ടുണ്ടായിരിക്കും എന്നുള്ള ചിന്ത മനസ്സിൽ കടക്കുമ്പഴക്ക കണ്ണിൽ വെള്ളം നിറഞ്ഞു എന്നുമാത്രമല്ല അതു മുഖത്തു കൂടി പലവഴിയായൊഴുകി തുള്ളിതുള്ളിയായി റവുക്കയിൽ ഇററിട്ടു വീഴുകയും ചെയ്തു. അഭിനവമായിവികസിച്ചു നില്ക്കുന്ന സരോരുഹത്തിന്മേൽ തുഷാരം പതിച്ചാൽ ഏതുപ്രകാരമൊ അതുപ്രകാരം അതി പ്രസന്നമായി വിളങ്ങിക്കൊണ്ടിരുന്ന അവളുടെ മുഖത്തു ക്ഷണനേരംകൊണ്ടു ഒരു വൈവൎണ്യവും മ്ലാനതയും ബാധിച്ചു ഇതെല്ലാം കണ്ടപ്പോൾ ഗോപാലമേനോന്റെ മനസ്സിലും കുറച്ചു കുണ്ഠിതമുണ്ടായി. എങ്കിലും അദ്ദേഹം അത്യന്തം ധൈൎയ്യശാലിയായിരുന്നതുകൊണ്ടു തന്റെമനോവൈവശ്യം ലേശം പോലും പുറത്തു കാണിക്കാതെ അവളെ തന്റെമടിയിൽ പിടിച്ചിരുത്തി തോൎത്ത മുണ്ടു കൊണ്ടു കണ്ണീർ തുടച്ചു മൂൎദ്ധാവിൽ രണ്ടു മൂന്നുരു ചുംബിച്ചു പതുക്കെ പറഞ്ഞു. “നീ എന്തൊരു ഭോഷയാണ്! സ്ത്രീ സാധാരണമായ ചാപല്യം നിണക്കെങ്കിലും അല്പം കുറഞ്ഞിരിക്കേണമെന്നു വിചാരിച്ചിട്ടല്ലെ ബുദ്ധിവികാസം വരുത്തുക്കുത

പലതും ഞാൻ നിന്നെ ശീലിപ്പിച്ചു വരുന്നത? എന്നിട്ടും അനാവശ്യമായി കണ്ണീരൊല്ലിച്ചു മുഖം വഷളാക്കിത്തീൎപ്പാൻ നിണക്ക അശേഷം ലജ്ജയില്ലാത്തത വലിയ ആശ്ചൎയ്യം തന്നെ. കഷ്ടമേ കഷ്ടം! നിണക്ക ഇത്ര ജളത്വവും ഭീരുത്വവും ഉണ്ടെന്ന ഞാൻ ഇതുവരെ വിചാരിച്ചിട്ടുണ്ടായിരുന്നില്ല. നിന്റെ അച്ശന്ന യാതൊരു സുഖക്കേടും ഇല്ല. ഇന്ന ഇവിടെ എത്തും. നീ കരയാതിരിക്കു. നീ വിഡ്ഢിത്വം ഒന്നും കാട്ടാതെ ധൈൎയ്യപ്പെടു. നിന്റെ അച്ശനും ജ്യേഷ്ഠനും ഇന്ന ഉച്ചക്കമുമ്പെ ഇവിടെ കുളിപ്പാൻ തക്കവണ്ണം എത്താതെയിരിക്കയില്ല. അവർ വിശന്നുംകൊണ്ട വരുന്ന സമയം അവൎക്ക കൊടുപ്പാൻ വേണ്ടി നീ വല്ലതും ശേഖരിച്ചു വെച്ചിട്ടുണ്ടൊ? ഇല്ലെങ്കിൽ ക്ഷണത്തിൽ പോയി വല്ലതും തെയ്യാറാക്കുവാൻ നോക്കു. കരയുന്നത നമുക്ക പിന്നെയാവാം." ഇങ്ങിനെ ഓരോന്ന പറഞ്ഞു സമാധാനപ്പെടുത്തിക്കൊണ്ടിരിക്കുന്ന മദ്ധ്യേ കിഴക്കെ ഇടവഴിയിൽ കൂടി ഒരു വണ്ടി വരുന്ന ശബ്ദം കേട്ടു. "എനി കരയേണമെന്നില്ല. മൂപ്പര എത്തിപ്പോയി. ഞാൻ ചെന്നു നോക്കട്ടെ" എന്നു പറഞ്ഞ ഗോവിന്ദൻ പടിക്കലേക്ക ഓടി. വണ്ടി വരുന്ന ശബ്ദം കേട്ടപ്പോൾ തന്നെ മീനാക്ഷിക്കുട്ടിയുടെ മനഃക്ലേശം ഏതാണ്ട് തീൎന്നു എന്ന തന്നെ പറയാം. നിഷ്പ്രഭമായി വാടിയിരുന്ന ഇവളുടെ മുഖത്ത ക്രമേണ ഒരു പ്രസന്നതയും വെളിച്ചവും വന്നു കൂടിത്തുടങ്ങി. വണ്ടിയിൽ ആരാണ വരുന്നത എന്ന നോക്കുവാൻ ഗോവിന്ദന്റെ മുമ്പിൽ ഓടി എത്തേണമെന്നുള്ള താല്പൎയ്യം മീനാക്ഷിക്കുട്ടിയെ കുറെ ഉത്സാഹിപ്പിച്ചു നോക്കി എങ്കിലും ഗോപാലമേനോന്റെ നേരെ ഇവൾക്കുള്ള ശങ്ക ഇവളെ പിടിച്ചു നിൎത്തി കളഞ്ഞു. ഗോപാലമേനോൻ ഉടനെ തന്നെ ഇവളുടെ കയി പിടിച്ചും

കൊണ്ടു മുററത്തേക്കു ഇറങ്ങിയതിനാൽ ഇവളുടെ മനോരഥത്തിന്നു അല്പം ആശ്വാസമായി. രണ്ടു പേരും ഏകദേശം നടവഴിക്കു നേരെ എത്തിക്കഴിയുമ്പഴക്കു വണ്ടിയിൽ കയറി വന്നിട്ടുണ്ടായിരുന്നവരും തങ്ങളുടെ സാമാനങ്ങളും പടിപ്പുരയുടെ കോലായമെൽ എത്തി.

ഗോപാലമേനോന്റെ സാന്ത്വനവാക്കിനാലും വണ്ടി വരുന്ന ശബ്ദം കേട്ടതിനാലും ശങ്കിച്ചു തല്ക്കാലം വാങ്ങി നിന്നിട്ടുണ്ടായിരുന്ന കണ്ണുനീർ മീനാക്ഷിക്കുട്ടിയുടെ നേത്രങ്ങളിൽ ഹർഷാശ്രുരൂപേണ രണ്ടാമതും വന്നു നിറയുവാൻ സംഗതി സിദ്ധിച്ചതിനാൽ സന്തോഷിച്ചു. "എന്റെ ജ്യേഷ്ഠനും അച്ഛനും ഇതാ ഒരുമിച്ചുതന്നെ വന്നിരിക്കുന്നു" എന്നു പറഞ്ഞുംകൊണ്ടു പടിക്കലേക്കു അവൾ ഓടിച്ചെല്ലുവാൻ ഭാവിച്ചു. എങ്കിലും ഗോപാലമേനോൻ അവളെ അതിന്നു അനുവദിക്കാതെ പിന്നെയുംസാവധാനത്തിൽ അവളോടു പതുക്കെ പറഞ്ഞു. "നീ എന്തിനാണെ ഇത്രയെല്ലാം ബദ്ധപ്പെടുന്നത? അവരെല്ലാംവരും ഇങ്ങട്ടല്ലെ വരുന്നത? നീ എന്തിനാണ അങ്ങട്ടു ഓടി ബദ്ധിമുട്ടുന്നത? നീ മുമ്പ കാണാത്ത ഒരു ചെറുപ്പക്കാരൻ കൂടി അവരുടെ ഒന്നിച്ചു വരുന്നത കണ്ടില്ലെ? നിന്റെ ഈ ഓട്ടവുംചാട്ടവുംകണ്ടാൽ അദ്ദേഹം എന്തെല്ലാം വിചാരിക്കും? ഞാൻ അങ്ങട്ടു ചെന്നു നിന്റെ അച്ഛനെ ആദരിച്ചു ഇങ്ങട്ടു കൂട്ടിക്കൊണ്ടു വരുമ്പഴക്കു നീ രണ്ടു കസേർ കൂടി എടുത്തപൂമുഖത്ത കൊണ്ടു വെപ്പിക്കു. ചായയും മററും ക്ഷണനേരത്തിൽ തെയ്യാറാക്കേണമെന്നു നിന്റെ അമ്മയോടും ചെന്നു പറക" ഇപ്രകാരം പറഞ്ഞു മീനാക്ഷിക്കുട്ടിയെ തിരികെ അയച്ചിട്ടു ഗോപാലമേനോൻ ചിരിച്ചുംകൊണ്ടു വേഗത്തിൽ പടിക്കലേക്കു ചെന്നു. എല്ലാവരും അന്യോന്യം കുശലപ്രശ്നം ചെയ്തുംകൊണ്ടു നാലഞ്ചു മിനുട്ട

നേരം പടിക്കൽ തന്നെ നിന്നും സംസാരിച്ചും സാമാനങ്ങൾ നിറച്ചിട്ടുള്ള പെട്ടികളും മററും ശിപായികോമൻനായര എടുത്തും എടുപ്പിച്ചും കോലാമേൽ കൊണ്ടു വെപ്പിച്ചു.

മീനാക്ഷിക്കുട്ടി അകായിൽപോയി അവിടെ നിന്ന വിശേഷമായ രണ്ടുകസേലകൾ എടുത്ത വേഗത്തിൽപൂമുഖത്തകൊണ്ടുവെച്ചു. തന്റെ അച്ഛനുംമററും വന്നിട്ടുണ്ടെന്നുള്ള വൎത്തമാനം ഓടിച്ചെന്നു തന്റെ അമ്മയോടു പറഞ്ഞു. ലക്ഷ്മിഅമ്മ ഈ സമയത്ത വടക്കഭാഗത്തെ കോലായിൽ ഇരുന്ന പല്ലുതേക്കുക ആയിരുന്നു. ഭൎത്താവും മകനും വന്നിട്ടുണ്ടെന്ന കേട്ടപ്പോൾ ഇവൎക്കുണ്ടായ പരമാനന്ദവും അനുരാഗവും വാത്സല്യവും ഇത്രയെന്ന പറഞ്ഞറിയിപ്പാൻ ലക്ഷ്മിയമ്മയൊഴികെയാതൊരാൾ വിചാരിച്ചാലും സാധിക്കുന്നതല്ല. പല്ലുതേപ്പുനിൎത്തി ക്ഷണത്തിൽ മുഖം കഴുകി അവിടെനിന്നെഴുനീററു. എങ്കിലും വിചാരിച്ച കാൎയ്യം നിവൃത്തിക്കുന്നതിൽ മുടക്കം ചെയ്യാനായിട്ടു ഇടയിൽ ചിലർ കടന്നുകൂടി. കെട്ടിവെക്കുംതോറും തലമുടി അഴിഞ്ഞു പോകുന്നതിനാൽ കുറെനേരം ബുദ്ധിമുട്ടുണ്ടായി. അപ്പോൾ വസ്ത്രബന്ധവും അതിനാൽ കഴിയുന്നത്ര ഉപദ്രവിക്കേണമെന്നു വിചാരിച്ചു കീഴ്പെട്ടുപോകുവാൻ ശ്രമിച്ചുതുടങ്ങി. ഇതരണ്ടും കണ്ടപ്പോൾ നേത്രങ്ങൾ ചലിക്കുവാനും അധരം വിറക്കുവാനും ശരീരം രോമാഞ്ചം കൊൾവാനും എന്നുവേണ്ടാമററുംചില അംഗങ്ങൾ കാലോചിതമായ അവസ്ഥാന്തരത്തെ കാണിപ്പാൻ തുടങ്ങി. തൽക്കാലം തത്തൽസ്ഥാനങ്ങളിൽ തന്നെ അടങ്ങിയിരിക്കേണ്ടതിന്ന ഇവരോടു പ്രത്യേകം പ്രത്യേകം അപേക്ഷിച്ചതിൽപിന്നെ നാണിയമ്മയെ വിളിച്ചു മീനാക്ഷിക്കുട്ടിയുടെ അച്ഛനും അപ്പയും വന്നിട്ടുണ്ടുപോൽ എന്ന പറഞ്ഞു. അടുക്കിളയിൽ വേണ്ടതെല്ലാം ചട്ടം

ചെയ്യാൻ ആ അമ്മയെ ഭരമേല്പിച്ചു തന്റെ അറയിൽ പോയി പെററിലത്തട്ടും എടുത്തുകൊണ്ടു പുറത്തേക്കു കടന്നു. അപ്പോഴെക്കു പാറുക്കുട്ടിയും കുളി കഴിഞ്ഞു പടിഞ്ഞാറെ പടികയറി ഓടിക്കൊണ്ടെത്തി. "ഞാനുംവരട്ടെ ഏട്ടത്തി. നോക്കു ഒന്നിച്ചു പുറത്തേതളത്തിലേക്കു പോകുന്നതാണെന്നല്ലൂ. ഞാൻ ഇതാ ഈറൻവിഴ്ത്തോട്ടെ" അവളും തന്റെ അറയിൽ കടന്നു വേഗത്തിൽ ഒരു അലക്കുവസ്ത്രം എടുത്തു ചുററി കാതിൽതോടയും കഴുത്തിൽ പതക്കവും നൂലും അണിഞ്ഞു നേരിയ ഒരു തോർത്തുമുണ്ടെടുത്തു മക്കിനയിട്ടു പുറത്തു കടക്കുന്നതിന്നു മുമ്പായിട്ടുതന്നെ ലക്ഷ്മിഅമ്മയും മീനാക്ഷിക്കുട്ടിയും അവർ വിചാരിച്ചദിക്കിൽ എത്തിയിരുന്നു. പാറുക്കുട്ടിയുംവന്നു അവരുടെ അടുക്കെ കിഴക്കെ വലിയതളത്തിൽ ഇടത്തുഭാഗമുള്ള ജനെലിന്നരികെ കിഴക്കോട്ടുനോക്കികൊണ്ടു നിന്നു. കുഞ്ഞികൃഷ്ണമേനോൻ, കുഞ്ഞിശങ്കരമേനോൻ, ഗോപാലമേനോൻ, അച്യുതമേനോൻ, ഇവർ നാലുപേരും ക്രമപ്രകാരം മുമ്പിലും വഴിയുമായി വന്നു ഇതിന്നിടയിൽ പൂമുഖത്തു എത്തി അവിടെയുള്ള ഓരോ കസാലമേൽ മുമ്പറഞ്ഞ മൂന്നുപേരും വന്നിരുന്നു അന്യോന്യം ഓരൊ യോഗക്ഷേമങ്ങളെ കുറിച്ചു സംസാരിച്ചു തുടങ്ങി. അച്യുതമേനോൻ പന്നെപാടെ അകത്തു കടന്നു അമ്മയെകണ്ടുകണ്ണിന്നും മനസ്സിന്നുംസന്തോഷംനല്കി. അത്യാദരവോടെകുശലംചോദിച്ചു അടുക്കെയുള്ള ഒരുകസാലമേൽ ഇരുന്നു. ഇതിന്നിടയിൽ കുഞ്ഞികൃഷ്ണമേനോന്റെ ഒരുമിച്ചുവന്നിട്ടുള്ള താല്യക്കോൽക്കാരൻ കോമൻനായര പെട്ടികളും മററസാമാനങ്ങളും വാലിയക്കാരെകൊണ്ടു പിടിപ്പിച്ചു അകായിലേക്കു കൊണ്ടുവന്നു വെച്ചു. ലക്ഷ്മിഅമ്മയുടെ അടുക്കെവന്നു ഓഛാനിച്ചു നിന്നു. ലക്ഷ്മിഅമ്മ കോമൻനായരോടു വഴിയാത്ര

യെപ്പററി കുറേനേരം സംസാരിച്ചതിൽപിന്നെ അയാൾ പിന്നെയും പൂമുഖത്തേക്കുതന്നെ കടന്നുപോയി. പാറുക്കുട്ടി അച്യുതമേനോന്റെ അരികത്ത ചെന്നുനിന്നിട്ട ചിരിച്ചുംകൊണ്ട പതുക്കെ ചോദിച്ചു.

പാറുക്കുട്ടി— അപ്പെ! നിങ്ങളുടെ ഒരുമിച്ചുവന്നിട്ടുള്ള ആ മനുഷ്യൻ ആരാണ? നിന്റെ ഒന്നിച്ചു മദിരാശിയിൽ നിന്ന വന്നതാണൊ?

അച്യുതമേനോൻ— അതെ. എന്റെ ഒന്നിച്ചുവന്നാളാണ. ഞാൻ അദ്ദേഹത്തിന്റെ ഒന്നിച്ചാണ ഇഗ്ലിടയിൽ പാർത്തുവരുന്നത?

മീനാക്ഷിക്കുട്ടി— ജ്യേഷ്ഠാ മല്ലിക്കാട്ടുകുഞ്ഞിശങ്കരമേനോൻ എന്നപറയുന്നാൾ ഇദ്ദേഹമാണൊ?

പാറുക്കുട്ടി— നിണക്കെങ്ങിനെ അദ്ദേഹത്തിന്റെ പേർ മനസ്സിലായി. ഞാൻ ഈ പേർ ഇന്നകേട്ടതെയുള്ളു.

മീനാക്ഷിക്കുട്ടി— ജ്യേഷ്ഠൻ എനിക്ക എഴുതീട്ടുണ്ടായിരുന്ന എഴുത്തിൽ ഉണ്ടായിരുന്നു.

പാറുക്കുട്ടി— അപ്പെ എനിക്ക യാതൊരു എഴുത്തും അയക്കില്ല. അതുകൊണ്ടല്ലെ ഞാൻ അദ്ദേഹത്തെ അറിയാതിരുന്നത?

മീനാക്ഷിക്കുട്ടി— ഏട്ടേമ്മക്ക ഇപ്പോൾ മനസ്സിലായില്ലെ? അത പോരെ? മുമ്പെ അറിയാഞ്ഞതുകൊണ്ട ഏട്ടേമ്മക്ക വല്ലതരക്കേടും ഉണ്ടായിട്ടുണ്ടൊ?

പാറുക്കുട്ടി— അറിയാഞ്ഞതുകൊണ്ട ഏതാൻ ഉണ്ടായിട്ടാണ? അറിഞ്ഞതുകൊണ്ട നിണക്കെന്താണ ഉണ്ടായത?

ലക്ഷ്മിഅമ്മ— പതുക്കെ പറയിൻ— പൂമുഖത്ത ആളുകൾ ഇരിക്കുന്നത ഓർമ്മയില്ലെ? ഇതെല്ലാം ഇപ്പോൾ തന്നെ സംസാരിച്ചു തീരേണമെന്നുണ്ടൊ? പാറു

ക്കുട്ടി ഇങ്ങട്ട വരൂ- ചായക്ക വെള്ളം അടുപ്പത്ത വെച്ചിട്ടുണ്ടൊ എന്ന നോക്കിവാ. ക്ഷണത്തിൽ ആ കണാം എന്ന ചെന്നു പറ.

ഇങ്ങിനെ പറയുന്നമദ്ധ്യെ അപ്പുക്കുട്ടൻ കിഴക്കെപടിക യറിഓടിക്കൊണ്ടുവന്നു. ഇവൻ ലക്ഷ്മിഅമ്മയുടെ ഒടുവി ലത്തെ മകനാണെന്ന വായനക്കാരെ ഓൎമ്മപ്പെടുത്തേണ്ട തില്ലല്ലൊ- ഇപ്പോൾ എട്ടുവയസ്സ പ്രായമെ ആയിട്ടുള്ളൂ. വളരെ സാമൎത്ഥ്യവും ജാഗ്രതയും ഉള്ളഒരു കുട്ടിയാണ്. ഇവ ൻ കുഞ്ഞികൃഷ്ണമേനോനെ കണ്ടക്ഷണത്തിൽ ഓടി അരി കത്ത ചെന്നു അദ്ദേഹത്തിന്റെ മടിയിൽ കയറിയിരുന്ന മാറത്തും കഴുത്തിലും രണ്ടുനാല പ്രാവശ്യം ചുംബിച്ച എ ന്തൊ ചിലതെല്ലാം അദ്ദേഹത്തോട സ്വകാൎയ്യം പറഞ്ഞു. പിന്നെ കുപ്പായക്കീശയിൽനിന്നു അദ്ദേഹത്തിന്റെ ഗ ഡിയാൾഎടുത്ത കയ്യിൽപിടിച്ച തിരിച്ചുംമറിച്ചും നോക്കി അദ്ദേഹത്തോട പറഞ്ഞു.

അപ്പുക്കുട്ടൻ— ഇത എനിക്കവേണം അഛാ- ജ്യേഷ്ഠന നിങ്ങൾ ഒന്നുവാങ്ങികൊടുത്തില്ലെ ? ഒന്നു എനിക്ക വാങ്ങിത്തരേണമെന്നു അഛൻ ഇതവരെ വിചാ രിച്ചില്ലല്ലൊ ? അതുകൊണ്ട ഇത ഞാൻഎനി ഒരിക്ക ലുംതരില്ല. ഇങ്ങിനത്തെ പക്ഷഭേദം അഛൻ എനി ഒരിക്കലും കാട്ടരുത-

കു. കൃ. മെ— നീ ഗഡിയാൾ ഇട്ടുനടക്കേണ്ടുന്ന ഒരുത്ത നായൊ ? കുട്ടികൾക്ക ഗഡിയാൾ എന്തിനാണ് ? ഉ ണ്ടായാൽതന്നെ ക്ഷണത്തിൽ കേടുവരുത്തിക്കളയും. കൊണ്ടുനടക്കേണ്ടുന്ന പ്രായം ആയാൽ അപ്പുക്ക വാങ്ങിക്കൊടുത്തപ്രകാരംതന്നെ ഒന്നു ഞാൻ നി നക്കും വാങ്ങിത്തരും.

അപ്പുക്കുട്ടൻ— ഈ ഉപായം പറഞ്ഞതുകൊണ്ടൊന്നും

അപ്പുക്കുട്ടൻ ഗഡിയാൾ തരില്ല— കേടവരുത്താതെ സൂക്ഷിപ്പാൻ എനിക്ക ശീലമുണ്ട— ജ്യേഷ്ഠൻ ഇവിടെ വന്നാൽ പോകുന്നവരെ ഞാനല്ലെ ജ്യേഷ്ഠന്റെ ഗഡിയാൾ കൊണ്ടുനടക്കുന്നതും അതിന്ന താക്കോൽ കൊടുക്കുന്നതും ?

കു. കൃ. മെ— നിണക്ക ഇത ഞാൻ തരുന്നതായാൽ മീനാക്ഷിക്കുട്ടിക്കും ഒന്ന വേണ്ടിവരും. രണ്ടാൾക്കും ഉടനെ ഞാൻ ഓരോന്ന വാങ്ങി അയക്കുന്നുണ്ട.

അപ്പുക്കുട്ടൻ— ഇതുവരെ വാങ്ങി അയച്ചിട്ടില്ലല്ലൊ— എട്ടത്തിക്ക പിന്നെ ഒന്ന അയച്ചു കൊടുക്കിൻ— ഇത എനിക്കതന്നെ വേണം. ഞാൻ ഒരിക്കലും തരില്ല.

കു-ശ-മേ— (ഇതകേട്ട ചിരിച്ചുംകൊണ്ട) നീ ഒരിക്കലും കൊടുക്കണ്ട— ഞങ്ങൾക്ക എല്ലാൎക്കും ഗഡിയാൾ ഉള്ള അവസ്ഥക്ക ഒന്ന നിണക്കും നിശ്ചയമായി വേണ്ടതാണ— അച്യുതമേനോന വാങ്ങിക്കൊടുത്തിട്ടുള്ളത വിചാരിച്ചാൽ ഇതിന്ന മുമ്പെതന്നെ ഒന്ന നിണക്കും വാങ്ങി അയക്കേണ്ടതായിരുന്നു— കിട്ടിയത എനി നിണക്കും ഇരിക്കട്ടെ.

അപ്പുക്കുട്ടൻ— (ചിരിച്ചുംകൊണ്ട സ്വകാൎയ്യം) അഹ! ഇദ്ദേഹം എതാണ! എന്നെ ശുണ്ഠിപിടിപ്പിക്കാൻവേണ്ടി പറയുന്നത കേട്ടില്ലെ? ഞാൻ ഇദ്ദേഹത്തെ ഇതിന്ന മുമ്പ ഒരിക്കലും കണ്ടിട്ടില്ല— ആരാണ?

കു-കൃ-മേ— (സ്വകാൎയ്യം അപ്പുക്കുട്ടന്റെ ചെവിട്ടിൽ) ഇദ്ദേഹത്തിന്റെ ഒന്നിച്ചാണ നിന്റെ ജ്യേഷ്ഠൻ പാൎത്തുവരുന്നത— വളരെ യോഗ്യനായ ഒരാളാണ. ചെറുപ്പക്കാരനാണെന്ന വിചാരിച്ചു നീ തോന്ന്യാസം യാതൊന്നും പറയരുതെ.

അപ്പുക്കുട്ടൻ— ഇപ്പോൾ എനിക്ക മനസ്സിലായി. കുഞ്ഞിശ്ശങ്കരമേനോൻ എന്ന പറയുന്നാൾ ഇദ്ദേഹമാണി ല്ലെ? ആൾ അശേഷം തരക്കേടില്ല— മിടുക്കൻതന്നെ— എനിക്ക നല്ലോണം ബോധിച്ചു.

കു—കൃ—മേ— കുഞ്ഞിശ്ശങ്കരമേനോൻ കേട്ടില്ലെ അപ്പുക്കുട്ടൻ പറയുന്നത?

എന്ന പറഞ്ഞു കഴിയുമ്പഴക്ക അപ്പുക്കുട്ടൻ കുഞ്ഞികൃഷ്ണമേനോന്റെ വായ തന്റെ ചെറിയ കയികൊണ്ടുപൊത്തി അല്പം രസക്കേട ഭാവിച്ചുംകൊണ്ട പറഞ്ഞു.

അപ്പുക്കുട്ടൻ— എന്താണേഷാ? സ്വകാൎയ്യം വല്ലതും പറഞ്ഞാൽ അതുപുറത്തു പറയുന്നത? എനിക്ക നിങ്ങളെ ഗഡിയാൾ വേണ്ടാ— ഇതാ നിങ്ങൾതന്നെ എടുത്തോളിൻ— (എന്ന പറഞ്ഞ ഗഡിയാൾ കുപ്പായക്കീശ്ശയിൽതന്നെ ഇട്ട കറെ മുഷിച്ചിലോടെ കുമ്പിട്ടിരുന്നു.)

കു—ശ—മേ— എടൊ അപ്പുക്കുട്ടൻ— നീ ഇങ്ങട്ടവാ— ഞാൻ ഒന്നു ചോദിക്കട്ടെ— നിണക്ക എന്റെ ഗഡിയാൾ തരട്ടെ?

അപ്പുക്കുട്ടൻ— എനിക്ക ഇപ്പോൾ ആവശ്യമില്ല. ഈ ഗഡിയാൾ കേടവരുന്ന കാലത്ത നിങ്ങൾ ഒന്ന തന്നാൽ ഞാൻ വാങ്ങിക്കൊള്ളാം— ഇപ്പോൾ വാങ്ങുന്നത ഏതായാലും ഭംഗിയില്ല.

കു—ശ—മേ— അത കേടവരുന്ന കാലത്ത പകരം തരുവാൻ ഞാൻ ഇവിടെ ഉണ്ടായിരിക്കുമെന്ന എങ്ങിനെയാണ നിശ്ചയിക്കുന്നത? അതുകൊണ്ട ഇപ്പോൾ തന്നെ തരുന്നതും വാങ്ങുന്നതുമാണ നല്ലത.

അപ്പുക്കുട്ടൻ— നിങ്ങൾ ഇന്നവന്ന നാളെ പോയ്ക്കളയുന്ന ഒരാളല്ലെന്നാണ എനിക്ക തോന്നിയത. കൂട

ക്കൂടെ ഇനി ഇവിടെ വരാതിരിക്കുമൊ- ഇല്ലെങ്കിൽ എനിക്കു ഗഡിയാളും വേണ്ട.

ഇങ്ങിനെ സംസാരിക്കുന്നമദ്ധ്യെ അപ്പുക്കുട്ടനെ ലക്ഷ്മി അമ്മ അകായിലേക്കു വിളിച്ചു മുറുക്കാൻ കൊടുത്തയച്ചു- എല്ലാവരും കോലായിൽ ഇരുന്നു ഒരിക്കൽ മുറുക്കി. അപ്പോഴെക്കു ചായയും പലഹാരവും തെയ്യാറാക്കി വാലിയക്കാരൻ അകത്തു വട്ടമേശയിൽ കൊണ്ടുവന്നുവെച്ചു- അച്യുതമേനോൻ ഈ വിവരം കോലായിൽ ചെന്നു പറഞ്ഞു. എല്ലാവരും അവിടെനിന്നു എഴുന്നീറ്റു കാലും മുഖവും കഴുകി അകത്തു കടന്നു മേശയുടെ ചുറ്റുമിട്ടിട്ടുണ്ടായിരുന്ന കസാലകളിന്മേൽ ഇരുന്നു അന്യോന്യം സംസാരിച്ചും രസിച്ചുംകൊണ്ടു ചായയും പലഹാരവും കഴിച്ചു വിശ്രമിപ്പാൻ തുടങ്ങി- കുഞ്ഞികൃഷ്ണമേനോൻ തന്റെ ഒരുമിച്ചു മീനാക്ഷിക്കുട്ടിയുംകൂടെ ഇല്ലാത്തതിനാൽ സംഭവിച്ച സുഖക്കുറവിനെ നിവാരണം ചെയ്യാൻ വേണ്ടി മേല്പറഞ്ഞ തളത്തിൽ വടക്കു ഭാഗത്തു ലക്ഷ്മി അമ്മയുടെ സമീപത്തു അത്യുത്സുകയായി നില്ക്കുന്ന മീനാക്ഷിക്കുട്ടിയെ കയികൊണ്ടു മാടിവിളിച്ചു അരികത്തു നിൎത്തി മന്ദസ്മിതംതൂകി പതുക്കെ വാത്സല്യപ്രേമരസങ്ങളോടുകൂടി ഓരൊവൎത്തമാനം ചോദിച്ചു തുടങ്ങി.

കു-കൃ-മേ- മകളെ! ഞാൻ വന്നിട്ടു കുറെ നേരമായില്ലെ? ഇതുവരെ നീ എന്റെ അടുക്കെ വരാതിരിപ്പാൻ എന്താണു കാരണം?

മീനാക്ഷിക്കുട്ടി- അതു അച്ഛൻതന്നെ അറിഞ്ഞുകൂടെ? ഇതിന്നു മുമ്പ ഇങ്ങിനെയൊന്നും കണ്ടിട്ടില്ലല്ലൊ? അച്ഛൻ വരുമ്പൊഴെക്കു ഞാൻ അച്ഛന്റെ അടുക്കെ എത്താതിരുന്നിട്ടുണ്ടൊ?

കു-കൃ-മേ- ഇന്നെന്താണു ഒരു വിശേഷവിധി സംഭ

വിച്ചത? എഴുതിയയച്ചിട്ടുണ്ടായിരുന്നപ്രകാരം ഞാൻ എത്തുവാൻ താമസിച്ചു പോയതകൊണ്ടോ?

മീ–കുട്ടി– വരാൻ താമസിച്ചതകൊണ്ട മുഷിഞ്ഞു അകത്തതന്നെ നില്പാൻ എനിക്ക അത്രയും വിഭാഗതയില്ലെ? കാരണം അച്ഛനതന്നെ അറിയാം.

കുഞ്ഞിശ്ശങ്കരമേനോൻ– (ചിരിച്ചുംകൊണ്ട) ഞാനുംകൂടി ഒരുമിച്ചുണ്ടായതകൊണ്ടായിരിക്കാം പുറത്ത വരാതെയിരുന്നത– അതാണ കാരണമെങ്കിൽ ഇപ്പൊഴും ആയൊരുതടസ്ഥം അങ്ങിനെതന്നെയല്ലെ നില്ക്കുന്നത.

മീനാക്ഷിക്കുട്ടി ഇതിന്നു യാതൊരുത്തരവും പറയാതെയും കുഞ്ഞിശ്ശങ്കരമേനോന്റെ മുഖത്ത ഒന്നുനോക്കിമാത്രംപോലും അപ്പണം ചെയ്യാതെയും സലജ്ജയായി മുഖംതാഴ്ത്തികൊണ്ടു നിന്നു.

കു. കൃ. മേ– ഇദ്ദേഹം ആരാണെന്ന നീ അറിഞ്ഞുവൊ?

മീ. കുട്ടി– എന്താണെഹാ– കേട്ടാലും എനിക്ക മനസ്സിലാവില്ലെ? ജ്യേഷ്ഠൻ ഒരുമിച്ചു താമസിക്കുന്നവിവരം മുമ്പെതന്നെ അറിഞ്ഞിരിക്കുന്നു. അഛന എനി എന്നപോണം? അത കേൾക്കട്ടെ–

കുഞ്ഞിശ്ശങ്കരമേനോൻ മനസ്സുകൊണ്ട വിചാരിക്കയായി. എന്റെ വത്തമാനം പറയുന്നതിലും കേൾക്കുന്നതിലും ഇവൾക്ക ലേശം രസമില്ലെന്നാണ തോന്നുന്നത. സംസാരിച്ചുകൊണ്ടിരുന്ന വിഷയംതന്നെ മാറിക്കളഞ്ഞു. എനിക്കൊ അങ്ങിനെയല്ലെല്ലൊ– എന്തൊണ മീനാക്ഷിക്കുട്ടി? ഇങ്ങിനെയായാൽ മതിയൊ? നിന്നോട സംസാരിപ്പാൻ എനിക്ക എത്ര കൌതുകം ഉണ്ട?".

കു. കൃ. മേ– (പിന്നെയും) എനിക്ക നാലഞ്ചു ദിവസം കഴിഞ്ഞിട്ട പോയാൽമതി. അതിരിക്കട്ടെ– നീ അപ്പക്ക ഇയ്യിടയിൽ ഒരു എഴുത്തയക്കയുണ്ടായൊ?

മീ. കുട്ടി– ജ്യേഷ്ഠന്ന ഞാൻ കൂടക്കൂടെ എഴുത്തയക്കാറുണ്ട. അതുപ്രകാരം നാലഞ്ചുദിവസം മുമ്പെയും ഒന്ന എഴുതീട്ടുണ്ട.

കു. കൃ. മേ– ആവക എഴുത്തിനെപ്പറ്റിയല്ല ഞാൻ ചോദിച്ചുത– നീ ഇയ്യിടയിൽ അപ്പുക്ക മൂന്ന ശ്ലോകം ഉണ്ടാക്കി അയച്ചു എന്നുകേട്ടു– ഒരു ശ്ലോകം ആക്കൂട്ടത്തിൽ എനിക്കും അയക്കരുതായിരുന്നൊ?

മീ. കുട്ടി– അഛനോട ഈ വിവരം ആരാണ പറഞ്ഞത? ജ്യേഷ്ഠന്റെ പണിതന്നെയാണ. പോരുന്നസമയം വഴിക്ക മറ്റൊന്നും പറവാൻ കണ്ടില്ലയായിരിക്കാം.

അ. മേ– ഞാൻ ഈ വൎത്തമാനം അഛനോട ശബ്ദിച്ചിട്ടെ ഇല്ല– നീ എന്നോട വെറുതെ ശഠിക്കേണ്ട– ഓരോന്ന പറയുന്നകൂട്ടത്തിൽ ഈ വിവരം കുഞ്ഞിശ്ശങ്കരമേനോനാണ പ്രസ്താവിച്ചുത.

മീ. കുട്ടി– ഞാൻ വല്ലതും എഴുതി അയക്കുന്നത ജ്യേഷ്ഠൻ എന്തിനാണ മറ്റൊരാളെ കാണിക്കുന്നത? അങ്ങിനെയാട്ടെ– എനി ഒരെഴുത്തും ഞാൻ ജ്യേഷ്ഠന അയക്കില്ല.

കുഞ്ഞിശ്ശങ്കരമേനോൻ പിന്നെയും ചിന്തിക്കയായി. "എന്നെ വിഷമമെ! ഇതും പിഴയായൊ? ഈ അല്പകാൎയ്യം നിമിത്തം നിണക്ക മുഷിച്ചിലും ആയൊ? കഷ്ടമേകഷ്ടം ഇങ്ങിനെയെല്ലാം വരുമെന്ന ഞാൻ സ്വപ്നേപി വിചാരിച്ചിട്ടുണ്ടായിരുന്നില്ല– പക്ഷെ ഞാൻ ശബ്ദിക്കയില്ലയായിരുന്നു.

ഗോപാലമേനോൻ– മീനാക്ഷിക്കുട്ടി അയച്ചു എന്ന പറയുന്ന ശ്ലോകങ്ങൾ അപ്പു തോന്നിച്ചിട്ടുണ്ടൊ? ഉണ്ടെങ്കിൽ കേൾക്കട്ടെ– ചൊല്ലു.

അ. മേ— ഞാൻ തോന്നിച്ചിട്ടില്ല— അത എൻെറ എഴുത്തു പെട്ടിയിലുണ്ട. (എന്നപറഞ്ഞ പെട്ടിതുറന്ന എഴുത്ത എടുത്തകൊണ്ടവന്ന ഗോപാലമേനോൻെറ കയ്യിൽകൊടുത്തു- ഗോപാലമേനോൻ അത വായിച്ചുനോക്കി ചിരിച്ചുംകൊണ്ട പറഞ്ഞു).

ഗോ. മേ— ഇവൾ കവിതക്കാരത്തിയാണെന്നുള്ള വിവരം എനിക്ക ഇപ്പോൾമാത്രമെ മനസ്സിലായിട്ടുള്ളു. തരക്കേടില്ല. അതും വലിയ സന്തോഷംതന്നെ— എങ്കിലും കുറേക്കൂടി വല്ലതും പഠിച്ചിട്ട മതിയായിരുന്നു ഇതിലേക്കുള്ള പരിശ്രമം—

ലക്ഷ്മിഅമ്മ— (അല്പം അങ്ങട്ട അടുത്ത ചെന്നിട്ട) അപ്പെ! ആ എഴുത്ത ഇങ്ങട്ട വാങ്ങിത്തരു— ഞാൻ ഒന്ന വായിച്ചുനോക്കട്ടെ— ഇവൾ ഈ വൎത്തമാനം എന്നോട ഇതുവരെ മിണ്ടീട്ടില്ല.

കു. കൃ. മേ— മകളെ ! നീ ശ്ലോകം അയച്ചത അബദ്ധമായ്പ്പോയി എന്നല്ല ഞങ്ങൾ പറയുന്നതിൻെറ താല്പൎയ്യം— സന്തോഷംകൊണ്ട അതിനെപ്പററി അന്വേഷിക്കുന്നതാണ. ഏതായാലും നീ എനിക്ക ഒരു ശ്ലോകം ഉണ്ടാക്കി അയക്കാഞ്ഞത നന്നായിട്ടില്ല.

മീ. കുട്ടി— അഛന എന്തിനാണ ഇങ്ങിനത്തെ പീറശ്ലോകം ? ഞാൻ കുറെക്കൂടി പഠിക്കട്ടെ— അഛന അയക്കുന്നത എന്നിട്ടാവാം.

കു. കൃ. മേ— ശ്ലോകത്തിൻെറ കാൎയ്യം നമുക്ക അങ്ങിനെയാക്കാം— നിനക്ക തൊപ്പിതുന്നുവാൻ നല്ല ശീലമുണ്ടല്ലൊ ? അപ്പുക്ക അയച്ചുകൊടുത്തമാതിരി ഒരു തൊപ്പി എനിക്ക അയച്ചുതരാഞ്ഞത ഭാഗ്യമായൊ ?

മീ. കുട്ടി— അഛൻ ഇങ്ങട്ട വരുമെന്ന പറഞ്ഞിട്ടല്ലെ ഞാൻ അങ്ങട്ട അയക്കാതിരുന്നത ? പോകുന്നതി

ന്നിടയിൽ ഒന്നൊ രണ്ടൊ തുടങ്ങുവാൻ ഞാൻ വി ചാരിച്ചാൽ സാധിക്കുന്നതല്ലെ ?

കു. കൃ. മേ— ഇരിക്കട്ടെ— നിന്റെ പഠിപ്പിന്റെകാൎയ്യം ഒക്കെയെല്ലാം സ്ഥിതിയിലാണ ഇരിക്കുന്നത ? ഈ ഡിസെമ്പ്ര മാസത്തിൽ മിഡ്ഡിൽസ്കൂൾ പരീക്ഷക്ക പോകുന്നതാണെല്ലൊ ? എല്ലാ വിഷയങ്ങളിലും നി ണക്ക എത്രൊണ്ട പരിചയമുണ്ടെന്ന നോക്കേണ്ട തിന്ന ഈ അവസരത്തിൽ നിന്നെ പരീക്ഷിക്കാ മെന്ന വിചാരിക്കുന്നു. സംസ്കൃതം ഞാൻതന്നെ ആയ്ക്കൊളയാം.

കു. ശ. മേ— ഇംഗ്ലീഷിലും കണക്കിലും ഞാൻ പരീക്ഷി ച്ചുനോക്കാം— മററുള്ളതിൽ എല്ലാം അച്യുതമേനോൻ പരീക്ഷിക്കും.

മീ. കുട്ടി— എന്നാൽ അതുംകൂടി ജ്യേഷ്ഠനതന്നെ ആവരു തെ ? അഛനും ജ്യേഷ്ഠനുംകൂടി പരീക്ഷിക്കുന്നതാ ണെ എനിക്ക ബോദ്ധ്യം.

കു. കൃ. മേ— നിന്റെ ബോദ്ധ്യം നോക്കീട്ടല്ലെല്ലൊ പ രീക്ഷിക്കുന്നത ? കുന്തിശ്ശങ്കരമേനോൻ പറഞ്ഞ പ്രകാരംതന്നെയാകട്ടെ— അതാണെ വളരെ നല്ലത— എനിക്കും അതുതന്നെയാണെ സമ്മതം. ഒരുതരക്കേടും ഇല്ല.

മീ. കുട്ടി— അഛന്റെ അതാണെ താല്പൎയ്യമെങ്കിൽ അങ്ങിനെ തന്നെ ആയ്ക്കൊട്ടെ— എനിക്ക വിരോധമില്ല.

കു. കൃ. മേ— എന്നാൽ അങ്ങിനെയാട്ടെ. എനിയെല്ലാം കുളിയും ഊണും കഴിഞ്ഞതിൽപിന്നെ നിശ്ചയിക്കാം. നീ പോയി വെയിലിന്നുമുമ്പെ കുളികഴിച്ച ക്ഷേത്ര ത്തിൽപോയി തൊഴുതു മടങ്ങിവരാൻനോക്കു.

മീനാക്ഷിക്കുട്ടിയെപ്പറഞ്ഞയച്ചു പിന്നെയും അവിടെ യിരുന്നു കുറെനേരം ഓരോവിഷയത്തെപ്പററി ഗോപാലമേനോനുമായി സംസാരിച്ചു ഏകദേശം പത്തുമണിയായെന്നുകണ്ടപ്പോഴെ അവിടെനിന്ന എഴുനീററ എല്ലാവരുംകൂടി പൂമുഖത്തുകടന്ന ഉടുപ്പുമാററി കുളികഴിപ്പാൻവേണ്ടി മുററത്തിറങ്ങി പടിഞ്ഞാറെ പടികടന്ന അതിലെതന്നെ ചിറയിലേക്ക പോയി.

———:0:———

# പന്ത്രണ്ടാം അദ്ധ്യായം

—:○:o:○:—

ഒരത്ഭുതം.

കുഞ്ഞികൃഷ്ണമേനോൻ മുതലായവർ കുളികഴിഞ്ഞു മടങ്ങി വരേണമെങ്കിൽ നന്നെച്ചുരുങ്ങിയപക്ഷം ഒരു മണിക്കൂറനേരമെങ്കിലും കൂടാതെ കഴികയില്ലെന്നാണ തോന്നുന്നത- മടങ്ങി വന്നാൽ തന്നെയും കുറെ താമസം പിന്നെയും ഉണ്ടാവാൻ ഇടയുണ്ട. ഊണ കഴിഞ്ഞല്ലാതെ പ്രസ്താവയോഗ്യമായ യാതൊരു കാൎയ്യഭാഗത്തിലും അദ്ദേഹം പ്രവേശിക്കുന്നതല്ലെന്ന ഇതിന്ന മുമ്പെത്തെ അദ്ധ്യായത്തിൽനിന്ന നമുക്ക മനസ്സിലായിട്ടുള്ളതാണെല്ലൊ- അതകൊണ്ട ഒമ്പതാം അദ്ധ്യായത്തിൽ നാം പറഞ്ഞുവെച്ചിട്ടുള്ള സംഗതികളെ ഈ അവസരത്തിൽ മുഴുവനാക്കി കളയുന്നതാണ കുറെ യുക്തമായിട്ടുള്ളത എന്ന വിശ്വസിക്കുന്നു- അത്രയുമല്ല, അരനിമിഷംപോലും വെറുതെ കളയരുതെന്നുള്ള മനോവിചാരക്കാരനും ദുരാഗ്രഹിയും ആയ പഞ്ചുമേനോന്റെ ചുമതൽ കഴിയുന്ന വേഗത്തിൽ നിവൃത്തിയാക്കി അദ്ദേഹത്തെ തന്റെ പാട്ടിലേക്ക പറഞ്ഞയച്ചാൽ നമുക്ക പിന്നെ സ്വൈരക്കേട യാതൊന്നും കൂടാതെ നമ്മുടെ കഥയെ നേരെ കൊണ്ടുവരുവാനും നല്ല എളുപ്പമുണ്ടാകും- ഇങ്ങിനെ ചെയ്യുന്നതിലും തെല്ലൊരു വൈഷമ്യം കാണുന്നു. പഞ്ചുമേനോന്റെ അത്യാൎത്തിയെപ്പററി എന്തെങ്കിലും പ്രസ്താവിക്കേണമെങ്കിൽ മുമ്പിനാൽ കൊച്ചമ്മാളുവിന്റെ താല്ക്കാലിക സ്ഥിതിയെ കുറിച്ച അല്പം പറയാതെയിരിപ്പാൻ നിവൃത്തി കാണുന്നില്ല.

ഹേഡകൻസ്റ്റേബൾ കുളിയും ഊണും കഴിച്ചു വരുവാൻവേണ്ടി പോയ ഉടനെ അദ്ദേഹത്തിന്റെ അനുരാഗ

ദേവതയായ ഇവൾ വേഗത്തിൽ ഭക്ഷണം കഴിച്ചു സന്ധ്യയായി തന്റെ അറയിൽ കടന്നു ഒരുവിളക്കും കൊളുത്തിവെച്ചു ഉണ്ണിച്ചിരാമ്മയെ അരികത്തു വിളിച്ചു സ്വകാൎയ്യം പറഞ്ഞു– അമ്മെ! ഹേഡ്കൺസ്റ്റേബൾ ക്ഷണനത്തിൽ ഊണു കഴിച്ചു മടങ്ങിവരും– അദ്ദേഹം വരുന്നതിന്നു മുമ്പായിട്ടു ചിലതെല്ലാം ശരിയാക്കിവെക്കേണ്ടതുണ്ട്– വന്നാൽപിന്നെ അതിനൊന്നും അശേഷം തരവും സമയവും ഉണ്ടാകയില്ല– ഞാൻ അതെല്ലാം ഇപ്പോൾ തന്നെ ചട്ടമാക്കിക്കളയാം– അദ്ദേഹത്തിന്റെ മുഖാന്തരം അത്യാവശ്യമായ ഒരു സംഗതികൂടി പറഞ്ഞു തീൎച്ചപ്പെടുത്തേണ്ടതുണ്ടാകകൊണ്ടു നമ്മളുടെ ചില പരിചയക്കാരെക്കൂടി ഇങ്ങട്ടു വിളിച്ചുകൊണ്ടുവരുവാൻവേണ്ടി ഞാൻ കുണ്ടുണ്ണിമേനോനെ പറഞ്ഞയച്ചിട്ടുണ്ട്– കോമൻനായരുടെ ഒരുമിച്ചു അച്ചാപ്പട്ടരും വരും– അവരെയെല്ലാം യഥാക്രമം ആദരിച്ചു ഉപചാരം ചെയ്യാൻ എനിക്കു അവസരമില്ലാത്തതുകൊണ്ടു ജ്യേഷ്ഠന്മാർ വന്നാൽ ഊണും കഴിച്ചു ഇറങ്ങിപ്പോയി കളയരുതെന്നു ഞാൻ പ്രത്യേകം പറഞ്ഞിരിക്കുന്നു എന്നു പറയണം– നിങ്ങളും ഉമ്മറത്തേക്കുതന്നെ പോയ്ക്കോളിൻ– എമ്പ്രാന്തിരി വന്നാൽ എല്ലാ കാൎയ്യത്തിനും തകരാറുണ്ടാവാൻ ഇടയുള്ളതുകൊണ്ടു ഞാൻ ഇതിന്റെ വാതിൽ തഴുതിടാനാണു ഭാവിക്കുന്നതു– അദ്ദേഹവും കോലാമറതന്നെ ഇരിക്കട്ടെ– ഞാൻ പുറത്തേക്കു വരുന്നവരെ ആരൊടും പോയിക്കളയരുതു എന്നു പ്രത്യേകം പറയണം– ഞാൻ ഇതിൽ ഉണ്ടെന്നു എമ്പ്രാന്തിരിയോടു പറയെണ്ട– അദ്ദേഹം അതു അറിഞ്ഞാൽ വാതുക്കൽ വന്നു വിളികൂട്ടി ബുദ്ധിമുട്ടാക്കും– വേറെ വല്ല ഉപായവും പറഞ്ഞോളിൻ–" ഉണ്ണിച്ചിരാമ്മ തന്റെ മകളുടെ കൌശലവും യുക്തിയും വിചാരിച്ചു സന്തോഷിച്ചു "അങ്ങിനെതന്നെ"യെന്നുപറഞ്ഞു പുറത്തേക്കുപോന്നു. കൊച്ചമ്മാളു

വാതിൽ അടച്ചു തഴുതും ഇട്ട അറയിൽ ഇരുന്ന എന്തൊ ചിലതെല്ലാം ഗൂഢമായി പ്രവൃത്തിച്ചുകൊണ്ടിരുന്നു.

പഞ്ചുമേനോൻ ശങ്കരനെമ്പ്രാന്തിരി താമസിക്കുന്ന മഠത്തിൽനിന്ന പരമാനന്ദകരമായി ഊണകഴിച്ചു തടിയും ഉറപ്പിച്ചു സന്തോഷിച്ചു "ഉറക്കിന്ന അങ്ങട്ടതന്നെ പോയ്ക്കൂളയുന്നതാണ സുഖം" എന്ന പറഞ്ഞു എരേമ്മൻ നായരോടും സഹായത്തിന്നവേണ്ടി ഒരുമിച്ചു പോന്നിട്ടുള്ള ഭൃത്യനോടും അനവധി മനോരാജ്യത്തോടും വലിയ തിരക്കോടും ഒരുമിച്ചു ഏകദേശം എട്ടുമണിക്കശേഷം എരേമ്മൻനായരെക്കൊണ്ട ഒരു ലാന്തരും മുമ്പിൽപിടിപ്പിച്ചു തോരണയുദ്ധത്തിലെ രാവണനെപ്പോലെ കൊച്ചമ്മാളുവിന്റെ അരുകിലേക്ക യാത്രയായി. ശങ്കരനെമ്പ്രാന്തിരിയെ ഇന്ന ഗോപിതൊടീക്കണമെന്നുള്ള ദുൎമ്മോഹംനിമിത്തം അദ്ദേഹം ഒരുമിച്ചുപോരികയൊ അദ്ദേഹത്തിനെ ഇനി ഇന്ന കണ്ണകൊണ്ട കാണുകയൊ ചെയ്യരുതെന്നായിരുന്നു ഈ പച്ചപ്രഭുവിന്റെ മുഖ്യതാല്പൎയ്യം. എങ്കിലും ക്ഷണിക്കാതെ ഇരിക്കുന്നത കേവലം മൂകത്വവും വഷളത്വവുമാണെന്ന ഭയപ്പെട്ട മനമില്ലാത്ത മനസ്സോടെ ഒന്നു ക്ഷണിച്ചു. "എമ്പ്രാന്തിരി ഒരുമിച്ചുവന്നാലും തരക്കേട യാതൊന്നും വരില്ല" എന്ന കൊച്ചമ്മാളു വാഗ്ദത്തം ചെയ്കിട്ടില്ലെങ്കിൽ അദ്ദേഹത്തെ ഈ മനുഷ്യൻ ഈ ജന്മം ക്ഷണിക്കുന്നതല്ലായിരുന്നു. എന്നാൽ ഒരു സാധുബ്രാഹ്മണൻ അന്യന്മാരുടെ കളവും തഞ്ചവും കണ്ടമനസ്സിലാക്കുവാൻ ലേശംസാമൎത്ഥ്യമില്ലാത്ത ഒരു ശുദ്ധാത്മാവായതുകൊണ്ട പഞ്ചുമേനോന്റെ അന്തൎഗ്ഗതം യാതൊന്നും ഇയ്യാൾക്ക മനസ്സിലായിരുന്നില്ല. ഉദ്യോഗസ്ഥന്മാർ വളരെ അറിവും പഠിപ്പും ഉള്ളവരാകകൊണ്ട അവൎക്ക അന്യസ്ത്രീകളിൽ ആസക്തിയും ഭ്രമവും ഉണ്ടായിരിക്കില്ലെന്നായിരുന്നു ഈ പരമവിഡ്ഢിയുടെ വിശ്വാസം. "ഉറക്കിന്ന അങ്ങട്ടതന്നെ പോയ്ക്കൂളയുന്നതാണ സുഖം" എന്നകേട്ടപ്പോൾ "ഹേ: ധക

ൺസ്റ്റേമ്പോൾ തന്റെ സ്വന്തം ഭവനത്തിലേക്കാണ പോ കുന്നത" എന്നായിരുന്നു ഈ മനുഷ്യൻ ധരിച്ചിട്ടുണ്ടാ യിരുന്നത- അതകൊണ്ട ഒന്നിച്ചുപോകാതെ കഴിപ്പാൻ വേണ്ടി ഇദ്ദേഹം പല ഒഴികഴിവുകളും പറഞ്ഞ പങ്ങശ്ശ മേനോനെ കബളിക്കാൻ നോക്കി- കാൎയ്യത്തിന്റെ പര മാൎത്ഥം മനസ്സിലായിരുന്നുവെങ്കിൽ പാനീസ്സ എടുത്ത മു മ്പിൽ നടക്കുന്ന ഉദ്യോഗം എരേമ്മൻനായക്ക ഇയ്യാൾ ഒരിക്കലും കൊടുക്കുന്നതല്ലയായിരുന്നു. ഏതായാലും ഇത കേട്ടപ്പോൾ പങ്ങശ്ശമേനോന്റെ മനസ്സിൽ ഒരു ത ന്നേ പ്പവ്യാപിച്ചു- എല്ലാം തന്റെ ശുക്രദശയുടെ ഫലമാണെ ന്നതന്നെ മനസ്സിൽ നല്ലവണ്ണം ഉറപ്പിച്ചു- ഈ ദുശ്ശ ടക്കാരൻ പൊരാത്തതതന്നെ വലിയ ഉപകാരം- പോ ന്നാൽ ഏതവിധത്തിലും നട്ടംതിരിച്ചിലാണ- എനി ഇന്ന ദേവേന്ദ്രനെകൂടി ഭയപ്പേടണ്ട- ഭാഗ്യവാന്മാർ മണ്ണവാ രിപിടിച്ചാലും അത പൊന്നായിരിക്കും" എന്നിങ്ങിനെ വിചാരിച്ചു പങ്ങശ്ശമേനോൻ തന്റെ ഭാഗ്യാതിരേകത്തെ പ്പററി പ്രശംസിച്ചുംകൊണ്ട ഉള്ള സമയം എനിയെങ്കിലും വെറുതെ കളയരുതെന്നു നിശ്ചയിച്ചു ബദ്ധപ്പെട്ടുനടന്നു. കൊച്ചമ്മാളുവിനെപിരിഞ്ഞിരിക്കുമ്പോൾ പങ്ങശ്ശമേനോ ന ഓരൊ മിനിട്ട ഓരൊ മണിക്കൂറായിട്ടും ഒന്നിച്ചിരിക്കു മ്പോൾ ഓരൊ മണിക്കൂറ ഓരൊ മിനിട്ടായിട്ടും തോന്നു ന്നതകോണ്ടാണ ഇത്ര അധികം തിരക്കിട്ടോടുന്നത- സ മയത്തിന്റെ കാൎയ്യത്തിൽ ഈ മനുഷ്യന സ്വൈരക്കേ ടതന്നെ- വേഗം നടക്കാഞ്ഞിട്ട എരേമ്മൻനായരെ ഒരു പ ടി ശകാരിച്ചു. അയാൾക്കും പാങ്ങില്ലാത്ത ശുണ്ഠിപിടിച്ചു- "ഓടാനല്ലാതെ പറക്കാൻ എന്നാലാവതല്ലാ. ഈകമ്പക്കാ രനെക്കൊണ്ട ബുദ്ധിമുട്ടിയെല്ലൊ" എന്നിങ്ങിനെ മനസ്സ കൊണ്ട ഓരൊന്ന പിറുപിറുത്തുതുടങ്ങി. ഒരംകഥ ഇങ്ങി നെ നില്ക്കട്ടെ. നൊം ശങ്കരനെമ്പ്രാന്തിരിയുടെ പുറപ്പാട എന്തെല്ലാമാണെന്നുനോക്കുക.

—:0:—

പഞ്ചുമ്മെനൊൻ അദ്ദെഹത്തിന്റെ സ്വന്തം വീട്ടിലെക്കല്ല കടവത്തെക്കാണ പൊകുന്നത എന്ന എന്ത്രാന്തിരിക്ക പിന്നെയാണ മനസ്സിലായത-"അയ്യാ! എന്നെ പററിച്ചൊ? താൻ ആളൊരു ചില്ലറക്കാരനല്ല" എന്ന പറഞ്ഞും കൊണ്ട ക്ഷണത്തിൽ വിളക്കൂതി മഠത്തിന്റെ വാതിലും അടച്ചുപൂട്ടി പഞ്ചുമ്മെനൊൻ എത്തുന്നതിന്ന മുമ്പായി അവിടെ ചെന്ന പററിക്കളെയെണമെന്ന നിശ്ചയിച്ച നെർവഴിയിൽക്കൂടി പൊകുന്നത തരക്കെടാണെന്ന കണ്ടിട്ട തെക്ക ഭാഗമുള്ള വെയിലിലിയും തകൎന്ന ദുൎഘടമായ ഒരു കുണ്ടുവഴിയിൽ മറിഞ്ഞുവീണ അതിലെതന്നെ യാതൊരു വെളിച്ചവും കൂടാതെ തിരക്കിട്ട ഓടി പഞ്ചുമ്മെനൊനെ വഴിയിൽ കണ്ടുമുട്ടുമെന്ന ശങ്കിച്ചു കൊണി കയറി ചെല്ലാതെ പടിഞ്ഞാറെ വശം നെരെ തന്നെ താൻ കണ്ടുപിടിച്ചിട്ടുള്ള എളുപ്പ വഴിയിൽക്കൂടി കയറി മറിഞ്ഞ പതുക്കെ വന്ന വടക്കെ മുററത്തിറങ്ങി ഉണ്ണിച്ചിരാമ്മയെ മെല്ലെ വിളിച്ചു വാതിൽ തുറപ്പിച്ചു ഒരു വിധെന അകത്ത കടന്ന വീണ്ടും അറയുടെ വാതിൽ തഴുതിട്ടതിനൊടുകൂടി വിളക്കിന്റെ പ്രകാശം വാതിലിന്റെ വിള്ളലിൽക്കൂടി പുറത്തെക്ക അല്പാല്പമായി വരുന്നതും കണ്ടപ്പൊൾ ഇദ്ദെഹത്തിന്റെ മനസ്സിൽ ശങ്കയും പരിഭ്രമവും കൂടി ഒന്നായി കൂത്താടിത്തുടങ്ങി- ഉള്ളിൽ വല്ലവരും ഉണ്ടൊ എന്നറിവാൻ വെണ്ടി കുറെനെരം വാതുക്കൽ ചെവി പാൎത്തു നിന്നു- യാതൊരു ശബ്ദവും കെൾക്കാഞ്ഞാറെ അതിൽ വിശെഷിച്ച ആരും ഉണ്ടായിരിക്കില്ല എന്ന തീൎച്ചപ്പെടുത്തി- അപ്പൊൾ ഉണ്ണിച്ചിരാമ്മയും അടുത്തു വന്നു- "പഞ്ചുമ്മൊനെ തൊല്പിക്കാൻ വെണ്ടി കൊച്ചമ്മാളു വയററിൽ വെദനയാണെന്ന നടിച്ചുംകൊണ്ട കിടക്കയാണ ചെയ്യുന്നത- അങ്ങുന്ന കൊലായിൽ ഇരിക്കാനാണ എന്നൊട പറഞ്ഞത- അപ്പവും കുഞ്ഞിരാമനും കൊലായിൽ ഉണ്ട- വെറെയും ഉണ്ട നാലഞ്ചാൾ- പഞ്ചുമ്മൊൻ

കൊലായിൽ കിടന്ന കഴിഞ്ഞിട്ടാവാം ഇങ്ങട്ട വരുന്നത-അ ല്ലാഞ്ഞാൽ അയാഠം വല്ലതും ശങ്കിക്കും- കൊലായിൽ ത ന്നെ പൊയിരിക്കിൻ" എന്ന പറഞ്ഞ എമ്പ്രാന്തിരിയെ ഉ മ്മറത്തെക്ക ഉന്തിയയച്ചു. തന്നെ കൊലായിൽ കണ്ടാൽ ഹെഡ്ഡ് കൻസ്റ്റെബിഠം എന്തു ശങ്കിക്കുമൊ എന്ന വിചാരി ച്ച കുറെ മടിച്ചു- എങ്കിലും വരുന്നതെല്ലാം വരട്ടെ എന്ന ഒ ടുവിൽ തീച്ചപ്പെടുത്തി പതുക്കെ പുറത്ത കടന്ന അവിടെ യുള്ള പടിയിന്മെൽ കയറി ഇരുന്നു- കൊലായിൽ ആകപ്പാ ടെ എഴെട്ട പെർ ഇരിക്കുന്നുണ്ടായിരുന്നു- അപ്പു എന്നും കുഞ്ഞിരാമൻ എന്നും ഉണിച്ചിരാമ്മ പറഞ്ഞിട്ടുള്ളത തന്റെ രണ്ട പുത്രന്മാരെ കൊണ്ടാണെന്ന വായനക്കാർ അറിഞ്ഞി രിക്കെണ്ടതാണ- ഇവർ കൊച്ചമ്മാളുവിന്റെ കല്പനപ്രകാ രം കൊലായിൽ ഇരിക്കയാണ ചെയ്യുന്നത. എല്ലാവരും അന്യൊന്യം ഓരൊന്നു പറഞ്ഞു രസിച്ചും കൊണ്ടിരിക്കു ന്ന മദ്ധ്യെ നമ്മുടെ അഴക രാവണനും എത്തി. ഒന്നിച്ച വരുവാൻ തരമില്ലെന്ന പല ഒഴികഴിവും പറഞ്ഞിട്ടുള്ള എ മ്പ്രാന്തിരി താൻ എത്തുന്നതിന്ന മുമ്പായിവന്നു പടിയി ന്മെൽ ഇരിക്കുന്നത കണ്ടപ്പൊഠം പങ്ങശ്ശമെന്നൊന്ന സാമാ ന്യത്തിലധികം വെറുപ്പുണ്ടായി- എങ്കിലും കൊലായിൽ അ ധികം ആളുകഠം ഇരിക്കുന്നതും നില്ക്കുന്നതും കണ്ടിട്ട അ ദ്ദെഹം യാതൊരു നിരസഭാവവും പുറത്ത കാണിക്കാതെ ചിരിച്ചുംകൊണ്ട അവിടെ ഉണ്ടായിരുന്ന കസെലയിന്മെ ൽ ചെന്നു കുത്തിരുന്നു- അപ്പൊഴെക്ക വെററിലത്തട്ടം എ ടുത്തുകൊണ്ട ഉണിച്ചിരാമ്മയും വന്നു- എരെമ്മൻ നായരും ചെന്ന തന്റെ യജമാനന്റെ അരികത്ത നിന്നു- ശങ്കര നെമ്പ്രാന്തിരിയുടെ മനസ്സിൽ കലശലായ രണ്ടു വിചാരം കടന്നുകൂടി- "ഒന്നിച്ചു പൊരാത്തതിനെപ്പററി ഹെഡ്ഡ് കൻ സ്റ്റെബിഠം ചൊദിക്കുന്നതായാൽ എന്താണീശ്വരാ ഒരു സ മാധാനം പറയെണ്ടത? ഹെഡകൻസ്റ്റെബിഠം മുഷിഞ്ഞൊ"

ഇങ്ങിനെ ചിന്തിച്ചു പരിഭ്രമിക്കുന്ന മദ്ധ്യേ അദ്ദേഹം ഒരു നല്ല സമാധാനം കണ്ടു പിടിച്ചു- ചോദിച്ചെങ്കിൽ പറയാമെന്നു നിശ്ചയിച്ചു ധൈയ്യത്തൊടെയിരുന്നു- കൂട്ടിൽ പിടിച്ചിട്ട മെരുവിനെപൊലെ പങ്ങശ്ശമെന്നൊൻറമനസ്സു നാലുപാടും പാഞ്ഞുതുടങ്ങി- കൊച്ചമ്മാളുവിനെ കാണാഞ്ഞതിനാലുള്ള സുഖക്കെട കൂടക്കൂടെ വദ്ധിച്ചു- എമ്പ്രാന്തിരിയുടെ നെരെയുള്ള ഈറ അതിലും കലശലായി- മനൊരാജ്യം ഇത രണ്ടിൻെറയും മീതെ വന്നുനിന്നു- ആകപ്പാടെ ഇദ്ദെഹത്തിൻെറ മനസ്സ ഉമിത്തീ പുകയുന്നതു പൊലെ പുകഞ്ഞുതുടങ്ങി- ഏതെങ്കിലും കസെലമെൽ കുത്തിരുത്തം കൊള്ളാതായി- ഇദ്ദെഹം മനസ്സുകൊണ്ട വിചാരിക്കയായി "ഈ പൊക്കിരികൾ എന്തിനാണ ഒരം രാത്രിസമയം ഇവിടെ വന്നു കൂടിയത? എനിക്ക സ്വൈരക്കെട ഉണ്ടാക്കാൻ തന്നെ- ഇവററ എപ്പൊഴാണീശ്വരാ ഇറങ്ങി പൊകുന്നത? ബുദ്ധിമുട്ടായല്ലൊ? ഇവററയുടെ മട്ടുകണ്ടിട്ട ഇയ്യിടെയൊന്നും പൊവാനുള്ള ഭാവമില്ലെന്നാണ തൊന്നുന്നത- എനി എപ്പൊഴാണിന്ന ഉറങ്ങാനവസരം? ഈ എമ്പ്രാന്തിരി ശുദ്ധമെ ഒരു കള്ളനാണ- ഇയ്യാൾ ഞാൻ എത്തുന്നതിന്ന മുമ്പായി ഇവിടെ വന്നു കൂടിയത കണ്ടില്ലെ! ഈ കള്ളനാണ ഇവരെയെല്ലാം ഇവിടെ കൂട്ടിക്കൊണ്ട വന്നത- ഇരിക്കട്ടെ- ഇവനെ ഞാൻ ഇന്നു ശൊപി തൊടീക്കാതിരിക്കില്ല- എന്തു വന്നാലും വെണ്ടില്ല- ആ കണ്ടുണ്ണിമെനൊനെയും ഇവിടെ കാണുന്നില്ലെല്ലൊ- ആ വിഡ്ഢാൻ ഉണ്ടെങ്കിലും എല്ലാററിന്നും വളരെ എളുപ്പമുണ്ടായിരുന്നു- നെരത്തെ പൊയിട്ട എനിയും മടങ്ങിവന്നിട്ടില്ലെന്നാണ തൊന്നുന്നത- എന്തൊ വാങ്ങികൊണ്ടു വരാൻ പൊയത തന്നെയാണ- ഈ ദിക്കിൽ നല്ല നാടനും കൂടി കിട്ടാൻ ബഹു പ്രയാസമാണ- ഇങ്ങിനത്തെ ഒരു ഇരപ്പരാജ്യം ഞാൻ കണ്ടിട്ടില്ല- മെൽ പകന്നാൽ കൂടി നാറാത്ത പച്ചവെള്ളം പൊലത്തെ ഈ എ

രപ്പ ആക്കെ വെണം? കുണ്ടുണ്ണി മെനൊൻ ഒരു സമയം ഷാപ്പിലെക്ക തന്നെ പൊയിട്ടുണ്ടായിരിക്കും- അയാൾക്ക എൻെറ സ്നെഹം വല്ല വിധത്തിലും സമ്പാദിക്കെണമെന്നുണ്ട- ആൾ ബഹു കള്ളനാണ- അതെ തരക്കെട്ടുള്ളു- എങ്കിലും കിടന്നൊട്ടെ- ഒരു കള്ളനെയും വെക്കണം സ്വാധീനത്തിൽ- അയാൾ താമസിക്കാതെ വന്നാൽ മതിയായിരുന്നു- അയാൾ വരുമ്പഴക്ക ഇവരെറയും എറങ്ങിപ്പൊകണം- എന്നാൽ എൻെറ കാൎയ്യം പിന്നെ ശുഭം തന്നെ- ആകപ്പാടെ കണ്ടെടത്ത കൊച്ചമ്മാളുന്നും കുറെശ്ശ കൂടാതെ കഴികയില്ലെന്നാണ തൊന്നുന്നത- ഇത്തിരി അവളും കൂടി കഴിക്കുന്നതായാൽ എത്ര വളരെ രസമുണ്ടായിരിക്കും?" പഞ്ചുമെനൊൻ ഇങ്ങിനെ പലതും വിചാരിച്ച സന്താപിച്ചു വെറുത്തും സന്തൊഷിച്ചും തന്നെത്താൻ മറന്നു കുത്തിരിക്കുന്ന മദ്ധ്യെ കുണ്ടുണ്ണിമെനൊൻ എത്തി- പഞ്ചുമെനൊൻെറ മനസ്സിന്നു അല്പം സമാധാനവും ഉണ്ടായി- താൻ ഊഹിച്ച കാൎയ്യം ശരിയൊ എന്ന അറിവാൻ വെണ്ടി ഇദ്ദെഹം ആ പരമവികൃതിയെ അടുക്കെ മാടി വിളിച്ചു "എന്താണെടൊ പൊയകാൎയ്യം സാധിച്ചൊ" എന്നു സ്വകാൎയ്യം ചൊദിച്ചു- "ഞാൻ പൊയാലുണ്ടൊ സംശയം" എന്ന അയ്യാളും മറുവടി പറഞ്ഞു- അങ്ങിനെ യിരിക്കെ കൊമൻ നായരും അയ്യാപ്പട്ടരും കൂടി കയറിവന്നു- അയ്യാപ്പട്ടരെ കണ്ടപ്പൊൾ കാൎയ്യം തങ്ങളിൽ പറഞ്ഞ സന്ധിപ്പിക്കുവാൻ വെണ്ടി കൊണ്ടുവന്നിട്ടുള്ളതാണെന്ന എല്ലാവരും വിശ്വസിച്ചു- ശങ്കരനെമ്പ്രാന്തിരിക്കും മനസ്സിൽ അല്പം സന്തൊഷവും സമാധാനവും ഉണ്ടായി- എന്നാൽ എമ്പ്രാന്തിരിയുടെ ദൎശനം പട്ടൎക്ക അത്ര സന്തൊഷമായില്ല- "എൻെറ മുമ്പാകെ വെണമെന്നില്ലയായിരുന്നു- ഇത്രയൊന്നും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നില്ല- എമ്പ്രാന്തിരിയെ പുറത്താക്കീട്ട എന്നെ സംബന്ധത്തിന്നാക്കണം എന്നമാത്ര

മെ ഞാൻ കണ്ടുള്ളിമെനൊനൊട ആവശ്യപ്പെട്ടിരുന്നുള്ളു- ഇത്രയൊക്കെ ദ്വെഷിക്കെണ്ടതില്ലയായിരുന്നു" എന്ന അച്ഛാപ്പട്ടരും "കാൎയ്യം എതെങ്കിലും ഒരുവിധത്തിൽ സന്ധിച്ചുപൊട്ടെ- എന്നാൽ സ്വൈരത്തിൽ കിടന്ന ഉറങ്ങിക്കൊള്ളാലൊ" എന്ന ശങ്കരനെമ്പ്രാന്തിരിയും "ഇതൊന്നും ഇന്ന വെണ്ടായിരുന്നു- നാളെ രാവിലെയായിരുന്നു നല്ലത്" എന്ന പഞ്ചുമെനൊനും- "കൊച്ചമ്മാളു ഇന്ന എന്തെല്ലാണ ചെയ്യാൻ പൊകുന്നത- ഞാൻ അറിഞ്ഞില്ല" എന്ന ഉണിച്ചിരാമ്മയും "നെരം ഒമ്പതമണിയായി എനി എപ്പൊഴാണ ഇവിടുന്ന പൊവാൻ സാധിക്കുന്നത" എന്ന കൊച്ചമ്മാളുവിന്റെ ജ്യെഷ്ഠന്മാരും "മൂപ്പരുടെ കാൎയ്യം ആകപ്പാടെ ഇന്ന ഉഗ്രംതന്നെ- തിര നീക്കികടലാടാൻ പ്രയാസംതന്നെ" എന്ന എരെമ്മൻനായരും, ഇങ്ങിനെ പലരും പലവിധം വിചാരിച്ചു തുടങ്ങി- അപ്പൊൾ കണ്ടു അകത്തനിന്ന ഒരാൾ പുറത്തെക്ക കടന്ന വരുന്നത.

ശരീരം ആസകലം ഭസ്മംകൊണ്ട പൂശി കഴുത്തിലും മററുള്ള അംഗസന്ധികളിലും രുദ്രാക്ഷം ധരിച്ച ആപാദചൂഡം കാഷായവസ്ത്രംകൊണ്ട മൂടി ഇടത്തെ ചുമലിൽ പിൻഭാഗം ഒരു പുള്ളിമാൻതൊൽ തൂക്കിയിട്ട വലത്തെ കയ്യിൽ ഒരു പളുങ്കമാലയും ഇടത്തെതിൽ ഒരു ജലപാത്രവും പിടിച്ച "ഹരെ വിശ്വംഭര" എന്ന ജപിച്ചുംകൊണ്ട കൊലായിൽ വന്നു നിന്നു- അവിടെ കൂടിയിരുന്ന എല്ലാവരും അത്യന്തം വിസ്മയിച്ചു. ഇത ആരാണെന്ന മനസ്സിലാകാതെ ഭക്തിയൊടും വിനയത്തൊടും എഴുനീററുനിന്ന എല്ലാവരും സൂക്ഷിച്ചു നൊക്കിത്തുടങ്ങി- മുഖം കാഷായ വസ്ത്രംകൊണ്ട മൂടിയിരുന്നതിനാൽ യാതൊരാൾക്കും ഒരു ലെശം മനസ്സിലായില്ല- കടന്നവന്ന പാട എല്ലാവരൊടും ഇരിപ്പാൻ വെണ്ടി കൈകൊണ്ട ആംഗ്യംകാട്ടി. പഞ്ചുമെനൊന്റെ മുൻഭാഗത്ത കൊലായിൽ ജലപാത്രം വെച്ചു മാൻതൊൽ എടു

ത്ത നിലത്തിട്ട തൊക്കൊട്ട തിരിഞ്ഞ അതിൽ ഇരുന്നു- എല്ലാവരും ഇരുന്നു എന്ന കണ്ടാറെ കൈകൊണ്ട മൂട പടം മെല്ലെ നീക്കികളഞ്ഞു- ഇപ്പൊഴാണ കാൎയ്യം വെളിവായത- "അയ്യൊ എന്റെ പൊന്നുമകളെ ഇത" എന്ന പറഞ്ഞ നിലവിളിച്ച ഉണിച്ചിരാമ്മ നെഞ്ഞത്തടിച്ച നിലത്ത വീണു- പിന്നെ ഉണ്ടായതൊന്നും പറയാത്തതാണ നല്ലത- എല്ലാരുടെയും കൊതികെട്ട- കൊത്തിമുറിച്ചാൽ പൊലും ഒരുതുള്ളി രക്തം ഈ കൂടിയവരിൽ ആരെങ്കിലും ഒരാളുടെ മുഖത്ത കാണില്ല- എല്ലാവരും അത്യന്തം വിഷണ്ണന്മാരായി തങ്ങളെ മറന്നു കണ്ണീർവാൎത്തു നെടുവീൎപ്പിട്ട എന്തുവെണ്ട എന്നറിയാതെ കമ്പിട്ടിരുന്നു- പഞ്ചുമെനൊന്റെ മനൊവ്യഥ പറഞ്ഞാൽ ഒടുങ്ങില്ല- എന്തെല്ലാം മനൊരാജ്യത്തൊടുകൂടിയാണ ഈ മനുഷ്യൻ ഊണുംകഴിച്ച ഓടിക്കൊണ്ട വന്നിട്ടുണ്ടായിരുന്നത! തനിക്ക ഇപ്പോൾ ശുക്രദശ പൊയിട്ട മൂത്ത ശനിപ്പിഴയാണ- ഇങ്ങിനത്തെ നിൎഭാഗ്യക്കക്ഷി ഭൂമിയിൽ ഇല്ലെന്നതന്നെ പറയാം. ഈ സാധുവിന്റെ ഇപ്പൊഴത്തെ നിലകണ്ടാൽ ആരും വ്യസനിക്കാതിരിക്കയില്ല- ഇവർ എല്ലാവരും ഇത്തിരിനെരം ഈ സ്ഥിതിയിൽ തന്നെ നില്ക്കട്ടെ- അതിനിടയിൽ വായനക്കാർ അറിവാനിച്ഛിക്കുന്ന മറെറാരു സംഗതിയെ ചുരുക്കത്തിൽ പ്രസ്താവിച്ചുകളയാം. കൊച്ചമ്മാളുവിനെ ഈ നിലയിൽ കാണ്മാൻ ഇടവരുമെന്ന ആ രാജ്യക്കാർ മാത്രമല്ല വായനക്കാരും വിചാരിച്ചിട്ടുണ്ടായിരിക്കയില്ല. ഇവൾക്ക ഇങ്ങിനെയുള്ള വെഷം ധരിപ്പാൻ ഇത്ര ക്ഷണത്തിൽ എങ്ങിനെ മനസ്സുവന്നു എന്ന ഇവിടെ പറയാതെയിരിപ്പാൻ തരമില്ലാതെ വന്നിരിക്കുന്നു.

അയ്യാപ്പട്ടരെ ചതിയായി ക്ഷണിച്ചു വരുത്തി പൂൎവ്വസ്മരണയെന്നത തീരെവെടിഞ്ഞു ലെശമാത്രം കരുണകൂടാതെ അകാരണമായി അരക്കാശിന്ന വിലയില്ലാത്ത രണ്ട നീച

ന്മാരെക്കൊണ്ടു തല്ലി അവമാനിപ്പിച്ചു പറഞ്ഞയച്ചതിൽ പിന്നെ അതു വളരെ കഷ്ടമായി പൊയിരിക്കുന്നു എന്നുള്ള വിചാരം ഇവളുടെ മനസ്സിൽ തൊന്നി- തന്റെ ദുരാചാരത്തെയും ദുഷ്കൎമ്മശക്തിയെയും പററി വളരെ വ്യസനമുണ്ടായി- അതുമുതൽ അനുതാപവും വ്യഥയും ഇവളുടെ മനസ്സിൽ അങ്കുരിച്ചു- എങ്കിലും അയ്യാപ്പട്ടര തന്റെയും സംബന്ധക്കാരൻ ശങ്കരനെമ്പ്രാന്തിരിയുടെയും മെൽ അടികലശലും ഉപദ്രവവും ചുമത്തി പൊലീസ്സന്ന്യായം കൊടുത്തിരിക്കുന്നു എന്നും ഒന്നും അറിയാത്ത എമ്പ്രാന്തിരിയെക്കൂടി പ്രതിചെൎത്തിട്ടുള്ളതു പടുവികൃതിയും മൂഢനും ആയ കുണ്ടുണ്ണിമെനൊന്റെ ദുസ്സാമൎത്ഥ്യ ശക്തിയാലാണെന്നും അന്വെഷണത്തിന്നു പൊലീസ്സുകാർ കല്പനകൊടുത്തിരിക്കുന്നു എന്നും അവർ രണ്ടു മൂന്നു ദിവസത്തിന്നുള്ളിൽ അന്വെഷണത്തിന്നു വരുമെന്നും കെട്ടപ്പൊളാണു ഇവളുടെ എല്ലാഭാവത്തിന്നും ഒരു പകൎച്ച വന്നതു. അതികഠിനമായ തന്റെ ദുൎന്നടപ്പും മനഃകാൎക്കശ്യവും ധിക്കാരവും സാഹസപ്രവൃത്തിയും, അനുഭവിച്ചു വരുന്നെയും അനുഭവിപ്പാൻ പൊകുന്നെയും അവമാനവും അപരാധവും, ഇതെല്ലാം ആകപ്പാടെ വിചാരിച്ചു വിചാരിച്ചു, വിഷാദിച്ചു സ്നാനാശനങ്ങളിൽ പൊലും അത്യന്തം വിരക്തയായി കലുഷിതയായി പങ്ങശ്ശമെനൊൻ അന്വെഷണത്തിന്നു വന്നതിന്റെ തലെദിവസം രാത്രി വ്യസനാക്രാന്തയായി തളൎന്നുംകൊണ്ടു കിടന്നുറങ്ങുമ്പൊൾ പന്ത്രണ്ടു സംവത്സരം മുമ്പെ മരിച്ചു പൊയിട്ടുണ്ടായിരുന്ന തന്റെ അച്ഛനെ ഇവൾ സ്വപ്നം കണ്ടു- അദ്ദെഹം സ്വപ്നത്തിൽ തന്റെ അരികത്തു വന്നു അനെകം സാരമാൎഗ്ഗങ്ങളെ തനിക്കു ഉപദെശിച്ചു പൊയിട്ടുള്ള പ്രകാരം ജാഗ്രത്തിൽ അവൾക്കു ഓൎമ്മവരികയും വിശ്വാസം സിദ്ധിക്കുകയും ചെയ്തതുകൊണ്ടു നാം പ്രസ്താവിച്ചുവെച്ച സംഗതികൾ സംഭവിച്ച ദിവസം രാവിലെ

അവാം ഈ വിവരം യാതൊന്നും ഒരു മനുഷ്യനൊടും മി ണ്ടാതെ കാക്കനൂർ മനക്കൽ ഹരിജയന്തൻ എന്ന വലിയ നമ്പൂരിപ്പാടവർകളെ ചെന്നുകണ്ട തന്റെ പൂൎവ്വചരിത്രവും കഷ്ടസ്ഥിതിയും സ്വപ്നാവസ്ഥയും എല്ലാം അദ്ദെഹത്തെ അറിയിച്ചു സാഷ്ടാംഗം കാൽക്കൽ വീണുനമസ്കരിച്ചു- സ ൎവ്വാപരാധങ്ങളും സൎവ്വപാപങ്ങളും അകററി തന്നെ കരുണ യൊടുംകൂടെ പരിപാലിക്കെണമെന്നു കണ്ണുനീർ വാൎത്തും കൊണ്ട അപെക്ഷിച്ചു. ആശ്രിതന്മാരിൽ അതിവാത്സല്യ വുംസമജീവികളിൽഅനുകമ്പയുംമനഃപാകതയും ഉള്ള വൃ ദ്ധനും സുശീലനുമായ ഈ ബ്രാഹ്മണ ശ്രെഷ്ഠൻ ഇവളുടെ അന്തസ്താപവും വിനയവും കണ്ട കരുണാൎദ്ര ചിത്തനായി ട്ട അവളെ ആശ്വസിപ്പിച്ച മെലിൽ വെണ്ടുന്നതായ നട വടിയെപ്പററി ചില സാരൊപദെശം ചെയ്തു, അതുപ്രകാ രം അനുഷ്ഠിപ്പാൻ മനസ്സും ഭക്തിയും ഉണ്ടെങ്കിൽ പ്രായ ശ്ചിത്തം ചെയ്തു പരിശുദ്ധയാക്കി സ്വപുത്രിയെ പൊലെ പരിരക്ഷണം ചെയ്യുന്നുണ്ടെന്ന ശപഥം ചെയ്തു വ്രതാനു ഷ്ഠാനത്തിന്ന വെണ്ടപ്പെട്ട ഉപകരണങ്ങളും കൊടുത്ത തി രികെ പറഞ്ഞയച്ചിട്ടുണ്ടായിരുന്നു. പങ്ങശ്ശമെനൊൻ അ ന്വെഷണത്തിന്ന വന്നതകണ്ടപ്പൊാം തന്റെ മനൊരഥ വും ഇന്ന തന്നെ സാധിപ്പിക്കെണമെന്ന നിശ്ചയിച്ചാണ ഇവാം അദ്ദെഹത്തൊട വളരെ രസകരമായി സംസാരി ച്ചതും അദ്ദെഹത്തെ ഉണ്ണാൻ ക്ഷണിച്ചതും. എന്നാൽ ഈ അന്തൎഗ്ഗതവും ആരംഭവും ഇതവരെ യാതൊരാാക്കും മന സ്സിലായിരുന്നില്ല. പങ്ങശ്ശമെനൊൻ കുളിപ്പാൻ വെണ്ടി പൊയ ഉടനെ ഊണകഴിച്ചു തന്റെ അറയിൽ പൊയി വാ തിൽ അടച്ചിരുന്നു ചെയ്യിട്ടുള്ള പരിശ്രമം ഇന്നതായിരുന്നു എന്ന വായനക്കാരൊട എനി പ്രസ്താവിക്കെണ്ടതില്ലല്ലൊ. ഇവാം സൎവ്വാംഗം ഭസ്മം തെച്ചതും കാഷായ വസ്ത്രം ഉടു ത്തതും രുദ്രാക്ഷം ധരിച്ചതും ഇതൊന്നുമല്ല കാണികാക്ക

വ്യസനത്തെ ഉണ്ടാക്കിയത. അതിമനൊഹരമായി നീണ്ടി രുണ്ട അഗ്രം ചുരുണ്ട ഇവളുടെ തലമുടി ഒരു ഇഴപൊലും വെച്ചെക്കാതെ കണ്ണാടിയിൽ നൊക്കി കത്രികകൊണ്ട ഇ വിം ഖണ്ഡിച്ചു കളഞ്ഞതാണ സഹിപ്പാൻ പാടില്ലാത്ത മനൊവെദനയെയും മഹാവ്യസനത്തെയും ഉണ്ടാക്കി തീ ൎത്തത- ഈ വ്യസനം ഇവളെ വല്ലവിധെനയും ഒരു പ്രാവ ശ്യം കണ്ടവൎക്കല്ലാതെ പറഞ്ഞാൽ നല്ലവണ്ണം മനസ്സിലാ കില്ല.

മൂടുപടം എടുത്ത ഉടനെ കൊച്ചമ്മാളു തന്റെ കക്ഷ ത്തിൽനിന്ന ഒരു വെള്ളിച്ചെല്ലം എടുത്ത അരികെ വീണ വിലാപിക്കുന്ന തന്റെ അമ്മയുടെ മുമ്പിൽവെച്ച എല്ലാവ രുടെ മുഖത്തും ഒന്നനൊക്കി അശെഷം കുലുക്കമൊ പരിഭ്ര മമൊ കൂടാതെ ഇപ്രകാരം പറഞ്ഞു- "എന്റെ ഇപ്പൊഴ ത്തെ സ്വരൂപവും ആരംഭവും കണ്ടിട്ട നിങ്ങൾ എല്ലാവ രും വല്ലാതെ വ്യസനിക്കുന്നുണ്ടായിരിക്കാം- ഇതെല്ലാം കാ ലസ്വരൂപനായ ദൈവത്തിന്റെ വിലാസമാണെന്ന വി ചാരിച്ചു സന്തൊഷിക്കയാണ വെണ്ടത- ഇതവരെ ഞാൻ നിങ്ങൾ എല്ലാവരുടെയും കണ്ണിന്നും മനസ്സിന്നും അത്യാ നന്ദത്തെ ജനിപ്പിക്കുന്ന ഒരു പെൺകിടാവായിരുന്നു- ഇ പ്പൊൾ നിങ്ങൾക്ക ഈവിധം കാണ്മാനും ഞാൻതന്നെയ ല്ലെ സംഗതിവരുത്തിയത? ഇതിന്റെ കാരണം അറിയു മ്പൊൾ നിങ്ങൾക്ക എന്റെ മെൽ സന്തൊഷവും ബ ഹുമാനവും തൊന്നുവാനെ ഇടയുള്ളു. ഞാൻ ഏകദെശം നാല സംവത്സര മായിട്ട ഈ അടുത്ത പ്രദെശങ്ങളിൽ ഏറ്റവും ശ്രുതിപ്പെട്ട നിലയിൽ ഇരുന്ന വളരെ പെരു കൾ സമ്പാദിച്ചിട്ടുള്ള ഒരുത്തിയാണെന്ന നിങ്ങൾക്ക ന ല്ലവണ്ണം അറിവുള്ളതാണെല്ലൊ- എന്നെ അറിയാത്തവ രും എന്നെ വന്ന കാണാത്തവരും എനിക്ക വല്ലതും കൊ ണ്ടന്നു തരാത്തവരും ഈ ദിക്കിൽ വളരെ ചുരുക്കമെയു

ള്ള- എല്ലാവിധ ദുഷ്കൃതങ്ങൾക്കും ഞാൻ ഒരു താഴികക്കുട
മായി നില്ക്കയാണ ചെയ്യുന്നത- ഈ ചുരുങ്ങിയ കാലത്തി
ന്നിടയിൽ എല്ലാവകയും കൂടി രണ്ട മൂവ്വായിരം ഉറുപ്പി
കയുടെ മുതൽ രാപ്പകൽ അതിപ്രയത്നം ചെയ്തു സമ്പാ
ദിച്ചിട്ടും ഉണ്ട- എന്റെ അമ്മക്കും ഈ ജെഷ്ട്യന്മാക്കും എ
ന്റെ ഈ ദെഹമല്ലാതെ യാതൊരു സ്വത്തും ഇല്ല- അതു
കൊണ്ട കാലൊചിതമായി വെണ്ടിവരുന്ന എല്ലാ വിധ സ
ഹായവും സെവകയ്യവും ഇവർ അറിഞ്ഞും അറിയാതെയും
എനിക്ക ചെയ്തും ചെയ്യിച്ചുംവരാറുണ്ട- ഇവരുടെ സഹായം
എല്ലാ കാൎയ്യത്തിന്നും മതിയാവുകയില്ലെന്ന കണ്ടിട്ടാണ
ഈ ശങ്കരനെമ്പ്രാന്തിരിയും കൂടി വന്നുചെൎന്നത- ഇദ്ദെഹം
ആദ്യം രണ്ട സംവത്സരത്തൊളം എന്റെ ദല്ലാളിയായി
നിന്ന വ്യാപാരത്തിൽ എനിക്ക വലിയലാഭവും പലെ ആ
ദായങ്ങളും ഉണ്ടാക്കി തന്നിരിക്കുന്നു- അതിൽ പിന്നെ എ
കദെശം രണ്ട കൊല്ലമായിട്ട എന്റെ സംബന്ധക്കാരനും
കൂടിയാണ- ഇവർ നാലുപെരും കൂടി ചെയ്തിട്ടുള്ള ഉപകാരം
കൊണ്ടാണ ഞാൻ ഇപ്പൊൾ ഈ നിലയിൽ പ്രവെശിപ്പാ
ൻ സംഗതി വന്നിട്ടുള്ളത- എനിക്ക ഏകദെശം ബുദ്ധിവെ
ച്ച മുതല്ക്കു എന്റെ ജ്യെഷ്ഠന്മാർ അസ്തമിച്ചാൽ ഒരു നാഴിക
പൊലും ഇവിടെ താമസിച്ചിട്ടുള്ള പ്രകാരം എനിക്ക തൊന്നു
ന്നില്ല- സന്ധ്യക്ക മുമ്പെ ഊണും കഴിച്ച സംബന്ധവീട്ടി
ലെക്ക പൊകയാണ ഇതുവരെയുള്ള പതിവ- ഇന്ന ഞാൻ
വെറെ ഒരു സംഗതി പറഞ്ഞു താമസിപ്പിച്ചത കൊണ്ടമാ
ത്രം ഇവിടെ കാണ്മാൻ സംഗതി വന്നതാണ- എനിക്കും അ
മ്മക്കും ബൊധിച്ച പ്രകാരം ചെയ്യുന്നത ഇവൎക്ക പൂൎണ്ണ സ
മ്മതമാണ- എനിക്ക അമ്മയും ഗുരുനാഥനും ചങ്ങാതിയും
സഹായിയും എല്ലാം എന്റെ അമ്മ തന്നെയാണ- അമ്മ
യുടെ ഉപദെശം കൊണ്ടും വാത്സല്യം കൊണ്ടും സഹായം
കൊണ്ടും ആണ ഞാൻ ഇത്ര വെഗത്തിൽ ഇത്ര പ്രസിദ്ധ

യായിത്തിൎന്നത- എന്റെ സംബന്ധക്കാരൻ എല്ലാവരി ലും വെച്ച ഏററവും സരസനാണ- പത്തു ദിവസത്തെക്ക ഇവിടെ കയറി വരരുത എന്ന ഞാൻ കല്പിച്ചാൽ പതി നൊന്നാം ദിവസമല്ലാതെ ഇവ തൊടിയിലെക്ക കടക്കമാറി ല്ല- ഇവർ നാലുപെരും കൂടാതെ മററു അനെകം പെർ എ നിക്ക സഹായികളുണ്ടെങ്കിലും പിന്നെ പറയത്തക്ക യൊ ഗ്യന്മാർ ഈ നില്ക്കുന്ന കൊമൻനായരും കുണ്ടുണ്ണിമെനൊ നും ആണ- ഇവരുടെ കല്പനക്കൊ ഹിതത്തിന്നൊ യാ തൊരു വിരൊധവും ഞാൻ പറയാറില്ല- അത്ര ശങ്കയും ഭ യവും ഉണ്ടാകത്തക്ക പലവിദ്യകളും ഇവർ എന്റെ നെരെ പ്രയൊഗിച്ച ഫലിപ്പിച്ചു വെച്ചിട്ടുണ്ട- ഇവരുടെ നിൎബ്ബന്ധ വും ഭീഷണിയുംസഹിപ്പാൻ നിവൃത്തിയില്ലാഞ്ഞിട്ടാണഞാ ൻ ഈ കഴിഞ്ഞ ഏകാദശിനാൾ രാത്രി അത്യന്തം വിശ്വ സ്തനും ഉപകാരിയും ഞാൻ നിമിത്തം കടക്കൊള്ളിയും ആ യ ഈ അയ്യാപ്പട്ടരെ ഇവിടെ ക്ഷണിച്ചു വരുത്തി ചതിയാ യി അട്ടത്തളയിൽ ഇട്ട ഈ രണ്ട രാക്ഷസന്മാരെ കൊണ്ട പ്രഹരം കഴിപ്പിച്ചത- സാധുവായ എമ്പ്രാന്തിരി ഈ കാ ൎയ്യം യാതൊന്നും അറിയില്ല- ഞാൻ അടുക്കെ നിന്ന ഈ കു ണ്ടുണ്ണിമെനൊനെക്കൊണ്ടും കൊമൻനായരെക്കൊണ്ടും ത ല്ലിക്കയാണ ചെയ്തത- ഇവർ പറയുന്നതായാൽ കുലക്കററം ചെയ്വാൻ പൊലും എനിക്ക ധൈൎയ്യക്ഷയം ഇല്ല- എന്റെ പൂൎവ്വസ്ഥിതിയെല്ലാം ഇങ്ങിനെയാണ- ഇവരിൽ ആൎക്കെ ങ്കിലും ഒരാൾക്ക തന്റെ മകളെന്നൊ സൊദരിയെന്നൊ സംബന്ധക്കാരിയെന്നൊ സമസൃഷ്ടിയെന്നൊ തെല്ലൊ രു വിചാരവും സ്നെഹവും ഉണ്ടായിരുന്നു എങ്കിൽ ഇപ്രകാ രം ഞാൻ സകല ജനങ്ങളുടെയും പരിഹാസത്തിന്നും അ പവാദത്തിന്നും പാത്രമായി നരകാഗ്നിക്ക വിറകായി കെ വലം നില്ലജ്ജയായ ഒരു പട്ടവെശ്യയായി വരുന്നതല്ലയാ യിരുന്നു".

കൊച്ചമ്മാളു ഇങ്ങിനെ പറഞ്ഞു തന്റെ അമ്മയെയും ജ്യെഷ്ഠന്മാരെയും ചുട്ടചുടെ നൊക്കി നെടുവീൎപ്പിട്ട കണ്ണുനീർ വാൎത്തു വിലാപിച്ചു തുടങ്ങി- അയ്യൊ! സൎവ്വസാക്ഷിയായ ജഗദീശ്വര! അയ്യൊ! പരമകാരുണികനായ വിശ്വംഭര! അയ്യൊ! സൎവ്വാന്തൎയ്യാമിയായ ലൊകപിതാവെ! ചണ്ഡാലിയായ ഈ കൊച്ചമ്മാളുവിനെ എന്തുചെയ്യാനാണ ഭാവിച്ചിരിക്കുന്നത? ഈ മഹാപാപം ഭുജിച്ചു തീൎക്കാൻ എനിക്ക എത്രജന്മം വെണ്ടിവരും? എതെല്ലാം നീചയൊനികളിലാണ ഞാൻ ജനിക്കെണ്ടത? എന്റെ അച്ഛൻ ജീവനൊടെ ഉണ്ടായിരുന്നു എങ്കിൽ ഈ മഹാപാപം ഭുജിപ്പാൻ എനിക്ക ഒരിക്കലും സംഗതി വരുന്നതല്ലയായിരുന്നു- "രണ്ട സംവത്സരം കൂടി കഴിഞ്ഞാൽ മകളെ! നിന്നെ ഞാൻ ഒരുമിച്ചു കൊണ്ടുപൊയി വെണ്ടതെല്ലാം പഠിപ്പിക്കുന്നതാണ" എന്ന എന്റെ അച്ഛൻ മരിക്കുന്നതിന്റെ പതിനഞ്ചു ദിവസം മുമ്പെ ഒരിക്കൽ എന്നെ മടിയിൽ എടുത്ത ഇരുത്തി ആശ്ലെഷം ചെയ്തുംകൊണ്ട പറഞ്ഞിട്ടുണ്ടായിരുന്നു. എന്റെ മഹാ പാപശക്തികൊണ്ട അതിനൊന്നും എനിക്ക സംഗതി വന്നില്ല- വകതിരിവില്ലാത്ത എന്റെ അമ്മയുടെ കയ്യിൽ അകപ്പെട്ടു പൊയതുകൊണ്ടല്ലെ ഞാൻ ഇങ്ങിനെ ദുരിതം അനുഭവിക്കെണ്ടിവന്നത- നിഷ്കാരണമായി എത്ര ജനങ്ങളെ ഞാൻ അവമാനിച്ചു- എത്ര ചെറുപ്പക്കാരെ ഞാൻ വഷളാക്കിത്തീൎത്തു- ഞാൻ നിമിത്തം പണ്ടുപണ്ടെയുള്ള എത്ര തറവാടുകൾ നശിച്ചുപൊയി- എത്ര സ്ത്രീകളെ ഞാൻ നിരാധാരമാരാക്കി-എത്ര ആളുകളെ ഞാൻ കടക്കാരാക്കി- ഈ മഹാ പാപശാന്തിക്ക എന്തൊരു പ്രായശ്ചിത്തമാണ ഞാൻ ചെയ്യെണ്ടത? എന്റെ അമ്മയെപ്പൊലെ ഇത്ര കുടിലയായിട്ട മറെറ യാതൊരമ്മമാരെയും കാണുന്നതല്ല- അല്ലെയൊ അമ്മെ! നിങ്ങൾ അല്ലെ എന്നെ ഇത്ര വഷളാക്കിത്തീൎത്തത? കുട്ടിക്കാലം മുതല്ക്കെ

നിങ്ങൾ എന്നെ നല്ലത ശീലിപ്പിച്ചിരുന്നു എങ്കിൽ നിങ്ങ ളുടെ ഈ കൊച്ചമ്മാള എന്തൊരു ഭാഗ്യമുള്ള മകളായിരിക്കുമായിരുന്നു- നിങ്ങളുടെ അന്ത്യകാലത്തിൽ കണ്ണുനീർ വാൎത്തുംകൊണ്ട അടുക്കെയിരുന്ന കഞ്ഞിവെള്ളം കൊരിത്തന്ന മരിപ്പിക്കെണ്ടുന്നവളായ നിങ്ങളുടെ ഈ മകളെ നിങ്ങൾ ഇങ്ങിനെ ആക്കിയെല്ലൊ? അയ്യൊ ദൈവമെ! ഈ വ്യസനം ഞാൻ ആരൊടു പറയെണ്ടു? അമ്മക്കെ വകതിരിവില്ലാത്തതൊ ഇരിക്കട്ടെ- സ്ത്രീസ്വഭാവം കൊണ്ട ഒരുസമയം അങ്ങിനെ വന്നെക്കാം. അല്പം വിഭാഗതയും അവമാനത്തിൽ തെല്ലു ഭയവും അന്യന്മാരുടെ പരിഹാസത്തിൽ കുറച്ചു ദൈന്യവും എന്റെ ജ്യെഷ്ഠന്മാൎക്ക ഉണ്ടായിരുന്നു എങ്കിൽ അത മതിയായിരുന്നു- ഇവരുടെ അവസ്ഥ അമ്മെടെതിലും ബഹു ചിത്രമല്ലെ- വീട്ടിൽ നടന്നുവരുന്ന യാതൊരു കാൎയ്യവും അന്യന്മാർ പറഞ്ഞു പരിഹസിക്കുന്നത കെട്ടാൽപൊലും അന്വെഷിക്കാത്ത പുരുഷന്മാർ മററ വല്ലവരും ഉണ്ടൊ? നിങ്ങളുടെ ഉടപ്പിറന്നവളല്ലെ ഈ കൊച്ചമ്മാള! എന്റെ നടവടിയെപ്പററി നിങ്ങളുടെ മുഖാന്തരം അന്യന്മാർ ദുഷിക്കുമ്പൊൾ മിണ്ടാതെ തലയുംതാഴ്ത്തി നില്ക്കുകയല്ലാതെ നിങ്ങൾക്ക എന്തെങ്കിലും ഒന്ന പറവാൻ നിവൃത്തിയുണ്ടൊ? എന്റെ നിൎഭാഗ്യ ശക്തിയും പൂൎവ്വജന്മത്തിൽ ചെയ്തിട്ടുള്ള പാപ പരിപാകവും എന്നല്ലാതെ നിങ്ങളെ കുററം പറഞ്ഞിട്ട യാതൊരു ഫലവും ഇല്ല- ഈ അവമാനം സഹിച്ചുംകൊണ്ട ഭൂമിയിൽ ഇരിക്കുന്നതിനെക്കാൾ മരിച്ചുകളയുന്നതാണ വളരെ നല്ലത- മരിച്ചാലും സൈ്വരക്കെടിന്ന വൎദ്ധനതന്നെ- ജീവകാലത്തിൽ അവമാനം ഭൂമിയിൽ മാത്രമെ ഉള്ളു- മരിച്ചാൽ രണ്ടുദിക്കിലും ഒരുപൊലെ അനുഭവിക്കും- ഭൂമിയുള്ളന്നും ഈ അപരാധം തീരുന്നതല്ല- എത്രകാലത്തൊളം ഭൂമിയിൽ ഈ സൈ്വരക്കെട നില്ക്കുന്നുവൊ അത്ര കാലത്തൊളം പരത്തിലും

സ്വൈരക്കെടതന്നെ- അതകൊണ്ട ജീവഹാനി വരുത്താ
നും മനസ്സുവരുന്നില്ല- അതുകൊണ്ട ഭൂമിയിൽ തന്നെ ഇരു
ന്ന പ്രായശ്ചിത്തം ചെയ്തു പാപനാശം ചെയ്വാനാണ ഞാ
ൻ നിശ്ചയിച്ചിട്ടുള്ളത- ദുഷ്കരമായ വ്രതാനുഷ്ഠാനം കൊ
ണ്ടും പ്രായശ്ചിത്തം കൊണ്ടും തീൎത്ഥസ്നാനം ജപം ഇത്യാദി
കൊണ്ടും പാപം നശിച്ച പരിശുദ്ധയാകുമെന്ന കാക്കന്നൂർ
മനക്കൽ ഹരിജയന്തൻ നമ്പൂതിരിപ്പാടവൎകൾ ഇന്ന രാ
വിലെ എനിക്ക ഉപദെശം തന്നിട്ടുണ്ട- കരുണാശാലിയും സാ
ത്വീകനുമായ ആ മഹാത്മാവ അരുളിച്ചെയ്യുംപ്രകാരം അണു
വൊളം വീഴ്ച വരുത്താതെ വ്രതാനുഷ്ഠാനം ചെയ്തു നിഷ്കന്മ
ഷയായി സതിയായി കാലക്ഷെപം ചെയ്വാനാണ എന്റെ
ഇപ്പൊഴത്തെ ആരംഭം- എന്നെ മഹാ പാതകിയും ച
ണ്ഡാലിയും ആക്കിത്തീൎപ്പാൻ രാപ്പകൽ അത്യുത്സാഹം
ചെയ്തുവന്നിട്ടുള്ള നിങ്ങളെ എന്റെ മുമ്പിൽ നിൎത്തി യൊ
ഗ്യനായ ഒരു പുരുഷന്റെ മുഖാന്തരം ഈ എല്ലാ സംഗ
തികളും പറഞ്ഞു തീൎക്കെണമെന്ന വിചാരിച്ചിട്ടാണ ഞാ
ൻ ഇന്ന ഉച്ചക്കശെഷം പല യുക്തിയും വഞ്ചനയും പ്ര
യൊഗിച്ച നിങ്ങളെ എല്ലാവരെയും ഇവിടെ ക്ഷണിച്ചു നി
ൎത്തിയത- അത കൊണ്ട നിങ്ങൾ ആരും എന്റെ നെരെ
അണുമാത്രം മുഷിച്ചിൽ കൂടാതെ എന്നെ അനുഗ്രഹിക്കെ
ണ്ടതിന്ന ഞാൻ വിനയത്തൊടെ അപെക്ഷിക്കുന്നു- മാനാ
വമാനം എന്നുള്ള വിചാരം ലെശം കൂടാതെ രാപ്പകൽ ദു
ഷ്കൎമ്മം ചെയ്തു ജനാപവാദവും മഹാ പാതകവും സമ്പാദി
ച്ചു തല കീഴായി നരകത്തിൽ വീഴാൻ ഒരുങ്ങി നില്ക്കുന്ന എ
നിക്ക ക്രിമിനാൽ ശിക്ഷ അനുഭവിക്കുന്നതിൽ അശെഷം
വ്യസനമൊ ഭയമൊ ഇല്ല- എന്നാൽ നിൎദ്ദൊഷിയും ശു
ദ്ധനുമായ ഈ എമ്പ്രാന്തിരിയെ ഈ കാൎയ്യത്തിൽ വൃഥാ
ശിക്ഷിപ്പിക്കരുതെന്ന മാത്രമെ ഞാൻ അപെക്ഷിക്കുന്നുള്ളു-
നിരപരാധികളെ അറിഞ്ഞും കൊണ്ട കഷ്ടത്തിലാക്കുവാ

ൻ ശ്രമിച്ചു വരുന്ന അപരാധികളെയാണ പിടിച്ച നല്ലവ ണ്ണം ശിക്ഷിക്കെണ്ടത- സുകൃത ദുഷ്കൃതങ്ങാം ഒഴികെ മററു യാതൊന്നും മനുഷ്യന്ന തുണയായിരിക്കയില്ലെന്നും നിസ്സാ രമായ പ്രാപഞ്ചിക സുഖത്തിന്ന വെണ്ടി അകൃത്യം പ്രവൃ ത്തിക്കുന്നാത ദൊഷത്വമാണെന്നും സത്യവും മൎയ്യാദയും ഒ രുകാലത്തും ഉപെക്ഷിക്കരുതെന്നും ഇന്നലെ രാത്രി സ്വ പ്നത്തിൽ എന്റെ അച്ഛനും ഇന്ന രാവിലെ ജാഗ്രത്തിൽ പരിശുദ്ധാത്മാവായ നമ്പൂതിരിപ്പാടവർകളും ഒരു പൊലെ എന്നെ ഉപദെശിച്ചിട്ടുള്ളത ഞാൻ ശിലാരെഖയെപ്പൊ ലെ എന്റെ മനസ്സിൽ ഉറപ്പിച്ചിരിക്കുന്നു.''

കൊച്ചമ്മാളു ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യെ വയൊധികന്മാരായ രണ്ട പുരുഷന്മാരും വൃദ്ധയായ ഒരു സ്ത്രീ യും കയറിവന്നു. അവർ മുററത്ത എറങ്ങി നിന്നിട്ട കൊ ച്ചമ്മാളുവിനെ വിളിച്ചു അല്പം ഉച്ചത്തിൽ ഇങ്ങിനെ പറ ഞ്ഞു- ''ഇന്നരാവിലെ വലിയ നമ്പൂരിപ്പാടവർകാം നി ന്നൊട കല്പിച്ചിട്ടുള്ള പ്രകാരം എനിമെൽ നടപ്പാൻ നീ ഒ രുക്കമുണ്ടെങ്കിൽ ഇപ്പൊാം തന്നെ നീ ഞങ്ങളുടെ ഒരുമിച്ചു മനക്കലെക്ക പൊരുവാൻ കല്പിച്ചിരിക്കുന്നു- നിശ്ചയിച്ച പ്രകാരമുള്ള വ്രതം ആരംഭിപ്പാൻ വെണ്ടത്തക്ക ഒരുക്കങ്ങ ാം അവിടെ തെയ്യാറാക്കീട്ടുണ്ടെന്നും അതകൊണ്ട താമ സം കൂടാതെ ഇവിടെനിന്ന പൊരെണമെന്നും വിശെഷി ച്ചും തിരുമനസ്സുകൊണ്ട അരുളിച്ചെയ്തിരിക്കുന്നു'' കൊച്ചമ്മാ ളു ഈ കല്പനകെട്ട ഉടനെ അവിടെനിന്ന എഴുനീററ അ മ്മയുടെ കാക്കൽ മൂന്നുപ്രാവശ്യം നമസ്കരിച്ചു തന്റെ ജ്യെ ഷ്ഠന്മാരെയും തൊഴുതു കാൽ പിടിച്ചു എല്ലാവരൊടും പ്ര ത്യെകം പ്രത്യെകം യാത്രയയപ്പിച്ചു- ''ഞാൻ പൊകുന്നു-എ നി എല്ലാം എന്റെ യൊഗംപൊലെയും അച്ഛന്റെ കാ രുണ്യംപൊലെയും വരട്ടെ'' എന്ന പറഞ്ഞു തന്റെ ചെ ല്ലവും എല്ലാ താക്കൊലുകളും അമ്മയുടെ മുമ്പിൽ വെച്ചു

പിന്നെയും അമ്മയെ നമസ്കരിച്ചു മുററത്തിറങ്ങി നമ്പൂരിപ്പാടയച്ചിട്ടുള്ള ആളുകളുടെ ഒന്നിച്ചു മനക്കലെക്കു പൊയി.

ഇവിടുത്തെ ഇപ്പൊഴത്തെ അവസ്ഥ കണ്ടാൽമാത്രമെ മനസ്സിലാകയുള്ളു- ഉള്ളപ്രകാരം പറഞ്ഞറിയിപ്പാൻ ഈ ജന്മം എന്നെക്കൊണ്ടു സാധിക്കുന്നതല്ല- ഉണിച്ചിരാമ്മയും തന്റെ രണ്ടു പുത്രന്മാരും കൊച്ചമ്മാളുവിനെ വിളിച്ചു നിലവിളികൂട്ടി ഒടുവിൽ മൃതപ്രായന്മാരായി നിലത്തുപതിച്ചു. ശങ്കരനെമ്പ്രാന്തിരിയുടെ തൊൎത്തമുണ്ടു പിഴിഞ്ഞു നൊക്കിയാൽ മൂഴക്കു കണ്ണീരിൽ ഒരു തുള്ളിപൊലും കുറയാതെകിട്ടും- പഞ്ചുമെനൊനുള്ള കുണ്ഠിതവും വിഷാദവും പറഞ്ഞാൽ ഒടുങ്ങില്ല- ഈ സങ്കടാവസ്ഥ കണ്ടനുഭവിപ്പാൻ തനിക്കുംകൂടി സംഗതിവന്നെല്ലൊ എന്നു പറഞ്ഞു കരഞ്ഞു തുടങ്ങി. അയ്യാപ്പട്ടര ഇരുന്നദിക്കിൽ തന്നെ സ്തംഭിച്ചുവീണു- കൊമൻനായരും കുണ്ടുണ്ണിമെനൊനും എതിലെ പൊയ്ക്കളഞ്ഞു എന്നു ഇവിടെ കൂടിയവരിൽ യാതൊരാളും അറിഞ്ഞില്ല- എല്ലാവരും ഒരുപൊലെ വിഷണ്ണന്മാരായി ഒന്നും മിണ്ടാൻ വഹിയാതെ കുമ്പിട്ടിരുന്നു- ഒടുവിൽ പഞ്ചുമെനൊൻ അല്പം ധൈൎയ്യം കലൎന്നു പതുക്കെ ഉണിച്ചിരാമ്മയുടെ അരികത്തു ചെന്നിരുന്നു അനെകം ശാന്തവാക്കുകൾ പറഞ്ഞു ആ വൃദ്ധയെ അല്പം ആശ്വസിപ്പിച്ചു ഒരു വിധെന അകത്തെക്കു കയിപിടിച്ചു കൊണ്ടുപൊയി ഒരു കട്ടിലിന്മെൽ കിടത്തി. കൊച്ചമ്മാളുവിന്റെ ജ്യെഷ്ഠന്മാരും തങ്ങളുടെ അമ്മക്കു തുണയായിട്ടു അന്നു അവിടെ തന്നെ താമസിച്ചു. കൊലായിൽ ഉണ്ടായിരുന്നവർ ഒരൊന്നൊരൊന്നായി പഞ്ചു മെനൊനൊടു യാത്രപറഞ്ഞു ഇറങ്ങിപ്പൊയി - പഞ്ചുമെനൊനു നെൎത്തന്നെ ഉറങ്ങെണമെന്നുള്ള മൊഹവും തീൎന്നു- അദ്ദെഹം പിന്നെയും കുറെനെരം കുണ്ഠിതത്തൊടുംകൂടി അവിടെ ഇരുന്നതിന്റെ ശെഷം അയ്യാപ്പട്ടരൊടും എമ്പ്രാന്തിരിയൊടും ഒരുമിച്ചുള്ള കൻസ്റ്റെബളൊ

ട്ടം ഒരുമിച്ചു ഇറങ്ങിപ്പൊയി- പൊകുന്ന വഴിക്ക ഓരൊ സങ്കടാവസ്ഥയെ പറഞ്ഞ പരിതപിച്ചും കൊണ്ട എല്ലാവരും അയ്യാപ്പട്ടരുടെ മഠത്തിൽ എത്തി അന്നെത്തെ രാത്രി ഒരു സംവത്സരംപൊലെ കഴിച്ചുകൂട്ടി- പിറെറന്നാൾ രാവിലെ നാലുപെരുംകൂടി കൊന്തിമെനൊൻ അവർകളെ ചെന്ന കണ്ട എല്ലാ വിവരവും അദ്ദെഹത്തെ അറിയച്ചു. ഒടുവിൽ അന്ന്യായം നടത്തുവാൻ മനസ്സില്ലെന്ന പറഞ്ഞ അയ്യാപ്പട്ടര ഹരജിയും മടങ്ങിമെടിച്ചു. എമ്പ്രാന്തിരി നാലഞ്ചുദിവസം പ്രയാസെന കഴിച്ചുകൂട്ടിയതിന്റെ ശെഷം ശാന്തിപ്രവൃത്തിക്ക വെറെ ഒരു എമ്പ്രാന്തിരിയെ ബദൽവെച്ചു കനകമംഗലത്തെക്ക എനി മടങ്ങിവരില്ല എന്ന നിശ്ചയത്തൊടുകൂടി തന്റെ സ്വന്ത രാജ്യത്തിലെക്ക തന്നെ പൊയി. കൊച്ചമ്മാളുവിന്റെ പ്രെതാനുഷ്ഠാനവും ഗംഗാസ്നാനം മുതലായ സൽകൎമ്മങ്ങളും മെലിൽ അതുനിമിത്തം സിദ്ധിച്ച നന്മകളും വെറെ ഒരദ്ധ്യായത്തിലെക്ക നിൎത്തി വെക്കെണ്ടി വന്നിരിക്കുന്നു.

# പതിമൂന്നാം അദ്ധ്യായം.

## പുത്തൻ മാളികക്കൽ വെച്ചുണ്ടായ വലിയൊരു കാൎയ്യാലൊചന.

നാം പ്രസ്താവിച്ചുവരുന്ന സംഗതികൾ സംഭവിച്ചിട്ടുള്ള കാലത്ത പുത്തൻമാളികക്കൽ നമ്മുടെ കഥാനായികയായ മീനാക്ഷിക്കുട്ടികൂടാതെ വെറെയും മൂന്ന പെൺകുട്ടികൾ ഉണ്ടായിരുന്നു. അവരിൽ കാൎത്ത്യായിനിയും മാധവിയും നാണിയമ്മയുടെ പുത്രിമാരും എല്ലാവരിലും ഇളയവളായ കൊച്ചുലക്ഷ്മി പാറുക്കുട്ടി അമ്മയുടെ രണ്ടാമത്തെ സന്താനവും ആകുന്നു- മീനാക്ഷിക്കുട്ടിയും നാണിയമ്മയുടെ സീമന്ത പുത്രിയായ കാൎത്ത്യായിനിയും തമ്മിൽ പ്രായംകൊണ്ട ആറ മാസത്തെ മൂപ്പിളമ മാത്രമെയുള്ളു- മാധവിയും കൊച്ചുലക്ഷ്മിയും ചെറിയ കുട്ടികളാകകൊണ്ട താലികെട്ട കല്യാണം അവൎക്ക ഇതുവരെ കഴിഞ്ഞിട്ടുണ്ടായിരുന്നില്ല- നാണിയമ്മയുടെ ഭൎത്താവും ഭൂരി ദ്രവ്യസ്ഥനും ബഹു ധാരാളിയും ആയ രാമുക്കുട്ടി മെനൊൻ മെല്പറഞ്ഞ രണ്ട കുട്ടികളുടെ താലികെട്ടടിയന്തരം കൂടുന്ന വെഗത്തിൽ കഴിച്ചുകൂട്ടെണമെന്നുള്ള താല്പൎയ്യത്തൊടുകൂടി ഇപ്പൊൾ നാലഞ്ചു മാസമായിട്ട ഗൊപാലമെനൊനെ തിരക്കിക്കൊണ്ടിരിക്കയാണ ചെയ്യുന്നത- സൊമെശ്വരം സബ് രജിസ്ത്രാരും വടക്കെ മലയാളത്തിൽ ശ്രുതിപ്പെട്ട ഒരു വലിയ തറവാട്ടുകാരനും പാറുക്കുട്ടിയുടെ ഭൎത്താവും ആയ കെ- സി- കരുണാകരൻ നമ്പ്യാര മെൽ പ്രസ്താവിച്ച വിഷയത്തെപ്പറ്റി ഇതുവരെ യാതൊന്നും പറകയുണ്ടായിട്ടില്ല- കൊച്ചുലക്ഷ്മിക്ക മൂന്ന വയസ്സ മാത്രമെ പ്രായമായിട്ടുള്ളു എന്ന വിചാരിച്ചതുകൊണ്ടായിരിക്കാം ഇദ്ദെഹം രാമുക്കുട്ടിമെനൊനെപ്പൊലെ തിരക്ക

കൂട്ടാതിരിക്കുന്നത- എന്നാൽ രാമുക്കുട്ടി മെനൊന്റെ മനസ്സിൽ ഇത കൂടാതെ വെറെയും വലിയൊരു താല്പൎയ്യമുണ്ടത്രെ- കാൎത്യായിനിയുടെ സംബന്ധവും കൂടി ഈ സംവത്സരംതന്നെ നടത്തെണമെന്നുള്ള മൊഹമാണ വളരെ കലശലായിട്ടുള്ളത- മീനാക്ഷികുട്ടിയുടെ കാൎയ്യം നിവൎത്തിക്കുന്നതിന്ന മുമ്പായിട്ട തന്റെ ഈ അഭിലാഷം സാധിപ്പിക്കുന്നത സാധാരണ നാട്ടനടപ്പിന്ന വിപരീതമായിട്ടുള്ളതാണെന്ന വിചാരിച്ച ആയത വെഗത്തിൽ കഴിപ്പിക്കെണ്ടതിന്നവെണ്ടി കുഞ്ഞികൃഷ്ണമെനൊനെ വരുത്തി ആലൊചിക്കെണമെന്ന ഇദ്ദെഹം നാലഞ്ചു പ്രാവശ്യമായി ഗൊപാലമെനൊനൊട ആവശ്യപ്പെട്ട വരുന്നു- മക്കളുടെ സംബന്ധകാൎയ്യത്തിൽ രാമുക്കുട്ടി മെനൊനെക്കാൾ അധികം ഉത്സാഹിക്കെണ്ടത കുഞ്ഞികൃഷ്ണമെനൊനാണ- പ്രായവും വളൎച്ചയും ആലൊചിക്കുന്നതായാൽ മീനാക്ഷികുട്ടിക്ക എല്ലാംകൊണ്ടും ഇപ്പൊൾ സംബന്ധത്തിന്ന നല്ല സമയമാണ- ഇവൾ പുത്തൻമാളികക്കൽ വളൎത്തിവരപ്പെട്ട ഒരു പെൺകിടാവല്ലയായിരുന്നുവെങ്കിൽ ഇതിന്ന എത്രയൊ മുമ്പായിട്ട തന്നെ സംബന്ധവും മറ്റു ചിലതും കഴിഞ്ഞു പൊയിട്ടുണ്ടായിരിക്കണം- കാലാവസ്ഥയും നാട്ടനടപ്പും അങ്ങിനെയാണ അധികവും കണ്ടുവരുന്നത- എന്നാൽ കാൎയ്യത്തിന്റെ യഥാൎത്ഥം പറയുന്നതാണെങ്കിൽ കാൎത്യായിനിക്ക എനിയും ആറെഴ സംവത്സരത്തെക്ക സംബന്ധക്കാരനെ ആലൊചിക്കെണ്ടുന്ന ആവശ്യമെയില്ല- ആകപ്പാടെ നൊക്കിയാൽ ഈ പെണ്ണു ഒരു കാരെളുയുടെ സ്വഭാവമാണ- നീളുകയും ഇല്ല- തടിക്കുകയും ഇല്ല- നിത്യത ചെറുതായി വരികയാണ ചെയ്യുന്നത- അരണയെ തിന്ന പൂച്ചയെപ്പൊലെ ദിവസംപ്രതി ക്ഷീണിച്ചു ക്ഷീണിച്ചു എകദെശം ഇപ്പൊൾ കഷായം കുറുക്കി അരിക്കാറായ മട്ടിൽ എത്തിയിരിക്കുന്നു- നിവൃത്തിയുള്ള പക്ഷം ഇവൾക്ക സംബന്ധ

ക്കാരനെ ഉണ്ടാക്കാതെയിരിക്കുന്നതാണ വളരെ ഉത്തമം. ഇവൾ പത്ത ദിവസം എഴുനീററ നടന്നിട്ടുണ്ടെങ്കിൽ പിന്നെ പതിനഞ്ച ദിവസത്തെക്ക തല പൊങ്ങിക്കുന്ന ചട്ടമെയില്ല- മാസത്തിൽ ഇരിപത്തെട്ട ദിവസം പട്ടിണിയും രണ്ട ദിവസം ഏകാദശി നൊമ്പും എന്ന പറഞ്ഞ വരുന്ന സ്ഥിതിയിലാണ ഇവളുടെ രൊഗവും വിദ്യാഭ്യാസവും- ഇങ്ങിനെയെല്ലാമായിട്ടും ഇവളുടെ സംബന്ധ കാൎയ്യത്തിൽ രാമക്കുട്ടി മെനൊന്നുള്ള ബദ്ധപ്പാട പറഞ്ഞാൽ തീരുന്നതല്ല- കുഞ്ഞികൃഷ്ണമെനൊൻ വന്നതിൽ പിന്നെ അദ്ദെഹവുമായാലൊചിച്ച വെണ്ടതക്ക പ്രകാരം ചെയ്യാമെന്ന പറഞ്ഞ ഗൊപാലമെനൊൻ ഇദ്ദെഹത്തെ ഒരു വിധെന താമസിപ്പിച്ച വരികയാണ് ചെയ്യിട്ടുള്ളത- ഇദ്ദെഹത്തിൻെറ നിൎബ്ബന്ധവും തിരക്കും സഹിപ്പാൻ പാടില്ലാഞ്ഞിട്ടാണ ഒന്നാം അദ്ധ്യായത്തിൽ നാം പ്രസ്താവിച്ചിട്ടുള്ള പ്രകാരം ഗൊപാലമെനൊൻ ഒരെഴുത്തൊടുകൂടി ഗൊവിന്ദനെ കുഞ്ഞികൃഷ്ണമെനൊൻെറ അരികത്തെക്ക അയച്ചിട്ടുണ്ടായിരുന്നത- അദ്ദെഹം ഇപ്പൊൾ വന്നിട്ടുള്ളതും പ്രത്യെകിച്ച ഒരു കാൎയ്യത്തിന്നുവെണ്ടി മാത്രമാണ- താലികെട്ടടിയന്തരം ഈ കൊല്ലംതന്നെ നിവൃത്തിച്ചുകളയെണമെന്ന ഗൊപാലമെനൊൻെറ മനസ്സിലും താല്പൎയ്യമുണ്ട- എന്നാൽ സംബന്ധം ഇപ്പൊൾ നടത്തിക്കുന്നതിൽ കുറെ രസക്കെട്ടും കാൎയ്യമായുണ്ട.

കുഞ്ഞികൃഷ്ണമെനൊൻ വന്നിട്ടുണ്ടായിരുന്ന ദിവസം തന്നെ ഏകദെശം സന്ധ്യയൊടുകൂടി രാമക്കുട്ടി മെനൊനും അദ്ദെഹത്തിൻെറ പിന്നാലെ തന്നെ കരുണാകരൻ നമ്പ്യാരും എത്തി- നാണിയമ്മയുടെയും പാറുക്കുട്ടിയുടെയും മുഖത്തിന്ന സ്വാഭാവികമായ പ്രകാശവും വന്നുകൂടി- കുഞ്ഞികൃഷ്ണമെനൊൻെറ മുഖാന്തരം കുഞ്ഞിശ്ശങ്കരമെനൊൻ ഇവൎക്ക പരിചയക്കാരനും ആയി- ഇവർ എല്ലാ

വരും അന്യൊന്യം ഓരൊ നാട്ടവൎത്തമാനങ്ങളും വ്യവഹാരസംഗതികളും അന്വെഷിച്ചും പറഞ്ഞും കൊണ്ട കുറെ നെരം കഴിച്ചതിൽ പിന്നെ ഏകദെശം ഒമ്പത മണിക്ക മുമ്പായിട്ട സുഖമായൂണ കഴിച്ച കാററുകൊണ്ടിരിപ്പാൻ വെണ്ടി മുകളിലെക്ക പൊയി- കുഞ്ഞിശ്ശങ്കരമെനൊൻ തന്റെ ചുരുങ്ങിയ സംഭാഷണത്തിൽ കാണിച്ചിട്ടുണ്ടായിരുന്ന അത്യത്ഭുതമായ ബുദ്ധിഗാംഭീൎയ്യവും വാക്സാമൎത്ഥ്യവും അസാധാരണമായ വിനയവും മൎയ്യാദയും കണ്ടിട്ട എല്ലാവൎക്കും ഇദ്ദെഹത്തിന്റെ മെൽ അസാമാന്യമായ സ്നെഹവും അപൂൎവ്വമായ ബഹുമാനവും അത്യാനന്ദവും ഉണ്ടായി- എങ്കിലും രാമക്കുട്ടിമെനൊനാണ തന്നെത്താൻമറന്ന അളവില്ലാതെ സന്തൊഷിച്ച പൊയത- ഇത കുറെ ആശ്ചൎയ്യപ്പെടത്തക്ക കാൎയ്യമാണ- സാമാന്യക്കാരാരെയും ഈ മനുഷ്യന്ന അശെഷം ബൊദ്ധ്യമാവാറില്ല- താൻ ഒരു വലിയ സമൎത്ഥനാണെന്നും തന്നെപ്പൊലെ സകലകലാപിയായി വെറെ യാതൊരാളും ഇല്ലെന്നും ഇദ്ദെഹത്തിന്ന നല്ല വിശ്വാസമുണ്ട- വിശെഷിച്ച ഇപ്പൊഴത്തെ ചെറുപ്പക്കാരുടെ മട്ടും നടവടിയും പുതിയ നാഗരികവും സംസാരവും രാമക്കുട്ടിമെനൊന അല്പമെങ്കിലും രസിച്ചുവരുമാറില്ല- പിന്നെപ്പിന്നെ ജനിച്ച വളരുന്ന കുട്ടികൾക്ക ഗുരുത്വവും മൎയ്യാദയും കുറഞ്ഞുകുറഞ്ഞാണ കണ്ടുവരുന്നതെന്ന ഇദ്ദെഹം നെരം പുലൎന്നാൽ പത്തു പ്രാവശ്യമെങ്കിലും പറയാതിരിക്കുമാറില്ല- "ഇങ്ങിനെയുള്ള ചെറുപ്പക്കാരുടെ തൊന്ന്യാസവും അധികപ്രസംഗവും വൎദ്ധിച്ച വരുന്നതിന്ന തക്കവണ്ണം രാജ്യത്തിൽ മഴ കുറഞ്ഞും ഇടിയും കാററും കലശലായും കൃഷി ക്ഷയിച്ചും ദാരിദ്ര്യം വൎദ്ധിച്ചും മഹാരൊഗം ബാധിച്ചും ജനങ്ങൾക്ക അല്പായുസ്സായും ദുഷ്ടജന്തുക്കളെ കൊണ്ടുള്ള ഉപദ്രവം ഏറിയും നാട നശിച്ച തുടങ്ങിയത കാണുന്നില്ലെ?" എന്നിങ്ങിനെ രാമക്കുട്ടിമെനൊൻ പല സമയവും കഥ ക്ര

ടാതെ പറയുന്ന ഒരു മനുഷ്യനാണ- എന്നാൽ തന്റെ അവസ്ഥ ബഹു വിശെഷമാണത്രെ- കയ്യിൽ ധാരാളം പണമുണ്ടെന്നുള്ള ഒരു വലിപ്പമല്ലാതെ മറെറല്ലാം മൊശത്തിലാണ- ബുദ്ധിക്ക വികാസമൊ ഗുണദൊഷങ്ങളെ തിരിച്ചറിവാനുള്ള സാമൎത്ഥ്യമൊ വകതിരിവൊ ഇതൊന്നും ഇദ്ദെഹത്തിന്ന ഇല്ലെന്നു തന്നെ പറയാം- പത്തൊ അമ്പതൊ സുഭാഷിതശ്ലൊകം വാലും തലയും കൂടാതെ മനസ്സിലാക്കീട്ടുള്ളതിന്നു പുറമെ കുറെ കീൎത്തനശ്ലൊകങ്ങളും രാമായണത്തിലും ഭാരതത്തിലും കൂടി ഒക്കപ്പാടെ പത്തുനൂറു ശീലുകളും പഠിച്ചിട്ടുണ്ട- വിദ്യാഭ്യാസം ഇത്ര മാത്രമെ ഈ മനുഷ്യനുള്ളു- നാട്ടുപുറങ്ങളിൽ കിടന്നു സാധുക്കളായ കുടിയാന്മാരെ പിഴിഞ്ഞെടുത്തു വെണ്ടാത്ത ദുരഭിമാനത്തിന്നും ദുൎവ്യവഹാരത്തിന്നും വെണ്ടി രാപ്പകൽ ഒരുപൊലെ തല്ലുകൂടി വെണ്ടുന്ന ദിക്കിൽ ഒരു കാശുപൊലും ചിലവ ചെയ്യാതെ അനാവശ്യമായ കാൎയ്യത്തിന്ന വെണ്ടി പണം വാരി എറിയുന്ന ചില നാട്ടുപ്രമാണികളുടെ കൂട്ടത്തിൽ ഇദ്ദെഹം എല്ലാം കൊണ്ടും ബഹു യൊഗ്യനാണ- താൻ എൎപ്പെടുന്ന കാൎയ്യം ജയിക്കെണമെന്നുള്ള ശാഠ്യം വലിയ കലശലായുണ്ട- നന്മയായാലും വെണ്ടില്ല തിന്മയായാലും വെണ്ടില്ല, ഈ കാലത്തിന്നും അവസ്ഥക്കും ലെശം പററാത്തതായാലും വെണ്ടില്ല, പൂൎവ്വാചാരവും നടവടിയും അണുവൊളം തെററി നടപ്പാൻ പാടില്ലെന്ന തന്നെയാണ രാമക്കുട്ടി മെനൊന്റെ പിടിത്തം- ഗൊപാലമെനൊനെത്തന്നെയും ഇദ്ദെഹത്തിന്ന നല്ല പക്ഷമല്ല- അതിലും വിശെഷിച്ചു മീനാക്ഷിക്കുട്ടിയുടെ ഇംക്ലീഷപഠിപ്പും പൂൎവ്വാചാര വിരുദ്ധമായ സ്നാനാവരണവും ഇതൊന്നും ഈ മനുഷ്യന്ന അശെഷം രസമായിട്ടില്ല- പലപ്പൊഴും അതിനെക്കുറിച്ചു നാണിയമ്മയൊട ദുഷിച്ചു പറയാറുമുണ്ട- ഭാൎയ്യയിൽ ആസക്തിയും സ്നെഹവും സാധാരണയിൽ കുറെ അധികമായത കൊണ്ട മാത്രമാണ

ഇദ്ദെഹം യാതൊരു സുഖക്കെടും പുറമെ കാണിക്കാതിരിക്കുന്നത- അറിവും വിഭാഗതയും ഇല്ലാത്ത മനുഷ്യൎക്ക അധികപ്രസംഗമുണ്ടായാൽ പിന്നെത്തെ കഥ പറയെണമെന്നില്ലെല്ലൊ- എങ്കിലും കുഞ്ഞിശ്ശങ്കരമെനൊനെ രാമക്കുട്ടിമെനൊന നല്ലവണ്ണം ബൊധിച്ചു എന്ന പറഞ്ഞാൽ കഴിഞ്ഞല്ലൊ- എല്ലാവരും കൂടി മുകളിൽ കുത്തിരുന്ന പിന്നെയും ഓരൊ സംഗതിയെ പററി സംസാരിച്ചുകൊണ്ടിരിക്കുന്ന മദ്ധ്യെ രാമക്കുട്ടിമെനൊൻ കുഞ്ഞികൃഷ്ണമെനൊന്റെ മുഖത്ത നൊക്കി ഇപ്രകാരം പറഞ്ഞു.

രാമക്കുട്ടിമെനൊൻ—നൊം എല്ലാവരും ഇവിടെ ഇങ്ങിനെ ഒന്നിച്ചു കൂടുവാൻസംഗതി വന്നിട്ടുള്ള അവസ്ഥക്ക ഗൊപാലമെനൊൻ താങ്കൾക്ക എഴുതിയയച്ച കാൎയ്യവും കൂടി ഇപ്പൊൾ തന്നെ ആലൊചിച്ചു തീൎച്ചപ്പെടുത്തി കളയുന്നതാണ വളരെ നല്ലതെന്ന തൊന്നുന്നു- ഈ മെടമാസം പതിമൂന്നാം തിയ്യതി താലി കെട്ടാൻ ഒരു നല്ല മുഹൂൎത്തമുണ്ട- ഇവിടുത്തെ രണ്ടു കുട്ടികളെ കല്യാണം ആ ദിവസം തന്നെ ആക്കെണമെന്നാണ ഞാൻ വിചാരിക്കുന്നത- ഈ സംവത്സരത്തിൽ പിന്നെ മുഹൂൎത്തം ഇല്ല- ഇത കൂടാതെ വെറെയും ഒരു സംഗതികൊണ്ട ആലൊചിപ്പാനുണ്ട- മീനാക്ഷിക്കുട്ടിക്കും കാൎത്ത്യായിനിക്കും ഏകദെശം കുട്ടിപ്രായം കഴിഞ്ഞുവെല്ലൊ- ആ കാൎയ്യത്തെപ്പററി എന്താണ വിചാരിക്കുന്നത? അതും ഈ അവസരത്തിൽ തന്നെ നിവൃത്തിക്കെണ്ടതാണ- എനി കാലതാമസം ചെയ്യുന്നത ഭംഗിയില്ല.

കു-കൃ-മെ—കല്യാണം ഏതായാലും കഴിപ്പിക്കെണ്ടത തന്നെ. താങ്കളുടെ ഹിതപ്രകാരം ചെയ്യാമെന്നാണ ഞാനും വിചാരിക്കുന്നത-കരുണാകരൻ നമ്പ്യാൎക്കും ഗൊപാലമെനൊനും മനസ്സാണെങ്കിൽ ഈ മെടത്തിൽ ത

ന്നെ ആക്കുന്നതിന്നു യാതൊരു വിരോധവും ഇല്ല.

രാ-മെ—മറെറ കാൎയ്യം കൊണ്ടു എന്താണ ഒന്നും പറയാതെ ഇരുന്നത.

കു-കൃ-മെ—അത രണ്ടാമതായി പ്രസ്താവിച്ച സംഗതിയല്ലെ? ഒന്നാമത്തെ കാൎയ്യം തീൎച്ചപ്പെട്ടത്തിയതിൽ പിന്നെ രണ്ടാമത്തെ സംഗതിയെ പററി ആലൊചിക്കാമെന്ന വിചാരിച്ചു മാത്രമാണ യാതൊന്നും പറയാതിരിക്കുന്നത.

രാ-മെ—അത ശരിതന്നെ- ഞാൻ അത്ര ആലൊചിച്ചില്ല- അങ്ങിനെയാവാം.

കരുണാകരൻ നമ്പ്യാര—ഇത്രയൊക്കെ തിരക്കിട്ട ഈ സംവത്സരം തന്നെ ഈ അടിയന്തരം നിവൃത്തിക്കെണ്ടുന്ന ആവശ്യം എന്താണെന്ന എനിക്ക മനസ്സിലാകുന്നില്ല- മാധവിക്ക അഞ്ചുവയസ്സും കൊച്ചുലക്ഷ്മിക്ക മൂന്നുവയസ്സും മാത്രമെ ഇപ്പൊാൾ പ്രായമായിട്ടുള്ളു- ഏകദെശം തന്നെത്താൻ അറിയത്തക്ക പ്രായമെങ്കിലും ആയല്ലാതെ പെൺകുട്ടികാൾക്ക താലികെട്ടരുതെന്നാണ ഞാൻ വിചാരിക്കുന്നത- വെണ്ടത്തക്ക പ്രകാരം ആലൊചിച്ചു പ്രവൃത്തിക്കുവാൻ നമുക്ക എനിയും ധാരാളം അവസരമുണ്ടെല്ലൊ.

രാമുകുട്ടിമെനൊൻ—കല്യാണം കഴിക്കുന്നത വളരെ ചെറുപ്പത്തിൽ തന്നെ ആയിരിക്കണം- സംബന്ധത്തിന്ന ഇത്തിരി മുന്നാലും തരക്കെടില്ല-കുട്ടിപ്രായത്തിൽ കല്യാണവും ഏകദെശം വളൎന്നു എന്ന കണ്ടാൽ പിന്നെ സംബന്ധവും ഇതാണ നാട്ടുനടപ്പ- അതകൊണ്ടു ഈ അടിയന്തരം നടത്താൻ തക്ക സമയം ഇത തന്നെയാണ.

ക-ന—സംബന്ധവും താലികെട്ടും ഒരുമിച്ചാക്കുന്നതിന്ന വല്ല വിരൊധവും ഉണ്ടൊ? കല്യാണപ്പന്തലിൽ വെച്ച

ഭൎത്താവിനെക്കൊണ്ട താലികെട്ടിക്കുന്നതല്ലെ വള്ളരെ മാനവും വെടിപ്പും ഉള്ള കാൎയ്യം.

രാ-മെ—അത ഒരിക്കലെങ്കിലും സാധിക്കുന്ന ഒരു കാൎയ്യമല്ല- കുഡുംബം അധികമുള്ള ചില വലിയ തറവാട്ടുകളിൽ ചിലപ്പോൾ പത്തും ഇരുപത്തഞ്ചും പെൺകുട്ടികളെ ഒരുമിച്ചു കെട്ടാനുണ്ടായി എന്നുവരാം. എല്ലാററിന്നും ഒരെ പ്രാവശ്യം തന്നെ സംബന്ധക്കാരെ കിട്ടാനും അവരെക്കൊണ്ട താലികെട്ടാനും ഈ ജന്മം സാധിക്കുന്നതല്ല- സംബന്ധക്കാരനെ കല്യാണ ച്ചിലവിലെക്കുള്ള അങ്ങാടിസ്സാമാനങ്ങളൊട്ടുകൂടി വിലകൊടുത്ത മെടിക്കുന്നതല്ലല്ലൊ? അങ്ങിനെയാണെങ്കിൽ ഒരുസമയം സാധിച്ചു എന്ന വന്നെക്കാം. വിചാരിച്ചാൽ യാതൊരു നിവൃത്തിയും ഇല്ലാത്ത കാൎയ്യത്തെപ്പററി വൃഥാ പറഞ്ഞിട്ട എന്താണഫലം.

ക-ന—ഒരു തറവാട്ടിൽ ജനിച്ചിട്ടുള്ള എല്ലാ പെൺകുട്ടികൾക്കും ഒരെ ദിവസം തന്നെ കല്യാണം കഴിക്കെണമെന്നുള്ള ശാഠ്യം വിട്ടുകളയുന്നതായാൽ ഈ ജന്മംകൊണ്ടതന്നെ അത സാധിപ്പിക്കാവുന്ന കാൎയ്യമാണ- സംബന്ധക്കാര ഉണ്ടെന്ന കാണുന്ന കുട്ടികൾക്ക മാത്രം കെട്ടിയാൽ മതി- മററുള്ളവൎക്ക സംബന്ധക്കാർ വരുന്നസമയം ആവാമെന്ന വെച്ചെക്കണം- ഇങ്ങിനെ ചെയ്യുന്നതായാൽ യാതൊരു പ്രയാസവും ഇല്ല- ഭൎത്താവ തന്നെ താലികെട്ടിയെന്നും വരും.

രാ-മെ—സംബന്ധക്കാരൻ വരുന്നകാലത്ത മാത്രം ഓരൊന്നിനെ പിടിച്ചു താലികെട്ടിക്കാമെന്നുവെച്ചാൽ അത നിമിത്തം ഉണ്ടാവാനിരിക്കുന്ന ബുദ്ധിമുട്ടും അനൎത്ഥവും പറഞ്ഞാൽ തീരുന്നതല്ല- സാമാന്യം ഭെദമായിട്ട ഒരു കല്യാണം കഴിച്ചുകൂട്ടെണമെങ്കിൽ നന്ന ചുരുങ്ങിയപക്ഷം എല്ലാ വകയും കൂടി അഞ്ഞൂറുറുപ്പിക

യിൽ ഒരു കാശ കുറഞ്ഞാൽ മതിയാവുന്നതല്ല- ഒരു തറവാട്ടിൽ പത്ത പെൺകുട്ടികളാണ ജനിച്ചതെങ്കിൽ ഈ കണക്കപ്രകാരം അയ്യായിരം ഉറുപ്പിക അവരുടെ കല്യാണച്ചിലവിലെക്ക തന്നെ വെണ്ടിവരും - കാലാനുഭവം കുറഞ്ഞ ഒരു തറവാടാണെങ്കിൽ വസ്തു കാണത്തിന്ന വെച്ചുകൊടുക്കുകയൊ കയ്യശം പണയം ചാൎത്തികൊടുക്കുകയൊ ചെയ്യല്ലാതെ ഒരു കാശ കടം കിട്ടുമെന്നും വിചാരിക്കെണ്ട- ഇങ്ങിനെയായാൽ മരുമക്കത്തായവഴിക്കാരുടെ തറവാട നശിച്ച പുരയുടെ ജഗതിക്കല്ലുപറിച്ചു വിററുപൊവാൻ മററു യാതൊരു കാരണവും ആവശ്യമില്ല.

ക-ന—അനാവശ്യമായി പണം വാരി എറിഞ്ഞ കളയുന്നതിന്ന അല്പം വ്യസനമൊ കുഡുംബ സ്നേഹമൊ ഉണ്ടെങ്കിൽ കല്യാണം കഴിക്കുന്നതകൊണ്ട യാതൊരു തറവാട്ടും നശിച്ചുപൊവാൻ ഇടവരുന്നതല്ല- അവരവരുടെ പ്രിഷ്ടിക്കുതക്ക ചിലവുമാത്രമെ ചെയ്യാവു എന്ന ഒന്നാമതായി ഒരു നിശ്ചയം ചെയ്യാൽമാത്രം മതി- വല്ലതും പത്തനാല്പതുറുപ്പിക ചിലവു ചെയ്യുന്നപക്ഷം ഈ അടിയന്തരം വളരെ വെടിപ്പായും മാനമായും നിവൃത്തിക്കാവുന്നതാണ- അടിയന്തരം കഴിച്ചു അഭിമാനം സമ്പാദിപ്പാൻ വെണ്ടി പണം കടംവാങ്ങി തൊന്ന്യാസമായി ചിലവുചെയ്യുന്നതിനൊളം വഷളത്വവും ഭൊഷത്വവും വെറെ യാതൊന്നുമില്ല-ചിലവ ചെയ്യുന്ന കാൎയ്യത്തിൽ യാതൊരുവ്യവസ്ഥയും ഇല്ലാത്തതകൊണ്ടാണ മിക്ക തറവാട്ടും കടംപിടിച്ച നശിച്ചുപൊകുന്നത- ഈ മലയാളരാജ്യത്തിൽ മാത്രമല്ലെല്ലൊ പെൺകുട്ടികൾ ഉണ്ടാകുന്നതും അവൎക്ക പ്രത്യെകം പ്രത്യെകമായി കല്യാണം കഴിച്ചുവരുന്നതും- കല്യാണം കഴിക്കുന്നതിലല്ല എനിക്കുള്ള ശാഠ്യം- ഭ

ൎത്താവിനെക്കൊണ്ട മാത്രമെ താലികെട്ടിക്കാവു എ
ന്നാണ ഞാൻ പറയുന്നതിൻെറ താല്പൎയ്യം.

രാ-മെ—സംബന്ധക്കാരൻ വരുന്നവരെ കല്യാണം കഴി
ക്കാതെ കാത്തുംകൊണ്ടിരിക്കെണമെന്നവെക്കുന്നതാ
യാൽ പിന്നെ കല്യാണം വെണമെന്നില്ല- മിക്ക പെ
ൺകുട്ടികൾക്കും ഓരൊ കുപ്പായം തുന്നിച്ചുകൊടുത്താ
ൽ മതിയാവുന്നതാണ- ഈ അടിയന്തരം ഋതുസ്നാന
ത്തിന്ന മുമ്പായി വെണ്ടതാണെന്നും വല്ല സംഗതി
വശാലും ഇതിന്ന മുടക്കംവന്നു ഋതുവാകുന്നപക്ഷം
ആ സ്ത്രീയെ ജാതിഭ്രഷ്ടയായി നിൎത്തണമെന്നും വി
ധിയുണ്ട- എന്നാൽ ഈ രാജ്യാചാരപ്രകാരം സാധാ
രണയായി സ്ത്രീകൾക്ക സംബന്ധക്കാരുണ്ടാകുന്നത
അധികവും അവരുടെ യൌവനകാലത്തിൽ മാത്ര
മാണ- പരദെശ സമ്പ്രദായത്തെ അനുസരിച്ചുള്ള
ശൈശവ സംബന്ധം വളരെ ദുല്ലഭം മാത്രമെയുള്ളൂ-
ചില സ്ത്രീകൾക്ക നിൎഭാഗ്യവശാൽ ജീവാവസാനംവ
രെ സംബന്ധക്കാരനെ കിട്ടാതെയും വരാറുണ്ട-സം
ബന്ധക്കാരൻ ഉണ്ടാകാത്തതകൊണ്ട നമ്മുടെ സ്ത്രീ
കൾക്ക യാതൊരപരാധവും ബാധിക്കുന്നതും അല്ല-
ഋതുസ്നാനം ഒന്നാമതായിട്ട കഴിയുന്നതിന്ന മുമ്പായി
കല്യാണം കഴിച്ചു താലികെട്ടാതിരുന്നാൽ മാത്രമെ
ദൊഷമുള്ളൂ- അതകൊണ്ട സംബന്ധക്കാരൻ താലി
കെട്ടെണമെന്ന പറയുന്നത നടക്കാത്ത കാൎയ്യമാണ.

ക-ന—നമ്മുടെ ഈ ഭാരതഖണ്ഡത്തിൽ പണ്ടുപണ്ടെ ന
ടന്നുവരുന്ന സമ്പ്രദായവും നടവടിയും ആലൊചി
ച്ചാൽ ഞാൻ പറയുന്നത കെവലം യുക്തമാണെന്ന
സമ്മതിക്കെണ്ടതാണ- സ്ത്രീകളുടെ മംഗല്യസൂത്രം വി
ശെഷ മുഹൂൎത്തത്തിന്ന ഭൎത്താക്കന്മാരുടെ കൈകൊ
ണ്ട കെട്ടെണമെന്നാണ നമ്മുടെ പൂൎവ്വന്മാർ നിശ്ച

യിച്ചിട്ടുള്ളത- മലയാളികളായ നാം ഒരുക്കൂട്ടരൊഴികെ മററുള്ള എല്ലാ ജാതിക്കാരും അതുപ്രകാരമാണ ചെയ്തുവരുന്നത- നമുക്കും അങ്ങിനെ ചെയ്യുന്നതിന്ന എന്തൊരു വിരൊധമാണുള്ളത? ധൎമ്മശാസ്ത്രത്തെ അനുസരിച്ചു നടക്കെണമെന്നുള്ള വിചാരത്തൊടുകൂടി നാം അല്പം മനസ്സുവെച്ച ഉത്സാഹിക്കുന്നതായാൽ നമ്മുടെ സ്ത്രീകൾക്ക ഭൎത്താക്കന്മാരെ കിട്ടുവാനും അവരെകൊണ്ട ന്യായാനുസരണമായി താലി കെട്ടിക്കുവാനും അത്ര പ്രയാസമുണ്ടെന്ന എനിക്ക തൊന്നുന്നില്ല- അഥവാ അതുപ്രകാരം ചെയ്വാൻ സംഗതിവശാൽ വല്ല മുടക്കവും സിദ്ധിക്കുന്ന ദിക്കിൽ മലയാളത്തിലെ നമ്പൂതിരിമാരുടെ നടവടിയെ നമുക്കും അനുസരിക്കാവുന്നതാണ- കുലീനന്മാരായ അവരുടെ ഇടയിൽ ഇൗവക യാതൊരു വൈഷമ്യവും ഇല്ല- പ്രഥമാൎത്തവത്തിന്ന മുമ്പായിട്ടൊ അതല്ല അതിന്ന ശെഷമായിട്ടൊ വിവാഹം എതുസമയവും ആവാമെന്ന വെച്ചിട്ടുണ്ട - ആ ചട്ടം നമ്മളും പിന്തുടരുന്നതായാൽ കാൎയ്യങ്ങൾക്ക എത്ര വെടിപ്പും സൌകൎയ്യവും ഉണ്ടാവാനിടയുണ്ട- കടംവാങ്ങി ചിലവചെയ്യു വെറുതെ ഇൗ ഒരടിയന്തരം നടത്തെണ്ടുന്ന ആവശ്യമെയില്ല.

രാ-മെ—ശൂദ്രസ്ത്രീകൾക്ക സംബന്ധക്കാർ താലികെട്ടെണമെന്ന യാതൊരു ദിക്കിലും യാതൊരു നിശ്ചയവും ഇല്ല- പരദെശത്തുള്ള ശൂദ്രന്മാരും നമ്മെപ്പൊലെ കല്യാണം മുമ്പെ കഴിപ്പിച്ചിട്ട സംബന്ധക്കാരനെ പിന്നെ എപ്പൊഴെങ്കിലുമാണ അന്വെഷിച്ചെപ്പെടുത്തുന്നത- താലികെട്ടുന്ന കാൎയ്യത്തിൽ അവൎക്ക ശാഠ്യമെയില്ല- ചില പെൺകുട്ടികൾക്ക അവററയുടെ അമ്മമാരാണ താലികെട്ടുന്നത- രണ്ട സംവത്സരം മുമ്പെ

ഞാനൊരു പ്രാവശ്യം കൊയമ്പത്തുരിൽ പൊയിട്ടുണ്ടായിരുന്ന സമയം ഒരേടിക്കിൽ രണ്ടുനാല പെൺകുട്ടികളെ അവരുടെ അമ്മ താലികെട്ടിക്കുന്നത ഞാൻ എന്റെ കണ്ണുകൊണ്ട കണ്ടകാൎയ്യമാണ.

ക-ന—(ചിരിച്ചുംകൊണ്ട) പരദെശങ്ങളിൽ ചില പെൺകുട്ടികൾക്ക തങ്ങളുടെ മാതാക്കന്മാർ താലികെട്ടി കല്യാണം കഴിച്ചുവരുന്നു എന്ന പ്രസ്താവിച്ചത പരമാൎത്ഥമാണ- പക്ഷെ അത എങ്ങിനെയുള്ള കൂട്ടരാണെന്നും അവർ അങ്ങിനെ ചെയ്യാൻ പ്രത്യേകിച്ചു വല്ല കാരണവും ഉണ്ടോ എന്നും അന്വെഷിച്ചിട്ടും അറിഞ്ഞിട്ടും ഉണ്ടായിരിക്കില്ല- നാം ഇവിടെ തെവിടിശ്ശികൾ എന്നു പറഞ്ഞു വരുന്ന ഒരു ജാതിക്കാരില്ലെ? അവരെ പരദെശത്ത ദാസിമാരെന്നു പറയും- അവരുടെ പ്രവൃത്തിയും നടവടിയും ഞാൻ പറയെണ്ടുന്ന ആവശ്യമില്ലല്ലൊ- അവൎക്ക പെൺമക്കളുണ്ടായാൽ അമ്മമാരാണ താലി കെട്ടി വരുന്നത- ന്യായമായ ഒരു ഭൎത്താവിനെ ഉണ്ടാക്കെണ്ടുന്ന ആവശ്യം തീരെ ഇല്ലാത്തത കൊണ്ട ഇങ്ങിനെ ചെയ്തു വരുന്നതാണ- മലയാളികളായ നമ്മളും പരദെശദാസിമാരും ഈ കാൎയ്യത്തിൽ ഒരു പൊലെയാണ-മെല്പറഞ്ഞ ജാതിക്കാരൊഴികെ യാതൊരു ഹിന്തുക്കളും ഹിമവത്സെതുപൎയ്യന്തം ഇങ്ങിനെയുള്ള ദുരാചാരത്തെ അനുഷ്ഠിച്ചു വരുന്നില്ലെന്നാണ എന്റെ ഉത്തമ വിശ്വാസം- അത്യന്തം ജുഗുപ്സാവഹമായ ഈ സമ്പ്രദായം നാം എനിയും വിടാതെ മുറുക്കെ പിടിച്ചിട്ടുള്ളത കാൎയ്യത്തിന്റെ ഗുണദൊഷജ്ഞാനം ഇല്ലാത്തതിനാൽ മാത്രമാണ.

രാ-മെ—(അല്പം ലജ്ജയൊടും വെറുപ്പൊടുംകൂടി) കല്യാണം കഴിച്ചു താലി കെട്ടുന്നത അവമാനമാണെന്നാണില്ലെ ആകപ്പാടെ നമ്പ്യാര തീൎച്ചപ്പെടുത്തീട്ടുള്ള

തു? എന്നാലിതു പണ്ടുപണ്ടെ മലയാളികളുടെ ഇടയിൽ അനുഷ്ഠിച്ചു വരുവാൻ വിശേഷവിധിയായി വല്ല കാരണവും ഉണ്ടായിരിക്കെണ്ടതാണ- ഇതിൽ എന്താണു ആഭാസത്വം? ഇത എന്തിനായിട്ട നടപ്പാക്കി വന്നു?.

ക-ന—അനെകായിരം സംവത്സരമായിട്ട മലയാളികളായ നമ്മുടെ ഇടയിൽ നടന്നും നടത്തിച്ചും വരുന്ന ഈ താലികെട്ട കല്യാണംകൊണ്ട അനാവശ്യമായ ദ്രവ്യനഷ്ടവും അപവാദവും അല്ലാതെ വാസ്തവത്തിൽ നമുക്ക മറ്റ യാതൊരു ഫലവും ഇല്ലെന്നാണ എനിക്ക തൊന്നുന്നത- പൂൎവ്വന്മാർ നടത്തിവന്നിട്ടുള്ളതാകകൊണ്ട യാതൊരു തെറ്റ വ്യത്യാസവും കൂടാതെ നമ്മളും അനുഷ്ഠിച്ചു വരെണ്ടതാണെന്നു മാത്രം വിശ്വസിച്ചു ഈ അടിയന്തരം നിവൃത്തിച്ചു വരുന്നു എന്നല്ലാതെ ഇതിൻെറ ഉദ്ദെശവും അനുഭവവും എന്തായിരിക്കുമെന്ന മിക്കപെരും ഇതവരെ ആലൊചിച്ചിട്ടില്ലെന്നു അവരുടെ ഇപ്പൊഴത്തെ നടവടികൊണ്ടും പ്രവൃത്തി കൊണ്ടും നമുക്ക ഊഹിപ്പാൻ കഴിവുള്ളതാണ- സ്ത്രീകൾക്ക യൌവനം ആരംഭിക്കുന്നതിന്നു മുമ്പായിട്ട വിവാഹമുഹൂൎത്തം നൊക്കി ശാസ്ത്രാനുസരണം യൊഗ്യതയുള്ള ഒരു പുരുഷനെകൊണ്ട താലികെട്ടിച്ചു കല്യാണം പൂൎത്തിയാക്കുന്നതു വിചാരിച്ചാൽ ഇത വിധിപ്രകാരമുള്ള വിവാഹം കഴിപ്പിക്കുകയാണെന്നു എല്ലാവരും ഒരുപൊലെ സമ്മതിക്കുമെന്നു തൊന്നുന്നു- വെളികഴിപ്പാൻ ഉചിതമായിട്ടുള്ള ശുഭസമയത്ത സ്ത്രീയുടെ കഴുത്തിൽ മംഗല്യസൂത്രം ധരിപ്പിച്ചു കാലൊചിതമായി നടത്തി വരെണ്ടുന്ന മറ്റും ചില കൎമ്മങ്ങളെ ക്രമപ്രകാരം ചെയ്തു വിവാഹം സമ്പൂൎണ്ണമാക്കീട്ടുള്ള പുരുഷൻ അവളുടെ ഭൎത്താവാണെ

ന്നുള്ളതിലെക്കും യാതൊരു സംശയമില്ല-കയ്യശമില്ലെ
ങ്കിൽ കടംവാങ്ങി ആവശ്യത്തിലധികം പണച്ചിലവു
ചെയ്തു കൊലാഹലമായി അടിയന്തരം കഴിച്ചു ചാൎച്ച
യിലും ചെൎച്ചയിലും ഉള്ള എല്ലാവരും അറിയക്കൊൾ
ക്കെ നാം ക്ഷണിച്ചു വരുത്തി നമ്മുടെ സൊദരിയുടെ
യൊ മരുമകളുടെയൊ മകളുടെയൊ ഭൎത്താവാക്കിവെ
ച്ചുവരുന്ന ഈ പുരുഷനെ അടിയന്തരം മുഴുവനായ
തിൽ പിന്നെ യാതൊരു മടിയും ലജ്ജയും കൂടാതെ
വെണ്ടപ്പെട്ട പണം കൊടുത്തു വിവാഹബന്ധംവെ
ർപെടുത്തി പറഞ്ഞയച്ചു ബൊദ്ധ്യമുള്ള വെറെ ഒരു ഭ
ൎത്താവിനെയൊ സംബന്ധക്കാരനെയൊ നിശ്ചയി
ച്ചു വരികയല്ലെ ചെയ്യുന്നത? പണവും കൊടുത്തു പ
രിചുകെട്ടു കൊള്ളുന്നതായ ഈ അടിയന്തരം നിമി
ത്തം അന്ന്യന്മാൎക്ക പരിഹസിപ്പാനും ആക്ഷെപിപ്പാ
നും നല്ല തരമായിരിക്കുന്നു-ഏതെങ്കിലും ഒരു ജാതിക്കാ
രുടെ ഇടയിൽ ഇത്ര ആഭാസമായ ഒരു നടവടി കാ
ണ്മാൻ പ്രയാസമാണ- മലയാളികൾക്ക വിവാഹ
ബന്ധമൊ ഭാൎയ്യാഭൎത്തൃത്വമൊ ഇല്ലെന്നും അവർ പ
ണം കൊടുത്തു വ്യഭിചാരം വിലക്കുവാങ്ങി നടത്തി
വരുന്നവരാണെന്നും മററും പരദെശികൾക്ക പരി
ഹസിക്കുവാൻ ഇത പ്രത്യെകിച്ചും ഒരു കാരണമായി
തീൎന്നിരിക്കുന്നു- ഇങ്ങിനെയുള്ള അപവാദവും അപ
മാനവും സമ്പാദിച്ചു സ്വരൂപിച്ചു വെക്കുവാൻ വെ
ണ്ടിയാണ മിക്കപെരും തറവാട്ടു മുതൽ വിററും പൊ
രാതെ വരുന്നത കടം മെടിച്ചും കല്യാണം കഴിപ്പാൻ
അത്യുത്സാഹം ചെയ്തു വരുന്നത- എന്നാൽ ൦രം അ
ടിയന്തരം തന്നെ പല ദിക്കിലും പല പ്രകാരമായി
ട്ടാണ നടത്തി വരുന്നത- താലികെട്ടു കല്യാണം എന്നു
പറഞ്ഞാൽ തറവാട്ടിലുള്ള പെൺകുട്ടികളുടെ വകയാ

യി എട്ടും പത്തും സംവത്സരം കൂടുമ്പോൾ അതാത തറവാട്ടിന്റെ ആസ്ഥിക്കും അഭിമാനത്തിന്നും തക്ക വണ്ണം ഒന്നും രണ്ടായിരവും ഉറുപ്പിക ചിലവ ചെയ്തു കൊലാഹലമായി സദ്യ കഴിച്ചു വരുന്ന ഒരു പഴയ സമ്പ്രദായമാണെന്ന മാത്രമെ ചില പ്രദെശക്കാർ മനസ്സിലാക്കീട്ടുള്ളു- മററു ചിലർ ധരിച്ചുവശായിട്ടുള്ളത നല്ല ഒരു മുഹൂർത്തത്തിന്ന പെൺകുട്ടികളുടെ കഴുത്തിൽ വല്ലവരെക്കൊണ്ടും വല്ല വിധത്തിലും ഒരു ചരട കെട്ടിക്കെണമെന്നു മാത്രമാകുന്നു- ഇത്ര മാത്രമല്ലാതെ ഈ താലികെട്ട കല്യാണത്തിന്റെ മുഖ്യമായ ഉദ്ദെശവും താല്പൎയ്യവും മിക്ക ജനങ്ങൾക്കും ഒരു ലെശം മനസ്സിലായിട്ടില്ല- ചില ദിക്കുകളിൽ എത്ര പെൺകുട്ടികൾക്ക താലികെട്ടുവാൻ ഉണ്ടൊ അത്ര പുരുഷന്മാരും വെണമെന്നാണ നിശ്ചയം- പുരുഷരുടെ കാൎയ്യത്തിൽ തരാതരം കുറയുമെന്നുള്ള ഒരു ദൂഷ്യവും കെട്ട കഴിഞ്ഞാൽ പ്രവൃത്തിച്ചു വരുന്ന ചട്ടവും അല്ലാതെ താലി കെട്ടിക്കുന്ന കാൎയ്യത്തിൽ ഇവൎക്കു കുറെ അധികം വകതിരിവും തെല്ലൊരു പരിഷ്കാരവും ഉണ്ടെന്നു തന്നെ പറയെണ്ടതാണ- ഇവർ താലി കെട്ടുന്ന പുരുഷനെ സ്ഥിരമായി ഭൎത്താവാക്കുന്നതായാൽ ഇവരുടെ പ്രവൃത്തിക്ക യാതൊരു ദൂഷ്യവും പിന്നെ പറവാനുണ്ടാകയില്ല- മററു ചില ദിക്കുകളിൽ പെൺകുട്ടികൾ എത്ര തന്നെ ഉണ്ടായിരുന്നാലും വെണ്ടില്ല കെട്ടുവാൻ ഒരു പുരുഷൻ മാത്രമെ ഉണ്ടാകയുള്ളു- എല്ലാ കുട്ടികളുടെ കഴുത്തിലും ആ എകപുരുഷൻ ഒന്നായിട്ട ചരട കെട്ടുന്നതായാൽ ജന്മസാഫല്യം വന്നു എന്നാണ ഇവർ വിചാരിച്ചു വരുന്നത- താലികെട്ടിന്റെ ഉദ്ദെശം വിവാഹമാണെന്നുള്ള ധാരണ ഒരു ലെശമെങ്കിലും ഇവൎക്ക ഉണ്ടായിരുന്നുവെങ്കിൽ തറവാട്ടിലുള്ള

എല്ലാ പെൺകുട്ടികൾക്കും കൂടി ഒരു ഭൎത്താവിനെ നിശ്ചയിക്കുന്നതായ ഈ മൃഗധൎമ്മത്തിന്നു വെണ്ടി അനവധി ദ്രവ്യം ചിലവു ചെയ്യുന്നതല്ലയായിരുന്നു- അഭിമാനികളെന്നു നടിച്ചു വരുന്ന ചില വലിയ തറവാട്ടുകാരുടെ ഇടയിൽ പെൺകുട്ടികൾക്ക കല്യാണപ്പന്തലിൽ വെച്ച താലി കെട്ടുവാൻ ചില നമ്പൂരിമാരെ പ്രത്യെകം ഏൎപ്പെടുത്തി വന്നിട്ടുണ്ട- ഇങ്ങനെക്കൊണ്ട താലി കെട്ടിക്കുന്നതും തറവാട്ടിൽ ബ്രാഹ്മണസംബന്ധം ഉണ്ടാകുന്നതും ഈ മഹാനുഭാവന്മാൎക്ക വലിയ ശ്ലാഘ്യതമാണ- കെട്ടുവാൻ തെയ്യാറാക്കി വെച്ചിട്ടുള്ള പെൺകുട്ടികൾ എത്രതന്നെ ഉണ്ടായാലും വെണ്ടില്ല ഭൎത്താവാകുവാൻ പാടില്ലെന്നു വെച്ചിട്ടുള്ള ഠരം ഒരു നമ്പൂരി ഇവരെ മുഴുവനും താലി കെട്ടിക്കുന്നത ശ്രെയസ്കരമാണത്രെ- ജ്യെഷ്ഠത്തിക്കും അനുജത്തിക്കും അമ്മക്കും മക്കൾക്കും എന്ന വെണ്ടാ തറവാട്ടിൽ ഉള്ളവൎക്ക മുഴുവനും നമ്പൂരിക്ക താലി കെട്ടാമെന്നാണ വെച്ചിട്ടുള്ളത - എന്നാൽ എല്ലാവൎക്കും നമ്പൂരി താലി കെട്ടുന്നുണ്ടൊ? അതും ഇല്ല- കുട്ടികളുടെ എണ്ണം കുറെ അധികമുണ്ടെന്നു കണ്ടാൽ നമ്പൂരിയുടെ കെട്ടിന്റെ മട്ട കട്ട കട്ടിയായിരിക്കും- രണ്ടൊ നാലൊ കുട്ടികളുടെ കഴുത്തിൽ അദ്ദെഹം കുറെ അകലെ നിന്നു ചരടെറിഞ്ഞു പിടിപ്പിക്കുമ്പഴക്ക ശെഷമുള്ളവൎക്ക മുഴുവനും അദ്ദെഹത്തിന്റെ ഒന്നിച്ചു വന്നിട്ടുള്ള ഇട്ടിക്കൊരൻ കെട്ട കഴിക്കും- ഇട്ടിക്കൊരനെക്കൊണ്ട മതിയാകാതെ വരുന്ന ദിക്കിൽ അടുക്കെ നില്ക്കുന്നവരാരായാലും തരക്കെടില്ല- "എല്ലാൎക്കും ആയില്ലെ?" എന്ന നമ്പൂരി ചൊദിക്കുമ്പഴക്ക "ഇറാൻ" എന്നു മറുവടി പറയെണ്ടതിന്നു ബദ്ധപ്പെട്ടു വല്ലവരും കെട്ടിത്തീൎക്കയാണ ചെയ്യുന്നത- മറു

ചിലർ സദ്യകഴിപ്പാൻ വകയില്ലെന്നു കണ്ടാൽ പെൺകുട്ടികളെ അമ്പലത്തിൽ കൊണ്ടുപൊയി ശാന്തിക്കാരൻ എമ്പ്രാന്തിരിയെക്കൊണ്ടൊ അദ്ദെഹത്തിന്റെ കല്പനപ്രകാരം കഴകക്കാരൻ വാരിയരെക്കൊണ്ടൊ താലി കെട്ടിക്കയാണ ചെയ്തുവരുന്നത- വലിയ തറവാടുകളിൽ പാൎത്തു വരുന്ന ദാസികളുടെ പെൺമക്കാൾക്ക ആ വക തറവാടുകളിലെ വലിയമ്മയാണ സാധാരണമായി താലികെട്ടി വരുന്നത- ഇങ്ങിനെ പല ദിക്കിലും പല പ്രകാരത്തിൽ ചെഷ്ടിച്ചു വരുന്ന ഈ താലികെട്ടു കല്യാണം കൊണ്ടു ആറരത്തിൽ അവമാനവും അപവാദവും അനാവശ്യമായ ദ്രവ്യനഷ്ടവും അല്ലാതെ യാതൊരു ഫലവും ഇല്ലാത്തത കൊണ്ടു എനിമെൽ സംബന്ധക്കാരനെ കൊണ്ടല്ലാതെ താലി കെട്ടിക്കരുതെന്ന നാം എല്ലാവരും കൂടി ആലൊചിച്ചു ഒരു നിശ്ചയം ചെയ്തു അതു പ്രകാരം നടത്തെണമെന്നാണ ഞാൻ വിചാരിക്കുന്നത.

രാ-മെ—(ചിരിച്ചും കൊണ്ടു കുഞ്ഞികൃഷ്ണമെനൊന്റെ മുഖത്തനൊക്കീട്ടു) കരുണാകരൻ നമ്പ്യാരുടെ പ്രസംഗം കെട്ടില്ലെ? ഇതിനെപ്പററി എന്താണ താങ്കാൾ വിചാരിക്കുന്നത? ഇദ്ദെഹം കൊണ്ടുവന്നിട്ടുള്ള സംഗതികാൾ മുഴുവനും പരമാൎത്ഥമാണ- ഇതെല്ലാം കെട്ടിട്ടു എനിക്ക വല്ലാത്ത ലജ്ജയായിരിക്കുന്നു- ഇങ്ങിനെയല്ലെ കാൎയ്യം ആലൊചിക്കാഞ്ഞാൽ വരുന്ന തരക്കെടു?.

കു- കൃ- മെ—കരുണാകരൻ നമ്പ്യാര പ്രസ്താവിച്ചിട്ടുള്ള പ്രകാരം നമ്മുടെ താലികെട്ടു കല്യാണം ലൌകികധൎമ്മത്തിന്നു കെവലം വിരുദ്ധമായിട്ടുള്ളതാണെന്ന ക്ഷണത്തിൽ സമ്മതിക്കാതിരിപ്പാൻ നിവൃത്തികാണുന്നി

ല്ല- ഇതിനെപ്പററി ഞാനും കുറെ ദിവസമായി ആലൊചിച്ചു വരുന്നു- ജനസമുദായത്തിൽ വളരെകാലമായിട്ട നടത്തിവന്നിട്ടുള്ള സമ്പ്രദായമാകയാൽ ഇതിൽ വെണ്ടതക്ക പരിഷ്കാരം ചെയ്യാൻ കുറെ അദ്ധ്വാനവും പ്രയാസവും ഉണ്ട- ഏതായാലും നാം ഇതിനെപ്പററി ഒന്നു നല്ലവണ്ണം ആലൊചിക്കെണ്ടത തന്നെയാണ.

ഗൊ- മെ—സാവധാനത്തിൽ ആലൊചിച്ചു വെണ്ടതക്ക പ്രകാരം പ്രവൃത്തിക്കുവാൻ നമുക്ക ധാരാളം അവസരമുണ്ടല്ലൊ- സബ്രജിസ്ത്രാർ പറഞ്ഞിട്ടുള്ള പ്രകാരം കല്യാണം എനിയും രണ്ട നാല സംവത്സരം കഴിഞ്ഞിട്ടമാത്രംനിവൃത്തിച്ചാൽ മതി- താലികെട്ടുന്നത ഭൎത്താവതന്നെ ആയിരിക്കണം- അല്ലാഞ്ഞാൽ അശെഷം വെടിപ്പില്ലെന്നാണ ഇപ്പൊൾ എനിക്കും തൊന്നുന്നത- പണ്ടത്തെതൊന്നും ഈ കാലത്ത നടക്കില്ല- മുൻകാലങ്ങളിൽ പാടില്ലെന്നു വെച്ചിട്ടുള്ള അനെകം കാൎയ്യങ്ങൾ നാമിപ്പൊൾ ഏൎപ്പെടുത്തി നടത്തിവരുന്നില്ലെ? ജനങ്ങളുടെ ഇടയിൽ ദിവസംപ്രതി അറിവും നാഗരികവും വൎദ്ധിച്ചുവരുന്ന ഈ കാലത്ത ഈവക ദുരാചാരങ്ങൾ കെവലം ത്യാജ്യങ്ങളാണെന്നുള്ളതിലെക്ക ലെശംസംശയമില്ല. ഇതിൽവെണ്ടത്തക്ക ഭെദഗതികൾ നാം നിശ്ചയമായിട്ടും ചെയ്യെണ്ടത തന്നെയാണ- കഴിഞ്ഞുപൊയ സംഗതിയെപ്പററി എനി വിഷാദിച്ചിട്ട ഫലമില്ലെല്ലൊ.

രാ- മെ—നമ്മുടെ കുഞ്ഞിശ്ശങ്കര മെനൊൻ ഇതിനെപ്പററി യാതൊന്നും ഇതവരെ പറഞ്ഞു കെട്ടില്ല- അദ്ദെഹത്തിൻെറ അഭിപ്രായം എന്താണെന്ന കെൾപ്പാൻ എനിക്ക വളരെ താല്പൎയ്യമുണ്ട- ഒന്നും പറയാതെയിരിക്കുന്നത ഏതായാലും ഭംഗിയില്ല.

ക- ശ- മെ—ഈവക വിഷയത്തെപ്പറ്റി എനിക്ക വിശെഷിച്ച യാതൊരു പരിചയവും ഇല്ല- രാജ്യാചാര സമ്പ്രദായങ്ങളെപ്പറ്റി നല്ലവണ്ണം പരിജ്ഞാനമുള്ളവൎക്കല്ലാതെ യാതൊരഭിപ്രായവും പറവാൻ സാധിക്കുന്നതല്ല- എങ്കിലും കരുണാകരൻ നമ്പ്യാര പ്രസ്താവിച്ചിട്ടുള്ളത മുഴുവനും പരമാൎത്ഥമാണെന്നാണ എനിക്കും തൊന്നുന്നത- ലൌകികവിരുദ്ധമായി നാം ആചരിച്ചുവരുന്ന താലികെട്ട കല്യാണത്തിൽ വെണ്ടത്തക്ക പരിഷ്കാരങ്ങൾ ചെയ്യെണ്ടുന്നത അത്യാവശ്യം തന്നെ- എന്നാൽ അതിന്റെ ഒരുമിച്ച ഒരു നിശ്ചയം കൂടി ചെയ്യുന്നതായാൽ വളരെ നന്നായിരിക്കുമെന്നാണ ഞാൻ വിചാരിക്കുന്നത- ഭൎത്താവിനെക്കൊണ്ട താലി കെട്ടിക്കെണമെന്നാണെല്ലൊ നമ്പ്യാർ പ്രസ്താവിച്ചിട്ടുള്ളത- അതനിശ്ചയമായിട്ടും വെണ്ടത തന്നെ- എങ്കിലും ശൈശവ വിവാഹം കൊള്ളരുതെന്നാണ അനെകം യൊഗ്യന്മാരുടെ അഭിപ്രായം- ഋതുസ്നാനത്തിന്ന മുമ്പായി താലികെട്ടെണമെന്നും അത ഭൎത്താവിന്റെ കയികൊണ്ട കെട്ടെണ്ടതാണെന്നും വരുമ്പൊൾ ശൈശവകാലത്തിൽ തന്നെ വിവാഹം വെണ്ടിവരുമെന്നു തീൎച്ചയായിരിക്കുന്നു- അത കുറെ അയുക്തമാണെന്നാണ ഞാൻ വിചാരിക്കുന്നത.

ഗൊ- മെ—കുഞ്ഞിശ്ശങ്കര മെനൊൻ പറഞ്ഞിട്ടുള്ളത വാസ്തവമാണ- ചെറുപ്പകാലത്തിൽ തന്നെ പെൺകുട്ടികൾക്ക ഭൎത്താവിനെ നിയമിക്കുന്നത ഒരിക്കലും വെടിപ്പില്ലെന്നുള്ള ശാഠ്യക്കാരനാണ ഞാൻ- നമുക്കും ഇതര രാജ്യങ്ങളിലുള്ള ജനങ്ങളെപ്പൊലെ താരുണ്യത്തിൽ മാത്രമെ വിവാഹം പാടുള്ളു എന്നൊരു നിശ്ചയം ചെയ്യുന്നതായാൽ അതകൊണ്ട എന്താണൊരു ദൂഷ്യമുള്ളത? അങ്ങിനെയായാൽ സ്ത്രീകൾക്ക വിദ്യാഭ്യാസം ചെ

സ്ഥാനം മററം വളരെ തരവും എളുപ്പവും ഉണ്ടാകം.

ക- കൃ- മെ—കാൎയ്യം അതശരിയാണെങ്കിലും എളുപ്പത്തിൽ സാധിപ്പിക്കതക്കതല്ല- അപ്പൊഠം ഋതുസ്നാനത്തിന്ന ശെഷമെ കല്യാണം കഴിപ്പാൻ പാടുള്ളു എന്ന തീൎച്ച യാക്കെണ്ടിവരും- അതിൽ ജനസമുദായം അത്രവെഗത്തിൽ യൊജിക്കുമെന്ന തൊന്നുന്നില്ല- ഇത പൊതുവിൽ അത്യന്തം ഗുണകരമാണെന്നുവരികിലും ലൌകീകത്തിന്നും ശാസ്ത്രത്തിന്നും തീരെ വിരുദ്ധമായത കൊണ്ട കെവലം ദുസ്സാദ്ധ്യമായ്വരാനാണ ഇടയുള്ളത- അതകൊണ്ട ബാലദശയുടെ ആരംഭകാലം നൊക്കി എല്ലാ സംഗതികൊണ്ടും കന്യകക്ക അനുരൂപനായ ഒരു ഭൎത്താവിനെക്കൊണ്ട യഥായൊഗ്യം താലികെട്ടിച്ച താരുണ്യത്തിൽ വിവാഹം കഴിക്കുന്നതാണ വളരെ യുക്തമായിട്ടുള്ളത- ഇങ്ങിനെ ചെയ്യുന്നതായാൽ തന്നെയും ഇപ്പൊഴത്തെതിനെക്കാഠം വളരെ ഉൽകൃഷ്ടമായിരിക്കും.

രാ- മെ—ഉത്സാഹിച്ചാൽ ഇത ഒരു വിധെന നിവൃത്തിക്കാവുന്നതാണ- ഗൊപാലമെനൊൻ പറഞ്ഞത ഒരിക്കലും നടക്കുന്നതല്ല-പല തകരാറും ഉണ്ടാവാനാണ ഇടവരുന്നത- ശാസ്ത്രത്തിന്ന വിരൊധമായിട്ട ആരും ഒന്നും ആലൊചിക്കരുത- അങ്ങിനെ ചെയ്യുന്നതിനാണ തൊന്ന്യാസമെന്നുള്ള പെർ.

ക- ശ- മെ—(കുഞ്ഞികൃഷ്ണമെനൊന്റെ മുഖത്തനൊക്കി) ഇപ്പൊഠം പ്രസ്താവിച്ച വിധമായാൽ വളരെ തരക്കെടില്ല- എങ്കിലും ഭാൎയ്യാഭൎത്തൃത്വത്തിന്ന അത്ര ബലമുണ്ടൊ എന്നു ദുൎല്ലഭം ചിലർ ശങ്കിച്ച ആക്ഷെപിക്കാതിരിക്കില്ല- ദമ്പതിമാരുടെ അനുരാഗം പ്രായെണ കൃത്രിമമായിരിക്കെണ്ടിവരും- ഭാൎയ്യാ ഭൎത്താക്കന്മാരിൽ സ്വാഭാവികമായ അനുരാഗവും പ്രെമവും ജനിച്ച

സ്ഥിരമായി വൎദ്ധിക്കേണമെങ്കിൽ വിവാഹം താരുണ്യത്തിൽ വെണമെന്നാണ ചിലരുടെ അഭിപ്രായം.

കു- കൃ- മെ—ഠരം അഭിപ്രായത്തൊട ഞാൻ അത്ര അധികം യൊജിക്കുന്നില്ല- ഭാൎയ്യാഭൎത്തൃത്വത്തിന്ന ആലൊചിക്കപ്പെട്ടുവരുന്ന സ്ത്രീപുരുഷന്മാർ അന്യൊന്യം എല്ലാ അവസ്ഥകൊണ്ടും അനുരൂപന്മാരായിരിക്കത്തക്കവരൊ അല്ലയൊ എന്നു രക്ഷിതാക്കന്മാർ അല്പം മനസ്സുകൊടുത്തു സൂക്ഷിച്ചാൽ മതിയാവുന്നതാണ- അനുരൂപന്മാരാണെങ്കിൽ അനുരാഗം തന്നാലെതന്നെ മുളച്ചുവളരുന്നതാണ- അതല്ലാതെ നാഗരീക സമ്പന്നന്മാരായ ചില യൂറൊപ്യന്മാരുടെ ഇടയിൽ ആചരിച്ചുവരുന്ന വിവാഹ സമ്പ്രദായം ഈ മലയാള രാജ്യത്തിൽ ഇപ്പൊൾ തന്നെ നടത്തിക്കളയാമെന്ന വിചാരിച്ചുപ്രവൃത്തിക്കുന്നതായാൽ ആയതശ്രദ്ധമെത്താഭാസവും ആക്ഷെപകാരണവും ആയിരിക്കും- ദെശകാലങ്ങൾക്ക ഉചിതമല്ലാത്ത യാതൊരു പ്രവൃത്തിയും ചെയ്യാൻ ഉത്സാഹിക്കരുത- നാഗരികവും സ്ത്രീവിദ്യാഭ്യാസവും വൎദ്ധിച്ച ജനസമുദായത്തിൽ ബുദ്ധിക്ക പരിഷ്കാരവും പാകവും വരുന്ന സമയം കാലക്രമെണ ആവക സമ്പ്രദായത്തിലും പ്രവെശിക്കാമെന്നല്ലാതെ ബദ്ധപ്പെട്ടാൽ തരമാവുന്നതല്ല.

കുഞ്ഞികൃഷ്ണമെനൊൻെറ ഈ അഭിപ്രായം കുഞ്ഞിശ്ശങ്കരമെനൊൻ ഒരു ഉപദെശമായിട്ടാണ ധരിച്ചിട്ടുള്ളത- കാൎയ്യം ഇത യഥാൎത്ഥമാണെന്നു തന്നെ അദ്ദെഹം വിശ്വസിച്ചു- തൻെറ മനൊരഥ പ്രാപ്തിക്ക വെണ്ടി എനിമെൽ ചെയ്യാൻ പൊകുന്ന പ്രയത്നത്തിൽ മെൽ പ്രസ്താവിച്ച ഉപദെശത്തിന്ന വിരൊധമായി യാതൊന്നും പ്രവൃത്തിക്കരുതെന്ന നിശ്ചയിച്ചു- താലികെട്ട കല്യാണവും കാൎത്ത്യായിനിയുടെ സംബന്ധവും ഏതായാലും രണ്ടു സംവത്സരത്തെ

ക്ക വെണ്ട എന്ന രാമുക്കുട്ടിമെനൊനും നിശ്ചയിച്ചു- എല്ലാവരും പിന്നെയും അവിടത്തന്നെ ഇരുന്ന ഈ സംഗതിയെ പററി അന്ന്യൊന്ന്യം സംസാരിച്ചു എകദെശം പതിനൊന്ന മണിയായതിൽ പിന്നെ കുഞ്ഞികൃഷ്ണമെനൊൻ മുതലായവർ മൂന്നുപെരും അവരവരുടെ അറകളിലെക്ക ഉറങ്ങുവാൻ പൊയി- കുഞ്ഞിശ്ശങ്കരമെനൊനും അച്ച്യുതമെനൊനും മുകളിലെ തളത്തിൽ തന്നെ വിശെഷമായി വിരിച്ചു തെയ്യാറാക്കി വെച്ചിട്ടുള്ള ഓരൊ കൊച്ചുകട്ടിലിന്മെൽ കിടന്നുറങ്ങി- ഗൊപാലമെനൊൻ അദ്ദെഹത്തിൻെറ സ്വന്തം അറയിലും പൊയി കിടന്നു.

# പതിനാലാം അദ്ധ്യായം.

## മീനാക്ഷികുട്ടിയുടെ സംഗീതം.

വിവെകിയും സൌമ്യനുമായ നമ്മുടെ കുഞ്ഞിശ്ശങ്കരമെനൊൻ പുത്തൻമാളികക്കൽ അല്പദിവസം മാത്രമെ താമസിച്ചിട്ടുണ്ടായിരുന്നുള്ളു എങ്കിലും അവിടെയുള്ള എല്ലാവൎക്കും ഇദ്ദെഹത്തിന്റെ മെൽ അത്യാദരവും സന്തൊഷവും അധികമായ സ്നെഹവും ഉണ്ടായി. കാമ്യരൂപന്മാരായ ഈ വിധം ചെറുപ്പക്കാരിൽ വെണ്ടത്തക്ക മൎയ്യാദയും വിനയവും ശ്ലാഘനീയമായ ഗുണബുദ്ധിയും ഒതുക്കവും ഉണ്ടെന്നു കണ്ടാൽ ജനസമുദായത്തിൽ ബഹുമാനവും കൌതുകവും അങ്കുരിക്കുന്നത ആശ്ചൎയ്യമല്ലൊ- വകതിരിവും ബുദ്ധിവികാസവും ഉള്ള മാതാപിതാക്കന്മാരുടെ രക്ഷയിൽ ഇരുന്നു ശൈശവം മുതല്ക്കു അവരുടെ നടപ്പും മൎയ്യാദയും കണ്ടു പഠിച്ചു അതില്പിന്നെ മഹത്തരമായ വിദ്യാഭ്യാസം കൊണ്ടും ദുല്ലഭമായസജ്ജന സമ്പൎക്കം കൊണ്ടും ബുദ്ധിക്കു പരിഷ്കാരവും മനസ്സിന്നു പാകതയും അകൃത്യത്തിൽ അതിഭയവും ലഭിക്കുന്നതായാൽ ഈ കാലത്തു അനെകം കുഞ്ഞിശ്ശങ്കരമെനൊന്മാരെ കണ്ടു സന്തൊഷിക്കുവാൻ നമുക്കു യാതൊരു പ്രയാസവും ഇല്ല- വിദ്വാന്മാരെവിടയും പൂജ്യന്മാരാണെന്നല്ലെ വെച്ചിട്ടുള്ളത- എങ്കിലും കുഞ്ഞിശ്ശങ്കരമെനൊന്റെ വരവും അധിവാസവും രണ്ടുമൂന്നു ദിവസത്തെക്കു മീനാക്ഷികുട്ടിയുടെ മനസ്സിൽ അല്പമായ രസക്കെടിന്നും കുണ്ഠിതത്തിന്നും കാരണമായി തീരുകയാണ ചെയ്തിട്ടുള്ളത- അതിന്നു ലഘുവായ രണ്ടൊമൂന്നൊ സംഗതികൾ ഉണ്ടായിരുന്നില്ലെന്നുമില്ല.

കുഞ്ഞികൃഷ്ണമെനൊൻ വരുന്ന സമയങ്ങളിൽ ഒക്കെ

യും ഇതിന്ന മുമ്പ ഇവാ അദ്ദെഹത്തിന്റെ ഒരുമിച്ചിരുന്ന ഊണു കഴിക്കമാറുണ്ടായിരുന്നു- ഒരു നെരമെങ്കിലും വല്ല സംഗതിവശാൽ അതിന്ന മുടക്കം വരുന്നതായാൽ പിന്നെ ഒരുമിച്ചുണ്ണുന്നവരെക്കും ഇവളുടെ മനസ്സിന്ന ലെശംപൊലും സുഖമൊ സന്തൊഷമൊ ഉണ്ടാകുമാറില്ല- എന്നാൽ ഇപ്പൊഴത്തെ വരവിൽ മുമ്പൊരിക്കൽ കണ്ടിട്ടുംകൂടിയില്ലാത്ത ഒരു ചെറുപ്പക്കാരനും കൂടി ഉണ്ടായിരുന്നത കൊണ്ട അദ്ദെഹം വന്നതിൽപിന്നെ ഒരു പ്രാവശ്യമെങ്കിലും കിഴക്കട പതിവ പ്രകാരം ഇവാക്ക ഒരുമിച്ചിരുന്നുണകഴിപ്പാൻ സാധിച്ചിരുന്നില്ല.

ഇതിന്നപുറമെ ഒരു യുവാവ മിക്കസമയങ്ങളിലും കുഞ്ഞികൃഷ്ണമെനൊന്റെ അരികത്തതന്നെയിരുന്ന എന്തെങ്കിലും ഓരൊ വിഷയങ്ങളെപ്പററി അത്യന്തം രസകരമായി സംസാരിച്ച കാലംകഴയുന്നതകൊണ്ട ഇവാക്ക സ്വെച്ഛാനുസരണം തന്റെ അച്ഛന്റെ അടുക്കെ ചെല്ലാനും അദ്ദെഹത്തെ ചാരിയും ഉരുങ്ങിയും തൊട്ടും തലൊടിയും കൊണ്ട അരികത്ത തന്നെ നില്പാനും വല്ലതും തെല്ലൊന്ന ശങ്കവിട്ട തരത്തിൽ സംസാരിപ്പാനും അദ്ദെഹത്തിൽ നിന്നുണ്ടാവുന്ന ലാളനാശ്ലെഷങ്ങളെ കൂടക്കൂടെ അനുഭവിച്ച സുഖിപ്പാനും ഇവാക്ക മുമ്പത്തെപൊലെയുള്ള ധൈൎയ്യമൊ തരമൊ സ്വാതന്ത്ര്യമൊ ഒരു പ്രാവശ്യം ഉണ്ടായിരുന്നില്ല- ഇച്ഛാഭംഗം കൊണ്ട കലുഷിതചിത്തയായി കുണ്ഠിതയായ ഇവാക്ക ഇതരണ്ടും കൂടാതെ കൂനിൽകുരു എന്നപൊലെ ദുസ്സഹമായ മററൊരു ബുദ്ധിമുട്ടുംകൂടി സംഭവിച്ചിട്ടുണ്ടായിരുന്നു- അപ്പുകുട്ടൻ കൂടക്കൂടെ ഇവളുടെ അരികത്തവന്നുനിന്നിട്ട മററുള്ളവർ കൊക്കെയും ചിലസമയം കൊക്കാതെയും കുഞ്ഞിശ്ശങ്കരമെനൊന്റെ സൌന്ദൎയ്യത്തെയും യൊഗ്യതയെയും പററിസ്തുതിച്ച പറകയും ഇവളൊട അഭിപ്രായം ചൊദിക്കയും ചെയ്ക പതിവായിരുന്നു- ആസമയം

വല്ലവരും യദൃഛയാ അന്യോന്യം നൊക്കുകയൊ ചിരിക്കു കയൊ വല്ലതും സ്വകാൎയ്യം പറയുകയൊ ചെയ്യുന്നത കണ്ടാൽ എല്ലാവരും തന്നെ ഉദ്ദെശിച്ച കണ്ണുകൊണ്ടും മുഖം കൊണ്ടും തങ്ങളിലൊരൊന്ന ഗൂഢമായി സംസാരിക്കുന്നതാണെന്നും അല്പകുട്ടൻതന്നെ ശുണ്ഠിപിടിപ്പിക്കുവാൻവെണ്ടി മറ്റുള്ളവരുടെ ഉപദെശപ്രകാരം ഇങ്ങിനെ പറഞ്ഞ പരിഹസിക്കുന്നതാണെന്നും വൃഥാ ശങ്കിച്ച ഇവൾ കുറെശ്ശ വെറുപ്പും കൊപവും പുറമെകാണിപ്പാനും മടിച്ചിട്ടുണ്ടായിരുന്നില്ല- ഇതിന്നെല്ലാറ്റിന്നും കാരണഭൂതൻ കുഞ്ഞിശങ്കരമെനൊനാണെന്ന വിചാരിച്ച ഇദ്ദെഹത്തിന്റെ മുമ്പിൽകൂടി കടന്നപൊവാൻ പൊലും ഇവൾക്ക കുറെശ്ശ ലജ്ജയും മടിയും ഉണ്ടായി തുടങ്ങി എങ്കിലും സൌഭാഗ്യശാലിയായ ഠഠ തരുണപുരുഷനെ പറ്റി അസാധാരണമായ ബഹുമാനവും അപൂൎവ്വമായ ഭക്തിയും അഭിനവമായ സ്നെഹവും ഇവളുടെ മനസ്സിൽ അങ്കുരിച്ച ക്രമെണവളരുവാൻ തുടങ്ങിട്ടുണ്ടായിരുന്നു- ഇദ്ദെഹം തന്റെ ഭാഗ്യാതിരെകത്തിന്നധിഷ്ഠാനമായി നില്ക്കുന്ന അച്ചുതമെനൊന്റെ പ്രാണസ്നെഹിതനാണെന്നുള്ള വിശ്വാസം ഇവളുടെമനസ്സിൽ പ്രബലപ്പെട്ടിരിക്കുമ്പൊൾ ഇങ്ങിനെയുള്ള സ്നെഹവും ബഹുമാനവും ഇവളുടെ മനസ്സിൽ തൊന്നീട്ടുള്ളത അത്ര ആശ്ചൎയ്യമല്ല- അഥവാ അത്യന്തം രമണീയങ്ങളായ വസ്തുക്കൾ ജ്ഞാനെന്ദ്രിയങ്ങൾക്ക ഗൊചരങ്ങളായി വരുമ്പൊൾ പ്രകൃതിസിദ്ധമായ ജന്തുധൎമ്മത്തെ അനുസരിച്ച ജനഹൃദയത്തിൽ ആനന്ദം ഉണ്ടായിവരുന്ന പ്രകാരം ഇവളുടെ മനസ്സിലും ആഹ്ലാദം ജനിച്ചിട്ടുള്ളതാണെന്ന വ്യവഹരിച്ച തീൎച്ചപ്പെടുത്തുന്നതായാൽ തന്നെയും അത സ്വാഭാവികമായ മനൊവികാരമാണെന്നുള്ള എകസംഗതികൊണ്ട ആ കാൎയ്യത്തിലും ആശ്ചൎയ്യമുണ്ടെന്ന പറഞ്ഞുകൂടാ- എന്നാൽ മനസ്സിൽ അത്യന്തം സ്നെഹത്തൊടും ഭക്തിയൊടും കൂടി ദൃഢീകരിച്ച വെ

ച്ചിട്ടുള്ള ഒരു വസ്തുവിന്റെ ഗുണോല്ക്കൎഷത്തെപ്പറ്റി അന്ന്യന്മാർ സ്തുതിച്ചപറയുന്നത കെൾപ്പാനൊ ആ വസ്തുവിന്റെ പ്രത്യക്ഷദൎശനം അനുഭവിപ്പാനൊ കെവലം വിരക്തിവരുന്നുണ്ടെങ്കിൽ ആ കാൎയ്യം ആശ്ചൎയ്യമായിട്ടുള്ളത തന്നെയാണ. അതകൊണ്ട കുഞ്ഞിശങ്കരമെനോനെ സ്തുതിച്ച പറയുന്നതിലും അദ്ദെഹത്തെകാണുന്നതിലും ഇവൾക്ക വൈരാഗ്യംവന്നിട്ടുള്ളത വിചാരിക്കുമ്പൊൾ അതിന്ന പ്രത്യെകം വല്ല സംഗതിയും ഉണ്ടെന്ന ഊഹിപ്പാൻ അല്പംവഴിയുണ്ട. എതായാലും ഇവൾ കുറച്ചനെരത്തെക്ക ഇങ്ങിനെ തന്നെനില്ക്കട്ടെ. നാം കുഞ്ഞിശങ്കരമെനൊന്റെ തല്ക്കാലസ്ഥിതിയെ പറ്റിയും തെല്ലൊന്ന പ്രസ്താവിക്കെണ്ടതാണെല്ലൊ.

മീനാക്ഷികുട്ടിയെ കാണെണമെന്നും അവളുടെ രൂപസൌന്ദൎയ്യം തന്റെ കണ്ണിന്നും മനസ്സിന്നും രുചികരമായി തൊന്നുന്നപക്ഷം അവളുടെ സ്നെഹം സമ്പാദിപ്പാൻ തന്നാൽ കഴിയുന്നത്ര പരിശ്രമം ചെയ്യെണമെന്നും നിശ്ചയിച്ചിട്ടാണ ഇദ്ദെഹം മറെറാരു സംഗതിയെ വ്യാജാ മുമ്പിൽ നിൎത്തികൊണ്ട മുമ്പ യാതൊരു പരിചയവും ഇല്ലാത്ത ൟ കനകമംഗലത്തെക്ക ൟ അവസരത്തിൽ തന്റെ സ്നെഹിതനൊടുകൂടി പാടിപുറപ്പെട്ട വന്നിട്ടുള്ളത. ബുദ്ധിവിശെഷവും വിവെകവും ഉള്ള ഇവളുടെ കാന്തിമാധുൎയ്യം അത്യന്തം പരിഷ്കൃതമായ തന്റെ മനസ്സിൽ അനുരാഗം ജനിപ്പിക്കത്തക്കവണ്ണം അത്ര ലളിതമായിരിക്കുമൊ എന്നുള്ള ഒരു വിചാരം മാത്രമെ ഇദ്ദെഹത്തിന്ന ഇങ്ങട്ടുള്ള വഴിയാത്രയിൽ വിശെഷവിധിയായി മനസ്സിൽ ഉണ്ടായിരുന്നുള്ളു. എന്നാൽ കാമുകന്മാരുടെ ഹൃദയമാകുന്ന കാരിരുമ്പിൻ ഖണ്ഡത്തെ ആകൎഷിക്കുവാൻ കെവലം അയസ്കാന്തമായി ഭവിച്ചിട്ടുള്ള ഇവളുടെരൂപം ഇദ്ദെഹത്തിന്റെ നെത്രങ്ങൾക്ക എപ്പൊൾ അമൃതാഞ്ജനമായിതീൎന്നുവൊ അപ്പൊൾ തന്നെ മുഴുവൻ ഭാവത്തിന്നും ഒരു പകച്ചവന്ന പൊയിരിക്കു

നു- ഇവൾ തനിക്കനുരൂപയായി തീരുമൊ എന്നുള്ള വിചാരം പൊയിട്ട താൻ ഇവൾക്കനുരൂപനായിരിക്കുമൊ എന്നുള്ള ചാഞ്ചല്യവും വൈവശ്യവും ഇദ്ദെഹത്തിന്റെ മനസ്സിൽ അങ്കുരിക്കയാണ ചെയ്തിട്ടുള്ളത-തന്റെയും ഇവളുടെയും യൊഗ്യതയെപറ്റി വിചാരിക്കുമ്പൊൾ ഒരു കാകനും കളഹംസിയും തമ്മിലുള്ള അന്തരത്തെകാട്ടിൽ അല്പമെങ്കിലും അധികമല്ലാതെ ഒരുലെശം കുറകയില്ലെന്ന വിചാരിച്ച ഇദ്ദെഹം അസ്വാസ്ഥനായിതീൎന്നു- ഏതായാലും ഇവളുടെ അന്തൎഗ്ഗതം മനസ്സിലാക്കെണമെന്ന വിചാരിച്ച ഇദ്ദെഹം ചില കൌശലങ്ങൾ എടുത്തു പ്രയൊഗിച്ചനൊക്കി. അതൊന്നും അവളുടെ നെരെ ലെശം ഫലിച്ചില്ല- കുഞ്ഞികൃഷ്ണമെനൊനുമായി നിശ്ചയിച്ചിട്ടുള്ള പ്രകാരം ഇവളെ പരീക്ഷിപ്പാൻ സംഗതി വരുന്നപക്ഷം വല്ലവിധെനയും ഇവളുമായി സംസാരിച്ച പരിചയമാകുവാൻ ഇടയുണ്ടാകുമെന്ന വിചാരിച്ച ഒന്നു രണ്ട ദിവസത്തൊളം അത്യാഗ്രഹത്തൊടെ കാത്തുനിന്നു. എന്നാൽ അദ്ദെഹം അതിനെകുറിച്ച പിന്നെ യാതൊന്നും പറയാതിരുന്നതകൊണ്ട അങ്ങട്ടചെന്ന ഓൎമ്മപ്പെടുത്തുന്നതും അനുവാദം ചൊദിക്കുന്നതും ശങ്കാസ്പദവും ഫലനക്ഷയവുമായി വന്നെക്കാമെന്ന വിചാരിച്ച ൟ വിഷയത്തെപ്പറ്റി യാതൊരു പരിശ്രമവും ചെയ്വാൻ ഇദ്ദെഹത്തിന്ന ലെശവും ധൈൎയ്യമുണ്ടായില്ല- കൂടക്കൂടെ തന്റെ മനസ്സിൽ ഇങ്ങിനെ വിചാരിക്കയായി.

ലൊകത്തിൽ അത്യന്തം മനൊഹരങ്ങളായും രമണീയങ്ങളായും ഇരിക്കുന്ന അനവധി വസ്തുക്കൾ ഉണ്ടെങ്കിലും അവയിൽ ചിലത സാദ്ധ്യവും മറ്റു ചിലത അസാദ്ധ്യവും ആണെന്ന നിശ്ചയമാണെല്ലൊ-അസാദ്ധ്യമായ ഒരു വസ്തുവെ കണ്ട ഭ്രമിച്ച കാൎയ്യത്തിന്റെ വൈഷമ്യം യാതൊന്നും ആലൊചിക്കാതെ ആ വസ്തുവിന്നവെണ്ടി ബുദ്ധിമുട്ടുന്നത

വിവെകികളായ മനുഷ്യന്മാൎക്ക അശെഷം ഉചിതമായിട്ടുള്ളതല്ല- വൃഥാ മനൊരാജ്യം വിചാരിച്ച അന്തസ്താപമുണ്ടാക്കീട്ട പ്രയൊജനമെന്താണ- ഇവളുടെ ലാവണ്യാതിശയവും ശിക്ഷാവൈചിത്ര്യവും ബുദ്ധിസാമൎത്ഥ്യവും പ്രഗത്ഭതയും മററും വിചാരിക്കുമ്പൊൾ ഇവൾക്ക എന്റെ മെൽ പ്രെമമുണ്ടാകുമെന്നൊ എനിക്ക അതിന മാത്രം യൊഗ്യതയും ഭാഗ്യവും ഉണ്ടെന്നൊ തൊന്നുന്നില്ല- ഇങ്ങട്ട അല്പമെങ്കിലും പ്രെമമൊ അനുരാഗമൊ ഇല്ലാത്ത സ്ത്രീകളെ കണ്ട ഭ്രമിച്ച അകാലജലദൊദയം കണ്ട ചാതകങ്ങളെപൊലെ അന്ധാളിച്ച ഒടുവിൽ നിരാശപ്പെട്ട വെറുതെ മനസ്സ പുണ്ണാക്കുന്നത കെവലം അന്ധത്വമാണെല്ലൊ. ഇങ്ങിനെയുള്ള തത്വബൊധം ഉണ്ടായിട്ടും എന്റെ മനസ്സിനെ കുറച്ചെങ്കിലും സ്വസ്ഥതയിൽ നിൎത്തുവാൻ പ്രയാസമായി വന്നിട്ടുള്ളത ആശ്ചൎയ്യം തന്നെ.

പ്രഭവതി മനസിവിവെകൊ
വിദുഷാമപി ശാസ്ത്രസംഭവസ്താവൽ
നിപതന്തി ദൃഷ്ടിവിശിഖാ
യാവന്നെന്ദീവരാക്ഷീണാം

എന്ന ശ്രീകൃഷ്ണമിശ്രൻ അഭിപ്രായപ്പെട്ടിട്ടുള്ളത പരമാൎത്ഥമാണെന്ന തൊന്നുന്നു- എന്നാൽ അങ്ങിനെ വിചാരിപ്പാനും ഇവിടെ തരം കാണുന്നില്ല- ഇവളുടെ ദൃഷ്ടിവിശിഖം എന്റെ മെൽ പതിച്ചിട്ടില്ലെല്ലൊ- ദൎശനമാത്രത്താൽ തന്നെ എന്റെ മനസ്സ ഇത്ര അധികം ക്ഷൊഭിച്ചിട്ടുള്ളത വിചാരിക്കുമ്പൊൾ കടാക്ഷാവലൊകനങ്ങൾ ഉണ്ടായിരുന്നാലത്തെ കഥ പറയെണ്ടതെയില്ലെല്ലൊ- ഇവളുടെ രൂപം അത്യന്തം രമണീയമെന്ന ആരാണ സമ്മതിക്കാത്തത. ആശ്ചൎയ്യം തന്നെ.

"കൊണ്ടലിണ്ടലൊടു മണ്ടുമാറു നിറമാണ്ടു നീണ്ട കച
ഭംഗിയും വണ്ടിനൊടു സമമായിരുണ്ടഥ ചുരുണ്ടുനില്ക്കു

മുളകാഭയും- തൊണ്ടി കണ്ടു വെറിപൂണ്ട രണ്ടുബത മ
ണ്ടുമൊരധര ശൊഭയും പണ്ടിവണ്ണമൊരു കണ്ടിവാ
ൎകുഴലിയാൾക്ക കണ്ടതറിവില്ലമെ.'' അത്രയുമല്ല,
മുല്ലബാണനുടെ വില്ലുതൻവിരുതു തല്ലിവെല്ലുവതി
നനഘം മല്ലിടുന്ന കുനു ചില്ലിവല്ലിയഴകാൎന്നമല്ല
നയനങ്ങളും- ഫുല്ലപത്മരുചി മെല്ലവെ കവരുമല്ല
സന്മുഖവുമൊമന പുല്ലുമിദൃശമമാനുഷീക മതിനില്ല
കില്ലൊരണുവൊളവും.

ഇങ്ങിനെ ലൊകവാസികളെ മുഴുവനും അനായാസെന മൊഹിപ്പിച്ച കീഴടക്കുവാൻ അത്യന്തം വിദഗ്ദ്ധമായ ഇവളുടെ രൂപസൌന്ദൎയ്യം കണ്ടിട്ട എന്റെ മനസ്സ ഇങ്ങിനെയുള്ള ചാപല്യവും പാരവശ്യവും ഉണ്ടായത സ്വാഭാവികമായ മനൊധൎമ്മമെന്നല്ലാതെ മറ്റൊന്നും വിചാരിച്ച ആശ്ചൎയ്യപ്പെടാനില്ല. പാരവശ്യത്തിന്നുള്ള കാരണം ഇത്രമാത്രമല്ല.

„അനാഘ്രാതംപുഷ്പം കിസലയമലൂനം കരരുഹൈ
രനാവിദ്ധംരത്നം മധുനവമനാസ്വാദിതരസം
അഖണ്ഡംപുണ്യാനാം ഫലമിവചതദ്രൂപമനഘം
നജാനെ ഭൊക്താരം കമിഹസമുപസ്ഥാസ്യതിവിധിഃ''.

ൟയൊരു വിചാരമാണ എനിക്ക ദുസ്സഹമായ മനൊവെദനയെ ഉണ്ടാക്കി തീൎക്കുന്നത. ഏതൊ ഒരു സുകൃതശാലിയായ പുരുഷനെ ദൈവം ഇവൾക്ക വെണ്ടി അത്യന്തം പണിപ്പെട്ട സൃഷ്ടിച്ചു വെച്ചിട്ടുണ്ട- ആ പുണ്യവാന്റെ അനുഭൊഗസാധകമായ ൟ കാന്തിവിശെഷം മന്ദഭാഗ്യനായ എനിക്ക അനുഭവിപ്പാൻ കിട്ടെണമെന്ന വിചാരിക്കുന്നത കെവലം ദുൎമ്മൊഹശക്തിയും ഭൊഷത്വവും മാത്രമാണ- അതകൊണ്ട എനി കഴിയുന്ന വെഗത്തിൽ ഇവിടെ നിന്ന പൊയ്ക്കളവാൻ നൊക്കുന്നതാണ കുറെ ഭെദം- ഇവളെ ലഭിക്കത്തക്ക യൊഗ്യതയിൽ ഏതാനൊരംശംപൊലും എനിക്കുണ്ടെന്ന തൊന്നുന്നില്ല- എങ്കിലും ദൈവം എനി

ക്കതിരെ പ്രതികൂലമില്ലാത്തപക്ഷം ഇവളെ കണ്ടപ്പൊൾ തുടങ്ങി എന്റെ മനസ്സിൽ അങ്കുരിച്ചു വളരുന്ന പ്രകാരം തന്നെ അല്പമായ പ്രെമം ഇവളുടെ മനസ്സിലും ഉണ്ടാവാൻ പാടില്ലെന്നില്ലല്ലൊ- അങ്ങിനെ വരുന്നതായാൽ എന്റെ മനൊരഥ പ്രാപ്തിക്ക എന്താണിത്രയൊക്ക വൈഷമ്യം വിചാരിപ്പാനുള്ളത- ഞങ്ങൾ രണ്ടുപെൎക്കും അന്യൊന്യം പ്രെമമുണ്ടെന്ന കണ്ടാൽ ഇവളുടെ രക്ഷിതാക്കന്മാരായ പുരുഷന്മാരാരും അതിന്ന വിരൊധമായി പ്രവൃത്തിക്കുന്നവരല്ല- മറ്റുള്ളവരുടെ വിരൊധമാകട്ടെ സമ്മതമാകട്ടെ പിന്നെ ഈ കാൎയ്യത്തിൽ അത്ര കൂട്ടാക്കെണ്ടുന്ന ആവശ്യവും ഇല്ല- ഊരാളരുടെ സമ്മതം കിട്ടിയാൽ ശാന്തിക്കാരന്റെയും കഴകക്കാരന്റെയും വിരൊധം ആരെങ്കിലും കണക്കിൽ വെച്ചു വരാറുണ്ടൊ- അതുകൊണ്ട ഇവളുടെ സ്നെഹം ഈ അവസരത്തിൽ തന്നെ വല്ല വിധെനയും സമ്പാദിപ്പാൻ കഴിയുമൊ എന്ന പരീക്ഷിച്ചു നൊക്കണം. സാധിക്കുമെങ്കിൽ സാധിക്കട്ടെ അല്ലെങ്കിൽ പൊട്ടെ- ഇത അകൃത്യമായ ഒരു കാൎയ്യമല്ലല്ലൊ.

മീനാക്ഷികുട്ടിയെ കണ്ട മുതല്ക്ക ഇങ്ങിനെയുള്ള പല വിചാരങ്ങൾക്കും മനൊരാജ്യത്തിന്നും കുഞ്ഞിശ്ശങ്കരമെനൊന്റെ തരുണമായ ഹൃദയം തരപ്പെട്ട ഒരു സങ്കെതമായി ഭവിക്കയാണ ചെയ്തിട്ടുള്ളത- എങ്കിലും അവയിൽ അണുമാത്രം പൊലും അന്യന്മാൎക്ക മനസ്സിലാകുവാൻ അശെഷം സംഗതി വന്നില്ല- ഇദ്ദെഹം ആ വക യാതൊരു വിചാരത്തെയും പുറത്തെക്ക കടപ്പാൻ അനുവദിക്കാതെ ധൈൎയ്യമാകും ശൃംഖലയാൽ ഏറ്റവും ദൃഢമായി ബന്ധിച്ചു തന്റെ ഹൃദയമാകുന്ന പഞ്ജരത്തിൽ ഇട്ട അടച്ചു പൂട്ടി പുറമെ എല്ലായ്പൊഴും പ്രസന്നഭാവം പൂണ്ട സമുദ്രംപൊലെ ഗംഭീരസ്വഭാവനായിട്ട പുത്തന്മാളികക്കൽ ഒരു വിധെന സുഖമായിട്ട തന്നെ രണ്ടുമൂന്ന ദിവസം പാൎത്തു. താൻ വന്നിട്ട

ള്ളതിന്റെ മൂന്നാമത്തെ ദിവസം ഏകദെശം നാലുമണിസമയം കരുണാകരൻ നമ്പ്യാരൊടും അച്ചുതമെനൊനൊടും കൂടി ചുററുമുള്ള പ്രദെശങ്ങൾ കാണ്മാൻവെണ്ടി പുറപ്പെട്ടുപൊയി- കനകമംഗലം കൊവിലകം, അതിന്റെ കിഴക്കെ ഭാഗമുള്ള വിഷ്ണുക്ഷെത്രം, അങ്ങാടി, ചന്തസ്ഥലം, സബ്ബറജിസ്ത്രാഫീസ്സ, മുതലായ പല എടുപ്പുകളും, സ്ഥലങ്ങളും കാഴ്ചകളും മററും കണ്ടു അന്യൊന്യം പല വിനൊദവാക്കുകളും പറഞ്ഞു സന്തൊഷിച്ചുംകൊണ്ടു മടങ്ങി പുത്തൻമാളികക്കൽ എത്തുമ്പൊഴെക്ക മണി ഏഴടിക്കുന്നതു കെട്ടു- മൂന്നുപെരും കൂടി വന്നു മുററത്തിറങ്ങിയ ക്ഷണത്തിൽ തന്നെ കുഞ്ഞിശ്ശങ്കരമെനൊന്റെ മനസ്സിൽ അപൂൎവ്വമായ ആനന്ദം ജനിച്ചുതുടങ്ങി- അകത്തു നിന്നു തംബുരുശ്രുതി കൂട്ടുന്നപ്രകാരം തൊന്നി. എല്ലാവരും വെഗത്തിൽ വന്നു കിഴക്കെ തളത്തിലെക്ക കടന്നു. അവിടെ അപ്പൊൾ രണ്ടു ഭാഗവതരന്മാർ നിലത്തു വിരിച്ചിട്ടുള്ള പുല്ലുപായിൽ പടിഞ്ഞാറൊട്ടു തിരിഞ്ഞും കുഞ്ഞികൃഷ്ണമെനൊനും ഗൊപാലമെനൊനും കൂടി ഭാഗവതരന്മാരുടെ മുൻഭാഗം പടിഞ്ഞാറെ ചുമരിനരികെ ഒരു പുല്ലുപായിൽ കിഴക്കൊട്ടു തിരിഞ്ഞും മീനാക്ഷികുട്ടി ഇവരുടെ വലഭാഗം പാടാനുള്ള ഒരുക്കത്തൊടു കൂടി വടക്കൊട്ടു തിരിഞ്ഞും ഇരിക്കയായിരുന്നു- ഇവൾക്കു സഹായമായിട്ടു ലക്ഷ്മി അമ്മയും കൂടി അരികത്തു ഇരിക്കുന്നുണ്ടു- രാമുകുട്ടിമെനൊൻ അന്നു രാവിലെ തന്നെ പൊയിട്ടുണ്ടായിരുന്നതു കൊണ്ടു ഈ വിനൊദത്തിൽ പെരുവാൻ അദ്ദെഹത്തിന്നു കഴിഞ്ഞിട്ടുണ്ടായിരുന്നില്ല- രണ്ടു ഭാഗവതരന്മാരുണ്ടെന്നു പറഞ്ഞിട്ടുള്ളതിൽ ഒരാൾ ഇവിടെ സംഗീതം അഭ്യസിപ്പിച്ചു പാൎക്കുന്നാളും മറെറയാൾ അദ്ദെഹത്തിന്റെ ഒരു സംബന്ധത്തിൽ പെട്ടാളും ആയിരുന്നു- കുഞ്ഞിശ്ശങ്കരമെനൊനും മററും കടന്നു വന്നു ഉടനെ അടുക്കെ വിരിച്ചുവെച്ചിട്ടുള്ള പുല്ലുപായിൽ ഇരിപ്പാൻ വെണ്ടി കുഞ്ഞികൃ

ണ്ണമെന്നൊൻ ചിരിച്ചുംകൊണ്ട ആംഗ്യംകാട്ടി- അതുപ്ര കാരം അവർ ഇരുന്നു കഴിഞ്ഞതിൽപിന്നെ അന്യോന്യം അല്പമായ സംഭാഷണം ഉണ്ടായി.

ക-കൃമെ—നിങ്ങാം മടങ്ങി എത്താൻ താമസിച്ചതകൊണ്ടാ ണ ഞങ്ങാം ഇതവരെ പാട്ടിന്ന ആരംഭിക്കാഞ്ഞത- വന്നിട്ടാവാം എന്നു വിചാരിച്ച നിങ്ങളെ കാത്തും കൊണ്ടിരിക്കയാണ- എന്തായിരുന്നു ഇത്ര അധികം താമസം?.

ക-ശ-മെ—പറയത്തക്കവണ്ണം ഒന്നും ഉണ്ടായിരുന്നില്ല- ഈ ദിക്കിലുള്ള ചില വിശെഷസ്ഥലങ്ങളും എടപ്പുകളും നടന്ന കാണ്മാൻ വെണ്ടി ഇത്തിരി താമസിച്ചു.

ഗൊ-മെ—ഈ പ്രദെശം കുഞ്ഞിശ്ശങ്കരമെന്നൊന എത്രൊ ണ്ടബൊധിച്ചു? നിങ്ങാംക്കാക്കം ഞങ്ങളുടെ ഈ വക ഉാംരാജ്യം അശെഷം രസമാവില്ല.

ക-ശ-മെ—ഇത വളരെ കൌതുകമുള്ള ഒരു പ്രദെശം ത ന്നെ- പട്ടണങ്ങളിൽ അധികമായി പരിചയിച്ച വ ന്നിട്ടുള്ള ചിലക്ക നാട്ടുപുറം അത്ര രസമായി തൊ ന്നുകയില്ലെങ്കിലും ഈ പ്രദെശം ബൊദ്ധ്യമാവാത്ത ആളുകാം ഇല്ലെന്നാണ എനിക്ക തൊന്നുന്നത- ഇ തിന്നു പട്ടണത്തിൻെറ എതാണ്ട എല്ലാ ലക്ഷണങ്ങ ളും ഉണ്ട- കെവലം ഒരു നാട്ടുപുറമാണെന്ന ഒരിക്ക ലും പറഞ്ഞുകൂടാ.

ക-ന—എനിക്ക പട്ടണത്തെക്കാാം അധികം ബൊധിച്ചി ട്ടുള്ളത ഉാംരാജ്യമാണ- പട്ടണത്തിൽ പാക്കുന്നത എ നിക്ക ബഹു സുഖക്കെടായിട്ടാണ തൊന്നിയത.

ക-ശ-മെ—അത ഉാംരാജ്യത്തൊടുള്ള അതിസ്നെഹംകൊണ്ടാ യിരിക്കണം- പരമാത്ഥം പറയുന്നതായാൽ പട്ടണങ്ങ ളിലുള്ള സുഖവും സൌകയ്യവും നാട്ടുപുറങ്ങളിൽ ഒരി ക്കലും സിദ്ധിക്കയില്ലെന്നാണ എൻെറ വിശ്വാസം.

ക-ന—(ചിരിച്ചുംകൊണ്ട) ആ പട്ടണത്തിൽ അധികം താമസിച്ചിട്ടുള്ളതകൊണ്ട തൊന്നിപ്പോയതായിരിക്ക ണം എന്ന എനിക്കം പറയാവുന്നതല്ലെ? വാസ്തവം പറകയാണെങ്കിൽ ഞാൻ പറഞ്ഞിട്ടുള്ളതാണ ശരി.

ക-കൃ-മെ—ഈ വിഷയത്തെപ്പറ്റി നാം പലപ്പൊഴും പ ല ദിക്കിൽ നിന്നും സംസാരിച്ചു വന്നിട്ടുള്ളതല്ലെ- പി ഷ്ടപെഷണം ചെയ്യുന്നതുകൊണ്ട എന്താണ പ്രയൊ ജനം.

ക-ശ-മെ—ഈ കാൎയ്യത്തെപ്പറ്റി ആക്ഷെപിപ്പാൻ ഇപ്പൊ ൾ എതായാലും ഭാവമില്ല- പാട്ട കെൾപ്പാൻ ഇരി ക്കുന്നതിന്റെ മദ്ധ്യെ ഇതിനെപ്പറ്റി ഇത്രൊടം സം സാരിച്ചത തന്നെ ഭംഗിയായിട്ടില്ല.

ഇവർ ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയി ൽ മീനാക്ഷിക്കുട്ടിയുടെ ഗുരുനാഥനായ ഹരിഹര ഭാഗവ തര തംബുരു ശ്രുതികൂട്ടി മീനാക്ഷിക്കുട്ടിയുടെ മുമ്പിൽ വെ ച്ചുകൊടുത്തു- പാട്ടിൽ അത്യുത്സാഹവും ശ്രുഷ്ഠാന്തിയും ഉ ള്ള ഇവൾക്ക ഇന്ന വളരെ വിരക്തിയും സുഖക്കെടും ഉള്ള പ്രകാരമാണ കാണുന്നത-പാടുവാൻ വെണ്ടി വിളിച്ചപ്പൊ ൾ തന്നെ അല്പം ഉപെക്ഷ പറഞ്ഞിട്ടുണ്ടായിരുന്നു- അത കുഞ്ഞികൃഷ്ണമെനൊൻ സമ്മതിക്കാഞ്ഞതകൊണ്ട ഒരുവി ധെന വന്ന ഇരുന്നതാണ- ഇപ്പൊൾ കുഞ്ഞിശ്ശങ്കരമെ നൊന്റെ മുമ്പിലിരുന്ന പാടുന്നതിൽ ഇവൾക്ക സാമാന്യ ത്തിലധികം മടിയും ലജ്ജയും ഉണ്ടായി- വയററിൽ വെദ നയാണെന്നൊ തലവെദനയാണെന്നൊ മറെറാ പറഞ്ഞു എഴുനീററു പൊയ്ക്കളവാൻ ഭാവിച്ചു- എങ്കിലും കുഞ്ഞികൃഷ്ണ മെനൊൻ അടുക്കെയുള്ളതകൊണ്ട അതിനൊന്നും നിവൃ ത്തിയില്ലെന്നും കളവും ചതിയും കഴിയുന്നെടത്തൊളം കാ ട്ടാതെ ഇരിക്കെണ്ടതാണെന്നും നിശ്ചയിച്ചു ധൈൎയ്യക്ഷയ വും ശങ്കയും കൂടാതെ ഇവൾ തന്റെ വാസനാസാമൎത്ഥ്യ

ങ്ങളെ പ്രാപ്തിക്കുതക്കപ്രകാരം പ്രകാശിപ്പിച്ചു തുടങ്ങി- ഭാഗവതന്മാരുടെ സഹായത്തോടുകൂടി ഇവൾ ഏകദേശം ഒരു മണിക്കൂറനേരം പാടി- എല്ലാവൎക്കും ബഹു രസം തോന്നി- എങ്കിലും ഇവളുടെ സാധകവും അഭ്യാസ ശിക്ഷയും ഗ്രഹണ ശക്തിയും കണ്ടിട്ടു കുഞ്ഞിശ്ശങ്കരമേനോനുണ്ടായ സന്തോഷവും ആദരവും ഇത്രയാണെന്നു പറവാൻ എന്നാൽ കേവലം പ്രയാസം തന്നെ- "പാട്ടു നില്ക്കട്ടെ- എനി ഫിഡിൽ വായന ഇത്തിരി കേട്ടാൽ വേണ്ടില്ല" എന്നിങ്ങിനെ ഈ മനുഷ്യൻ തിരക്കു കൂട്ടിത്തുടങ്ങി- ഇദ്ദേഹത്തിന്നു സംഗീതത്തിൽ വല്ലാത്ത ഭ്രമമുണ്ടെന്നു എല്ലാവൎക്കും ബോദ്ധ്യമായി- ഫിഡിൽ വായിപ്പാൻ തനിക്കു അശേഷം ശീലമില്ലെന്നു ഇവൾ ഒന്നുരണ്ടു പ്രാവശ്യം കുഞ്ഞികൃഷ്ണമെനോനോട പറഞ്ഞുനോക്കി- അതൊന്നും ആദ്ദേഹം സമ്മതിക്കാഞ്ഞതിനാൽ ഒടുക്കം ഇവൾ ഫിഡിൽ എടുത്തു കുറെശ്ശ വായിച്ചു തുടങ്ങി-എന്നാൽ ഈ ഫിഡിൽ വളരെ പഴക്കമുള്ളതും വെടിപ്പുകെട്ടതും ആക കൊണ്ടു തന്റെ സാമൎത്ഥ്യം ഹിതാനുസരണം അതിന്മെൽ പ്രയൊഗിച്ചു കാണിപ്പാൻ ഇവൾ വല്ലാതെ ബുദ്ധിമുട്ടി- ഇവളുടെ നൈരാശ്യവും ബുദ്ധിക്ഷയവും കണ്ടിട്ടു കുഞ്ഞിശ്ശങ്കരമെനോൻ അവിടെ നിന്നു എഴുനീറ്റു തന്റെ പെട്ടി പൊയിതുറന്നു അതിൽ നിന്നു അത്യന്തം മെത്തരമായ ഒരു പുതിയ ഫിഡിൽ എടുത്തു കൊണ്ടുവന്നു താൻതന്നെ അതു വിശെഷമായി തന്ത്രിമുറുക്കി ശ്രുതികൂട്ടി നൊക്കി മീനാക്ഷിക്കുട്ടിയുടെ മുമ്പിൽ വെച്ചു കൊടുത്തിട്ടു ഇങ്ങിനെ പറഞ്ഞു- ആ ഫിഡിലിന്നു പെൻഷ്യൻ കൊടുത്തു പിരിക്കെണ്ടുന്നകാലം ആയിരിക്കുന്നു- വാൎദ്ധക്യം നിമിത്തം അതിന്റെ മുഖത്തു നിന്നു യാതൊരു ശബ്ദവും വിചാരിച്ചവണ്ണം പുറത്തെക്കു വന്നു കാണുന്നില്ല- ഒരു പ്രവൃത്തിയുടെ ഗുണം ശരിയായി കാണിക്കെണമെന്നുണ്ടെങ്കിൽ പ്രവൃത്തിപ്പാനുള്ള സാധനവും കുറെ

നന്നായിരിക്കണം- എന്നാൽ ഇതിന്ന പഴക്കമൊ കെടൊ യാതൊന്നും ഇല്ല- ഇയ്യിടയിൽ കൽക്കത്തായിൽ നിന്ന പു തുതായി വരുത്തിയതാണ- കുഞ്ഞിശ്ശങ്കരമെനൊന സംഗീ തത്തിലും ഫിഡിലിലും പരിചയമുണ്ടെന്ന അച്ഛതമെനൊ ൻ ഒഴികെ ആരും ധരിച്ചിട്ടുണ്ടായിരുന്നില്ല- അദ്ദെഹം ഫി ഡിൽ എടുത്ത കൊണ്ട വന്ന ശ്രുതി കൂട്ടുന്നതിൽ കാണിച്ച വെഗതയും സാമൎത്ഥ്യവും കണ്ടിട്ട ഭാഗവതരന്മാർ വളരെ അത്ഭുതപ്പെട്ടു-ഈ വെലകൊണ്ട വളരെകാലമായിട്ട ഉപജീ വനം കഴിച്ചു വരുന്ന ഹരിഹര ഭാഗവതൎക്കും കൂടി ഇത്രവെ ഗതയില്ല- മീനാക്ഷിക്കുട്ടിയുടെ മനസ്സിൽ സന്തൊഷം, സ്നെ ഹം, ബഹുമാനം, വിസ്മയം, ഇങ്ങിനെയുള്ള പല മനൊവി കാരങ്ങളും ഒരുമിച്ചുണ്ടായി- ഉള്ളിൽ നിറഞ്ഞു പുറമെ തുളു മ്പുന്ന മന്ദാക്ഷപ്രെമങ്ങളൊട്ട കൂടി ഇവൾ ഫിഡിൽ എടു ത്തു ഇടത്തെക്കയ്യിലും ചുമലിലും മാറത്തുമായി ചെൎത്തു വായിപ്പാൻ നൊക്കിയപ്പൊൾ ശരീരം ആ സകലം രൊ മാഞ്ചം നിറഞ്ഞു- അകൃതങ്ങളായ ചില വികാരങ്ങൾ ഇ വൾ അറിയാതെ തന്നെ പുറത്തെക്ക വന്നു തുടങ്ങി- എങ്കി ലും എകദെശം അരമണിക്കൂറനെരം ഇവൾ അത്യന്തം മ ധുരമായും മനൊഹരമായും ഫിഡിൽ വായിച്ചതിൽ പി ന്നെ തന്റെ അരികിൽ ഇരിക്കുന്ന ലക്ഷ്മി അമ്മയുടെ ക ൎണ്ണത്തിൽ ചിലതെല്ലാം മന്ത്രിച്ചു- ഇവളുടെ മനൊവിചാ രം ഇന്നതാണെന്ന അപ്പൊൾ കുഞ്ഞികൃഷ്ണമെനൊന മ നസ്സിലായി- അദ്ദെഹം കുഞ്ഞിശ്ശങ്കരമെനൊന്റെ മുഖ ത്ത നൊക്കി മന്ദസ്മിതത്തൊടെ ഇപ്രകാരം പറഞ്ഞു.

കു-കൃ-മെ—താങ്കൾക്ക സംഗീതത്തിലും നല്ല പരിചയമു ണ്ടെന്നാണ എന്റെ വിശ്വാസം- താങ്കളുടെ പാട്ടും ഫിഡിൽവായനയും കെൾപ്പാൻ എല്ലാവൎക്കും വള രെമൊഹമുണ്ട-അതകൊണ്ട ഇനി അല്പനെരം താങ്ക ളുടെവകയാട്ടെ.

ക-ശ-മെ—എനിക്ക പാടാനും മററും അശെഷം ശീലമി ല്ല- ഫിഡിൽ എടുത്ത ശ്രുതി കൂട്ടാനും അല്പം ചില ത ഇംക്ലീഷ സമ്പ്രദായത്തിൽ വായിപ്പാനും ശീലിച്ച തെയുള്ളു- അറിയുന്നത പ്രയൊഗിക്കുന്ന കാൎയ്യത്തിൽ എനിക്ക മടിയും ഇല്ല.

ലക്ഷ്മിഅമ്മ—ഇംക്ലീഷമട്ടിൽ ഫിഡിൽ വായിക്കുന്നതും പാ ടുന്നതും ഞാൻ ഇതവരെ കെട്ടിട്ടില്ല- വളരെ രസമു ണ്ടെന്ന ചിലർ പറയുന്നത മാത്രം കെട്ടിട്ടുണ്ട- ഇത്തി രി കെൾക്കെണ്ടത തന്നെയായിരുന്നു.

അച്യുതമെനൊൻ—(ചിരിച്ചുംകൊണ്ട) അമ്മ ഇംക്ലീഷ പാട്ട കെൾക്കാത്തത അശ്ചൎയ്യമല്ലെല്ലൊ- ഇംക്ലീഷ കാരെ കാണാത്തവർതന്നെ ഈ ദിക്കിൽ എത്ര പെ രുണ്ട? വെള്ളക്കാൎക്ക വാലുണ്ടെന്നും മററമല്ലെ മിക്ക തും നാട്ടുകാർ മനസ്സിലാക്കി വെച്ചിട്ടുള്ളത?

ക-കൃ-മെ—നാട്ടുപുറങ്ങളിലുള്ള വിഡ്ഢിത്വം പറഞ്ഞാലവ സാനമില്ല- ഞാൻ ഒരു രണ്ടു സംവത്സരംമുമ്പെ ഒരു ജമാവന്തി കാൎയ്യത്തിൽ ഒരു ഭൂമി നൊക്കുവാൻ വെണ്ടി പൊയിട്ടുണ്ടായിരുന്നു- വണ്ടിയിൽ കയറി ഒരു ഉൾ നാട്ടിൽ കൂടി കടന്നുപൊകുമ്പൊൾ ചില സ്ത്രീകൾ ആ വഴിക്ക വരികയായിരുന്നു- വണ്ടി മുമ്പെ കാണാ ത്ത കൂട്ടരാണ- "കാളകൾ വലിച്ചുകൊണ്ട നടക്കുന്ന ഈ മാതിരി പുര ഞാൻ ഇന്നാണ എന്റെ കണ്ണുകൊ ണ്ട കണ്ടത" എന്നിങ്ങിനെ ആ കൂട്ടത്തിൽ നിന്ന ഒ രുത്തി ആശ്ചൎയ്യത്തൊടെ പറയുന്നത കെൾക്കയുണ്ടാ യി- അതകൊണ്ട വെള്ളക്കാൎക്ക വാലുണ്ടെന്നൊ കൊ മ്പുണ്ടെന്നൊ മററൊ നാട്ടുപുറത്തുള്ളവർ പറയുന്ന തിൽ അത്ഭുതം വിചാരിക്കാനില്ല.

അ-മെ—വണ്ടി കാണാത്ത വകക്കാരും ഉണ്ടൊ നാട്ടുപുറ ങ്ങളിൽ? ആശ്ചൎയ്യം തന്നെ.

ലക്ഷ്മിഅമ്മ—ഇതൊന്നും പരിഹസിക്കേണമെന്നില്ല- അകത്തനിന്ന പുറത്ത കടപ്പാൻ സ്വാതന്ത്ര്യമില്ലാത്ത ഞങ്ങൾ വണ്ടി കാണുന്നതും ഇംക്ലീഷ പാട്ട കെൾക്കുന്നതും എങ്ങിനെയാണ? ഏതായാലും കുഞ്ഞിശ്ശങ്കരമെനൊൻെറ പാട്ട ഇത്തിരി കെട്ടെ കഴിയൂ.

കു-ശ-മെ—എൻെറ ഫിഡിൽ വായന കെട്ടാൽ എനി ഫിഡിൽവായന കെൾപ്പാനെ താല്പൎയ്യമുണ്ടാകില്ല- അത്ര വിശെഷമാണ- എങ്കിലും അറിയുന്നത ഞാൻ കെൾപ്പിക്കാം.

എന്ന പറഞ്ഞു മീനാക്ഷിക്കുട്ടിയുടെ മുമ്പിൽ ഉണ്ടായിരുന്ന പഴയ ഫിഡിൽ എന്തിയെടുത്ത രണ്ടാമത നല്ലവണ്ണം ശ്രുതികൂട്ടി ഭംഗിവരുത്തി കണ്ണുകൊണ്ടും മുഖംകൊണ്ടും കഴുത്തുകൊണ്ടും യാതൊരു ഗൊഷ്ഠിയും കാട്ടാതെ അതിമനൊഹരമായി പല രാഗങ്ങളും അതാതിൻെറ നിയമപ്രകാരം ആലാപിച്ച ഏകദെശം ഒരു മുക്കാൽ മണിക്കൂറനെരം ഫിഡിൽ വായിച്ചു- അവിടെ കൂടിയിരുന്ന സ്ത്രീപുരുഷന്മാരെല്ലാവരും അത്യന്തം വിസ്മയിച്ച നിമെഷരഹിതന്മാരും നിശ്ചഞ്ചലന്മാരുമായി ഇദ്ദെഹത്തിൻെറ വായനയിൽ ലയിച്ച തന്നെത്താൻ മറന്നുപൊയി "എൻെറ ഫിഡിൽ വായനകെട്ടാൽ എനിമെൽ ഫിഡിൽ വായനകെൾപ്പാൻ മനസ്സുണ്ടാകില്ല" എന്ന ഇദ്ദെഹം പറഞ്ഞിട്ടുള്ളതയഥാൎത്ഥമാണെന്ന എല്ലാവൎക്കും ഒരുപൊലെ അഭിപ്രായമായി. ഭാഗവതരന്മാരുടെ മനസ്സിൽ അധികമായ ആദരവും അല്പമായ അസൂയാഭാവവും മുഖത്ത അത്യന്തം ലജ്ജയും നിറഞ്ഞു- "ഇദ്ദെഹം ഉള്ളടിക്കിൽ ഇരുന്ന ഫിഡിൽ വായിച്ചു- യൊഗ്യതലഭിപ്പാൻ സാമാന്യക്കാരാരും എനിമെൽമൊഹിക്കെണ്ട" എന്നിങ്ങിനെ മനസ്സിൽ വിചാരിച്ച വിഷണ്ഡന്മാരായിതീൎന്നു- മീനാക്ഷിക്കുട്ടിക്ക ആകപ്പാടെ ഒരു പരിഭ്രമമാണുണ്ടായത- "ഇദ്ദെഹം നാളയൊ മററന്നാളൊ ഇ

വിടെനിന്നു പൊയ്ക്കുളയുമല്ലൊ? പത്തുദിവസം കൂടി ഇവി
ടെ താമസിച്ചാൽ വെണ്ടിയില്ലയായിരുന്നു'' എന്നിങ്ങിനെ
യുള്ള ചിന്തകലശലായിത്തുടങ്ങി- കുഞ്ഞിശ്ശങ്കരമെനൊൻ
ഫിഡിൽ വായനയിൽ നിന്നു വിരമിച്ചു ഫിഡിൽ താൻ
എടുത്ത ദിക്കിൽതന്നെ വെച്ചു ചിരിച്ചുംകൊണ്ടു പറഞ്ഞു-
''ഈപഴയ ഫിഡിൽ അല്ലയായിരുന്നുവെങ്കിൽ ഇതിലുംഇ
ത്തിരി ഭെദമായിട്ടു വായിക്കാമായിരുന്നു- എനിക്ക ഇത്തൊ
ക്കെശീലമുള്ളു- ഈ വിദ്യയിൽ പ്രത്യെകിച്ചു പരിശ്രമം ചെ
യ്യാത്തതകൊണ്ടു വാലും തലയും കൂടാതെ ചിലതെല്ലാം ഞാ
നും കാട്ടികൂട്ടിയെന്നു മാത്രമെയുള്ളു''- ഇദ്ദെഹത്തിൻെറ ഇ
പ്രകാരമുള്ള വാക്കുകൾകെട്ടിട്ടു എല്ലാവൎക്കും വലിയബഹുമാ
നം തൊന്നി- പാട്ടു അവസാനിച്ചു ഉടനെ മീനാക്ഷിക്കുട്ടി
തൻെറ കയ്യിൽ ഉണ്ടായിരുന്ന പുതിയ ഫിഡിൽ കുഞ്ഞി
ശ്ശങ്കരമെനൊൻെറ മുമ്പാകെ വെപ്പാൻ ഭാവിച്ചപ്പൊൾ
അദ്ദെഹം ഇങ്ങിനെ പറഞ്ഞു. ''കുട്ടികൾക്ക തങ്ങളുടെ വി
ദ്യാഭ്യാസത്തിൽ അത്യുത്സാഹവും സന്തൊഷവും ജനിക്കെ
ണ്ടതിന്നു വല്ലതും സമ്മാനം കൊടുക്കെണ്ടത യുക്തമാക
കൊണ്ടു ഈ ഫിഡിൽ നന്ദിപൂൎവ്വം ഞാൻ സമ്മാനമായി
തന്നിട്ടുള്ളതാണ- തിരികെ സ്വീകരിക്കുന്നത എനിക്ക വള
രെ കുറവായുള്ള ഒരു കാൎയ്യമാണ'' മീനാക്ഷിക്കുട്ടി ഇത കെ
ട്ടപ്പൊൾ തൻെറ അച്ഛൻെറയും അമ്മയുടെയും ഭാവം എ
ന്താണെന്നറിവാൻ വെണ്ടി അവരുടെ മുഖത്ത ഔത്സുക്യ
ത്തൊടെ നൊക്കി- അപ്പൊൾ കുഞ്ഞികൃഷ്ണമെനൊന ഇ
വളുടെ അന്തൎഗ്ഗതം മനസ്സിലായി- അദ്ദെഹം ചിരിച്ചും
കൊണ്ടു പറഞ്ഞു- ''സ്നെഹജനം തരുന്നതിനെ വാങ്ങുന്ന
തിന്നു യാതൊരു വിരൊധവുംഇല്ല- തിരികെ സ്വീകരിക്കുന്ന
ത കുറവാണെന്നല്ലെ കുഞ്ഞിശ്ശങ്കരമെനൊൻ പറയുന്നത-
മകളെ! നീ നിമിത്തം അദ്ദെഹത്തിന്നു യാതൊരു കുറവും
വെണ്ട- അദ്ദെഹത്തിൻെറ ഔദാൎയ്യത്തിന്നു നന്ദിപറഞ്ഞു

ഫിഡിൽ നീ തന്നെ എടുത്തുകൊാകൈ- അദ്ദേഹം ഇനിയൊരിക്കൽ വരുന്ന സമയം ഫിഡിൽ വായനയിൽ നീ അത്യുത്സാഹം കാണിച്ചിട്ടുണ്ടെന്ന ബൊദ്ധ്യം വരുത്തണം" മീനാക്ഷിക്കുട്ടി കുഞ്ഞിശ്ശങ്കരമെനൊൻെറ മുഖത്തൊനൊക്കി മന്ദാക്ഷമധുരമായി പതുക്കെ നന്ദി പറഞ്ഞു- ഫിഡിൽ തൻെറ അമ്മയുടെ കയ്യിൽ കൊടുത്തു അവിടെനിന്ന എഴുനീററ രണ്ടാമതും കുഞ്ഞിശ്ശങ്കരമെനൊനെ ഒന്ന കടാക്ഷിച്ചു ലക്ഷ്മിയമ്മയൊടും കൂടി അകത്തെക്ക കടന്നു പൊയി- കുഞ്ഞിശങ്കരമെനൊൻെറ മനസ്സിൽ ഇത മുതൽ അല്പമായ സമാധാനവും ഉന്മെഷവും ധൈയ്യവും ഉണ്ടായി- താൻ കെവലം നിർഭാഗ്യനല്ലെന്ന വിചാരിച്ചു സന്തൊഷിപ്പാൻ തുടങ്ങി.

## പതിനഞ്ചാം അദ്ധ്യായം.

"കുഞ്ഞിശ്ശങ്കരമേനോന്റെ പ്രതിഗമനവും മീനാക്ഷിക്കുട്ടി മീനാക്ഷിയായതും".

പാട്ടും ഫിഡിൽവായനയും കഴിഞ്ഞതിന്റെ പിറെറന്നാൾ രാവിലെ ലക്ഷ്മിഅമ്മയും തന്റെ സഹോദരിമാരും കൂടി പുത്തൻമാളികയ്ക്കലെ വടക്കെ ഭാഗമുള്ള വരാന്തയിൽ വെച്ചു അല്പമായ ഒരു സംഭാഷണം ഉണ്ടായി. ഇവർ പറയുന്നത ഏകദേശം കേൾക്കത്തക്ക വിധത്തിൽ ഇവരുടെ ഏതാണ്ട സമീപത്തിൽ തന്നെ മീനാക്ഷിക്കുട്ടിയും ഉണ്ടായിരുന്നു- എങ്കിലും ഇവർ സംസാരിച്ചു കൊണ്ടിരിക്കുന്ന വിഷയത്തിൽ തനിക്ക ലേശംപോലും കൌതുകമൊ ശ്രദ്ധയൊ ഇല്ലെന്നുള്ള നാട്യത്തോടെ ഇവൾ കൊച്ചുലക്ഷ്മിയെ വിളിച്ചു തന്റെ അരികത്തിരുത്തി "പന-നന-പല-പാല" എന്നിങ്ങിനെ ഒരു കല്ലുകമെൽ എഴുതി അവളെക്കൊണ്ട ചൊല്ലിച്ചും നൊക്കി എഴുതിച്ചും കൂടക്കൂടെ ഓരോന്ന ചോദിച്ചും അവളെ ഉല്ലസിപ്പിച്ചുംകൊണ്ട അവിടെ കുത്തിരുന്നു- എന്നാൽ ഇവളുടെ കണ്ണുകൾ മാത്രമെ കൊച്ചുലക്ഷ്മിയുടെ അരികത്തുണ്ടായിരുന്നുള്ളു- ചെവികളും മനസ്സും മുഴുവൻ ശ്രദ്ധയും മറെറവരുടെ സംഭാഷണ ഗ്രഹണത്തിലെക്ക നെററവെക്കയാണ ചെയ്തിട്ടുള്ളത-അതുകൊണ്ട "പന-നന" എന്നു കൊച്ചുലക്ഷ്മി അഞ്ചൊ ആറൊ പ്രാവശ്യം ഒരുപോലെ നിലവിളിച്ചു പറഞ്ഞാലും കൂടി ഇവൾ കേൾക്കാതെ കണ്ടായി- "പല" എന്നത "തല" എന്ന വായിച്ചാലും "പന" എന്നത "മന" എന്ന ചൊല്ലിയാലും ഒരു സമയം ഒന്നും മിണ്ടാതെ ഇരുന്നാലും മീനാക്ഷിക്കുട്ടി കൂടക്കൂടെ "ശരി" "ശരി" എന്നു അനുസരിച്ചുവരികയായി- മനസ്സും ശ്രദ്ധയും അന്യവിഷയത്തിൽ പ്രവേശി

ച്ചിരിക്കുമ്പോൾ ഇത്രയെങ്കിലും പഠിച്ചിട്ടുള്ളത ആശ്ചൎയ്യം തന്നെ- എന്നിട്ടും മറ്റെവർ സംസാരിക്കുന്നത മുഴുവനും ക്രമപ്രകാരം കെട്ട മനസ്സിലാക്കുവാൻ ഇവൾക്ക സാധിച്ചില്ല- ഇവർ സംസാരിച്ചുകൊണ്ടിരിക്കുന്നത കുഞ്ഞിശ്ശങ്കരമെനൊനെപ്പറ്റിയാണെന്നുമാത്രമെ ഇവൾക്ക മനസ്സിലായിതന്നുള്ളു- ഇവൾ അവിടെയും ഇവിടെയും ഓരൊ വാക്ക ഇടക്കിടെ കെൾക്കുന്നതകൊണ്ട ഇതിലധികം എങ്ങിനെയാണ മനസ്സിലാക്കുന്നത? ഏതായാലും ഇവളുടെ കാൎയ്യം ഇപ്പൊൾ ഇങ്ങിനെ നില്ക്കട്ടെ- നാം മറ്റെവരുടെ സംഭാഷണം എന്താണെന്ന സൂക്ഷിക്ക- ഓരൊന്ന പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യെ ലക്ഷ്മിഅമ്മ അത്യന്തം പ്രസന്ന ഭാവത്തൊടെ നാണിയമ്മയുടെ മുഖത്തനൊക്കി ഇങ്ങിനെ പറഞ്ഞു.

ലക്ഷ്മിഅമ്മ—കുഞ്ഞിശ്ശങ്കരമെനൊൻ എല്ലാ സംഗതി കൊണ്ടും അപ്പുക്ക തരം ചെന്ന ഒരു സ്നെഹിതൻതന്നെ-അദ്ദെഹത്തിന്ന എല്ലാററിലും നല്ല പരിചയമുണ്ട-എല്ലാരൊടും നല്ല സ്നെഹവും ഐക്യവും ഉണ്ടെന്നതന്നെയല്ല വളരെ മൎയ്യാദയും തൻേറടവും കൂടിയുണ്ട-അധികപ്രസംഗം ഒരിത്തിരിയെങ്കിലും അരികത്തകൂടി പൊയിട്ടില്ല- ചെറുപ്പക്കാരായാൽ ഇങ്ങിനെയിരിക്കണം!

നാണിയമ്മ—ജ്യെഷ്ഠത്തിയുടെ അഭിപ്രായം തന്നെയാണ എനിക്കും ഉള്ളത- ആൾ വളരെ യൊഗ്യനാണ- അദ്ദെഹത്തിന്ന അറിഞ്ഞുകൂടാത്തത ഒന്നും ഇല്ല- ഇതെല്ലാം പഠിക്കാനെപ്പഴായിരുന്നു സമയം? എല്ലാം കൊണ്ടും നല്ല തരപ്പെട്ട ഒരാളാണ.

പാറുക്കുട്ടി—കുഞ്ഞിശ്ശങ്കരമെനൊൻ ഇന്നലെ മീനാക്ഷിക്കുട്ടിക്ക കൊടുത്ത ഫിഡിൽ നൊക്കിയൊ നാണിയെടുത്തി?

നാണിയമ്മ—ഞാൻ നൊക്കീട്ടില്ലെ എന്താണ നൊക്കാനു ള്ളത? നീ നൊക്കിയിരുന്നൊ?

പാറുക്കുട്ടി—ഞാനത ഇന്നലത്തന്നെ എടുത്തു നൊക്കീട്ടുണ്ടായിരുന്നു- അത നാണിയെട്ടത്തിക്കൂടി കാണെണ്ടതാണ.

ലക്ഷ്മിഅമ്മ—എന്താണ അതിന രണ്ട കൊക്കുണ്ടൊ? വലിയ വിശെഷവിധി പറയുന്നു! പാറുക്കുട്ടിക്ക അത അത്ര ബൊധിച്ചില്ലെന്നുണ്ടൊ? ദാനം കിട്ടിയ പശുവിൻെറ പല്ലു പിടിച്ചു നൊക്കെണ്ടുന്ന ആവശ്യമെന്താണ?

നാണിയമ്മ—പാറുക്കുട്ടി പണ്ടെതന്നെ ആമാടക്ക പുഴുക്കുത്തുണ്ടൊ എന്ന നൊക്കുന്ന ഒരുത്തിയാണ- ഞാനത നൊക്കീട്ടില്ലെങ്കിലും അത വളരെ വിശെഷമായ ഒരു ഫിഡിലാണെന്നാണ എനിക്ക തൊന്നിയത.

പാറുക്കുട്ടി—അതിന്ന കൊക്കുണ്ടെന്നും ചിറകുണ്ടെന്നും മററും ഞാൻ പറഞ്ഞില്ലെല്ലൊ- അത കാണെണ്ടുന്ന ഒരു സാധനമാണെന്നമാത്രമല്ലെ ഞാൻ പറഞ്ഞത? അത നിങ്ങൾ നല്ലവണ്ണം സൂക്ഷിച്ചുനൊക്കുന്നതായാൽ കുഞ്ഞിശ്ശങ്കരമെനൊനെപ്പററി എനിയും ചിലതെല്ലാംപറയാതിരിക്കില്ല- അതാണ ഞാൻ പറഞ്ഞതിൻെറ താല്പൎയ്യം.

നാണിയമ്മ—മീനാക്ഷിക്കുട്ടിക്ക ഇങ്ങിനെയുള്ള സമ്മാനം എത്ര പ്രാവശ്യം സ്കൂളിൽ നിന്ന കിട്ടീട്ടുണ്ട? ഇതിനെന്താണ വല്ല എഴുത്തും ഉണ്ടൊ? നിണക്ക ഓരൊന്നു വെണ്ടെങ്കിലും പിറുപിറുത്തൊണ്ടിരിക്കണം.

പാറുക്കുട്ടി—നാണിയെട്ടത്തി അത കണ്ടിട്ടുണ്ടായിരുന്നുവെങ്കിൽ ഇത്രയൊന്നും ഒരിക്കലും പറയില്ല- നിങ്ങൾ അത എടുത്തൊണ്ട വരിൻ- വിശെഷവിധി എന്താണെന്ന ഞാൻ കാട്ടിത്തരാം.

നാണിയമ്മ—(മീനാക്ഷിക്കുട്ടിയെ വിളിച്ചിട്ട) നിണക്ക സമ്മാനം കിട്ടിയ ഫിഡിൽ ഒന്നു കണ്ടോട്ടെ- നീ പൊയി അത ഇങ്ങട്ട എടുത്തുകൊണ്ട വരു.

മീനാക്ഷിക്കുട്ടി—എളെമ്മക്ക അത കണ്ടിട്ട എന്താണവെണ്ടത? ഞാൻ അത എടുത്തുകൊണ്ടവരുമ്പഴക്ക കൊച്ചുലക്ഷ്മി വിചാരിച്ച ദിക്കിൽ എത്തും- ഞാൻ അവളെ ഇത്തിരികൂടി പഠിപ്പിച്ചോട്ടെ- എന്നിട്ട എടുത്തുകൊണ്ട വന്നാൽപൊരെ?.

പാറുക്കുട്ടി—കൊച്ചുലക്ഷ്മി ഓടിപ്പൊയെങ്കിൽ ഞാൻ പിടിച്ചുകൊണ്ടത്തരും- നി പൊയി അത എടുത്ത കൊണ്ട വരു- നാണി എട്ടത്തി അതൊന്നു കണ്ടോട്ടെ.

മീനാക്ഷിക്കുട്ടി അവിടെ നിന്നു എഴുനീററു ലക്ഷ്മിഅമ്മയുടെ അറയിൽ ഒരു വട്ടമെശയുടെ മുകളിൽ വെച്ചിട്ടുണ്ടായിരുന്ന ഫിഡിൽ പെട്ടിയൊടുംകൂടെ എടുത്തുകൊണ്ടു വന്നു നാണിയമ്മയുടെ മുമ്പിൽ വെച്ചിട്ട പിന്നെയും കൊച്ചുലക്ഷ്മിയുടെ അരികത്ത ചെന്നു ഇരുന്നു മുമ്പെത്തെപ്പൊലെ അവളെ പഠിപ്പിക്കയായി- നാണിയമ്മ പെട്ടിയിൽ നിന്ന ഫിഡിൽ എടുത്ത തിരിച്ചുംമറിച്ചും ഒന്നു രണ്ടുപ്രാവശ്യം നൊക്കി- അപ്പൊഠ പാറുക്കുട്ടി ചിരിച്ചുംകൊണ്ട പിന്നെയും പറഞ്ഞു.

പാറുക്കുട്ടി—നാണിയെട്ടത്തിയാതൊന്നും കാണുന്നില്ലെ അതിന്മെൽ?.

നാണിയമ്മ—ഞാൻ ഒരു മണ്ണാങ്കട്ടയും കാണുന്നില്ലെ! നിൻെറ കണ്ണുകൊണ്ട നൊക്കിയാൽ വല്ലതും കാണുമായിരിക്കാം.

പാറുക്കുട്ടി—നാണിയെട്ടത്തി അതിന്മെൽ ചില അക്ഷരങ്ങഠ കാണുന്നില്ലെ? അതിനും വെണൊ എൻെറ കണ്ണു?

നാണിയമ്മ—പാറുക്കുട്ടി ഇങ്ങിനെയാണില്ലെ മനസ്സിലാ

ക്കിയത? ഇത അക്ഷരങ്ങളാണെന്ന ആരാണ പറ ഞ്ഞത? നല്ല ചിത്രം! ഈ കാണുന്നത ഇതിന്റെ ന മ്പ്രാണ- ബിലാത്തിസ്സാമാനത്തിന്മെലെല്ലാം ഇങ്ങി നെയുള്ള നമ്പ്ര ഉണ്ടാകാതിരിക്കില്ല- ഇത കണ്ടിട്ടാ ണില്ലെ നീ ഇതുയെല്ലാം തിരക്ക കൂട്ടിയത? വെണ്ടി ല്ല- വെണ്ടില്ല- ശുദ്ധ വിഡ്ഢിത്വം.

പാറുക്കുട്ടി—(ചിരിച്ചുംകൊണ്ട) പണ്ട ഏതൊ ഒരു കറുപ്പ ആനയെ കണ്ടിട്ട "ഇന്നലത്തെ ഇരുട്ടിന്റെ ഒരു ക ഷണമാണ" എന്ന പറഞ്ഞിട്ടുണ്ടായിരുന്നു- അത പൊലെയാണ നാണിയെട്ടത്തി പറയുന്നത.

നാണിയമ്മ—ഏതൊ ഒരു നമ്പ്യാരാണെന്ന പറഞ്ഞൊ? അതാണ നല്ലത- എന്തിനാണ കറുപ്പാണെന്ന പറ യുന്നത.

പാറുക്കുട്ടി—നമ്പ്യാരാണെങ്കിൽ നമ്പ്യാരായ്ക്കൊട്ടെ- എനി ക്കെന്താണ? കൊച്ചു ലക്ഷ്മിടെ അച്ഛനല്ല- അത നി ശ്ചയം തന്നെ- നാണിയെട്ടത്തി എന്തിനാണ ദെ ഷ്യപ്പെടുന്നത?

നാണിയമ്മ—ദെഷ്യം വരില്ലെ ഇങ്ങിനെത്തെ തൊന്ന്യാ സം പറഞ്ഞാൽ? ഇത എഴുത്താണെന്ന പറയുന്ന നീയല്ലെ വിഡ്ഢി? മുഖത്ത കണ്ണുള്ള മനുഷ്യന്മാരാരെ ങ്കിലും ഇത എഴുത്താണെന്ന പറയുമൊ?

പാറുക്കുട്ടി—(പിന്നെയും ചിരിച്ചുംകൊണ്ട) ഇംക്ലീഷ പഠി ക്കാഞ്ഞാൽ ഇങ്ങിനെയെല്ലാം വിചാരിച്ചുപൊകുന്ന ത സാധാരണയാണ.

നാണിയമ്മ—പാറുക്കുട്ടി ഇയ്യിടയിലല്ലെ ബി- എ- പരീക്ഷ ജയിച്ചത- അവിടുന്ന വിഡ്ഢിത്വം ഒന്നും പറയില്ല- ആൾ ബഹു സമൎത്ഥനല്ലെ?

പാറുക്കുട്ടി—ഞാൻ ബി- എ- പരീക്ഷയൊന്നും ജയിക്കണ്ട. അത എന്താണെന്ന കുഷ്ടിച്ച മനസ്സിലാക്കാൻമാത്രം ഞാ

നം ഇയ്യിടയിൽ ഇത്തിരി പഠിച്ചിട്ടുണ്ട- നാണിയെ ട്ടത്തിക്കും ഇത്തിരി പഠിക്കയതാണ്ടൊ? എന്നാൽ ഇതിനൊന്നും അശേഷം സംഗതിയില്ലയായിരുന്നു വെല്ലൊ?

നാണിയമ്മ—"കൊമ്പ വെളുത്തതകൊണ്ട ആന വയസ്സനായിപ്പൊയി" എന്നു നിയ്യും അത്ര വിചാരിക്കെണ്ട- ഞാൻ ഇംക്ലീഷ പഠിക്കാത്തതും മററും നീ കൂട്ടാക്കെണ്ട- ഇതെല്ലാം കണ്ടാൽ എനിക്കും മനസ്സിലാകും- ഇംക്ലീഷ പഠിക്കാത്തവരെല്ലാം നിസ്സാരന്മാരാണില്ലെ? ഇംക്ലീഷ പഠിച്ചാൽ സൎവ്വജ്ഞന്മാരായി-പൊട്ടെ- പൊട്ടെ- ഇംക്ലീഷ പഠിച്ചവരെയും പഠിക്കാത്തവരെയും എല്ലാം എനിക്കറിയാം- ഇംക്ലീഷപഠിച്ചവരിൽ അനവധി മൂഠാളന്മാരും പഠിക്കാത്തവരിൽ വളരെ സമൎത്ഥന്മാരും ഉണ്ട- അതൊന്നും ഇവിടെ എടുത്ത വിളമ്പിക്കെണ്ടുന്ന ആവശ്യമില്ല-

പാറുകുട്ടി—നാണിയെട്ടത്തി എന്തിനാണ മുഷിയുന്നത? നിങ്ങൾ മീനാക്ഷിക്കുട്ടിയെ വിളിച്ചു ചൊദിക്കിൻ- എന്നാൽ ആര പറയുന്നതാണ ശരിയെന്ന വെഗത്തിൽ തീൎച്ചപ്പെടുത്താലൊ?.

നാണിയമ്മ—എനിക്ക അശേഷം ഇല്ല മുഷിച്ചിൽ- കെട്ടാൽ കെട്ടതിന്റെ ഉത്തരം ഞാൻ പറയാതെയും മററും ഇരിക്കില്ല.

ലക്ഷ്മിഅമ്മ—നിങ്ങൾ കുറെനെരമായെല്ലൊ അന്യോന്യം വ്യവഹരിക്കുന്നു? അത അക്ഷരമാണെങ്കിൽ തന്നെയെന്താണ? അവിടെയിരിക്കട്ടെ- അരിഞ്ഞരിഞ്ഞു വിശെഷം പറവാൻ പാറുകുട്ടിക്ക ബഹു വാസനയാണ.

പാറുകുട്ടി—എന്തുപറഞ്ഞാലും ഒടുവിൽ കുററക്കാരത്തി പാറുകുട്ടിയായിരിക്കും- നൊണ്ണിനെളിയത പിണ്ണാക്ക-

ഞാൻ പറഞ്ഞത ഒടുവിൽ ശരിയാണെന്നു തൊന്നാതിരിക്കില്ല.

നാണിയമ്മ—മീനാക്ഷികുട്ടി! നീ ഇത്രൊടം ഒന്നു വന്നിട്ടു പൊയ്ക്കൊ- ഇത എന്താണെന്നു നൊക്കു- ഒരം ഫിഡിലിന്മെൽ എന്തൊ ഒന്നു കാണുന്നുണ്ട.

മീനാക്ഷികുട്ടി വെഗത്തിൽ എഴുനീററു നാണിയമ്മയുടെ അരികത്തെക്ക വന്നു - "എന്തൊ ഒന്നു കാണുന്നുണ്ട" എന്നു കെട്ടപ്പൊൾ ഇവൾക്ക അല്പം പരിഭ്രമമാണുണ്ടായത- ഫിഡിലിന്ന വല്ല പൊട്ടൊ കെടൊ സംഭവിച്ചിട്ടുണ്ടെന്നു വിചാരിച്ചിട്ടാണ ഇവൾ ക്ഷണത്തിൽ എഴുനീററു വന്നത- അരികത്ത വന്നു നിന്ന ഉടനെ ലക്ഷ്മി അമ്മ അവളൊട പറഞ്ഞു.

ലക്ഷ്മിഅമ്മ—മകളെ! അതിന്മെൽ ഒരു എഴുത്തൊ മുദ്രയൊ എന്തൊ ഒന്നു കാണുന്നുണ്ട- എനിക്കും നാണിക്കും അത ശുദ്ധമെ തിരുകാണ- എന്താണെന്നു നീ വായിച്ചുനൊക്കു.

മീനാക്ഷികുട്ടി—(ഫിഡിൽ വാങ്ങി നൊക്കീട്ടു അല്പം ലജ്ജയൊടും വിസ്മയത്തൊടും കൂടി) ഇത എഴുത്ത തന്നെയാണ- മുദ്രയും മററും അല്ല.

പാറുകുട്ടി—ഇപ്പൊൾ ഞാൻ പറഞ്ഞത എങ്ങിനെ! എത്ര നെരമായി നാണിയെട്ടത്തി വെറുതെ എന്നൊട ശണ്ഠയിടുന്നു?.

നാണിയമ്മ—അത ശരിതന്നെടൊ- നീ ജയിച്ചു - ഞാൻ തൊററു- നിണക്ക സന്തൊഷമാകട്ടെ- എനിക്കും അതെ താല്പൎയ്യമുള്ളു.

ലക്ഷ്മിഅമ്മ—എന്താണ അതിന്മെൽ എഴുതീട്ടുള്ളത? നീ വായിക്കു- ഞങ്ങൾ കെൾക്കട്ടെ.

മീനാക്ഷികുട്ടി—ഇത ഏതൊ ഒരു സ്ത്രീയുടെ പെരാണ- ഇന്നലെ ഒരു മണിക്കൂറിലധികം നെരം എന്റെ ക

യ്യിലായിരുന്നു ഇത- എന്നിട്ടും ഞാൻ ഇത കണ്ടില്ല- എളെമ്മെടെ കണ്ണു വല്ലാത്ത കണ്ണു തന്നെ- ഇത നൊക്കിക്കാണാൻ എളെമ്മക്ക എപ്പഴായിരുന്നു അവസരം?.

നാണിയമ്മ—അതിരിക്കട്ടെ - നീ അതൊന്നു വായിക്കു- ആരുടെ പെരാണെന്നു ഞങ്ങാം നൊക്കട്ടെ.

മീനാക്ഷിക്കുട്ടി—ഫിഡിൽവല്ല ദാസിമാരെത്തും ആയിരിക്കാം. ലെലത്തിലൊ മററൊ വിററുപൊയപ്പൊാം അദ്ദെഹം വില കൊടുത്ത മെടിച്ചതായിരിക്കണം- അല്ലാത്തപക്ഷം ഇൗ ഒരു പെരുണ്ടാവാൻ യാതൊരു കാരണവും ഇല്ല.

ലക്ഷ്മിഅമ്മ—ആരുടെതാണ? എവിടന്ന കിട്ടിയതാണ? ഇതൊന്നും ഞങ്ങാംക്ക അറിയെണ്ടതില്ല- അത എന്തെങ്കിലും ആയ്ക്കൊട്ടെ- അത വായിച്ചുകെട്ടാൽ മതി ഞങ്ങാംക്ക.

മീനാക്ഷിക്കുട്ടി—എന്താണ വായിക്കാൻ? ഞാൻ പാഞ്ഞില്ലെ? എതൊ ഒരു സ്ത്രീയുടെതാണിത.

നാണിയമ്മ—ഒരു സ്ത്രീയുടെ പെരാണെങ്കിൽ അത കൊംക്കട്ടെ- നീ എന്തിനാണ മടിക്കുന്നത?

മീനാക്ഷിക്കുട്ടി—(അല്പം ലജ്ജാഭാവത്തൊടെ) ഇതിന്മെൽ എഴുതി കാണുന്നത മീനാക്ഷിയെന്നാണ-ഇത ആരുടെതാണപൊൽ? എനിക്ക ഇൗ പെരുള്ളത വെണ്ട- അദ്ദെഹം തന്നെ കൊണ്ടുപൊട്ടെ.

പാറുക്കുട്ടി—നീ എന്തിനാണ നെർ വഴിയിരിക്കെ ഇത്രയൊക്കെ വളച്ചുപിടിച്ചു പൊകുന്നത? ഇത നിൻെറ പെരാണെന്ന തന്നെ പറയരുതെ? ദാസിയുടെതാണ-ലെലത്തിൽ കൊണ്ടതാണ- കാണത്തിന്ന വെപ്പിച്ചതാണ- എന്നും മററും പറയെണ്ടുന്ന ആവശ്യമെന്താണ?

മീനാക്ഷിക്കുട്ടി—(മുഖം താഴ്ത്തിക്കൊണ്ടു) എൻെറ പെരാ

ണെങ്കിൽ "മീനാക്ഷിക്കുട്ടി എന്നല്ലെ വെണ്ടിയിരു ന്നത? ഇത എന്റെ പെരല്ല- എനിക്ക വെണ്ട- ആ രെങ്കിലും എടുത്തൊട്ടെ.

പാറുക്കുട്ടി—അത നിന്റെ പെരാണെല്ലൊ? നീ കുട്ടിയായ ത കൊണ്ട ഇപ്പൊൾ എല്ലാവരും നിന്നെ മീനാക്ഷിക്കു ട്ടിയെന്ന വിളിക്കുന്നതാണ കണക്ക? നിന്റെ ജാത കത്തിലെ പെര മീനാക്ഷിയെന്നാണെല്ലൊ? നിന്നെ കുട്ടിയെന്നുംകൂടി വിളിക്കുന്നത അദ്ദെഹത്തിന്ന അ ത്ര രസമില്ലയായിരിക്കാം- വല്ലതും ഒരു ആറുമാസം കൂടി കഴിഞ്ഞാൽ മീനാക്ഷിക്കുട്ടിയെന്ന നിന്നെ ആ രാണ വിളിക്കാൻ പൊണത?

മീനാക്ഷിക്കുട്ടി— അദ്ദെഹത്തിന്റെ രസം നൊക്കീട്ടാണ എന്റെ പെരിട്ടത? അദ്ദെഹത്തിന്ന രസിക്കുന്നി ല്ലെങ്കിൽ രസിക്കെണ്ട- വലുതായവൎക്ക ആൎക്കും ഇ ങ്ങിനത്തെ പെരില്ലെ? എന്നാൽ എളെമ്മ എങ്ങി നെയാണ ഇപ്പൊഴും പാറുക്കുട്ടിയായത?

പാറുക്കുട്ടി—ഉല്ലംഘം ചിലൎക്ക അങ്ങിനെയും ഇല്ലെന്നില്ല- നീ എന്തിനാണ ഇതൊക്കെ പെശുന്നത? ഇത നി ന്റെ പെര തന്നെയാണ.

മീനാക്ഷിക്കുട്ടി—ഇത കൽക്കത്താവിൽനിന്ന പുതുതായി വരുത്തിയതാണെന്നല്ലെ അദ്ദെഹം ഇന്നലെ പറ ഞ്ഞിട്ടുള്ളത? പിന്നെ എങ്ങിനെയാണ എന്റെ പെ രാണെന്ന എളെമ്മ പറയുന്നത? എന്റെ പെരൊട്ട കൂടി ഫിഡിൽ ഉണ്ടാക്കി വെക്കുന്ന പണിയല്ലെ അ വിടെ?

പാറുക്കുട്ടി—പുതുതായി വരുത്തിയതാണെന്ന പറഞ്ഞത കൊണ്ടതന്നെയാണ ഇത നിന്റെ പെരാണെന്നുള്ള നിശ്ചയം-അല്ലെങ്കിൽ ഒരു സമയം നീപറഞ്ഞപൊ ലെയും ഉഹിക്കാമായിരുന്നു.

മീനാക്ഷിക്കുട്ടി—അങ്ങിനെ വിചാരിപ്പാൻ അശെഷം സംഗതിയില്ലെല്ലൊ- വല്ലതും പറഞ്ഞാൽ ഒരു ദിക്കിൽ യൊജിക്കണ്ടെ? വെറുതെ പറഞ്ഞിട്ട എന്താണ ഫലം?

പാറുക്കുട്ടി—ഈ കാൎയ്യത്തിന്ന യൊജിപ്പില്ലെങ്കിൽ പിന്നെ ഏത കാൎയ്യത്തിന്നാണ യൊജിപ്പുണ്ടാവാൻ പൊകുന്നത? അദ്ദെഹം ഇത നിണക്ക തരുവാൻ വെണ്ടി കൽക്കത്താവിൽനിന്ന പ്രത്യെകം പണി ചെയ്യിച്ച വരുത്തീട്ടുള്ളതാണെന്ന വിചാരിക്കരുതെ?

മീനാക്ഷിക്കുട്ടി—അദ്ദെഹത്തിന്ന ഇതല്ലെ പണി? ഇവിടെ വന്നതുകൊണ്ട അവസ്ഥക്ക കുറയരുതെല്ലൊ എന്ന വിചാരിച്ച ഇങ്ങിനെ ഒന്നു തന്നു എന്ന മാത്രമെയുള്ളു- കൽക്കത്താവിൽ എഴുതിയയച്ച ഇങ്ങിനെ മുൻകൂട്ടി ഉണ്ടാക്കിച്ചതാണെന്നും മറ്റും വിചാരിപ്പാൻ എന്തെങ്കിലും ഒരു കാരണം വെണ്ടെ? ഇത ആര വിശ്വസിക്കും?

പാറുക്കുട്ടി—കാരണം ഇല്ലെങ്കിൽ അദ്ദെഹം ഇവിടെ വരില്ലെല്ലൊ- വന്നതുകൊണ്ടതന്നെ നിശ്ചയിക്കാവുന്നതല്ലെ?

മീനാക്ഷിക്കുട്ടി—വരാൻമാത്രം കാരണം ഉള്ളതുകൊണ്ടായില്ലെല്ലൊ? മുൻകൂട്ടി ഇങ്ങിനെ ഒന്ന ഉണ്ടാക്കിക്കാനും കൂടി വല്ലതും ഒരു കാരണം വെണ്ടെ?

പാറുക്കുട്ടി—അപ്പയും അദ്ദെഹവുമായിട്ട വളരെ സ്നെഹമാണെന്നുള്ളത തീൎച്ചയല്ലെ? നീ സംഗീതം ശീലിക്കുന്ന വിവരം അപ്പ പ്രസ്താവിച്ചിട്ടുണ്ടായിരിക്കാം- ഇവിടെ വന്നാൽ നിൻെറ പാട്ട കെൾപ്പാൻ സംഗതി വരുന്നതാകകൊണ്ട ഇത നിണക്ക തരെണ്ടതിന്ന മുമ്പെ തന്നെ ഉണ്ടാക്കിച്ച വരുത്തി വെച്ചിട്ടുള്ളതായിരിക്കണം.

മീനാക്ഷിക്കുട്ടി—എന്നാൽ എൻെറ പെര മുഴുവനും ഉണ്ടാ

കാതെയിരിപ്പാൻ ഇടയില്ലാത്തതാണ- അദ്ദെഹത്തിന്ന എന്റെ പെര മാററെണ്ടുന്ന ആവശ്യമെന്താണ?

പാറുകുട്ടി—അത ഞാൻ ഇതിന്നുമുമ്പെതന്നെപറഞ്ഞില്ലെ? നിന്നെ കുട്ടിയെന്ന വിളിക്കുന്നത അദ്ദെഹത്തിന്ന രസമില്ലാത്തതകൊണ്ടായിരിക്കാമെന്ന.

മീനാക്ഷികുട്ടി—എന്നാൽ ജ്യെഷ്ഠൻ ഈ വൎത്തമാനം എന്നൊട പറയാതിരിക്കയില്ലയായിരുന്നു- ഈ വിവരം യാതൊന്നും പറഞ്ഞില്ലെല്ലൊ.

പാറുകുട്ടി—അച്ഛ അറിഞ്ഞിട്ടില്ലയായിരിക്കാം- ഇവിടെ എത്തിയതിൽപിന്നെ പ്രസ്താവിക്കാമെന്ന വിചാരിച്ച അദ്ദെഹം അച്ഛയെ അറിയിച്ചില്ലയായിരിക്കണം.

ലക്ഷ്മിഅമ്മ—പാറുകുട്ടി പറഞ്ഞത തന്നെയാണ ശരി. ഇത അദ്ദെഹം മുൻകൂട്ടി വരുത്തിവെച്ചിട്ടുള്ളതാണ-ആള ബഹു സമൎത്ഥനും മുൻ കരുതലുള്ളവനും തന്നെ.

മീനാക്ഷികുട്ടി—ഇത എനിക്ക തരാൻ വെണ്ടി മുൻകൂട്ടി ആലൊചിച്ച വരുത്തിയതാണെന്ന നിങ്ങൾ തീൎച്ചപ്പെടുത്തുന്ന പക്ഷം എന്റെ ഹിതമിലിന്നും എനിക്കും മെലാൽ ഒരു പെരതന്നെ ആയിരിക്കണം- അല്ലാഞ്ഞാൽ ബഹു അഭംഗിയാണ.

ലക്ഷ്മിഅമ്മ—അതിന്ന യാതൊരു തരക്കെടും ഇല്ല-നിന്നെ ഞങ്ങൾ ഇന്ന മുതൽക്ക മീനാക്ഷിയെന്നുതന്നെ വിളിച്ചുകളയാം- നിന്റെ അച്ഛനൊടും ഈ വിവരം ഞാൻ പറഞ്ഞുകളയാം.

നാണിയമ്മ—അത തന്നെയാണ നല്ലത- കുട്ടിപ്രായം കഴിഞ്ഞിട്ട പിന്നെയും കുട്ടിയെന്ന വിളിക്കുന്നത കുറെ അഭംഗിതന്നെയാണ.

പാറുകുട്ടി—അത അങ്ങിനെയാക്കാം- എനി ഞാനൊന്നു പറയട്ടെ- കുഞ്ഞിശ്ശങ്കരമെനൊന്റെ ഈ ഔദാൎയ്യത്തിന്ന നമ്മൾ അദ്ദെഹത്തിന്ന നന്ദിയുള്ളവരാണെ

ന്ന കാണിക്കേണ്ടതല്ലെ? എന്തെങ്കിലും ഒരു സമ്മാനം അദ്ദേഹത്തിന്നും കൊടുക്കേണ്ടതാണ- എങ്കിലെ നമുക്ക മാനമുള്ളു.

ലക്ഷ്മിഅമ്മ—അത കാൎയ്യംതന്നെയായിരുന്നു-എന്തൊരുസമ്മാനമാണ നാം അദ്ദേഹത്തിന്ന കൊടുക്കേണ്ടത-അത ആരെങ്കിലും കണ്ടാലും കെട്ടാലും ഹിതമുള്ളതായിരിക്കണ്ടെ?

പാറുകുട്ടി—ഞാനതിന്നൊരു വഴി കണ്ടിട്ടുണ്ട- വിശെഷമായ തങ്കക്കസവവെച്ച ഒരു തൊപ്പി തുന്നി അദ്ദേഹം പൊകുന്ന സമയം കൊടുത്താൽ മതി-എന്നാൽ പകരത്തിന്ന പകരമായി.

മീനാക്ഷികുട്ടി—അതെല്ലാം വലിയ നട്ടംതിരിച്ചിലാണ-തൽകാലം സാധിക്കില്ല്യ- ഒന്നാമത അതിന്ന കസവും മെത്തരം ശീലയും വെണ്ടെ? അത എവിടുന്നാണ കിട്ടുന്നത? രണ്ടാമത വളരെ ബുദ്ധിമുട്ടി പണിയെടുത്തല്ലാതെ അദ്ദെഹം പൊകുമ്പൊഠം കൊടുപ്പാൻ സാധിക്കില്ല്യ- വരുന്നൊക്കം പൊണൊക്കം എല്ലാം തൊപ്പി തുന്നി സമ്മാനം കൊടുക്കാൻ എന്നെക്കൊണ്ട സാധിക്കില്ല്യ- അദ്ദെഹം അദ്ദെഹത്തിന്റെ പാട്ടിൽ പൊയ്ക്കൊട്ടെ- ഇപ്പഴ യാതൊന്നും കൊടുക്കണ്ട.

ലക്ഷ്മിഅമ്മ—ഛി- ഛി- അത വെടിപ്പില്ല്യ- നിശ്ചയമായിട്ടും കൊടുക്കണം-സാമാനം ഞാൻ വരുത്തിച്ച തരും-രണ്ടുനാല മാതിരി വിശെഷമായ കസവ എന്റെ കയ്യശത്തിൽതന്നെ ഇരിപ്പുണ്ട.

പാറുകുട്ടി—തൊപ്പീടെപണി എന്നാലിപ്പത്തന്നെ നൊക്കാ- വിശെഷമായ ഒരു മാതിരി വില്ലൂസ്സ കൊച്ചലക്ഷ്മിടെ അഛൻ ഇങ്ക്ലിടയിൽ മദിരാശിയിൽനിന്ന വരുത്തീട്ടുള്ളത എന്റെ പെട്ടിയിൽ ഇരിക്കുന്നുണ്ട-ആവശ്യമുള്ളത അതിൽനിന്ന മുറിച്ചെടുക്കാം.

മീനാക്ഷിക്കുട്ടി—(തന്റെ ഉത്സാഹഭാവത്തെ മറച്ചുവെച്ചുംകൊണ്ടു) അദ്ദേഹത്തിന്നു ഒരു തൊപ്പി സമ്മാനം കൊടുക്കാത്തക്ക യോഗ്യത എനിക്കെന്താണുള്ളത? ഇതെല്ലാം അഭംഗിയായിത്തീരാനാണു ഇടയുള്ളത.

പാറുക്കുട്ടി—നിണക്കുള്ള യോഗ്യതമതി- അദ്ദേഹം അത ഭംഗിയായിട്ടതന്നെ വിചാരിക്കും- നീ വെറുതെ ഓരൊ ശാഠ്യം പറയണ്ട.

ലക്ഷ്മി അമ്മ—നീ അത്ര അധികം ആലൊചിക്കെണ്ടുന്ന ആവശ്യമില്ല- പക്ഷെ അത ഞാൻ കൊടുത്തൊളാം അദ്ദേഹത്തിന്ന- നീ കൊടുക്കെണമെന്നില്ല.

മീനാക്ഷിക്കുട്ടി—അതിന്ന തരക്കെടില്ല. അമ്മതന്നെ അത അദ്ദേഹത്തിന്ന കൊടുത്തൊളണെ- ഞാൻ അത പണിചെയ്തു അമ്മെടെ കയ്യിൽ തരാം. കൊടുക്കുന്നത അമ്മതന്നെ ആയ്ക്കൊളണം.

ലക്ഷ്മിഅമ്മ—അത അങ്ങിനെ ആക്കാം- തൊപ്പി ഒന്നാന്തരമായിരിക്കണം.

മീനാക്ഷിക്കുട്ടി—ഒന്നാന്തരമായാലും വെണ്ടില്ല- രണ്ടാന്തരമായാലും വെണ്ടില്ല- അറിയുംപൊലെ തുന്നാനെ ഞാൻ വിചാരിച്ചാൽ സാധിക്കയുള്ളു.

ലക്ഷ്മി അമ്മയും പാറുക്കുട്ടിയും അപ്പൊൾതന്നെ പൊയി പെട്ടിതുറന്നു കസവും വില്ലൂസ്സും എടുത്തുകൊണ്ടുവന്നു- മീനാക്ഷിക്കുട്ടി അതിൽനിന്ന ഒരു തൊപ്പിക്ക കണക്കാക്കി മുറിച്ചെടുത്തു. അപ്പൊൾ നാണിയമ്മ ചിരിച്ചുംകൊണ്ടു പറഞ്ഞു.

നാണിയമ്മ—തൊപ്പി തുന്നാമെന്നും കൊടുക്കാമെന്നും വെച്ചുവല്ലൊ? എനിഞാൻ ഒന്ന പറഞ്ഞൊട്ടെ- ഫിഡിലിന്മെൽ അദ്ദേഹം മനഃപൂർവ്വമായി "മീനാക്ഷി" എന്നുള്ളപെർ ചെപ്പിച്ചിട്ടുള്ളത വിചാരിച്ചാൽ തൊപ്പിയിന്മെൽ "ശങ്കരമെനൊൻ" എന്ന നമ്മളും ഉ

ണ്ടാക്കിയാൽ വെണ്ടില്ല- "കുട്ടി" അദ്ദെഹത്തിന്ന രസമായിതൊന്നീട്ടില്ലെങ്കിൽ "കുഞ്ഞി"നമുക്കും രസമായിട്ടില്ലെന്ന അദ്ദെഹത്തെ നാം അറിയിക്കെണ്ടതല്ലെ?

പാറുക്കുട്ടി—(ചിരിച്ചുംകൊണ്ട) നാണിയെട്ടത്തി പറഞ്ഞത എനിക്ക വളരെ രസംപിടിച്ചു "ഒററക്ക ഉലക്ക" കുട്ടിയും പൊയ്യ്ക്കൊട്ടെ കുഞ്ഞിയും പൊയ്യ്ക്കൊട്ടെ. മീനാക്ഷിക്ക ശങ്കരമെനൊൻ മാത്രം മതി. അത അദ്ദെഹത്തിന്നെ മനസ്സിലാക്കെണ്ടത തന്നെയാണ.

മീനാക്ഷിക്കുട്ടി—(അത്യന്തം ദെഷ്യം നടിച്ചുംകൊണ്ട) എനിക്ക തൊപ്പി തുന്നാനും കഴികയില്ല- കുപ്പായം തുന്നാനും കഴികയില്ല. ആരെക്കൊണ്ടെങ്കിലും തുന്നിച്ചൊളിൻ. എളെമ്മ തൊന്ന്യാസം പറയുന്നത കെട്ടില്ലെ? എന്തെങ്കിലും ഒന്ന നൊടിഞ്ഞൊണ്ടിരിക്കണം എളെമ്മക്ക വെറുതെ ഇരിക്കുന്നത വലിയ സുഖക്കെടാണ- എന്നെക്കൊണ്ട യാതൊന്നും പറയണ്ട- ഞാനൊട്ടു തൊപ്പിയും തുന്നുന്നില്ല.

പാറുക്കുട്ടി—ഇതെന്തു നട്ടന്തിരിച്ചിലാണീശ്വര! ഞാൻ വല്ല തൊന്ന്യാസവും പറഞ്ഞൊ? മീനാക്ഷിയെന്നു ഫിഡിലിന്മെൽ കാണുന്ന അവസ്ഥക്ക തൊപ്പിയിന്മെൽ ശങ്കരമെനൊൻ എന്നുണ്ടായാൽ മതിയെന്നല്ലെ ഞാനൊരബദ്ധം പറഞ്ഞുപൊയത? നീ അതിന്ന തെററായി വല്ലതും ധരിച്ചിട്ടുണ്ടെങ്കിൽ അതിനു ഞാനൊ പിഴ? "നൊണ്ണിന്ന എളിയത പിണ്ണാക്ക" എന്നുനിയ്യും മനസ്സിലാക്കീട്ടുണ്ടില്ലെ? ആര എന്തുതന്നെപറഞ്ഞാലും കുററം പാറുക്കുട്ടിക്കാണ. ഇത നല്ല ചിത്രം!

മീനാക്ഷിക്കുട്ടി—വല്ലതുംകെട്ടാൽ കുറച്ചു എനിക്കും മനസ്സിലാകും. വീണമിക്കിൽ നിന്ന ഇപ്പൊളെന്തിനാണ ഉ

തുള്ളാൻ നൊക്കുന്നത? എന്തിനാണ മുമ്പെതന്നെ വെണ്ടാത്ത കുസൃതി പറയാൻ പൊണത?

ലക്ഷ്മിഅമ്മ—പാറുക്കുട്ടിയുടെ നെരെ എന്തിനാണ നീ വെറുതെ ശഠിക്കുന്നത! അവൾ ഇവ പറഞ്ഞതിൽ യാതൊരു കുസൃതിയും ഇല്ല- അവൾ പട്ടാങ്ങാണ പറഞ്ഞത- ഞങ്ങൾ നിന്നെ വാത്സല്യമായി കുട്ടിയെന്ന വിളിച്ചുവരുന്നത അദ്ദെഹം വിട്ടുകളഞ്ഞത വിചാരിച്ചാൽ അദ്ദെഹത്തിന്റെ പെരിൽ "കുഞ്ഞി" എന്നുള്ളത നീയും വിട്ടുകളയെണമെന്നെ പാറുക്കുട്ടി പറഞ്ഞതിന്ന അൎത്ഥമുള്ളു- നീ അതിന്ന വൃഥാ കൊപിച്ചത തെററിപൊയിരിക്കുന്നു.

ലക്ഷ്മിഅമ്മ ഇങ്ങിനെ പലതും പറഞ്ഞു മീനാക്ഷിക്കുട്ടിയെ ഒരു വിധെന സമാധാനപ്പെടുത്തി താൻ എല്പിച്ചിട്ടുള്ള പ്രവൃത്തിയിൽ ജാഗ്രതയും ഉത്സാഹവും ജനിപ്പിച്ച പാറുക്കുട്ടിയുടെ നെരെ ഭാവിച്ച മുഷിച്ചിലുംതീൎത്തു തൊപ്പി തുന്നുവാൻവെണ്ടി അവളുടെ മുറിയിലെക്ക പറഞ്ഞയച്ചു. കുഞ്ഞിശ്ശങ്കരമെനൊന കൊടുപ്പാൻവെണ്ടി മീനാക്ഷിക്കുട്ടി തൊപ്പി തുന്നുന്നുണ്ടെന്നുള്ള വിവരം മററു യാതൊരാളും അറിഞ്ഞിട്ടുണ്ടായിരുന്നില്ല- പിറെറദിവസം ഉച്ചക്ക മുമ്പായിട്ടതന്നെ ഇവൾ തൊപ്പിയുടെ പണി മുഴുവനും തീൎത്തു എന്നുമാത്രമല്ല ശില്പവിദ്യയിൽ തനിക്കുള്ള സാമൎത്ഥ്യം മുഴുവനും അതിന്മെൽ കാണിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. തൊപ്പിയുടെ പണി മുഴുവനായ ഉടനെ ഇവൾ അത ലക്ഷ്മി അമ്മയുടെ കയ്യിൽ കൊണ്ടുനു കൊടുത്തു "അദ്ദെഹത്തിന്ന ഇത അമ്മതന്നെ കൊടുത്തൊളിൻ" എന്നു പറഞ്ഞു- ലക്ഷ്മി അമ്മയും അതപ്രകാരംതന്നെ അനുവദിച്ചു.

കുഞ്ഞിശ്ശങ്കരമെനൊൻ ഇവിടെ എല്ലാം കൂടി അഞ്ചുദിവസം താമസിച്ചു- ആറാം നാൾ രാവിലെ മദിരാശിക്ക

പൊവാനുള്ള ഒരുക്കമായി- അച്യുതമെനൊനും താനും കൂ ടി പ്രഭാതത്തിന്നുതന്നെ കുളികഴിച്ചു ക്ഷെത്രത്തിൽ പൊ യി തൊഴുതു മടങ്ങി വന്നു- എകദെശം എഴരമണി സമ യം ഊണും കഴിച്ചു വണ്ടിക്കാരൻ വരുന്നതും കാത്തുനിന്നു. ഇദ്ദെഹം ഇവിടെ അല്പകാലം മാത്രമെ പാൎത്തിട്ടുണ്ടായിരു ന്നുള്ളു എങ്കിലും അതിനിടയിൽ എല്ലാവൎക്കും വലിയൊരു പരിചയക്കാരനായി തീരുകയാണ ചെയ്തിട്ടുള്ളത - അച്യു തമെനൊനെ ഈ വീട്ടുകാൎക്ക എത്രൊണ്ട വാത്സല്യമുണ്ടൊ അത്രൊണ്ട സ്നെഹം ഇദ്ദെഹത്തിനെയും ഉണ്ടായിരുന്നു- അതുകൊണ്ട ഇവരുടെ യാത്ര അവിടെയുള്ള എല്ലാവൎക്കും ഒരുപൊലെ മനൊവ്യസനത്തിന്ന കാരണമായിത്തീൎന്നു. തന്റെ യാത്രയെപ്പററി അല്പമായ കുണ്ഠിതം കുഞ്ഞികൃഷ്ണ മെനൊന്റെ മനസ്സിലും ഇല്ലാതെ പൊയിട്ടില്ല- നാലഞ്ചു ദിവസം ഒരുപൊലെ പാൎത്തിട്ടും ഒരു നെരമെങ്കിലും മീനാ ക്ഷിക്കുട്ടിയുമായി മുഖമിട്ട സംസാരിപ്പാൻ ഇദ്ദെഹത്തിന്ന സാധിക്കാതിരുന്നതാണ കുണ്ഠിതത്തിന്നുള്ള മുഖ്യകാരണം- ലക്ഷ്മി അമ്മയുമായി സംസാരിച്ചിട്ടുണ്ടായിരുന്ന കൂട്ടത്തിൽ ഒന്നൊ രണ്ടൊ പ്രാവശ്യം രണ്ടും നാലും വാൎക്ക ഇവളും പ്ര ത്യുത്തരമായി പറഞ്ഞിട്ടുണ്ടായിരുന്നു എങ്കിലും അതുകൊ ണ്ട ലെശംപൊലും ഇദ്ദെഹത്തിന്റെ അത്യാൎത്തി പിടിച്ച മനസ്സിന്നു വിശപ്പ തീൎന്നിട്ടുണ്ടായിരുന്നില്ല- വല്ലതും ഒന്ന രണ്ട നാഴികനെരം ഇവളുമായി സ്വച്ഛന്ദം സംഭാഷണം ചെയ്യെണമെന്നായിരുന്നു ഇദ്ദെഹത്തിന്റെ മൊഹം- അ തു ഈ പ്രാവശ്യം സാധിക്കുമെന്ന എനിക്ക തൊന്നുന്നില്ല- പുറപ്പെടെണ്ടുന്ന സമയം എകദെശം അടുത്തെത്തി - വ ണ്ടിക്കാരൻ കിഴക്കെ ഇടവഴിയിൽ വണ്ടി കൊണ്ടന്നു നി ൎത്തി- പെട്ടിയും സാമാനങ്ങളും എടുപ്പിച്ചു ഗൊവിന്ദൻ വ ണ്ടിയിൽ കൊണ്ട വെപ്പിച്ചു തുടങ്ങി- പുറപ്പെടുവാൻ എക ദെശം കാലമായെന്നു കണ്ടപ്പൊൾ കുഞ്ഞികൃഷ്ണമെനൊ

നും കരുണാകരൻ നമ്പ്യാരും ഗോപാലമെനോനും കൂടി മുകളിൽ നിന്ന ഇറങ്ങി കിഴക്കെ പൂമുഖത്ത വന്നു എനി അധികം താമസിക്കരുതെന്നു പറഞ്ഞു- കുഞ്ഞിശ്ശങ്കരമെനോനും അച്യുതമെനോനും കൂടി അകത്തെക്ക കടന്നു യാത്രാനുരൂപമായ ഉടുപ്പ ധരിച്ച പുറപ്പെട്ടുവാൻ ഭാവിക്കുമ്പൊഴക്ക ലക്ഷ്മി അമ്മയും തന്റെ സഹൊദരിമാരും മീനാക്ഷി കുട്ടിയും വെറെയുള്ള കുട്ടികളും എല്ലാവരും പുറത്തളത്തി ലെക്ക കടന്നുവന്നു-ലക്ഷ്മിഅമ്മ കടന്നവന്ന പാട തന്റെ കയ്യിൽ ഉണ്ടായിരുന്ന അതി മനൊഹരമായ ഒരു കസവ തൊപ്പി കുഞ്ഞിശ്ശങ്കരമെനൊന കൊടുത്ത ചിരിച്ചുംകൊണ്ട പറഞ്ഞു- "നിങ്ങളുടെ തലയിൽ വെക്കത്തക്ക യൊഗ്യത ഇതിന ഉണ്ടായിട്ടല്ല- എങ്കിലും ഞങ്ങളുടെ ഓൎമ്മക്കവെണ്ടി ചെയ്യിട്ടുള്ള ഒരു ഉപചാരമാണ- അപ്പയും നിങ്ങളുമായുള്ള സ്നെഹവും വിശ്വാസവും മദ്ധ്യാഹ്നത്തിന്ന ശെഷമുള്ള സൂൎയ്യന്റെ നിഴൽപൊലെ ആ ജീവനാന്തം വൎദ്ധിച്ചുകാണ്മാൻ ദൈവം നമുക്ക സംഗതി വരുത്തട്ടെ- കൂടക്കൂടെ ഞങ്ങളുടെ പരാധീനതയും മറ്റും അന്വെഷിക്കെണ്ടതിന്നു അപ്പയുടെ ഒരുമിച്ച ഇത പ്രകാരം തന്നെ വന്നു കാണ്മാൻ ഞങ്ങൾക്ക വളരെ ആഗ്രഹമുണ്ട" കുഞ്ഞിശ്ശങ്കരമെനൊൻ തൊപ്പിയുടെ ഭംഗിയും ലക്ഷ്മി അമ്മയുടെ വാത്സല്യവും വിചാരിച്ച അത്യന്തം സന്തൊഷപരവശനായി തന്റെ തലയിൽ ഉണ്ടായിരുന്ന തൊപ്പിയെടുത്ത പുറത്തളത്തിലെ മെശയുടെ മുകളിൽ വെച്ച മീനാക്ഷികുട്ടിയുടെ സമ്മാനമാണെന്നു തനിക്ക പൂൎണ്ണ വിശ്വാസം വന്നിട്ടുള്ള കസവു തൊപ്പി അത്യാദരവൊടെ തന്റെ തലയിൽ ഇട്ട ലക്ഷ്മി അമ്മയുടെയും മീനാക്ഷികുട്ടിയുടെയും മുഖഭാവത്തെ സൂക്ഷിച്ച ചിരിച്ചുംകൊണ്ട പറഞ്ഞു- "നിങ്ങളുടെ ഈ ഉപചാരത്തിന്നും പുത്രാനുരൂപമായ വാത്സല്യത്തിന്നും വിലമതിപ്പാൻ പാടില്ലാത്ത ഈ ഉപദെശത്തിന്നും എനിക്ക സം

ഗതിവന്നിട്ടുള്ളതിനാൽ ഞാൻ നിങ്ങൾക്കു എല്ലായ്പ്പോഴും കടപ്പെട്ടവനാകുന്നു- കൂടക്കൂടെ വരുവാനും നിങ്ങളുടെ വാത്സല്യം അനുഭവിച്ചു സന്തോഷിപ്പാനും കാലസ്വരൂപനായ ജഗദീശ്വരൻ കടാക്ഷിക്കട്ടെ- നിങ്ങൾ ഇവ ചെയ്തിട്ടുള്ള ബഹുമാനത്തിന്നു പ്രത്യുപകാരം ചെയ്വാൻ ഞാൻ കേവലം അപ്രാപ്തനാകുന്നു" കുഞ്ഞിശ്ശങ്കരമേനോന കൊടുത്തിട്ടുള്ള സമ്മാനവും അദ്ദേഹത്തോട അതി മധുരമായി സംസാരിച്ചതും അച്യുതമേനോന വളരെ സന്തോഷമായി- തന്റെ അമ്മയുടെ ഔദാൎയ്യവും മൎയ്യാദയും വിചാരിച്ചു അദ്ദേഹം മനസ്സുകൊണ്ടു അത്യന്തം ആദരിച്ചു- രണ്ടു പെരും തങ്ങളുടെ വഴിയാത്രയെപ്പറ്റി പിന്നെയും ലക്ഷ്മി അമ്മയോട കുറെനെരം സംസാരിച്ചു- അതില്പിന്നെ കുഞ്ഞിശ്ശങ്കരമെനോൻ എല്ലാരൊടും പ്രത്യേകം പ്രത്യേകം യാത്രയയപ്പിച്ചു മീനാക്ഷിക്കുട്ടിയുടെ മുഖത്തു നൊക്കി മന്ദസ്മിതം ചെയ്തുംകൊണ്ടു പറഞ്ഞു.

കു-ശ-മെ__ഉപെക്ഷ കൂടാതെ ഉത്സാഹിച്ചു പഠിച്ചു ബുദ്ധിക്കും മനസ്സിന്നും വെണ്ടതൊക്കെ പരിഷ്കാരവും പാകതയും വരുത്തി അത്യന്തം ഭാഗ്യവതിയായി മാതാപിതാക്കന്മാൎക്കു സന്തൊഷവും ശ്രേയസ്സും ദിവസംപ്രതിവൎദ്ധിപ്പിച്ചു മലയാളത്തിലെ സ്ത്രീകളുടെ ഇടയിൽ മഹത്തരമായ ഭൂഷണമായി തീൎന്നു കാണ്മാൻ ദൈവം സംഗതിവരുത്തുമെന്നു വിശ്വസിക്കുന്നു- മിഡ്ഡിൽസ്കൂൾ പരീക്ഷയിൽ ഒന്നാമതായി ജയിക്കെണ്ടതിന്നു അല്പം കൂടി മനസ്സുവെച്ചു വായിക്കെണ്ടതാണെന്നു പ്രത്യേകിച്ചു പറയെണ്ടതില്ലല്ലൊ? തൊപ്പി തുന്നുന്നതും മററും കുറെ ദിവസത്തെക്കു നിൎത്തിവെച്ചാൽ വെണ്ടില്ലെന്നു തൊന്നുന്നു.

മീനാക്ഷിക്കുട്ടി—(സസ്മിതം മുഖം താഴ്ത്തിക്കൊണ്ടു) ജ്യേഷ്ഠൻ എനി ഇങ്ങൊട്ടു എപ്പഴുണ്ടാകും? കൂടക്കൂടെ എ

നിക്ക എഴുത്തയക്കാതിരിക്കരുതെ.

അച്യുതമെനൊൻ—ഇങ്ങട്ട എനി എപ്പഴാണ വരാൻ അവസരം എന്ന നിണക്കതന്നെ അറിഞ്ഞുകൂടെ? കൊടതി പൂട്ടുന്ന സമയം ഇങ്ങട്ടുണ്ടാകും. അതിനിടയിൽ വരുന്നത സംശയമാണ.

മീനാക്ഷികുട്ടി—കൊടതി പൂട്ടാൻ എനിയും രണ്ട രണ്ടര മാസം കഴിയണ്ടെ? അതിന്നിടയിൽ ജ്യേഷ്ഠന്ന ഒരു പ്രാവശ്യംകൂടി ഇങ്ങട്ട വരുന്നതിന്ന എന്താണ തരക്കെട?

ലക്ഷ്മിഅമ്മ—അത നടക്കാത്ത കാൎയ്യമാണ. വരാനും പൊവാനും എത്ര ബുദ്ധിമുട്ടുണ്ട? എത്ര പണം ചിലവ ചെയ്യണം? കൊടതി പൂട്ടുന്നതിന്ന മുമ്പായിട്ട വരെണ്ടിവന്നാൽ ഞാൻ എഴുതിയയക്കും. അല്ലാതെ വരണ്ട.

മീ-കുട്ടി—എന്നാൽ മദിരാശിയിൽ എത്തിയ ഉടനെ എല്ലാ വിവരത്തിന്നും എഴുത്തയക്കാതിരിക്കരുതെ. എനിക്ക പ്രത്യേകം എഴുത്തയക്കണം.

ക-ശ-മെ—അച്യുതമെനൊൻ എഴുതിയാൽ മതിയെല്ലൊ.

ലക്ഷ്മിഅമ്മ—അച്ഛയുടെ എഴുത്തും നിങ്ങളുടെ എഴുത്തും ഞങ്ങൾക്ക ഒരുപൊലെയാണ.

മീ-കുട്ടി—ഞാൻ ജ്യേഷ്ഠനൊടാണ എഴുത്തയക്കാൻ പറഞ്ഞിട്ടുള്ളത.

പാറുകുട്ടി—വെറെ ആരും എഴുത്തയച്ചാൽ നീ വാങ്ങില്ലെ?

മീ-കുട്ടി—മററു ഞാൻ ആരൊടും ആവശ്യപ്പെട്ടിട്ടില്ലെല്ലൊ? എല്ലാവരും എഴുത്തയച്ചാൽ എളെമ്മ വാങ്ങൊ?

ക-ശ-മെ—അതൊക്കെയും പൊയ്ക്കൊട്ടെ. എന്നാൽ ഞങ്ങൾ ഉള്ള സമയം കളയാതെ പൊയി വരട്ടെ. നിങ്ങളും കൂടക്കൂടെ വിവരത്തിന്ന എഴുത്തയക്കുമെല്ലൊ.

ലക്ഷ്മിഅമ്മ—എന്നാൽ എനി ഉടനെ കാണ്മാൻ സംഗതി വരട്ടെ. വഴിക്ക യാതൊരു ബുദ്ധിമുട്ടും കൂടാതെ

സുഖമായി മലിരാശിയിൽ എത്തി വിവരത്തിന്ന എ
ഴുത്തയക്കമാറാകട്ടെ-

കുഞ്ഞിശ്ശങ്കരമെനൊനും അച്ച്യുതമെനൊനും "അപ്ര
കാരം തന്നെ" എന്ന പറഞ്ഞ കൊലായിൽ കടന്നു പൂമു
ഖത്ത വന്ന കുഞ്ഞികൃഷ്ണമെനൊനൊട്ടുംമറ്റും കുറെ നെ
രം സംസാരിച്ചു അവരൊട ഒന്നിച്ച പടിപ്പുരയിലെക്ക
പൊയി- കുഞ്ഞികൃഷ്ണമെനൊൻ അച്ച്യുതമെനൊനെ അ
ടുക്കെ വിളിച്ച സ്വകാൎയ്യം ചിലത സംസാരിച്ചു വഴിയാത്ര
ക്കുംമറ്റും ആവശ്യമായിട്ട അമ്പതുറുപ്പികയുടെ ഒരു മലിരാ
ശി നൊട്ടും ഇരുപതുറുപ്പികയും കൊടുത്തു- ഒരുമിച്ച തീവ
ണ്ടിസ്റ്റെഷൻവരെ പൊകെണ്ടതിന്ന ശിവായി കൊമൻനാ
യരെയുംകൂടി ഇവരുടെ ഒന്നിച്ചയച്ചു. കുഞ്ഞിശ്ശങ്കരമെനൊ
ൻ എല്ലാവരൊട്ടും യാത്ര പറഞ്ഞ തന്റെ പ്രിയസ്നെഹിത
നായ അച്ച്യുതമെനൊനൊടൊന്നിച്ച വണ്ടി കയറി കനക
മംഗലം ചിറയുടെ വടക്കഭാഗമുള്ള നിരത്തിന്മെൽകൂടി ശാ
കുന്തളം ഒന്നാം അങ്കത്തിന്റെ അവസാനത്തിൽ കൊടു
ത്തിട്ടുള്ള ശ്ലൊകവും മനസ്സുകൊണ്ടരുക്കഴിച്ചു ആ വഴിയെത
ന്നെ മലിരാശിക്ക പൊയി- കുഞ്ഞിശ്ശങ്കരമനൊൻ പൊയ
തിന്റെ പിറെറ ദിവസം മുതല്ക്കു മീനാക്ഷിക്കുട്ടി മാതാ പി
താക്കന്മാരുടെയും ഗൊപാലമെനൊന്റെയും പൂൎണ്ണാനുവാ
ദത്തൊടുകൂടി മീനാക്ഷിയെന്നുള്ള ജാതകപ്പെർ തന്നെ സ്ഥി
രമായി സ്വീകരിച്ചു സ്കൂൾ റജിസ്ത്രു മുതലായതിലും വെണ്ട
പ്പെട്ട ഭെദഗതികൾ വരുത്തി- കുഞ്ഞികൃഷ്ണമെനൊനും
കരുണാകരൻനമ്പ്യാരും പിന്നെയും നാലഞ്ചു ദിവസം പു
ത്തൻ മാളിയക്കൽ സുഖമായി പാൎത്ത ശെഷം അവരവ
രുടെ അധികാര സ്ഥലങ്ങളിലെക്ക പൊയി.

# പതിനാറാം അദ്ധ്യായം.

"ദുഷ്കൎമ്മ ഫലവും പ്രായശ്ചിത്തവും"

അത്യന്തം രമണീയമായ യൌവനത്തിന്റെ ആദ്യ ദശയിൽ തന്നെ ഈ കഥയിലെ ഉപനായികയായ കൊച്ചമ്മാളു അതുവരെയുള്ള തന്റെ എല്ലാ അവസ്ഥകളും നടവടികളും തീരെ വിപരീതമായി വിഷയസൌഖ്യം കേവലം വിഷപ്രായമാണെന്ന ദൃഢമായി വിശ്വസിച്ച തന്റെ വൃദ്ധയായ അമ്മയെയും അഗതികളായ രണ്ട ജ്യേഷ്ഠന്മാരെയും ഉപെക്ഷിച്ച തന്നിൽ അനുരാഗ വശന്മാരായ അനെകം പുരുഷന്മാർ വ്യസനിച്ച കണ്ണുനീർ വാൎത്തു നൊക്കിക്കൊണ്ടിരിക്കെ രാത്രി കാലത്ത കാക്കനൂർ മനക്കലെക്ക ഇറങ്ങിപ്പോയിട്ടുള്ള വിവരം ഇതിന്ന മുമ്പ പ്രസ്താവിച്ചിട്ടുണ്ടല്ലൊ- ഇവൾ പ്രാപഞ്ചികമായ സുഖാനുഭൊഗത്തിൽ അത്യുത്സാഹവും അതി ശ്രദ്ധയും കാണിച്ചവന്നിരുന്ന കാലത്ത ഇവളുടെ ആശ്രിതന്മാരൊ പരിചയക്കാരൊ സ്നേഹിതന്മാരൊ ആയിത്തീരെണ്ടതിന്ന അനവധി മഹാ രഥന്മാർ രാപ്പകൽ അതിപ്രയത്നം ചെയ്തു വന്നിട്ടുണ്ടായിരുന്നു- കനകമംഗലം ചിറയെടുത്തു കടവത്തെ തൊടിയിൽ കൊണ്ടുന്ന വെക്കണമെന്നൊ ദെവലൊകത്തു പൊയി ഇന്ദ്രാണിയുടെ കണ്ണാഭരണം കൊണ്ടുന്ന കൊടുക്കെണമെന്നൊ ഇവൾ ആവശ്യപ്പെടുന്നതായാൽ ജനങ്ങൾ യാതൊരു ഉപെക്ഷയും ധൈൎയ്യക്ഷയവും കാട്ടാതെ ആ കാലത്ത അതിലെക്കും ഒരുങ്ങി പുറപ്പെടുമായിരുന്നു- ആ സമയം മഴയെന്നും മഞ്ഞെന്നും ചളിയെന്നും വെള്ളമെന്നും മററുമുള്ള വിചാരം മിക്ക രസികന്മാരുടെ മനസ്സിലും അസ്തമിച്ച പൊയിരുന്നു-"പണമില്ലാത്ത മനുഷ്യൻ ശുദ്ധമെ പിണമാണെ"

നുള്ള പഴഞ്ചൊല്ല യഥാൎത്ഥമായിട്ടുള്ളതാണെന്ന ആ കാല
ത്താണ മിക്ക ജനങ്ങൾക്കും ബൊദ്ധ്യം വന്നിട്ടുണ്ടായിരുന്ന
ത- കട്ടിട്ടൊ കടം വാങ്ങീട്ടൊ തറവാട്ട സ്വത്ത കാണത്തി
ന്ന വെച്ചിട്ടൊ വെറെ വല്ല അകൃത്യവും പ്രവൃത്തിച്ചിട്ടൊ
ഏതവിധത്തിലും കൈവശം പണമില്ലാതിരിപ്പാൻ പാടി
ല്ലെന്നായിരുന്നു അധിക പക്ഷക്കാരുടെയും അഭിപ്രായം-
യഥാശക്തി രണ്ടും നാലും കൈക്കലാക്കി അതുംകൊണ്ട
ചെന്ന ഇവളെ ഭജിച്ച പ്രത്യക്ഷമാക്കി കൃതാൎത്ഥന്മാരാകെ
ണ്ടതിന്ന അന്തിക്കും ഇരുട്ടത്തും പാതിരക്കും പുലച്ചക്കും ക
ടവത്തെ അകത്തും കൊലായിലും മുററത്തുമായിട്ട കാല
ക്ഷെപം ചെയ്യാൻ അന്ന വളരെ ആളുകൾ ഉണ്ടായിരു
ന്നു- കുത്തിരുന്നും നിന്നും ഇവളുടെ മൂലമന്ത്രം ഉച്ചരിച്ച
കെശാദിപാദം ധ്യാനിച്ചും കുണ്ടുണ്ണിമെനൊൻ മുതലായ ദു
ഷ്ടപിശാചുക്കളുടെ തല്ലും കുത്തും ഭയപ്പെട്ടും, കൂടാതെ ക
ഴിപ്പാൻ അവൎക്ക കോഴിയും കപ്പിയും കൂട്ടി വെണ്ടപ്പെട്ട ബ
ലി കൊടുത്തും ഇങ്ങിനെ കാലം കഴിച്ച വരുന്നവരും ആ
കാലത്ത ചുരുക്കമല്ലയായിരുന്നു- എന്നാൽ കൊച്ചമ്മാളു
തന്റെ ഉദ്യൊഗം രാജി കൊടുത്ത മുതല്ക്ക "മാങ്ങയും തി
ന്നു മാവിന്റെ കീഴിലുണ്ടായിരുന്ന തിരക്കും തീൎന്നു" എന്ന
മാതിരി കടവത്ത വീട്ടിലെ ആഘൊഷവും നെരംപൊ
ക്കും സകലവും അവസാനിച്ചു- അതിൽപിന്നെ ആരെങ്കി
ലും ഒരുത്തൻ ആ തൊടിക്കുള്ളിൽ കാലെടുത്ത വെക്കുക
യൊ പലപ്പൊഴും പലവിധത്തിലും മുമ്പ സഹായിച്ച വ
ന്നിട്ടുണ്ടായിരുന്ന ഉണ്ണിച്ചിരാമ്മയെ വന്ന കാണുകയൊ
ആ വൃദ്ധക്ക യഥാശക്തി വല്ലതും സഹായിക്കുകയൊ ഈ
വക യാതൊന്നും ചെയ്തുയുണ്ടായില്ല- അവിവെകികളായ
കാമികളും മധുഭ്രാന്തന്മാരായ വണ്ടുകളും ഉപകാരസ്മരണ
കൂടാതെ പ്രവൃത്തിച്ചുവരുന്നവരാണെന്ന എല്ലാവൎക്കും അറി
വുള്ളതാണെല്ലൊ- അതൊ അങ്ങിനെയിരിക്കട്ടെ- നിൎഭാഗ്യ

കക്ഷിയായ ഉണിച്ചിരാമ്മയുടെ അരിഷ്ടതയും കഷ്ടവും പറഞ്ഞാൽ അവസാനിക്കില്ല.

ഈ അമ്മയുടെ സുഖവും ഭാഗ്യവും ഓജസ്സും ശ്രീയും എല്ലാം കൊച്ചമ്മാളുവിന്റെ ഒരുമിച്ച തന്നെ ഇറങ്ങിപ്പൊയ്ക്കളകയാണ ചെയ്തിട്ടുള്ളത. എന്നാൽ ഈ വൃദ്ധയെ നല്ലവണ്ണംനൊക്കി രക്ഷിച്ചുകൊണ്ട നടപ്പാൻ പ്രാപ്തിയുള്ള രണ്ട ആൺമക്കളില്ലെ എന്ന വല്ലവരും ചൊദിക്കുമായിരിക്കാം. അവരുള്ളതും ഇല്ലാത്തതും കൂടി വിചാരിച്ചു നൊക്കിയാൽ ഇല്ലാത്തതാണ കുറെ ഭെദം- യാതൊരു തുമ്പും വഴിയും ഇല്ലാത്ത രണ്ട അവതാരമൂൎത്തികളാണ. കൊച്ചമ്മാളുവിന്ന പ്രായം വെക്കുന്നവരെ അമ്മയുടെ പെൻഷൻകൊണ്ടും അതിൽപിന്നെ പെങ്ങളുടെ ഉദ്യൊഗത്തിൽനിന്ന കിട്ടിവന്നിട്ടുണ്ടായിരുന്ന ശംബളംകൊണ്ടുമാണ ഇവർ ഇതവരക്കും ഒരു വിധെന ഒത്തും ഒപ്പിച്ചും പൊന്നിട്ടുണ്ടായിരുന്നത. ഏകയൊഗക്ഷെമമായി കഴിഞ്ഞുവന്ന ഇവൎക്കുള്ള മുഴുവൻ സ്വത്തു കൊച്ചമ്മാളു ഒരുത്തിയായിരുന്നു- ഇവറ്റ ഇത്രകാലത്തെ ഇങ്ങിനത്തെ വെണ്ടാസനം പ്രവൃത്തിക്കുമെന്ന ഇവർ സ്വപ്നെപി വിചാരിച്ചിരുന്നില്ല-അതുകൊണ്ട ഇവർ ഇതുവരെ യാതൊരു പ്രവൃത്തിയും എടുക്കാതെ രാവിലെ കുളിച്ചു നിത്യവെള്ളയും ചുററി ചന്ദനക്കുറിയും ഇട്ട രണ്ടുപ്രാവശ്യവും മൃഷ്ടമായി സാപ്പാടകഴിച്ചു മെതിയടിയുംചവിട്ടി അല്ലാക്കക്കുടയും പിടിച്ചു വടിയുംവീശി തെമ്മാടികളുടെ യജമാനന്മാരായി കഞ്ചാവും വലിച്ചു കള്ളുംകുടിച്ചു പകിടയുംകളിച്ചു നടക്കയാണ ചെയ്തിട്ടുള്ളത- ക്ഷൌരക്കൂലി ആദിയായിട്ട എല്ലാ അത്യാവശ്യങ്ങളും ഇവററക്ക ഇവറ്റ കൊട്ടത്തുവരികയായിരുന്നു. എനി നിത്യതക്ക ആരാണ കൊടുപ്പാനുള്ളതെന്ന ദൈവത്തിന്നമാത്രം അറിയാം"കൊച്ചമ്മാളു ഇതവരെ സമ്പാദിച്ചിട്ടുള്ളത മുഴുവനും അമ്മയുടെ കയ്യശത്തിലുണ്ടല്ലൊ? അതുകൊണ്ട പത്തിന്ന അഞ്ചു

കണ്ട ഒരുവിധെന കഷ്ടിമുഷ്ടിയായി നിവൃത്തിച്ചുപൊകാം'' എന്നായിരുന്നു ഇവർ വിചാരിച്ചുവെച്ചത- സൂക്ഷിച്ചു ചിലവുചെയ്യുന്നതായാൽ ഇവരുടെ നിത്യതക്കമാത്രം ഇവൾ സമ്പാദിച്ചുവെച്ചിട്ടുണ്ടായിരുന്നു- എന്നാൽ അതനുഭവിപ്പാനുംവെണ്ടെ കുറച്ചൊരുഭാഗ്യം! കൊച്ചമ്മാളുപൊയിട്ട നാലൊ അഞ്ചൊ ദിവസം കഴിഞ്ഞതിൽപിന്നെ ഒരുദിവസം രാത്രി ഇവർ രണ്ടുപെരും സംബന്ധവീട്ടിലെക്ക പൊയിട്ടുണ്ടായിരുന്നവിവരം അറിഞ്ഞു കുണ്ടുണ്ണിമെനൊന്റെ സഹായത്തൊടുകൂടി കള്ളന്മാർ കടന്ന അവിടെയുള്ള സകല സാധനങ്ങളും കവച്ചചെയ്തു കൊണ്ടുപൊയ്ക്കളഞ്ഞു. രണ്ട കട്ടിലും അതിന്മെൽ ഉണ്ടായിരുന്ന കിടക്കകളും നാലഞ്ചുകഷണം പഴയ ഒന്നരയും ഒരു മാടമ്പി വിളക്കും മാത്രമെ ബാക്കിവെച്ചിട്ടുണ്ടായിരുന്നുള്ളു. ഹെഡകൻസ്റ്റെബൾ പങ്ങശ്ശമെനൊൻ ഈ കവച്ചക്കെസ്സു തുമ്പുണ്ടാക്കുവാൻവെണ്ടി തന്നാൽ കഴിയുന്നത ശ്രമിച്ചുനൊക്കി. കുണ്ടുണ്ണിമെനൊനെ പിടിച്ചു സ്റ്റെഷനിൽ കൊണ്ടുപൊയിട്ടിട്ട എണ്ണംപറഞ്ഞ പല വിദ്യകളും പ്രവൃത്തിച്ചു. നാലുറുപ്പിക തിരികെ വാങ്ങിയതുകൊണ്ടുണ്ടായിരുന്ന പരിഭവം എരെമ്മൻനായര കൈകൊണ്ട വീട്ടി-എന്തുതന്നെ ചെയ്തിട്ടും ''അറകണ്ണിയും ഇല്ല വീണനിലവും ഇല്ല'' എന്നുപറഞ്ഞമാതിരി യാതൊരു വിവരവും ഉണ്ടായില്ല. എന്തുചെയ്യും? കഷ്ടകാലംവന്ന തലയിൽ കയറിട്ടുള്ള കൂട്ടരെ നന്നാക്കിവെപ്പാൻ ആരു വിചാരിച്ചാലാണ നിവൃത്തി? ഉണിച്ചിരാമ്മയും തന്റെ പുത്രന്മാരും വെണ്ടെടത്തൊളം ബുദ്ധിമുട്ടിലായി. നിത്യതക്ക യാതൊരുനിവൃത്തിയും ഇല്ലാഞ്ഞിട്ട ഒടുവിൽ കട്ടിൽരണ്ടും പുത്തൻമാളികക്കലെ വ്യവഹാര കാൎയ്യസ്ഥനായ മട്ടിക്കാവിൽ ഗൊവിന്ദന മുപ്പത്തഞ്ചുറുപ്പികക്ക വിററു- ആ ഉറുപ്പികകൊണ്ട അഞ്ചാറു മാസത്തൊളം ഒരുവിധെന ജീവനെ രക്ഷിച്ചു. ഉണിച്ചിരാമ്മ ഇപ്പൊൾ

അനുഭവിച്ചുവരുന്ന സങ്കടപ്പാടുകണ്ടാൽ അത്യന്തം നിൎദ്ദയന്മാരായ ജനങ്ങളുടെ ഹൃദയംപൊലും അലിഞ്ഞുപൊകാതിരിക്കയില്ല. ഈ അമ്മ തനിക്ക യൌവനം വെച്ചമുതൽ ദാരിദ്ര്യവും കഷ്ടതയും എന്താണെന്നു ഇതുവരെ അറിഞ്ഞിട്ടുണ്ടായിരുന്നില്ല. ഇപ്പൊൾ ദാരിദ്ര്യത്തിൻെറ അകവും പുറവും നല്ലവണ്ണം മനസ്സിലായിട്ട കനകമങ്ങലത്ത ഇങ്ങിനെ യാതൊരാളും ഇല്ലെന്നുതന്നെ പറയാം. നെരം പ്രഭാതത്തിന്നു കഞ്ഞി, പലമാതിരി ഉപദംശങ്ങളൊട്ടുകൂടി മദ്ധ്യാഹ്നത്തിന്ന സുഖമായൊരൂണ, നാലമണിക്കമുമ്പായി ഒരു പലഹാരം, രാത്രിയിൽ അത്താഴം- ഇങ്ങിനെ ദിവസംപ്രതി പരമാനന്ദമായി ഭക്ഷണം കഴിച്ചുവന്നിരുന്നത പൊയിട്ട ഇപ്പൊൾ ഒരു നെരം വല്ലതും തെല്ലൊന്ന കഴിച്ചിട്ടുണ്ടെങ്കിൽ പിന്നെ രണ്ടുനെരത്തെക്ക ശുദ്ധമെ ഏകാദശി നൊമ്പാണെന്നതന്നെ പറയണം. തലയിൽ തെപ്പാൻ ക്ഷീരബല എണ്ണയും മെൽപുരട്ടുവാൻ ധാന്വന്തരം കുഴമ്പും മുമ്പ നിത്യത ഉപയൊഗിച്ചുവന്നിട്ടുണ്ടായിരുന്ന ഈ വൃദ്ധ ഇപ്പൊൾ മാസത്തിൽ രണ്ടുപ്രാവശ്യം തലയിൽ എണ്ണ പൊത്തുന്നകാൎയ്യംതന്നെ വളരെ സംശയത്തിലാണ. രാവിലെയും വയിന്നെരവും ചുററിയ വസ്ത്രം പതിവായി മാററിവരുമാറുള്ളത പൊയിട്ട ആഴ്ചയിലൊരിക്കലെങ്കിലും വസ്ത്രം മാററുവാൻ നിവൃത്തിയില്ലാതായി. മുമ്പ ശരീരപുഷ്ടിയും നല്ല തെജൊഗുണവും യൊഗ്യതയും ഉണ്ടായിരുന്ന ഈ അമ്മ ഇപ്പൊൾ ലെശംപൊലും രക്തപ്രകാശം കൂടാതെ ഒണങ്ങിച്ചുളിഞ്ഞു കണ്ണുനട്ട മുഖത്തുപൊലും എല്ലുപറപ്പെട്ട കരളും കുഴിഞ്ഞ വയറും പുറത്തെ എല്ലൊടുചാററി നട്ടൊടിഞ്ഞു ക്ഷീണിച്ചിട്ടുള്ളതകണ്ടാൽ ഏതു ധൈൎയ്യശാലിക്കും കണ്ണീർ വരാതെ ഇരിക്കില്ല. ഇങ്ങിനെ ഏറിയ ദൃഷ്ടാന്തങ്ങൾ ദിവസംപ്രതി കണ്ടിട്ടും അനുഭവിച്ചിട്ടും അകൃത്യം പ്രവൃത്തിപ്പാൻ മനുഷ്യൎക്ക പിന്നെയും മനസ്സും

ധൈൎയ്യവും വരുന്നതാണ വലിയ അത്ഭുതം! അരമയിൽ ദൂരം പൊകെണമെങ്കിൽ കുതിരവണ്ടി കൂടാതെ നിവൃത്തിയില്ലെന്നു പറഞ്ഞുവന്നിരുന്ന എത്ര യൊഗ്യന്മാർ വണ്ടി വലിച്ചുകൊണ്ടു നടക്കുന്നു! അകത്തിരിക്കുന്ന സമയംകൂടി സ്വൎണ്ണംകൊണ്ടുള്ള ഗഡിയാളും ചങ്ങലയും മെഡിലും ധരിച്ചുവന്നിട്ടുണ്ടായിരുന്ന എത്ര ആളുകഠം മരത്താലി കഴുത്തിൽകെട്ടി നിരത്തിടിക്കുന്നു! ലൊകത്തിൽ പലമാതിരി ദുഃഖങ്ങഠം ഉണ്ടെന്നു വരികിലും ഉയൎന്ന സ്ഥിതിയിൽനിന്നു കഷ്ടതയിൽ പെടുന്നതിനൊളം വലിയ സങ്കടം മറെറ യാതൊന്നും ഇല്ല. മുമ്പ പരിചയിക്കാത്തെയും അറിയാത്തെയും അരിഷ്ടതയും ദുഃഖവും അനുഭവിക്കെണ്ടി വരുന്നതൊ ഇരിക്കട്ടെ. ജനങ്ങളുടെ മുഖത്ത നൊക്കുന്നതും ജനാപവാദം സഹിക്കെണ്ടി വരുന്നതും ആണ വലിയ വ്യസനം. ചാൎച്ചയിലും ചെൎച്ചയിലും ഉള്ള ആളുകളുടെ മുഖഭാവം കാണുമ്പൊളുണ്ടാകുന്ന അന്തസ്താപവും വിരൊധികളുടെ പ്രസന്നത കാണുമ്പൊളുണ്ടാകുന്ന മനൊവ്യഥയും വിചാരിച്ചാൽ ദെഹം തൽക്ഷണം വെന്തുപൊകും. ഈ ഉണിച്ചിരാമ്മയെ ഈ സ്ഥിതിയിൽ കാണ്മാനിടവരുമെന്നു യാതൊരു മനുഷ്യന്മാരും വിചാരിച്ചിട്ടുണ്ടായിരുന്നില്ല- അവരവർ ചെയ്യുന്ന കൎമ്മങ്ങളുടെ ഫലം അനുഭവിക്കാതെ പൊകുമെന്നു ആരും വിചാരിക്കെണ്ട. ഗുണം ചെയ്താൽ ഗുണം- ദൊഷംചെയ്താൽ ദൊഷം. ഇത നാം അനുഭവിക്കാതിരിക്കില്ല.

എന്നാൽ ഈ അമ്മയുടെ കഷ്ടകാലം ഇതകൊണ്ട മുഴുവനായൊ? ഇല്ല- ഇങ്ങിനെ അരിഷ്ടപ്പെട്ട കാലക്ഷെപം ചെയ്തുവരുന്നകാലത്ത ഒരുദിവസം രാവിലെ കൊലായിൽ കത്തിച്ചുവെച്ചിട്ടുണ്ടായിരുന്ന മാടമ്പിവിളക്കിലെ തിരി ഒരു കാക്ക വന്നു കൊത്തിക്കൊണ്ട പൊകുമ്പൊഠം കഷ്ടകാലശക്തിയാൽ അത പുരയുടെ മുകളിൽ വീണു- മെല്ലെ തീ

പിടിച്ചു പുര മുഴുവനും വെന്തു വെണ്ണീറായി- ഇതിലധികമായ സങ്കടം എനി എന്താണീശ്വരാ അനുഭവിക്കെണ്ടത! എല്ലാററിനും ഉടമയായിട്ട കരുതി വെച്ചിരുന്ന ഒരു മകളുള്ളത സന്ന്യസിച്ചു കളഞ്ഞു- ഇത്തിരി വല്ലതും അവൾ സമ്പാദിച്ചു വെച്ചത കള്ളന്മാരും കൊണ്ടുപൊയി- പട്ടിണി കിടന്നാലും ഒരു ദിക്കിൽ കോടി കിടന്ന മരിപ്പാനുതകുന്നതായ പുരയും തീ വെന്തുപൊയി- ഇരന്ന നടന്നിട്ടെങ്കിലും ഒരു വിധെന ജീവനെ രക്ഷിക്കാം- ഇരിപ്പാൻ ഒരു ഭവനമില്ലാത്തതിന്ന എന്തൊരു നിവൃത്തിയാണുള്ളത? വല്ലതും രണ്ടുനാലുറുപ്പികയുണ്ടെങ്കിൽ ഒരു ചെററയെങ്കിലും വെച്ചു കെട്ടാമായിരുന്നു. നാലുറുപ്പിക പൊയിട്ട നാല കാശിന്ന ഒരു വഴി വെണ്ടെ? അന്തിയൊളം അരിയിരന്നു അന്തിക്കത്തിയ്യിരക്കെണ്ടുന്ന കൂട്ടത്തിലായ ഈ അമ്മക്ക മെൽപെട്ട നൊക്കിയാൽ ആകാശവും കീഴ്പ്പെട്ട നൊക്കിയാൽ ഭൂമിയും ഇത മാത്രമെ എനി ഒരു ഗതിയുള്ളു- അന്ന്യന്മാരുടെ മുററത്തും കണ്ടത്തിലും ചെന്നുനിന്ന കഞ്ഞിവെള്ളം ഇരന്നു വാങ്ങി കുടിച്ചു ഇവിടെ കിടന്നു ബുദ്ധിമുട്ടുന്നതിനെക്കാൾ വല്ല ദിക്കിലും പൊയി മരിച്ചുകളയുന്നതാണ വളരെ നല്ലതെന്നു അമ്മയും പുത്രന്മാരും കൂടി നിശ്ചയിച്ചു-ഭവനം വെന്തുപൊയതിന്റെ പിറെറന്നാൾ രാത്രി കനകമംഗലം ഉപെക്ഷിച്ചു മൂന്നു പെരുംകൂടി എങ്ങട്ടൊ പൊയ്ക്കളഞ്ഞു.

ഉണിച്ചിരാമ്മയുടെയും പുത്രന്മാരുടെയും അവസ്ഥയൊ ഇങ്ങിനെയായെല്ലൊ- എനി കടവത്തെ തൊടിയുടെ ഇപ്പൊഴത്തെ സ്ഥിതിയുംകൂടി അല്പം പ്രസ്താവിച്ചു കളയാം. കൊച്ചമ്മാളുവിന്റെ നല്ല കാലത്ത ഠരം തൊടി വാളാൻ തെയ്യാറാക്കി വെച്ചിട്ടുള്ള കന്നി നിലംപൊലെ ഒരിത്തിരി പുല്ലൊ പൊടിയൊ ഇല്ലാതെ ബഹു മൊടിയിൽ നാലു ഭാഗവും മതിൽ കിളച്ച വിശെഷമായി വെയിലി കെട്ടി ചുററും മെഴുകി നന്നാക്കി ഭംഗിയായി വെച്ചു വരികയായി

ത്തനു- ഇപ്പൊാ൦ മതിലെല്ലാം ഇടിഞ്ഞ തകൎന്ന വെയിലി യുടെ നാമം പൊലും ഇല്ലാതെ ഇടവഴിയും തൊടിയും തി രിച്ചറിവാൻ കഴിവില്ലാതവണ്ണം അത്യന്തം ജീൎണ്ണമായി വ ള്ളിയും പടലും അരിപ്പൂ ചെടികളും മുളച്ച വളൎന്ന അഗ്നി ബാധയാൽ കരിഞ്ഞുകിടക്കുന്ന ചുമരിന്റെ മീതെ കെട്ടി പ്പടൎന്ന കാണുന്നവക്ക ഭയം തൊന്നത്തക്ക വിധം അത്ര മ ലിനമായി കിടക്കുന്നു-കാട്ടും പടലും ഒഴിച്ച ബാക്കി വല്ലതും ഉണ്ടെങ്കിൽ അത സമീപസ്ഥന്മാർ ഇപ്പൊാ൦ മറപ്പുരയാ യി ഉപയൊഗിച്ച വരികയുമാണ ചെയ്യുന്നത- മുമ്പ രാത്രി സമയം ഇവിടെ വെച്ച അത്യന്തം മനൊഹരമായ പാട്ടും വീണാഗാനവും ഉണ്ടായിരുന്നു- ഇപ്പൊാ൦ അതിന്നു പക രം കുറുക്കന്റെ ഓരി വിളിയും നത്തിന്റെ കരച്ചിലും ക്രു മന്റെ മൂളലും അസ്തമിച്ചാൽ മുട്ടാതെകണ്ട കൊ൦ള്ളാനു ണ്ട- മുമ്പ യൊഗ്യതയും സമ്പന്നതയുമായ പുരുഷന്മാർ മാത്രം താമസിച്ച വന്നിട്ടുണ്ടായിരുന്ന മുറികാ൦ ഇപ്പൊാ൦ വീണഴി ഞ്ഞ താറുമാറായി കിടക്കുന്നത കൊണ്ട കുറുക്കന്മാർ കയ്യെ റി കയ്യശപ്പെടുത്തി അവററയുടെ സൂതികാഗൃഹമായി ഉപ യൊഗിച്ചുവരുന്നു- മുമ്പ വിശെഷമായ മെലാപ്പകൊണ്ട അ തി ഭംഗിയിൽ വിതാനിച്ചുവെച്ചിട്ടുണ്ടായിരുന്ന മുറികളിൽ ഇപ്പൊാ൦ എട്ടകാലികാ൦ മാറാല കെട്ടി മുട്ടിച്ചിരിക്കുന്നു- അറകളിൽ പണ്ട രസക്കുടുക്കകാ൦ തൂക്കീട്ടുണ്ടായിരുന്നതി ന്ന പകരം ഇപ്പൊാ൦ വേട്ടാളന്റെയും കടന്നലിന്റെ യും കൂട്ടകളാണുള്ളത- മുമ്പ മുറികളിൽ പല മാതിരി പെ ട്ടികാ൦ നിരത്തി വെച്ചിട്ടുണ്ടായിരുന്നു- ഇപ്പൊാ൦ അതിന്ന പകരം അവിടവിടെ കരടിപ്പുററുകാ൦ പൊങ്ങി കിടക്കുന്നു- മുമ്പ കൊച്ചമ്മമാരുടെ ഓവറയായി ഉപയൊഗിച്ച വന്നിട്ടുണ്ടാ യിരുന്നത ഇപ്പൊാ൦ കടാതിലുകാ൦ അവററയുടെ പള്ളിയ റയായി ഉപയൊഗപ്പെടുത്തിയിരിക്കുന്നു- പണ്ട പുലരുന്ന വരെ വിളക്ക കത്തി കൊണ്ടിരുന്നതിന്ന പകരം ഇപ്പൊ

ാം മിന്നാമിനുങ്ങുകളെക്കൊണ്ടുള്ള പ്രകാശം ധാരാളമായുണ്ട. ഇങ്ങിനെയെല്ലാമാണ കടവത്തെ തൊടിയുടെയും ഭവനത്തിൻെറയും ഇപ്പൊഴത്തെ സ്ഥിതി- എനി കൊച്ചമ്മാളുവിനെപ്പററിയും അറിഞ്ഞെടത്തൊളം പറയാം.

ഇവാം സദ്വൃത്തനും ദയാശീലനും ആയ ഹരിജയന്തൻ നമ്പൂരിപ്പാടിനെ എപ്പൊഠം ശരണം പ്രാപിച്ചുവൊ അപ്പൊഠം തുടങ്ങി ഇവളുടെ ദുഷ്ടമ്മശക്തിക്ക ക്ഷയവും മനസ്സിന്ന വികാസവും അങ്കുരിച്ചു വളൎന്നു തുടങ്ങിയിരിക്കുന്നു- സാത്വീകനും സമചിത്തനും ആയ ഠരം മഹാബ്രാഹ്മണൻ ദിവസംപ്രതി ഇവളുടെ മെൽ വാത്സല്യം വൎദ്ധിച്ചു- ഇദ്ദേഹം ഊണു കഴിഞ്ഞാൽ പിന്നെ നിത്യത ഓരൊ മണിക്കൂറ നെരം ഇവളുടെ അരികത്ത വന്നിരുന്ന ഗൊപനീയങ്ങളായ സദാചാര വാക്യങ്ങളും ആത്മജ്ഞാനത്തിന്ന വെണ്ടപ്പെട്ട ചില സാരൊപദെശങ്ങളും ഇവളെ ഗ്രഹിപ്പിച്ച ബുദ്ധിക്ക പരിഷ്കാരവും അകൃത്യങ്ങളിൽ ഭയവും ദൈവത്തിൽ ഭക്തി വിശ്വാസവും ജനിപ്പിച്ചു- ഇവാം മനക്കൽ എത്തി ചെന്ന രാത്രിയിൽ തന്നെ സൎവ്വാംഗം പുററമണ്ണ തെച്ച കുളി കഴിപ്പിച്ചു, മന്ത്രശുദ്ധമായ നവകലശം ആടി ദെഹശുദ്ധി വരുത്തി, പഞ്ചഗവ്യം സെവിപ്പിച്ചു, വ്രതാനുഷ്ഠാനത്തിന്ന വെണ്ടത്തക്ക ഉപദെശം കൊടുത്ത ഏല്പിച്ചു. ഇവളുടെ സഹായത്തിന്ന വൃദ്ധമാരായ രണ്ട വൃഷലിമാരെയും നിശ്ചയിച്ചു- അവാം ആദ്യത്തെ ഒരുമാസം രാത്രിയിൽ അന്നഭക്ഷണം കൂടാതെ നിലം ഗൊമയംകൊണ്ട മെഴുകി അതിൽ ശയിച്ചുപൊന്നു- രണ്ടാം മാസത്തിൽ നിത്യത ഒരുപ്രാവശ്യം മാത്രം ഊണു കഴിച്ചു കല്ലും സെവിച്ചു, ദെഹത്തിലുള്ള ദുഷ്ടം ദുൎമ്മെദസ്സും കളഞ്ഞു- അതിൽ പിന്നെ ഒരു ദിവസം ഉപവാസവും ഒരു ദിവസം മൂഴക്ക വരിയരിച്ചൊറും ആയിട്ട മൂന്നാമത്തെ മാസം കഴിച്ചുകൂട്ടി- നാലാം മാസത്തിൽ രണ്ട ദിവസം ജലാഹാരവും ഒരു ദിവസം ഒ

രിക്കൽ നീവാര ഭക്ഷണവും ചെയ്തു- അഞ്ചാം മാസത്തിൽ ആഴ്ചയിൽ ഒരു നെരം അന്ന ഭക്ഷണവും ഒരു നെരം രണ്ടു കദളിപ്പഴവും കഴിച്ചു കാലക്ഷെപം ചെയ്തു- ആറാം മാസത്തിൽ വെറെ ഒരു വ്രതം ആരംഭിച്ചു- വെളുത്ത വാവുന്നാൾ പതിനഞ്ചുരുള ചൊറും പിറെറന്നാൾ പതിനാലുരുളയും അതിന്റെ പിറെറന്നാൾ പതിമൂന്നുരുളയും ഇങ്ങിനെ ദിവസംപ്രതി ഓരൊ ഉരുള കുറച്ചു കുറച്ചു അമാവാസിനാൾ ഉപവസിച്ചു- ശുക്ലപക്ഷത്തിലെ പ്രതിപദം നാൾ ഒരു ഉരുളയും ദ്വിതീയ നാൾ രണ്ടു ഉരുളയും ഇങ്ങിനെ ദിവസംപ്രതി ഓരൊ ഉരുള കണ്ടു വൎദ്ധിപ്പിച്ചു വെളുത്ത വാവുന്നാൾ പിന്നെയും പതിനഞ്ചു ഉരുള ഭക്ഷിച്ചു- ആറു മാസം ഇങ്ങിനെ കഴിച്ചുവന്നതിന്റെ ശെഷം അന്നം തീരെ ഉപെക്ഷിച്ചു ശാക ഭക്ഷണം ചെയ്തു- ശരീരം മെലിഞ്ഞു കൃശമായി- ദുൎമ്മെദസ്സും ദുരഭിമാനവും തീരെ നശിച്ചു ആത്മജ്ഞാനവും മനഃശ്ശുദ്ധിയും പ്രകാശിച്ചു- കൊച്ചമ്മാളു ക്രമെണ നിഷ്കല്മഷയായി തീൎന്നു- മുമ്പ പരപുരുഷന്മാരുടെ ഗുണങ്ങളെപ്പററി പ്രശംസിച്ചു വന്നിട്ടുണ്ടായിരുന്ന ഇവളുടെ നാവ ഇപ്പൊൾ ഈശ്വരനാമം ഉച്ചരിക്കുന്നതിലും, അകൃത്യങ്ങളിൽ അന്യപുരുഷ സംഗത്തിലും സദാ പ്രവൃത്തിച്ചു വന്നിട്ടുണ്ടായിരുന്ന മനസ്സ ദൈവധ്യാനത്തിലും, ജാരന്മാരെ ആലിംഗനം ചെയ്തു സന്തൊഷിപ്പിക്കുന്നതിൽ ഉദ്യുക്തങ്ങളായിരുന്ന കൈകൾ ജഗദീശ്വരനെ അൎച്ചിക്കുന്നതിലും, ശൃംഗാരികളും രസികന്മാരുമായ പുരുഷന്മാരുടെ സല്ലാപങ്ങളിൽ സശ്രദ്ധങ്ങളായിരുന്ന കൎണ്ണങ്ങൾ ഈശ്വരകഥാ ശ്രവണത്തിങ്കലും, ഇങ്ങിനെ സൎവ്വെന്ദ്രിയങ്ങളും സൎവ്വകരണങ്ങളും എല്ലായ്പൊഴും ദൈവപരങ്ങളായിട്ടു തന്നെ വെച്ചു- താനും ഈശ കാണുന്ന സകല ചരാചരങ്ങളും ജലബുൽബുദംപൊലെ ക്ഷണഭംഗുരങ്ങളാണെന്നും നിസ്സാരമായ പ്രപഞ്ച സൌഖ്യം കെവലം

ത്യാജ്യമാണെന്നും ദൃഢമായി ഉറപ്പിച്ചു- കൊച്ചമ്മാളു ഇങ്ങിനെ ഒരു സംവത്സരവും എഴു മാസവും കാക്കനൂർ മനക്കൽതന്നെ പാൎത്തു- അങ്ങിനെയിരിക്കെ ഒരു ദിവസം വിദ്യയിലും വയസ്സിലും തപശ്ശക്തിയിലും അത്യന്തം വൃദ്ധനും ജിതെന്ദ്രിയനും ശാന്തനും ജനനം മുതൽ നിൎവ്യാജ ബ്രഹ്മചാരിയും കരുണാത്മാവുമായ ഹരിജയന്തൻ നമ്പൂതിരിപ്പാട ഇവളെ തന്റെ അരികത്ത വിളിച്ച സന്തൊഷിച്ചുംകൊണ്ട പറഞ്ഞു. "നിന്റെ അപൂൎവ്വമായ ഭക്തിവിശെഷവും വ്രതാനുഷ്ഠാനത്തിൽ കാണിച്ചു വന്നിട്ടുള്ള നിഷ്ഠയും മനഃശ്ശുദ്ധിയും കണ്ടിട്ട നമ്മുടെ മനസ്സിൽ ആനന്ദവും വാത്സല്യവും അളവില്ലാതെ വൎദ്ധിച്ചിരിക്കുന്നു- നിന്റെ പാപം മുഴുവനും നശിച്ചു നീ ഇപ്പൊറ പരിശ്ശുദ്ധയായി- ഇന്നമുതൽ ദുൎഘടങ്ങളായ വ്രതങ്ങളൊന്നും അനുഷ്ഠിക്കെണ്ടുന്ന ആവശ്യമില്ല- നിന്നെ ആജീവനാന്തം ഒരു താപസിയായി വെക്കെണ്ടുന്ന പ്രയൊജനവും ഇല്ല- ഗംഗാസ്നാനം മുതലായ ചില സൽകൎമ്മങ്ങറ കൂടി ചെയ്തു കഴിഞ്ഞാൽ മഹാപാപം മുഴുവനും നശിച്ചു നീ അത്യന്തം പാവനയായിരിക്കും- നിരാധാരയായിരിക്കുന്ന നിന്നെ തനിയെ തീൎത്ഥസ്നാനത്തിന്ന അയപ്പാൻ ഞാം വിചാരിക്കുന്നില്ല- ഞൊംകൂടി ഒരുമിച്ച പുറപ്പെട്ടുകളയാം- ഒരം കാലത്ത ഗംഗാസ്നാനം ചെയ്തു വരുവാനും മററും യാതൊരു പ്രയാസവും ഇല്ല- കയ്യിൽ പണമുണ്ടെങ്കിൽ അവനവന്റെ ഹിതപ്രകാരം യാതൊരു ബുദ്ധിമുട്ടും കൂടാതെ പൊയി വരാവുന്നതാണ- എന്നാൽ അങ്ങിനെയുള്ള സഞ്ചാരത്തിൽ നമുക്കലെശം മനസ്സു വരുന്നില്ല- കാൽനടയായിതന്നെ കാശിയിൽ എത്തി സ്നാനം ചെയ്തു വരെണമെന്നാണ നമുക്കുള്ള ആഗ്രഹം- വഴിയിൽ യാതൊരു മുടക്കമൊ അനൎത്ഥമൊ കൂടാതെ നമ്മുടെ ഹിതം സാധിക്കുമെന്നും നമുക്ക നല്ല വിശ്വാസമുണ്ട- അതകൊണ്ട മററന്നാറ പ്രഭാതത്തിന്ന

പുറപ്പെട്ടവാൻ തക്കവണ്ണം നീ ഒരുങ്ങി നിന്നുകൊൾക"

തന്നെ ഗംഗാസ്നാനം കഴിപ്പിച്ച പരിശുദ്ധയാക്കെണ്ടതി ന്ന നമ്പൂരിപ്പാടകൂടി ഒരുമിച്ച പുറപ്പെട്ടവാൻ നിശ്ചയി ച്ചിരിക്കുന്നു എന്ന കെട്ടപ്പൊൾ കൊച്ചമ്മാളുവിൻെറ മന സ്സിൽ ഉണ്ടായ സന്തൊഷം ഉള്ളിൽ നിറഞ്ഞ ജലപ്രായെ ണ കണ്ണുകളിൽകൂടി പുറമെ പ്രവാഹിച്ചു- നമ്പൂരിപ്പാടി ൻെറ കാല്ക്കൽ സാഷ്ടാംഗം നമസ്കരിച്ചു വിനീതയായി തൊഴുതു ഇവൾ തൊണ്ട വിറച്ചുംകൊണ്ട പതുക്കെ പറഞ്ഞു. "മഹാപാപം ഭുജിച്ചു ലൊകനിന്ദ്യയായി അഗതിയായ അ ടിയനെ കുറിച്ചു തിരുമനസ്സിലെക്ക ഇങ്ങിനെ തൊന്നിയത കൊണ്ട തന്നെ അടിയൻെറ സകല പാപങ്ങളും നശിച്ചി രിക്കുന്നു- ലൊകത്തിൽ എനിയും അധികകാലം ജിവിച്ചി രുന്നു, നിസ്സാരമായ പ്രപഞ്ചസുഖം അനുഭവിക്കെണമെ ന്ന അടിയന്ന അശെഷം മൊഹമില്ല- അറിവില്ലാത്തതി നാൽ പല പ്രകാരത്തിലും ചെയ്തു പൊയിട്ടുള്ള പാപങ്ങൾ വെരവുത്തു പരഗതിയുണ്ടാക്കിത്തരെണമെന്നെ ഒരു പ്രാൎത്ഥ നയുള്ളു- വഴിയിൽ നിന്ന മരിച്ചു പൊകുന്നതിന്ന വ്യസന മൊ മടങ്ങി എത്തുന്നതിൽ സന്തൊഷമൊ അടിയന്ന ഇത രണ്ടും ഇല്ല"- കൊച്ചമ്മാളു ഒരം പറഞ്ഞിട്ടുള്ളത നമ്പൂരിപ്പാ ടിന്ന വളരെ സന്തൊഷമായി. കണ്ണിൽ നിറഞ്ഞ നില്ക്കുന്ന ഹൎഷാശ്രുക്കൾ തുടച്ച ഇടത്തെ കയി കൊണ്ട യജ്ഞസൂത്രം പിടിച്ചും "പുത്രിനിണക്ക മെല്ക്കുമെൽ നന്മയും അന്ത്യത്തി ൽ പരഗതിയും സിദ്ധിക്കും" എന്ന പറഞ്ഞ രണ്ടകയി കൊണ്ടും അവളെ അനുഗ്രഹിച്ചു.

നിശ്ചയപ്രകാരം തന്നെ ഹരിജയന്തൻ നമ്പൂരിപ്പാടും കൊച്ചമ്മാളുവും കൂടി ഗംഗാ സ്നാനത്തിന്ന പുറപ്പെട്ടു- ഇവ ളെ ഇതവരെ പരിചരിച്ച വന്നിട്ടുണ്ടായിരുന്ന വൃഷലിക ൾ രണ്ടുപെരും വിശ്വസ്തന്മാരായി മൎയ്യാദസ്ഥന്മാരായ രണ്ട ഭൃത്യന്മാരും ഇവരുടെ ഒന്നിച്ചുപൊയി- ഇവർമലയാളരാജ്യം

വിട്ട പരദെശത്ത കടന്ന കാവെരിയിൽ സ്നാനം ചെയ്തു ശ്രീരംഗം, മധുര, മുതലായ പുണ്യക്ഷെത്രങ്ങളിൽ ഒന്നും രണ്ടും ദിവസം താമസിച്ചു, ആ വഴി രാമെശ്വരത്ത എത്തി- സെതുദൎശനവും അവിടെയുള്ള വിശുദ്ധ തീൎത്ഥങ്ങളിൽ സ്നാനവുംകഴിച്ചു രാമെശ്വരമൂൎത്തിയെ വന്ദിച്ചു മൂന്നു ദിവസം അവിടെ താമസിച്ചതിൽപിന്നെ നാലാന്നാൾ രാവിലെ അവിടെനിന്ന പുറപ്പെട്ട പടിഞ്ഞാറെ കടല്ക്കരയിൽകൂടി സഞ്ചരിച്ചു ഗൊകൎണ്ണക്ഷെത്രത്തിൽ എത്തി- അവിടുന്ന വടക്കൊട്ട പൊയി നൎമ്മദാ, തപതി, മുതലായ നദികൾ കടന്നു, ആ വഴി ദ്വാരകയിൽ എത്തി കുറെ ദിവസം അവിടെ താമസിച്ചു- പിന്നെ അവിടെ നിന്ന പുറപ്പെട്ട ഹരിദ്വാരം, കുരുക്ഷെത്രം, അയൊദ്ധ്യ, ചിത്രകൂടം, പ്രയാഗ, എന്നീ വിശിഷ്ടസ്ഥലങ്ങളിലെല്ലാം പൊയി തീൎത്ഥസ്നാനം, ക്ഷെത്രൊപവാസം മുതലായ്തു കഴിച്ചു ഒടുവിൽ കാശിയിൽ എത്തി ചെന്നു- ഗംഗാസ്നാനം കഴിച്ചു, വിശ്വനാഥക്ഷെത്രത്തിൽ ഭജിച്ചു അനെകം സല്ക്കൎമ്മങ്ങൾ ചെയ്തു ഒരാഴ്ചയൊളം അവിടെ താമസിച്ചതിൽ പിന്നെ, അവിടെ നിന്ന പുറപ്പെട്ടു, മഹാനദി തീരത്തിൽകൂടി വന്ന ജഗന്നാഥക്ഷെത്രത്തിൽ എത്തി- അവിടെ അനെകം സന്ന്യാസികളും, ഭിക്ഷുക്കളും, വൈരാഗികളും, തീൎത്ഥയാത്രക്കാരും വന്ന താമസിച്ചിട്ടുള്ള ഒരു താവളത്തിൽ സന്ധ്യാസമയം ഇവരും ചെന്നു ചെന്നു- ചിലർ സ്വയംപാകം ചെയ്തു ഭക്ഷിച്ചും ചിലർ ഉപവസിച്ചും ഓരൊ ദിക്കിൽ കിടന്ന പലതും സംസാരിക്കുന്ന കൂട്ടത്തിൽ ആരൊ ചിലർ മലയാളഭാഷ സംസാരിക്കുന്നത നമ്മുടെ ഹരിജയന്തൻ നമ്പൂരിപ്പാട കെട്ടു- എന്നാൽ വഴി നടന്ന അത്യന്തം ക്ഷീണിച്ചിട്ടുണ്ടായിരുന്നതിനാലും അന്നെത്തെ ഉപവാസത്തിനാലും കൊച്ചമ്മാളു ബൊധം വിട്ടു ഉറങ്ങിപ്പൊയതു കൊണ്ടു മെല്ലറഞ്ഞവരുടെ സംസാരം അവൾക്ക കെൾപ്പാനെ കഴിഞ്ഞില്ല- നമ്പൂരിപ്പാട കിടന്നിട്ടു

ണ്ടായിരുന്ന സ്ഥലത്ത നിന്നെഴുനീററ ഇവരുടെ സമീപ ത്ത ചെന്ന കുത്തിരുന്നു ഓരൊ വൎത്തമാനം ചൊദിച്ച തു ടങ്ങി.

നമ്പൂരിപ്പാട—കൂട്ടരെ! നിങ്ങൾ സംസാരിക്കുന്നത കെട്ടിട്ട മലയാളികളാണെന്നു തൊന്നുന്നു- എവിടെയാണ നിങ്ങൾ? എവിടുന്നാണ ഇപ്പൊൾ വരുന്നത? എങ്ങ ട്ടാണ പൊവാൻ വിചാരിക്കുന്നത?

അവരിൽ ഒന്നാമൻ—ഞങ്ങടെ രാജ്യം തെക്കെ മലയാളമാ ണ-കാശിക്ക പൊയിരുന്നു- എനി ഇവ വഴി രാമെശ്വ രത്തകൂടി പൊകെണമെന്നാണ താല്പൎയ്യം. നിങ്ങൾ എവിടുന്നാണ? നിങ്ങളും ഒരു മലയാളിയാണെന്ന തൊന്നുന്നു.

നമ്പൂരിപ്പാട—ഇരിക്കട്ടെ- എന്റെ എല്ലാ വൎത്തമാനവും ഞാൻ വഴിയെ പറയാം- നിങ്ങൾ തെക്കെ മലയാള ത്തിൽ എവിടെയാണ? എത്ര കാലമായി പൊന്നിട്ട?

രണ്ടാമൻ—ഞങ്ങൾ പൊന്നിട്ട ഒന്നര സംവത്സരത്തിലധി കമായി- നിങ്ങൾ തെക്കെ മലയാളത്തിൽ എവിടെ യെല്ലാമറിയും.

നമ്പൂരിപ്പാട—ഞാൻ തെക്കെ മലയാളത്തിൽ പല ദിക്കി ലും അറിയും.

ഒന്നാമൻ—നിങ്ങൾ കനകമംഗലം എന്ന ഒരു പ്രദെശം കെട്ടിട്ടുണ്ടൊ?

നമ്പൂരിപ്പാട—കെട്ടിട്ടും ഉണ്ട- കണ്ടിട്ടും ഉണ്ട- അവിടെപാ ൎത്തിട്ടും ഉണ്ട. നിങ്ങൾ കനകമംഗലക്കാരാണൊ?

മൂന്നാമൻ—നിങ്ങൾ കനകമംഗലത്ത എവിടെയെല്ലാമറി യും? പുത്തന്മാളികക്കൽ അറിയുമൊ?

നമ്പൂരിപ്പാട—പുത്തന്മാളികക്കൽ, പുതുക്കൊട്ട, മല്ലത്തൊ ടി, മണാശ്ശെരി, മാണിക്കൊത്ത, ൟ വീടുകളെല്ലാം നല്ലവണ്ണം അറിയും.

ഒന്നാമൻ__ഞങ്ങളുടെ വീട മണാശ്ശെരിയുടെ സമീപ ത്താണ.

നമ്പൂരിപ്പാട__നിങ്ങളെല്ലാവരും കനകമംഗലത്ത ഉള്ള വര തന്നെയൊ? നിങ്ങളുടെ വീട്ടപെര എന്താണ?

മൂന്നാമത്തെ ആൾ—ഞങ്ങൾ മൂന്നാളും കനകമംഗലത്ത തന്നെയാണ- നിങ്ങൾ കടവത്ത എന്നൊരു വീട കെട്ടിട്ടുണ്ടൊ?

നമ്പൂരിപ്പാട__കെട്ടിട്ടുണ്ട- രണ്ടു രണ്ടര സംവത്സരം മുമ്പെ ആ വീട്ടിലെ ഒരു സ്ത്രീയല്ലെ സൎവ്വവും ഉപെക്ഷിച്ചു സന്ന്യസിച്ചിട്ടുള്ളത? നിങ്ങളും ആ സ്ത്രീയും തമ്മിൽ വ ല്ല സംബന്ധവും ഉണ്ടൊ?

മൂന്നാമത്തെ ആൾ—ഞാൻ അവളുടെ ഭാഗ്യം കെട്ട അമ്മ യും ഇവര കൂടിപ്പിറന്ന ജ്യെഷ്ഠന്മാരുമാണ- അവൾ പൊയ്പ്പൊയ്ക്കളഞ്ഞ വ്യസനംകൊണ്ടാണ ഞങ്ങൾ നാടും വീടും സകലവും ഉപെക്ഷിച്ചു ഇങ്ങിനെ തീൎത്ഥയാത്ര ചെയ്തു നടക്കുന്നത- അവളെ ഒരു നൊക്ക കണ്ടിട്ട വെണ്ടിയിരുന്നു എനിക്ക മരിക്കാൻ- ഇതു മാത്രമെ എനിക്ക എനിയൊരു മൊഹമുള്ളു- (എന്ന പറഞ്ഞു കമ്പിട്ടിരുന്നു കരഞ്ഞു തുടങ്ങി).

മെൽപ്രസ്താവിച്ച കൂട്ടര ആരാണെന്ന എന്റെ വായന ക്കാൎക്ക ഒരം സംസാരം ആരംഭിച്ചപ്പൊൾ തന്നെ മനസ്സിലാ യിട്ടുണ്ടെന്ന വരികിലും നമ്പൂരിപ്പാട ഇപ്പൊൾ മാത്രമെ ഇ വരെ അറിഞ്ഞിട്ടുള്ളു- ഇവരുടെ പാരവശ്യവും വിഷാദ വും കരച്ചിലും കണ്ടിട്ട ആ മഹാത്മാവിന്ന ഇവരുടെ മെൽ അധികമായിട്ട കനിവ തൊന്നി- അഗതികളായ ഇവരെ യും ഒന്നിച്ച കൂട്ടിക്കൊണ്ട പൊയി തന്റെ രക്ഷയിൽ ഇരു ത്തി എനിമെൽ നല്ല വഴിക്കാക്കെണമെന്നുള്ള വിചാരം കലശലായി- ഇങ്ങിനെ ദയയുള്ള ഒരു മനുഷ്യനെ ഈ മല യാളത്തിൽ കാണില്ല- പരസങ്കടം ഇദ്ദെഹത്തിന്ന കണ്ട

കൂടാത്തതിനാൽ നിരാധാരയായി വ്യസനിച്ച കൊണ്ടിരിക്കുന്ന ആ വൃദ്ധയെ ആശ്വസിപ്പിച്ച പിന്നെയും വൎത്തമാനം ചൊദിച്ചു.

നമ്പൂരിപ്പാട—ആ സ്ത്രീ നിങ്ങളെ ഉപെക്ഷിച്ച പൊയ്ക്കളഞ്ഞത വിചാരിച്ചാൽ നിങ്ങൾക്ക വ്യസനിപ്പാൻ ഒരു സംഗതിയും ഇല്ലല്ലൊ- ദയയും വിഭാഗതയും ഇല്ലാത്ത മക്കളെ കുറിച്ച മാതാപിതാക്കന്മാർ വ്യസനിക്കുന്നതല്ലെ വിഡ്ഢിത്വം. ഇങ്ങട്ട സ്നെഹമില്ലാത്ത അവളെ കുറിച്ച അങ്ങട്ട സ്നെഹിക്കുന്നത കൊണ്ട എന്താണ പ്രയൊജനം?

ഉണ്ണിച്ചിരാമ്മ—ഞങ്ങളുടെ നിൎഭാഗ്യംകൊണ്ടും തുമ്പില്ലാത്തരംകൊണ്ടും അറിവില്ലായ്മകൊണ്ടും സംഭവിച്ച മഹാപാപം നശിപ്പിപ്പാൻവെണ്ടി സന്ന്യസിച്ച അവൾ കാക്കന്നൂർ മനക്കലെ വലിയ നമ്പൂരിപ്പാടിന്റെ രക്ഷയിൽ ഇരിക്കുന്നു എന്നല്ലാതെ ഞങ്ങളെ ഉപെക്ഷിച്ച യാതൊരു തൊന്ന്യാസത്തിന്നും പൊയിട്ടുള്ളതല്ലല്ലൊ- തൊന്ന്യാസം ചെയ്യുതും ചെയ്യിച്ചതും ഭാഗ്യംകെട്ട ൟ ഞാനും എന്റെ ൟ മക്കളും കൂടിയാണ. അവളെ എന്തിനാണ വെറുതെ കുററം പറയുന്നത. അവൾ നന്നായിരിക്കട്ടെ ൟശ്വരാ! നിങ്ങൾ ആ നമ്പൂരിപ്പാടിനെ അറിയൊ? അദ്ദെഹം സാക്ഷാൽ ദൈവംപൊലെയുള്ള ഒരു മനുഷ്യനാണ.

നമ്പൂരിപ്പാട—അദ്ദെഹത്തെ ഞാൻ അറിയുമ്പൊലെ ഇന്ന ഭൂമിയിൽ യാതൊരാളും അറിയില്ല- ആ സ്ത്രീയെ അദ്ദെഹം ജീവാവസാനംവരെ നല്ലവണ്ണം രക്ഷിക്കാതിരിക്കില്ല.

ഉണ്ണിച്ചിരാമ്മ—നിങ്ങൾ എഴുന്നെള്ളിയെടത്ത ഇരുട്ടിടയിൽ എങ്ങാൻ കണ്ടിട്ടുണ്ടായിരുന്നുവൊ? എന്റെ മകളെകൊണ്ട എന്ത പറഞ്ഞു?

നമ്പൂരിപ്പാട—അദ്ദെഹത്തിന്ന ഞാനറിയാത്ത യാതൊരു സ്വകാൎയ്യവും ഇല്ല- എനിക്കും അദ്ദെഹത്തിന്നും ഒരു പ്രാണൻതന്നെയാണ. ആ സ്ത്രീക്കവെണ്ടി അദ്ദെഹം എന്തും ചെയ്യാനൊരുക്കമാണ- അവളെ ഗംഗാസ്നാനം ചെയ്യിപ്പിക്കാൻ വെണ്ടി അദ്ദെഹവും കൂടി ഒരുമിച്ച പൊന്നിട്ടുണ്ടല്ലൊ.

ഉണ്ണിച്ചിരാമ്മ—നിങ്ങൾ അതു എങ്ങിനെ അറിഞ്ഞു- എന്റെ മകൾ ഗംഗാസ്നാനത്തിന്ന പൊന്നിട്ടുണ്ടെന്ന?

നമ്പൂരിപ്പാട—ഞങ്ങൾ ഒരുമിച്ചാണ പൊന്നത തന്നെ- പിന്നെ അറിവാൻ വല്ല പ്രയാസവും ഉണ്ടൊ?

ഉണ്ണിച്ചിരമ്മ—(അത്യന്തം ഉൽകണ്ഠയൊടെ)എന്നാൽ എന്റെ മകൾ ഇപ്പൊൾ ഏതൊരു ദിക്കിലുണ്ടായിരിക്കും? എനിക്ക ഒരു നൊക്ക കാണെണ്ടിയിരുന്നു.

നമ്പൂരിപ്പാട—കാണെണമെങ്കിൽ വളരെയൊന്നും പ്രയാസമില്ല- അവൾ നിങ്ങടെ സമീപം തന്നെ എത്തീട്ടുണ്ട- വെണമെങ്കിൽ ഞാൻ തന്നെ കാട്ടിത്തരാമെല്ലൊ.

ഉണ്ണിച്ചിരാമ്മ—എന്നാൽ നിങ്ങൾക്ക വലിയ ഗുണമുണ്ട- ദൈവാണ നിങ്ങളെ എന്റെ അടുക്കെ അയച്ചത, ഞാൻ ഈ പെട്ടന്ന കഷ്ടപ്പാട കണ്ടിട്ട- ഇനി ഇന്ന തന്നെ ഞാൻ മരിച്ചാലും വെണ്ടില്ല.

നമ്പൂരിപ്പാട—അവളെ ഞാൻ നിങ്ങൾക്ക കാട്ടിത്തരാം- പക്ഷെ നിങ്ങൾ ഒന്നു വെണ്ടതുണ്ട- വല്ലതും പറഞ്ഞു കരഞ്ഞു നിലവിളിക്കില്ലെന്നും നമ്പൂരിപ്പാടിന്റെ കല്പന കെട്ട മെലാൽ അത പ്രകാരം നടക്കുമെന്നും ഒരു നിശ്ചയം ചെയ്യെണ്ടി വരും.

ഉണ്ണിച്ചിരാമ്മ—കാശി വിശ്വനാഥനാണ- ഈ ഗംഗാതീൎത്ഥത്താണ- എന്റെ പൊന്നു മകളാണ- അദ്ദെഹം ഞങ്ങളൊട ഇപ്പൊൾ മരിച്ചു കളയണമെന്നു പറ

ഞ്ഞാൽ ഞങ്ങൾ അതിനും കൂടി അശെഷം മടിക്കി
ല്ല.

നമ്പൂരിപ്പാട—നിങ്ങൾ എന്നാൽ ഇവിടെത്തന്നെയിരിക്കിൻ. ഞാൻ മടങ്ങി വരുന്ന വരക്കും കണ്ണടച്ചു രാമനാമം ജപിച്ചുകൊണ്ടിരിക്കണം. എന്നാൽ ഒരു നാഴികക്കുള്ളിൽ അവളെ കാണ്മാൻ സംഗതിവരും.

ഉണ്ണിച്ചിരാമ്മയും തന്റെ പുത്രന്മാരും അപ്രകാരംതന്നെ നാമം ജപിച്ചുകൊണ്ടിരുന്നു. നമ്പൂരിപ്പാട മടങ്ങി താൻ മുമ്പു കിടന്നിട്ടുണ്ടായിരുന്ന സ്ഥലത്തെക്കും പൊന്നു. അദ്ദെഹം, ചെറിയൊരു കൂടാരത്തിന്നുള്ളിൽ ഒരു കമ്പിളിയിൽ കിടന്നുറങ്ങുന്ന കൊച്ചമ്മാളുവിനെ പതുക്കെ വിളിച്ചുണർത്തി ഇപ്രകാരം പറഞ്ഞു. "പുത്രി! നീ എഴുനീററിരിക്കു. നൊം നിന്നൊട സന്തൊഷകരമായ ഒരു വർത്തമാനം പറയട്ടെ. നിന്റെ അമ്മയും ജെഷ്ഠന്മാരും ഗംഗാസ്നാനംചെയ്തു മടങ്ങി ഇവിടെ എത്തീട്ടുണ്ട. നൊം അവരുമായി ഒരു നാഴിക നെരത്തൊളം സംസാരിക്കയുണ്ടായി. ആ വൃദ്ധയുടെ വാക്കും കരച്ചിലും കണ്ടിട്ടു നമ്മുടെ മനസ്സു അലിഞ്ഞു പൊയി. ശാന്തയും വിനീതയുമായ അവളെ രക്ഷിക്കാഞ്ഞാൽ നമ്മുടെ മനസ്സിന്നു ലെശം സുഖമുണ്ടാകില്ല. അറിവില്ലായ്കയാൽ ചെയ്തുപൊയിട്ടുള്ള പാപങ്ങൾ മുഴുവനും ഇപ്പൊൾ നശിച്ചു മനസ്സിന്നു ശുദ്ധിയും പാകതയും വന്നിരിക്കുന്നു. അതുകൊണ്ടു അവരെക്കൂടി ഒന്നിച്ചു കൂട്ടിക്കൊണ്ടുപൊയി രക്ഷിക്കെണമെന്നാണ നമ്മുടെ ആഗ്രഹം. നീയും ഇന്നു മുതൽ യാതൊരു വെറുപ്പും നീരസവും കൂടാതെ അവരെ അഭിനന്ദിച്ചു ശുശ്രൂഷിക്കെണ്ടതാണ. മാതാ പിതാക്കന്മാരെ ഒരു വിധത്തിലും നമുക്കു ഉപെക്ഷിപ്പാൻ പാടുള്ളതല്ല. അവർ എന്തുതന്നെ ചെയ്താലും നാം അതെല്ലാം സഹിച്ചു ക്ഷമകൊണ്ടും നീതികൊണ്ടും അവരെ നല്ല വഴിയിൽ പ്രവെശിപ്പിച്ചു ക്രമപ്രകാരം ശുശ്രൂഷിച്ചു ര

ക്ഷിക്കാതിരുന്നാൽ അതിൽ പരമായ മഹാ പാപം മററു യാതൊന്നും ഇല്ല- അവൎക്ക നമ്മെപ്പോലെ ബുദ്ധിവികാസവും അറിവും വകതിരിവും ഇല്ലെന്ന വരികിലും അവരെ വിട്ടുകളയുന്നത വലിയ കഷ്ടമാണ- അതുകൊണ്ട നീ നിന്റെ അമ്മയെ അത്യാദരവൊടെ സ്വീകരിച്ചു യാതൊരു വൈമുഖ്യവും അപ്രിയവും കാട്ടാതെ ജീവാവസാനം വരെ രക്ഷിച്ചു അമ്മയുടെ അന്ത്യകാലത്തിലെ അനുഗ്രഹത്തിന്ന പാത്രമായിരിക്കണം- ധൎമ്മാൎത്ഥകാമങ്ങൾക്ക വിരൊധം വരാതെ ഐഹികം ഭുജിക്കുന്നതായാൽ അതുതന്നെ അന്ത്യമായ പുരുഷാൎത്ഥത്തിന്ന കാരണമായിരിക്കും- അന്യന്മാർ കെട്ടാൽ രസിക്കാത്തതും അന്യന്മാർ അറിയരുതെന്നാ നാം വിചാരിച്ചുവരുന്നതും അന്യന്മാർ നമ്മൊടു ചെയ്യുന്നതായാൽ നമുക്ക ഹിതമാവാത്തതും ആയ യാതൊരു പ്രവൃത്തിയും വിചാരിക്കയൊ പറകയൊ ചെഷ്ടിക്കയൊ ചെയ്യരുതെന്ന ദൃഢമായുറപ്പിച്ചു അനുഷ്ഠിച്ചു വരുന്നതിൽ അധികമായ ഒരു ധൎമ്മം ഇഹത്തിൽ യാതൊന്നും ഇല്ലെന്നു നീ വിശ്വസിച്ചുകൊൾക- എന്നാൽ ഇഹത്തിലും പരത്തിലും ഒരുപൊലെ സുഖിച്ചിരിപ്പാൻ സംഗതി വരും- ഇതത്രെ ഏററവും രഹസ്യമായ ഉപദെശം" കൊച്ചമ്മാളുവിനൊടു ഇപ്രകാരം പറഞ്ഞു അവളെ ധൈൎയ്യപ്പെടുത്തി നമ്പൂരിപ്പാട തന്റെ ഭൃത്യരിൽ ഒരുവനെ വിളിച്ചു ഉണിച്ചിരാമ്മയെയും പുത്രന്മാരെയും കൂട്ടിക്കൊണ്ട വരുവാൻ കല്പന കൊടുത്തു- "രാമനാമം ജപിച്ചുകൊണ്ടിരിക്കുന്ന ഒരു വൃദ്ധയും രണ്ടു മക്കളും ആണ" എന്ന നമ്പൂരിപ്പാട അടയാളം പറഞ്ഞുകൊടുത്തതിനാൽ ഭൃത്യന്ന അവരെ കണ്ടറിവാൻ യാതൊരു വൈഷമ്യവും ഉണ്ടായില്ല- അവൻ കല്പനപ്രകാരം മെൽ പറഞ്ഞ മൂന്നു പെരെയും വെഗത്തിൽ വിളിച്ചു കൊണ്ടുവന്നു. അമ്മയും പുത്രന്മാരും നമ്പൂരിപ്പാടിനെ കണ്ട ക്ഷണത്തിൽ അദ്ദെഹത്തിന്റെ കാൽക്കൽ വീ

ണ നമസ്കരിച്ചു എഴുനീററ വിനീതന്മാരായി തൊഴുതുംകൊ
ണ്ട നിന്നു- അപ്പോൾ കൊച്ചമ്മാളുവും ബന്ധപ്പെട്ട പുറ
ത്തെക്ക കടന്നു വന്നു- തന്റെ അമ്മയെയും ജ്യേഷ്ഠന്മാരെ
യും വന്ദിച്ചു ഉപചാരം ചെയ്തു കുശലം ചൊദിച്ചു- നമ്പൂ
രിപ്പാടിന്റെ കല്പനപ്രകാരം ഇവരെല്ലാവരും അദ്ദെഹ
ത്തിന്റെ മുമ്പിൽ നിലത്തിരുന്നു- അതിൽപിന്നെ ഉണ്ണി
ച്ചിരാമ്മ ആദ്യം മുതൽ അതുവരെയുള്ള തന്റെ സകല ച
രിത്രവും സഹവാസദൊഷവും ദുഷ്കൎമ്മശക്തിയും അതുനി
മിത്തം താൻ അനുഭവിച്ച അനവധി കഷ്ടപ്പാടും ഓരൊ
ന്നൊരൊന്നായി പറഞ്ഞു നമ്പൂരിപ്പാടിനെ ധരിപ്പിച്ചു-
ധൎമ്മാധൎമ്മം അറിയാതെ അകൃത്യം പ്രവൃത്തിക്കുന്നതിനാ
ൽ ജനസമുദായത്തിൽ നെരിടുന്ന അത്യാപത്തും അനൎത്ഥ
വും വിചാരിച്ചു ഹരിജയന്തൻ നമ്പൂരിപ്പാടിന്നു വളരെ
വ്യസനം ഉണ്ടായി- നമ്പൂരിപ്പാടിന്റെ സമബുദ്ധിയും ശാ
ന്തസ്വഭാവവും ജന്തുവിഷയമുള്ള അനുകമ്പയും മററും ക
ണ്ടിട്ട ഇവർ അത്യന്തം വിസ്മയിച്ചു സന്തൊഷ സമുദ്രത്തി
ൽ വീണു മുഴുകി കര കാണാതെ വലഞ്ഞു വശായി- അ
ന്യൊന്യം ഓരൊന്നു സംസാരിച്ചുംകൊണ്ട ഏകദെശം അ
ൎദ്ധരാത്രിയൊളം കഴിച്ചു കൂട്ടിയതിൽപിന്നെ എല്ലാവരും അ
വിടത്തന്നെ കിടന്നു സുഖമായുറങ്ങി.

നെരംപുലൎന്നു വെളിച്ചമായ ഉടനെ നമ്പൂരിപ്പാടും ഇ
വരും സ്നാനാശനങ്ങൾ കഴിച്ചു സന്തുഷ്ടന്മാരായി അവിടെ
നിന്നു പുറപ്പെട്ട ആവഴി സമുദ്രതീരത്തിൽകൂടി സഞ്ചരി
ച്ചു ഗൊദാവരി-കൃഷ്ണാ-താമ്രവൎണ്ണീ-മുതലായ നദികൾ ലം
ഘിച്ചു അനെകം പുണ്യക്ഷെത്രങ്ങളും വിശിഷ്ടസ്ഥലങ്ങളും
കണ്ടു രണ്ടാമതും രാമെശ്വരത്തെത്തി കാശിഗംഗകൊണ്ട
രാമെശ്വരത്ത അഭിഷെകം കഴിച്ചു സമുദ്രസ്നാനം ചെയ്തു
പാപനിൎമ്മൊക്ഷംവരുത്തി പരിശുദ്ധന്മാരായി കന്യാകുമാ
രിവഴിയായി തിരുവനന്തപുരത്തുകൂടി വന്നു. ഒരു സംവത്സ

രവും പതിനൊന്ന മാസവും കഴിഞ്ഞതിൽ പിന്നെ എല്ലാവരുംകൂടി കാക്കനൂർ മനക്കൽ എത്തിച്ചെൎന്നു. എത്തിയ ദിവസംതന്നെ കാലഭൈരവ പ്രീതിയും പിതൃദെവപ്രസാദവും വരുത്തി- കൊച്ചമ്മാളുവും തന്റെ അമ്മയും ജെഷ്ടന്മാരും ഹരിജയന്തൻ നമ്പൂരിപ്പാടിന്റെ രക്ഷയിലും വാത്സല്യത്തിലും കുറെ ദിവസത്തൊളം മനക്കൽ തന്നെ താമസിച്ചു- അതിൽപിന്നെ നമ്പൂരിപ്പാട വിശെഷമായി ഒരു ഭവനം പണി ചെയ്യിച്ചു ആവശ്യമുള്ള സകല സാധനങ്ങളും സംഭരിച്ചു യാതൊരു പരാശ്രയവും കൂടാതെ സുഖമായി നിത്യവൃത്തി കഴിപ്പാൻ മാത്രം കാലത്താൽ ആദായമുള്ള നിലം പറമ്പുകളും ചാൎത്തി കൊടുത്തു, കൊച്ചമ്മാളുവിനെ ആ ഭവനത്തിൽ പാൎപ്പിച്ചു തന്റെ പുത്രിയെപ്പൊലെ രക്ഷിച്ചു- ഇവളുടെ ജെഷ്ടന്മാർ രണ്ടുപെരെയും മനവക ഓരൊ കളത്തിലെ കാൎയ്യസ്ഥന്മാരായും നിശ്ചയിച്ചു- അതിന്റെശെഷം അനുരൂപനായ ഒരു ഭൎത്താവിന്ന ഇവളെ കല്യാണം കഴിച്ചു കൊടുക്കെണമെന്നുള്ള താല്പൎയ്യത്തൊടുകൂടി അതിലെക്കുള്ള ഉത്സാഹമായി.

## പതിനെഴാം അദ്ധ്യായം.

### ഭാനുവിക്രമൻ എന്ന യുവരാജാവു.

കുഞ്ഞിശ്ശങ്കരമെനൊൻ പൊയതിൽപിന്നെ തന്റെ നാമാവസാനത്തിൽ ഉണ്ടായിരുന്ന കുട്ടി എന്ന രണ്ടക്ഷരം ഉപെക്ഷിച്ചു ജാതകസിദ്ധമായ നാമധെയത്തെത്തന്നെ സ്ഥിരമായി അംഗീകരിച്ചുവന്നിട്ടുള്ള ഈ കഥയിലെ പ്രധാന നായികയായ മീനാക്ഷി ആദ്യത്തെപ്രാവശ്യം തന്നെ മിഡിൽസ്കൂൾ പരീക്ഷയിൽ അഗ്രാസനം മററാൎക്കും കൊടുക്കാതെ ജയംപ്രാപിച്ചു. ഇവൾ തന്റെ പതിമൂന്നാമത്തെവയസ്സിൽ മെൽപറഞ്ഞ പരീക്ഷ ബഹുമാനപുരസ്സരം ജയിച്ചിട്ടുള്ളതുകൊണ്ടു അത്യന്തം സന്തുഷ്ടനായ കനകമംഗലം കൊവിലകത്തെ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഇരുന്നൂററമ്പതുറുപ്പിക വിലക്കുള്ള ഒരുകൂട്ടം സ്വൎണ്ണകടകം സ്കൂളിൽവെച്ചു പല മഹാന്മാരും കാണ്കെ ഇവൾക്കു സമ്മാനംകൊടുത്തു. ജനസമുദായത്തിൽ നാഗരീകവും പരിഷ്കാരവും വൎദ്ധിക്കെണ്ടതിന്നു പ്രധാനകാരണമായി നില്ക്കുന്ന സ്ത്രീവിദ്യാഭ്യാസം കനകമംഗലത്തു കഴിയുന്നതു പുഷ്ടി വരുത്തെണമെന്നുള്ള അത്യാഗ്രഹത്തിന്മെൽ ഉദാരശീലനായ ഈ തമ്പുരാനവൎകൾ കാലംതൊറും ഇതിലെക്കു വെണ്ടി അനവധിദ്രവ്യം ചിലവുചെയ്തുവരിക പതിവായിരുന്നു. പരൊപകാര തൽപരനായ ഇദ്ദെഹത്തെപ്പൊലെ എനിയും ചില മഹാന്മാർ ഇങ്ങിനെയുള്ള സദ്വിഷയങ്ങളിൽ പ്രവൃത്തിക്കുന്നതായാൽ മലയാളികളായ നാം അനുഭവിപ്പാനിടവരുന്ന ഗുണാതിരെകം അനിൎവ്വചനീയമാകുന്നു. എന്നാൽ ഉയൎന്നതരം പരീക്ഷകൾ പഠിക്കത്തക്ക ക്ലാസ്സുകൾ കനകമംഗലം സ്കൂളിൽ ഏൎപ്പെടുത്തീട്ടില്ലാതിരുന്ന

തകൊണ്ട മിഡിൽ സ്കൂൾ പരീക്ഷ കഴിഞ്ഞതിൽപിന്നെ മീനാക്ഷിയുടെ ഇംഗ്ലീഷ പഠിപ്പിന്ന കെവലം മുടക്കം വരുമെന്നുതന്നെയായിരുന്നു എല്ലാവരുടെയും മനൊവിചാരം. പഠിപ്പിന്ന തരക്കെട വരുന്ന സംഗതിയെപ്പറ്റി ഇവൾക്കും വളരെ വ്യസനമുണ്ടായി-സൌഭാഗ്യവതിയായ ഇവളെ അന്യദിക്കിൽ അയച്ചു വിദ്യാഭ്യാസം ചെയ്യിക്കുവാൻ ഇവളുടെ രക്ഷിതാക്കന്മാൎക്ക അസാമാന്യമായ ധൈൎയ്യക്ഷയവും മടിയും ഉണ്ടായിരുന്നു- വിദ്യാഭ്യാസത്തിന്നവെണ്ടി ദൂരരാജ്യങ്ങളിൽപൊയി അധിവസിച്ചു വരുന്ന കുട്ടികളിൽ അനെകം പെർ ശുദ്ധമെ വികൃതികളും തൊന്ന്യാസികളുമായി തീരുന്നത സാധാരണമായി കണ്ടു വരുന്നതകൊണ്ടും ഇവളെ പറഞ്ഞയക്കുന്ന കാൎയ്യത്തിൽ അനെകം ദുൎഘടങ്ങൾ നെരിടുവാൻ ഇടവന്നെക്കാമെന്ന ഭയപ്പെട്ടതുകൊണ്ടും "ഇംഗ്ലീഷ പഠിച്ചില്ലെങ്കിലും വെണ്ടില്ല അന്യദിക്കിൽ പറഞ്ഞയപ്പാൻ പാടില്ല" എന്നതന്നെയായിരുന്നു പുത്തന്മാളികക്കൽ ഉള്ള എല്ലാവരുടെയും അഭിപ്രായം- ഈ കാൎയ്യത്തിൽ കുഞ്ഞികൃഷ്ണമെനൊനും അശെഷം മനസ്സുണ്ടായിരുന്നില്ല- എങ്കിലും ഇവളുടെ ഗുണൊൽകൎഷത്തിൽ അത്യന്തം ശ്രദ്ധയും ശുഷ്കാന്തിയും വഹിച്ചു വരുന്ന ഗൊപാലമെനൊൻ മെൽപറഞ്ഞ പാഠകശാലയിൽ ഒരു ക്ലാസ്സുംകൂടി വെച്ചുകിട്ടുവാൻ വെണ്ടി തന്നാൽ കഴിയുംപൊലെ ഉത്സാഹിച്ചു നൊക്കീട്ടും തല്ക്കാലം അസാദ്ധ്യമാണെന്ന കണ്ടതിന്റെശെഷം അതിലെ ഒന്നാം ഉപാദ്ധ്യായിനിയുമായാലൊചിച്ചു ഒടുവിൽ ചില ഏൎപ്പാടുകൾ ചെയ്തു- മീനാക്ഷിയിൽ അപൂൎവ്വമായ വാത്സല്യവും സ്നെഹവും ഉള്ള ഈ ഉപാദ്ധ്യായിനി ഗൊപാലമെനൊനുമായിചെയ്ത നിശ്ചയപ്രകാരം ദിവസംപ്രതി പുത്തൻമാളികക്കൽ വന്നു വയിന്നെരത്തെ നാലമണി മുതൽ ആറുമണിവരെ ഈരണ്ട മണിക്കൂറനെരം ഇവളെ അത്യുത്സാഹത്തൊടെ പഠിപ്പിച്ചു വ

ന്നു. സുശീലയും സൌമ്യയുമായ ഈ ഉപാദ്ധ്യായിനിയുടെ ശിക്ഷാ നൈപുണ്യവും ഇവളുടെ മഹത്തരമായ ബുദ്ധി ഗാംഭീൎയ്യവും അത്യാശ്ചൎയ്യകരമായ ഗ്രഹണശക്തിയും അച്യുതമെനൊനിൽനിന്നു പല പ്രാവശ്യവുമായി സിദ്ധിച്ചിട്ടുള്ള വിലയെറിയ സഹായവും ഇതുകൾ എല്ലാംകൂടി ഇവളെ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ രണ്ടാമത്തും ഒരു പരീക്ഷ ജയിപ്പാൻ സംഗതി വരുത്തി. സ്ത്രീകൾക്കവെണ്ടി ഗവൎമ്മെണ്ടിൽ നിന്നു പ്രത്യെകം നിയമിച്ചു നടത്തിവരുന്ന ഈ ഉയൎന്ന തരം പരീക്ഷ ജയിച്ചതിന്റെ ശെഷം വ്യുൽപത്തിയും ബുദ്ധിവികാസവും ലൌകിക കാൎയ്യങ്ങളെപ്പറ്റിയുള്ള പരിചയവും വൎദ്ധിപ്പിക്കെണ്ടതിന്നു അച്യുതമെനൊൻ മദിരാശിയിൽനിന്ന പലമാതിരി ഇംക്ലീഷപുസ്തകങ്ങൾ വാങ്ങി കൂടക്കൂടെ ഇവൾക്ക അയച്ചു കൊടുത്തുകൊണ്ടിരുന്നു- ആ വക പ്രബന്ധങ്ങൾ യാതൊരുപെക്ഷയും കൂടാതെ പതിവായി വായിച്ചുവന്നത നിമിത്തം ഇംക്ലീഷ ഭാഷയെ തെററു കൂടാതെ എഴുതുവാനും ഒരു യൂറൊപ്യൻ ഉപാദ്ധ്യായിനിയുടെ കീഴിൽ പഠിച്ചു വന്നതിനാൽ ഉച്ചാരണശുദ്ധിയൊടുകൂടി വെടിപ്പായി സംസാരിക്കുവാനും സാധാരണ ഗദ്യപുസ്തകങ്ങൾ, വൎത്തമാനക്കടലാസ്സുകൾ ഇതുകൾ വായിച്ചു താല്പൎയ്യം ഗ്രഹിക്കുവാനും ഇവൾക്ക കാലക്രമെണ വെണ്ടത്തക്ക പാണ്ഡിത്യം സിദ്ധിച്ചു. ഇതപ്രകാരം തന്നെ സംസ്കൃതഭാഷയിലും സംഗീതത്തിലും ഇവൾ സാമാന്യം നല്ല വിദുഷിയായിത്തീൎന്നു- വിദ്യാഭ്യാസംകൊണ്ട പരിഷ്കൃതമായ ഇവളുടെ ബുദ്ധിവിശെഷവും ശാണൊല്ലീഢമായി അത്യന്തം ശൊഭാവഹമായ ഒരു ദിവ്യ രത്നംപൊലെ എററവും പ്രകാശമാനമായി വികാസം പ്രാപിച്ചു. യൊഗ്യന്മാരിൽ ബഹുമാനവും ഗുരുഭൂതന്മാരിൽ വിനയവും ഭക്തിയും, അഗതികളിൽ കരുണയും, ആശ്രിതന്മാരിൽ വാത്സല്യവും, ധൂൎത്തന്മാരിൽ വൈമുഖ്യവും, ജീവികളിൽ

സമബുദ്ധിയും ഗൃഹഭരണത്തിൽ സാമൎത്ഥ്യവും, അന്ന്യായമായ ധനവ്യയത്തിൽ വ്യസനവും, ആഭരണങ്ങളിൽ ഭ്രമമില്ലായ്മയും, അധൎമ്മത്തിൽ അതി ഭയവും ഇങ്ങിനെയുള്ള സൽഗുണങ്ങൾക്ക ഇവളുടെ ഹൃദയം മനൊഹരമായ ഒരു കെളിരംഗമായി തീൎന്നു. കാഠിന്യം- കാൎഷ്ണ്യം- കളവ- കുടിലത ഈ നാല ദുൎഗ്ഗുണങ്ങൾ സാധാരണ പതിവ പ്രകാരം ഇവളെയും വഷളാക്കിത്തീൎക്കെണമെന്നുള്ള വിചാരത്തൊടുകൂടി അന്തൎഭാഗത്തിൽ കടന്നു കൂടുവാൻവെണ്ടി പഴുത നൊക്കിക്കൊണ്ട ചുററം നടന്നു കളിക്കുമ്പൊൾ ലാവണ്യം അവയെ എത്തിപ്പിടിച്ച കാഠിന്യത്തെ കുചദ്വന്ദ്വത്തിങ്കലും കാൎഷ്ണ്യത്തെ തലമുടിയിലും- കളവിനെ കണ്ണുകളിലും കുടിലതയെ കെശാഗ്രത്തിങ്കലും ചെൎത്ത ബന്ധിച്ചതിനാൽ ഇതുകൾ നാലും ഇവളുടെ ദെഹത്തിന്ന ഭൂഷണങ്ങളായി ഭവിക്കയാണ ചെയ്തിട്ടുള്ളത. വൎണ്ണഹീനമായ കാരിരുമ്പുപൊലും രസസമ്പൎക്കം കൊണ്ട സുവൎണ്ണമായി കാണപ്പെടുന്നത നമുക്ക പ്രത്യക്ഷമായിട്ടുള്ളതാണെല്ലൊ- അതുകൊണ്ട സുഗുണികളിൽ ചെരുന്ന ദുൎഗ്ഗുണികളും സുഗുണികളായിത്തന്നെ തീരുമെന്ന വിശ്വസിക്കെണ്ടതാണ. സല്പുഷികളുമായുള്ള സഹവാസം നിമിത്തം വാല്മീകിക്കും ഹരിജയന്തൻനമ്പൂരിപ്പാടിനെക്കൊണ്ട കൊച്ചമ്മാളുവിന്നും സിദ്ധിച്ചിട്ടുള്ള നന്മകൾ ഇതിന്ന മതിയായ ദൃഷ്ടാന്തങ്ങളാണെന്ന വിശ്വസിക്കുന്നു.

പരനിന്ദാ, പരപുരുഷാസക്തി, പരദ്രവ്യാഗ്രഹം, പാരുഷ്യം, പൈശൂന്യം ഇവയിൽ രണ്ടു മൂന്നെങ്കിലും ഇല്ലാത്ത സ്ത്രീകളെ കാണ്മാൻ ഈ കാലത്ത വളരെ പ്രയാസമാണ- സ്ത്രീഗുണം എന്ന പറയപ്പെടുന്നത സഹജമായും കൃത്രിമമായും ഇരിക്കുന്ന സൌന്ദൎയ്യം ഒന്നുമാത്രമാണെന്ന വിടവൃത്തികളായ ചില പുരുഷന്മാർ വകതിരിവു കൂടാതെ തെററായി ധരിച്ച വല്ലാതെ അന്ധാളിച്ചുവരുന്നുണ്ട- വെണ്ട

ത്തക്ക മൎയ്യാദയും മനഃശുദ്ധിയും ഗുണദൊഷ ജ്ഞാനവും ഇല്ലാത്ത ഒരു സ്ത്രീ എത്രതന്നെ രൂപസൌന്ദൎയ്യമുള്ളവളായാലും മായാകരണ്ഡമായ അവളുടെ സൌഭാഗ്യത്തിന്ന യാതൊരു വിലയും കൊടുപ്പാൻ പാടില്ലെന്നാണ ഞാൻ വിചാരിക്കുന്നത- സ്ത്രീകളുടെ ഗുണങ്ങളിൽ രൂപസൌന്ദൎയ്യം ൟ കാലത്ത വിശെഷിച്ചും മുഖ്യമായിട്ടുള്ളതും സൎവ്വദാ സ്തുത്യമായിട്ടുള്ളതും അല്ലെന്നല്ല ഞാൻ വാദിക്കുന്നത-സൌന്ദൎയ്യം അത്യന്തം വിലയെറിയത തന്നെ- എങ്കിലും ബുദ്ധി വികാസവും മനഃപാകതയും ഇല്ലാത്ത സ്ത്രീകളുടെ അഴകും മൊടിയും അവൎക്കും അവരുടെ ഭൎത്താക്കന്മാൎക്കും അവളിൽനിന്നുണ്ടാകുന്ന സന്താനങ്ങൾക്കും, എന്ന മാത്രമല്ല അവളുടെ വംശത്തിന്നും രാജ്യത്തിന്നും ഒരുപൊലെ അവമാനവും അനൎത്ഥവും ഉണ്ടാക്കി തീൎക്കയാണ ചെയ്യു കാണുന്നത- വിവെകശൂന്യമാരായ സ്ത്രീകളുടെ സൌന്ദൎയ്യത്തെ പററി എനിയും ഒന്നുകൂടി പറയാം.

കറയും കാലുഷ്യവും സഹജമായി നില്ക്കുന്ന ചെമ്പുകൊണ്ട പണിചെയ്തു സ്വൎണ്ണംമുക്കി നിറം പിടിപ്പിച്ച സ്വാരമായി കൊണ്ടുനടക്കുന്ന ചില പുതുമാതിരി ആഭരണങ്ങൾ ൟ കാലത്ത പലരും ഉപയൊഗിച്ചുവരുന്നത എന്റെ വായനക്കാൎക്ക ധാരാളം അറിവുള്ളതാണെല്ലൊ- ആ വക മുക്കുപണ്ടങ്ങൾ കാഴ്ചയിൽ സ്വൎണ്ണാഭരണത്തെക്കാൾ അധികം പ്രകാശമുള്ളതും യൊഗ്യതയും ശ്ലാഘ്യതയും ഉള്ള ജനങ്ങളുടെ ദെഹത്തിന്മെൽ കണ്ടാൽ മാറെററിയ ദിവ്യാഭരണങ്ങളാണെന്നുതന്നെ മിക്കപെരും നിശ്ശങ്കം വിശ്വസിച്ചു. അതിശയിച്ചുപൊകുന്നതും ഉപയൊഗത്തിൽ വിശെഷിച്ചു യാതൊരു വ്യത്യാസവും ഇല്ലെന്ന അനുഭവ രസികന്മാൎക്ക ദൃഷ്ടാന്തപ്പെട്ടു വരുന്നതും ആണെങ്കിലും സൂക്ഷ്മഗ്രാഹികളായ മനുഷ്യരുടെ ദൃഷ്ടിയിൽ അതുകൾ കെവലം നിസ്സാരസാധനങ്ങളായി തന്നെ ഇരിക്കയാണെല്ലൊ ചെയ്യുന്ന

ത. വസ്തുവിന്റെ ഗുണവും വിലയും അറിഞ്ഞും അറിയാതെയും ഠരം വക മുക്കപണ്ടങ്ങളെ കണ്ടു ഭ്രമിക്കുന്നതും ഇതുകളിൽ അത്യാസക്തിയും കൌതുകവും കാണിച്ചവരുന്നതും കെവലം അനുചിതമായിട്ടുള്ളതാണ. ഗുണദൊഷ വിചാരം ലെശമെങ്കിലും കൂടാതെ നാഗരിക സമ്പന്നമാരായ സതികളാണെന്നു നടിച്ചു അധികപ്രസംഗം കാട്ടി നട്ടെല്ലു ഞെളിച്ചുംകൊണ്ടു നടക്കുന്ന മിക്ക ഉൎവ്വശികളും മെൽ പറഞ്ഞ മുക്കപണ്ടങ്ങളും തമ്മിൽ അനുഭവത്തിൽ യാതൊരു ഭെദവും ഇല്ലെന്നാണ എന്റെ അഭിപ്രായം- ഉടലിൽ അഴുക്കൊ പൊറൊ പുരളാതെ സദാ തുടച്ചുമിനുക്കി വൎണ്ണപ്പൊടിയിട്ടു വെയിലും തീയ്യും കൊള്ളിക്കാതെ നെരിയ വെള്ള വസ്ത്രങ്ങളിൽ പൊതിഞ്ഞു സൂക്ഷിച്ചുകൊണ്ടു നടക്കുന്നതായാൽ അന്തൎഭാഗം അത്യന്തം ജീൎണ്ണമായും മലിനമായും ബഹിൎഭാഗം അനെകം കൃത്രിമവിലാസങ്ങളെക്കൊണ്ടു കൊമളമായും കമനീയമായും ഇരിക്കുന്ന മെൽ പറഞ്ഞ രണ്ടു മാതിരി പണ്ടങ്ങളും താല്ക്കാലികമായ മനസ്സന്തൊഷത്തിനും തൃപ്തിക്കും വെണ്ടപൊലെ ഉപയൊഗപ്പെടുന്നതാമെന്നുള്ളതിന്ന സംശയമില്ല- എന്നാൽ പുറമെ കാണപ്പെടുന്ന പ്രകാശവും അനുഭൊഗികളുടെ കണ്ണിൽ പൊടിയിടുവാൻ തക്ക രമണീയതയും പരീക്ഷകന്റെ മുമ്പിൽ എത്തുന്നവരെക്കും മാത്രമെ നിലനില്ക്കയുള്ളു. ഉരക്കല്ലിന്മെൽ ഉരച്ചു നൊക്കുന്ന ക്ഷണത്തിൽ ഉള്ളിൽ കിടക്കുന്ന സകല ദൂഷ്യങ്ങളും ഒന്നിച്ചു പുറത്തുചാടാതെ ഇരിക്കയില്ല- അപ്പൊഠ മാത്രമെ കാൎയ്യത്തിന്റെ യാഥാൎത്ഥ്യം മുഴുവനും മനസ്സിലാകയുള്ളു- അതുകൊണ്ടു പുറമെയുള്ള ഭംഗിമാത്രം കണ്ടു മൊഹിച്ചു ഉള്ളിൽ കറയും കളങ്കവുമുള്ള മുക്കപണ്ടങ്ങളെ സ്വൎണ്ണാഭരണങ്ങളാണെന്ന അന്ധാളിച്ചു യാതൊരുത്തരും ആലൊചന കൂടാതെ വാങ്ങി അവസാനം അമ്പെദ്ധക്കുഴിയിൽ തലകുത്തി വീണു പൊകരുതെ- കണ്ടാൽ തിരിച്ചറിവാൻ സാമ

ത്ഥ്യമില്ലെങ്കിൽ അറിവും പരിചയവുമുള്ള ജനങ്ങളൊട അ നെ്വഷിച്ചിട്ടെങ്കിലും പ്രകൃതാവസ്ഥ മനസ്സിലാക്കെണ്ടതാ ണ.

എന്നാൽ അഴകും അഥമ്മതിയും അധികമായി ദീക്ഷി ക്കാതെ ഗൃഹകൃത്യം- ഭത്തൃശുശ്രൂഷ- ബാലപരിചരണം- ഇത്യാദികളിൽ സദാ ശ്രദ്ധവെച്ച മാനവും മൎയ്യാദയും വി ലക്ക വില്ക്കാതെ കാലക്ഷെപം ചെയ്യുവരുന്ന ചില സ്ത്രീക ളുണ്ട- അവർ ദാരിദ്ര്യംകൊണ്ടും പലവിധമായ കാൎയ്യഗൌ രവംകൊണ്ടും ചിലപ്പൊൾ ഉപെക്ഷകൊണ്ടും മെൽപ്ര സ്താവിച്ച സുമുഖികളെപ്പൊലെ വെടിപ്പും വൃത്തിയും ഇ ല്ലാത്തവരാണെന്ന വരികിലും അവരിൽ മിക്ക പെരുടെയും പ്രകൃതാവസ്ഥ വിചാരിച്ചാൽ ഇവർ തമ്മിൽ അജ ഗജാന്ത രം വ്യത്യാസമുണ്ടെന്ന ദൃഷ്ടാന്തപ്പെടും- ചെറും ചളിയും നിറഞ്ഞു നിറം കുറഞ്ഞു അല്പം മലിനമായി കാണപ്പെട്ട ന്നുണ്ടെങ്കിലും സ്വൎണ്ണാഭരണമാണെങ്കിൽ അതു മുക്കപണ്ട ത്തെക്കാൾ നിശ്ചയമായിട്ടും പ്രാധാന്യ മുള്ളതായിരിപ്പാ നെ പാടുള്ളു- അന്തസ്സിദ്ധമായ യാതൊരു ഗുണവും ഇല്ലാ തെ വൃത്തികെട്ട വിരൂപികളാണെങ്കിൽ അവർ ഒരു വസ്തു വിനും കൊള്ളാത്ത മരപ്പണ്ടങ്ങളാണെന്ന ഞാൻതന്നെ സ മ്മതിച്ചു കളയാം-മൎയ്യാദയും വകതിരിവും ഒരുത്തിക്ക സുല ഭമായുണ്ടെങ്കിൽ അതുതന്നെയാണ അവളുടെ പ്രധാനഗു ണമായി ഗണിച്ചുവരെണ്ടുന്നത- അതൊടുകൂടി അവൾക്ക വെണ്ടത്തക്ക രൂപസൌന്ദൎയ്യവും വെടിപ്പും വൃത്തിയും ഉ ണ്ടെന്ന വന്നാൽ അവൾ എല്ലാംകൊണ്ടും അത്യന്തം ഭാ ഗ്യശാലിനിയും മാന്യയുമാണെന്നുള്ളതിന്ന യാതൊരു സം ശയവും ഇല്ല- അതല്ലാതെ സൌന്ദൎയ്യം ഒന്നുമാത്രമാണ സ്ത്രീ കൾക്ക പ്രധാനഗുണമെന്ന വിചാരിക്കുന്നത ഏററവും ഭൊഷത്വവും അബദ്ധവുമാണെന്നു പറയാതിരിപ്പാൻ യാ തൊരു നിവൃത്തിയും കാണുന്നില്ല.

എന്നാൽ മീനാക്ഷിയുടെ പ്രകൃതമൊ ഇത രണ്ടപ്രകാരവും അല്ലയായിരുന്നു- ഇവാം അന്തൎഭാഗത്തിങ്കലും ബഹിൎഭാഗത്തിങ്കലും നിരന്തരം ഒരുപൊലെ പ്രകാശമാനമായി വിലയെറിയ ശുദ്ധ സ്വൎണ്ണംകൊണ്ട അതിമനൊഹരമായി പണിചെയ്തു നിറംകാച്ചി യാതൊരു മാലിന്യമൊ നിറക്കെടൊ ബാധിക്കാതെ ഭംഗിയിൽ സൂക്ഷിച്ചുവരുന്ന അപൂൎവ്വമായ ഒരു ദിവ്യാഭരണം പൊലെ വിദ്യാഭ്യാസം കൊണ്ടും സഹവാസഗുണം കൊണ്ടും സ്വച്ഛമായും പരിഷ്കൃതമായും ഇരിക്കുന്ന അന്തഃകരണങ്ങളൊടും അളവില്ലാത്ത കാന്തിപൂരത്തൊടും കൂടി ഗുണവാന്മാരും സാരജ്ഞന്മാരുമായ രക്ഷിതാക്കന്മാരുടെ കീഴിൽ ശൈശവം മുതല്ക്കു വളൎന്നുവന്നിട്ടുള്ള ഒരു യുവതിയാകുന്നു. ഇവളെപ്പററി ഇതിലധികം പ്രസ്താവിക്കുന്നത അനാവശ്യമാണെന്നു കരുതി തല്ക്കാലം കഥാഭാഗത്തിലെക്ക തന്നെ പ്രവെശിക്കാമെന്നു വിചാരിക്കുന്നു. മീനാക്ഷിക്ക ഇപ്പൊാം പതിനെഴ വയസ്സു പ്രായമായി- താരുണ്യം മതിമറന്നു മദിച്ചു ആപാദചൂഡം അതിസ്പഷ്ടമായി പ്രസരിച്ചു- കാമൊദ്ദീപനത്തിന്നു കാരണഭൂതങ്ങളായ എല്ലാഅവയവങ്ങാംക്കും പ്രായെണ മാധുൎയ്യവും കാലൊചിതമായ വളൎച്ചയും സൌന്ദൎയ്യവും കൂടിത്തുടങ്ങി. കാണികളുടെ മനസ്സിന്നും കണ്ണിന്നും അത്യാനന്ദവും കൌതുകവും ദിവസംപ്രതി വൎദ്ധിച്ചു- കാമികളുടെ ഹൃദയം കാമബാണത്തിന്ന ലക്ഷ്യമായിട്ടുംഭവിച്ചു- താരുണ്യവതികളായി സുമുഖികളായ ചില സ്ത്രീകളുടെ മനസ്സിൽ നീരസവും അസൂയയും അങ്കുരിച്ചു വളരുവാനും തുടങ്ങി- യൊഗ്യന്മാരും സമ്പന്നന്മാരുമായ അനെകം പുരുഷന്മാർ ഇവളുടെ ഭാൎയ്യാത്വം ലഭിച്ചു കൃതാൎത്ഥന്മാരാകെണ്ടതിന്നു രാപ്പകൽ ഭഗീരഥപ്രയത്നം ചെയ്യുകയായി- ചിലർ ഗൊപാലമെനൊന്റെയും മററു ചിലർ കുഞ്ഞികൃഷ്ണമെനൊന്റെയും അരികത്തെക്ക എല്ലാംകൊണ്ടും തരപ്പെട്ട മദ്ധ്യസ്ഥന്മാരെ അയ

ച്ചു ഇവളുടെ സംബന്ധത്തെപ്പറ്റി ആലൊചിപ്പിക്കയാ യി- ഉത്സാഹിച്ചാൽ ഈ കാൎയ്യം സാധിക്കുമൊ എന്നും ഗൃഹ കാരണവന്മാൎക്ക അനുകൂലമായിട്ടുള്ളതൊ എന്നും അറിവാ ൻവെണ്ടി ചിലർ വിശ്വസ്തന്മാരും സമൎത്ഥന്മാരുമായ ദൈ വജ്ഞന്മാരെ വരുത്തി നിഷ്പ്രസ്ഥാവം രാശിവെപ്പിക്കയായി- ചിലർ അവരവരുടെ ഗുരൂപദെശപ്രകാരം സ്വയംബര പാൎവ്വതിയെ ത്രിസന്ധ്യകളിലും ഉപാസിച്ചു സാധ്യനാമം മനസ്സിൽ ഉറപ്പിച്ചു മന്ത്രസംഖ്യയും അക്ഷര ലക്ഷവും ജ പിക്കയായി. ഇങ്ങിനെ പലരും പലവിധെന ഇവളെ ലഭി ക്കുവാൻവെണ്ടി അത്യുത്സാഹം ചെയ്യുവന്നു എങ്കിലും ഇവ ളുടെ പാണിഗ്രഹണം ലഭിക്കുമെന്നുള്ള വിശ്വാസം ഇവരി ൽ മിക്കപെൎക്കും ഉണ്ടായിരുന്നില്ല- ഇംക്ലീഷ പഠിച്ചു വലിയ പരീക്ഷയും മറവും ജയിക്കാത്തവൎക്ക ഇവളെ ഒരിക്കലും സാ ധിക്കുന്നതല്ലെന്നു വിചാരിച്ചു ചിലർ തങ്ങളെ ചെറുപ്പ ത്തിൽ ഇംക്ലീഷ പഠിപ്പിക്കാതിരുന്ന മാതാപിതാക്കന്മാരെ വെറുത്തും ശപിച്ചും വ്യസനിച്ചുതുടങ്ങി- "ഇംക്ലീഷ പട്ടാ ണിഭാഷയാണ- പാതിരി ഭാഷയാണ- പഠിച്ചാൽ ഗുരുത്വം കെട്ടുപൊകും. തീണ്ടലും കുളിയും ഉണ്ടാകില്ല" എന്നിങ്ങി നെ പലതും പറഞ്ഞു പരിഹസിച്ചും ദുഷിച്ചും വന്നിട്ടുണ്ടാ യിരുന്ന ചില നാടന്മാർ തങ്ങളുടെ കഥയില്ലായ്മയെപ്പറ്റി ഈ കാലത്ത അത്യന്തം വിഷാദിച്ചു കൊണ്ടിരിക്കയായി.

നമ്മുടെ കുഞ്ഞിശ്ശങ്കരമെനൊനൊ ഇങ്ങിനെയുള്ള യാ തൊരു കുണ്ഠിതമൊ ചാഞ്ചല്യമൊ ഉണ്ടായിരുന്നില്ല. മീനാ ക്ഷിക്ക വെണ്ടത്തക്ക വിദ്യാഭ്യാസവും വകതിരിവും ബുദ്ധി വിശെഷവും ഉള്ളതകൊണ്ട ഭ്രാതൃസ്നെഹിതനായ തന്നെ ഉ പെക്ഷിച്ചു കെവലം ആഭാസനായ ഒരുവനെ അരുവെഗ ത്തിൽ സ്വീകരിക്കയില്ലെന്നും ഇവൾ തന്നെക്കാൾ അധി കം യൊഗ്യനായ ഒരുത്തനെ അംഗീകരിക്കുന്നതാണെങ്കി ൽ അതിനെപ്പറ്റി കുണ്ഠിതപ്പെട്ടുവാൻ അവകാശമില്ലെന്നും

ദൈവാനുകൂലമുണ്ടെങ്കിൽ ഇവളെ തനിക്കു സാധിക്കാതിരിക്കയില്ലെന്നും ഇദ്ദെഹം ദൃഢമായുറപ്പിച്ചു ധീരനായിരുന്നു. ഇവാ മിഡിൽസ്കൂാ പരിക്ഷ ജയിച്ചിട്ടുണ്ടായിരുന്നതിനെപ്പററി ഇദ്ദെഹം ഒരു മംഗലപത്രിക അയച്ചിട്ടുണ്ടായിരുന്നു. അതിനെ അഭിനന്ദിച്ചു ഇവാ മറുപടിയയച്ചു കണ്ടതിൽ പിന്നെ കുഞ്ഞിശ്ശങ്കരമെനൊൻ മാസത്തിൽ ഒന്നും രണ്ടും കത്തു മീനാക്ഷിക്കു അയച്ചുവരികയും ഇവാ അതിന്നു യഥായൊഗ്യം മറുപടിയയക്കുകയും ചെയ്യുവരുമാറുണ്ടായിരുന്നു- അനുരാഗസൂചകമായ യാതൊരു കത്തുകളും ഇതുവരെ ഇദ്ദെഹം എഴുതിട്ടുണ്ടായിരുന്നില്ലെന്നു വരികിലും ഇവാക്കു അസാധാരണമായ സ്നെഹവും വിശ്വാസവും ഇദ്ദെഹത്തിന്റെമെൽ വദ്ധിച്ചുവരികയാണ ചെയ്യിട്ടുള്ളത- മീനാക്ഷിയുടെ സ്നെഹം അനുഭവിക്കത്തക്ക എല്ലാ യൊഗ്യതയും കുഞ്ഞിശ്ശങ്കരമെനൊന്ന ഈ കാലത്ത സിദ്ധിച്ചിട്ടും ഉണ്ടായിരുന്നു- ഇദ്ദെഹം മദിരാശി ഹൈക്കൊട്ടിൽ എററവും ശ്രുതിപ്പെട്ട ഒരു വക്കീലായിതീൎന്നു- കാൎയ്യപ്രാപ്തി കൊണ്ടും മൎയ്യാദാധിക്യംകൊണ്ടും ജഡ്ജിമാക്കു ഇദ്ദെഹത്തിനെ ബഹുസ്നെഹമായിരുന്നു. മലയാളത്തിൽ നിന്നു വല്ലവരും വല്ല അപ്പീൽ നമ്പറും അയക്കുന്നതായാൽ എതെങ്കിലും ഒരു ഭാഗം കുഞ്ഞിശ്ശങ്കരമെനൊൻ വക്കീലാവാതെ ഇരിക്കുമാറില്ല- സിവിൽവകയായും ക്രിമിനാൽ വകയായും വക്കീൽനാമം ഏററു ഇദ്ദെഹം മലയാളത്തിലെ ഡിസ്ത്രിക്ട കൊടതികളിൽ പലപ്പൊഴും വരുന്നതകൊണ്ടും എല്പെടുന്ന കാൎയ്യത്തിൽ മുക്കാലെ അരക്കാലും താൻ ജയിച്ചുവരാറുള്ളതകൊണ്ടും കക്ഷികാക്കു അത്യന്തം തൃപ്തിയും വിശ്വാസവും ജനിക്കത്തക്കവണ്ണും ഉപെക്ഷ കൂടാതെ കെസ്സുകാ നടത്തിവരുന്നതുകൊണ്ടും ഇദ്ദെഹത്തെ കണ്ടും കെട്ടും പരിചയമില്ലാത്ത ജനങ്ങാ മലയാള രാജ്യത്തിൽ വളരെ ചുരുക്കംപെർ മാത്രമെ ഉണ്ടായിരുന്നുള്ളു- രണ്ടു സംവത്സരം മുമ്പെ ഒരു

പ്രാവശ്യം ഇദ്ദെഹം ഗൊപാലമെനൊനവെണ്ടി ഡിസ്ത്രിക്ട കൊടതി മുമ്പാകെ ഒരു വലിയ വ്യവഹാരത്തിൽ ഹാജരായിട്ടുണ്ടായിരുന്നു- ആ സമയം രണ്ടൊ മൂന്നൊ ദിവസം പുത്തൻമാളികക്കൽ താമസിക്കുകയും മീനാക്ഷിക്കുട്ടിയുമായി സംസാരിക്കുകയും മദിരാശിയിൽ എത്തിയ ഉടനെ എല്ലാ വിവരത്തിന്നും എഴുത്തയക്കാമെന്ന അന്യൊന്യം വാഗ്ദത്തംചെയ്തു പിരികയും ചെയ്തിട്ടുണ്ടായിരുന്നു- ഇങ്ങിനെയുള്ള പലസംഗതികൾ കൊണ്ടും ആണ തന്റെ ഹിതത്തിന്ന എതിരായി മീനാക്ഷി പ്രവൃത്തിക്കയില്ലെന്നുള്ള വിശ്വാസവും ധൈൎയ്യവും കുഞ്ഞിശ്ശങ്കരമെനൊന വന്നിട്ടുള്ളത. എന്നാൽ ഇദ്ദെഹത്തിന്റെ മനൊവിചാരത്തിന്നു കെവലം ഹാനികരമായിട്ട ഇതിന്നിടയിൽ മറെറാരു കാൎയ്യംകൂടെ സംഭവിക്കയുണ്ടായി.

കനകമംഗലം കൊവിലകത്തെ വലിയതമ്പുരാനവർകളുടെ ഭാഗിനെയനും എനിയത്തെ കിരീടാധിപതിയും ആയ ഭാനുവിക്രമൻ എന്ന രാജകുമാരൻ ഒരു ദിവസം അവിടത്തെ വിഷ്ണുക്ഷെത്രത്തിൽ തൊഴാൻ വെണ്ടി എഴുന്നെള്ളീട്ടുണ്ടായിരുന്നു- അന്ന മീനാക്ഷിക്കുട്ടിയുടെ പതിനെഴാമത്തെ ജന്മനക്ഷത്ര ദിവസം ആയിരുന്നതകൊണ്ട അവളും തന്റെ അമ്മയൊടൊന്നിച്ച ആ സമയം തൊഴാൻ ചെന്നിട്ടുണ്ടായിരുന്നു- ആഭിജാത്യം കൊണ്ടും പ്രഭുത്വം കൊണ്ടും പുരുഷൊചിതമായ അനെകം ഗുണാതിരെകം കൊണ്ടും വയൊരൂപങ്ങളിലുള്ള മാധുൎയ്യം കൊണ്ടും ഇവളുടെ ഭൎത്താവായിരിപ്പാൻ അത്യന്തം അനുരൂപനായ ഈ രാജകുമാരൻ നെത്രാനന്ദ പ്രദമായ ഇവളുടെ ലാവണ്യാതിശയവും രമണീയതയും കണ്ടിട്ട ഇവളിൽ അത്യന്തം സാനുരാഗനായി തീൎന്നു- ഒരുമിച്ചുണ്ടായിരുന്ന കാൎയ്യസ്ഥൻ കൃഷ്ണൻകുട്ടിപ്പട്ടരൊട ഇവൾ എതാണെന്നും എവിടെയാണെന്നും മററുമുള്ള എല്ലാ വിവരവും സ്വകാൎയ്യം ചൊദിച്ച മ

നസ്സിലാക്കി- ഇവാം ഗൊപാലമെനൊൻെറ മരുമകളാ ണെന്ന കെട്ടപ്പൊാം തന്നെ ഇദ്ദെഹത്തിൻെറ മനസ്സിൽ ഒരു തണുപ്പു വ്യാപിച്ചു- കാരണം ഗൊപാലമെനൊൻ ഈ രാജകുമാരനുമായിട്ട എത്രയൊ സ്നെഹത്തിലും വിശ്വാസ ത്തിലും ഇരിക്കയാണ ചെയ്യുന്നത- മീനാക്ഷിയുടെ മെൽ തനിക്ക അനുരാഗമുണ്ടെന്നറിഞ്ഞാൽ ഗൊപാലമെനൊ ന അതു വളരെ സന്തൊഷകരമായിരിക്കുമെന്ന ഭാനുവി ക്രമന്ന നല്ല വിശ്വാസമുണ്ട- "ഇവാംക്കാണ വലിയതമ്പു രാൻ തിരുമനസ്സുകൊണ്ട കനകമംഗലം സ്കൂളിൽവെച്ച രണ്ട ഹസ്തകടകം സമ്മാനം കൊടുത്തിട്ടുണ്ടായിരുന്നത" എന്ന കൃഷ്ണക്കുട്ടിപ്പട്ടര പറഞ്ഞപ്പൊാം രാജകുമാരൻെറ മനസ്സി ൽ ഉണ്ടായിരുന്ന അനുരാഗം ഉള്ളിൽ കൊള്ളാതായി- "ഇ വളെ സംബന്ധം വെക്കുന്നതിൽ അമ്മാമനും വലിയ സ ന്തൊഷമായിരിക്കും- എനി യാതൊരു വൈഷമ്യവും ഇ ല്ല" എന്നാതന്നെ ഇദ്ദെഹം തീച്ചപ്പെടുത്തി- ഈ വഴിതന്നെ ഇവളെ കൊവിലകത്തെക്ക കൊണ്ടുപൊയി കളഞ്ഞാലൊ എന്നും കൂടി ഇദ്ദെഹത്തിന്ന മൊഹമുണ്ടായിരുന്നു- എങ്കിലും ധൈൎയ്യം വിട്ട യാതൊന്നും ഇദ്ദെഹം പ്രവൃത്തിച്ചില്ല. ക്ഷെ ത്രപ്രദക്ഷിണം- തീൎത്ഥദക്ഷിണ- മുതലായവ കഴിച്ചു പ്രസാ ദവും വാങ്ങി മീനാക്ഷി തൻെറ അമ്മയൊടൊന്നിച്ച സ്വ ഗൃഹത്തിലെക്ക പൊയതിൽ പിന്നെ സന്തൊഷത്തൊടും അനുരാഗത്തൊടും കൂടി ഭാനുവിക്രമൻ കൊവിലകത്തെ ക്കും എഴുന്നെള്ളി- മീനാക്ഷിയുടെ കെശാദിപാദവും പാദാ ദികെശവും വിചാരിച്ചു വിചാരിച്ചു അന്നെത്തെ രാത്രി മു ഴുവനും സങ്കല്പ സുഖം അനുഭവിച്ചുകൊണ്ടുതന്നെ പുല ൎത്തിക്കളഞ്ഞു- പിറെറന്നാാം രാവിലെ ഇദ്ദെഹം കൊവി ലകം വക ഒന്നാം കാൎയ്യസ്ഥനായ മലവാരത്ത തെയ്യൻ മെനൊനെ ആളയച്ചു വരുത്തി തൻെറ ഈ മനൊവിചാ രം മുഴുവനും അദ്ദെഹത്തൊട പറഞ്ഞു- പരമാൎത്ഥം പറയു

ന്നതായാൽ ഈ കാൎയ്യം തെയ്യൻ മെനൊന്ന അശെഷം ഹി തമല്ലയായിരുന്നു- പുത്തൻ മാളികക്കൽ ഉള്ളവരുടെ പ്ര താപവും ഉയൎന്ന നടവടിയും മറ്റും കണ്ടിട്ട തെയ്യൻ മെ നൊന്ന വളരെ അസൂയയാണുള്ളത- എന്നമാത്രവുമല്ല ത ൻെറ മകളായിട്ട സാമാന്യം നല്ല തെജൊഗുണമുള്ള ഒരുപെ ൺകിടാവുണ്ട- രാജകുമാരനെ വല്ല വിധത്തിലും ആ പെ ണ്ണിന്ന സംബന്ധമാക്കിച്ചാൽ നന്നായിരുന്നു എന്നാണ ഇദ്ദെഹത്തിൻെറ മുഖ്യമായ താല്പൎയ്യം- അതുകൊണ്ട മെൽ പറഞ്ഞ സംഗതി പ്രസ്താവിച്ചപ്പൊൾ ഇദ്ദെഹത്തിൻെറമന സ്സിൽ അസാമാന്യമായ കുണ്ഠിതം ഉണ്ടായി- എങ്കിലും ഇ ദ്ദെഹം അതൊന്നും ഒരുലെശം പുറത്ത കാണിച്ചില്ല- ഈ കാൎയ്യം തനിക്കും വളരെ സന്തൊഷമാണെന്ന തന്നെ ന ടിച്ചു- തെയ്യൻ മെനൊൻ ഈ വിവരം കല്പനപ്രകാരം അന്നതന്നെ വലിയ തമ്പുരാൻ തിരുമനസ്സിൽ ഉണൎത്തി ച്ചു, കാൎയ്യം തെറ്റിച്ചുകളവാൻ പല കൌശലങ്ങളും പ്രയൊ ഗിച്ചു നൊക്കി- തല്ക്കാലം അതൊന്നുകൊണ്ടും യാതൊരു ഫലവും ഉണ്ടായില്ല- "ഉണ്ണിയുടെ മനൊരഥ പ്രാപ്തിക്ക വെണ്ടത്തക്ക എല്ലാ പരിശ്രമവും ഇന്നുതന്നെ തെയ്യൻ ചെയ്യുന്നത നമുക്ക പൂൎണ്ണ സമ്മതവും സന്തൊഷവും ആ ണ" എന്ന വലിയതമ്പുരാൻ വെഗത്തിൽ കല്പന കൊ ടുക്കയാണ ചെയ്തത- തെയ്യൻ മെനൊൻ ഈ വിവരം ചെ റിയ തമ്പുരാനെ അറിയിച്ചു- "എന്നാൽ ഇന്നതന്നെ തെ യ്യൻ പുത്തന്മാളികക്കൽ ചെന്ന ഗൊപാലനെ കണ്ട നമ്മു ടെ മനൊഹിതം അവനൊട പറഞ്ഞു അവൻെറയും മീനാ ക്ഷിയുടെയും അന്തൎഗ്ഗതം ഇന്നതാണെന്ന സൂക്ഷ്മമായറി ഞ്ഞ നാളത്തന്നെ നമ്മുടെ മുമ്പാകെ വന്നു വിവരം അറി യിക്കണം" എന്ന രാജകുമാരനും ഇദ്ദെഹത്തൊട കല്പിച്ചു. തെയ്യൻമെനൊൻതൻെറ മനഃകുണ്ഠിതത്തെ മറച്ചുവെച്ചും കൊണ്ട മുഖപ്രസാദത്തൊടു കൂടി പുത്തൻ മാളികക്കലെ

ക്ക പതുക്കെ പുറപ്പെട്ടു- പൊകുന്ന വഴിക്കു തന്റെ മനസ്സുകൊണ്ടു വിചാരിക്കയായി.

“പുത്തൻമാളികക്കൽ ഉള്ളവരുടെ ഭാഗ്യത്തിന്നു യാതൊന്നും എതിരില്ല- ഉണ്ണിത്തമ്പുരാൻ ആലൊചിച്ചു വരുന്ന ഈ സംബന്ധം കൂടി നടക്കുന്നതായാൽ പിന്നെത്തെ അവസ്ഥ പറയെണ്ടതെയില്ല- തിരുമനസ്സിൽ ഇങ്ങിനെയൊരു വിചാരം ഉണ്ടായത ആ പെണ്ണിന്റെ വലിയ സുകൃതം തന്നെ! എല്ലാഗുണവും തികഞ്ഞിട്ട ഇങ്ങിനെ ഒരു യൊഗ്യനെ കാണില്ല- രൂപസൌന്ദൎയ്യം കണ്ടാൽ കാമദെവനും കൂടി നാണിച്ചു തലതാഴ്ത്തിപൊകും- പ്രായംനൊക്കുക! ഇരുവത്തഞ്ചു ഇരുവത്താറ വയസ്സെ ആയിട്ടുള്ളു- നാളെത്തെ മഹാരാജാവ! ബുദ്ധിശക്തിയും കാൎയ്യപ്രാപ്തിയും വിചാരിച്ചാൽ ഈ മലയാളരാജ്യം മുഴുവനും ഒന്നായിട്ട രക്ഷിക്കാൻമതി- ധനത്തിന്റെ വലിപ്പമൊ പറയണ്ട. അമ്പതിനായിരം ഈ നിമിഷനെരംകൊണ്ടു വെണമെന്ന വിചാരിച്ചാൽ അദ്ദെഹത്തിന്റെ ഒരു താക്കൊലൊട ചൊദിച്ചാൽ മതി- പുത്തൻമാളികക്കൽ ഇപ്പൊൾ ഓടിട്ടിട്ടെ ഉള്ളു- രണ്ടു കൊല്ലം കഴിഞ്ഞാൽ മുഴുവനും ചെമ്പടിച്ചുകാണാം- ഗൊപാലമെനൊന്റെ അന്തൎഗ്ഗതം അറിഞ്ഞു ചെല്ലെണമെന്നു പ്രത്യെകം കല്പിച്ചിരിക്കുന്നു- എന്താണ അറിയാനുള്ളത? ചൊദിക്കെണ്ടുന്ന താമസമെയുള്ളു- തിരുമുമ്പാകെ കൊണ്ടു ചെന്നു കാഴ്ചവെപ്പാനും കൂടി ഒരുക്കമുണ്ടാകും- ഗൊപാലമെനൊന ഒന്നുകൊണ്ടും മടിക്കാൻ തരമില്ല- പണ്ടാരം വകഭൂമികൊണ്ടാണ ഇപ്പൊൾ തന്നെ ഈ കളിയെല്ലാം കളിക്കുന്നത- പന്തീരായിരം പറ പാട്ടത്തിന്റെ ഉഭയമാണ ചാൎത്തിന്റെ കാലംകഴിഞ്ഞു കിടക്കുന്നത- അതപൊയാൽ കാണാം കളി- നികുതിയും മിച്ചാരവും കഴിച്ചു ഇപ്പൊൾ കാലത്താൽ പതിനയ്യായിരം പറനെല്ലു കൊവിലകം ഭൂമിയിൽനിന്നു പാട്ടം കിട്ടിവരുന്നുണ്ടു. ചില്ലറയൊന്നും അല്ല-എ

നി ജന്മമായിട്ട തന്നെ അടക്കാം- ഈ സംബന്ധം നട ന്നാൽ ആരാണെന്നി പാട്ടം ചൊദിക്കാൻ പൊണത? ഭാ ഗ്യവാന്മാൎക്ക എവിടെയും ഭാഗ്യം തന്നെ".

തെയ്യൻ മെനൊൻ ഇങ്ങിനെ പലതും വിചാരിച്ച മീ നാക്ഷിയുടെ ഭാഗ്യത്തെപ്പററി പ്രശംസിച്ചും കൊണ്ട പൂ ത്തൻ മാളികക്കൽ എത്തി- ഗൊപാലമെനൊൻ ആ സ മയം പടിഞ്ഞാറെ പൂമുഖത്തിരുന്ന കരുണാകരൻ നമ്പ്യാ രുമായി ചതുരംഗം വെക്കയായിരുന്നു- കളി കഴിഞ്ഞതിൽ പിന്നെ സാവകാശത്തിൽ കണ്ട സംസാരിക്കാമെന്ന നി ശ്ചയിച്ച തെയ്യൻ മെനൊൻ വന്നപാട കിഴക്കെ പൂമുഖ ത്തുണ്ടായിരുന്ന കൊച്ചു കട്ടിലിന്മെൽ ചെന്നു കുത്തിരുന്ന ഗൊവിന്ദനുമായി ഓരൊന്നു സംസാരിച്ചുകൊണ്ടിരിക്കെ ക ളിയും സമൎപ്പിച്ച ഗൊപാലമെനൊനും കരുണാകരൻ ന മ്പ്യാരും കൂടി പൂമുഖത്തെക്ക വന്നു- യഥായൊഗ്യം ആദ രിച്ച കുശലം ചൊദിച്ച കുറെ നെരം ഓരൊന്നു സംസാരി ച്ചതിൽ പിന്നെ വന്നകാൎയ്യത്തെപ്പററി അന്വെഷിച്ചു- "സ്വ കാൎയ്യം ഒരു സംഗതിയെ കുറിച്ച ആലൊചിപ്പാനുണ്ട്" എ ന്നു പറഞ്ഞ തെയ്യൻ മെനൊൻ അവിടെ നിന്ന എഴുനീ ററ ഗൊപാലമെനൊനൊടും നമ്പ്യാരൊടും ഒരുമിച്ച മുക ളിലെക്ക പൊയി-മൂന്നുപെരും ഇരുന്നുകഴിഞ്ഞതിന്റെശെ ഷം തെയ്യൻ മെനൊൻ ചിരിച്ചുംകൊണ്ട പറഞ്ഞു.

തെയ്യൻമെനൊൻ—ചെറിയ തമ്പുരാൻ തിരുമനസ്സിലെ കല്പനപ്രകാരം ഒരു കാൎയ്യംകൊണ്ട അന്വെഷിപ്പാ നാണ ഞാൻ വന്നിട്ടുള്ളത.

ഗൊ-മെ—എന്താണെന്നറിഞ്ഞില്ല- പൊളിച്ചെഴുത്തിന്റെ സംഗതികൊണ്ട പറവാനായിരിക്കാം- എപ്പൊഴാ ണ അവസരം എന്നുവെച്ചാൽ ഞാൻ ഒരുക്കമൊണ.

തെയ്യൻമെനൊൻ—ഇപ്പൊൾ ആ സംഗതിക്ക വെണ്ടി യല്ല ഞാൻ വന്നത-മീനാക്ഷിയുടെ സംബന്ധ കാൎയ്യ

ത്തെപ്പറ്റി ആലൊചിപ്പാൻ മാത്രമാണ- വലിയ ത
മ്പുരാൻ തിരുമനസ്സിലെക്കം ഈ കാൎയ്യം വളരെ താ
ല്പൎയ്യമാണ- ഇത ഉടനെ നിവൃത്തിക്കെണമെന്നാണ
അവിടുന്നും അരുളിച്ചെയ്യിട്ടുള്ളത.

ഗൊ-മെ—വിരൊധം യാതൊന്നും ഇല്ല- അവളുടെ അച്ഛ
നൊടും അപ്പയൊടും ഒന്ന അന്വെഷിച്ചിട്ട വെണ്ട
പൊലെ ചെയ്യാം.

ക-ന—അവളുടെ മനസ്സും എന്താണെന്ന അന്വെഷിച്ച
റിയണം- ആലൊചിച്ച കാൎയ്യം എല്ലാംകൊണ്ടും വ
ളരെ യുക്തം തന്നെ- എന്നാലും വെണം അവളൊ
ടൊന്നന്വെഷിക്കുക.

തെ-മെ—അത തിരുമനസ്സുകൊണ്ടും കല്പിച്ചിരിക്കുന്നു.

ഗൊ-മെ—എന്നാൽ വെണ്ടപ്പെട്ടവരൊടെല്ലാം അന്വെ
ഷിച്ചു ഒരാഴ്ചക്കുള്ളിൽ ഞാൻ വിവരം അറിയിക്കാം.

തെ-മെ—ഞാൻ എന്താണ തിരുമുമ്പാകെ ചെന്നു കെൾ
പ്പിക്കെണ്ടത.

ഗൊ-മെ—അത ഞാൻ പറയെണ്ടതില്ലെല്ലൊ- ഞങ്ങൾ
ക്ക എല്ലാവൎക്കും വളരെ സന്തൊഷമാണ- വല്ലതും
ഒരു പത്തിരുപത ദിവസത്തെ ഇടകൂടി വെണ്ടിവരും.

തെ-മെ—എന്നാൽ ഞാൻ ഇപ്പൊൾ പൊട്ടെ- ഈ വിവരം
അവിടെ കെൾപ്പിക്കാം. തഹസീൽദാൎക്കും മററും നാ
ളത്തന്നെ എഴുത്തയക്കുമല്ലൊ- ഒരു എഴുത്ത ഞാ
നും അയച്ചുകളയാം.

ഗൊ-മെ—പെരുത്തു നല്ലത- മറുപടി വന്നതിൽ പിന്നെ
നമുക്ക വെണ്ടപൊലെ ചെയ്യാം.

അങ്ങിനെ തന്നെ യാവാമെന്ന നിശ്ചയിച്ച തെയ്യൻ
മെനൊൻ യാത്രയും പറഞ്ഞു മുകളിൽ നിന്ന ഇറങ്ങി ആ
വഴിതന്നെ ചെറിയ തമ്പുരാനെ ചെന്നുകണ്ട വൎത്തമാനം
മുഴുവനും അറിയിച്ച അദ്ദെഹത്തിന്റെ ഭവനത്തിലെക്ക

പൊായി. ഗൊപാലമെനൊൻ പിററന്നാാം രാവിലെ രണ്ട കത്തെഴുതി ഒന്ന കുഞ്ഞികൃഷ്ണ മെനൊനും മററെത അച്യുത മെനൊനും അയച്ചു- മീനാക്ഷിയൊട അന്വെഷിപ്പാൻ വെണ്ടി തന്റെ കനീയസിയായ പാറുക്കുട്ടിയെയും എല്പിച്ച മറുവടി വരുന്നതും കാത്തുകൊണ്ടിരുന്നു.

## പതിനെട്ടാം അദ്ധ്യായം.

### നമ്പൂരിമാരുടെ കഠിന പ്രവൃത്തികളും കുണ്ടുണ്ണിമെനൊന്റെ കഷ്ടകാലവും.

പുരുഷഛതൻ നമ്പൂരിപ്പാട പുത്തൻ മാളികക്കൽ നിന്നു ഇഛാഭംഗത്തൊടുകൂടെ കൊപാന്ധനായി ഇറങ്ങിപ്പൊകുന്നസമയം വഴിയിൽവെച്ചു കുബെരൻനമ്പൂരിപ്പാട്ടുമായി പലതും ആലൊചിച്ചിട്ടുണ്ടായിരുന്നു എങ്കിലും അതകൊണ്ടൊന്നും തന്റെ മനസ്സിന്ന ഒരു ലെശം സ്വസ്ഥതയൊ തൃപ്തിയൊ ഉണ്ടായില്ല- ആലൊചിക്കുംതൊറും അനെകം മുടക്കങ്ങളും പ്രയാസങ്ങളും കാണുന്നതകൊണ്ടു ഇദ്ദെഹത്തിന്ന ആകപ്പാടെ പരിഭ്രമമായി- അന്നെത്തെ രാത്രി മുഴുവനും കാൎയ്യാലൊചനയിൽതന്നെ കഴിച്ചുകൂട്ടി- ഒടുവിൽ ഒരുവിധമെല്ലാം നിശ്ചയിച്ചുറച്ചു- നെരം പുലൎന്നു ഉടനെ പതിവ പ്രകാരം കുളിയും തെവാരവും നിൎവ്വഹിച്ചു ഉണ്ണും കഴിച്ചു തന്റെ സ്നെഹിതനെ കാണ്മാൻവെണ്ടി കന്മന മനക്കലെക്ക പൊയി- കുബെരൻനമ്പൂരി ആ സമയം ഇദ്ദെഹം വരുന്നതുംനൊക്കിക്കൊണ്ടു കുളപ്പുരമാളികയുടെ മുകളിൽ ഇരിക്കയായിരുന്നു- രണ്ടുപെരും ഉടനെ ഒന്നിച്ചു ചെൎന്നു അന്ന്യൊന്ന്യം കുശലം ചൊദിച്ചു ഒടുവിൽ തങ്ങടാം ആലൊചിച്ചുവെച്ചിട്ടുണ്ടായിരുന്ന കാൎയ്യത്തെ പറ്റി വീണ്ടും സംസാരിപ്പാൻ തുടങ്ങി.

പുരുഷഛതൻ നമ്പൂരി—നമ്മുടെ ശത്രുപക്ഷക്കാരനായ കിട്ടുണ്ണിയെ നൊം വിശ്വസിക്കുന്നതായാൽ നമ്മെ ആ വികടൻ കിണ്ടം പിണക്കാതിരിക്കില്ല- അതിനെപ്പറ്റി ഇന്നലെ നൊം അത്രയൊന്നും ആലൊചിക്കയു

ണ്ടായില്ല- അപകടമെല്ലാം നൊക്ക പിന്നെയാണ മ നസ്സിലായത.

കുബെരൻ നമ്പൂരി—എന്നാൽ ആ ദുഷ്ടക്കാരൻ പൊ യ്ക്കൊട്ടെ- നൊക്ക സൈ്വരക്കെടിനൊന്നും കഴിയില്ല- കരുവാഴ ഒടുവിൽ എന്താണ നിശ്ചയിച്ചത.

പൂ-ന—കന്മനയുടെ ആഗ്രഹം സാധിക്കെണമെങ്കിൽ മു മ്പിനാൽ ഗൊപാലന്റെ അധികപ്രസംഗം വെരറു ത്തു കളയണം- അതിന നൊം ചിലതെല്ലാം മന സ്സുകൊണ്ട നിശ്ചയിച്ചിട്ടും ഉണ്ട- ഗൊപാലൻ ജീവ നൊടെ ഇരിക്കുന്ന കാലത്ത കന്മനക്ക ആ പെണ്ണി നെ ഒരിക്കലും കിട്ടില്ല- അതുകൊണ്ട കുറെ ദിവസ ത്തെക്ക നൊം ഇവിടെ ഉണ്ടായിരിക്കില്ല.

കു-ന—കരുവാഴയുടെ വാശി വല്ലാത്ത വാശിതന്നെ- ഇ ത്രയെല്ലാം ബുദ്ധിമുട്ടാൻ നിശ്ചയിച്ചിട്ടുണ്ടൊ? നൊം ആണെങ്കിൽ ഇതിൽ ഒരു ശതാംശംപൊലും ഉത്സാ ഹിക്കില്ല.

പൂ-ന—സാധാരണ കാൎയ്യമാണെങ്കിൽ "പൊയ്ക്കൊട്ടെ" എ ന്നു വെക്കാമായിരുന്നു- ഇതിൽ അത പാടില്ല- നമ്മു ടെ മുഖത്തനൊക്കി നമ്പൂരാരെ കൂട്ടത്തൊടെ അവ മാനിച്ചു ആ അധികപ്രസംഗി പറഞ്ഞിട്ടുള്ളത എത്ര വലിയ ധിക്കാരമാണ! ജാത്യാചാരവും മൎയ്യാദയും വി ട്ട എന്തെങ്കിലും തൊന്ന്യാസം പറഞ്ഞാൽ അത എ ങ്ങിനെയാണ സഹിക്കുന്നത? നമ്മുടെ മനസ്സിൽ ക ത്തി ജ്വലിക്കുന്ന കൊപാഗ്നിക്ക ആ മുഠാളനെ ഹവി സ്സാക്കി വെക്കാതിരുന്നാൽ അത നമ്മുടെ ഈ ദെഹ ത്തെ തന്നെ ദഹിപ്പിച്ചു കളയും.

കു-ന—നമ്പൂരാരുടെ ചൊല്ലും കല്പനയും കെട്ട ഇതുവരെ നടന്നുവന്നിട്ടുള്ള ഈ ശൂദ്രക്ക ഇയ്യിടയിൽ അധിക പ്രസംഗം വല്ലാതെ മൂത്തുതുടങ്ങിയിരിക്കുന്നു- നമ്പൂ

രാരെന്ന പറഞ്ഞാൽ അവരെക്ക വലിയ പുച്ഛമായി ട്ടാണ കണ്ടുവരുന്നത- ഞാം അവറയുടെ കളിക്കുട്ടി കളെന്നാണ വിചാരം.

പൂ-ന—ആ ധൂൎത്തന്റെ മുഖത്ത രണ്ട കൊട്ടത്താലൊ എന്നുംകൂടി ആ സമയം ഞാം ആലൊചിക്കയുണ്ടായി- ദൈവാധീനംകൊണ്ട നമുക്ക അതിന്ന മനസ്സുവന്നില്ല- പക്ഷെ ആ രാക്ഷസൻ തൽക്ഷണം നമ്മുടെ കഥകഴിക്കുമായിരുന്നു- കന്മന ആ സമയം അവന്റെ കണ്ണു കണ്ടിട്ടുണ്ടായിരുന്നു എങ്കിൽ നിശ്ചയമായിട്ടും പെടിച്ചു പൊകുമായിരുന്നു- നമുക്കും സാമാന്യത്തിലധികം പെടിയുണ്ടായി- അതകൊണ്ടാണ ഞാം വെഗം ഇറങ്ങിക്കളഞ്ഞത?.

ക- ന—എന്തുചെയ്യും? കലിയുഗമല്ലെ കാലം? ഇപ്പൊഴത്തെ രാജാവിന്ന നമ്പൂരിയും ചണ്ഡാലനും രണ്ടും സമമാണ- വാഴ്വും ആസനവും ഒരുപൊലെയാണെന്ന വിചാരിച്ചുവരുന്ന കാലത്ത ഇതെല്ലാം അനുഭവിക്കയല്ലാതെ നിവൃത്തിയില്ല- തൊപ്പിക്കാർ ഈ രാജ്യം പിടിച്ചടക്കിയതിനൊട്ട കൂടിത്തന്നെ നമ്പൂരാരുടെ വലിപ്പവും വീൎയ്യവും ഭദ്രംവെച്ചു പൊയിരിക്കുന്നു.

പൂ-ന—കന്മന പറഞ്ഞത ശരിയാണ- പണ്ടെത്തെ കാലത്തായിരുന്നു ഗൊപാലൻ ഇത പറഞ്ഞതെങ്കിൽ അവന്റെ നാവറുത്തു നായ്ക്കുംക്കിട്ട കൊട്ടുകുമായിരുന്നു- ബ്രാഹ്മണനിന്ദ ചെയ്യുന്ന ശൂദ്രന്നു മനുസ്മൃതിയിൽ വിധിച്ചിട്ടുള്ള ശിക്ഷ നൊക്കണ്ടെ? എത്രവിശെഷമാണ! കന്മന മനുസ്മൃതി എട്ടാംഅദ്ധ്യായം നൊക്കീട്ടില്ലെന്നുണ്ടൊ?.

ക-ന—ഒന്നുമുതൽ ഏഴകഴിഞ്ഞിട്ടല്ലെ എട്ട? മനുസ്മൃതി_മനുസ്മൃതി എന്നൊരു ശബ്ദം കെട്ടതല്ലാതെ അത കറുത്തിട്ടൊ വെളുത്തിട്ടൊ എന്നുംകൂടി നൊക്ക നിശ്ചയമില്ല.

പു- ന—നല്ലശിക്ഷ! കന്മന ഇത്ര മൊശക്കാരനാണില്ലെ?. കന്മനക്ക സ്മൃതിയും മററും ശീലമുണ്ടെന്നാണ നൊം ഇതവരെ ധരിച്ചിട്ടുണ്ടായിരുന്നത- ഇപ്പൊളാണ കന്മനയുടെ ചെമ്പു പുറത്തായത- ഇരിക്കട്ടെ- കന്മന കെട്ടൊള്ള- നൊം ചൊല്ലാം.

"ഏകജാതിർദ്വിജാതിസ്തു വാചാ ദാരുണയാക്ഷിപൻ
ജിഹ്വായാഃ പ്രാപ്നുയാച്ഛെദം ജഘന്യപ്രഭവൊഹിസഃ
നാമജാതിഗ്രഹം തെഷാ മഭിദ്രൊഹെണ കുർവ്വതഃ
നിക്ഷെപ്യൊയൊമയശ്ശങ്കു ജ്ജ്വലന്നാസ്യെദശാംഗുലഃ
ധൎമ്മൊപദെശം ദൎപ്പെണ വിപ്രാണാ മസ്യകുർവ്വതഃ
തപ്തമാസെചയെത്തൈലം വക്ത്രെശ്രൊത്രെച പാ
ൎത്ഥിവഃ".

കു- ന—നൊക്ക ഇതകെട്ടതും കൊക്കാത്തതും രണ്ടും ഒരു പൊലെയിരിക്കുന്നു- ഒരു ജലപാനം മനസ്സിലായില്ല- വിൽപത്തിയുടെ കാൎയ്യം നൊക്ക കുറെ പരഞ്ഞലാണ.

പു- ന—വിൽപത്തിയുടെ കാൎയ്യത്തിൽ മാത്രമല്ല, എല്ലാ കാൎയ്യത്തിലും കന്മനക്ക പരഞ്ഞൽതന്നെ- എന്നാൽ ഇതിൻെറ താല്പൎയ്യം നൊം പറയാം- കന്മനകെട്ടൊള്ള. "ദ്വിജന്മാരെ ദാരുണമായി അവമാനിച്ചു പറയുന്ന ശൂദ്രൻെറ നാവ ചെത്തിക്കളയണം- കാരണം- അവൻ നീചാംശമായ പാദത്തിങ്കൽനിന്നു ജനിച്ചവനാണ- ദ്വിജന്മാരുടെ പെരൊ ജാതിയൊ ചൊല്ലി നിന്ദാസൂചകമായി വിളിക്കുന്ന ശൂദ്രൻെറ വായിൽ പത്തുവിരൽ നീളമുള്ള ഒരു ഇരിമ്പുകൊൽ തിയ്യിലിട്ട പഴുപ്പിച്ചപ്രവെശിപ്പിക്കണം-ദൎപ്പത്തൊടുകൂടി ബ്രാഹ്മണൎക്ക ധൎമ്മം ഉപദെശിക്കുന്ന ശൂദ്രൻെറ വായിലും ചെവിയിലും എണ്ണതിളപ്പിച്ചു പകരണം" ഇതെല്ലാമാണ സ്മൃതിയിൽ വിധിക്കപ്പെട്ട ശിക്ഷ.

കു-ന—ഇതെല്ലാം ഇക്കാലത്തായിരുന്നു വെണ്ടത- പക്ഷെ

നൊക്ക എത്ര സുഖമായിരുന്നു! ഗൊപാലന നമ്മൊ
ട മിണ്ടാനുറക്കില്ലയായിരുന്നു.

പു-ന—ആ നല്ല കാലമെല്ലാം നമുക്ക കഴിഞ്ഞുപൊയി- അതിനെപ്പററി എനി വിഷാദിച്ചിട്ടും ഫലമില്ല- നൊം ൟ കാൎയ്യത്തിൽ കഴിയുന്നത്ര ഉത്സാഹിക്കണം- അല്ലാഞ്ഞാൽ നമുക്ക വലിയ കുറവാണ.

പുരുഷൊത്തമൻനമ്പൂരി ഇങ്ങിനെ പലതും പറഞ്ഞു തന്റെ സ്നെഹിതനെ വിശ്വസിപ്പിച്ച ഒടുവിൽ യാത്രയും പറഞ്ഞു കരുവാഴ മനക്കലെക്ക പൊയി- വല്ലെടത്തു പൊയി വരെണ്ടുന്ന ഒരു കാൎയ്യമുണ്ടെന്ന പറഞ്ഞു പിറെറന്നാൾ രാവിലെ തന്നെ എകാകിയായി അവിടെനിന്ന പുറപ്പെട്ട കൊച്ചി രാജ്യത്തിൽ പല പ്രദെശങ്ങളിലും പൊയി ഒന്നും രണ്ടും താമസിച്ച ഒടുവിൽ തൃപ്പൂണിത്തുറയിൽ എത്തി തന്റെ മനൊഹിതം സാധിപ്പിക്കുവാൻവെണ്ടി പ്രയത്നം ചെയ്തു-കുബെരൻനമ്പൂരിയും ൟ അവസരത്തിൽ സ്വസ്ഥനായിരുന്നില്ല- അദ്ദെഹം കനകമംഗലത്തും അതിന്റെ ചുററും പാൎത്തുവരുന്ന ജ്യൊതിഷക്കാരെ യഥായൊഗ്യം കൈക്കൂലി കൊടുത്ത സ്വാധീനത്തിൽ വെച്ചു- "പുത്തൻമാളികക്കലെക്കവെണ്ടി വല്ല രാശിയും വെക്കെണ്ടി വന്നാൽ ഒരു സ്ത്രീ കാരണമായിട്ട രണ്ട മഹാ ബ്രാഹ്മണരുടെ കൊപം ഉണ്ടായിട്ടുണ്ടെന്നും അവരെ പ്രസാദിപ്പിക്കാത്ത പക്ഷം അനെകം അത്യാപത്തുകൾ നെരിട്ട കുഡുംബം നശിച്ച തറവാട മുടിഞ്ഞുപൊകുമെന്നും പറയെണ" മെന്നെല്പിച്ച വെണ്ടത്തക്ക ചട്ടം കെട്ടി തന്റെ സ്നെഹിതൻ മടങ്ങി വരുന്നതും കാത്തുകൊണ്ടിരുന്നു. അങ്ങിനെയിരിക്കെ കൃതാൎത്ഥനായിട്ട പുരുഷൊത്തൻ നമ്പൂരിയും മടങ്ങി എത്തി- അദ്ദെഹത്തിന്റെ ഒരുമിച്ച കെശവൻ എന്നൊരു ചെറുപ്പക്കാരനും ഉണ്ടായിരുന്നു- അവൻ അത്യന്തം സമൎത്ഥനും ദുരുപായിയും ആയതകൊണ്ട പുരുഷൊത്തൻ നമ്പൂരിയുടെ ഉപദെശപ്രകാ

രം കൊച്ചിശ്ശീമക്കാരനാണെന്ന പറഞ്ഞുംകൊണ്ട പിററ ന്നാൾ രാവിലെതന്നെ പുത്തൻമാളികക്കൽ ചെന്ന ഗൊ പാലമെനൊനെ കണ്ടു അദ്ദെഹത്തിൻെറ ഭൃത്യനായിട്ട താമസിച്ചു- അവിടെയുള്ള എല്ലാ ജനങ്ങൾക്കും ഇൗ ആ ഷാഢഭൂതിയുടെ മെൽ ദിവസംപ്രതി വിശ്വാസവും സ്നെ ഹവും ജനിച്ചു- കാലക്രമെണ ഇവൻ തൻെറ ദുൎന്നീതി സാ മൎത്ഥ്യംകൊണ്ട ഗൊപാലമെനൊൻെറ വിശ്വസ്തന്മാരായ ഭൃത്യരിൽ ഒരുവനായി തീൎന്നു- അവിടെയുള്ള എല്ലാ ഉള്ളുക ള്ളികളും സൂക്ഷിച്ചു മനസ്സിലാക്കി കൂടക്കൂടെ പുരുഹൂതൻ നമ്പൂരിയെ ഗ്രഢമായിഗ്രഹിപ്പിച്ചു. മീനാക്ഷിയെ കട്ടുകൊ ണ്ടുപൊവാനും ഗൊപാലമെനൊനെ ചതിപ്പാനും വഴിക ൾ ആലൊചിച്ചു തക്കംനൊക്കിക്കൊണ്ട കെശവൻ ഇങ്ങി നെ ആറുമാസം പാൎത്തു- ഇതിനിടയിൽ രണ്ടുമൂന്ന പ്രാവ ശ്യം ഇവൻ ഗൊപാലമെനൊന വിഷം കൊടുപ്പാൻ ശ്ര മിച്ചുനൊക്കീട്ടുണ്ടായിരുന്നു- എന്നാൽ അദ്ദെഹത്തിൻെറ ഭാഗ്യാധിക്യംകൊണ്ട അത ഒരിക്കലും സാധിച്ചില്ല- അന്ന പാനാദികളിൽ അദ്ദെഹം അസാധാരണമായി കാണിച്ചു വരുന്ന അതിസൂക്ഷ്മംകൊണ്ടും കെശവന്ന അടുക്കളയിൽ കടന്ന യാതൊന്നും പ്രവൃത്തിപ്പാൻ അഹതയില്ലാഞ്ഞത കൊണ്ടും ഭക്ഷണത്തിൽ വിഷം കൊടുപ്പാൻ സാധിക്കുന്നെ തല്ലെന്നു ഇവൻ പുരുഹൂതൻനമ്പൂരിയെ അറിയിച്ചു- മീനാ ക്ഷിയെ വശീകരിച്ചു കൊണ്ടുപൊകുവാൻ വെണ്ടി പുരുഹൂത ൻനമ്പൂരി കൊടുത്തയച്ചിട്ടുണ്ടായിരുന്ന പല മാതിരി ചൂ ൎണ്ണങ്ങളും യന്ത്രങ്ങളും സകലവും പ്രയൊഗിച്ചു നൊക്കീട്ടും ഒരു ഫലവും ഉണ്ടായില്ല- ആകപ്പാടെ ഇവന്നു മനസ്സു മ ടുത്തു- എങ്കിലും നമ്പൂരിപ്പാട വാഗ്ദത്തം ചെയ്തിട്ടുള്ള പ്രതി ഫലം മൊഹിച്ചു ഇവൻ പിന്നെയും വഴികൾ ആലൊചി ക്കയായി.

ഗൊപാലമെനൊൻ രാത്രിയിൽ ഉൗണു കഴിച്ചു അറയി

ലെക്കു പൊയാൽ കുറെശ്ശ മുന്തിരിങ്ങാപ്പഴം പതിവായി ഭക്ഷിച്ചു വരാറുള്ളതകൊണ്ട കട്ടിലിന്റെ ചുവട്ടിൽ ഒരു പിഞ്ഞാണഭരണിയിൽ മുന്തിരിങ്ങ സൂക്ഷിച്ചിട്ടുള്ളതും താൻതന്നെ ആ ഭരണിയിൽ കയ്യിട്ട മുന്തിരിങ്ങ എടുത്ത ഭക്ഷിക്കുന്നതും കെശവൻ സൂക്ഷിച്ച കണ്ട മനസ്സിലാക്കി- ആ വിവരം ഗൂഢമായിട്ട ഒരു നാൾ പുരുഷൊത്തൻ നമ്പൂരിയെ അറിയിച്ചു- താൻ വിചാരിച്ചു വരുന്ന കാൎയ്യം എളുപ്പത്തിൽ സാധിക്കുവാൻവെണ്ടി അദ്ദെഹം ഒരു കുറവനെ സ്വാധീനത്തിൽ വെച്ചു എവിടുന്നൊ ഒരു കൃഷ്ണസൎപ്പത്തെ പിടിപ്പിച്ചു- അതിൽപിന്നെ അതിനെ ഒരു പളുങ്കു കുപ്പിയിലാക്കി അടച്ചു ഒരുനാൾ രാത്രി പതുക്കെ അതിനെക്കൊണ്ടന്നു ആരും കാണാതെ കെശവന്റെ കയ്യിൽ കൊടുത്തെല്പിച്ചു-അവൻ അതിനെ അന്നെത്തെ രാത്രി തന്റെ പെട്ടിയിൽവെച്ചു സൂക്ഷിച്ചു പിറെന്നാൾ രാവിലെ ഗൊപാലമെനൊൻ എഴുനീററ പുറത്തെക്കു പൊയ തരം നൊക്കി കെശവൻ തന്റെ പെട്ടി തുറന്നു പാമ്പിനെ എടുത്ത നിശ്ശബ്ദം മുകളിലെക്കു കയറി മെല്ലെ അറയിൽ കടന്നു മുന്തിരിങ്ങ എകദെശം ഒഴിഞ്ഞുതുടങ്ങീട്ടുണ്ടായിരുന്ന ഭരണിയുടെ മൂടിയെടുത്ത കുപ്പിയിൽനിന്ന പാമ്പിനെ ഒരു വിധെന അതിലാക്കിഅടച്ചു മുമ്പെത്തെ ദിക്കിൽതന്നെ എടുത്തുവെച്ചു ഒന്നും അറിയാത്ത ഭാവത്തിൽ തന്റെ പ്രവൃത്തിക്കു നെരെ പൊയി. ഗൊപാലമെനൊന്റെ കാൎയ്യം അന്നെത്തെ രാത്രികൊണ്ട തന്നെ കലാശിച്ചു പൊകുമെന്നും നമ്പൂരിപ്പാട കൊടുക്കാമെന്ന നിശ്ചയിച്ച നൂറുറുപ്പികയും വാങ്ങി പിറെന്നാൾ തന്നെ സ്വരാജ്യത്തിലെക്കു പൊയ്ക്കളയാമെന്നും കെശവൻ മനൊരാജ്യം വിചാരിച്ചു സന്തൊഷിച്ചുകൊണ്ടിരുന്നു- ഇവൻ ഇത്ര വഞ്ചകനും കഠിനനുമാണെന്ന നമ്മുടെ ഗൊപാലമെനൊൻ സ്വപ്നെപി ധരിച്ചിട്ടുണ്ടായിരുന്നില്ല.

അദ്ദെഹം അന്ന രാത്രി ഊണും കഴിച്ചു പതിവുപ്രകാരം

കിഴക്കെ പൂമുഖത്തിരുന്നു ഒരിക്കൽ മുറുക്കി മുകളിലെക്ക പൊവാൻ ഭാവിച്ചുകൊണ്ടിരിക്കെ ഗൊവിന്ദൻ പൂമുഖത്തെക്ക കടന്നു ചെന്നു- തങ്ങളിൽ അവർ എന്തൊ സംസാരിക്കുന്ന മദ്ധ്യെ ഗൊപാലമെനൊൻ ഇരുന്നതിന്റെ നെരെ തെക്കു വശത്തു നിന്നു അത്യുച്ചത്തിൽ ഒരു ഗെവുളി ശബ്ദിച്ചു തുടങ്ങി- ഗൊവിന്ദൻ ഉടനെ നിമിത്തഫലം സൂക്ഷിച്ചു അല്പം കുണ്ഠിതത്തൊടെ തന്റെ യജമാനനൊട പറഞ്ഞു- "ഇന്നത്തെ രാത്രിയിൽ അത്യന്തം കഠിനമായ ഒരു അത്യാപത്ത സംഭവിപ്പാൻ പൊകുന്നു എന്നു ഈ ഗെവുളി വിളിച്ചു പറകയാണ ചെയ്യുന്നത" ഗൊപാലമെനൊൻ ഇതകെട്ട ഗൊവിന്ദനെ കുറെ പരിഹസിച്ചു "ഈ വകയിലുള്ള വിശ്വാസം ഗൊവിന്ദന ഇനിയും തീൎന്നിട്ടില്ലെ? ഗെവുളി ശബ്ദിക്കുന്നതിന്നും, കാക്ക കരയുന്നതിന്നും, കൂമൻ മൂളുന്നതിന്നും, മററും അൎത്ഥമുണ്ടെന്നു പഴയപെണ്ണുങ്ങളെപ്പൊലെ വിഢ്ഢിത്വം പറയുന്ന നിന്നൊട എന്താണ ഞാൻ ഉത്തരം പറയെണ്ടത? വിശെഷബുദ്ധിയില്ലാത്ത ഈ ജന്തുക്കൾക്കു ദീൎഘദൎശിത്വം ഉണ്ടെന്നു വൃഥാ അന്ധാളിച്ചു പല ദൊഷത്വവും പ്രവൃത്തിച്ചു വരുന്ന ബുദ്ധിഹീനന്മാരുടെ കൂട്ടത്തിൽ നിയ്യും ചെൎന്നിട്ടുള്ളത വിചാരിക്കുമ്പൊൾ എനിക്ക വല്ലാതെ ചിരി വരുന്നു" ഗൊപാലമെനൊൻ ഇങ്ങിനെ പറഞ്ഞു ഗൊവിന്ദനെ പരിഹസിക്കുന്ന മദ്ധ്യെ രണ്ടു വൈരാഗികൾ കയറി വന്നു- കെട്ടും ഭാണ്ഡവും കൊലായിൽ ഇറക്കിവെച്ചു അവർ തങ്ങളുടെ കയ്യ്വശമുള്ള പുലിത്തൊലെടുത്ത നിലത്തിട്ട അതിൽ ഇരുന്നു- രണ്ടുപെരും ഇരുന്നു കഴിഞ്ഞ ഉടനെ അവരിൽ ഒരാൾ വല്ലാത്ത പരിഭ്രമത്തൊടു കൂടി നാലുഭാഗത്തും തിരിഞ്ഞും മറിഞ്ഞും നൊക്കിത്തുടങ്ങി- "ഈ ഭവനത്തിൽ എവിടയൊ അതി ഭയങ്കരനായ ഒരു കൃഷ്ണസൎപ്പം ഇരിക്കുന്നുണ്ടു" എന്നു തന്റെ സ്നെഹിതനൊട ഹിന്തുസ്ഥാനിയിൽ പറഞ്ഞു- ഇത കെട്ട

പ്പൊാൾ ഗൊപാലമെനൊനും ഗൊവിന്ദനും പരിഭ്രമം കല ശലായി- ഉടനെ ഗൊപാലമെനൊൻ വൈരാഗിയുടെ മു ഖത്ത നൊക്കി ഹിന്തുസ്ഥാനി ഭാഷയിൽ ഇപ്രകാരം പറ ഞ്ഞു- "ഇവിടെ ഒരു കൃഷ്ണസൎപ്പം ഉണ്ടെന്ന നിങ്ങാൾ സം സാരിക്കുന്നത കെട്ടു- അത ഉണ്ടാവാൻ പാടില്ലെന്നാണ എ ന്റെ വിശ്വാസം- ഈ രാജ്യത്ത തന്നെ കൃഷ്ണസൎപ്പം ഇല്ല- അതിലും വിശെഷിച്ച ഈ തൊടിക്കകത്ത ഇതിൽ കീഴ ഒരു പാമ്പിനെ കണ്ട ഓൎമ്മയും ഇല്ല" വൈരാഗി അപ്പൊ ൾ ചിരിച്ചുംകൊണ്ട പറഞ്ഞു "ഇവിടെ നിശ്ചയമായിട്ടും ഒ രു കൃഷ്ണസൎപ്പം ഉണ്ട- എന്റെ ലക്ഷണം ഒരിക്കലും പിഴ ക്കില്ല- ഞാൻ അതിനെ ഇപ്പൊാൾ നിങ്ങൾക്ക കാട്ടി ബൊ ദ്ധ്യപ്പെടുത്തിത്തരാം" എന്നു പറഞ്ഞു തന്റെ കെട്ടിൽനി ന്ന ഒരു കുഴലെടുത്തു ഊതിത്തുടങ്ങി- മറെറ വൈരാഗി അ പ്പൊാൾ വലിയൊരു വടിയും കയ്യിൽ എടുത്തു പാമ്പിന്റെ വരവും നൊക്കി സന്നദ്ധനായി നിന്നു- ഇവരുടെ അപ്പൊ ഴത്തെ മുഖഭാവവും തിരക്കും കണ്ടാൽ പാമ്പ അവരുടെ അടുക്കെ ഉണ്ടെന്നു തന്നെ വിശ്വസിച്ചുപൊകും- കുറെനെ രത്തൊളം കുഴലൂതി നൊക്കീട്ടും സൎപ്പം വരുന്നത കണ്ടില്ല- വൈരാഗികൾക്ക പരിഭ്രമം കലശലായി- "സൎപ്പം പുറ ത്തെങ്ങുമില്ല- ഇവിടുത്തെ മുറികളിൽ എവിടെയൊ ഉണ്ട- അത ഇന്ന ഒരാളെ കടിച്ച മൃതി വരുത്താതെ ഇരിക്കില്ല- ഒരു വിളക്ക കൊളുത്തു- അത എവിടെയുണ്ടെന്ന നൊക്കി ക്കാണണം" എന്നു പിന്നെയും പറഞ്ഞു.

സൎപ്പം അകത്ത എവിടെയൊ ഉണ്ടെന്ന കെട്ടപ്പൊാൾ എല്ലാവരുടെ മനസ്സിലും പെടിയും പരിഭ്രമവും വൎദ്ധിച്ചു- അകത്തുള്ള സ്ത്രീകളുടെ കാൎയ്യം എടുക്കാനും തൊടാനും ഇ ല്ല- ചുററിയ വസ്ത്രത്തിന്റെ ഉള്ളിലും കൂടി പാമ്പുണ്ടെന്നു ള്ള ശങ്കയായി- ഗൊവിന്ദൻ ഉടനെ ഒരു ചങ്ങല വട്ടയിൽ രണ്ടുമൂന്നു വണ്ണമുള്ള തിരിയിട്ട തീക്കൊളുത്തിക്കൊണ്ടു വ

ന്നു- മുൻപറഞ്ഞ വൈരാഗിയും ഗൊപാലമെനൊനും ഗൊവിന്ദനും കൂടി പാമ്പിനെ തിരഞ്ഞുംകൊണ്ട അകത്തെക്ക കടന്നു- മറെറ വൈരാഗി കൊലായിലും ഇരുന്നു- കീഴ്ഭാഗമുള്ള അറകളും മുറികളും കട്ടിലും കസെലയും എന്നുവെണ്ടാ സകലവും ഓരൊന്നൊരൊന്നായി പരിശൊധിച്ചു-പാമ്പും ഇല്ല- പന്നിക്കുട്ടിയും ഇല്ല- അദ്ധ്വാനിച്ചത മാത്രം ഫലം- എല്ലാക്കും ബുദ്ധിമട്ടുത്തു- അന്ധതയുടെ മൂത്തതലയെന്നു വിചാരിച്ചു തുടങ്ങി- "കഞ്ചാവിന്റെ ലഹരി മാറുന്നവരെ നൊക്കി നടക്കും" എന്നു പാറുക്കുട്ടി നാണിയമ്മയുടെ ചെവിട്ടിൽ മന്ത്രിച്ചു വൈരാഗിയെ മനസ്സുകൊണ്ട പരിഹസിക്കയായി- എന്നിട്ടും വൈരാഗി മടങ്ങിക്കളവാനല്ല ഭാവം "പാമ്പ മുകളിലെങ്ങാനുണ്ട- ഇവിടത്തെ അകത്തപാമ്പില്ലെങ്കിൽ ഞാൻ മനുഷ്യനല്ല" എന്നും മററും ഉറപ്പ പറഞ്ഞു മററുള്ളവരെ ഉത്സാഹിപ്പിച്ചു-ഒടുവിൽ ഇവർ മുകളിലെക്ക കയറി- രണ്ടുമൂന്നു മുറികൾ അവിടെയും പരിശൊധിച്ചുനൊക്കി- ഗൊപാലമെനൊന്റെ അറയുടെ നെരെ എത്തിയപ്പൊൾ വൈരാഗിക്ക തിരക്കും ഉത്സാഹവും വദ്ധിച്ചു. "പാമ്പ ഇതിന്റെ ഉള്ളിലുണ്ട" എന്ന ഠീച്ച് പറഞ്ഞു. ഗൊപാലമെനൊൻ വൈരാഗിയുടെ അന്ധത്വം ഓൎത്തു ചിരിച്ചുംകൊണ്ട വാതിൽ തുറന്നു കൊടുത്തു- ഗൊവിന്ദനും വൈരാഗിയുംകൂടി അറയിലെക്ക കടന്നു- കട്ടിൽ, കിടക്കകൾ, വിരി, പുൽപായ, തലയണ മുതലായവ മുഴുവനും തിരിച്ചും മറിച്ചും ഇട്ടു നൊക്കി- പാമ്പിനെ ഒരു ദിക്കിലും കണ്ടില്ല- ഗൊപാലമെനൊന മാത്രമല്ല വൈരാഗിക്കും മനസ്സു മുഷിഞ്ഞു- എങ്കിലും അദ്ദെഹം ഒടുവിൽ അവിടെ ഇരുന്നു അതിമധുരമായി നാഗസ്വരം ഊതിത്തുടങ്ങി-അപ്പൊൾ മുൻ പറഞ്ഞ പിഞ്ഞാണഭരണിയിൽ നിന്ന "കിട-കിട-കിട" ഇങ്ങിനെ ഒരു ശബ്ദം പുറത്തെക്ക വന്നു-"ഞാൻ പറഞ്ഞത ഇപ്പൊൾ എങ്ങിനെ? പാമ്പിതാ ഠരം ഭര

ണിയിൽ'' എന്ന പറഞ്ഞ വൈരാഗി ഭരണി എടുത്ത അ റയിൽനിന്ന പുറത്ത കടന്നു. ഗോപാലമെനൊന്റെ മന സ്സിൽ എന്നിട്ടും വന്നില്ല നല്ല വിശ്വാസം- താൻ പൂട്ടി വ രുന്ന അറയിൽ മൂടിയിട്ട സൂക്ഷിച്ചിട്ടുള്ള ഭരണിയിൽ പാ മ്പ കടന്നുകൂടുവാൻ എടയില്ലെന്ന തന്നെയായിരുന്നു ഇ ദ്ദെഹത്തിന്റെ വിചാരം- എങ്കിലും വൈരാഗിയുടെ ൟ അന്ധത്വം കാണാമെല്ലൊ എന്നു കരുതി ഗോപാലമെ നൊന്നും അദ്ദെഹത്തിന്റെ ഒരുമിച്ചുതന്നെ മുകളിൽനിന്നി റങ്ങി പൂമുഖത്ത വന്നു നിന്നു- ഭരണികൊണ്ടുവന്നു കൊലാ മെൽ വെച്ചു അവിടെ ഇരുന്ന വൈരാഗി പതുക്കെ അതി ന്റെ മൂടിയെടുത്തു-തൽക്ഷണം അതിൽനിന്ന ഒരു കൃഷ്ണ സൎപ്പം പുറത്തെക്ക ചാടി ഫണം വിടൎത്തി തീപ്പൊരി ചി തറുമാറ കണ്ണുകൾ മിഴിച്ചു വൈരാഗിയുടെ നെരെ അടു ത്തു- അദ്ദെഹം ഒരു ഔഷധം എടുത്ത അതിന നെരെ കാ ട്ടി- പാമ്പ ഫണം ചുരുക്കി കണ്ണുകൾ ചിമ്മി രജ്ജുഖണ്ഡം പൊലെ നിലത്ത കിടന്നു- അതിൽ പിന്നെ വൈരാഗി അത്യത്ഭുതംകൊണ്ടും ഭയംകൊണ്ടും ബുദ്ധി ഭ്രമിച്ച തന്നെ ത്താൻ മറന്നു നില്ക്കുന്ന ഗോപാലമെനൊന്റെ മുഖത്ത നൊക്കി ചിരിച്ചുംകൊണ്ട പറഞ്ഞു.

ഇന്നു രാത്രിയിൽതന്നെ ൟ സൎപ്പം നിന്റെ ജീവഹാ നി വരുത്തുമായിരുന്നു- എന്നാൽ ഭാഗ്യാതിരെകംകൊണ്ട നീ ൟ ക്രൂരജന്തുവിൽനിന്ന രക്ഷപ്പെട്ടു- ഇയ്യിടയിൽ ര ണ്ട ബ്രാഹ്മണർ ഒരു കന്യകനിമിത്തംനിന്റെ പരമ വിരൊ ധികളായി തീൎന്നിട്ടുണ്ട-അവർ നിന്നെ കൊല്ലുവാൻവെണ്ടി ഇതപൊലെ പലതും എനിയും പ്രവൃത്തിപ്പാൻ ഒരുങ്ങി നില്ക്കു ന്നുണ്ട-എന്നാൽ അവർ എന്തുതന്നെ ചെയ്താലും അതൊ ന്നും നിണക്ക ഒരു ലെശം ഫലിക്കില്ല- ദൈവം നിണക്ക എററവും അനുകൂലമാണ- നിന്റെ ജീവഹാനിയെ കാം ക്ഷിച്ച ശത്രുപ്രെരിതനായ ഇൗ കൃഷ്ണസൎപ്പം ഇന്നുമുതൽ

നിൻെറ പരമ മിത്രമായിട്ട ഇവിടെ പാൎത്തു നിൻെറ ജീവ രക്ഷയെ ചെയ്യും'' എന്നു പറഞ്ഞു എന്തൊ ഒരു ചൂൎണ്ണം എടുത്ത ആ സൎപ്പത്തിൻെറ മെൽ വിതറി- സൎപ്പം ഉടനെ കണ്ണു തുറന്നു ഫണം വിടൎത്തി ഗൊപാലമെനൊൻെറ മുഖത്ത കുറെ നെരം സൂക്ഷിച്ചുനൊക്കി, വൈരാഗികളെ ഒന്നു പ്രദക്ഷിണം ചെയ്തു പതുക്കെ ഇഴഞ്ഞു മുററത്തിറങ്ങി ആ വഴി കിഴക്കെ കണ്ടത്തിലെക്ക കയറിപ്പൊയി.

ഗൊപാലമെനൊൻ വൈരാഗികളുടെ കാൽക്കൽ സാഷ്ടാംഗം വീണു നമസ്കരിച്ചു "ജീവികളിൽ സമത്വവും പ്രാപഞ്ചിക സുഖാനുഭൂതിയും വിരക്തിയും ദൃഢമായി ദീക്ഷിച്ചു വരുന്ന മഹാനുഭാവന്മാരായ നിങ്ങളുടെ കാരുണ്യത്താൽ ഞാൻ ഇന്ന കാലസൎപ്പത്തിൽനിന്ന രക്ഷിക്കപ്പെട്ട''എന്നിങ്ങിനെ പറഞ്ഞുംകൊണ്ട എഴുനീററ തൊഴുതു നിന്നു. വൈരാഗികൾ രണ്ടുപെരും അവിടെനിന്ന എഴുനീററ ഗൊപാലമെനൊൻെറ ശിരസ്സു തൊട്ട മൂന്നു പ്രാവശ്യം അനുഗ്രഹിച്ചു തങ്ങളുടെ കെട്ടും ഭാണ്ഡവും എടുത്ത ചുമലിലിട്ട യാത്രയും പറഞ്ഞ അപ്പൊൾതന്നെ ഇറങ്ങിപ്പൊയി-ഗൊപാലമെനൊനും ലക്ഷ്മിഅമ്മ മുതലായ സഹൊദരിമാരും എന്നുവെണ്ട എല്ലാവരും വൈരാഗികൾ ഇറങ്ങിപ്പൊയ വഴിയും നൊക്കിക്കൊണ്ട എകദെശം പതിനഞ്ചു മിനുട്ട നെരം നിശ്ചഞ്ചലന്മാരായി പൂമുഖത്തതന്നെ നിന്നു- അതിൽപിന്നെ അവരുടെ മാഹാത്മ്യത്തെയും ദിവ്യജ്ഞാനത്തെയും മററും പററി കുറെ നെരം സംസാരിച്ചും കൊണ്ടിരുന്നു- അന്നെത്തെ രാത്രി അവരിൽ മിക്ക പെൎക്കും ശിവരാത്രിയായിട്ടതന്നെ കഴിഞ്ഞുകൂടി- രാത്രിയിൽ ഉണ്ടായ യാതൊരു തിരക്കിലും കെശവൻ കൂടാതിരുന്നതകൊണ്ടും രാവിലെ വിളിച്ചും അന്വെഷിച്ചും നടന്നിട്ട ഒരു ദിക്കിലും അവനെ കാണാനില്ലാഞ്ഞത കൊണ്ടും കൃഷ്ണസൎപ്പത്തെ കൊണ്ടുനു ഭരണിയിലാക്കി അടച്ചു വെച്ചിട്ടുള്ളത നമ്പൂരി

മാരുടെ ഉപദെശപ്രകാരം കെശവനാണെന്നുതന്നെ എ ല്ലാവരും തീൎച്ചപ്പെടുത്തി- മുമ്പ കണ്ടും കെട്ടും പരിചയമി ല്ലാത്ത വല്ലവരെയും യാതൊരാലൊചനയും കൂടാതെ ഒ ന്നിച്ച പാൎപ്പിച്ചാൽ ഇങ്ങിനെയുള്ള അത്യാപത്തുകാം സം ഭവിക്കുന്നത സാധാരണമാണെന്ന പുത്തൻമാളികക്കൽ ഉള്ളവൎക്ക നല്ലവണ്ണം ബൊദ്ധ്യമായി- ഇവർ ഈ സംഗതി യെപ്പററി യാതൊരാക്ഷെപവും ചെയ്യാതെ കെവലം മൌ നികളായിട്ടുതന്നെ ഇരുന്നു.

കൊച്ചിശ്ശീമക്കാരനാണെന്നു പറഞ്ഞു വിശ്വസ്തനായി പാൎത്തു ചൊറ കൊടുത്ത കൈക്കു പാമ്പിനെക്കൊണ്ട ക ടിപ്പിക്കുവാൻ തക്കംനൊക്കി നിന്നിട്ടുണ്ടായിരുന്ന കള്ളക്കെ ശവൻ വീട്ടിന്റെ ഉള്ളിൽ സൎപ്പം ഉണ്ടെന്നു പറഞ്ഞു വൈ രാഗി അകത്തെക്ക കടന്നപ്പൊൾ തന്നെ പുറത്തിറങ്ങുക ക ഴിഞ്ഞിരിക്കുന്നു-സൎപ്പത്തെ എടുത്ത പൂമുഖത്തെക്ക കൊണ്ടു വരുന്നവരക്കും ഇവൻ ചെവി പാൎത്തുംകൊണ്ട ഇറയത്ത പററി ഒളിച്ച നിന്നിട്ടുണ്ടായിരുന്നു- അതിൽപിന്നെ പെട്ടി ച്ച വിറച്ച പതുക്കെ പടിഞ്ഞാറെ പടിയിറങ്ങി പ്രാണഭയ ത്തൊടെ മണ്ടി പുരുഷൊത്തമൻ നമ്പൂരിയെ ചെന്നു കണ്ടു വ ൎത്തമാനം മുഴുവനും അറിയിച്ച വഴിച്ചിലവിന്ന രണ്ടുറുപ്പി കയും വാങ്ങി അന്നുതന്നെ സ്വരാജ്യത്തിലെക്ക പൊയ്ക്കുള കയാണ ചെയ്തിട്ടുള്ളത. ഈ വിവരം പുരുഷൊത്തമൻ നമ്പൂരിയു ടെ മനസ്സിൽ അസഹ്യമായ വിഷാദത്തിന്നും ഭയത്തിന്നും കാരണമായി തീൎന്നു- തന്റെ കഴുത്തിന്ന താൻതന്നെ ക ത്തി വെച്ചുവെല്ലൊ എന്നുള്ള പശ്ചാത്താപം ബഹുകലശ ലായി- രണ്ട നാല ദിവസത്തെക്ക മനക്കൽനിന്നു പുറ ത്തിറങ്ങാൻ ഭയം സമ്മതിച്ചില്ല- എങ്കിലും ഗൊപാലമെ നൊൻ ഇതിനെപ്പററി യാതൊരാക്ഷെപവും നടത്തുന്നി ല്ലെന്നുള്ള സൂക്ഷ്മം അറിഞ്ഞാറെ രണ്ടാമതും ദുരാലൊചന യിൽ തന്നെ മനസ്സിരുത്തി.

ഇദ്ദേഹം ചാലിത്തറ എന്ന ദിക്കിൽ നിന്നു ദുർമ്മന്ത്രവാദത്തിൽ സർവ്വജ്ഞപീഠം കയറിയവനായ ഒരു പാണനെ വരുത്തി സ്വകാൎയ്യം ഒരു സ്ഥലത്ത പാൎപ്പിച്ചു മാരണവും വശ്യവും ഫലിപ്പിക്കുവാൻ സാധിക്കുമൊ എന്നു ചൊദിച്ചു- വെണ്ടത്തക്ക ഉപകരണങ്ങൾ ശെഖരിച്ചു കൊടുക്കുന്നതായാൽ മാരണം ഇരിപത്തൊന്നു ദിവസം കൊണ്ടും വശ്യം തൊണ്ണൂറു ദിവസംകൊണ്ടും നിശ്ചയമായും ഫലിപ്പിക്കാമെന്നു അവൻ ഉറപ്പ പറഞ്ഞു- ഏകാന്തമായ ഒരു ശ്മശാനത്തിൽ അൎദ്ധരാത്രി സമയം നഗ്നനായിരുന്ന ഇരിപത്തൊന്ന ദിവസം മുട്ടാതെ ഒരു ഹൊമം ചെയ്യുന്ന പക്ഷം ഇരിപത്ത രണ്ടാം ദിവസം ഉച്ചക്കമുമ്പായിട്ട ശത്രു മരിക്കാതിരിക്കില്ലെന്നു മന്ത്രവാദി ഖണ്ഡിച്ചു പറഞ്ഞതിനാൽ അവിവെകികളായ ഈ നമ്പൂരിമാരുടെ മനസ്സിൽ തെല്ലൊരു സമാധാനമുണ്ടായി- "മാരണം ഫലിച്ചു കണ്ടിട്ടാവാം വശ്യം" എന്നു പുരുഷൊത്തൻ നമ്പൂരിയും "അതല്ല വശ്യം ഫലിച്ചതിൽ പിന്നെയാവാം മാരണം" എന്നു കുബെരൻ നമ്പൂരിയും തമ്മിൽ കുറെ ശാഠ്യം പിടിച്ചു- അവസാനം പുരുഷൊത്തൻ നമ്പൂരിയുടെ അഭിപ്രായം തന്നെ സ്ഥിരപ്പെടുത്തി- ദുർമ്മന്ത്രവാദിയായ ഠ൦ പാണൻ സമീപമുള്ള ഒരു ശ്മശാനത്തിൽ ത്രികൊണാകൃതിയിൽ ഒരു ഹൊമകുണ്ഡം തീൎത്തു അതിൽ പാലയുടെ വിറക നിറച്ചു തീ കൂട്ടി അൎദ്ധരാത്രി സമയം നഗ്നനായിരുന്ന അതി ഭയങ്കരമായ ഒരു ഹൊമം ആരംഭിച്ചു- ഹൊമദ്രവ്യങ്ങൾ പലതും ഉണ്ടായിരുന്നു എങ്കിലും അവയിൽ കരിമ്പൂച്ചയുടെ ശിരസ്സ, കാക്കമുട്ട, കരിന്തെൾ, കാരാമയുടെ മാംസം, കുമന്റെ കരൾ ഇങ്ങിനെ പല നികൃഷ്ടസാധനങ്ങളുംകൂടി ഉണ്ടായിരുന്നു- ഓരൊ രാത്രിയിൽ ഇവൻ ഓരൊ ജീവജന്തുവിനെയും കൂടി അറുത്ത ഹൊമിച്ചു സാദ്ധ്യനാമവും നക്ഷത്രവും വിചാരിച്ചു മന്ത്രസംഖ്യ കഴിച്ചു-ഇങ്ങിനെ എഴു ദിവസം നിൎവ്വിഘ്നമായിട്ട ത

ന്നെ മാരണഹൊമം നിവ്വഹിച്ചു- എട്ടാന്നാം അദ്ധരാത്രി സമയം ഇവൻ ശ്മശാനത്തിലെക്ക പൊകുന്ന സമയം ഇവനെ ഒരു സൎപ്പം കടിച്ചു ആ വഴി തന്നെ മടങ്ങി ഒരു വിധെന താൻ പാൎത്തുവരുന്ന വീട്ടിൽ എത്തി കാലതാമസം അധികം കൂടാതെ മരിച്ചു പൊകയും ചെയ്തു- നമ്പൂരിമാൎക്ക വ്യസനവും പരിഭ്രമവും വൎദ്ധിച്ചു- തങ്ങാം തെയ്യാറാക്കികൊണ്ടു ചെല്ലുന്ന യാതൊരുപായവും ഗൊപാലമെനൊൻെറ നെരെ ഫലിച്ചു കാണാത്തതിനാൽ അദ്ദെഹത്തിൻെറ ജീവഹാനി വരുത്തുവാൻ അസാദ്ധ്യമാണെന്നു തന്നെ ഇവർ നിശ്ചയിച്ചു. "കൊല്ലാൻ കഴിഞ്ഞില്ലെങ്കിൽ പൊയ്ക്കോട്ടെ ഇത്തിരിയെങ്കിലും ഒന്നു ബുദ്ധി മുട്ടിക്കണം- അല്ലാഞ്ഞാൽ ഇതവരെ ശ്രമിച്ച അവസ്ഥക്ക തീരെ കുറവാണ" ഇവർ ഇങ്ങിനെ വിചാരിച്ചുകൊണ്ടിരിക്കെ വലിയൊരു തരം കിട്ടി- ഗൊപാലമെനൊൻെറ കയ്യശം പണ്ടാരം വക പന്തിരായിരം പറ പാട്ടത്തിൻെറ ഉഭയം ചാൎത്തിലെ കാലം കഴിഞ്ഞു കിടക്കയായിരുന്നു- അത മെൽ ചാൎത്ത വാങ്ങുവാൻ വെണ്ടി ഇവർ പല മുഖെനയും ശ്രമിച്ചു നൊക്കി- നിൎദ്ദൊഷികളായ മൻ കുടിയാന്മാരെ ഉപെക്ഷിച്ചു മെൽചാൎത്തു കൊടുക്കുകയില്ലെന്നു വലിയ തമ്പുരാൻ പ്രതിജ്ഞചെയ്തു കളഞ്ഞതിനാൽ ആ കാൎയ്യത്തിലും വെണ്ടതിലധികം വഷളായി- പ്രവൃത്തിക്കുന്നെയും പ്രവെശിക്കുന്നെയും സംഗതികളിൽ ഒരുപെലെ ഇച്ഛാഭംഗവും അവമാനവും മാത്രമെ ഫലം സിദ്ധിക്കുന്നുള്ളു എന്നു ഇവരുടെ ദുൎമ്മൊഹ ശക്തിയാൽ എന്നിട്ടും ഇവൎക്ക മനസ്സിലായില്ല- ഉപദ്രവിക്കെണമെന്നുള്ള വിചാരവും ഉത്സാഹവും പിന്നെയും ജാസ്തിയായിട്ട തന്നെ ഇരുന്നു- ഒരു അപ്പീൽ നമ്പ്രിലെക്ക വെണ്ടി ഗൊപാലമെനൊനും ഗൊവിന്ദനും കൂടി കൊഴിക്കൊട്ടെക്ക പൊയിട്ടുള്ള വിവരം ഈ നമ്പൂരിമാൎക്ക എങ്ങിനെയൊ അറിവ കിട്ടി- ആ അവസരത്തിൽ പുത്തന്മാളികക്കൽ കവ

ച്ചു ചെയ്യിക്കെണമെന്നു നിശ്ചയിച്ചു മെലെ കണ്ടതിൽ കുണ്ടുണ്ണിമെനൊനെ വരുത്തി അവിടെയുള്ള എല്ലാ ഉള്ള കള്ളികളും തരവും തക്കവും ഉപദെശിച്ചു അതിലെക്കു വെണ്ടി ഉത്സാഹിപ്പിച്ചു- കുണ്ടുണ്ണിമെനൊൻ പിററന്നാൾ തന്നെ തന്റെ അധീനത്തിലിരിക്കുന്ന ഒരു കൂട്ടം കവൎച്ചക്കാരെ വരുത്തി ഗൊപാലമെനൊൻ പൊയിട്ടുണ്ടായിരുന്നതിന്റെ മൂന്നാംനാൾ ഏകദെശം അൎദ്ധരാത്രി സമയം പുത്തൻമാളികക്കൽ എത്തി- ചുമരു തുരന്നു അകത്തു കടപ്പാൻ പ്രയാസവും താമസവും ഉണ്ടാകുമെന്നു വിശ്വസിച്ചു കുണ്ടുണ്ണിമെനൊൻ വാതുക്കൽ ചെന്നുനിന്നു കിട്ടുണ്ണിയെ ഉറക്കെ വിളിച്ചു- അവൻ ഞെട്ടിയുണൎന്നു തന്റെ യജമാനൻ വിളിക്കുന്നതാണെന്നുള്ള ധാരണയൊടു കൂടി വിളക്കുകൊളുത്തി വെഗം വാതിൽ തുറന്നു പുറത്തെക്കു വന്നു- കവൎച്ചക്കാരിൽ ഒരുവൻ തൽക്ഷണം അവനെ പിടിച്ചു പൂമുഖത്തുള്ള ഒരു തൂണൊടുകെട്ടി "നിലവിളിച്ചിട്ടുണ്ടെങ്കിൽ കഴുത്തു മൂന്നു കളയും" എന്നു പറഞ്ഞു ഒരു ആയുധക്കത്തിയും ഓങ്ങിക്കൊണ്ടു അരികത്തുനിന്നു- മുതൽ സൂക്ഷിച്ചിട്ടുള്ള സ്ഥലവും വിവരവും മററും കിട്ടുണ്ണിയൊടു ചൊദിച്ചു മനസ്സിലാക്കി ലക്ഷ്മിഅമ്മയെവിളിച്ചു താക്കൊൽമുതലായതു വാങ്ങെണ്ടതിന്നു കിട്ടുണ്ണിയെ കെട്ടഴിച്ചു മുമ്പിൽ നടത്തി കൊണ്ടു കവൎച്ചക്കാർ അകത്തു കടപ്പാൻ ഭാവിച്ചപ്പൊൾ കിഴക്കു മുററത്തു നിന്നു ചില ഒച്ചയും തിരക്കും കെട്ടു- കവൎച്ചക്കാർ ഞെട്ടി പരിഭ്രമിച്ചു മുററത്തെക്കു തിരിഞ്ഞു നൊക്കിയ നിമിഷംകൊണ്ടു അവരുടെ ജഠരാഗ്നി കത്തിപ്പൊയി- വെടി വെപ്പാനുള്ള ഒരുക്കത്തൊടു കൂടി പന്ത്രണ്ടു കൺസ്റ്റെബിൾമാർ രണ്ടണിയായിനിരന്നിട്ടുള്ളതിൽ മുന്നണിയുടെ നായകനായിട്ടു ഒരു പൊലീസ്സു ഇൻസ്പെക്ടരും പിന്നണിയുടെ തലവനായിട്ടു ഒരു ഹെഡ് കൺസ്റ്റെബിളും കയ്യിൽ വാളും ഊരിപ്പിടിച്ചു രണ്ടു കാലഭൈരവന്മാരെപ്പൊലെ നില്ക്കുന്നു. കവൎച്ചക്കാരുടെ ഇപ്പൊ

ഴത്തെ അവസ്ഥ വായനക്കാർ ഊഹിച്ചുകൊള്ളേണ്ടതാണ- ഇൻസ്പെക്ടർ തന്റെ കയ്യിലുള്ള വാൾ ചുഴററി അത്യന്തം ഭയങ്കരമായ മുഖഭാവത്തൊടു കൂടി കവച്ചക്കാരുടെ കഠിന ഹൃദയം പൊട്ടിത്തെറിച്ചുപൊകത്തക്കവണ്ണം ഉച്ചത്തിൽ ഇങ്ങിനെ വിളിച്ചുപറഞ്ഞു- "ജീവനിൽ കൊതിയും മരണത്തിൽ വ്യസനവും ഉണ്ടെങ്കിൽ ഞാൻ പറയുന്നത കെൾപ്പിൻ- ഓടാനൊ ചാടാനൊ ലഹള കൂട്ടാനൊ ഭാവിക്കാതെ കയ്യശമുള്ള ആയുധങ്ങൾ നിലത്തവെച്ചു അനങ്ങാതെ നില്ക്കുവിൻ- ഇപ്പൊൾ നിന്നിട്ടുള്ള സ്ഥലത്തനിന്ന ഒരംഗുലം നീങ്ങിട്ടുണ്ടെങ്കിൽ നിങ്ങളുടെ ശവം ചൊരയിൽ കുളിച്ച ഒരം കൊലായിലും മുററത്തും നിരക്കെ വീണു കിടക്കം-നായ്ക്കളെപ്പൊലെ വൃഥാ വീണു ചാകെണ്ട- പാപികളായ നിങ്ങളുടെ നിണംകൊണ്ടു ഈ മാന്യസ്ഥലം അശുദ്ധമാക്കിതീക്കാതിരിക്കുന്നത നല്ലതാണ-രാജകല്പനക്കു വഴിപ്പെട്ടു കീഴടങ്ങാൻ മനസ്സുണ്ടൊ ഇല്ലയൊ- നിങ്ങൾ എന്തു പറയുന്നു?" കവച്ചക്കാർ പെടിച്ചു വിറച്ചു തെററിപ്പൊവാൻ നിവൃത്തിയില്ലെന്നുകണ്ടു വിഷണ്ഡന്മാരായി കീഴടങ്ങാമെന്ന സമ്മതിച്ചു തങ്ങളുടെ കയ്യിലുള്ള വടിയും വെട്ടുകത്തിയും കട്ടാരവും മററും നിലത്തവെച്ചു മുഖവും താഴ്ത്തിക്കൊണ്ടു നിന്നു- പങ്ങശ്ശമെനൊൻ ഇവരെ ഓരൊരുത്തരൊരൊന്നായി പിടിച്ചു രണ്ടു കൈക്കും ആമം വെച്ചു കൻസ്റ്റെബൾമാരുടെ ബന്തൊവസ്സിൽ എല്പിച്ചു- കുണ്ടുണ്ണിമെനൊന്റെ പരവശതയും ലജ്ജയും കുണ്ഠിതവും കണ്ടിട്ടു പങ്ങശ്ശമെനൊന വല്ലാതെ ചിരി വന്നു- അദ്ദെഹം ഇൻസ്പെക്ടരൊട പറഞ്ഞു- ഒരം കുണ്ടുണ്ണിമെനൊൻ സാമാന്യക്കാരനല്ല- ഇയ്യാൾ കൂടാതെകണ്ടുള്ള യാതൊരു കവച്ചയും കളവും ഒരം രാജ്യത്തിലില്ല- രണ്ടുമൂന്ന സംവത്സരമായി ഞാൻ ഇയ്യാളെ പിടിപ്പാൻവെണ്ടി ശ്രമിച്ചുവരുന്നു- ഇന്ന സാധിച്ചു" ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്ന മദ്ധ്യെ കിട്ടുണ്ണി വിളക്കു കൊളു

ത്തി കൊലാമൽകൊണ്ടന്നു ഌക്കി അകത്തനിന്ന രണ്ട കസെലകൾ എടുത്ത പൂമുഖത്ത കൊണ്ടു വെച്ചു- ഇൻസ്പെക്ടരും ഹെഡകൻസ്റ്റെബിളും ജയസന്തുഷ്ടന്മാരായി പൂമുഖത്ത കയറി കസെലമെൽ ഇരുന്നു- അപ്പൊഴക്ക ലക്ഷ്മിഅമ്മയും തന്റെ സഹൊദരിമാരും ധൈൎയ്യം കലൎന്നു വാതിൽ തുറന്ന പുറത്തെക്ക കടന്നു വന്നു- ഉദ്യൊഗസ്ഥന്മാർ രണ്ടുപെരും ലക്ഷ്മിഅമ്മയെ കണ്ടഉടനെ എഴുനീററ യഥായൊഗ്യം ഉപചാരം ചെയ്തു- ലക്ഷ്മിഅമ്മ ഇവരെയും അത്യന്തം സന്തൊഷത്തൊടെ ആദരിച്ചു സല്കരിച്ചിരുത്തി അവരുടെ നിൎബ്ബന്ധത്താൽ ഒരു പുല്ലുപായിട്ട നിലത്തിരുന്നു- ഇൻസ്പെക്ടർ ലക്ഷ്മിയമ്മയൊട വിവരം പറഞ്ഞുതുടങ്ങി.

ഇൻസ്പെക്ടർ—ഇവിടെ ഇന്നു കവൎച്ച ചെയ്വാൻ പൊകുന്നു എന്നുള്ള വിവരം ഹെഡകൻസ്റ്റെബിൾ ഇന്ന ഉച്ചക്ക ശെഷമാണ എന്നെ അറിയിച്ചത- ഞാൻ അപ്പൊൾ തന്നെ എട്ട കൻസ്റ്റെബിൾമാരൊടുകൂടി പുറപ്പെട്ടു- ഏഴമണിക്ക സ്റ്റെഷനിൽ എത്തി- അവിടെ പഞ്ചശ്ശമെനൊൻ തെയ്യാറാക്കി വെച്ചിരുന്ന കൻസ്റ്റെബിളന്മാരിൽ നാലുപെരെകൂടി തെരിഞ്ഞെടുത്ത പന്ത്രണ്ട കൻസ്റ്റെബിൾമാരൊടും ഹെഡ കൻസ്റ്റെബിളൊടും കൂടി പത്തമണിക്ക മുമ്പായിട്ട ഇവിടെ എത്തി- ഞങ്ങൾ ഇവിടുത്തെ കണ്ടത്തിൽ ഇരിക്കുമ്പൊളാണ നിങ്ങളെല്ലാരും ഊണകഴിച്ചു അകത്തെക്ക പൊയത.

ലക്ഷ്മിഅമ്മ—നിങ്ങളുടെ ഉത്സാഹം കൊണ്ടും ദയകൊണ്ടും ഞങ്ങൾ അത്യാപത്തിൽ നിന്ന രക്ഷിക്കപ്പെട്ടു- ഇവിടെ ഇവർ കവൎച്ചക്ക വരുന്ന വിവരം പഞ്ചശ്ശമെനൊന അറിവ കിട്ടിയത വലിയ ആശ്ചൎയ്യം തന്നെ.

പ- മെ—ഇന്നലെ ഒരുകൂട്ടം കള്ളന്മാർ കടന്നുപൊരുന്ന സമയം എന്റെ ഒററുകാരിൽ ഒരാൾക്ക അറിവുകിട്ടി-

അവൻ അവരുടെ പിന്നാലെ ഇരുട്ടത്തുകൂടി ഒരുമിച്ചു കണ്ടുണ്ണി മെനൊന്റെ വീട്ടിലൊളം കണ്ണാതെ പൊയി- വിവരം മുഴുവനും മനസ്സിലാക്കി അപ്പൊൾ തന്നെ എന്റെ അടുക്കെവന്നു പറഞ്ഞു- ഞാൻ ഇന്നലെ രാത്രി ഇവിടെ നാലുകൻസ്റ്റെബൾന്മാരെ പാറാവ നിൎത്തീട്ടുണ്ടായിരുന്നു- കവൎച്ചക്ക ഭാവിച്ചിട്ടുള്ളത ഇന്നെക്കാണെന്നുള്ള സൂക്ഷ്മം അറിഞ്ഞിരുന്നിട്ടും എനിക്ക ധൈൎയ്യമുണ്ടായില്ല.

ലക്ഷ്മിഅമ്മ—നിങ്ങൾകാട്ടീട്ടുള്ളഈഉപകാരത്തിന്ന ഞങ്ങൾ എന്തൊരു പ്രതിഫലമാണ നിങ്ങൾക്ക തരെണ്ടത.

ഇൻസ്പക്ടർ—ഞങ്ങൾ ചെയ്യാൻ ബാദ്ധ്യതപ്പെട്ട പ്രവൃത്തി മാത്രമെ ചെയ്തിട്ടുള്ളു- ഈ കള്ളന്മാരെ പിടികിട്ടിയതിൽ പരമായി ഞങ്ങളുടെ പ്രവൃത്തിക്ക യാതൊരു പ്രതിഫലവും വെണ്ടതില്ല.

പാറുക്കുട്ടി—കൻസ്റ്റെബൾന്മാൎക്ക വിശക്കുന്നുണ്ടായിരിക്കാം- നെരെത്തയെങ്ങാൻ ഊണകഴിച്ചതല്ലെ? ഇവിടെ അവിലും ശൎക്കരയും നല്ല പൂവൻ പഴവും ഉണ്ട.

പഞ്ചുമെനൊൻ—വിശപ്പ എനിക്കും കലശലായില്ലെന്നല്ല- അസമയമായതകൊണ്ട എന്താണ വെണ്ടത എന്ന ശങ്കയായിരിക്കുന്നു.

ലക്ഷ്മിഅമ്മ—പലഹാരം ഇവിടെ വെറെയും ഉണ്ട- കുറെ ചായയൊ കപ്പിയൊ അതും തെയ്യാറാക്കാം.

ഇൻസ്പക്ടർ—അതെല്ലാം ഈ നട്ടപ്പാതിരക്ക വലിയ ബുദ്ധിമുട്ടായിരിക്കും- ഞങ്ങൾ ഇവരെ ഇപ്പൊൾ തന്നെ സ്റ്റെഷനിലെക്ക കൊണ്ടപൊയ്ക്കൂളയാമെന്നാണ ഭാവിക്കുന്നത.

പാറുക്കുട്ടി—അത പലഹാരം കഴിച്ചതിൽ പിന്നെ ഹിതംപൊലെ ചെയ്യാം- ഞങ്ങൾക്ക യാതൊരു ബുദ്ധിമുട്ടും ഇല്ല.

ഇൻസ്പെക്ടർ—നിങ്ങളുടെ ഇഷ്ടംപൊലെ ചെയ്യാം.

ലക്ഷ്മി അമ്മ കിട്ടുണ്ണിയെ വിളിച്ച ക്ഷണത്തിൽ കുറെ ചായ തെയ്യാറാക്കാൻ പറഞ്ഞു- അവൻ അറ്റമെറ തുറന്നു ആവശ്യപ്പെട്ട സാധനങ്ങളെല്ലാം എടുത്ത അരനാഴികകൊണ്ട ചായ തെയ്യാറാക്കി കൊലാമൽ കൊണ്ടുവെച്ചു- ലക്ഷ്മിഅമ്മ തന്റെ അറയിൽ പൊയി ഒരു പെട്ടി ബിസ്കറ്റ എടുത്തു കൊണ്ടുവന്നു രണ്ട വെള്ളിത്തളികകളിലാക്കി ഇൻസ്പെക്ടരുടെയും പങ്ങശ്ശമെനൊന്റെയും മുമ്പിൽവെച്ചു- കൻസ്റ്റെബിൾമാൎക്കും യഥായൊഗ്യം കൊടുത്തു- രണ്ടാമതും അകത്ത പൊയി ഒരു പെട്ടി ബിസ്കറ്റുകൂടെ എടുത്തു കൊണ്ടുവന്നു പെട്ടിപൊളിച്ച വലിയൊരു പിഞ്ഞാണത്തിൽ നിറച്ചു ഇൻസ്പെക്ടരുടെ മുഖത്ത നൊക്കി ചിരിച്ചുംകൊണ്ട പറഞ്ഞു.

ലക്ഷ്മിഅമ്മ—വിശപ്പുണ്ടായാൽ ആൎക്കും സഹിച്ചുകൂടാ-ഈ തടവുകാൎക്കും കൂടി അല്പം വല്ലതും വിശക്കുന്നതിന്നു കൊടുക്കെണമെന്ന വിചാരിക്കുന്നതിന്നു വിരൊധമില്ലയായിരിക്കാം- അവർ ഞങ്ങളെ നശിപ്പിക്കാൻ വന്നവരാണെങ്കിലും ഞങ്ങൾക്ക അത വിചാരിപ്പാൻ പാടില്ല- കുരുതി കുറുക്കുന്നവൎക്ക വിറക കീറിക്കൊടുക്കണം എന്നൊരു പഴഞ്ചൊല്ലില്ലെ.

ഇൻസ്പെക്ടർ (ചിരിച്ചുംകൊണ്ട) ശിവ! ശിവ! ഈ വക ധൎമ്മബുദ്ധിയുള്ള നിങ്ങൾക്ക എങ്ങിനെയാണ അനൎത്ഥം സംഭവിക്കുന്നത? ഇങ്ങിനെ ദയാശീലന്മാരായ മനുഷ്യന്മാരെ ഞാൻ കണ്ടിട്ടും കെട്ടിട്ടും ഇല്ല- അങ്ങിനെ താല്പൎയ്യമുണ്ടെങ്കിൽ എനിക്ക യാതൊരു വിരൊധവും ഇല്ല- ഹിതം പൊലെ ചെയ്യാം.

ഇൻസ്പെക്ടരും പങ്ങശ്ശമെനൊനും ചായയും പലഹാരവും കഴിച്ച ഉടനെ കുണ്ടുണ്ണിമെനൊൻ മുതലായവരെ കൊണ്ടുന്നു പൂമുഖത്തു നിൎത്തുവാൻ കൻസ്റ്റെബിൾമാരൊട കല്പി

ച്ചു- അവർ ആജ്ഞാനുസരണം ചെയ്തു ആയുധ ധാരികളായി നാലു ഭാഗത്തും നിന്നു- പഞ്ചുമെനൊൻ എല്ലാവരെയും ബന്ധനത്തിൽ നിന്നു വെർപെടുത്തി- ലക്ഷ്മിഅമ്മ ബിസ്കൂറും പിഞ്ഞാണവും എടുത്ത അവരുടെ മുമ്പിൽവെച്ചു കൊടുത്തിട്ടു പറഞ്ഞു- "കുണ്ഠിതം യാതൊന്നും വിചാരിക്കാതെ നിങ്ങൾ പലഹാരം കഴിപ്പിൻ- നിങ്ങളുടെ കഷ്ടകാലംകൊണ്ടു ഇങ്ങിനെ അത്യാപത്തിൽ പെടുവാൻ സംഗതി വന്നതിനെപ്പററി ഞാൻ വളരെ വ്യസനിക്കുന്നു- എന്തുചെയ്യും- ദൈവകല്പിതം" ലക്ഷ്മിഅമ്മയുടെ ഔദാൎയ്യവും സഹതാപവും കണ്ടിട്ടു കവച്ചക്കാർ വല്ലാതെ വിഷാദിച്ചു തങ്ങളുടെ നീചതയെപ്പററി വിചാരിച്ചു കണ്ണീർ വാൎത്തു പലഹാരം കഴിച്ചു കരഞ്ഞുംകൊണ്ടു മുഖം താഴ്ത്തി നിന്നു- ഹെഡുകൻസ്റ്റെബൾ രണ്ടാമതും ഇവരെ ആമം വെച്ചു- എല്ലാവരും ഓരൊന്നു പറഞ്ഞുകൊണ്ടിരിക്കെ നെരവും പുലൎന്നു- പൊല്ലീസ്സു ഉദ്യൊഗസ്ഥന്മാർ ലക്ഷ്മിഅമ്മയൊടും മററും യാത്ര പറഞ്ഞു തടവുകാരൊടൊന്നിച്ചു പടിയിറങ്ങുമ്പഴക്കു ഗൊപാലമെനൊനും എത്തി- ഇൻസ്പക്ടർ വിവരം ഒക്കെയും പറഞ്ഞു- അദ്ദെഹം ആ വഴിതന്നെ അവരൊടൊന്നിച്ചു സ്റ്റെഷനിലെക്കു പൊയി- കവച്ചക്കാർ മജിസ്ത്രെട്ടു മുഖാന്തരം അന്നുതന്നെ കുററസമ്മതം ചെയ്തുകൊണ്ടു പിറെറന്നാൾ തന്നെ മജിസ്ത്രെട്ടു വിസ്തരിച്ചു എല്ലാവരെയും സെഷൻ കൊടതിക്കു കമ്മിട്ടുചെയ്തു- കുണ്ടുണ്ണിമെനൊൻ മുതലായവർ തങ്ങളുടെ കുററം സെഷൻ ജഡ്ജി മുഖാന്തരവും സമ്മതിച്ചു- സെഷൻജഡ്ജി ഒന്നാം തടവുകാരനായ കുണ്ടുണ്ണിമെനൊനെ ജീവാവസാനം വരെ നാടു കടത്തുവാനും ശെഷം ഏഴു പെരെയും ഏഴെഴ സംവത്സരം കഠിന തടവു അനുഭവിപ്പാനും വിധിച്ചു.

## പത്തൊമ്പതാം അദ്ധ്യായം.

മീനാക്ഷിയുടെ ദൃഢപ്രതിജ്ഞയും

മദിരാശിയിൽ നിന്ന വന്ന എഴുത്തും.

ഭാനുവിക്രമൻ എന്ന യുവരാജാവിൻെറ കല്പനപ്രകാരം തനിക്ക സംബന്ധം ആലൊചിപ്പാൻവെണ്ടി തെയ്യൻമെനൊൻ വന്നതും ഗൊപാല മെനൊനുമായി കണ്ടു പറഞ്ഞ പൊയതും തന്നൊട അന്വെഷിപ്പാൻവെണ്ടി പാറുക്കുട്ടിയെ എല്പിച്ചതും ഈ വക യാതൊരു വിവരവും മീനാക്ഷി അറിഞ്ഞിരുന്നില്ല- ഈ സംഗതികളെല്ലാം സംഭവിച്ചതിൻെറ പിറെറന്നാൾ രാത്രി അവൾ ഉൗണു കഴിച്ച പതിവ പ്രകാരം തൻെറ മുറിയിൽ ചെന്നിരുന്ന രസകരമായ എന്തൊ ഒരു പുസ്തകമൊ ഒരെഴുത്തൊ മറെറാ വായിച്ചു തന്നെത്താൻ മറന്ന സന്തൊഷിച്ചുകൊണ്ടിരിക്കയായിരുന്നു- അപ്പൊൾ ലക്ഷ്മിഅമ്മയും പാറുക്കുട്ടിയും കൂടി ആ മുറിയിലെക്ക കടന്നുവന്നു- ഇവരുടെ മുഖപ്രസാദവും ഭാവവും യാദൃഛികമായ വരവും കണ്ടപ്പൊൾതന്നെ എന്തൊ ഒരു വിശെഷ സംഗതിയെപ്പററി സംസാരിപ്പാൻവെണ്ടി വന്നിട്ടുള്ളതാണെന്ന അവൾക്ക മനസ്സിലായി. ഉടനെ അവൾ പുസ്തകം മെശപ്പുറത്ത വെച്ച അത്യാദരം പതുക്കെ അവിടെ എഴുനീററു നിന്നു- ലക്ഷ്മിഅമ്മ കട്ടിലിന്മെൽ ചെന്നു കുത്തിരുന്നു തൻെറ പ്രാണാധിക പ്രണയനിയായ മകളെ വിളിച്ചു അരികത്തിരുത്തി അവളുടെ മുഖവും നെററിയും കയികൊണ്ട മിനുക്കി പുറത്ത തലൊടി ചിരിച്ചുംകൊണ്ട പറഞ്ഞു.

ലക്ഷ്മിഅമ്മ—നീ ഇങ്ങിനെ ഇടവിടാതെ സദാകാലവും
വായിച്ചുംകൊണ്ടതന്നെ ഇരിക്കുന്നതായാൽ നിൻെറ

ദെഹത്തിന്നും മനസ്സിന്നും ക്ഷീണം തട്ടി വല്ല രൊഗവും പിടിപെട്ടുമൊ എന്ന ഭയമായിരിക്കുന്നു- ഇന്നലെ നീ ഉറങ്ങിയത പന്ത്രണ്ട മണിക്ക ശെഷമല്ലെ? പുലരാൻ നാലഞ്ച നാഴികയുള്ളപ്പൊൾ നീ എഴുനീററിരുന്നു പിന്നെയും വായിച്ചില്ലെ? ഇത്ര അധികം നീ എന്തിനാണ മകളെ ബുദ്ധിമുട്ടുന്നത?

മീനാക്ഷി—അമ്മ വിചാരിക്കും പൊലെയൊന്നും ഞാൻ വായിക്കാറില്ല- രാത്രി എല്ലാംകൂടി രണ്ടൊ മൂന്നൊ മണിക്കൂറു നെരം വല്ല പുസ്തകവും വായിക്കുന്നുണ്ടായിരിക്കാം.

പാറുക്കുട്ടി—മറെറാരു പ്രവൃത്തി വെണ്ടെ? ഉറക്കം വരുന്നവരക്കും പുസ്തകവുമായിട്ട ഓരൊ നെരംപൊക്കും വെടിയും പറഞ്ഞ കടിച്ചുമറിഞ്ഞു കളിക്കും- എങ്കിലും അധികം ഉറക്കൊഴിക്കുന്നത ശരീരത്തിന്ന കെടാണെന്ന കൊച്ചുലക്ഷ്മിടെ അച്ഛൻ പലപ്പൊഴും പറയുന്നത കെട്ടിട്ടുണ്ട.

മീനാക്ഷി—(മന്ദസ്മിതം അടക്കിക്കൊണ്ട) അധികം ഉറങ്ങുന്നതും ശരീരത്തിന്ന കെട്ടതന്നെയാണ-എന്റെ ദെഹത്തിന്ന ആവശ്യമുള്ള ഉറക്ക ഞാൻ ക്രമമായി ഉറങ്ങി വരാറുണ്ട.

പാറുക്കുട്ടി—ഉറക്കൊഴിച്ചു പഠിക്കുന്നത ഏതായാലും നല്ലത തന്നെ. ഒരു കാലത്ത അതും ഉപകാരമായി തീരും.

മീനാക്ഷി—(മന്ദാക്ഷസ്മിതത്തൊടുകൂടി) അങ്ങിനെ ശീലിക്കാതിരുന്നതകൊണ്ട എളെമ്മക്ക ഇപ്പൊൾ വളരെ സുഖക്കെട്ടുണ്ടെന്ന തൊന്നുന്നു-ഓരൊരുത്തരുടെ സ്വഭാവം എങ്ങിനെയായാലും പുറത്ത വരാതിരിക്കില്ല- ഉറക്കൊഴിച്ചു പഠിക്കെണ്ടുന്ന ആവശ്യം എനിക്ക വിശെഷിച്ച ഒന്നുമില്ല.

പാറുക്കുട്ടി—എനിയിപ്പൊൾ അങ്ങിനെ പറയാം- ശീലിക്കെ

ണ്ടതെല്ലാം ഏതാണ്ട ശീലിച്ചുകഴിഞ്ഞു- വാക്കൊരു വിധം പ്രവൃത്തിയൊരുവിധം അത ഏതായാലും അത്ര നന്നല്ല.

ലക്ഷ്മിഅമ്മ—പാറുക്കുട്ടിക്ക ഇത്തിരി വല്ലതും അനാവശ്യം പറയാതെ നിവൃത്തിയില്ല- എന്തു പറയുമ്പൊഴും രണ്ട കുസൃതി വാക്കെങ്കിലും പറയാഞ്ഞാൽ നിണക്ക ഉറക്കം വരില്ലെന്ന തൊന്നുന്നു-അഹങ്കാരം പൊട്ടെ- മകളെ! ഇന്നലെ തെയ്യുൻമെനൊൻ വന്ന സംഗതിയെപ്പററി,നിന്നൊട ഏതാണ്ട ചൊദിപ്പാനാണ ഞാനും പാറുക്കുട്ടിയും കൂടി വന്നിട്ടുള്ളത.

മീനാക്ഷി—ഏത തെയ്യുൻമെനൊൻ ആയിരുന്നു അമ്മെ? എന്തിനായിരുന്നു വന്നത?

പാറുക്കുട്ടി—കൊയിലൊം കാൎയ്യസ്ഥൻ തെയ്യുൻമെനൊനില്ലെ? അദ്ദെഹം ജെഷ്ടനൊട ഒരു സംഗതിയെ കൊണ്ട അന്വെഷിപ്പാനായിരുന്നു വന്നത.

മീനാക്ഷി—അദ്ദെഹം എന്നാൽ അമ്മാമനുമായി പറഞ്ഞിട്ടുണ്ടായിരിക്കില്ലെ? അതിനെപ്പററി എന്നൊടെന്താണ അന്വെഷിപ്പാൻ? അമ്മാമൻ അല്ലെ എല്ലാം പറയെണ്ടതും ചെയ്യെണ്ടതും?

ലക്ഷ്മിഅമ്മ—അത ശരിയാണ നീ പറഞ്ഞത. ഗൊപാലൻ തന്നെയാണ എല്ലാം പറയെണ്ടതും ചെയ്യെണ്ടതും- അവനൊട ആലൊചിച്ചാൽ മാത്രം മതി.

പാറുക്കുട്ടി—എങ്കിലും നിന്നൊടും കൂടി ചൊദിക്കെണമെന്നാണ ജെഷ്ടനും കൊച്ചുലക്ഷ്മിടെ അച്ഛനും എന്നൊട പറഞ്ഞിട്ടുള്ളത.

മീനാക്ഷി—എന്താണിത? എന്നാൽ പറയരുതെ?

പാറുക്കുട്ടി—(ചിരിച്ചുംകൊണ്ട) ചെറിയ തമ്പുരാൻ തിരുമനസ്സിലെക്ക ഇവിടെ ഒരു സംബന്ധം വെണമെന്ന വലിയൊരുതാല്പൎയ്യമുണ്ടത്രെ-അതകൊണ്ടആലൊചിപ്പാനാണ തെയ്യുൻമെനൊൻ വന്നിട്ടുണ്ടായിരുന്നത.

മീനാക്ഷി—ചെറിയ തമ്പുരാനെ മിനിഞ്ഞാന്ന അമ്പലത്തിൽ വെച്ചാണ ഞാൻ നടാടെ കണ്ടത- അനാവശ്യമായ നിലയും പത്രാസ്സും അവിടുത്തെക്ക ലെശം ഇല്ല- ആൾ എല്ലാംകൊണ്ടും ബഹു യൊഗ്യനാണെന്ന തൊന്നുന്നു- അവിടെക്ക സംബന്ധത്തിന്ന പറയുന്ന പെൺകിടാവ ഇവിടെ ആരാണ ഉള്ളത?

പാറുക്കുട്ടി—ഇവിടെ ആരും ഇല്ലാഞ്ഞിട്ടാണില്ലെ ഒന്നാം കാൎയ്യസ്ഥനെതന്നെ പറഞ്ഞയച്ചത? അവിടെക്ക നല്ലവണ്ണം പറയും- പറയാതിരിക്കില്ല.

മീനാക്ഷി—(പരിഭ്രമത്തൊടെ)ആൎക്കാണ?അത കെട്ടൊട്ടെ.

പാറുക്കുട്ടി—നീ വിളക്കും കൊളുത്തി വെച്ചാണില്ലെ തിക്ക വെണ്ടി നടക്കുന്നത- അവിടെക്ക പറയുന്നതും പറയാത്തതും നീ ആലൊചിക്കെണ്ട- നിണക്ക സമ്മതം തന്നെയല്ലെ?

മീനാക്ഷി—(മുഖം താഴ്ത്തിക്കൊണ്ട) അമ്മാമൻ എന്നിട്ട എന്താണ മറുവടി പറഞ്ഞയച്ചത?

പാറുക്കുട്ടി—ജെഷ്ഠന്ന വളരെ സമ്മതമാണ ഇതപ്രകാരം നടക്കുന്നത- നിന്റെ അച്ഛനൊടും അപ്പയൊടും മറ്റും അന്വെഷിച്ചിട്ട വെണ്ടത്തക്ക പ്രകാരം ഉടനെ നടത്തുന്നതിലെക്ക യാതൊരു വിരൊധവും ഇല്ലെന്നാണ പറഞ്ഞത- തഹസിൽദാൎക്കും മറ്റും ഇതിനെപറ്റി ജ്യേഷ്ഠൻ എഴുതിയച്ചിട്ടുണ്ടെന്ന തൊന്നുന്നു- അവൎക്കൊക്ക ബഹു സന്തൊഷമായിരിക്കും.

മീനാക്ഷി—(കണ്ണുനീർ വാൎത്തു കരഞ്ഞുംകൊണ്ട) കഷ്ടം! ഞാൻ നിമിത്തം എന്തെല്ലാം ആപത്താണ എനിയും സംഭവിപ്പാൻ പൊകുന്നത? സൎവ്വ ജനങ്ങളും അമ്മാമന ശത്രുക്കളായെല്ലൊ? അമ്മാമന്റെ ഹിതത്തിന്നും താല്പൎയ്യത്തിന്നും വിപരീതം പ്രവൃത്തിച്ചു എന്ന ഒരു അപവാദം എനിക്കും വന്നുകൂടി- ഇംഗ്ലീഷ പഠി

ച്ചത കൊണ്ടാണ ആര പറഞ്ഞാലും കെൾക്കാതെ തൊന്ന്യാസിയായിട്ട ഗുരുത്വം കെട്ട പൊയത എന്ന ജനങ്ങൾക്ക ദുഷിപ്പാനും ഇട വന്നുവല്ലൊ? ഇതൊ ദൈവമെ എനിക്ക അവസാനത്തെ അനുഭവം?

പാറുക്കുട്ടി—എന്താണ നീ ഇങ്ങിനെ അസംബന്ധം പറ ഞ്ഞു കണ്ണീരൊലിപ്പിക്കുന്നത? ഇത്ര യൊഗ്യനായ ഒരു പുരുഷൻ ഈ മലയാള രാജ്യത്തിൽ എനി ആരാണു ള്ളത? അദ്ദെഹം എത്ര സുന്ദരനാണ? എത്ര ധനിക നാണ? എത്ര സമൎത്ഥനാണ? എത്ര വിദ്വാനാണ? ഇ തിനെല്ലാററിനും പുറമെ നമ്മുടെ സ്വന്തം തമ്പുരാ നും ആണ- ഇതിൽ പരമായ ഭാഗ്യം എനി എന്താണ അനുഭവിപ്പാനുള്ളത? ഈ രാജ്യക്കാർ മുഴുവനും നി ന്റെ മുമ്പിൽ മുണ്ടും കക്ഷത്താ വെച്ച വായിൽ കയ്യും പൊത്തി വന്നു നില്ക്കുമെല്ലൊ? ഠരം കനകമംഗലം മുഴുവനും നിന്റെ കല്പനക്കീഴിൽ ആകുമെല്ലൊ? നി ന്നെ ഇങ്ങിനത്തെ സ്ഥിതിയിൽ കാണുന്നത ഞങ്ങ ൾക്കെല്ലാം എന്തൊരു പരമാനന്ദകരമായിരിക്കും? ഇതൊന്നും ഒരു ലവലെശം ആലൊചിക്കാതെ വി ഡ്ഢിത്വം പറകയാണില്ലെ? നിന്റെ ബുദ്ധിസാമൎത്ഥ്യ വും ആലൊചനശക്തിയും എല്ലാം എന്തായ്പൊയി?

മീനാക്ഷി—(ഇടത്തൊണ്ട വിറച്ചുംകൊണ്ട) എന്തു ഗുണമു ണ്ടായാലും വെണ്ടില്ല- എന്തു തന്നെ അനൎത്ഥം സംഭ വിച്ചാലും വെണ്ടില്ല. എനിക്ക ആവശ്യമില്ല- ഈ കാ ൎയ്യം കൊണ്ട നിങ്ങളാരും എന്നൊട യാതൊന്നും പറ യെണ്ട- എനിക്ക ദൈവം അത വിധിച്ചിട്ടില്ല.

പാറുക്കുട്ടി—നിന്റെ വിധി! എനിക്ക കെൾക്കെ വെണ്ട- ✗ആ തൊട്ടിലെങ്ങാൻ കൊണ്ട ഇട്ടെക്കു- നിണക്ക ആ വശ്യമില്ല എന്നു പറവാൻ ഒരു സംഗതിവെണ്ടെ? വെ റുതെ വല്ല തൊന്ന്യാസവും പറഞ്ഞാൽ ആരാണ സ

ഛതിക്കുന്നത? എന്താണ കന്യാമഠത്തിൽ പൊയിസ ന്യസിച്ചു കാലം കഴിപ്പാൻ വിചാരിക്കുന്നുണ്ടോ?

ലക്ഷ്മിഅമ്മ—(മീനാക്ഷിയെ തലൊടിക്കൊണ്ട) എന്താണ മകളെ നീ ഇങ്ങിനെയെല്ലാം പറയുന്നത? എല്ലാംകൊണ്ടും തരപ്പെട്ട ഒരു ഭൎത്താവ വരുമ്പോൾ വെണ്ടാത്ത ശാഠ്യവും തകരാറും പറയരുത- തപസ്സുചെയ്യാൽകൂടി അദ്ദെഹത്തെ നമുക്ക കണികാണാൻപൊലും സാധിക്കുന്നതല്ല- അദ്ദെഹത്തിന്റെ അവസ്ഥ നീ നല്ലവണ്ണം അറിയാഞ്ഞിട്ടാണ- എന്റെ നിന്റെ മഹാഭാഗ്യംകൊണ്ട അദ്ദെഹത്തിന്ന ഇങ്ങിനെ തൊന്നിയതാണ- എന്റെ മകൾ യാതൊരു മുടക്കവും പറയെണ്ട- നിണക്ക പറ്റിയ ഭൎത്താവാണ.

മീനാക്ഷി—(ദീൎഘശ്വാസം ഇട്ടുംകൊണ്ട) നടക്കാത്ത കാൎയ്യത്തെപ്പറ്റി എന്തിനാണമ്മെ നിങ്ങൾ അധികം പറഞ്ഞ എന്നെ വ്യസനിപ്പിക്കുന്നത? നിവൃത്തിയുണ്ടെങ്കിൽ ഞാൻ അമ്മെടെ ഹിതത്തിന്ന ലെശം വിപരീതം പ്രവൃത്തിക്കില്ല- എനിക്ക ആവശ്യമില്ല.

പാറുക്കുട്ടി—എന്താണ ഒരു നിവൃത്തികെട വന്നത? അവിട്ടത്തെക്ക ഇംക്ലീഷ അറിയാത്തതുകൊണ്ടുള്ള നിവൃത്തികെടാണില്ലെ? നിന്റെ ഇംക്ലീഷും പരിന്ത്രീസ്സും എല്ലാംകൂടി ഇപ്പൊൾ ഉപദ്രവമായിട്ടാണ തീൎന്നിട്ടുള്ളത. ബി-എ- ജയിച്ച മിടുമിടുക്കന്മാർ മന്ത്രാറാളുണ്ടാകും അദ്ദെഹത്തിന്റെ പിന്നാലെ കുടയും വടിയും എടുത്ത നടപ്പാൻ- ഇംക്ലീഷ പഠിക്കാത്തവൎക്ക യൊഗ്യതയില്ലെന്നാണൊ നീ വിചാരിക്കുന്നത? നിന്റെ ഇംക്ലീഷ പഠിച്ചവരെയും അറിയും ഞാൻ, ഇംക്ലീഷ പഠിക്കാത്തവരെയും അറിയും.

മീനാക്ഷി—നിങ്ങൾ എന്തിനാണ കാൎയ്യം അറിയാതെ വൃഥാ ശഠിക്കുന്നത? ഞാൻ ഇംക്ലീഷകൊണ്ട വല്ലതും

ശബ്ദിച്ചുവൊ? അദ്ദെഹത്തിന്ന ഇംക്ലീഷ അറിഞ്ഞു കൂടാത്തത തന്നെ ഞാൻ അറിഞ്ഞിട്ടില്ല- ഞാൻ അത വിചാരിച്ചിട്ട പറയുന്നതും അല്ല. ഇംക്ലീഷ അറിയുന്നവരിൽ എനിക്ക അതിയായ ബഹുമാനവും അറിയാത്തവരിൽ ഒരു നിന്ദാഭാവവും ഇത രണ്ടും ഇല്ല.

പാറുക്കുട്ടി—എന്നാൽ ഇതിന്ന ഒരു കാരണം വെണ്ടെ? നിന്റെ ഉദ്ദെശം എന്താണ? അത കെൾക്കട്ടെ.

മീനാക്ഷി—ഒരു ഭൎത്താവിന്റെ ഒരുമിച്ചിരുന്ന തന്നെ എന്റെ ജീവകാലം കഴിക്കെണമെന്നാണ ഞാൻ തീൎച്ചപ്പെടുത്തീട്ടുള്ളത- അതുകൊണ്ട മാത്രമാണ എനിക്ക അദ്ദെഹം ആവശ്യമില്ല എന്നു ഞാൻ പറയുന്നത.

പാറുക്കുട്ടി—നിന്നെ അഞ്ചു പത്തു ഭൎത്താക്കന്മാരൊന്നിച്ച അയക്കെണമെന്നു ഞങ്ങൾക്ക യാതൊരാൾക്കും ഇല്ല താല്പൎയ്യം- ചെറിയ തമ്പുരാന്റെ സംബന്ധത്തിന്ന സ്ഥിരതയില്ലെന്നൊ നീ വിചാരിക്കുന്നത? ഛീ! ഛീ! അദ്ദെഹം ആ വക യാതൊരു വഷളത്വവും ചെയ്യുന്ന മനുഷ്യനല്ല- അവിടത്തെ ജീവാവസാനം വരെക്കും ഇതിന്ന ഒരു മുടക്കം വരില്ല- അദ്ദെഹത്തിന്റെ സ്വന്തം ജീവനെപ്പൊലെ സ്നെഹിച്ചുകൊണ്ട നടക്കും നിന്നെ- ഇത്ര നല്ല ഒരു പുരുഷനെ മറെറവിടെ നിന്നാണ കിട്ടാൻ പൊണത.

മീനാക്ഷി—എനിക്ക ഇപ്പൊഴുള്ള ഭൎത്താവതന്നെ മതി- നല്ലതും ചീത്തയും നൊക്കീട്ട എനി യാതൊരു പ്രയൊജനവും ഇല്ല.

പാറുക്കുട്ടി—അല്ലല്ല! അവസാനം എല്ലാംകൂടി ഇങ്ങിനെയായൊ? ഞങ്ങൾ യാതൊരാളെങ്കിലും അറിയാതെ നിണക്ക ഭൎത്താവിനെ നീ തന്നെ ഉണ്ടാക്കിയൊ? വെണ്ടില്ല! വെണ്ടില്ല! പുസ്തകം വായിച്ചു വായിച്ചു ഇത്തൊടം എത്തിയൊ?

മീനാക്ഷി—നിങ്ങാ എല്ലാവരുടെയും അറിവൊടും പൂൎണ്ണ സമ്മതത്തൊടും കൂടിയാണ ഞാൻ അദ്ദെഹത്തെ സ്വീകരിച്ചത- അന്ന നിങ്ങാക്ക എല്ലാവൎക്കും സമ്മതമുണ്ടായിരുന്നു- ഇന്നിങ്ങിനെ പറയുന്നതിന്ന ഞാനെന്തുചെയ്യും?

പാറുക്കുട്ടി—അദ്ദെഹം എന്ന നീ പറഞ്ഞത എത ദെഹത്തെകൊണ്ടാണ- എന്നായിരുന്നു ഒരം സ്വയംവരം കഴിഞ്ഞുകൂടിയത?

മീനാക്ഷി—(ലജ്ജയൊടും വ്യസനത്തൊടും കൂടി) അദ്ദെഹം ജ്യെഷ്ഠന്റെ കൂടമിച്ച ഇവിടെ വന്നതും എന്റെ പെരൊടുകൂടിയ ഒരു ഫിഡിൽ എനിക്ക സമ്മാനം തന്നതും നിങ്ങളുടെ നിൎബ്ബന്ധം സഹിക്കരുതാഞ്ഞിട്ട ഞാൻഒരു തൊപ്പി തുന്നി അമ്മയുടെ കയ്യായി അദ്ദെഹത്തിന്ന പകരം കൊടുത്തതും അത അപ്പൊാ തന്നെ അദ്ദെഹം അത്യന്തം സന്തൊഷത്തൊടും ആദരവൊടുംകൂടി തന്റെ തലയിൽ ഇട്ടതും പൊകുമ്പൊാ പ്രെമസൂചകമായി എന്നൊട ചിലത പറഞ്ഞതും ഞാൻ അദ്ദെഹത്തിന്റെ ഹിതാനുസരണമായി അനുതന്നെ എന്റെ പെരിൽ ചില ഭെദഗതി വരുത്തിയതും ഇതെല്ലാം നിങ്ങളുടെ അറിവൊടുകൂടി ഉണ്ടായതല്ലെ? "കുട്ടി ആകെങ്കിൽ കുഞ്ഞിയും ആക രണ്ടും പൊയ്ക്കൊട്ടെ" എന്ന നിങ്ങളുടെ മുഖെനയല്ലെ നാണിയെളെമ്മ പറഞ്ഞത? അച്ഛനും അമ്മാമനും ജ്യെഷ്ഠനും നിങ്ങാ എല്ലാക്കും ഇത അത്യന്തം സന്തൊഷവും സമ്മതവും ആണെന്ന കണ്ടിട്ട ഞാൻ അന്ന എന്റെ മനസ്സുകൊണ്ട അദ്ദെഹത്തെ എന്റെ ഭൎത്താവായി സ്വീകരിച്ചിരിക്കുന്നു. അത മുതൽ ഞങ്ങാ അന്യൊന്യം കൂടക്കൂടെ എഴുത്തുകാ അയക്കുകയും ക്ഷെമവൎത്തമാനത്തെപ്പററി അന്വെഷിച്ചു

വരികയും ചെയ്യുവരാറുണ്ട- ന്യായാനുസരണമായി വിവാഹം കഴിപ്പാൻ അദ്ദെഹം എന്റെ പ്രായസ ന്ധ്യം കാത്തുകൊണ്ടിരിക്കയാണ ചെയ്യുന്നത- അതു കൊണ്ട ഇന്ദ്രാണിയുടെ സ്ഥാനം തരുമെന്ന പറഞ്ഞ ദെവെന്ദ്രൻ താൻതന്നെ വന്നാലും എനിക്ക എനി ആവശ്യമില്ല. എന്തിനാണ അധികം പറയുന്നത? ൟ ജന്മം ഞാൻ വെറെ ഒരു പുരുഷനെ എന്റെ മനസാ വാചാ കൎമ്മണാ സ്വീകരിക്കയില്ല. എന്റെ ൟ നിശ്ചയത്തിന്ന വിപരീതം പ്രവൃത്തിപ്പാൻ നി ങ്ങാം ഒരുങ്ങുന്ന പക്ഷം എന്റെ അച്ഛനാണ നിങ്ങ ളാണ അമ്മെ അന്ന ഞാൻ എന്റെ ജീവനെ ഉ പെക്ഷിച്ചുകളയും.

മീനാക്ഷി ഇങ്ങിനെ പറഞ്ഞു തന്റെ അമ്മയുടെ മുഖ ത്തു നൊക്കി കണ്ണുനീർ ചൊരിച്ചു നിട്ടുവീൎപ്പിട്ട കരയുന്നത കണ്ടിട്ട ലക്ഷ്മിഅമ്മയും പാറുക്കുട്ടിയും പൊട്ടിക്കരഞ്ഞു- മൂ ന്നുപെരും തങ്ങളിൽ കെട്ടിപ്പിടിച്ചും ആശ്ലെഷിച്ചും വിലാ പിച്ചും കണ്ണുനീർ പൊഴിച്ചും ഇങ്ങിനെ ഏകദെശം ഒരു പതി നഞ്ച മിനുട്ട നെരം വ്യസനിച്ചുകൊണ്ടിരുന്നു- കണ്ണിലെ വെള്ളം ഏതാണ്ട വററി കണ്ണു കലങ്ങിയതിന്റെ ശെഷം ലക്ഷ്മി അമ്മ തെല്ലു ധൈൎയ്യത്തൊടെ തന്റെ തൊൎത്തുമു ണ്ടുകൊണ്ട മകളുടെ കണ്ണും മുഖവും തുടച്ചു രണ്ടുനാലു പ്രാ വശ്യം മൂൎദ്ധാവിൽ ചുംബിച്ചു ആശ്വാസിപ്പിച്ചുംകൊണ്ട പതു ക്കെ പറഞ്ഞു.

ലക്ഷ്മിഅമ്മ—മകളെ! നിന്റെ ബുദ്ധിഗുണവും മൎയ്യാദയും ഭൎത്തൃസ്നെഹവും വിശ്വാസവും വിചാരിക്കുമ്പൊാം എ ന്റെ കണ്ണിൽ രണ്ടാമതും വെള്ളം നിറയുന്നു- എന്നാ ൽ അത സന്തൊഷാധിക്യംകൊണ്ട മാത്രമാണ- നീ ഇങ്ങിനെ തീൎച്ചപ്പെടുത്തീട്ടുണ്ടെങ്കിൽ നിന്റെ ഹിത ത്തിന്ന വിരൊധമായി ഞങ്ങാം യാതൊരാളും പ്രവൃ

ത്തിക്കയില്ലെന്ന മാത്രമല്ല കൂട്ടന്ന വെഗത്തിൽ അ
ത നിവൃത്തിയാക്കിത്തരാൻ അത്യുത്സാഹം ചെയ്യുക
യുംചെയ്യും. നീ വ്യസനിച്ചു മനസ്സു പുണ്ണാക്കാതെ ധൈ
ൎയ്യപ്പെട്ടിരിക്കൂ- ഗൊപാലനൊട ഈ എല്ലാ വിവര
വും നാളെ രാവിലെ ഞാൻ തന്നെ പറഞ്ഞു മന
സ്സിലാക്കുന്നുണ്ട- നിന്റെ മെൽ സ്നെഹവും ബഹുമാ
നവും വൎദ്ധിക്കയല്ലാതെ അവന്ന ഇത നിമിത്തം
ഒരു ലെശം സുഖക്കെടുണ്ടാകുമെന്ന വിചാരിച്ചു നീ
വ്യസനിക്കെണ്ട- ഈ കാൎയ്യത്തിൽ തെല്ലു വകതിരി
വുള്ള യാതൊരാളും നിന്നെ ദൂഷ്യം പറകയില്ല- നി
ന്റെ അച്ഛനും ഞാൻ നാളെ ഠരം സംഗതിക്ക ഒരു
എഴുത്തയക്കും. അദ്ദെഹത്തിന്ന ഇത വളരെ സന്തൊ
ഷമായിരിക്കും- ചെറിയ തമ്പുരാൻ ഒരു സമയം ന
മ്മൊട കൊപിക്കാനും മതി. രാജാക്കന്മാരുടെ വിരൊ
ധം ഭയപ്പെട്ടു മൎയ്യാദ തെറ്റിനടപ്പാൻ അശെഷം പാ
ടില്ല- പ്രജകളുടെ മാനമൎയ്യാദയെ രക്ഷിക്കെണ്ടുന്ന
ഭാരവാഹിത്വം രാജാക്കന്മാൎക്കാണ- അവൎക്ക അത
തെററാമെന്നുണ്ടെങ്കിൽ പിന്നെ ആ കാൎയ്യത്തിൽ ന
മുക്ക അത്ര ഭയപ്പെടാനും ഇല്ല- എന്താണ ഈ കാ
ൎയ്യത്തിൽ പാറുക്കുട്ടിക്കുള്ള അഭിപ്രായം?

പാറുക്കുട്ടി—ചെറിയ തമ്പുരാൻ മുഷിഞ്ഞാലും വെണ്ടില്ല-
വലിയ തമ്പുരാൻ തന്നെ മുഷിഞ്ഞാലും വെണ്ടില്ല-
നമുക്ക എനി ആവശ്യമില്ല- കുഞ്ഞിശ്ശങ്കരമെനൊൻ
തന്നെ മതി നമുക്ക- വരുന്നതെല്ലാം വരട്ടെ- എനി
ഒരു സംശയം മാത്രമെയുള്ളൂ- ഇവൾക്ക കുഞ്ഞിശ്ശങ്കര
മെനൊനിൽ ദൃഢമായ അനുരാഗവും വിശ്വാസവും
ഉണ്ടെന്ന നമുക്ക ഇപ്പൊൾ പ്രത്യക്ഷമായി- എന്നാ
ൽ ഇതപൊലെ തന്നെ അദ്ദെഹത്തിന്ന ഇവളിലും
അനുരാഗം ഉണ്ടെന്നുള്ളതിന്ന ഇവളുടെ വെറുംവാ

ക്കല്ലാതെ നമുക്ക വിശെഷിച്ച യാതൊരു ലക്ഷ്യവും ഇല്ലെല്ലൊ- പരമാൎത്ഥം അറിയാതെ സന്തൊഷിച്ചാൽ അതിന്നുമാത്രം പിന്നെ സന്താപിക്കെണ്ടിയും വരും. പിടിച്ചതിനെ വിട്ടിട്ട പറക്കുന്നതിൻെറ പിന്നാലെ ഓടാൻ തെല്ലു ആലൊചിച്ചിട്ട വെണം.

ലക്ഷ്മിഅമ്മ—മകളെ! നിണക്ക ഈയിടയിൽ അദ്ദെഹംവല്ല എഴുത്തും അയച്ചിട്ടുണ്ടായിരുന്നുവൊ? ഉണ്ടെങ്കിൽ അത കാണട്ടെ- എനി ഒളിച്ചുവെക്കെണ്ടുന്ന ആവശ്യമില്ല- അത കണ്ടാൽ എന്താണ്ട നിശ്ചയിക്കാം.

മീനാക്ഷി—എനിക്ക മിനിഞ്ഞാന്നും കൂടി ഒരു എഴുത്ത കിട്ടിയിരിക്കുന്നു- അതിൽ എല്ലാ സംഗതിയും അദ്ദെഹം കാണിച്ചിട്ടുണ്ട.

പാറുക്കുട്ടി—എന്നാലതൊന്നു നൊക്കട്ടെ- എഴുത്ത ഇംക്ലീഷിലൊ മലയാളത്തിലൊ? ഇംക്ലീഷകത്താണെങ്കിൽ കുറുക്കനെ ആമയെ കിട്ടിയത പൊലെ ഞങ്ങാം വിചാരിച്ചാലെന്തൊരു നിവൃത്തിയാണ?

മീനാക്ഷി—മിനിഞ്ഞാന്ന അയച്ച എഴുത്ത മലയാളത്തിൽ തന്നെയാണ.

പാറുക്കുട്ടി—ആള ബഹു രസികനാണ കുഞ്ഞിശ്ശങ്കരമെനൊൻ- പണം എത്രയാണ കിട്ടുന്നതെന്ന കണക്കില്ല- മാസം ഒന്നുക്ക ശരാശരി രണ്ടായിരം ഉറുപ്പികയിൽ കുറയാതെ കിട്ടുന്നുണ്ടുപൊൽ- അദ്ദെഹത്തിൻെറ ഭാഗ്യത്തെപ്പറ്റി കൊച്ചുലക്ഷ്മിടെ അച്ഛൻ കൂടക്കൂടെ പറയാറുണ്ട.

മീനാക്ഷി—ഒരു കഴിഞ്ഞ സെഷ്യൻകെസ്സിന്ന സെലത്ത വന്നിട്ടുണ്ടായിരുന്നു- ചിലവ കഴിച്ച രണ്ടായിരത്ത ഞ്ഞൂറുറുപ്പിക ആ കെസ്സിൽ കിട്ടിയിരിക്കുന്നു.

പാറുക്കുട്ടി—അദ്ദെഹം ഇപ്പൊൾതന്നെ എല്ലാ കണക്കുകളും നിണക്ക അയച്ചുതരാറുണ്ടില്ലെ? ഇതെല്ലാം ആ

രറിഞ്ഞിരിക്കുന്നു? നിങ്ങടെ ഫിഡിൽകൊണ്ടും തൊ
പ്പികൊണ്ടും പുടമുറി കഴിച്ചതും ഭാൎയ്യാഭൎത്താക്കന്മാരാ
യതും അന്യോന്യം എഴുത്തയച്ച സങ്കല്പസുഖം അ
നുഭവിക്കുന്നതും എനിക്ക ഇന്ന മാത്രമെ മനസ്സിലാ
യിട്ടുള്ളു- നിങ്ങടെ വല്ലാത്ത കൂട്ടര തന്നെ-നാല സം
വത്സരം മിണ്ടാതെ കഴിച്ചുകൂട്ടിക്കളഞ്ഞില്ലെ? ആ എ
ഴുത്ത എവിടുത്തു.

മീനാക്ഷി—ആ മെശപ്പുറത്തവെച്ച പുസ്തകത്തിന്റെ ഉ
ള്ളിലതാ ഒരു ലക്കൊട്ടിൽ.

പാറുക്കുട്ടി—ഇവടെ പുസ്തകം അധികം വായിക്കാറില്ലെന്ന
പറഞ്ഞത ശരിയാണ- എഴുത്തും നൊക്കി ഓരൊന്ന
വിചാരിച്ചു സന്തൊഷിച്ചുംകൊണ്ടിരിക്കും- ഉറങ്ങുന്ന
സമയം അത ഒന്നിച്ചുതന്നെ വെക്കാറുണ്ടെന്നു തൊ
ന്നുന്നു.

എന്നു പറഞ്ഞു പാറുക്കുട്ടി പുസ്തകത്തിന്റെ ഉള്ളിൽ
നിന്ന എഴുത്തെടുത്ത നിവൃത്തി വിളക്കത്ത നൊക്കി പതു
ക്കെ വായിച്ചു ചിറിച്ചുംകൊണ്ട അത ലക്ഷ്മിഅമ്മയുടെ ക
യ്യിൽ കൊടുത്തു-മീനാക്ഷി ശൃംഗാര ലജ്ജയെ നടിച്ചുകമ്പിട്ടു
നിന്ന കാൽവിരൽകൊണ്ട നിലത്ത ഓരൊന്ന വരച്ചുതുട
ങ്ങി- ലക്ഷ്മിഅമ്മ വിളക്കിന്റെ അടുക്കെ ചെന്നുനിന്ന എ
ഴുത്ത വായിക്കയായി- അത താഴെ പറയും പ്രകാരമുള്ള അ
ഞ്ചു ശ്ലൊകങ്ങളായിരുന്നു.

മദോശി·

നവെമ്പ്ര 8-ാംനു-

“കല്യാണമസ്തു”

“നാനാഗുണങ്ങളിടതിങ്ങിവിളങ്ങിഭംഗ്യാ
ഭീനെഷുഭൂരികൃപയാ മരുവും സുശീലെ
പീനസ്തനീ നികര ചാരുകലാപഷിരെ
മീനാക്ഷികെളയിഗിരം മമ സാവധാനം.

തണ്ടാർതൊഴും പട്ടലലൊല വിലൊചനെനിൻ
കൊണ്ടാട്ടമൊമനകളെബര കാന്തിപൂരം
കണ്ടന്നതൊട്ടനുദിനം വളരുന്ന മൊഹം
മിണ്ടാതെകണ്ടിതുവരക്കു മമത്തിവെച്ചെൻ.

കാളാംബുദപ്രതിമ കൊമള കെശവുംനിൻ
ലൊലംബകമ്രമളകാവലിയും വിശെഷാൽ
ബാലാബ്ജസന്നിഭ ലലാടവുമൊത്തിടുമ്പൊഠം
കാളുന്നുകെ ളശമസായക വഹ്നി ചിത്തെ.

നിയ്യെന്നിയില്ല ശരണം കുസുമായുധാസ്ത്ര
ത്തിയ്യിൽകിടന്നു പൊരിയുന്നൊരെനിക്കപാൎത്താൽ
ചെയ്യായ്കിലൊ കരുണ നീ മയി ദീനനാംഞാൻ
പൊയ്യല്ല കാലനുടെ കയ്യിലകപ്പെട്ടും കെഠ.

കുന്ദപ്രസൂന രദനെ തവമന്ദഹാസ
മന്ദാക്ഷമഞ്ജുള കടാക്ഷ വിലാസഭാവം
ഒന്നിച്ചിരുന്നനുഭവിപ്പതിനിങ്ങു യൊഗം
വന്നീടുമൊ സുമുഖിചൊൽക മടിച്ചിടാതെ.?"

സ്വാന്തം- കുഞ്ഞിശ്ശങ്കരമെനൊൻ.

എഴുത്ത വായിച്ചുനൊക്കി ചിരിച്ചുംകൊണ്ട ലക്ഷ്മിഅമ്മ കട്ടിലിന്മെൽതന്നെ പിന്നെയും ചെന്നു കുത്തിരുന്നു. പാറു കുട്ടിയുടെ മുഖത്ത നൊക്കി അത്യന്തം സന്തൊഷത്തൊടെ പറഞ്ഞു.

ലക്ഷ്മി അമ്മ—കുററമല്ല ഇവാംക്ക അദ്ദെഹത്തിൻെറ മെൽ അനുരാഗം ഇങ്ങിനെ ഉറച്ചുപൊയത- ഠരം എഴുത്ത അതിനു മാത്രം ഉണ്ട. എനി സംശയിപ്പാൻ യാതൊന്നും ഇല്ല. കഴിയുന്ന വെഗത്തിൽ വിവാഹം കഴിച്ചു കൊടുക്കുക തന്നെ വെണ്ടത.

പാറുക്കുട്ടി—അദ്ദെഹത്തിൻെറ ഒന്നാമത്തെ അപെക്ഷ തന്നെ അതാണ- "കല്യാണമസ്തു" എന്ന ആദ്യം എഴുതിയത കണ്ടില്ലെ?

ലക്ഷ്മി അമ്മ—അദ്ദേഹം നല്ല തന്റേടമുള്ള പുരുഷനാ ണ- കാമുകചിത്തവൃത്തിയെ അനുസരിച്ച ഏനക്ഷയമായി വളരെ ഒന്നും എഴുതീട്ടില്ല- ചില ശൃംഗാര ശ്ലോകം കെട്ടാൽ മുഖത്ത തുപ്പുകൊടുക്കാൻ തൊന്നും- ഇത ആൾ കാണുന്നതിന്നും ആരെ കെറ്റപ്പിക്കുന്നതിന്നും വിരൊധമില്ല.

പാറുക്കുട്ടി—അദ്ദേഹം സ്വതെ തന്നെ ഏനമുള്ള ഒരാളായതകൊണ്ട അങ്ങിനെ അല്ലാതെ വരാൻ പാടില്ല- ഇതിന്ന വല്ല മറുവടിയും അയച്ചിട്ടുണ്ടൊ എന്ന നാം അന്വെഷിക്കെണ്ടതല്ലെ.

ലക്ഷ്മി അമ്മ—നിശ്ചയമായിട്ടും വെണ്ടതതന്നെ- (മീനാക്ഷിയുടെ നെരെ നൊക്കീട്ട) മകളെ നീ അയച്ച മറുവടിയുടെ പകപ്പ് വെച്ചിട്ടുണ്ടൊ ഉണ്ടെങ്കിൽ അത എവിടെ? അതുംകൂടി ഒന്ന കാണട്ടെ.

മീനാക്ഷി—അമ്മെ ഇതവരെ ഞാൻ ആ കാൎയ്യം ആലൊചിച്ച തന്നെ കഴിഞ്ഞു- മറുവടി എനിയും അയച്ചിട്ടില്ല- വല്ലതും എഴുതി നാളെത്തെ തപ്പാൽക്ക അയക്കാം.

പാറുക്കുട്ടി—രണ്ടമൂന്ന ദിവസമായിട്ടും ഇതവരെ മറുവടി അയക്കാത്തത നന്നായിട്ടില്ല- അദ്ദേഹം എന്തൊ ശങ്കിച്ച വ്യസനിക്കുന്നുണ്ടായിരിക്കാം- ഈ വക എഴുത്തിന്ന അന്നന്നെരം മറുവടി അയക്കെണ്ടതാണ.

മീനാക്ഷി—എന്താണ ഞാൻ എഴുതെണ്ടത? എനിക്ക ഒരു സാധനവും തൊന്നുന്നില്ല.

പാറുക്കുട്ടി—നിണക്ക തൊന്നാഞ്ഞിട്ട കാൎയ്യം ഇത്രൊടം കൊണ്ടന്നു വെച്ചില്ലെ- എനി വെഗത്തിൽ മുഴുവനാക്കി കളയുന്നതാണ നല്ലത.

ലക്ഷ്മിഅമ്മ—മറുവടിയിൽ വെണ്ടാത്ത വിഡ്ഢിത്വം ഒന്നും എഴുതരുതെ- ചൊദിച്ചതിന്ന തക്കതായ മറുവടിയാ

യിരിക്കണം- എന്നാൽ മാത്രം മതി- അധികം എഴുതീട്ട യാതൊരു പ്രയൊജനവും ഇല്ല.

പാറുകുട്ടി—ഇവർ എന്തതന്നെ വിസ്ഥിതം എഴുതി അയച്ചാലും അദ്ദെഹത്തിന്ന ബഹു രസമായിരിക്കും-ഇതിന്നുമുമ്പെ എന്തെല്ലാം തൊന്ന്യാസം ഇവര അങ്ങട്ടും ഇങ്ങട്ടും എഴുതി അയച്ചിട്ടുണ്ടെന്ന ആര കണ്ടു? എന്നി പറയുന്നതും പറയാത്തതും രണ്ടും സമമാണ.

മീനാക്ഷി—എന്തൊ! ഞാൻ ആലൊചിച്ച നൊക്കീട്ട എനിക്ക ഒന്നും തൊന്നുന്നില്ല.

പാറുകുട്ടി—ഞങ്ങൾ നിന്റെ അടുക്കെയുള്ളതകൊണ്ടായിരിക്കാം തൊന്നാത്തത- പക്ഷെ ഞങ്ങൾ പൊയ്ക്കൊള്ളയാം- പകപ്പ ഞങ്ങളെക്കൂടി കാണിക്കണെ.

മീനാക്ഷി—എന്താണ നിങ്ങൾക്ക അസ്സൽതന്നെ കാണരുതെന്നുണ്ടൊ?

ലക്ഷ്മിഅമ്മ—പകപ്പ കണ്ടാലും വെണ്ടില്ല അസ്സൽ കണ്ടാലും വെണ്ടില്ല- നീ അധികം ഉറക്കൊഴിക്കാതിരുന്നാൽ മതി. മറുവടി പക്ഷെ നാളെ രാവിലെ എഴുതാം.

പാറുകുട്ടി—നല്ല ഉറക്ക വരെണമെങ്കിൽ എനിയും കുറെക്കൂടി കഴിയെണ്ടി വരും- അതിനിടയിൽ ഉറങ്ങാൻ പറയുന്നത വൃഥാവിലാണ.

മീനാക്ഷി—എളെമ്മക്ക എത്ര പറയാം- ഒരു പ്രാവശ്യൊ രണ്ട പ്രാവശ്യൊ പറഞ്ഞാൽ പൊരെ?

പാറുകുട്ടി—എന്നാലങ്ങിനെ ആയിക്കളയാം- എനി എല്ലാം നമുക്ക രാവിലെ പറയാം നീ ഉറങ്ങാൻ നൊക്കു- ഞങ്ങളും പൊയുറങ്ങട്ടെ.

ലക്ഷ്മിഅമ്മയും പാറുകുട്ടിയും കൂടി മീനാക്ഷിയെ തനിയെ വിട്ടെച്ച പുറത്ത കടന്ന അവരവരുടെ മുറികളിൽ എത്തുന്നതിന്ന മുമ്പായിട്ടതന്നെ ചിന്താ സന്താപങ്ങൾ ഇവളുടെ മനസ്സിൽ കടന്നുകൂടി- അവിടെനിന്ന എഴുനീററ ഇ

വാം വാതിൽ അടച്ച തഴുതിട്ട മുമ്പ താൻ ഇരുന്നിട്ടുണ്ടാ യിരുന്ന കസെലമെൽ തന്നെ ചെന്നു കുത്തിരുന്നു മനസ്സു കൊണ്ട വിചാരിക്കയായി "ഞങ്ങളുടെ അന്യോന്യമുള്ള അനു രാഗം ഇതുവരെ എന്റെ അമ്മയെപ്പൊലും അറിയിക്കാ തിരുന്നത വളരെ കഷ്ടമായിപ്പൊയി- പക്ഷെ തെയ്യൻ മെനൊൻ ഇവിടെ വരാനും ഇങ്ങിനെ ഒരു സംബന്ധം ആലൊചിക്കാനും അഛനും ജെഷ്ടനും മററും അമ്മാമൻ ഇതിനെപ്പററി എഴുത്തയക്കാനും ഇതിനൊന്നും ഇടവരു ന്നതല്ലായിരുന്നു- ജെഷ്ടനും അദ്ദെഹവും തമ്മിലുള്ള അതി സ്നെഹം വിചാരിച്ചാൽ അമ്മാമൻ അയച്ചുവെന്നു പറയു ന്ന എഴുത്ത ജെഷ്ടൻ ഒരു സമയം അദ്ദെഹത്തിനെ കൂടി കാണിച്ചിട്ടുണ്ടായിരിക്കണം- എഴുത്ത കണ്ടപ്പൊൾ അദ്ദെ ഹത്തിന്റെ മനസ്സിൽ എത്ര കുണ്ഠിതവും വ്യസനവും ജ നിച്ചിട്ടുണ്ടായിരിക്കണം! യാതൊരു കഥയും ഇല്ലാത്ത ച പല സ്ത്രീകളിൽ ഒരുത്തിയാണ ഞാൻ എന്നു വിചാരിക്കു ന്നുണ്ടായിരിക്കാം- മിനിഞ്ഞാന്നതന്നെ ഞാൻ മറുവടി അ യച്ചിട്ടുണ്ടായിരുന്നുവെങ്കിൽ ഇപ്പൊൾ ഇത്രയൊന്നും വ്യ സനിക്കെണ്ടതില്ലയായിരുന്നു- കഷ്ടകാലം കൊണ്ട എനി ക്കതിന്ന മനസ്സു വന്നില്ല- അമ്മാമന്റെ എഴുത്തിൽ പ്ര സ്താവിച്ച സംഗതിക്ക വിപരീതമായി ഞാൻ എനി ഒരു മ റുവടി അയച്ചാൽ ആരാണ വിശ്വസിക്കുന്നത- എന്താണ ഞാൻ മറുവടി എഴുതെണ്ടത- എങ്ങിനെയാണ ഞാൻ എ ന്റെ അനുരാഗം പ്രത്യക്ഷമായി പറയുന്നത- പ്രത്യക്ഷ പ്പെടുത്താതെ എനി എത്ര ദിവസത്തൊളം ഇരിക്കാം- ല ജ്ജ കൂടാതെ വല്ല തൊന്ന്യാസവും ഞാൻ എഴുതി അയച്ചാ ൽ അദ്ദെഹം എന്ത വിചാരിക്കും. എതായാലും ഒരു മറുവ ടി അയക്കാതിരിപ്പാൻ എനി തരമില്ല."

മീനാക്ഷി ഇങ്ങിനെ വിചാരിച്ച ശൊകാവെശത്തൊടു കൂടി കുഞ്ഞിശ്ശങ്കരമെനൊന്റെ പ്രെമ പത്രിക എടുത്ത ഒ

രു പ്രാവശ്യംകൂടി വായിച്ചു കുറെ നെരം അതിനെ തന്റെ മാറത്തും മുഖത്തും അണച്ചു പുളകൊൽഗമത്തൊടെ മെശ തുറന്നു ഒരു കത്ത കടലാസ എടുത്ത അതിൽ ഒരു മറുവടി എഴുതി വിശെഷമായ ഒരു ലക്കൊട്ടിൽ ആക്കി മെശയിൽ തന്നെ വെച്ചു തെല്ല മനസ്സുസ്ഥതയൊടു കൂടി അന്നെത്തെ രാത്രി ഒരുവിധെന കഴിച്ചുകൂട്ടി. പിറെന്നാൾ രാവിലെ അത ലക്ഷ്മിഅമ്മയെയും മറ്റും കാട്ടി അവരുടെ പൂൎണ്ണസമ്മതത്തൊടു കൂടി കിട്ടുണ്ണി വശം തപാലിലെക്ക അയച്ചു. അന്നു മുതൽ ദിവസംപ്രതി രാവിലെ എഴുനീറ്റ ഉടനെ കുളിച്ച ക്ഷെത്രത്തിൽ പൊയി തൊഴുതല്ലാതെ ഇവൾ യാതൊന്നെങ്കിലും പ്രവൃത്തിക്കുകയൊ വല്ലതും ഭക്ഷിക്കുകയൊ ചെയ്തിട്ടുണ്ടായിരുന്നില്ല. ഈ കഥ ഇപ്പൊൾ ഇങ്ങിനെ നിൽക്കട്ടെ.

മീനാക്ഷിയുടെ മറുവടി കുഞ്ഞിശ്ശങ്കരമെനൊന കിട്ടുന്നതിന്ന മുമ്പായിട്ട ഗൊപാലമെനൊന്റെ എഴുത്ത അച്യുതമെനൊന കിട്ടി- എന്നാൽ ഈ കാലത്ത ഇവർ രണ്ടുപെരും വെള്ളെറെ പാൎത്തു വരികയായിരുന്നു- അച്യുതമെനൊൻ പരീക്ഷ ജയിച്ചു ഹൈക്കൊട്ടിൽ വക്കീലായമുതല്ക്കാണ ഇവർ ഇങ്ങിനെ പാൎപ്പാക്കിയത- എങ്കിലും കൊടതിക്ക പൊകുന്നതും വരുന്നതും എല്ലാം രണ്ടുപെരും ഒരുമിച്ചതന്നെയാണ- കൊടതി പിരിഞ്ഞു വീട്ടിൽ എത്തിയാൽ മിക്ക സമയങ്ങളിലും ഇവർ രണ്ടുപെരും ഒരുമിച്ചുതന്നെ ഉണ്ടായിരിക്കും- ഇങ്ങിനെ ഇരിക്കെ ഒരു ദിവസം ഇവർ രണ്ടുപെരും കൂടി കൊടതിയിൽ നിന്ന മടങ്ങി ഒരെ വണ്ടിയിൽ കയറി വരുന്ന വഴി അച്യുതമെനൊൻ മെൽപറഞ്ഞ എഴുത്ത കുഞ്ഞിശ്ശങ്കരമെനൊന്റെ കയ്യിൽ കൊടുത്തിട്ട പറഞ്ഞു- "മീനാക്ഷിക്ക ഒരു സംബന്ധം ആലൊചിച്ചു വരുന്നു- അതിനെപ്പറ്റി അമ്മാമൻ എനിക്കെഴുതീട്ടുള്ളതാണ ഈ എഴുത്ത-ആലൊചിച്ചു വരുന്ന ഈ സംബ

ന്ധം നടക്കുന്നതായാൽ ഞങ്ങളുടെ മനോരഥിതം ഏതാണ്ട സാധിച്ചു എന്നു തന്നെ പറയാം'' ഇതു കെട്ടപ്പൊൾ കുഞ്ഞിശ്ശങ്കരമെനൊനുണ്ടായ പരിഭ്രമവും കുണ്ഠിതവും ഉള്ള പൊലെ എഴുതിക്കാണിപ്പാൻ ഞാൻ വിചാരിച്ചാൽ പ്രയാസം തന്നെ- തന്റെ അതുവരെയുള്ള എല്ലാ ഭാവങ്ങൾക്കും പെട്ടന്ന പ്രത്യക്ഷമായ ഒരു വികാരം സംഭവിച്ചു- ശരീരം ആസകലം വിയൎത്തു അധരൊഷ്ഠങ്ങൾ ഉണങ്ങി വറണ്ടു പൊയി- നിലാവത്ത പിടിച്ചിട്ട കൊഴിയെപ്പൊലെ പരിഭ്രമിച്ച എന്താണ ചെയ്യെണ്ടു എന്നറിയാതെ കുറെനെരം സ്വസ്ഥനായിരുന്നു- ഇദ്ദെഹത്തിന്റെ ഒരു ഭാവപ്പകൎച്ചയും കുണ്ഠിതവും കണ്ടിട്ട അച്ച്യുതമെനൊന പല സംശയവും ഉണ്ടായി- കുഞ്ഞിശ്ശങ്കരമെനൊന ഇങ്ങിനെയുള്ള ഒരു വിചാരം ഉണ്ടായിരുന്നു എന്ന അച്ച്യുതമെനൊൻ ഇതുവരക്കും അറിഞ്ഞിട്ടുണ്ടായിരുന്നില്ല- പക്ഷെ അദ്ദെഹം ഈ എഴുത്തതന്നെ കാണിക്കുന്നതല്ലയായിരുന്നു- എങ്കിലും കുറെ നെരം കഴിഞ്ഞതിൽ പിന്നെ കുഞ്ഞിശ്ശങ്കരമെനൊൻ അല്പം ധൈൎയ്യം കലൎന്നു അച്ച്യുതമെനൊനൊട ഇപ്രകാരം പറഞ്ഞു.

കു-ശ-മെ__സംബന്ധത്തിന്ന എല്ലാംകൊണ്ടും ഇപ്പൊൾ തന്നെയാണ തക്കസമയം- ആരാണ സംബന്ധം ആലൊചിക്കുന്നത? അന്യൊന്യം സമ്മതത്തൊടുകൂടി ആയിരിക്കാം.

അ-മെ—(കുണ്ഠിതത്തൊട കൂടി) നൊം മുമ്പ ഒന്നിച്ച പൊയ സമയം ഒരു ചെറിയ തമ്പുരാനുമായിട്ട സംസാരിച്ചില്ലെ? അദ്ദെഹമാണ- അന്യൊന്യ സമ്മതത്തൊട കൂടിയൊ എന്തൊ അതൊന്നും എഴുത്തിൽ കാണുന്നില്ല- എഴുത്ത വായിച്ചുനൊക്കിയാൽ ഞാൻ അറിഞ്ഞെടത്തൊളമുള്ള വിവരം മനസ്സിലാകുന്നതാണ.

കു-ശ-മെ—വായിച്ചുനൊക്കണമെന്നില്ല- നിങ്ങൾ പറഞ്ഞാ

ൽ മതി- ആ തമ്പുരാൻ അശെഷം തരക്കെടില്ല- നി
ങ്ങളുടെ സൊദരിക്ക പററിയ ഭൎത്താവ തന്നെയാ
ണ. പക്ഷെ—

അ-മെ—എന്താണ "പക്ഷെ" എന്ന മാത്രം പറഞ്ഞ അവ
സാനിപ്പിച്ചു കളഞ്ഞത?

കു-ശ-മെ—വിശെഷിച്ച ഒന്നും ഉണ്ടായിട്ടില്ല, നമ്മുടെ ഇട
യിൽ കഴിയുന്നെടത്തൊളം സംബന്ധം സ്വജാതി
യിൽ തന്നെ വെണം എന്ന അച്യുതമെനൊൻ പല
പ്പൊഴും പറഞ്ഞിട്ടുണ്ടായിരുന്നു- അത ൟ കാൎയ്യത്തി
ൽ സംബന്ധിക്കയില്ലയായിരിക്കാം.

അ-മെ—എന്റെ താല്പൎയ്യം ഇപ്പൊൾ ഒന്നും നടക്കില്ലെ
ല്ലൊ- എല്ലാം അമ്മാമന്റെയും അച്ഛന്റെയും താല്പ
ൎയ്യംപൊലെ അല്ലെ?

കു-ശ-മെ—അത ശരിയാണ- അവരുടെ ഹിതപ്രകാരം ത
ന്നെയാണ വെണ്ടത.

ഇങ്ങിനെപറയുന്ന മദ്ധ്യെ വണ്ടി അച്യുതമെനൊൻ പാ
ൎക്കുന്ന ഭവനത്തിന്റെ മുമ്പിൽ എത്തി. കുഞ്ഞിശ്ശങ്കര മെ
നൊൻ എഴുത്ത വാങ്ങിയ പാടതന്നെ അച്യുതമെനൊന
മടക്കികൊടുത്തു. അച്യുതമെനൊൻ വണ്ടിയിൽനിന്ന ഇ
റങ്ങുന്നതിന്ന മുമ്പായിട്ട കുഞ്ഞിശ്ശങ്കരമെനൊനെ ഒന്നിച്ച
ക്ഷണിച്ചുനൊക്കി-തനിക്ക അല്പം തിരക്കുണ്ട അതുകൊണ്ട
ഇപ്പൊൾ വരാനവസരമില്ല എന്നു പറഞ്ഞു അച്യുതമെ
നൊന്റെ ഒന്നിച്ച പൊകാതെ കഴിച്ചു- ഇതും അച്യുതമെ
നൊന വലിയ വിഷാദമായി- രണ്ടുപെരും പിന്നെ അധി
കം ഒന്നും പറയാതെ അവരവരുടെ വീട്ടിലെക്ക പൊയി.
അച്യുതമെനൊൻ വീട്ടിൽ എത്തിയ ക്ഷണത്തിൽ ൟ എ
ല്ലാ സംഗതിയെ പററിയും ഗൊപാലമെനൊന ഒരു എഴു
ത്തെഴുതി അന്നെത്തെ തപ്പാലിൽ പൊകത്തക്കവണ്ണം തീ
വണ്ടിസ്റ്റെഷനിൽ കൊടുത്തയച്ചു. കുഞ്ഞിശ്ശങ്കര മെനൊ

നം തന്റെ ഉടുപ്പ മാററുന്നതിന്ന മുമ്പായിട്ട ഒരു കത്തെ ഴുതി മീനാക്ഷിക്ക അപ്പൊൾ തന്നെ അയച്ചു- അതിൽപി ന്നെ ഒരു ചാരുകസെലമെൽ ചെന്നുകിടന്ന ആലൊചി ക്കയായി. "ഇതുകൊണ്ടുതന്നെ ആയിരിക്കാം മീനാക്ഷി എ ന്റെ എഴുത്തിന്ന യാതൊരു മറുപടിയും അയക്കാതിരുന്ന ത- കഷ്ടം തന്നെ. ഞാൻ എന്തെല്ലാം മനൊരാജ്യം വിചാ രിച്ചു വെച്ചിട്ടുണ്ടായിരുന്നു- അവസാനം ഇങ്ങിനെയാണെ ല്ലൊ വന്നുകൂടിയത. എന്തെല്ലാം ദിക്കിൽനിന്ന ആരുടെ എല്ലാംമുഖെന എനിക്ക സംബന്ധം ആലൊചിക്കയുണ്ടാ യി- ഒരു ഒരതിമൊഹം നിമിത്തം അതിനെല്ലാം ഞാൻ ഓ രൊ ഉപെക്ഷ പറകയല്ലെ ചെയ്തത. ഇപ്പൊൾ ഇങ്ങി നെ വ്യസനിപ്പാൻ സംഗതി വന്നെല്ലൊ. അവളുടെ സൌ ന്ദൎയ്യവും ബുദ്ധിസാമൎത്ഥ്യവും അസാധാരണമായ വിനയ വും ഇതുവരെ കാണിച്ചുവന്ന സ്നെഹവും ഇതെല്ലാം വിചാ രിക്കുമ്പൊൾ എന്റെ ദെഹം ദഹിച്ചുപൊകുന്നു- പുത്തൻ മാളികക്കൽ ഉള്ളവർ ഇത്ര ബുദ്ധിഹീനന്മാരാണെന്ന ഇതു വരെ ഞാൻ ഓൎത്തിട്ടുണ്ടായിരുന്നില്ല. ഞാനും ഗൊപാലമെ നൊനും തമ്മിൽ ചുരുങ്ങിയ കാലത്തിന്നിപ്പുറമുള്ള അതി സ്നെഹം വിചാരിച്ചു നൊക്കിയാൽ അദ്ദെഹം ഒരു സംഗതി യെപ്പററി എനിക്കും ഒരു കത്തയക്കെണ്ടതായിരുന്നു- ഒരു കാ ലത്ത സ്നെഹത്തിന്നും വിലയില്ല- എന്തായാലും അവൾ ഭാഗ്യമുള്ളവൾ തന്നെ. രാജഭാൎയ്യയായിരുന്ന നാനാസുഖങ്ങ ളും അനുഭവിക്കാം- ഞാൻമാത്രം ഭാഗ്യം കെട്ടവൻ. അവളു ടെ മനസ്സും ഹിതവും അറിയാതെ സൌന്ദൎയ്യം കണ്ടുസ്ഥാ ലിച്ച കണക്കിലധികം ഭ്രമിച്ചുപൊയതിനാൽ ഇപ്പൊളിങ്ങി നെ വിഷാദിക്കാറായി. ഒരു കുണ്ഠിതം എന്റെ ജീവാവ സാനംവരെ എന്നെ പിരിഞ്ഞ പൊകുകയൊ എനിക്ക ഇ ന്നുമുതൽ യാതൊരു കാൎയ്യത്തിലെങ്കിലും ഒരുന്മെഷം ഉണ്ടാ കുകയൊ ചെയ്യുമെന്ന തൊന്നുന്നില്ല. കഷ്ടം! കഷ്ടം!"

കുഞ്ഞിശ്ശങ്കരമെനൊൻ ഇങ്ങിനെ പലതും വിചാരിച്ചു ശോകാന്ധനായി ഏകദെശം പത്തുമണിവരെ തന്നെത്താൻ മറന്നു വിഷാദിച്ചതിന്റെ ശെഷം ഒടുവിൽ വാലിയക്കാരുടെ നിൎബ്ബന്ധം സഹിപ്പാൻ നിവൃത്തിയില്ലാഞ്ഞിട്ടു അവിടെനിന്നു പതുക്കെ എഴുനീറ്റു ഉടുപ്പു മാറ്റി കുളികഴിഞ്ഞു അത്താഴത്തിന്നു ചെന്നിരുന്നു- അണ്ണാക്കും തൊണ്ടയും ഉണങ്ങി വരണ്ടുപൊയതുകൊണ്ടു ഒരു പിടിച്ചൊറെങ്കിലും കിഴ്പ്പെട്ടിറങ്ങീല്ല- ഒടുവിൽ ഊണകഴിക്കാതെ തന്നെ എഴുനീറ്റു കയ്യും മുഖവും കഴുകി പിന്നെയും കുറെനെരം കുട്ടിചത്ത കുരങ്ങിനെപ്പൊലെ അന്ധനായിരുന്നതിൽ പിന്നെ എഴുനീറ്റു തന്റെ മുറിയിൽ പൊയി കിടന്നു- അന്നെത്തെ രാത്രി ഇദ്ദെഹം ഏതെല്ലാം വിധത്തിലാണ കഴിച്ചുകൂട്ടിയതു എന്നു ഇദ്ദെഹത്തിന്നു മാത്രം അറിയാം. കണ്ണു ചിമ്മീട്ടുണ്ടെങ്കിൽ മീനാക്ഷി തന്റെ അടുക്കൽ ഉണ്ടെന്നു അപ്പൊൾ തൊന്നും. കണ്ണുമിഴിച്ചാൽ യാതൊന്നും കാണുകയും ഇല്ല. ഇങ്ങിനെ ചിമ്മിയും മിഴിച്ചും തപ്പിയും നൊക്കിയും അന്നെത്തെ രാത്രി "അറുപതസെക്കണ്ടു ഒരുമിനിട്ടു- അറുപതുമിനിട്ടു ഒരു മണിക്കൂറ്" എന്നിങ്ങിനെ കണക്കു കൂട്ടിയും എണ്ണിയും ഒരു സംവത്സരം പൊലെ കഴിച്ചുകൂട്ടി- നെരം ഒരു വിധെന പുലൎന്നു- സാധാരണമായി അഞ്ചരമണിക്കു എഴുനീല്ക്കുന്ന ഒരു മനുഷ്യന്നു അന്നു കിടക്കുന്ന മുറിയിൽ വെയിൽകടന്നിട്ടും എഴുനീല്ക്കെണമെന്നൊ പതിവു പ്രകാരം വല്ലതും കഴിക്കെണമെന്നൊ കൊടതിക്കു പൊകെണമെന്നൊ ഒരു വക യാതൊരു വിചാരവും കൂടാതെ മനൊവെദനകൊണ്ടു കണ്ണുമിഴിപ്പാൻ അരുതാതെ ക്ഷീണിച്ചു അവിടെത്തന്നെ കിടന്നു. കൂടക്കൂടെ വാലിയക്കാർ വന്നു "ചായ തെയ്യാറായിരിക്കുന്നു- വെള്ളം കൊരിനിറച്ചിരിക്കുന്നു- ചില കക്ഷികൾ ഒണ്ടു മുറ്റത്തുവന്നു നില്ക്കുന്നു" എന്നിങ്ങിനെ പറയുന്നതിന്നു യാതൊരു മറുപടിയും പറയാതെ

വ്യസനാക്രാന്തനായി കിടക്കുന്ന മദ്ധ്യേ ഒരു തപാൽ ശിപാ യി എല്ലാവകയും കൂടി പത്തുപന്ത്രണ്ട ലക്കൊട്ടുകൾ കൊ ണ്ടവന്ന ഒരു വാല്യക്കാരൻെറ കയ്യിൽ കൊടുത്തു. അവ ൻ അതെല്ലാം എടുത്ത അകത്തെക്ക കടന്നുചെന്നു. കിട ന്ന ദിക്കിൽ നിന്ന എഴുനില്ക്കാതെയും കത്തുവാങ്ങി പൊളി ക്കാതെയും ഓരൊന്നിൻെറ മെൽവിലാസം മാത്രം നൊക്കി അവൻെറ കയ്യിൽതന്നെ മടക്കിക്കൊടുക്കുന്ന കൂട്ടത്തിൽ മീനാക്ഷിയുടെ മുൻപ്രസ്താവിച്ച മറുപടിയും ഉണ്ടായിരുന്നു- അതുകയ്യിൽ കിട്ടി മെൽവിലാസം നൊക്കിയ ക്ഷണത്തി ൽ കുഞ്ഞിശ്ശങ്കര മെനൊൻ എഴുനീററിരുന്നു- വാലിയക്കാ രനൊട പുറത്തെക്ക കടന്നുപൊവാൻ പറഞ്ഞിട്ട വെഗ ത്തിൽ ലക്കൊട്ട പൊളിച്ച കത്തെടുത്ത നിവൃത്തി വായി ച്ചു- അത താഴെ പറയുന്ന പ്രകാരമായിരുന്നു.

കനകമംഗലം.

നവെമ്പ്ര 13-ാംനു-.

ശ്രീ

വിജയീഭവ സർവ്വദാ മഹാത്മൻ
സുജനസ്വാന്തസരൊജ ഹംസമെനീ
അജനവ്യയനിന്ദിരാ മണാളൻ
നിജഭക്തപ്രിയ നാൎത്തിയൊക്കെനീക്കും.

മാന്താർശരൻെറ കമനീയ കളെബരാഭാം
കാന്ത്യാ ഭവാനപഹരിച്ചതു കൊണ്ടിദാനീം
എന്തിക്കയത്തവ നടത്തു രുഷാഭവന്തം
നീന്തിപ്പതിന്നു തുടരുന്നു വിഷാദസിന്ധൌ.

മുക്കണ്ണനിക്കമല സായകനെ നിജാക്ഷി
ത്തീക്കങ്ങു മുന്ന മിരയാക്കിയകാരണത്താൽ
ഓക്കാനമാമിവന്നു ശങ്കര ശബ്ദമാത്രം
കെൾക്കുന്നനെര മതുമൂലവു മുണ്ടുവൈരം.

തൽ പ്രെമപാത്രമഹ മെന്നതറിഞ്ഞുകൊപി
ച്ചിപ്പാപിയെന്നൊട്ട മണഞ്ഞുപിണക്കമായി
മൽപ്രാണരക്ഷണ ധുരംധരനാംഭവാൻ വ
ന്നിപ്പാട്ട രക്ഷതുവിഷാദഭരാകുലാംമാം.

എന്ന സ്വന്തം
മീനാക്ഷി.

കത്തുവായിച്ച ക്ഷണത്തിൽ ഇതവരെ വിഷാദമായിരു ന്ന തന്റെ മുഖത്ത അസാധാരണമായ ഒരു പ്രകാശവും സ ന്തൊഷവും പ്രസരിച്ചു. വായിച്ചിട്ടും വായിച്ചിട്ടും തൃപ്തിവരാ തെ ഒടുവിൽ അത മീനാക്ഷിയാണെന്നുള്ള സങ്കല്പത്തിന്മെ ൽ മാറത്തും മുഖത്തും അണച്ചു കാമുകന്മാരുടെ ചിത്തവൃ ത്തിക്കനുസരിച്ച പല പ്രവൃത്തിയും ചെയ്തു. ഇതൊടൊന്നി ച്ച ഇദ്ദെഹത്തിന്റെ സകല ക്ഷീണവും മാറി മുമ്പെത്തതി നെക്കാൾ മുഖപ്രകാശവും ശരീര ശക്തിയും കൂടി- മെതി യടിയും ചവിട്ടി വെഗത്തിൽ പുറത്തകടന്നുവന്ന വാലി യക്കാരെ വിളിക്കയും നെരത്തെ മടക്കികൊട്ടത്തിട്ടുണ്ടാ യിരുന്ന ലെക്കൊട്ടുകൾ എടുത്ത പൊളിക്കയും ചായയും പലഹാരവും കൊണ്ടുവരുവാൻ പറകയും കൊടതിക്ക നെ ത്തെ പൊകെണ്ടതാകകൊണ്ട ഉൗണ ക്ഷണത്തിൽ തെ യ്യാറാക്കണം എന്ന കല്പിക്കയും അന്നെക്ക വിചാരണക്ക വെച്ചിട്ടുള്ള അപ്പീൽ നമ്പ്രുകൾ എല്ലാം ക്രമപ്രകാരം തെ യ്യാറാക്കി കൊണ്ടുവരുവാൻ ഗുമസ്ഥന്മാരെ വിളിച്ച ഏല്പി ക്കയും ഇങ്ങിനെ പല തിരക്കുകളും കൂട്ടി തുടങ്ങി- കുളി ക ഴിയുന്നതിന്ന മുമ്പായിട്ട അവിടെനിന്നിറങ്ങി അച്യുതമെ നൊനെ ചെന്നു കണ്ടു അദ്ദെഹത്തെക്കൂടി ഇങ്ങട്ട ഉണ്ണാൻ ക്ഷണിച്ച ഒരുമിച്ച കൂട്ടികൊണ്ടുപൊന്നു- തലെദിവസം കു ഞ്ഞിശ്ശങ്കര മെനൊനുണ്ടായ വ്യസനവും കുണ്ഠിതവും അന്നെ ത്തെ ആഹ്ലാദവുംകണ്ടിട്ട അച്യുതമെനൊന്റെ മനസ്സി ൽ അത്ത്യത്ഭുതം ജനിച്ചു- രണ്ടുപെരുമൊരുമിച്ച ഉൗണു കഴി

ച്ചു വണ്ടി കയറി കൊടതിക്ക പൊകുന്ന വഴിക്ക മീനാക്ഷി യുടെ മറുവടിക്കത്ത അച്യുതമെനൊന്റെ കയ്യിൽ കൊടുത്തു. അദ്ദെഹം അതു വായിച്ചുനൊക്കി അത്യന്തം സന്തൊഷിച്ചു, താൻ ഗൊപാലമെനൊന കത്തയച്ചിട്ടുണ്ടെന്നുള്ള വിവരവും മററും തന്റെ സ്നെഹിതനൊടുപറഞ്ഞു- കുഞ്ഞിശ്ശങ്കരമെനൊൻ അന്നുതന്നെ ഈ സന്തൊഷ വൎത്തമാനത്തെപററി തന്റെ വീട്ടിലെക്ക പലെ കത്തുകളും എഴുതി അയച്ചു. മീനാക്ഷിയുടെ മനസ്സിൽ തലെദിവസം അയച്ച കത്തുകൊണ്ട യാതൊരു കുണ്ഠിതവും തൊന്നാതിരിപ്പാൻ വെണ്ടിയും മററും ഒരു അടിയന്തര കമ്പിയും അടിച്ചു. അച്യുതമെനൊനെക്കൊണ്ട ഒരു എഴുത്തു എഴുതിച്ചു കുഞ്ഞികൃഷ്ണമെനൊനും അയപ്പിച്ചു.

## ഇരുപതാം അദ്ധ്യായം.

### ശുഭോദയപ്രാപ്തി.

കൊച്ചമ്മാളു തന്റെ വ്രതാവസാനത്തിങ്കൽ തീൎത്ഥസ്നാനം ക്ഷെത്രോപവാസം മുതലായ സൽകൎമ്മങ്ങൾ ചെയ്തു പരിശുദ്ധയായി മടങ്ങിയെത്തിയതിന്റെ ശെഷവും ഹരിജയന്തൻ നമ്പൂരിപ്പാട അവളെ സ്വപുത്രിയെപ്പൊലെ സ്നെഹിച്ചു രക്ഷിച്ചുവരുന്നു എന്നു പതിനാറാം അദ്ധ്യായത്തിൽ പ്രസ്താവിച്ചു വെച്ചിട്ടുണ്ടല്ലൊ- കരുണാശാലിയായ ഈ നമ്പൂരിപ്പാടിന്റെ നിൎബ്ബന്ധം നിമിത്തം ഇവൾ സന്യാസവൃത്തിയെ ഉപെക്ഷിച്ചു ഐഹികസുഖം അനുഭവിച്ചു കാലക്ഷെപം ചെയ്യാൻതന്നെ രണ്ടാമതും നിശ്ചയിച്ചു. മുമ്പു അത്യന്തം ദുരാചാരയും ദുർവൃത്തയും ആയിരുന്ന ഇവൾ ഇപ്പൊൾ തന്റെ സദാചാരതൽപരത്വം നിമിത്തം സജ്ജനങ്ങളുടെ സന്തൊഷത്തിന്നും ബഹുമാനത്തിന്നും പ്രശംസക്കും പാത്രമായി, സന്മാൎഗ്ഗത്തിൽ നിന്നു ഒരംഗുലം പൊലും തെററാതെ സത്യധൎമ്മങ്ങളെ രക്ഷിച്ചു, അസതികളായ അനെകം സുന്ദരിമാരെ പാപകൂപത്തിൽ നിന്നു ഉദ്ധരിച്ചു രക്ഷിപ്പാൻ വെണ്ടുന്നതക്ക പല വഴികളെയും ഉപദെശിച്ചുകൊടുക്കുന്ന ഒരു ഉപാദ്ധ്യായിനിയായി തീരുകയാണ ചെയ്തിട്ടുള്ളത- കുലടാവൃത്തിയിൽ കെവലം പ്രവൃത്തമാരായിരുന്ന മിക്ക സുമുഖികളും ജനങ്ങൾ ഇവളുടെ നെരെ ഇപ്പൊൾ കാണിച്ചുവരുന്ന ബഹുമാനവും സ്നെഹവും കണ്ടിട്ട തങ്ങളും ഇവളെപ്പൊലെ തന്നെ സുവൃത്തമാരായി ശ്ലാഘനീയമാരായി തീരെണമെന്നുള്ള അത്യാഗ്രഹത്തൊട കൂടി അതിലെക്ക വെണ്ടി അത്യന്തം പരിശ്രമം ചെയ്തു തുടങ്ങി- അവസരമുള്ള സമയങ്ങളിലൊക്കെയും ഇവളെ വന്നു

കണ്ടു ഇവളുടെ ധൎമ്മോപദെശം കെട്ടു പൊകാത്ത സ്ത്രീകാം കനകമംഗലത്ത വളരെ ദുൎല്ലഭം പെര മാത്രമെ ഉണ്ടായിരുന്നുള്ളു.

ഇവാം അത്യന്തം ദുഷ്കരമായ വ്രതാനുഷ്ഠാനം ചെയ്തിരുന്നതിനാൽ ശരീരം മെലിഞ്ഞു ക്ഷീണിച്ചു തൊൽ ചുങ്ങിച്ചുളിഞ്ഞു സൌന്ദൎയ്യം മുഴുവനും നശിച്ചുപൊയിട്ടുണ്ടായിരുന്നു എങ്കിലും ഇപ്പൊാം ആ വക എല്ലാ കുറവുകളും തീൎന്നു ദെഹപ്രകാശവും ലാവണ്യാതിശയവും മുമ്പെത്തെതിനെക്കാാം ദിവസംപ്രതി വൎദ്ധിച്ചു, ഉള്ളിൽ നിറഞ്ഞ നിൽക്കുന്ന അനവധി സൽഗുണങ്ങാം പുറമെ നിഴലിച്ചു കാണുന്നതൊ എന്നു തൊന്നുമാറു പ്രസരിച്ചു തുടങ്ങി. ഇവളെ അനുരൂപനായ ഒരു ഭൎത്താവിന്റെ രക്ഷയിൽ ഇരുത്തി തന്റെ ഭാരവാഹിത്വം കുറച്ചുവെക്കെണമെന്നുള്ള വിചാരത്തൊടു കൂടി ഹരിജയന്തൻ നമ്പൂരിപ്പാട തരമുള്ള ഒരു പുരുഷനെ അന്വെഷിച്ചുകൊണ്ടുതന്നെ ഇരുന്നു- ഇവാം തന്റെ ജീവകാലം മുഴുവനും കെവലം തരിശാക്കി വിട്ടുകളവാൻ നിശ്ചയിച്ചിട്ടില്ലെന്നു കെട്ടപ്പൊാം ഇവളുടെ പണ്ടെത്തെ പരിചയക്കാരിൽ പലൎക്കും രണ്ടാമതും ഉത്സാഹം ബഹു കലശലായി- എങ്കിലും തങ്ങളുടെ മനൊരഥം സാധിപ്പിക്കുവാൻ മുമ്പ ഉപയൊഗപ്പെടുത്തി വന്നിട്ടുണ്ടായിരുന്ന വഴികാം കൊണ്ടു ഈ കാലത്ത യാതൊരു പ്രയൊജനവും ഇല്ലെന്നു കണ്ടിട്ടു അവരിൽ ചിലർ ഇവാംക്കു സംബന്ധം ആലൊചിക്കയായി- എന്നാൽ ൟ വകക്കാർ തൊടിക്കകത്ത കടക്കുന്നതുതന്നെ ഇവാംക്കു അത്യന്തം നീരസമായിത്തീൎന്നു- തനിക്കു തൽകാലം ആവശ്യമില്ലെന്നു പറഞ്ഞു സംബന്ധത്തിന്നു വരുന്ന എല്ലാ പുരുഷന്മാരെയും ഇവാം നിരാശന്മാരായി നിരസിച്ചു കളയുന്നത കണ്ടിട്ടു ഹിതാംഒത്ത ഒരു ഭൎത്താവിനെ കിട്ടാൻ ഇനി വൈഷമ്യം തന്നെ എന്നു നമ്പൂരിപ്പാട്ടും ഏകദെശം തീൎച്ചപ്പെടുത്തി- ഒടുവിൽ

അദ്ദേഹം ഇവളെ മനക്കൽ വരുത്തി സാവധാനത്തിൽ ചോദിച്ചു- "പുത്രീ" നീ ഇങ്ങിനെ ശാഠ്യം പിടിച്ചാൽ തര ക്കേടല്ലെ? യോഗ്യന്മാരായ പുരുഷന്മാർ ഒരം കനകമംഗ ലത്ത യാതൊരാളും ഇല്ലെന്ന നീ തീച്ചപ്പെടുത്തുന്ന പ ക്ഷം പിന്നെ എന്താണ ഒരു നിവൃത്തിയുള്ളത? നമ്മുടെ ജീ വാവസാനം വരെ ഇങ്ങിനെ തന്നെ ഒരു വിധെന നിവൃ ത്തിച്ചുപൊകുമായിരിക്കാം- അതിന്ന ശെഷം നിന്നെ ക്രമ മായി രക്ഷിപ്പാൻ ഒരാൾ കൂടാതെ കഴിയുന്നതല്ലെല്ലൊ? എല്ലാം കൊണ്ടും തരപ്പെട്ട ഒരു ഭൎത്താവിനെ ഇപ്പൊൾ ത ന്നെ നിയമിച്ചു വെക്കെണമെന്നാണ നൊം വിചാരിക്കു ന്നത- നിന്റെ ആകപ്പാടെയുള്ള അന്തൎഗ്ഗതം എന്തൊന്നാ ണ? അതകെൾക്കട്ടെ." കൊച്ചമ്മാളു ഇതുകെട്ട നമ്പൂരിപ്പാ ടിനെ തൊഴുതു വിനീതയായി മുഖം താഴ്ത്തിക്കൊണ്ട പതു ക്കെ പറഞ്ഞു- "ചണ്ഡാലിയും അഗതിയും ആയിരുന്ന അടിയൻ ഇപ്പൊൾ ഒരം സ്ഥിതിയിൽ ആയിട്ടുള്ളത തിരു മനസ്സിലെ കരുണകൊണ്ട മാത്രമാണ- മുൻകാലങ്ങളിൽപ ല വിധത്തിലും അടിയനെ വഷളാക്കി തീൎപ്പാൻ പലതും പ്രവൃത്തിച്ചു വന്നിട്ടുണ്ടായിരുന്ന പുരുഷന്മാരൊട കൂടി ഇനി യും സഹവാസം ചെയ്തു തുഛമായ വിഷയസൌഖ്യം അനു ഭവിപ്പാൻ അടിയന്റെ മനസ്സ അശെഷം അനുവദിക്കു ന്നില്ല- ഉള്ളിൽ കപടതയും ദുൎന്നീതിയും വഷളത്വവും ഉള്ള പുരുഷന്മാരൊട ഒന്നിച്ചു ഇനിയും കാലക്ഷെപം ചെയ്യുന്ന തിനെക്കാൾ നിവൃത്തിയുള്ള പക്ഷം ഒരം ജന്മം യാതൊരു ഭൎത്തൃസുഖവും അനുഭവിക്കാതെ സ്വസ്ഥയായി ഇരിക്കുന്ന താണ വളരെ നല്ലതെന്ന തൊന്നുന്നു- അന്യായമായ സു ഖാനുഭൂതിയിൽ കായകൎമ്മങ്ങളെ പ്രവൃത്തിപ്പിക്കുന്നതിനെ ക്കാൾ രണ്ടാമതും സന്യാസവൃത്തിയെ അംഗീകരിക്കുന്ന താണ ശ്രെയസ്കരം." കൊച്ചമ്മാളു ഒരം പറഞ്ഞത നമ്പൂരി പ്പാടിന്ന വളരെ സന്തൊഷമായി- "എന്നാൽ നിണക്ക

ബൊദ്ധ്യമുള്ള വല്ല പുരുഷന്മാരും ഠരം ദിക്കിൽ ഉണ്ടൊ? ഉണ്ടെങ്കിൽ അത ആരെല്ലാമാണ? പക്ഷെ അവരിൽ ഒരാളെ വല്ല പ്രകാരെണയും ലഭിക്കുമൊ എന്നു ഞാം ഒന്നു പരീക്ഷിച്ച നൊക്കാം" എന്ന നമ്പൂരിപ്പാട പിന്നെയും ഇവളൊട പറഞ്ഞു- കൊച്ചമ്മാളു ലജ്ജയൊടും ഭയത്തൊടും കൂടി രണ്ടുമൂന്നു പുരുഷന്മാരുടെ വീട്ടുപെരും മററുള്ള എല്ലാ വിവരവും നമ്പൂരിപ്പാടിനെ അറിയിച്ചു- അവരിൽ ആരായാലും വെണ്ടതില്ല- ഒരാളെ ലഭിക്കുന്ന പക്ഷം തനിക്ക അത്യന്തം അഭിമതനായിരിക്കുമെന്നും അല്ലാത്ത പക്ഷം വൈരാഗ്യം ദീക്ഷിച്ചു പരഗതി വരുത്തുവാൻ അനുവാദം കൊടുക്കെണമെന്നും നമ്പൂരിപ്പാടിനൊട പറഞ്ഞ കയിക്രൂപ്പിക്കൊണ്ടു നിന്നു- "ഇരിക്കട്ടെ, നീ ഇപ്പൊഠം പൊയിക്കൊള്ളു- ഞാം ഒന്നു കൂടി ശ്രമിച്ച നൊക്കട്ടെ- അതിൽ പിന്നെ വെണ്ടപൊലെ പ്രവൃത്തിക്കാം" എന്നു പറഞ്ഞു ഇദ്ദെഹം കൊച്ചമ്മാളുവിനെ തിരികെ അയച്ചു അന്നു മുതൽ പിന്നെയും അതിലെക്ക അത്യുത്സാഹം ചെയ്യുകയായി.

ഈ കാലത്ത നമ്മുടെ പുരുഹൂതൻ നമ്പൂരിപ്പാടിന്നും കുബെരൻ നമ്പൂരിപ്പാടിന്നും അത്യന്തം ദുസ്സഹമായ ഒരു സങ്കടം വന്നെത്തി. ഇവർ രണ്ടുപെരും കൂടി ഒരുദിവസം കരുവാഴമനക്കൽ നിന്ന ഇറങ്ങി കന്മനക്ക പൊകുമ്പൊഠം അതി ഭയങ്കരനായ ഒരു കൃഷ്ണസൎപ്പം ഇവരുടെ പിന്നാലെ പാഞ്ഞു ഇവരെ വല്ലാതെ ബുദ്ധിമുട്ടിച്ചു. നമ്പൂരിമാർ കാലപാശംപൊലെ ദാരുണനായ ഈ കാളസൎപ്പത്തെ കണ്ടുപെടിച്ചു ലെശം ധൈൎയ്യംകൂടാതെ ലജ്ജവിട്ട നിലവിളിച്ചു ഓടി അന്ന ഒരുവിധെന രക്ഷപ്പെട്ടു എങ്കിലും ആപൽ സൂചകമായ ഈ കാൎയ്യത്തെ പററി അതിൽ പിന്നെ ഇവർ അധികമൊന്നും ആലൊചിക്കയുണ്ടായില്ല- വല്ല ഈററുപാമ്പും ആയിരിക്കാം എന്ന വിചാരിച്ച ആ വഴിയിൽകൂടി ഗതാഗതം ചെയ്യാതെ ഇരുന്നതെയുള്ളു- അന്നുമുത

ൽ പാമ്പിനെകൊണ്ടുള്ള ഉപദ്രവം അതികലശലായി- ഇ
വർ വല്ല സംഗതിവശാലും പടി ഇറങ്ങീട്ടുണ്ടെങ്കിൽ കൃഷ്ണ
സൎപ്പത്തെ കാണുകയും കൃഷ്ണസൎപ്പം ഇവരെ ഭയപ്പെടു
ത്തുകയും ചെയ്യുന്നത ഒരു പതിവായിത്തീൎന്നു. ഒരടി മു
മ്പൊട്ടുവെക്കാൻ ഒരു ദിവസമെങ്കിലും പാമ്പ ഇവരെ അ
നുവദിക്കാതായി- ഫണം വിടൎത്തി ഭയങ്കരമായ മുഖഭാവ
ത്തൊടുകൂടി കടിച്ചുകൊന്നു കളവാൻ തക്കവണ്ണം മുമ്പിൽ
വന്നു നിൽക്കുകയൊ പിന്നിൽ നിന്ന പാഞ്ഞു വരികയൊ
ചിലപ്പൊൾ കാലിന്റെ എടയിൽ പുക്ക പുളയുകയൊ
ചെയ്യു വരാത്ത ദിവസമെ ഇല്ല- മണ്ണുവാരി എറിയുവാ
നൊ മറെറാ ഭാവിക്കുന്നപക്ഷം പാമ്പ മരണഭയംകൂടാതെ
മുമ്പൊട്ട മണ്ടിക്കൊണ്ടു വരികയായി- തല്ലികൊല്ലുവാനൊ
കൊല്ലിക്കുവാനൊ ഇവൎക്ക മനൊധൈൎയ്യവുമില്ല- പാമ്പി
നെ കൊന്നാൽ വംശം മുടിഞ്ഞുപൊകുമെന്നും കുഷ്ഠരൊ
ഗം പിടിപെട്ടു നശിച്ചുപൊകുമെന്നും ജനഹൃദയത്തിൽ സാ
ധാരണമായി ഇപ്പൊഴും ഉള്ള വിശ്വാസം ഇവൎക്കും ഉണ്ടായി
രുന്നു. അങ്ങകപ്പാടെ ഇവര കുഴങ്ങിവശായി. പുറത്തിറങ്ങി ന
ടക്കുന്നതിലുള്ള ബുദ്ധിമുട്ടൊ ഇരിക്കട്ടെ. ഒരു ദിക്കിൽ അട
ങ്ങിയിരിക്കുന്നതിലുണ്ടൊ സുഖം! അതും ഇല്ല. ഇരിക്കുന്ന
ദിക്കിലും നടക്കുന്ന ദിക്കിലും എല്ലാം പാമ്പുണ്ടെന്നുള്ള വി
ചാരമെയുള്ളു- രാത്രിയിൽ ഉറക്കിന്നും സൈ്വരക്കെട തന്നെ-
കണ്ണടച്ചു കിടന്നിട്ടുണ്ടെങ്കിൽ പാമ്പു കഴുത്തിൽ ചുററി മുഖ
ത്ത കടിച്ചു എന്ന ഉറക്കത്തകണ്ടു എട്ടും പത്തും പ്രാവശ്യം
ഞെട്ടി ഉണരാത്ത രാത്രിയില്ല- ഇതിനെ പിടിപ്പിക്കുവാൻ
വെണ്ടി ഇവർ പല പാമ്പാടികളെയും വരുത്തി ഉത്സാഹി
പ്പിച്ചുനൊക്കീട്ടും യാതൊരു ഫലവും സിദ്ധിച്ചില്ല- ഒടുക്കം
തങ്ങളുടെ വയററിലും കൂടി പാമ്പുണ്ടെന്നുള്ള ശങ്കയായി.
രാത്രികാലങ്ങളിലെ സഞ്ചാരവും നെരംപൊക്കും തെമ്മാടി
ത്തരവും എല്ലാം നിലച്ചു- തന്റെടവും അധികപ്രസംഗവും

ശൃംഗാരിമട്ടും ഒന്നും ബാക്കിയില്ലാതായി- എനി ഇതിന്ന നിവൃത്തി എന്താണെന്നുള്ള ആലൊചനയായി. രണ്ടപെരും കൂടി ഒരു ദിവസം വിശ്വസ്ഥനും യൊഗ്യനും ആയ ഒരു ദൈവജ്ഞനെ വരുത്തി ഇങ്ങിനെയുള്ള അത്യാപത്ത സംഭവിപ്പാൻ പ്രത്യെക കാരണം എന്താണെന്ന അറിവാൻവെണ്ടി ശ്രദ്ധമായിട്ട ഒരു രാശിവെപ്പിച്ചു- ദൈവജ്ഞൻ രാശിയും ഗ്രഹസ്ഥിതികളും നൊക്കി നല്ലവണ്ണം സൂക്ഷിച്ച നമ്പൂരിമാരുടെ മുഖത്തനൊക്കി ഇങ്ങിനെ പറഞ്ഞു- "ഈ നാഗത്തിനെ ഒരു നീചനെക്കൊണ്ട പിടിപ്പിച്ച അതി കഠിനമായി ഉപദ്രവിച്ചിട്ടുണ്ടെന്നും ഇത ൧൦ം ലഗ്നത്തിൻെറ അനുകൂലിയായ മറെറാരു നീചനെ കടിച്ച കൊന്നിട്ടുണ്ടെന്നും ദൈവാധീനമുള്ള മറെറാരു കുഡുംബത്തെ കഷ്ടപ്പെടുത്തി നശിപ്പിക്കെണമെന്നുള്ള ദുഷ്ടവിചാരം ൧൦ം ലഗ്നത്തിന്നുള്ളതകൊണ്ടാണ ൧൦ം അനൎത്ഥത്തിന്നൊക്കെയും ഇടവന്നിട്ടുള്ളതെന്നും ൧൦ം നാഗത്തിൽ നിന്നു എനിയും അനെകം അത്യാപത്തുകൾ നെരിടുവാൻ ഇടയുണ്ടെന്നും ൧൦ം രാശികൊണ്ട കാണുന്നുണ്ട. വെണ്ടത്തക്ക പ്രായശ്ചിത്തം ഉടനെ ചെയ്ത സൎപ്പ പ്രീതി വരുത്താത്ത പക്ഷം ഇത ലഗ്നത്തിൻെറ ജീവഹാനി വരുത്തുമെന്നുള്ളതിലെക്ക സംശയമില്ല. ഇപ്പൊൾ ഭയപ്പെടുത്തുന്നതെയുള്ള- എനി ഇതിലധികമായ സങ്കടങ്ങൾ അനുഭവിപ്പാൻ യൊഗമുണ്ട."

ജ്യൊതിഷക്കാരൻ ഇങ്ങിനെ പറഞ്ഞപ്പൊളാണ നമ്പൂരിമാൎക്ക കാൎയ്യം മനസ്സിലായ്ത- തങ്ങൾ തന്നെ വരുത്തിക്കൂട്ടിയ അനൎത്ഥമാണെന്ന ഇവൎക്ക വിശ്വാസമായി- ഭയം വൎദ്ധിച്ചു- മന്ത്രവാദിയെ പണ്ട കടിച്ചുകൊന്നതു ൧൦ം പാമ്പായിരുന്നു എന്നു ബൊദ്ധ്യമായി- തങ്ങൾക്കും പാണൻെറ ഗതി തന്നെയാണ ഒടുക്കത്തെ അനുഭവം എന്നു വിചാരിച്ചു- ഇതിന്ന പ്രായശ്ചിത്തം എന്തൊക്കെയാണ ചെയ്യെണ്ടത എന്നും ആരെക്കൊണ്ടാണ ചെയ്യിപ്പിക്കെണ്ടത എന്നും

ഇവർ പിന്നെയും ചൊദിച്ചു- ജ്യൊതിഷക്കാരൻ പലരെ യും ഒഴിവു നൊക്കി ഒടുവിൽ ഹരിജയന്തൻ നമ്പൂരിപ്പാടി നെ നൊക്കിയതിൽ വളരെ ശുഭമായിട്ടുകണ്ടു- "ഈ ദിവ്യ ബ്രാഹ്മണനെക്കൊണ്ടു പ്രായശ്ചിത്തം ചെയ്യിപ്പിക്കുന്നതാ യാൽ ഈസൎപ്പത്തെ പിന്നെ ഈ രാജ്യത്തിൽ കാണുകയില്ല- എന്നു അവൻ ഖണ്ഡിച്ചു പറഞ്ഞു- "ഇന്നു തന്നെ അപ്ര കാരം ചെയ്യാ"മെന്നു രണ്ടുപെരുംകൂടി നിശ്ചയിച്ചു- ദൈ വജ്ഞനെ പറഞ്ഞയച്ചു, അപ്പൊൾതന്നെ കാക്കനൂർ മന ക്കലെക്കു പുറപ്പെട്ടു. പടി ഇറങ്ങിയാൽ പതിവായി അതു വരെ കണ്ടുവന്നിട്ടുണ്ടായിരുന്ന സൎപ്പത്തെ അന്നു അവർ ഒരു ദിക്കിലും കണ്ടതെയില്ല- ഈ കാൎയ്യം ഇവൎക്കു അത്യാ ശ്ചൎയ്യമായി തൊന്നി- ഇവർ തങ്ങളുടെ കഷ്ടകാലത്തെയും അവിവെകത്തെയും പററി പലതും പറഞ്ഞു വിഷാദിച്ചും കൊണ്ടു ഹരിജയന്തൻ നമ്പൂരിപ്പാടിനെ ചെന്നു കണ്ടു- കാ ളസൎപ്പത്തിൽനിന്നു നെരിട്ടിട്ടുള്ള അനൎത്ഥം തീൎത്തു രക്ഷി ക്കെണമെന്നു സാഷ്ടാംഗം കാല്ക്കൽ വീണു അപെക്ഷിച്ചു- ഉണ്ടായ വിവരം മുഴുവനും ആദ്യം മുതൽ അവസാനംവ രെ പരമാൎത്ഥം പറവാൻ നമ്പൂരിപ്പാട ഇവരൊട ആവ ശ്യപ്പെട്ടു- പുരുഷൊത്തമൻനമ്പൂരി സകല വൎത്തമാനവും അണു വൊളം മറച്ചു വെക്കാതെ നമ്പൂരിപ്പാടിനെ അറിയിച്ചു, അവിവെകികളായ തങ്ങളെ രക്ഷിക്കെണമെന്നു അഭയം പ്രാപിച്ചു. ഉത്തമവംശത്തിൽ ജനിച്ചു കൃത്യാകൃത്യ വിചാ രം കൂടാതെ കെവലം ശിശ്നൊദരപരന്മാരായി കാമകിങ്കര ന്മാരായി കാളകളെപ്പൊലെ നടക്കുന്ന ഇവരുടെ തുമ്പി ല്ലാത്തരവും തൊന്ന്യാസവും കണ്ടിട്ടു ഹരിജയന്തൻ നമ്പൂ രിപ്പാടിന്നു വളരെ വെറുപ്പുതൊന്നി- കുറെ നെരത്തെക്കു ഒരക്ഷരവും ഉരിയാടാതെ കമ്പിട്ടിരുന്നു- ഒടുവിൽ ഇങ്ങി നെ പറഞ്ഞു- "ഉണ്ണികൾ രണ്ടുപെരും സാമാന്യന്മാരല്ല- ആചാരഭ്രംശം വന്ന ഗുരുവിനെ പൊലും ഉപെക്ഷിക്കെ

ണമെന്നാണ പ്രമാണം- സൎപ്പം നിങ്ങളെ കടിക്കാതെ ഇ
രുന്നത വലിയ ആശ്ചൎയ്യം തന്നെ- ബ്രാഹ്മണവംശം മുഴു
വനും അശുദ്ധമാക്കുവാൻ മൂന്നാമത ഒരു നമ്പൂരി വെണ്ട
മെന്നില്ല- നിങ്ങാ രണ്ടുപെരും തന്നെ മതി. മാനവും മ
ൎയ്യാദയും ദീക്ഷിച്ചു വരുന്ന ഒരു തറവാട്ടിലെ ഒരു പെൺകി
ടാവിനെ കാമഭ്രാന്തന്മാരായ നിങ്ങാക്ക വ്യഭിചരിപ്പാൻ
തരാത്ത ദ്വെഷ്യം നിമിത്തം ആ കുഡുംബം മുഴുവനും ന
ശിപ്പിച്ചു കളയാമെന്ന വിചാരിച്ചു ഈ വക നീചകൎമ്മം
ചെയ്യിട്ടുള്ള നിങ്ങാ എത്ര ദുൎബ്ബുദ്ധികളാണ? എങ്കിലും ന
മ്മുടെ അടുക്കെ വന്ന സങ്കടം പറഞ്ഞിട്ടുള്ളതകൊണ്ട ഈ
പ്രാവശ്യം ഞാം ഇതിന്ന ഒഴിച്ചിലുണ്ടാക്കി തരാം- അതി
ന്ന ഒന്നാമത നിങ്ങാ രണ്ടുപെരും ഗൊപാലനുമായുള്ള മു
ഷിച്ചൽ തീൎത്ത അന്യൊന്യം സ്നെഹമായിരിക്കണം- രണ്ടാ
മത എനിമെൽ ജാത്യാചാര വിരുദ്ധമായ ഈ വക നീച
കൎമ്മം ചെയ്കയില്ലെന്ന നമ്മെ തൊട്ട സത്യം ചെയ്യണം-
മൂന്നാമത ഇതുവരെയുള്ള പാപങ്ങളെ നശിപ്പിക്കുവാൻവെ
ണ്ടി ഞാം ഉപദെശിക്കും പ്രകാരമുള്ള പ്രായശ്ചിത്തം ചെ
യ്യണം- ഇത സമ്മതമാണെങ്കിൽ എല്ലാററിനും നിവൃത്തി
ഉണ്ടാക്കാം- അല്ലാത്ത പക്ഷം ഉണ്ണികാ ഇവിടെ നില്ക്കെ
ണമെന്നില്ല- പൊകാം." കല്പിക്കും പ്രകാരം കെട്ട നടന്ന
മെലിൽ യാതൊരു തെമ്മാടിത്തരവും കാട്ടാതെ ക്രമമായി
ഇരുന്നുകൊള്ളാമെന്ന നമ്മുടെ ചെറിയ നമ്പൂരിമാർ രണ്ടു
പെരും ശപഥം ചെയ്തു- ഹരിജയന്തൻ നമ്പൂരിപ്പാട അ
പ്പൊാതന്നെ ഒരു തിരുവെഴുത്ത എഴുതി തന്റെ കാൎയ്യസ്ഥ
ൻ വശം ഗൊപാലമെനൊന്ന അയച്ചു- "അടിയന്തരമായ
ഒരു സംഗതികൊണ്ട മുഖദാവിൽ കണ്ടുപറവാനുണ്ടാകകൊ
ണ്ട നാളെ രാവിലെ മനക്കലൊളം വന്നു പൊകെണ"മെ
ന്നായിരുന്നു എഴുത്തിലെ താല്പൎയ്യം- ഗൊപാല മെനൊൻ
പിറന്നാാ രാവിലെതന്നെ കാക്കനൂർ മനക്കൽ ചെന്നു

ഹരിജയന്തൻ നമ്പൂരിപ്പാടിനെ കണ്ടു- അദ്ദെഹം വളരെ ആദരവൊടും സ്നെഹത്തൊടുംകൂടി ഇദ്ദെഹത്തെ സല്ക്കരിച്ചു പടിപ്പുരമാളികയിലെക്ക കൂട്ടിക്കൊണ്ടുപൊയി. സൎപ്പഭയം നിമിത്തം ശരണം പ്രാപിച്ചിട്ടുണ്ടായിരുന്ന നമ്മുടെ രണ്ടു നമ്പൂരിമാരും അപ്പൊഠം അവിടെ ഉണ്ടായിരുന്നു- ഹരിജയന്തൻ നമ്പൂരിപ്പാട തലെന്നാഠം രാത്രി ചെയ്തിട്ടുണ്ടായിരുന്ന ഉപദെശപ്രകാരം ഇവർ ഗൊപാലമെനൊനെ കണ്ട ക്ഷണത്തിൽ ചിരിച്ചുംകൊണ്ട അരികത്ത ചെന്ന നിൎവ്യാജസ്നെഹിതന്മാരെപ്പൊലെ അദ്ദെഹത്തിന്റെ കൈ പിടിച്ചു അതിസന്തൊഷത്തൊടെ ആശ്ലെഷിച്ചു കുശലംചൊദിച്ചു- തന്റെ പ്രാണഹാനി വരുത്തുവാൻ വെണ്ടി രാപ്പകൽ അത്യുത്സാഹം ചെയ്തുവരുന്ന ഈ പരമ ശത്രുക്കളുടെ അപൂൎവ്വമായ സ്നെഹവും അത്യാദരവും കണ്ടിട്ട ഗൊപാലമെനൊന്റെ മനസ്സിൽ അത്യന്തം ശങ്കയും വിസ്മയവും ജനിച്ചു-ഇവരുടെ ഉദ്ദെശവും പുറപ്പാടും എന്താണെന്നറിയാതെ കുറെ നെരം ബുദ്ധിമുട്ടി എങ്കിലും ഹരിജയന്തൻ നമ്പൂരിപ്പാട സംഗതികഠം മുഴുവൻ പ്രത്യക്ഷത്തിൽ പറഞ്ഞുകളഞ്ഞതിനാൽ ഗൊപാല മെനൊന്റെ മനസ്സിൽ ഉണ്ടായിരുന്ന ചിന്തയും വ്യാകുലവും ഉടനെ തീൎന്നുപൊയി- ആലൊചിച്ചു വരുത്തിയ കാൎയ്യം ഇന്നതാണെന്ന എളുപ്പത്തിൽ മനസ്സിലായി. നമ്പൂരിപ്പാട അതിൽ പിന്നെ തന്റെ നീതി കൌശലം കൊണ്ടും വാക്സാമൎത്ഥ്യം കൊണ്ടും വിരൊധികളായ ഇവർ മൂന്നു പെരെയും തങ്ങളിൽ സന്ധിപ്പിച്ചു പ്രാണസ്നെഹിതന്മാരാക്കി സൌഹാൎദ്ദത്തിന്റെ സ്ഥിരീകരണത്തിന്നു വെണ്ടി പല ഉപദെശങ്ങളും ഏൎപ്പാടുകളും ചെയ്തു. ഗൊപാല മെനൊന്റെ മനഃപാകതയും നിൎമ്മലതാവും കണ്ടിട്ട കുബെരൻനമ്പൂരിപ്പാടിന്നും പുരുഹൂതൻ നമ്പൂരിപ്പാടിന്നും വളരെ സന്തൊഷമുണ്ടായി. അക്രമമായി എനിമെൽ യാതൊന്നും നട

ക്കാതെ ബ്രാഹ്മണ്യം ദീക്ഷിച്ച സുകൃത സമ്പാദനം ചെയ്തു കൃതാൎത്ഥന്മാരായി കാലക്ഷെപം ചെയ്വാൻ തന്നെ ഇവർ രണ്ടു പെരും നിശ്ചയിച്ചു- ഹരിജയന്തൻ നമ്പൂരിപ്പാടിന്റെ മനസ്സിലും അത്യാനന്ദം ജനിച്ചു- അദ്ദെഹം അതിൽപിന്നെ ഗൊപാലമെനൊനെ കുറെ അകലെ വിളിച്ചു സ്വകാൎയ്യം കൊച്ചമ്മാളുവിന്റെ സംഗതിയെപ്പററി അല്പ നെരം സംസാരിച്ചു, ഗൊവിന്ദനെക്കൊണ്ടു അവളുടെ സംബന്ധം നടത്തിച്ചു കൊടുക്കെണമെന്ന പ്രത്യെകം താല്പൎയ്യപ്പെട്ടു- തന്നാൽ കഴിയുംപൊലെ ഉത്സാഹിച്ചു ആ കാൎയ്യം നിവൃത്തിയാക്കി കൊടുക്കാമെന്ന ഗൊപാലമെനൊൻ നമ്പൂരിപ്പാടൊടു വാഗ്ദത്തവും ചെയ്തു- "ആയുരാരൊഗ്യ സമ്പൽസമൃദ്ധിയൊടുകൂടി നീ സുഖമായിരിക്കും" എന്ന അദ്ദെഹം ഗൊപാലമെനൊന്റെ ശിരസ്സിൽ കൈവെച്ചു മൂന്നു പ്രാവശ്യം അനുഗ്രഹിച്ചു- "സൎപ്പഭയം എനിമെൽ ഉണ്ണികൾക്കു ഉണ്ടാകയില്ല- ഞാം ഉപദെശിച്ച പ്രകാരം എനിമെൽ നടന്നുകൊള്ളണം" എന്ന നമ്മുടെ നമ്പൂരിമാരൊടും അരുളിച്ചെയ്തു, മൂന്നു പെരെയും ഒന്നിച്ചു പറഞ്ഞയച്ചു. നമ്പൂരിമാരും ഗൊപാലമെനൊനും കൂടി ഹരിജയന്തൻ നമ്പൂരിപ്പാടിന്റെ അനുവാദപ്രകാരം മനക്കൽ നിന്ന അത്യന്തം സന്തൊഷത്തൊടു കൂടി യാത്രപറഞ്ഞു പടിയിറങ്ങി എല്ലാവരും കൂടി പുത്തന്മാളികക്കൽ വന്നു- കുറെനെരം അവിടെയിരുന്നു സംസാരിച്ചതിൽ പിന്നെ കുബെരൻ നമ്പൂരിപ്പാടും പുരുഹൂതൻ നമ്പൂരിപ്പാടും ഗൊപാലമെനൊനൊടു യാത്രപറഞ്ഞു അതിസ്നെഹത്തൊടെ പൊകയുംചെയ്തു. വിടവൃത്തിയെ അംഗീകരിച്ചു തുമ്പില്ലാതെ നടന്നിട്ടുണ്ടായിരുന്ന ഈ നമ്പൂരിമാർ രണ്ടുപെരും അന്നു മുതൽ പരമയൊഗ്യന്മാരായി തീൎന്നു- മീനാക്ഷിയിലുള്ള മൊഹവും പാറക്കുട്ടിയിലുണ്ടായിരുന്ന കൌതുകവും ഗൊപാലമെനൊന്റെ നെരെയുള്ള ശണ്ഠയും എല്ലാം ഉപെക്ഷിച്ചു സ്വാദ്ധ്യാ

യ നിരതന്മാരായി സദാചാര തൽപരന്മാരായിതീൎന്നു- ഗൊപാലമെനൊന ഇവരുടെ മെൽ ദിവസം പ്രതി ബഹുമാനവും ഭക്തിയും വൎദ്ധിച്ചു- എത്രതന്നെ തിരക്കും ബുദ്ധിമുട്ടും ഉണ്ടായിരുന്നാലും ഇവർ തങ്ങളിൽ ഒരുനാൾ ഒരു നെരമെങ്കിലും കാണാതെയിരിക്കുന്നത വളരെ ദുല്ലഭമായി- എന്തിനു അധികം പറയുന്നു, ഇവർ മൂന്നുപെരും തമ്മിൽ ഇങ്ങിനെ പ്രാണസ്നെഹിതന്മാരായി തീരുമെന്നു കനകമംഗലത്തുള്ള യാതൊരു മനുഷ്യന്മാരും സ്വപ്നെപി വിചാരിച്ചിട്ടുണ്ടായിരുന്നില്ല- അന്യൊന്യസ്നെഹവും വിശ്വാസവും അത്രമെൽ കലശലായി.

നമ്പൂരിമാരുമായി സംബന്ധിച്ചു പിരിഞ്ഞതിൽപിന്നെ ഗൊപാലമെനൊന്റെ മുഴുവൻ ഉത്സാഹവും കൊച്ചമ്മാളുവിന്റെ സംബന്ധകാൎയ്യത്തിൽ തന്നെ ചിലവുചെയ്തു- ഹരിജയന്തൻനമ്പൂരിപ്പാടിന്റെ അഭിലാഷപ്രകാരം ഗൊവിന്ദനെക്കൊണ്ടു ഇവളുടെ സംബന്ധം നടത്തിക്കുന്നത പുത്തൻമാളികക്കൽ ഉള്ള എല്ലാവൎക്കും ഏററവും സന്തൊഷകരമായി തീൎന്നു- ൟ കാൎയ്യത്തിൽ നമ്മുടെ ഗൊവിന്ദനും അശെഷം വൈമുഖ്യമുണ്ടായിരുന്നില്ല- ഗുണദൊഷജ്ഞാനവും മനഃശുദ്ധിയും ഉള്ള ഇവളുടെ ഭൎത്താവായിരിക്കുന്നതിനാൽ തനിക്കും മെല്ക്കുമെൽ ഗുണവൎദ്ധനയുണ്ടാകുമെന്ന തന്നെയായിരുന്നു ഇവന്റെയും ദൃഢമായ വിശ്വാസം- എങ്കിലും ഇവളുടെ പൂൎവ്വാവസ്ഥയെപ്പററി ജനങ്ങൾ വല്ല അപവാദവും പറഞ്ഞു പരിഹസിക്കുമൊ എന്നുള്ള ശങ്ക ഇവന്റെ മനസ്സിൽ കൂടക്കൂടെ ഉണ്ടാകാതിരുന്നിട്ടില്ല- കാൎയ്യങ്ങളുടെ നന്മയും തിന്മയും ആലൊചിച്ചു പ്രവൃത്തിക്കുന്നതായാൽ തന്നെയും അത ജനസമുദായത്തിന്ന രുചികരമായി തീരുമൊ എന്ന എല്ലാവരും മുൻകൂട്ടി ആലൊചിച്ചു നൊക്കെണ്ടത എത്രയും ആവശ്യമായിട്ടുള്ളതാണ- ലൊകാപവാദം ഭയപ്പെട്ടു നടക്കെണ്ടത ലൌകിക ധൎമ്മങ്ങളിൽ

അത്യന്തം മുഖ്യമായിട്ടുള്ളതാണെന്നു എല്ലാ ജനങ്ങളും ഒരു പൊലെ സമ്മതിക്കുന്നതാണെല്ലൊ- അല്ലാത്തപക്ഷം ഒരുവൻഎത്രതന്നെ യൊഗ്യനായിരുന്നാലും വെണ്ടതില്ലജനങ്ങൾ അവൻെറമെൽ അപവാദംചുമത്തി ശുദ്ധമെ തുമ്പകെട്ടതൊന്ന്യാസിയാണെന്ന പറഞ്ഞു പരിഹസിക്കാതെയിരിക്കയില്ല- ലൊകാപവാദം ഭയപ്പെട്ട ശ്രീരാമൻ പ്രവൃത്തിച്ചിട്ടുള്ള കഠിനക്രിയയെ പററി ആലൊചിച്ചു നൊക്കുക- സീതാ ദെവിയുടെ അസാധാരണമായ ഭൎത്തൃ സ്നെഹവും അപൂൎവ്വമായ ഭക്തി വിശ്വാസവും അനുപമമായ പാതിവ്രത്യവും നമുക്ക നല്ലവണ്ണം നിശ്ചയമുള്ളതാണെല്ലൊ- നാഗരികസ്ത്രീകൾ അനുഭവിച്ചു വരുന്ന സൎവ്വസുഖങ്ങളും ഉപെക്ഷിച്ചു തൻെറ ഭൎത്താവിൻെറ ഒരുമിച്ച ഒരു വ്യാഴവട്ടത്തിൽ അധികം കാലം കാട്ടിൽ കിടന്ന കായ്കനികൾ ഭക്ഷിച്ചും കാട്ടാറുകളിലെ ചവൎത്ത ജലം കുടിച്ചും അനെകം സങ്കടങ്ങളെ അനുഭവിച്ചു,ഒടുവിൽ ഒരു സംവത്സരത്തൊളം അതിക്രൂരന്മാരും നിൎദ്ദയന്മാരും ആയ രാക്ഷസന്മാരുടെയും രാക്ഷസ സ്ത്രീകളുടെയുംഭീഷണി വാക്കുകൾസഹിച്ചു അതിപ്രിയനായ ഭൎത്താവിനെ വിചാരിച്ചു വ്യസനിച്ചു കാലക്ഷെപം ചെയ്കയല്ലെ ചെയ്തിട്ടുണ്ടായിരുന്നത? അവസാനം രാവണവധം കഴിഞ്ഞതിൻെറ ശെഷം ജനാപവാദത്തെ പരിഹരിപ്പാൻ വെണ്ടി അഗ്നിപ്രവെശം ചെയ്തു പരിശുദ്ധയാണെന്നു കാണികളെ മുഴുവനും പ്രത്യക്ഷ വിശ്വാസം വരുത്തുകയും ചെയ്തു- എന്നിട്ടും ആസന്നപ്രസവയായ ഇവളെ ശ്രീരാമൻ തൻെറ മനസ്സാക്ഷിക്കും മനൊഹിതത്തിന്നും തീരെ വിരൊധമായിട്ട വനമദ്ധ്യത്തിൽ ഉപെക്ഷിച്ചു കളവാൻ ജനാപവാദം ഒന്നുമാത്രമല്ലെ കാരണ മുണ്ടായിരുന്നത? അത കൊണ്ട ഗൊവിന്ദൻെറ മനശ്ശങ്കയെപ്പററി നാം ലെശം പൊലും ആശ്ചൎയ്യപ്പെടുവാൻ ഇടയില്ലാത്തതാണ- എങ്കിലും ഒടുവിൽ ഇവൻ അതും കെവലം വിട്ടുകളഞ്ഞു- ലൊ

കസുന്ദരിയും സുശീലയും പരിശുദ്ധയും ആയ ഇവളുടെ ഭ
ൎത്താവായിരിക്കുന്നതിൽ ജനങ്ങൾ ന്യായരഹിതമായി അ
പഹസിച്ചു ദൊഷാരൊപണം ചെയ്യുന്നുണ്ടെങ്കിൽ ചെയ്തു
കൊള്ളട്ടെ എന്നുതന്നെ ഇവൻ നിശ്ചയിച്ചുറച്ചു-ഹരിജയന്ത
ൻ നമ്പൂരിപ്പാടും ഗൊപാലമെനൊനും കൂടി ഇവരുടെ പാ
ണിഗ്രഹണം അത്യന്തം കൊലാഹലമായിട്ടു തന്നെ നിൎവ്വ
ഹിച്ചു- ജാത്യാചാരസമ്പ്രദായപ്രകാരം ഗൊവിന്ദൻ സൌ
ഭാഗ്യശാലിനിയായ കൊച്ചമ്മാളുവിനെ തന്റെ പ്രാണാധി
ക പ്രിയയായ ഭാൎയ്യയായി സ്വീകരിച്ചു, അവളൊടൊന്നിച്ചു
പല സുഖാനുഭൂതികളും അനുഭവിച്ചു സ്വൈരമായി കാല
ക്ഷെപം ചെയ്തു- ഹരിജയന്തൻ നമ്പൂരിപ്പാട പരമസന്തു
ഷ്ടനായിട്ടു അയ്യായിരം പറ പാട്ടത്തിന്റെ ഉഭയവും അ
ഞ്ഞൂററപ്പിക കാലത്താൽ പാട്ടാദായ മുള്ള പത്തു നമ്പ്ര പ
റമ്പുകളും ഗൊവിന്ദന പന്ത്രണ്ടു കൊല്ലത്തെക്ക ചാൎത്തിക
ല്വശം കൊടുത്തു, അവനെ കാലക്രമെണ കനകമംഗലത്തു
ള്ള ധനികന്മാരുടെ ഇടയിൽ ഗണിക്കത്തക്ക ഒരുവനാക്കി
വെച്ചു- ഗൊവിന്ദൻ എന്നിട്ടും ലെശം പൊലും ഔദ്ധത്യാ
ക്രൂടാതെ ഗൊപാലമെനൊന്റെ വ്യവഹാര കാൎയ്യസ്ഥനാ
യി കീഴ്ക്കട പ്രകാരം അദ്ദെഹത്തെ ആശ്രയിച്ചും കൊണ്ടു
തന്നെ ഇരുന്നു-കൊച്ചമ്മാളുവിന്റെഭാഗ്യാവസ്ഥയെപ്പററി
ഇതിലധികം യാതൊന്നും ഇവിടെ പറയെണ്ടുന്ന ആവശ്യ
മില്ലെന്നു വിചാരിച്ചു ആ ഭാഗം ഇത്രമാത്രം കൊണ്ടു അവ
സാനിപ്പിക്കുന്നു. മീനാക്ഷിയിൽ ഗാഢാനുരാഗനായിത്തീ
ൎന്നിട്ടുള്ള ഭാനുവിക്രമൻ എന്ന യുവരാജാവിനെപ്പററി മാ
ത്രമെ ഈ അദ്ധ്യായത്തിൽ നമുക്ക എനി അല്പം പ്രസ്താവി
പ്പാനുള്ളു.

മീനാക്ഷിയും കുഞ്ഞിശ്ശങ്കര മെനൊനും തമ്മിലുള്ള
ദൃഢാനുരാഗത്തെയും അത സംബന്ധമായി അയച്ചിട്ടുണ്ടാ
യിരുന്ന പ്രെമലെഖനങ്ങളെയുംമററും എന്റെ വായനക്കാ

ർ ഇതിന്നു മുമ്പെ തന്നെ അറിഞ്ഞിട്ടുണ്ടെന്നു വരികിലും ൟ വിവരം ലക്ഷ്മി അമ്മ വന്നു തന്നൊടു പ്രസ്താവിക്കുന്നു വരക്കും ഗൊപാലമെനൊൻ ഒരു ലെശംപൊലും അറിഞ്ഞിട്ടുണ്ടായിരുന്നില്ല- പക്ഷെ അദ്ദെഹം തെയ്യൻ മെനൊൻ വന്നിട്ടുണ്ടായിരുന്നു കാൎയ്യത്തിൽ ഒരിക്കലും അനുകൂലിക്കുന്നതല്ലയായിരുന്നു- മീനാക്ഷി കുഞ്ഞിശ്ശങ്കരമെനൊന്റെ എഴുത്തിന്നു മറുവടി അയച്ചതിന്റെ പിറെന്നാൾ വൈകുന്നെരം മാത്രമെ ൟ സംഗതികൾ ലക്ഷ്മിഅമ്മ ഗൊപാലമെനൊനൊടു പറഞ്ഞിട്ടുണ്ടായിരുന്നുള്ളു- ആദ്യം മുതൽ അവസാനം വരെ നടന്ന സംഗതികൾ വിവരം വിവരമായി പറഞ്ഞുകെട്ടപ്പൊൾ അദ്ദെഹത്തിന്റെ മനസ്സിൽ അധികമായ സന്തൊഷവും ഒരു തൃപ്തിയും ഉണ്ടായി എങ്കിലും ഭാനുവിക്രമനെ നിരാകരിച്ചു കുഞ്ഞിശ്ശങ്കരമെനൊനെ അംഗീകരിക്കുന്നതായാൽ മെലിൽ അതുനിമിത്തം അനെകം അത്യാപത്തുകൾ നെരിടുവാൻ ഇടവരുമെന്നും ചെറിയ തമ്പുരാന തിരുവുള്ളക്കെടു ഉണ്ടാക്കാതെ മീനാക്ഷിയുടെ മനൊഹിതം സാധിപ്പിക്കുവാൻ സാമാന്യത്തിലധികം പ്രയാസമുണ്ടെന്നും അദ്ദെഹം മുഷിയുന്ന പക്ഷം കനകമംഗലത്തു പിന്നെ ഇരിക്കാത്തതാണ നല്ലതെന്നും ഇദ്ദെഹത്തിന്റെ മനസ്സിൽ പല വിചാരവും സന്താപവും ഒരുമിച്ചു വളൎന്നു. ഭാനുവിക്രമന്റെ സുഖക്കെടു നിമിത്തം സംഭവിപ്പാൻ പൊകുന്ന ഓരൊ സംഗതികളെ മെല്ക്കുമെൽ വിചാരിച്ചു വിചാരിച്ചു ഗൊപാലമെനൊന്റെ മനസ്സിൽ ക്ഷണെന സന്താപാഗ്നി കത്തി ജ്വലിച്ചു അതുവരെ ഉണ്ടായിരുന്നു പ്രസന്നതയെ മുഴുവനും നിമിഷനെരംകൊണ്ടു നശിപ്പിച്ചു കളഞ്ഞു- അധരൊഷ്ഠങ്ങൾ രണ്ടും ഉണങ്ങി വരണ്ടു മുഖം രക്തപ്രകാശമില്ലാതെ കെവലം വാടിപ്പൊയി- കാൎയ്യം ആകപ്പാടെ പിഴച്ചു എന്നിങ്ങിനെ ഇദ്ദെഹത്തിന്റെ മുഖഭാവവും വൈവൎണ്ണ്യവും കണ്ടു ക്ഷണത്തിൽ ലക്ഷ്മി അ

ങ്ങക്ക മനസ്സിലായി- എന്താണിശ്വരാ ചെയ്യാൻ പൊകു ന്നത എന്ന വിചാരിച്ച ഉൽകണ്ഠിതയായി മുഖത്ത നൊക്കിക്കൊണ്ട നിന്നു- ഗൊപാലമെനൊൻ യാതൊന്നും പ്രകരം പറയാതെ കുറെ നെരം കുമ്പിട്ടിരുന്നു- ഒടുവിൽ ജ്യെഷ്ഠത്തി ഇപ്പൊൾ പൊയ്ക്കൊളിൻ- ഒരം വിവരം യാതൊന്നും മീനാക്ഷിയൊട പറയണ്ട- വൃഥാ അവളെക്കൂടി വ്യസനിപ്പിക്കെണ്ട എന്നു മാത്രം മറുവടി പറഞ്ഞു.

ലക്ഷ്മിഅമ്മ പിന്നെയും കുറെനെരം അവിടത്തന്നെ നിന്നു എങ്കിലും ഗൊപാലമെനൊൻ യാതൊന്നും പിന്നെ പറയാതെ ചിന്താസന്താപങ്ങൾക്ക തന്റെ മനസ്സിനെ ഏല്പിച്ചും കൊണ്ട കുമ്പിട്ടിരുന്നുകളഞ്ഞതിനാൽ ആ അമ്മ വ്യസനിച്ച പരവശയായി പതുക്കെ ഇറങ്ങി താഴത്തെക്ക പൊന്നു. അമ്മ മുകളിൽനിന്ന ഇറങ്ങി വന്നത കണ്ടപ്പൊൾ കാൎയ്യം വിഷമമായി എന്ന മീനാക്ഷിക്ക മനസ്സിലാവുക കഴിഞ്ഞു- അതു കൊണ്ട അവൾ ലക്ഷ്മി അമ്മയൊട യാതൊന്നും ചൊദിക്കാതെ അത്യന്തം മനൊവിഷാദത്തൊടുകൂടി തന്റെ അറയിലെക്ക കടന്നുപൊയ്ക്കളഞ്ഞു. ഗൊപാലമെനൊൻ പല വഴികളും ആലൊചിച്ചു- യാതൊരു നിവൃത്തിമാൎഗ്ഗവും കാണാതെ നിരാശനായി തീൎന്നു- പതിവ പ്രകാരം വൈകുന്നെരം കുളിക്കുകയൊ നാമം ജപിക്കുകയൊ വല്ലതും കഴിക്കുകയൊ ചെയ്യെണമെന്നുള്ള വിചാരം തന്നെ ഇദ്ദെഹത്തിന്റെ മനസ്സിൽ നിന്ന പൊയ്ക്കളഞ്ഞു. നെരം ഏകദെശം എട്ട നാഴിക രാവായി-പുത്തൻ മാളികക്കൽ ഉള്ള സകല ജനങ്ങൾക്കും മനൊവ്യസനവും കുണ്ഠിതവും വൎദ്ധിച്ചു. അങ്ങിനെ ഇരിക്കെ ദൈവഗത്യാ ഗൊവിന്ദൻ പടി കയറി വന്നു- ഇവൻ സ്വരാജ്യത്തിൽ പൊയിരുന്നത കൊണ്ട രണ്ട നാല ദിവസമായിട്ട ആ ദിക്കിൽതന്നെ ഉണ്ടായിരുന്നില്ല- ഗൊവിന്ദനെ കണ്ട ഉടനെ ലക്ഷ്മി അമ്മ അവനെ അരികത്ത വിളിച്ച സകല വിവരവും പറഞ്ഞു.

അവൻ അത്യന്തം വിസ്മയത്തോടും പരിഭ്രമത്തോടുംകൂടി മുകളിലെക്ക കയറി ചെന്ന, ചിന്താഗ്രസ്തനായി വിഷാദിച്ചുകൊണ്ട് കിടക്കുന്ന ഗൊപാലമെനൊന്റെ അരികത്ത പൊയി നിന്നിട്ട ഏകദെശം അര മണിക്കൂറു നെരം പല സാന്ത്വനവാക്കുകളും പറഞ്ഞ അദ്ദെഹത്തിനെ ഒരു വിധെന ധൈൎയ്യപ്പെടുത്തി. ഗൊപാലമെനൊൻ അവിടെ നിന്ന മെല്ലെ എഴുനീററ ഗൊവിന്ദനൊടൊന്നിച്ച താഴത്തിറങ്ങി വന്ന കിട്ടുണ്ണിയെ വിളിച്ച പാനീസ്സിൽ തിരി കൊളുത്തികൊണ്ടുവരാൻ പറഞ്ഞു. അവൻ പാനീസ്സ കൊണ്ടുവന്ന ഉടനെ ഗൊവിന്ദനൊടൊന്നിച്ച ആ വഴി തന്നെ പടിയിറങ്ങി ചിറയിൽ പൊയി കുളിച്ച വന്ന രണ്ടു പെരുംകൂടി ഉണ്ണു കഴിച്ചു കുറെ നെരം പൂമുഖത്തിരുന്ന വെറെ ചില സംഗതികളെപ്പററി സംസാരിച്ചതിന്റെ ശെഷം നീ നാളെ ഏഴ മണിക്ക തന്നെ ഇങ്ങട്ട വരണം എന്ന ഏല്പിച്ച ഗൊവിന്ദനെ പറഞ്ഞയച്ച, പിന്നെയും അല്പനെരം അവിടെ തന്നെ ഇരുന്നു. അപ്പൊഴെക്ക ലക്ഷ്മിഅമ്മ പതുക്കെ പൂമുഖത്തെക്ക കടന്നു വന്നു- അദ്ദെഹം ലക്ഷ്മി അമ്മയൊട മീനാക്ഷി ഉറങ്ങിയൊ എന്ന ചൊദിച്ചു- എന്തൊ അല്പം സുഖക്കെടാണെന്ന പറഞ്ഞ കുറെ നെരത്തെതന്നെ അറയിൽ പൊയി കിടന്നിരിക്കുന്നു എന്ന ലക്ഷ്മിഅമ്മ മറുവടി പറഞ്ഞു. എന്നാൽ ഉറങ്ങിക്കൊട്ടെ ഇപ്പൊഴെ വിളിക്കെണ്ട- എന്നു പറഞ്ഞ അദ്ദെഹം അവിടെനിന്ന എഴുനീററ മുകളിൽ തന്റെ അറയിൽ പൊയി കിടന്നു- നാനാവിധമായ മനൊവിചാരംകൊണ്ടും കുണ്ഠിതം കൊണ്ടും ലെശം ഉറക്ക വരാതെ ഏകദെശം നാലു മണി സമയംവരെ കുത്തിരുന്നും കിടന്നും കഴിച്ചതിൽ പിന്നെ ഒരു വിധെന അല്പം ഉറക്ക വന്നതിനാൽ അവിടെ കിടന്നു.

നെരം പുലൎന്ന ഉടനെ മീനാക്ഷി വാതിൽ തുറന്ന കിട്ടുണ്ണിയെ സ്വകാൎയ്യമായി വിളിച്ച അരക്കുകൊണ്ട മുദ്രവെ

ച്ചിട്ടുള്ള ഒരു ലക്കൊട്ട അവന്റെ കയ്യിൽ കൊടുത്തിട്ട പറഞ്ഞു- "നീ ൟ എഴുത്ത യാതൊരു മനുഷ്യന്മാരും കാണാതെ ഭാനുവിക്രമൻ എന്ന ചെറിയതമ്പുരാൻ തിരുമനസ്സിലെ തൃക്കയ്യിൽകൊണ്ട കൊടുത്ത അവിടെനിന്ന തരുന്ന മറുവടി വാങ്ങി ഇതു പ്രകാരം തന്നെ ഇനിക്കു കൊണ്ടന്ന തരണം- ൟ വൎത്തമാനം ഒരു ജീവജാലത്തോടും ശബ്ദിച്ച പോകരുത." കിട്ടുണ്ണി എഴുത്ത വാങ്ങി തന്റെ തോൎത്തമുണ്ടിൽ പൊതിഞ്ഞ അപ്പൊൾ തന്നെ കനകമംഗലംകൊവിലകത്തേക്ക നടന്നു- മീനാക്ഷി എല്പിച്ചിട്ടുള്ള പ്രകാരം തന്നെ അവൻ എഴുത്തു കൊണ്ടുചെന്നു തൃക്കയ്യിൽ കൊടുത്തു- എഴുത്തു കണ്ടപ്പൊൾ അത ഗൊപാലമെനൊൻ അയച്ചിട്ടുള്ളതായിരിക്കാം എന്നായിരുന്നു ഭാനുവിക്രമൻ വിചാരിച്ചിട്ടുണ്ടായിരുന്നത- മെൽവിലാസം എഴുതിയ കയ്യക്ഷരം കണ്ടതിനാൽ അത താൻ വിചാരിച്ചപ്രകാരം ഉള്ളതല്ലെന്ന ബൊദ്ധ്യമായി- വെഗത്തിൽ ലക്കൊട്ടെടുത്ത പൊളിച്ച കത്തെഴുതിയ മനുഷ്യൻ ആരാണെന്നു അറിവാൻ വെണ്ടി ഒന്നാമതായി അതിലെ ഒപ്പു നൊക്കി- തൽക്ഷണം ശരീരത്തിൽ മുഴുവനും രൊമാഞ്ചം നിറഞ്ഞു- "തിരുമനസ്സിലെ പാദാശ്രിതയായ പുത്തൻമാളികക്കൽ മീനാക്ഷി" എന്നു അത്യന്തം സ്പഷ്ടമായും മനൊഹരമായും എഴുതീട്ടുള്ളത കണ്ടപ്പൊൾ ഇദ്ദെഹത്തിന്റെ മനസ്സിൽ ഉണ്ടായ അത്യാനന്ദവും ആശ്ചൎയ്യവും വാചാമഗൊചരമെന്ന മാത്രമെ എന്നാൽ പറവാൻ സാധിക്കയുള്ളു. മീനാക്ഷിക്കു തന്റെ മെൽ അത്യാസക്തിയും അനുരാഗവും ഉണ്ടായിരിക്കുമൊ എന്നു ഇതുവരെക്കും പ്രബലമായി നിന്നിട്ടുണ്ടായിരുന്ന സംശയം ക്ഷണനെരം കൊണ്ട ഹൃദയം പിളൎന്ന പുറത്തെക്കു കടന്നു പൊയ്ക്കളഞ്ഞു- സന്തൊഷപ്രെമരസങ്ങൾ ഒരുമിച്ചു എകകാലത്തിൽ തന്നെ ഉള്ളിലെക്കു പ്രവെശിച്ചത കൊണ്ട ഹൃദയത്തിൽ രണ്ട വലിയ ഭാ

രങ്ങാം ഇപ്പൊഠം അതു നിമിത്തവും ഉണ്ടായി- ഉടനെ മ ഴപ്പാററ പൊടിയുന്നതുപൊലെ അനവധി മനൊരാജ്യങ്ങ ഠം മെൽപറഞ്ഞ ഹൃദയദ്വാരങ്ങളിൽക്കൂടി തുരുതുരെ പുറ ത്തെക്ക പ്രവെശിച്ചു തുടങ്ങി. ധൃതിയും സന്തൊഷവും അ നുരാഗവും വാത്സല്യവും പ്രെമവും പരിഭ്രമവും എല്ലാം കൂ ടി ഇദ്ദെഹത്തിന്റെ അന്തരംഗത്തിൽ നിന്നു നൃത്തം വെ ക്കയായി- ഭാനുവിക്രമൻ സന്തൊഷാശ്രുക്കളാൽ പരിപ്ലുത ങ്ങളായ നെത്രങ്ങഠം തുടച്ചു തന്റെ അനുരാഗദെവതയുടെ കത്തെടുത്തു നിവൃത്തി വായിച്ചു തുടങ്ങി- വായനക്കാരുടെ അറിവിന്ന വെണ്ടി ആ എഴുത്തിന്റെ നെര പകപ്പ് ഇതി ന്നു താഴെ ചെൎത്തിരിക്കുന്നു.

"മഹാ രാജമാന്യ രാജശ്രീ"

"പ്രജാപാലനത്തിങ്കൽ തല്പരനായി ശ്രീ ഭാനുവിക്രമൻ എന്നു മഹനീയമായ നാമധെയത്തൊടുകൂടിയ ചെറിയ തമ്പുരാനവർകളുടെ തൃക്കാലിണകളിൽ വിനയഭക്തി പു രസ്സരം വീണു സാഷ്ടാംഗം നമസ്കരിച്ചു ശിരസ്സിൽ കയി കൂപ്പിക്കൊണ്ടു ചെയ്യുന്ന അപെക്ഷ"

"തിരുമനസ്സിലെ കാരുണ്യത്തിന്നും കടാക്ഷത്തിന്നും അ ടിയൻ പാത്രമായി തീരാത്ത പക്ഷം നിരാധാരയും നിരാ ശ്രയും ആയ അടിയന്ന ഈ ലൊകത്തിൽ മററു യാതൊ രു ശരണവും ഇല്ല- അടിയന്റെ സുഖദുഃഖങ്ങളാകട്ടെ ഗു ണദൊഷങ്ങളാകട്ടെ സുകൃതദുഷ്കൃതങ്ങളാകട്ടെ സകലവും പ്രജാവത്സലനായ നിന്തിരുവടിയുടെ തിരുവുള്ളത്തെ ആ ശ്രയിച്ചുംകൊണ്ടു മാത്രമാണ നില്ക്കുന്നത- അശരണന്മാരി ൽ പരമ കാരുണികനായ നിന്തിരുവടി അടിയന്റെ ഈ മ ഹാ വ്യസനത്തിന്നു ഇന്നു തന്നെ നിവൃത്തി വരുത്താതിരു ന്നാൽ ഇതൊടൊന്നിച്ചു അടിയന്റെ ഈ ജീവകാലം അ വസാനിച്ചു പൊകുന്നതാണെന്നു തിരുമനസ്സിൽ ഉണൎത്തി ക്കാതിരിപ്പാൻ മനസ്സു അനുവദിക്കുന്നില്ല- അബലമാരും

അസ്വതന്ത്രമാരുമായ സതികളുടെ മൎയ്യാദയും പാതിവ്രത്യ
വും കുറവു കൂടാതെ പരിപാലിച്ചു നില നിൎത്തിപ്പോരെണ്ടു
ത കരുണാശാലികളും സമചിത്തന്മാരുമായ അങ്ങെപ്പോ
ലയുള്ള മഹാത്മാക്കളുടെ ഭാരവാഹിത്വമാണെന്നു അടിയ
ൻ ഭയഭക്തി പുരസ്സരം തൊഴുതുംകൊണ്ട തിരുമനസ്സിലെ
റവുന്നു".

"മഹാനുഭാവനായ തിരുമനസ്സിലെക്ക അടിയനെച്ചൊ
ല്ലി അനുരാഗമുണ്ടെന്നുള്ള വിവരം ഈയിടയിൽ മാത്രമെ
അടിയൻ അറിഞ്ഞിട്ടുള്ളു- ഏകദെശം നാലു സംവത്സരം
മുമ്പെ അടിയൻ മല്ലിക്കാട്ട കുഞ്ഞിശ്ശങ്കരമെനൊൻ എന്ന
ഒരു യുവാവിനെ നിൎവ്യാജം ദൃഢമായി അംഗീകരിച്ചിട്ടുള്ള
ത അടിയന്റെ ഇപ്പൊഴത്തെ ഈ അന്തസ്താപത്തിന്നു കാ
രണമായി തീൎന്നിരിക്കുന്നു- ബഹുഭൎത്തൃത്വം പതിവ്രതാധ
ൎമ്മത്തിന്നു കെവലം വിരുദ്ധമായിട്ടുള്ളതാണെന്നു മഹാന്മാ
ർ പറഞ്ഞിട്ടുള്ളത അടിയനും വിശ്വസിച്ചിരിക്കുന്നു- ചാരി
ത്ര ഭംഗം വരുത്താതെ ആജീവനാന്തം പരിപാലിക്കെണ്ടു
തിന്നു അടിയൻ തൃക്കാക്കൽ ശരണം പ്രാപിക്കുന്നു- തിരു
വുള്ളക്കെടുണ്ടാകുമെന്നുള്ള ഭയം നിമിത്തം മാതാപിതാക്ക
ന്മാരും അമ്മാമനും സകല ബന്ധുക്കളും അത്യന്തം വ്യസ
നത്തൊടും വൈവശ്യത്തൊടും കൂടി അടിയനെ ഉപെ
ക്ഷിച്ചുകളവാൻ തന്നെയാണ ഏകദെശം തീൎച്ചയാക്കീട്ടുള്ള
ത- തിരുമുമ്പാകെ ൟ മഹാവ്യസനം വെക്കുന്നതായാൽ
നിശ്ചയമായും ഒരു നിവൃത്തിയുണ്ടാകുമെന്നു വിശ്വസിച്ചും
കൊണ്ട ഇപ്രകാരം തൃക്കാക്കൽ വീണ അപെക്ഷിപ്പാൻ
ധൈൎയ്യം വന്നിട്ടുള്ളതാണ- തിരുമനസ്സുകൊണ്ട അടിയ
ന്റെ ൟ മഹാ സങ്കടം അംഗീകരിക്കാതിരിക്കുന്ന പക്ഷം
അടിയന്റെ ഈ ആയുഷ്കാലം ഇന്നെത്തെ ഒരു ദിവസം
കൊണ്ട പരിണമിക്കുമെന്നു മാത്രമെ ഇനി ഉണൎത്തിപ്പാനു
ള്ളു? അത കൊണ്ട മെൽ കാണിച്ച എല്ലാ സംഗതികളും

കരുണാപുരസ്സരം തിരുമനസ്സു കൊണ്ടാലോചിച്ചു അനുകൂ
ലമായ ഒരു കല്പന അയച്ചു അടിയന്റെ പ്രാണരക്ഷണം
ചെയ്യെണ്ടതിന്നു അത്യന്തം ദൃഢഭക്തിയൊടും വിനയ
ത്തൊടും കൂടി അപെക്ഷിക്കുന്നു.

എന്നു തിരുമനസ്സിലെ പാദാശ്രിതയായ
പുത്തൻമാളികക്കൽ മീനാക്ഷി (ഒപ്പ്).

മെൽ കാണിച്ച എഴുത്തു എതാണ്ടു വായിച്ചു കഴിയുമ്പൊഴ
ക്കു ഭാനുവിക്രമൻ എകദെശം മൃതപ്രായനാവുക കഴിഞ്ഞു-
കയ്യിൽനിന്നു കടലാസ്സു നിലത്തു വീണു പൊയതും കണ്ണീ
ർ മുഖത്തു കൂടി ഒലിച്ചതും ഒന്നും തന്നെ അശെഷം അറി
ഞ്ഞില്ല. ഇരുന്ന പാട ചാരകസെലയിന്മെൽ മലൎന്നു വീണ
ഒരു പതിനഞ്ചു മിനിട്ടു നെരം സ്തംഭിച്ചു കിടന്നു- ചുടു ചു
ടെയുള്ള ബാഷ്പങ്ങാം മുഖത്തിന്റെ രണ്ടുവശത്തും കൂടി ഒ
ലിച്ചു ചുമലിലും മാറത്തും ഇററിററു വീണു. എങ്കിലും കിട്ട
ണ്ണിയൊട പുറത്തു പൊയി നില്പാൻ അദ്ദെഹം മുൻകൂട്ടി
തന്നെ കല്പിച്ചിട്ടുണ്ടായിരുന്നതുകൊണ്ടു ഇങ്ങിനെയുള്ള മൊ
ഹാലസ്യവും പാരവശ്യവും ആൎക്കും അറിവാൻ സംഗതി
വന്നില്ല. അല്പം കഴിഞ്ഞതിൽ പിന്നെ സ്വബൊധം വന്നു
എഴുനീററിരുന്നു തൊൎത്ത മുണ്ടുകൊണ്ടു കണ്ണും മുഖവും തുട
ച്ചു വല്ലവരും കണ്ടൊ എന്നു നാലു ഭാഗവും തിരിഞ്ഞും മ
റിഞ്ഞും ഒന്നു രണ്ടു പ്രാവശ്യം നൊക്കി ധൈൎയ്യം കലൎന്നു
കസെലയുടെ കീഴിൽ വീണു കിടക്കുന്ന എഴുത്തെടുത്തു ര
ണ്ടാമതു ഒരു പ്രാവശ്യം കൂടി മനസ്സിരുത്തി മുഴുവനും വായി
ച്ചു തന്റെ മെശപ്പുറത്തു വെച്ചു പിന്നെയും കുറെ നെരം
ചാരിക്കിടന്നു എന്തൊ മനസ്സുകൊണ്ടു ആലൊചിക്കയാ
യി- എകദെശം അര മണിക്കൂറ നെരം അങ്ങിനെ കിട
ന്നുംകൊണ്ടു ആലൊചിച്ചതിന്റെ ശെഷം അത്യന്തം മുഖ
പ്രസാദത്തൊടും സന്തൊഷത്തൊടും കൂടി അവിടെനിന്നു
എഴുനീററു തന്റെ എഴുത്തുപെട്ടി തുറന്നു അതിൽനിന്നു മ

രു ലക്കൊട്ടും കടലാസ്സും വെള്ളികൊണ്ടുള്ള ഒരു വലിയ അ ളുക്കും എടുത്തു പുറത്തുവെച്ച വെഗത്തിൽ അവിടെ ഇരു ന്ന ഒരെഴുത്തെഴുതി ലക്കൊട്ടിലാക്കി മുദ്രവെച്ചു മെൽപറ ഞ്ഞ അളുക്കും ഒരു തടിച്ച കടലാസ്സിൽ പൊതിഞ്ഞു നാലു പുറവും വളരെ വിശെഷമായി മുദ്രവെച്ചു കിട്ടുണ്ണിയെ വി ളിച്ചു അതു രണ്ടും കൂടി അവൻെറ കയ്യിൽ കൊടുത്തു "മീ നാക്ഷിയുടെ കയ്യിൽ സ്വകാൎയ്യം കൊണ്ട കൊടുക്കു" എ ന്ന പറഞ്ഞു അവനെ അയക്കുകയും ചെയ്തു.

കിട്ടുണ്ണി മുമ്പെത്തെ പ്രകാരം തന്നെ ഇത രണ്ടും ത ൻെറ മുണ്ടിൽ പൊതിഞ്ഞും കൊണ്ട ആരും കാണാതെ മീ നാക്ഷിയുടെ കയ്യിൽകൊണ്ട കൊടുത്തു- അവൾ അത്യ ന്തം പരിഭ്രമത്തൊടും തിരക്കൊടും കൂടി തൻെറ അറയിൽ കടന്നു വാതിൽ ചാരി കട്ടിലിന്മെൽ ചെന്നു കുത്തിരുന്നു ധൈൎയ്യം കലൎന്നു വെഗത്തിൽ ലക്കൊട്ട പൊളിച്ചു കത്തെ ടുത്ത നിവൃത്തി സംഭ്രമത്തൊടെ വായിച്ചു- അത ഇതിന്നു കീഴെ ചെൎത്തിട്ടുള്ള പ്രകാരമായിരുന്നു.

സ്വസ്ത്യസ്തു.

"മീനാക്ഷിയുടെ ലെഖനം നമുക്ക കിട്ടി- നിൻെറ പാ തിവ്രത്യ ശുദ്ധിയും ഭൎത്തൃ സ്നെഹവും കണ്ട നാം വളരെ സ ന്തൊഷിക്കുന്നു- സാദ്ധ്വിയും സുശീലയുമായ നിൻെറ ചാരി ത്രത്തെ നശിപ്പിച്ചു നമ്മുടെ മനൊഹിതം സാധിപ്പിക്കെ ണമെന്ന നാം ഒരിക്കലും ഇച്ഛിക്കുന്നില്ല- നമുക്ക അതുനി മിത്തം ലെശം സുഖക്കെടും ഉണ്ടാകുന്നതല്ല- അത്യുത്തമ യായ നിൻെറ ഗുണത്തിന്നും ക്ഷെമാഭിവൃദ്ധിക്കും വെണ്ടി നമ്മാൽ കഴിയുന്നത്ര സഹായം ആജീവനാന്തം നാം നി ണക്ക ചെയ്തുതരാതിരിക്കയില്ല- നിൻെറ സുസ്ഥിരമായ വൃ ത്തിവിശെഷത്തിൻെറയും മനൊധൈൎയ്യത്തിൻെറയും അ ടയാളമായിരിപ്പാൻ വെണ്ടി നാം സന്തൊഷസഹിതം ഇ തൊടൊന്നിച്ച അയച്ചിട്ടുള്ള സമ്മാനം നിൻെറ ദെഹത്തി

മെൽ എല്ലാഎപ്പൊഴും ധരിക്കാതിരിക്കയില്ലെന്ന നാം ദൃഢമായി വിശ്വസിക്കുന്നു- നിന്റെ മനൊഹിതത്തിന്ന മുടക്കം ചെയ്യാതെ വെണ്ടുന്നതക്ക എല്ലാ വഴികളും പ്രവൃത്തിക്കെണ്ടതിന്ന നാം ഇന്നുതന്നെ ഗൊപാലനെ തീട്ടുമൂലം അറിയിക്കുന്നതാണ- സൌശീല്യാദി ഗുണ സമ്പന്നയായ നിന്നെ സദാ കാലവും ജഗദീശ്വരൻ കാത്തു രക്ഷിക്കും-

എന്നു—ഭാനുവിക്രമൻ.

മീനാക്ഷിക്കുണ്ടായ പരമാനന്ദവും ഭക്തിയും ആരും വിചാരിച്ചാലും വൎണ്ണിക്കാവുന്നതല്ല- കത്തു വായിച്ചു കഴിയുമ്പൊഴെക്ക ഒരു മുഴം മെല്ലൊട്ട പൊങ്ങുക കഴിഞ്ഞു- കനകമംഗലം കൊവിലകത്തിന്ന നെരെ തിരിഞ്ഞു നിന്ന ഭാനുവിക്രമനെ മനസ്സിൽ വിചാരിച്ച മൂന്നു പ്രാവശ്യം തൊഴുതു- അതിൽപിന്നെ അളുക്കിൽ എന്താണെന്നു നൊക്കുവാനുള്ള തിരക്ക അതി കലശലായി- ക്ഷണത്തിൽ മുദ്ര നീക്കി കടലാസ്സ പറിച്ചു ചീന്തി അളുക്ക തുറന്ന അതിൽ അടക്കം ചെയ്തിട്ടുള്ള സാധനം പുറത്തെക്കെടുത്തു- അതൊ അത്യന്തം മനൊഹരമായ ഒരു മുത്തുമാലയായിരുന്നു- മാലയുടെ അഴകും രമണീയതയും യാതൊന്നും സൂക്ഷിക്കാതെ അതും എഴുത്തും എടുത്ത വെഗത്തിൽ വാതിൽ തുറന്ന തന്റെ അമ്മയും ഇളയമ്മമാരും ഇരിക്കുന്ന വടക്കെ കൊലായിലെക്ക ഓടിക്കൊണ്ട ചെന്നു- മീനാക്ഷിയുടെ മുഖപ്രസാദവും ധൃതിയും കണ്ടപ്പൊൾ എന്തൊ ചില വിശെഷവിധികൾ സംഭവിച്ചിട്ടുണ്ടെന്ന അവൎക്ക മനസ്സിലായി. അവൾ വെഗത്തിൽ അടുത്തു ചെന്നു നാണിയമ്മയുടെ കയ്യിൽ മുത്തുമാലയും പാറുക്കുട്ടിയുടെ കയ്യിൽ എഴുത്തും കൊടുത്തിട്ട അവരുടെ മുഖഭാവം സൂക്ഷിച്ചു നൊക്കിക്കൊണ്ട അവിടെ നിന്നു. നാണിയമ്മ അപൂൎവ്വമായ ഒരു മുക്താഹാരം കയ്യിൽ പിടിച്ച അത്യത്ഭുതത്തൊടെ അത തിരിച്ചും മറിച്ചും

നൊക്കിക്കൊണ്ടിരിക്കെ പാറുക്കുട്ടി എഴുത്ത വായിച്ച ചിരിച്ചുംകൊണ്ട ഇങ്ങിനെ പറഞ്ഞു.

പറുക്കുട്ടി—നാം ആരും എനി മീനാക്ഷിയെ ചൊല്ലി വ്യസനിക്കെണമെന്നില്ല- മാലയും ഈ എഴുത്തും ചെറിയ തമ്പുരാൻ അവൾക്ക തിരുമനസ്സകൊണ്ട അയച്ചിട്ടുള്ളതാണ- അവിടുത്തെക്കസമമായ പുരുഷൻ ഇന്ന ലൊകത്തിൽ ആരാണുള്ളത? തമ്പുരാക്കന്മാരായാൽ ഇങ്ങിനെയിരിക്കണം- വല്ല വക്കംമൎയ്യാദ പഠിക്കെണമെങ്കിൽ ചെറിയ തമ്പുരാനൊട കണ്ട പഠിച്ചൊട്ടെ.

ലക്ഷ്മിഅമ്മ—(കുറെ മുമ്പൊട്ട നീങ്ങിയിരുന്നിട്ട) എന്താണ അവിടുന്ന എഴുതീട്ടുള്ളത? പാറുക്കുട്ടി അത വായിച്ചില്ലെ?

പാറുക്കുട്ടി—ഞാനെന്താണ പറയെണ്ടത? ഇവൾ സാമന്യക്കാരത്തിയല്ല-ചെറിയതമ്പുരാന ഒരെഴുത്തയപ്പാൻ ധൈൎയ്യം വന്നില്ലെ? ആശ്ചൎയ്യം തന്നെ- കൊച്ചുലക്ഷ്മിയുടെ അച്ഛന ഒരെഴുത്തയപ്പാൻ എനിക്ക എനിയും ധൈൎയ്യം വന്നിട്ടില്ല- കണ്ടില്ലെ ഇവളെടുത്ത പണി? നാം ആരും അറിയാതെ ഒരെഴുത്തയച്ച ചെറിയ തമ്പുരാന്റെ ബൊദ്ധ്യത വിടുത്തി അദ്ദെഹത്തൊട രെഖാമൂലം ഒരു സമ്മതവും സമ്മാനമായിട്ട ഒരു മുത്തുമാലയും വാങ്ങിക്കളഞ്ഞില്ലെ! ഇവൾ ചില്ലറയല്ല- എനി ജ്യെഷ്ഠനും മറ്റും കുണ്ഠിതപ്പെട്ടിരിക്കെണ്ട- വെഗം അടിയന്തരത്തിന്നു വെണ്ടുന്ന സാമാനങ്ങളും മറ്റും ഒരുക്കിക്കൊട്ടെ.

ലക്ഷ്മിഅമ്മ—ആവൂ! എന്റെ ദൈവമെ! എന്റെ ജീവൻ നെരെ വന്നു! ഈ വിവരം വെഗത്തിൽ ചെന്നു ഗൊപാലനൊട പറയണം. മീനാക്ഷിയുടെ അച്ഛനും അപ്പുക്കും ഇന്നുതന്നെ ഈ സംഗതി കാണിച്ച ഓരൊ എഴുത്തയച്ച കളയട്ടെ.

പാറുക്കുട്ടി—കൊച്ചുലക്ഷ്മിയുടെ അഛനും കൂടി ഒരു എഴു ത്തയക്കാൻ പറയണം. പൊകുമ്പൊൾ എന്നൊട പ്ര ത്യേകം പറഞ്ഞിരിക്കുന്നു.

നാണിയമ്മ—എന്നാൽ ഒരെഴുത്തും കൂടി വെണ്ടിവരും- അ ല്ലാഞ്ഞാൽ അവിടുന്നു മുഷിയാതിരിക്കില്ല.

പാറുക്കുട്ടി—അത ഇവിടെ അടുക്കെയല്ലെ? നാളെ അയച്ചാ ലും മതിയാകുന്നതാണ.

നാണിയമ്മ—നമ്പ്യാൎക്കും നാളെ അയച്ചാൽ പൊരെ?

ലക്ഷ്മി അമ്മ—അതെല്ലാം വെണ്ടപൊലെ ഗൊപാലൻ ചെയ്തൊളും- ആ എഴുത്തും മാലയും ഇങ്ങട്ട കാണ ട്ടെ- ഞാൻ തന്നെ കൊണ്ട കൊടുത്തുകളയാം.

മീനാക്ഷി—അമ്മാമന്ന ചെറിയ തമ്പുരാൻ തിരുമനസ്സ കൊണ്ട ഇന്നതന്നെ ൟ വിവരത്തിന്ന ഒരെഴുത്തയ ക്കും- അമ്മാമൻ എന്നിട്ടറിഞ്ഞാൽ പൊരെ?

ലക്ഷ്മിഅമ്മ—അതവരക്കും അവന്റെ മനസ്സ എന്തിനാ ണ പുണ്ണാക്കുന്നത? വിവരം ഇപ്പൊൾതന്നെ ചെ ന്നു പറയുന്നതാണ നല്ലത? എഴുത്തുംകൊണ്ട പക്ഷെ ഞാൻ തന്നെ പൊയ്ക്കളയാം.

പാറുക്കുട്ടി—ജ്യേഷ്ഠനൊട ൟ വിവരം പറവാൻ എനി ഞാൻ പൊയാലും മതി- ജ്യേഷ്ഠത്തിതന്നെ പൊണ മെന്നില്ല- ഒരു സമയം കിട്ടുണ്ണിയുടെ വശം കൊടുത്ത യച്ചാലും മതി.

നാണിയമ്മ—കിട്ടുണ്ണിയെ ഇന്ന ഇവിടെ കണ്ടിട്ടെ ഇല്ല- എങ്ങട്ടാണ അവൻ പൊയ്ക്കളഞ്ഞത?

മീനാക്ഷി—അവനെ ഞാൻ കൊവിലകത്തെക്ക പറഞ്ഞ യച്ചിരുന്നു- അവനാണ ൟ എഴുത്തും മാലയും കൊ ണ്ടന്നു തന്നത.

നാണിയമ്മ—മിടുക്കൻതന്നെ- അവന്ന നിശ്ചയമായിട്ടും ഇ ന്ന നാല മുണ്ട കൊടുക്കണം.

പാറുക്കുട്ടി—ശരി-ശരി- അതാണ കിട്ടുണ്ണിയെ നൊക്കീട്ട രാവിലെ ഒരു ദിക്കിലും കാണാഞ്ഞത! അവന ഞാനം കൊടുക്കും ഇന്ന നാല മുണ്ട- വല്ലതും കൊടുക്കുന്നുണ്ടെങ്കിൽ ഇങ്ങിനത്തെ ആളുകൾക്കാണ കൊടുക്കെണ്ടത.

ലക്ഷ്മിഅമ്മ—നാം ഒന്നും കൊടുത്തില്ലെങ്കിലും വെണ്ടില്ല- എന്നന്നെക്കും കാണത്തക്ക ഒരു സമ്മാനം മീനാക്ഷിയാണ അവന കൊടുക്കെണ്ടത.

നാണിയമ്മ—ഈ ഉപകാരം വിചാരിച്ച മീനാക്ഷി അവനെ ഒന്നിച്ചുതന്നെ കൊണ്ടുപൊകും.

പാറുക്കുട്ടി—പൊകുന്ന കാൎയ്യവും നാണിയെട്ടത്തി തീൎച്ചപ്പെടുത്തി കഴിഞ്ഞൊ? ആനയെ മെടിച്ചിട്ട പൊരെ ചങ്ങലയുടെ കാൎയ്യംകൊണ്ട അന്വെഷിക്കുന്നത?

നാണിയമ്മ—ആനയെ കിട്ടുമെന്നുള്ള ഉറപ്പുണ്ടായാൽ ചങ്ങല മുമ്പെ തന്നെ വാങ്ങി വെക്കുന്നതിന്ന എന്താണ തരക്കെട?

പാറുക്കുട്ടി—ഇരുന്നിട്ടല്ലെ നല്ലത കാലു നീട്ടുന്നത?

നാണിയമ്മ—ഇരുന്ന കാൽ തരിച്ചതിൻെറ ശെഷമെ കാൽ നീട്ടാൻ പൊയിട്ടുള്ളു.

മീനാക്ഷി—എന്തിനാണിങ്ങിനെ ദുസ്തക്കം പറയുന്നത? ഇതെല്ലാം പിന്നെ പറഞ്ഞാൽ പൊരെന്നുണ്ടൊ?

പാറുക്കുട്ടി—(ചിരിച്ചുംകൊണ്ട) പൊട്ടെ-പൊട്ടെ മീനാക്ഷീ! ഇന്നലെ വയിന്നെരം മുതൽ ഇതുവരെയും ഇങ്ങിനത്തെ സംസാരം ഒന്നും കെട്ടിട്ടില്ലല്ലൊ- ഇപ്പൊൾ നാവ മൂത്തപൊയി- എനി നിന്നെ ആര പിടിച്ചാലും കിട്ടില്ല.

നാണിയമ്മ—ചെറിയതമ്പുരാൻ തിരുമനസ്സു കൊണ്ട പിടിക്കാൻ നൊക്കീട്ട കിട്ടീട്ടില്ലല്ലൊ- വെറെ ഒരാൾ പിടിക്കുന്നത പിന്നെയല്ലെ? പിടിക്കെണ്ടുന്നാൾ പണ്ടെ തന്നെ പിടിച്ചിട്ടും ഉണ്ട.

പാറുക്കുട്ടി__അത ഞാനിപ്പൊൾ മാത്രമെ അറിഞ്ഞിട്ടുള്ളു- പിടിക്കാൻ പൊകുന്നു എന്നാണ ഞാൻ ഇതവരെയും വിചാരിച്ചിട്ടുണ്ടായിരുന്നത.

മീനാക്ഷി ഇതിനൊന്നും യാതൊന്നും പകരം പറയാതെ മുഖം താഴ്ത്തിക്കൊണ്ട നിന്നു. "മതി നെരം പൊക്ക പറഞ്ഞതു- എഴുനീററു ഓരൊ വഴിക്ക പൊയ്ക്കൊളീൻ" എന്നു പറഞ്ഞു ലക്ഷ്മിഅമ്മ എഴുത്തും മാലയും വാങ്ങി സന്തൊഷത്തൊടും വിസ്മയത്തൊടും കൂടി കിഴക്കെ പൂമുഖത്തെക്ക കടന്നുചെന്നു- അപ്പൊൾ ഗൊപാലമെനൊനും ഗൊവിന്ദനും കൂടി ഹരി ജയന്തൻ നമ്പൂരിപ്പാടിനെ ചെറിയ തമ്പുരാന്റെ അടുക്കെ അയച്ചു മദ്ധ്യസ്ഥം പറയിപ്പിക്കുവാൻ വെണ്ടി കാക്കനൂർ മനക്കലെക്ക പൊവാനുള്ള ഒരുക്കമായി നില്ക്കുന്നു-ലക്ഷ്മിഅമ്മ എഴുത്തും മുത്തുമാലയുംകൂടി ഗൊപാലമെനൊന്റെ കയ്യിൽ കൊടുത്തു- അദ്ദെഹം കാൎയ്യത്തിന്റെ യാഥാൎത്ഥ്യം യാതൊന്നും അറിയാതിരുന്നതിനാൽ മാലയും എഴുത്തും കണ്ടപ്പൊൾ എന്തൊ ചിലതൊക്കെ ശങ്കിച്ചുപൊയി- ഗൊവിന്ദന്റെ മനസ്സിലും കുറച്ചൊരു പരിഭ്രമം ഉണ്ടായി- ഗൊപാലമെനൊൻ സംഭ്രമത്തൊടു കൂടി വെഗത്തിൽ എഴുത്ത നിവൃത്തി വായിച്ചു- സന്തൊഷാശ്രുക്കൾ കണ്ണുകളിൽ നിന്നു ഒഴുകിത്തുടങ്ങി- അത്യാശ്ചൎയ്യംകൊണ്ടും പരമാനന്ദം കൊണ്ടും ഒരക്ഷരം പൊലും മിണ്ടാൻ വഹിയാതെ വെഗത്തിൽ അത ഗൊവിന്ദന്റെ കയ്യിൽ കൊടുത്തു- ഗൊവിന്ദൻ എഴുത്ത വായിച്ചു സന്തൊഷിച്ചു ഗൊപാലമെനൊന്റെ മുഖത്ത നൊക്കി ചിരിച്ചുംകൊണ്ട പറഞ്ഞു.

ഗൊവിന്ദൻ—കാൎയ്യം ഇത്ര ക്ഷണംകൊണ്ട ഇങ്ങിനെ കലാശിക്കുമെന്ന ഞാൻ സ്വപ്നെപി വിചാരിച്ചിരുന്നില്ല- ഇവിടത്തെ മഹാ ഭാഗ്യത്തിന്ന യാതൊന്നും എതിരില്ല- വളരെ വിശെഷമായി- ചെറിയ തമ്പുരാന്റെ

ബുദ്ധി വിശെഷം അത്യന്തം ശ്ലാഘനീയം തന്നെ.

ഗൊപാലമെനൊൻ—ആ പെണ്ണിന്റെ ഭാഗ്യംകൊണ്ടാണ ഇത ഈ വിധത്തിൽ കലാശിച്ചു പൊയത- അവാം ജനിച്ച മുതല്ക്ക ഞങ്ങാം യാതൊരു സങ്കടവും അനുഭവിച്ചിട്ടില്ല- എല്ലാം ദൈവ കാരുണ്യം.

ലക്ഷ്മിഅമ്മ—ഈ വിവരത്തിന്ന ഇന്നതന്നെ അപ്പയുടെ അമ്മനും മററും എഴുത്തയക്കണം- അടിയന്തരം ഇനി ഈ മാസത്തിൽതന്നെ കഴിഞ്ഞു പൊയ്ക്കൊട്ടെ- താമസിക്കും തൊറും ഉപദ്രവം ഉണ്ടാവാനാണ ഇടയുള്ളത.

ഗൊപാലമെനൊൻ—എനി ഒരു നാഴികപൊലും താമസിക്കെണ്ടുന്ന ആവശ്യമില്ല- എഴുത്ത സകലവും ഇന്ന തന്നെ അയച്ചു പത്തു ദിവസത്തിന്നുള്ളിൽ സകലവും ഒരുക്കിക്കളയാം.

ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുന്നമദ്ധ്യെ ചെറിയതമ്പുരാൻ തനിക്ക അയച്ചിട്ടുള്ള എഴുത്തും എത്തി-കാൎയ്യം മുഴുവനും മുമ്പെ തന്നെ അറിഞ്ഞിട്ടുണ്ടായിരുന്നതകൊണ്ട അപ്പൊാം അതിനെപ്പററി വിശെഷിച്ച ഒന്നും പറവാനുണ്ടായിരുന്നില്ല- ഗൊപാലമെനൊൻ എഴുത്ത പൊളിച്ചു വായിച്ചു ലക്ഷ്മിഅമ്മയുടെ കയ്യിൽ കൊടുത്തിട്ട അപ്പൊാംതന്നെ ഗൊവിന്ദനൊടൊന്നിച്ചു അവിടെ നിന്നിറങ്ങി ചെറിയ തമ്പുരാനെ ചെന്നു കണ്ടു. ഗൊപാലമെനൊന്റെ ആദരവും വിനയവും ഭക്തി വിശെഷവും കണ്ടിട്ട ഭാനുവിക്രമന്ന വളരെ സന്തൊഷമുണ്ടായി- മീനാക്ഷി തനിക്ക അയച്ചിട്ടുണ്ടായിരുന്ന എഴുത്തെടുത്തു കൊണ്ടുവന്നു ഗൊപാലമെനൊന്റെ മുഖാന്തരം താൻതന്നെ വായിച്ചു മന്ദസ്മിതം തൂകി ഇപ്രകാരം പറഞ്ഞു. "സ്ത്രീകളെ വെണ്ടപ്പെട്ട പ്രകാരം വിദ്യാഭ്യാസം ചെയ്യിച്ചു മനൊ വികാസം വരുത്തുന്നതിനാൽ ഉണ്ടാവാനിരിക്കുന്ന നന്മകളെ നമ്മുടെ പ്രജ

കളെ ഗ്രഹിപ്പിക്കുവാൻ ഗൊപാലന്റെ മരുമകൾ ഒരുപാദ്ധ്യായിനിയാണെന്നു പറവാൻ നമുക്ക ലെശംപൊലും സംശയമില്ല- ഈ രാജ്യത്തിലെ ഭാഗ്യശാലികളിൽ വെച്ച ഒന്നാമൻ നീതന്നെയാണ- മീനാക്ഷിയുടെ ബുദ്ധിവൈശിഷ്ട്യത്തെപ്പററി നാം അത്യന്തം സന്തൊഷിക്കുന്നു- അവളുടെ വിവാഹം കൂടുന്ന വെഗത്തിൽ നിൎവ്വഹിക്കുകയും അടിയന്തര ദിവസം ഗൊപാലൻ നമ്മുടെ മുമ്പാകെ വന്നു പൊകുകയും ചെയ്യുന്നത നമുക്ക അത്യന്തം സന്തൊഷമായിരിക്കും- കുഞ്ഞിശ്ശങ്കരനെ ഒരു പ്രാവശ്യം കണ്ട സംസാരിക്കെണമെന്ന നമുക്കൊരു മൊഹം ഇരിക്കുന്നുണ്ട- അതകൊണ്ട അവൻ വന്നാൽ നമ്മെ വന്നു കാണാതെ പൊയ്ക്കളയരുതെന്നു പ്രത്യെകം ഏല്പിക്കണം- ഗൊപാലൻ വന്നിട്ടുള്ളത നമുക്ക വളരെ സന്തൊഷമായി- കൂടക്കൂടെ എനിയും ഇങ്ങട്ട വരണം- ഇപ്പൊൾ പൊകാം.''

ഗൊപാലമെനൊൻ ചെറിയ തമ്പുരാനവർകളെ തൊഴുതു വിടവാങ്ങി മടങ്ങി പുത്തൻമാളികക്കൽ വന്നു- കുഞ്ഞികൃഷ്ണമെനൊൻ മുതലായ സംബന്ധികൾക്കും അച്യുതമെനൊനും മീനാക്ഷിയുടെ വിവാഹത്തെപ്പററി പ്രത്യെകം എഴുത്തയച്ച അവരുടെ വരവും കാത്തുകൊണ്ടിരുന്നു.

## ഇരുപത്തൊന്നാം അദ്ധ്യായം.

### കഥാവസാനം.

ഗൊപാലമെനൊൻ അയച്ചിട്ടുണ്ടായിരുന്ന കത്ത അച്യുതമെനൊന കിട്ടിയ ദിവസം തന്നെ മീനാക്ഷിയുടെ ഒരെഴുത്ത നമ്മുടെ കുഞ്ഞിശ്ശങ്കരമെനൊനും കിട്ടി. ഭാനുവിക്രമൻെറ സംബന്ധകാൎയ്യത്തെപ്പററി അച്യുതമെനൊനിൽനിന്ന കെട്ടിട്ടുണ്ടായിരുന്നത പരമാൎത്ഥമാണെന്ന വിശ്വസിച്ച പെട്ടെന്നുണ്ടായ പരിഭ്രമം നിമിത്തം കുഞ്ഞിശ്ശങ്കരമെനൊൻ തന്നെത്താൻ മറന്ന അത്യന്തം വ്യസനകരമായ ഒരെഴുത്തും പിററന്നാൾ രാവിലെ മീനാക്ഷിയുടെ കത്ത കിട്ടിയതിനാൽ അത്യാനന്ദപ്രദമായ ഒരു അടിയന്തര കമ്പിയും മീനാക്ഷിക്ക അയച്ചിട്ടുണ്ടായിരുന്നു എന്ന 18-ാം അദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുള്ളത വായനക്കാൎക്ക ഓൎമ്മയുണ്ടെല്ലൊ- മെൽ പറഞ്ഞ കമ്പി കിട്ടുന്നതിന്ന മുമ്പായിരുന്നു ആ എഴുത്തു കിട്ടീട്ടുണ്ടായിരുന്നത എങ്കിൽ കുഞ്ഞിശ്ശങ്കരമെനൊൻ അതിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്ന പ്രകാരം തന്നെ ശൊകാധിക്യംകൊണ്ട മീനാക്ഷിയും നിസ്സംശയം മരിച്ചുപൊകുമായിരുന്നു. അടിയന്തര കമ്പി അയച്ചിട്ടുണ്ടായിരുന്നത വളരെ ഉപകാരമായി- എന്നിട്ടും എഴുത്ത കിട്ടി വായിച്ചപ്പൊൾ അവൾ നെടുവീൎപ്പിട്ട പൊട്ടി കരഞ്ഞു പൊയി- മീനാക്ഷി കരഞ്ഞിട്ടുള്ളത ആശ്ചൎയ്യമല്ലെല്ലൊ- അതിധീരയായ പാറുക്കുട്ടി കരഞ്ഞിട്ടുള്ളതാണ അത്യത്ഭുതം- ആ എഴുത്തിലെ വാചകം കണ്ടാൽ അദ്ദെഹത്തിനെ മുമ്പ കാണാത്തവരും കൂടി വല്ലാതെ വ്യസനിച്ചുപൊകും- ആയത വായനക്കാരുടെ മുമ്പാകെ വെക്കുന്നത അത്ര ഭംഗിയും മൎയ്യാദയും ആയിരിക്കയില്ലെന്ന വിശ്വസി

ച്ച ഇവിടെ പ്രസ്താവിപ്പാൻ മനസ്സ വരുന്നില്ല- കുഞ്ഞിശ്ശങ്കരമെനൊൻ ഹൈക്കൊട്ടിൽ ഒരു ക്രിമിനാൽ അപ്പീൽ വിചാരണയിൽ ഇരിക്കുന്ന മദ്ധ്യത്തിലാണ മീനാക്ഷിയുടെ ഇപ്പൊഴത്തെ കത്ത അദ്ദെഹത്തിന്ന കിട്ടീട്ടുണ്ടായിരുന്നത- കയ്യക്ഷരം കണ്ടപ്പൊൾ തന്നെ അദ്ദെഹത്തിന്ന മനസ്സിലായി- ഉടനെ പത്ത മിനുട്ട അവസരം വാങ്ങി ബാറിൽനിന്ന പുറത്ത കടന്നു തന്റെ മുറിയിൽ ചെന്നു കുത്തിരുന്നു പരിഭ്രമത്തൊടെ വെഗം ലക്കൊട്ട പൊളിച്ച കത്തെടുത്ത വായിച്ചു- അതിന്റെ ശരിയായ തരിജമ ഇതിന്റെ താഴെ ചെർത്തിരിക്കുന്നു.

കനകമംഗലം.

ശ്രീ. നവെമ്പ്ര 16.

എന്റെ പ്രാണപ്രിയതമ!

അവിടെ നിന്ന അയച്ച കമ്പിയും എഴുത്തും എനിക്ക കിട്ടി- ഇവിടെ ഇപ്പൊൾ നല്ല വസന്തകാലമാണ- എനിക്ക വെണ്ടുന്നത മുഴുവനും അവിടെനിന്ന ചെയ്യെണ്ടതാണ- ജ്യെഷ്ഠനൊടും അപ്പുക്കുട്ടനൊടും ഒരുമിച്ച ഇന്നതന്നെ നിവൃത്തിയുള്ള പക്ഷം പുറപ്പെടുമെല്ലൊ- സംഗതിവശാൽ വല്ല താമസവും ഉണ്ടെങ്കിൽ ആ വിവരത്തിന്ന ഒരു അടിയന്തര കമ്പി അയച്ചുതരു വാനപെക്ഷ- ശെഷം ഒക്കെയും അമ്മാമൻ ജ്യെഷ്ഠനയച്ചിട്ടുള്ള എഴുത്തിൽനിന്ന ഗ്രഹിക്കാവുന്നതാണ. എന്ന സ്വന്തം മീനാക്ഷി.

എഴുത്ത വായിച്ച നിമിഷത്തിൽതന്നെ കനകമംഗലത്ത എത്തിയാൽ കൊള്ളാമെന്നു കുഞ്ഞിശ്ശങ്കരമെനൊന്റെ മനസ്സിൽ അത്യന്തം കലശലായ ഒരു മൊഹമുണ്ടായി- കമ്പിവഴിയായി മനുഷ്യന്മാരെ അയപ്പാൻ കഴിയുന്നതായ ഒരു വിദ്യ ഇതവരെ ആരും കണ്ടുപിടിച്ചില്ലെല്ലൊ എന്ന വിചാരിച്ചു വ്യസനിച്ചു എങ്കിലും പിറെറന്നാൾ കൂടി ഒരു അപ്പീൽ നമ്പ്ര വിചാരണയുണ്ടായിരുന്നതിനാൽ അതവി

ട്ടെറിഞ്ഞ പൊയ്ക്കൂളവാൻ നിവൃത്തിയില്ലാത്തതകൊണ്ട രണ്ടുദിവസം കഴിഞ്ഞല്ലാതെ എന്തായാലും തരമില്ലെന്നു നിശ്ചയിച്ച ആ വിവരത്തിന്നു അപ്പൊൾ തന്നെ കനകമംഗലത്തെക്ക ഒരു കമ്പിയയച്ച ധീരാത്മാവായി അത്യന്തം മനസ്സന്തൊഷത്തൊടും മുഖപ്രസാദത്തൊടും കൂടി രണ്ടാമതും ബാറിൽ ഹാജരായി. അന്നെത്തെ കെസ്സിൽ കുഞ്ഞിശ്ശങ്കരമെനൊൻ കാണിച്ചിട്ടുള്ള അത്യുത്സാഹവും ബുദ്ധിഗാംഭീൎയ്യവും കണ്ടിട്ട കൊട്ടിൽ കൂടിയിരുന്ന സകല ജനങ്ങളുംഅത്ഭുതപ്പെട്ടുപൊയി- ബാരിസ്റ്റർ മെയിൻസായ്പ പൊയതിൽ പിന്നെ ക്രിമിനാൽക്കെസ്സിൽ ഇങ്ങിനെ ഒരാൾ യുക്തിയുക്തമായി നിയമാനുസരണം പ്രസംഗിച്ചുകെട്ടിട്ടില്ലെന്നു പലരും അന്യൊന്യം പറഞ്ഞു ശ്ലാഘിച്ചു- അന്നെത്തെ അപ്പീൽ നമ്പ്ര തന്റെഭാഗം ഗുണമായിത്തീൎന്നു. നിശ്ചയിച്ചിട്ടുണ്ടായിരുന്ന പീസ്സ കൂടാതെ മന്തുവറപ്പിക സമ്മാനവും കിട്ടി- കൊടതി പിരിഞ്ഞതിൽ പിന്നെ അച്യുതമെനൊനും താനും കൂടി വണ്ടികയറി പൊരുന്ന വഴി വിവരം ഒക്കെയും പറഞ്ഞു സന്തൊഷിച്ചു താനുംകൂടി അന്നെത്തെ രാത്രി അച്യുതമെനൊന്റെ ഒന്നിച്ചുതന്നെ പാൎത്തു- പിറന്നാൾതന്നെ യാത്രാനുരൂപമായ സകലസാധനവും തെയ്യാറാക്കി വെപ്പിച്ചു- മൂന്നാംദിവസം രണ്ടുപെരുംകൂടി ഇരിപതദിവസത്തെ കല്പനയും വാങ്ങി പ്രസിഡൻസി കൊളെജ്ജിൽ ജൂനിയർ എഫെ ക്ലാസ്സിൽ പഠിച്ചുവരുന്ന അപ്പുക്കുട്ടനൊടൊരുമിച്ചു മലയാളത്തിലെക്ക വണ്ടി കയറി- അപ്പുക്കുട്ടൻ ഇത വരക്കും ഈ ഒരു പ്രസ്താവം പൊലും അറിഞ്ഞിട്ടുണ്ടായിരുന്നില്ല- വസ്തുത അറിഞ്ഞപ്പൊൾ തുടങ്ങി അവനുള്ള സന്തൊഷം നിമിഷംപ്രതി വൎദ്ധിച്ചു വന്നു. വണ്ടിയുടെ ചലനവും വെഗതയും സ്റ്റെഷൻതൊറും എത്തുമ്പൊഴുള്ള തിരക്കും ഇതൊന്നും അപ്പുക്കുട്ടനാകട്ടെ കുഞ്ഞിശ്ശങ്കരമെനൊനാകട്ടെ അറിഞ്ഞതെയില്ല- കുഞ്ഞിശ്ശ

കരമെനൊൻ താൻ ഇറങ്ങെണ്ടതായ സ്റ്റെഷനിൽ എത്തി
യ ഉടനെ അച്ച്യുതമെനൊനൊടും അപ്പുക്കുട്ടനൊടും യാ
ത്ര പറഞ്ഞു വണ്ടിയിൽ നിന്നിറങ്ങി, പെട്ടിയും സാമാനങ്ങ
ളും ഒരു കൂലിവണ്ടിയിൽ തന്റെ രണ്ട ഭൃത്യന്മാരെക്കൊണ്ട
എടുത്തവെപ്പിച്ചതിന്റെ ശെഷം അവരിൽ ഒരുത്തനെ
അച്ച്യുതമെനൊനെ തുണയായി അയച്ച, രണ്ടുമണിക്കു മു
മ്പായി വീട്ടിൽ എത്തെണമെന്നുള്ള വിചാരത്തൊടു കൂടി
വെഗത്തിൽ ഒരു കുതിരവണ്ടിയിൽ കയറിപ്പൊകയും ചെ
യ്തു. അതിൽപിന്നെ അച്ച്യുത മെനൊനും അപ്പുക്കുട്ടനും
കൂടി അഛനെ കണ്ട പൊയ്ക്കുളയാമെന്ന നിശ്ചയിച്ച ആ
വഴി ചെറുവണ്ണൂർ സ്റ്റെഷനിൽ എത്തിയപ്പൊൾ കുഞ്ഞി
കൃഷ്ണമെനൊൻ വണ്ടി കയറുവാൻ വെണ്ടി വന്നു പ്ലാററ
ഫൊറത്തിൽ നില്ക്കുന്നത കണ്ടു- വെഗത്തിൽ രണ്ടു പെ
രും വണ്ടിയിൽ നിന്നിറങ്ങി തങ്ങളുടെ അഛന്റെ അരിക
ത്തു ചെന്ന വന്ദിച്ചു നിന്നു. കുഞ്ഞികൃഷ്ണ മെനൊൻ പു
ത്രന്മാർ രണ്ടു പെരെയും പിടിച്ചു ഗാഢമായി ആലിംഗനം
ചെയ്തു വർത്തമാനങ്ങളെല്ലാം അന്വെഷിച്ചറിഞ്ഞ സന്തൊ
ഷിച്ചു പുത്രന്മാരെ വിശ്രമശാലയിൽ കൂട്ടിക്കൊണ്ടുപൊയി
ചായയും പലഹാരവും കഴിപ്പിച്ചു ക്ഷീണംതീർത്ത വണ്ടി പു
റപ്പെടാറായ ഉടനെ ചെന്ന ഒരു രണ്ടാംക്ലാസ്സു മുറിയിൽ
കയറിയിരുന്ന മൂന്നു പെരും കൂടി അന്യൊന്യം ഓരൊ വ
ർത്തമാനം ചൊദിച്ചും പറഞ്ഞും മാർഗ്ഗഖെദവും തളൎച്ചയും
അറിയാതെ തങ്ങൾ ഇറങ്ങെണ്ടുന്നതായ സ്റ്റെഷനിൽ എ
ത്തി, അവിടെ നിന്നു ഒരു കുതിരവണ്ടിയിൽ കയറി രാത്രി
പന്ത്രണ്ട മണിക്കു മുമ്പായി പുത്തൻ മാളികക്കൽ എത്തി
ച്ചെരുകയും ചെയ്തു. ഗൊപാലമെനൊനും ലക്ഷ്മി അമ്മ
മുതലായ സഹൊദരിമാരും പ്രത്യെകിച്ചു മീനാക്ഷിയും കു
ഞ്ഞികൃഷ്ണമെനൊന്റെയും മററും വരവും ഉദ്ദെശവും ക
ണ്ട അത്യന്തം സന്തൊഷിച്ചു.

അച്ച്യുതമെനൊനുമായി പറഞ്ഞ പിരിഞ്ഞിട്ടുണ്ടായിരു ന്ന പ്രകാരം തന്നെ കുഞ്ഞിശ്ശങ്കരമെനൊൻ തന്റെ വീ ട്ടിൽ എത്തിയതിന്റെ മൂന്നാം ദിവസം മീനാക്ഷിയുടെ വിവാഹം നിശ്ചയിപ്പാൻ വെണ്ടി തന്റെ സംബന്ധിക ളിൽ അത്യന്തം യൊഗ്യന്മാരായ നാലു പെരെ പുത്തൻ മാളികക്കലെക്ക അയച്ചു. ഗൊപാലമെനൊൻ അവരെ തന്നാൽ കഴിയും പ്രകാരം ആദരിച്ച സല്ക്കരിച്ച തന്റെ സംബന്ധികളിൽ പലരെയും സമീപസ്ഥന്മാരായ ചില പ്രമാണികളെയും അച്ച്യുതമെനൊനെ അയച്ച ക്ഷണി ച്ചു വരുത്തി പിറന്നാൾതന്നെ വിവാഹത്തിന്ന ശുഭമാ യുള്ള ഒരു ദിവസവും നിശ്ചയിച്ച എല്ലാവരും സുഖമാ യി ഭക്ഷണം കഴിച്ച അന്ന്യൊന്ന്യം യാത്ര പറഞ്ഞു പിരി യുകയും ചെയ്തു. കുഞ്ഞികൃഷ്ണമെനൊൻ അടിയന്തരത്തി ന്റെ സകല ഭാരവാഹിത്വവും രാമക്കുട്ടി മെനൊനെ ഏ ല്പിച്ചു, വിവാഹ മുഹൂൎത്തത്തിന്റെ രണ്ടുനാൾ മുമ്പെ ഇവി ടെ എത്തിക്കൊള്ളാമെന്ന നിശ്ചയിച്ച പിറന്നാൾ തന്നെ സ്വരാജ്യത്തിലെക്ക പൊയി. അടിയന്തരം വളരെ കൊ ലാഹലമായി കഴിക്കെണമെന്നുള്ള താല്പൎയ്യത്തൊടുകൂടി രാ മക്കുട്ടിമെനൊൻ അത്യുത്സാഹം ചെയ്തു-സദ്യക്കാവശ്യപ്പെ ട്ട സകല സാധനങ്ങളും ഇല, മൊര, തയിര ആദിയായി ട്ട അദ്ദെഹം തന്റെ സ്വന്ത ദിക്കിൽനിന്ന വരുത്തി ശെഖ രിച്ചു. പുത്തൻമാളികക്കലെ തെക്കും വടക്കുമുള്ള മുററത്ത അതിവിശെഷമായി രണ്ടു നെടുമ്പുര കെട്ടി ഭംഗിയിൽ അ ലങ്കരിച്ചു ബ്രാഹ്മണ സദ്യക്ക വെണ്ടപ്പെട്ട എല്ലാ ചട്ടങ്ങളും ക്ഷെത്രത്തിൽ ചെയ്യിച്ച അടിയന്തര ദിവസം കാത്തും കൊണ്ടിരുന്നു. കനകമംഗലത്തുള്ള പ്രമാണികളെ മുഴുവ നും ഗൊപാലമെനൊനും സംബന്ധത്തിൽ പെട്ട സ്ത്രീ കളെ മുഴുവനും അദ്ദെഹത്തിന്റെ സഹൊദരിമാരും പ്ര ത്യെകം പ്രത്യെകം അടിയന്തരത്തിന്ന പൊയി ക്ഷണിച്ചു.

വിവാഹദിവസത്തിൻെറ നാലു നാൾ മുമ്പെ കല്പനയെട്ടത്തു കരുണാകരൻ നമ്പ്യാരും എത്തി. രാമുകുട്ടി മെനൊനെൻെറ ധാരാളവും അനാവശ്യമായി സംഭരിച്ചു വെച്ചിട്ടുള്ള അനവധി സാമാനങ്ങളും കണ്ടിട്ടു കരുണാകരൻ നമ്പ്യാർ അദ്ദെഹത്തിനെ തൻെറ മനസ്സുകൊണ്ടു അല്പം പുഛിക്കയാണ ചെയ്യുത. അടിയന്തരം എതാണ്ടു തരമായി നിവൃത്തിക്കെണമെന്നല്ലാതെ ഇത്രയധികം ദ്രവ്യം വെറുതെ വാരിയെറിഞ്ഞുകളയെണ്ടതില്ലയായിരുന്നു എന്ന അദ്ദെഹം ഗൊപാലമെനൊനൊട സ്വകാൎയ്യം പറഞ്ഞു. ഇൗവക സംഗതികളിൽ അധികവ്യയം ചെയ്യുന്നത ഗൊപാലമെനൊനും അശെഷം രസമല്ലയായിരുന്നു. എങ്കിലും രാമുകുട്ടിമെനൊൻെറ ഹിതത്തിന്ന വിരൊധം പ്രവൃത്തിപ്പാൻ അദ്ദെഹത്തിന്ന ലെശം ധൈൎയ്യമുണ്ടായിരുന്നില്ല. "അടിയന്തരത്തിൻെറ ഭാരവാഹിത്വം മുഴുവനും തഹസ്സിൽദാർ എന്നെ എല്പിച്ചു പൊയിട്ടുള്ളതകൊണ്ടു അത വെടിപ്പായി കഴിപ്പിക്കെണ്ടുന്നത എൻെറ പ്രവൃത്തിയാണ. അല്ലാത്തതാൽ എൻെറ ഇതുവരെയുള്ള നടപ്പിന്നും അവസ്ഥക്കും ലെശം മതിയാകുന്നതല്ല" ഇങ്ങിനെയുള്ള വിചാരത്തൊടുകൂടിയാണ രാമുകുട്ടിമെനൊൻ ഇത്രയൊക്കെ പരിശ്രമം ചെയ്തുവരുന്നത. നിശ്ചയപ്രകാരം വിവാഹത്തിൻെറ രണ്ടു ദിവസം മുമ്പെ രണ്ടു കൂലിവണ്ടി നിറയ ചിത്രക്കണ്ണാടി- രസക്കുടുക്ക- സ്ഫടിക വിളക്ക- ചിത്രകംബളം- ചന്ദനത്തിരി- പനിനിർ- ലവണ്ടർ മുതലായ പലവിധ സുഗന്ധദ്രവ്യം- പനിനീർ വീശി- മുതലായ അനെക സാധനങ്ങളൊടുകൂടി കുഞ്ഞികൃഷ്ണമെനൊനും അദ്ദെഹത്തിൻെറ രണ്ടു സഹൊദരിമാരും എട്ടു പത്തു പ്രമാണികളും ഭൃത്യന്മാരും ഒക്കെ പ്പാടെ പുത്തൻമാളികക്കൽ എത്തി. രാമുകുട്ടിമെനവൻെറ ഉത്സാഹവും അടിയന്തരത്തിന്ന വരുത്തി വെച്ചിട്ടുള്ള സംഭാരങ്ങളും മററും കണ്ടിട്ടു കുഞ്ഞികൃഷ്ണമെനൊൻ മനസ്സ

കൊണ്ട അദ്ദെഹത്തെ വളരെ മാനിച്ചു. കുഞ്ഞികൃഷ്ണമെ
നൊൻ എത്തിയ ദിവസം തന്നെ ഗൃഹാന്തർഭാഗം അലങ്ക
രിപ്പാൻ ആരംഭിച്ചു- ഈ ഭവനത്തിൻെറ ചുരുക്കമായ ഒരു
വിവരണം രണ്ടാം അദ്ധ്യായത്തിൽ കൊടുത്തിട്ടുണ്ടെന്നു
വരികിലും മെൽ തട്ടിൻെറ സ്ഥിതിയും സ്വഭാവവും തരം
പൊലെ വിവരിക്കാമെന്നു വിചാരിച്ച ആ അദ്ധ്യായത്തി
ൽ നിൎത്തിവെച്ചിട്ടുള്ളതകൊണ്ട ഈ അവസരത്തിൽ തെ
ല്ലൊന്നു പ്രസ്താവിക്കാതിരിപ്പാൻ നിവൃത്തികാണുന്നില്ല.

കിഴക്കെ തളത്തിൽ തെക്കെഭാഗം പടിഞ്ഞാറൊട്ട തി
രിച്ചു വെച്ചിട്ടുള്ള കൊണി കയറി, മുകളിലെക്കു ചെന്നാ
ൽ പടിഞ്ഞാറെ ഭാഗം ഒരു വാതിൽ കാണാം- ആ വാ
തിൽ കടന്നു ചെല്ലുന്നത കിഴക്കു പടിഞ്ഞാറായി നീണ്ടു
കിടക്കുന്ന ഒരു തളത്തിലെക്കാണ- അതും കീഴ്ഭാഗമുള്ള
തളവും ആകൃതിയിൽ എകദെശം ഒരുപൊലെയാണെ
ന്നതന്നെ പറയാം- എങ്കിലും ഈ തളത്തിന്ന തെക്കും പ
ടിഞ്ഞാറും ചുമരുകൾ ഇല്ലാതിരിക്കുന്നതും മററും വിചാ
രിച്ചാൽ ആ വിഷയത്തിൽ ഇത കുഞ്ഞികൃഷ്ണമെനൊ
ൻെറ ഭവനത്തിൽ മുമ്പ ഗൊവിന്ദൻ കണ്ടിട്ടുണ്ടായിരുന്ന
പൂമുഖത്തിൻെറ ആകൃതിയൊട എകദെശം തുല്യമാകു
ന്നു- എന്നാൽ ഈ തളത്തിൻെറ പടിഞ്ഞാറെവശം അതി
വിശെഷമായ ഒരു ചന്ദ്രികാങ്കണം കൂടി തീൎപ്പിച്ചിട്ടുണ്ട- അ
തിൻെറ നാലുഭാഗത്തും തുടരത്തുടരെ ചട്ടികൾ നിരത്തി
വെച്ച അനവധി പൂച്ചെടികൾ നട്ടുവളൎത്തീട്ടുള്ളത കൊ
ണ്ട സന്ധ്യാസമയം അവിടെ കാററുകൊണ്ടിരിക്കുന്ന സു
കൃതികൾക്കുള്ള പരമാനന്ദവും സുഖവും പറഞ്ഞറിയിപ്പാ
ൻ പ്രയാസമാണ. മെൽപറഞ്ഞ തളത്തിൻെറ വടക്കെഭാ
ഗത്ത പടിഞ്ഞാറും കിഴക്കും ഓരൊ വാതിൽ ഉണ്ട- ആ
വാതിലുകളിൽ കൂടി ഉള്ളിലെക്ക പ്രവെശിച്ചാൽ ചുററും അ
തി വിശെഷമായ കൊലായികൾ കാണാം- കൊലായിൽ

നിന്ന നട്ടമുററത്തിൽ വീഴാതെയിരിപ്പാനും മററും പുറഭാഗം ഒരിക്കൊൽ ഉയരത്തിൽ ചുമരും അതി മനൊഹരമായ പടിയിരിപ്പും കുററിയും ഉണ്ട- പടിഞ്ഞാറെ ഭാഗം രണ്ട അറകളും ഒരു സാമാനമുറിയും വടക്ക ഭാഗം പടിഞ്ഞാറെ വശം മെൽപറഞ്ഞ മുറിയുടെ കിഴക്ക ഒരു വലിയ തളവും അതിൻെറ കിഴക്കഭാഗത്ത ഒരു അറയും ഒരു സാമാനമുറിയും കിഴക്കവശം ഒരു സാമാനമുറിയും ദീൎഘവിസ്താരങ്ങളൊട്ടുകൂടിയ ഒരു അറയും ഇങ്ങിനെ മൂന്ന ഭാഗവും കൂടി നാല അറകളും മൂന്നു മുറികളും ഒരു ഒഴിഞ്ഞ തളവും ഉണ്ട- മെൽപറഞ്ഞ അറകളിലും മുറികളിലും കൊലായിൽ നിന്ന കടക്കത്തക്കവണ്ണം പ്രത്യെകം പ്രത്യെകം വാതിലുകളും അനുകൂലമായ വായു സഞ്ചാരത്തിന്നു വെണ്ടി അതാതിൻെറ അവസ്ഥക്ക തക്കവണ്ണം ഒന്നും രണ്ടും ജനെലുകളും വെച്ചിട്ടുണ്ട- എല്ലാ അറകളിലും കട്ടിൽ, കിടക്ക, കസെല, അലമെറ, ഇത്യാദി സകലസാധനങ്ങളും ശെഖരിച്ചുവെച്ചിട്ടുള്ളതിന്നു പുറമെ അതി വിശെഷമായി അലങ്കരിക്കുകയും ചെയ്യിരിക്കുന്നു- ഓരൊ അറകളിലെ സാമാനങ്ങൾ ഓരൊ വീട്ടിലെക്ക ധാരാളം മതിയാവുന്നരത്തക്ക വിധം അത്ര അധികമുണ്ട- വടക്കഭാഗം പ്രസ്താവിച്ചിട്ടുള്ള തളത്തിലെക്ക പ്രവെശിപ്പാൻ വെണ്ടി കിഴക്ക ഭാഗം അതിന്നു നെരെയുള്ള തളത്തിൽനിന്ന ഒരു കൊണി വെച്ചിട്ടുമുണ്ട- പുരുഷന്മാർ തെക്കഭാഗമുള്ള തളത്തിൽ ഇരിക്കുന്ന സമയവും മററും സ്ത്രീകൾക്ക മുകളിലെക്ക വരുവാനും പൊവാനും മെൽപറഞ്ഞ കൊണി വളരെ സഹായമായിരിക്കുന്നു- ഈ വീട്ടിൻെറ മുകൾതട്ട ഇപ്പൊൾ പ്രസ്താവിച്ചിട്ടുള്ള പ്രകാരമാണെന്ന വായനക്കാൎക്ക ഇതുകൊണ്ട മനസ്സിൽ ആക്കുവാൻ കഴിയുന്നതാണെല്ലൊ.

കുഞ്ഞികൃഷ്ണമെനൊൻ കൊണ്ടുവന്നിട്ടുണ്ടായിരുന്ന അലങ്കാരപദാൎത്ഥങ്ങൾ കൊണ്ട മെൽതട്ട മുഴുവനും വളരെ

ഭംഗിയായലംകരിച്ചു ബാക്കിയുള്ള സാധനങ്ങൾ ഓരോരുത്തരുടെ ഹിതപ്രകാരം കൊലായിലും തെക്കെ നിടുമ്പുരയിലും എന്നുവെണ്ടാ കിഴക്കെ ലതാഗൃഹത്തിലും വടക്കെഭാഗം കലവറക്കവെണ്ടി കെട്ടിയുണ്ടാക്കിയ നിടുമ്പുരയിലും പല വിധത്തിലും അലങ്കരിച്ചു- വളരെ പറഞ്ഞിട്ടു ഫലമില്ലല്ലൊ- വിവാഹത്തിന്നുള്ള ദിവസമായി- മീനാക്ഷിയും കുഞ്ഞികൃഷ്ണമെനൊന്റെ സൊദരിമാരും പാറുക്കുട്ടിയും കൂടി പ്രഭാതത്തിൽ കുളി കഴിഞ്ഞു ക്ഷെത്രത്തിൽ പൊയി തൊഴുത പല പ്രാൎത്ഥനകളും നിവെദ്യങ്ങളും കഴിപ്പിച്ചു ഗണപതിഹൊമം ഭഗവതിസെവ ആദിത്യനമസ്കാരം ഇത്യാദി മഹൽ കൎമ്മങ്ങൾ ചെയ്യിട്ടുള്ള ബ്രാഹ്മണൎക്കെല്ലാം ദക്ഷിണ കൊടുത്തു പത്തു മണിക്കു മുമ്പായി പുത്തൻ മാളികക്കലെക്കു മടങ്ങിയെത്തി- അപ്പഴക്കു സദ്യയുടെ വട്ടവും ശ്രമവും വളരെ ജാഗ്രതയിൽ ആരംഭിച്ചിരിക്കുന്നു- എത്തുന്ന ബ്രാഹ്മണൎക്കു ഭക്ഷണം കൊടുക്കെണമെന്നുള്ള താല്പൎയ്യത്തിന്മെൽ ഗൊപാലമെനൊന്റെ അപെക്ഷപ്രകാരം കുബെരൻ നമ്പൂരിയുടെയും പുരുഹൂതൻ നമ്പൂരിയുടെയും മെലന്വെഷണത്തിൻ കീഴിൽ ക്ഷെത്രത്തിൽ വെച്ചും സദ്യയുടെ ശ്രമം അതി കലശലായി- ബ്രാഹ്മണരെല്ലാം പകലെ ഉണ്ണും കഴിച്ചു തൃപ്തന്മാരായി കുഞ്ഞിശ്ശങ്കരമെനൊന്റെ വരവും പാൎത്തുകൊണ്ടു ചിറക്കടവത്തകൂടി പലതും പറഞ്ഞു രസിച്ചു ഉലാവിത്തുടങ്ങി- അഞ്ചു നാഴിക രാച്ചെല്ലുന്നതിന്നു മുമ്പായിട്ടു പുത്തൻമാളികക്കൽ സദ്യയുടെ വട്ടം മുഴുവനും തെയ്യാറായി- ഗൊപാലമെനൊൻ പടിഞ്ഞാറെ വശമുള്ള സക്കാര നിരത്തു മുതൽ പുത്തൻമാളികക്കലെ പടിപ്പുര വരെ ആളുകളെ നിൎത്തി വിളക്കു വെപ്പിച്ചു. ഇതു അദ്ദെഹം മുമ്പു ആലൊചിച്ചിട്ടുണ്ടായിരുന്നില്ല- അടിയന്തര ദിവസം കാണെണമെന്നു ചെറിയ തമ്പുരാൻ കല്പിച്ചിട്ടുണ്ടായിരുന്ന പ്രകാരം ഗൊപാലമെനൊൻ കൊവിലകത്തെക്കു

പൊയിട്ടുണ്ടായിരുന്ന സമയം ഈ സംഗതി ചെറിയ തമ്പുരാൻ അരുളിചെയ്യുതിനാൽ മാത്രമാണ ഇങ്ങിനെയുള്ള എപ്പ്ളാട്ടകാം ചെയ്യ്വാൻ സംഗതി വന്നത.

നെരം ഏകദെശം അഞ്ച നാഴിക രാവായപ്പൊഴക്ക കുഞ്ഞിശ്ശങ്കരമെനൊനും തന്റെ ബന്ധുക്കളും സ്നെഹിതന്മാരുമായി പത്തു പരമയൊഗ്യന്മാരായ പ്രമാണികളും നാല കാൎയ്യസ്ഥന്മാരും പന്ത്രണ്ട ഭൃത്യന്മാരും കൂടി വണ്ടി വഴിയായി പടിഞ്ഞാറെ ഭാഗമുള്ള നിരത്തിന്മെൽ എത്തി. ഇവർ തലെ ദിവസം നെരത്തെ തന്നെ പുറപ്പെട്ട കനകമംഗലത്തിന്ന സമീപം ചെമ്പകത്താട്ട നാരായണൻ നമ്പിയുടെ തിരുവാലിക്കൊട എന്ന സത്രത്തിൽ എത്തി അവിടെ സുഖമായി താമസിക്കയാണ ചെയ്തിട്ടുള്ളത. നാരായണനമ്പിയും കുഞ്ഞിശ്ശങ്കരമെനൊനും തമ്മിൽ അതിസ്നെഹമായിരുന്നതകൊണ്ട യാതൊരു കാൎയ്യത്തിന്നും അവിടെ അശെഷം ബുദ്ധിമുട്ടുണ്ടായിരുന്നില്ല. അന്ന അസ്തമിച്ചതിൽ പിന്നെ അവിടെനിന്ന സാവകാശത്തിൽ പുറപ്പെട്ട വരികയാണ ചെയ്തിട്ടുള്ളത. ഗൊപാലമെനൊന്റെ കല്പന പ്രകാരം നിരത്തിന്മെൽ ഇവരുടെ വരവും കാത്തു നിന്നിട്ടുണ്ടായിരുന്നവരിൽ ചിലർ ഇവർ വരുന്നതു കണ്ട വെഗത്തിൽ പുത്തൻമാളികക്കൽ ഓടിവന്ന വിവരം അറിയിച്ചു. രാമുക്കുട്ടി മെനൊനും കരുണാകരൻ നമ്പ്യാരും സമീപസ്ഥന്മാരായ എഴെട്ട പ്രമാണികളും കൂടി ചിറക്കലെക്ക ബദ്ധപ്പെട്ട ചെന്നു- അല്പം കഴിയുമ്പൊഴക്ക മറ്റെവരും എത്തി. രാമുക്കുട്ടി മെനൊൻ മുതലായവർ അടുത്തചെന്നെതിരെറ്റു- അന്യൊന്യം സ്നെഹൊപചാരം ചെയ്തതിൽ പിന്നെ എല്ലാവരും ചിറയിൽ ഇറങ്ങി കാലും മുഖവും കഴുകി സാവധാനത്തിൽ വന്നു കിഴക്കെ പടി കയറിയ ക്ഷണത്തിൽ കൊലായിൽ ഉണ്ടായിരുന്നവർ മുററത്തിറങ്ങി മുമ്പൊട്ട വന്ന അത്യാദരവൊടെ എതിരെററു കൂട്ടിക്കൊണ്ട പൊയി

കൊലായിൽ നിരക്കെ വെച്ചിട്ടുള്ള കസെലുകളിന്മെൽ ഇ രുത്തി യഥായൊഗ്യം ഉപചരിച്ചു- അന്യൊന്യം രണ്ടും നാലും വാക്ക സംസാരിച്ചു ഒരു പ്രാവശ്യം മുറുക്ക കഴിയുമ്പഴക്ക വിവാഹത്തിന്നുള്ള മുഹൂൎത്തകാലവും ആയി- നായന്മാരുടെ ഇടയിൽ അത്യുൽകൃഷ്ടമായനുഷ്ഠിച്ചുവരുന്ന വിവാഹസമ്പ്രദായപ്രകാരംതന്നെ കുഞ്ഞിശ്ശങ്കരമെനൊൻ മീനാക്ഷിയുടെ പാണിഗ്രഹണം ചെയ്തു- കൂടിയിരുന്ന ബ്രാഹ്മണൎക്കൊക്കയും അവസ്ഥാനുസരണം ദക്ഷിണകൊടുത്തു സ്നെഹിതന്മാരൊടും ബന്ധുക്കളൊടും മററും ഒരുമിച്ചു ഊണകഴിക്കുകയുംചെയ്തു- സദ്യ മുഴുവനും പത്തുമണിക്കുകം വെടിപ്പായി കലാശിച്ചു- അത്യന്തം തൃപ്തികരമായി സകല പദാൎത്ഥങ്ങളൊട ഭക്ഷണം സുഖമായി കിട്ടിയത കൊണ്ടു "ദമ്പതിമാൎക്ക മെൽക്കുമെൽ നന്മയും ശ്രെയസ്സും സിദ്ധിക്കെണമെ" എന്ന സാധുക്കൾ ആബാലവൃദ്ധം ദൈവത്തെ പ്രാൎത്ഥിച്ചു.

ഇപ്രകാരം മീനാക്ഷിയുടെ വിവാഹം വളരെ കൊലാഹലമായിട്ടുതന്നെ കലാശിച്ചു- രാമുക്കുട്ടി മെനൊന്റെ മനസ്സിൽ ഒരുവിധം തൃപ്തിയും സംഭവിച്ചു- പുത്തൻമാളികക്കൽ ഉള്ളവരെല്ലാവരും അത്യന്തം സന്തൊഷിച്ചു- മീനാക്ഷിയുടെയും കുഞ്ഞിശ്ശങ്കരമെനൊന്റെയും മനൊരഥവും സാധിച്ചു- അന്തസ്സിദ്ധമായ അന്യൊന്യാനുരാഗത്തെ പ്രത്യക്ഷപ്പെടുത്തുവാനുള്ള അവസരവും സമീപിച്ചു- ദമ്പതിമാർ രണ്ടുപെരും തങ്ങളുടെ ശയനാഗാരത്തിലും പ്രവെശിച്ചു- അനവധി ദിവസമായിട്ട അനുരാഗ വശന്മാരായി അന്യൊന്യദൎശനം കാംക്ഷിച്ചുകൊണ്ടിരിക്കുന്ന ഇവരുടെ സല്ലാപാദികളും മററും എന്റെ വായനക്കാരിൽ മിക്കപെൎക്കും ഊഹിച്ചറിവാൻ കഴിയുന്നതാകകൊണ്ടും ദമ്പതിമാരുടെ രഹസ്സല്ലാപവും മററും പ്രബന്ധരൂപെണ പ്രസ്താവിക്കുന്നത ഇപ്പൊഴത്തെ കാലത്തിന്നും അവസ്ഥക്കും ലെശം

ഉപപന്നമല്ലാത്തതകൊണ്ടും ഇവിടെ യാതൊന്നും പറവാൻ വിചാരിക്കുന്നില്ല.

നെരം പ്രഭാതമായ ഉടനെ യാത്രക്കുള്ള ഒരുക്കമായി-പ്രാതൽ കഴിച്ചല്ലാതെ പൊകുവാൻ തരമില്ലെന്ന കുഞ്ഞികൃഷ്ണമെനൊൻ ആവശ്യപ്പെട്ടതകൊണ്ട എല്ലാവരും അതപ്രകാരംതന്നെ സമ്മതിച്ചു- ആ അവസരത്തിൽ കുഞ്ഞിശ്ശങ്കരമെനൊൻ ഭാനുവിക്രമൻ എന്ന ചെറിയ തമ്പുരാൻ അവർകളുടെ അഭിലാഷവും സാധിപ്പിച്ചു- ഏകദെശം പത്തു പതിനഞ്ച മിനുട്ട നെരം അത്യന്തം സന്തൊഷത്തൊടും രസത്തൊടുംകൂടി തമ്പുരാനവർകൾ കുഞ്ഞിശ്ശങ്കരമെനൊനുമായി സംസാരിച്ചതിൽ പിന്നെ വിലയെറിയ ഒരു പച്ചക്കല്ല് വെച്ച മൊതിരം സമ്മാനം കൊടുത്ത യാത്ര പറഞ്ഞയച്ചു- ഭാനുവിക്രമന്റെ ഔദാൎയ്യവും ബുദ്ധിവിശെഷവും വാക്സാമൎത്ഥ്യവും കാൎയ്യബൊധവും ജനരഞ്ജനയും കണ്ടിട്ട കുഞ്ഞിശ്ശങ്കരമെനൊൻ അത്യന്തം സന്തൊഷിച്ചു പ്രശംസിച്ചു- മടങ്ങിയെത്തിയ ഉടനെ എല്ലാവരും കൂടി പ്രാതൽ കഴിഞ്ഞു പുറപ്പെട്ടു- മീനാക്ഷിയുടെ നിൎബ്ബന്ധവും വ്യസനവും കണ്ടിട്ട കുഞ്ഞികൃഷ്ണമെനൊന്റെ കല്പന പ്രകാരം ലക്ഷ്മി അമ്മയും കൂടി ഒന്നിച്ചു പൊയി അല്പം ദിവസം മദിരാശിയിൽ പാൎക്കുവാൻ തന്നെ നിശ്ചയിച്ചു. അച്യുതമെനൊനും അപ്പുക്കുട്ടനും അപ്പൊൾതന്നെ ഒന്നിച്ചു പുറപ്പെട്ടു- കുഞ്ഞികൃഷ്ണമെനൊൻ കരുണാകരൻ നമ്പ്യാര ഇവരും ചെറുവണ്ണൂർ വരക്കും ഒന്നിച്ചു പൊവാൻ തന്നെ നിശ്ചയിച്ചു- എല്ലാവരും ഗൊപാലമെനൊൻ രാമുക്കുട്ടി മെനൊൻ മുതലായ ബന്ധുക്കളൊടും മറ്റും പ്രെമപുരസ്സരം യാത്ര പറഞ്ഞു കിഴക്കെ പടിക്കൽ നിന്ന തന്നെ വണ്ടി കയറി എകദെശം മൂന്നരമണി സമയം വാരണശ്ശെരി എന്ന സത്രത്തിൽ എത്തി- ഈ സത്രം കുഞ്ഞികൃഷ്ണമെനൊന്റെ സ്വന്തമായിരുന്നതകൊണ്ട അദ്ദെഹം സദ്യ

ക്കുള്ള എല്ലാ വട്ടങ്ങളും മുൻകൂട്ടി തെയ്യാറാക്കിച്ചിട്ടുണ്ടായിരുന്നു- അന്നെത്തെ ദിവസം എല്ലാവരും അവിടെ താമസിച്ചു- പിറേറന്നാൾ എട്ടു മണിക്കു ഊണും കഴിച്ചു തീവണ്ടി ആപ്പീസ്സിൽ എത്തി അവസ്ഥാനുസരണം വണ്ടി കയറി ചെറവണ്ണൂർ സ്റ്റേഷനിൽ എത്തിയ ശേഷം കുഞ്ഞികൃഷ്ണമെനൊനും കരുണാകരൻനമ്പ്യാരും അവിടെ ഇറങ്ങി- കുഞ്ഞിശ്ശങ്കരമെനൊനും മററും പിന്നെയും യാത്രചെയ്തു, ഇങ്ങട്ടു പൊരുന്ന വഴിയിൽ താൻ ഇറങ്ങീട്ടുണ്ടായിരുന്ന സ്റ്റേഷനിൽ എത്തി- അവിടെ തന്റെ മാതാവായ നാരായണി അമ്മയും എല്ലാരിലും ഇളയ സൊദരിയായ കുഞ്ഞിലക്ഷ്മിയും വെറെ രണ്ടുമൂന്നു പെരും തങ്ങളെ കാത്തുംകൊണ്ടു നില്ക്കുയായിരുന്നു- കുഞ്ഞിശ്ശങ്കരമെനൊൻ പ്ലാററഫൊറത്തിൽ ഇറങ്ങി അമ്മയെയും സൊദരിയെയും താനും മീനാക്ഷിയും ലക്ഷ്മിഅമ്മയും ഇരിക്കുന്ന ഒന്നാം ക്ലാസ്സു മുറിയിൽ കയററി ഇരുത്തി അത്യന്തം സന്തൊഷത്തൊടും ആശ്ചര്യപ്രെമരസങ്ങളൊടും കൂടി പിറെറന്നാൾ രാവിലെ മദിരാശിയിൽ എത്തി സുഖമായി താമസിച്ചു. മീനാക്ഷിയുടെ രൂപസൌന്ദര്യവും സൌശീല്യവും ബുദ്ധിചാതുര്യവും ഭർത്തൃസ്നെഹവും വിനയവും മററും കണ്ടിട്ടു കുഞ്ഞിശ്ശങ്കരമെനൊന്റെ മാതൃസൊദരിമാക്കു അത്യന്തം ആശ്ചര്യവും ബഹുമാനവും വാത്സല്യവും പ്രെമവും ജനിച്ചു-എല്ലാവരുംകൂടി അവിടെ ഏകദെശം ഒരു മാസത്തിൽ അധികം താമസിച്ചതിൽ പിന്നെ മീനാക്ഷിയെ നാരായണി അമ്മയുടെ കയ്യിൽ സമപ്പിച്ചു, ലക്ഷ്മിഅമ്മ തിരിയെ പൊരുകയും ചെയ്തു.

മീനാക്ഷി തന്റെ ഭത്താവിന്റെ മനസ്സിൽ പലപ്രകാരത്തിലും ദിവസംപ്രതി അത്യാനന്ദത്തെ വദ്ധിപ്പിച്ചുംകൊണ്ടു അദ്ദെഹത്തിന്റെ മാതാവൊടും സൊദരിയൊടും ഒരുമിച്ചു അനെകം ദിവ്യഭൊഗങ്ങൾ അനുഭവിച്ചുംകൊണ്ടുതാമസിച്ചു.

1922 G 9992

5.90

ക്ഷി.

ൽ മാതിരിയിൽ

ട്ടിട്ടുള്ള

ം.

ർമ്മണ്ട കൊളെജ

ന്ധിതർ

ഞ്ഞു നായരാൽ

പ്പെട്ട

ലരയ്യനാൽ

പ്പെട്ടത.

gistered.

ഒന്നര.